# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

2020 മാർച്ച് 2, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1495/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. ടി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ

### പത്തൊമ്പതാം സമ്മേളനം

### അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)

2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)

3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)

4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)

5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)

7. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)

8. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)

9. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)

10. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)

11. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)

12. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)

13. ശ്രീ. അനൂപ് ജേക്കബ് (പിറവം)

14. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)

15. ശ്രീ. ആന്റണി ജോൺ (കോതമംഗലം)

16. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)

17. ശ്രീ. അൻവർ സാദത്ത് (ആലുവ)

18. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)

19. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി.)

20. ശ്രീ. കെ. ബാബു (നെന്മാറ)

21. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി - എസ്.ടി.)

22. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

23. ശ്രീ. വി. ടി. ബൽറാം (തൃത്താല)

24. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

25. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

28. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

29. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

30. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

31. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

32. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

33. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

34. ശ്രീമതി ഗീതാ ഗോപി (നാട്ടിക - എസ്.സി.)

35. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

36. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

37. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

38. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

39. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

40. ഡോ. കെ. ടി. ജലീൽ (തവനൂർ)

41. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

42. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

43. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

44. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

45. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

46. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

47. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

48. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

49. ശ്രീ. വി. ജോയി (വർക്കല)

50. ശ്രീ. എം. സി. കമറുദ്ദീൻ (മഞ്ചേശ്വരം)

51. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി - എസ്.ടി.)

52. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

53. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

54. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

55. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

56. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ - എസ്.സി.)

57. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

58. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

59. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

60. ശ്രീ. മാണി. സി. കാപ്പൻ (പാലാ)

61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

69. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

70. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

71. ശ്രീ. സി. കെ. നാണു (വടകര)

72. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

73. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

74. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

75. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

76. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

77. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

88. ശ്രീ. റ്റി. വി. രാജേഷ് (കല്ല്യാശ്ശേരി)

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

95. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

96. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

97. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

101. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

114 ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി ഷാനിമോൾ ഉസ്മാൻ (അരൂർ)

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

130. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

131. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

132. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

133. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

134. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

135. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് - എസ്.സി.)

136. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

137. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

138. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

139. ശ്രീ. എം. വിൻസെന്റ് (കോവളം)

140. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

### ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്സ്

മെട്രോ റെയിൽ

അന്തർ സംസ്ഥാന  നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. എ.കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി**

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

**ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

**ഡോ. കെ. ടി. ജലീൽ, ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

**ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി**

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

**ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

**ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി**

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

**ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

**ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി**

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി**

തുറമുഖം

കാഴ്ചബംഗ്ളാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

**പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

**ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

**ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി**

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി**

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

**ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം

**പേജ്**

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 26
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 26
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 90

**II ചരമോപചാരം**

പി. ശങ്കരന്റെ നിര്യാണം - 462

**III ചെയർമാൻമാരുടെ പാനൽ** - 462

**IV അടിയന്തരപ്രമേയം**

പോലീസ് ആസ്ഥാനത്തെ അഴിമതി
(അവതരണാനുമതി നിഷേധിച്ചു) - 463

**V ശ്രദ്ധ ക്ഷണിക്കൽ**

പ്രൊമോഷൻ തസ്തികകളിലെ സംവരണം
- ശ്രീ. പുരുഷൻ കടലുണ്ടി - 483
(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ ഇനം മൂന്ന് അനുസരിച്ചുള്ളവ - 487

**VII റിപ്പോർട്ട് സമർപ്പണം**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ
അഞ്ചാമത് റിപ്പോർട്ട് - 489

**VIII ധനകാര്യം**

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള
അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന
ചർച്ചയും വോട്ടെടുപ്പും - 491

**അനുബന്ധം**

1 മുതൽ 8 വരെ - 500

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്തൊമ്പതാം സമ്മേളനം

*2020 മാർച്ച് 2, തിങ്കൾ*

വാല്യം 180] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനം 2020 മാർച്ച് മാസം 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....

(ആംഡ് പോലീസ് ബറ്റാലിയനിൽനിന്നും റൈഫിളുകളും വെടിയുണ്ടകളും കാണാതായ സംഭവത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തിക്കാട്ടി ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

മി. സ്പീക്കർ: ചോദ്യം നമ്പർ *1-ഉമായി *9, *13, *25, *27 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. സമാനസ്വഭാവത്തിലുള്ള ചോദ്യങ്ങളാണെങ്കിലും ചോദ്യോത്തരവേളയിലെ എല്ലാ ചോദ്യങ്ങളും ഒരേ വിഷയത്തെ മാത്രം ആസ്പദമാക്കിയാക്കുന്നതിൽ പ്രയാസമുള്ളതുകൊണ്ട് ചോദ്യം നമ്പർ *9 ക്ലബ്ബ് ചെയ്യുകയാണ്. മറ്റ് ചോദ്യകർത്താക്കൾക്ക് ഉപചോദ്യം ഉന്നയിക്കാൻ അവസരം നൽകുന്നതാണ്.

## സി & എ.ജി. റിപ്പോർട്ടിന്മേൽ നടപടി

1 (*1) ശ്രീ. കെ. എം. ഷാജി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആംഡ് പോലീസ് ബറ്റാലിയനിൽനിന്നും 5.56 എം.എം. ഇൻസാസ് വിഭാഗത്തിലെ 25 റൈഫിളുകളും 12061 വെടിയുണ്ടകളും കാണാതായതായി സി.&എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) രാജ്യസുരക്ഷയെ ഗുരുതരമായി ബാധിക്കുന്ന ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും "2015 സെപ്റ്റംബറിൽ രൂപീകൃതമായ അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തേ കുറവുവന്ന വിവരം മൂടിവയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്.

(ബി) ഇതുസംബന്ധിച്ച് ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈം ബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തിവരുന്നു.

17-2-2020-ൽ അന്വേഷണ സംഘം എസ്.എ.പി. ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി.-ക്ക് നൽകിയിട്ടുള്ള 660 റൈഫിളുകളിൽ (5.5 എം.എം. ഇൻസാസ്) 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ. ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളതായും കണ്ടെത്തി. വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് മണിപ്പൂരിലേക്ക് കൊണ്ടുപോയ റൈഫിളുകളൊന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. അതിനാൽ

റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല. വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമമായി തുടർന്നുവരുന്നു. കേസ്സിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലാത്തതിനുപകരം 9 എം.എം. ഡ്രിൽ കാട്രിഡ്ജാണെന്ന വ്യാജേന ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നതിന് ഉത്തരവാദിയായ കേസിലെ 9-ാം പ്രതിയും 7/2013 മുതൽ 1/2015 വരെയുള്ള കാലയളവിൽ എസ്.എ.പി. ബറ്റാലിയൻ ക്വാർട്ടർ മാസ്റ്റർ ഹവീൽദാറായിരുന്ന ഉദ്യോഗസ്ഥനെ (ഇപ്പോൾ APSI) 2020 ഫെബ്രുവരി 26-ന് ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥനുൾപ്പെടെയുള്ള 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നുവരികയാണ്.

## എസ്.എ.പി. ബറ്റാലിയനിലെ കാട്രിഡ്ജുകളുടെ കുറവ്

2 (*9) ശ്രീ. പാറക്കൽ അബ്ദുല്ല:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ 12061 പ്രവർത്തനക്ഷമമായ കാട്രിഡ്ജുകൾ കുറവുള്ളതായി സി. & എ.ജി.-യുടെ പരിശോധനാ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശോധനയ്ക്ക് മുമ്പുതന്നെ ഈ കുറവ് പോലീസ് കണ്ടെത്തിയിരുന്നോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(സി) 250 എണ്ണം 9 എം.എം. ഡ്രിൽ കാട്രിഡ്ജുകളുടെ കുറവിനുപകരം കൃത്രിമ കാട്രിഡ്ജുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിരുന്നോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കാട്രിഡ്ജുകളുടെ എണ്ണത്തിൽ കുറവുള്ളതായി നിരീക്ഷിച്ചിട്ടുണ്ട്.

(ബി) G4/14812/2016/APB നമ്പർ നടപടിക്രമം പ്രകാരം 18-10-2016-ലെ എ.പി. ബറ്റാലിയൻ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ ഉത്തരവുപ്രകാരം ശ്രീ. കെ. ബി. സന്തോഷ്, കമാണ്ടന്റ്, എസ്.ഐ.എസ്.എഫ്.-ന്റെ നേതൃത്വത്തിൽ 4 പേരടങ്ങുന്ന ബോർഡ് രൂപീകരിച്ച് നഷ്ടപ്പെട്ട തിരകളെ

സംബന്ധിച്ച് സമഗ്ര പരിശോധന നടത്തി. പരിശോധനയിൽ തിരകളുടെ കുറവുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സംസ്ഥാന പോലീസ് മേധാവി ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളെ കണ്ടെത്തുവാൻ ഉത്തരവായി. കുറ്റാരോപിതരായ 11 പേർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

(സി) വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തിവരുന്നു.

ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലാത്തതിന് പകരം ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നതിന് ഉത്തരവാദിയായ എസ്.എ.പി. ബറ്റാലിയനിൽ 07/2013 മുതൽ 01/2015 വരെ ക്വാർട്ടർ മാസ്റ്റർ ഹവീൽദാറായിരുന്ന ഉദ്യോഗസ്ഥനെ 26-2-2020-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ ഉൾപ്പെടെ 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നുവരികയാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, സി. & എ.ജി. റിപ്പോർട്ട് ഒന്നോ രണ്ടോ ദിവസങ്ങൾകൊണ്ടോ മാസങ്ങൾകൊണ്ടോ തയ്യാറാക്കുന്നതല്ല; ഏകദേശം ഒരു വർഷത്തോളം സമയമെടുത്താണ് തയ്യാറാക്കുന്നത്. ഡിപ്പാർട്ട്മെന്റുകൾക്ക് പിഴവ് തിരുത്താനും കത്തിടപാടുകൾ നടത്താനുമുള്ള സമയം സി. & എ.ജി. നൽകാറുണ്ട്. ഈ പരിശോധനാസമയത്തോ അതല്ലെങ്കിൽ ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയിലോ കാണാതിരുന്ന തോക്ക് ഇപ്പോൾ എവിടെ നിന്നാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തോക്കുകൾ കണ്ടെത്തിയതിനെകുറിച്ചുള്ള വിവരം ഞാൻ പറയുകയുണ്ടായി. അത് ആവർത്തിക്കേണ്ടതില്ല എന്നാണ് തോന്നുന്നത്. 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽനിന്നും എസ്.എ.പി.-ക്ക് നൽകിയിട്ടുള്ള 5.5 എം.എം. ഇൻസാസ് റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ. ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളതായും കണ്ടെത്തി. മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളവ വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ലെന്നുള്ളത് ഉറപ്പിച്ചിട്ടുള്ളതാണ്. ഇതിലെ മറ്റ് കാര്യങ്ങളിൽ പി.എ.സി. പരിശോധിച്ച് വ്യക്തത വരുത്തേണ്ടതാണ്. എന്ത് മറുപടിയാണ് കൊടുത്തത്, മറുപടി എത്രത്തോളം പോയി, അത്തരം കാര്യങ്ങളൊന്നും ഇപ്പോൾ ചർച്ച ചെയ്താൽ എവിടെയുമെത്തില്ല. ഇതിൽ പി.എ.സി.-യുടെ ഗൗരവമായ പരിശോധന നടക്കട്ടെ.

ശ്രീ. കെ. എം. ഷാജി: സർ, ബോർഡർ സ്റ്റേറ്റായ മണിപ്പൂരിലേയ്ക്ക് കൊണ്ടുപോയ തോക്കുകളും വെടിയുണ്ടകളും എന്നുപറയുമ്പോൾ അതിൽ ഗൗരവമായ വിഷയങ്ങളുണ്ട്. യഥാർത്ഥത്തിൽ സി. & എ.ജി. റിപ്പോർട്ട് സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ സമീപനം എന്താണ്; അത് ക്രെഡിബിളാണോ; അങ്ങയുടെ പാർട്ടിക്കും ഘടകകക്ഷികൾക്കുമെല്ലാം ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം വേണമെന്ന അഭിപ്രായമാണുള്ളത്. സി. & എ.ജി.-യെ വിശ്വസിക്കാമോ; അതല്ലെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. അന്വേഷണം നടത്തേണ്ടതുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സി.& എ.ജി. റിപ്പോർട്ട് സംബന്ധിച്ച് ഗൗരവമായ പരിശോധനയ്ക്കുള്ള സംവിധാനം നിയമസഭതന്നെ നേരത്തേ ഏർപ്പെടുത്തിയിട്ടുണ്ട്. നമുക്കെല്ലാവർക്കും അതറിയാവുന്നതാണ്. പി.എ.സി. ഗൗരവമായ പരിശോധനയിലേയ്ക്ക് കടക്കും. അതാണ് നമ്മുടെ സംവിധാനം. പരിശോധനയുടെ ഭാഗമായി കണ്ടെത്തുന്ന കാര്യങ്ങൾ എന്താണെന്ന് നമുക്ക് നോക്കാം. അതുവരെ കാത്തിരിക്കുന്നതാണ് നല്ലത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വെടിവയ്ക്കുന്നത് ഒന്നുകിൽ അപായപ്പെടുത്താനോ അതല്ലെങ്കിൽ ജീവനെടുക്കാനോ ആണ്. 12000-ത്തിലധികം വെടിയുണ്ടകൾ കാണാനില്ലെന്ന് പറഞ്ഞാൽ 12000-ത്തിലധികം ജീവൻ അപകടത്തിലാണെന്നതാണ്. ദില്ലിയിൽ കഴിഞ്ഞ ദിവസം നടന്ന കലാപത്തിൽ ധാരാളംപേർ മരിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, .....(മൈക്ക് ഓഫ്)...

ശ്രീ. മഞ്ഞളാംകുഴി അലി: ശ്രീ. എ. കെ. ബാലൻ, അങ്ങൊരു മന്ത്രിയാണ്. ദയവുചെയ്ത് എന്നെ ചോദ്യം ഉന്നയിക്കാൻ അനുവദിക്കു...

മി. സ്പീക്കർ: അങ്ങ് ചോദിക്കു...

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴിഞ്ഞ ദിവസം ദില്ലിയിൽ കലാപകാരികളുടെ വെടിയേറ്റ് ധാരാളമാളുകൾ മരിച്ചു. കലാപകാരികളിൽ പലരും തോക്ക് ഉപയോഗിക്കുന്നത് നാം കണ്ടു. കൂടാതെ, മാവോയിസ്റ്റുകൾ, ലഹരികടത്തുകാർ എന്നിവരുടെ കൈവശം വൻതോതിൽ ആയുധശേഖരമുണ്ട് എന്ന റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. ഇത്രയും ഗൗരവമേറിയ ഒരു കുറ്റകൃത്യം, 12000-ത്തോളം വരുന്ന വെടിയുണ്ടകൾ കാണാതായ കാര്യത്തിൽ, ഒരു എസ്.ഐ.-യെ അറസ്റ്റ് ചെയ്തുകൊണ്ട് മാത്രം ഒതുങ്ങുന്നില്ല. ഉന്നത

പോലീസുദ്യോഗസ്ഥർക്ക് ഇതിൽ പങ്കുണ്ട്. അതുകൊണ്ടുതന്നെ ക്രൈംബ്രാഞ്ചോ ലോക്കൽ പോലീസോ നടത്തുന്ന അന്വേഷണത്തിൽ കുറ്റക്കാരെ കണ്ടെത്താൻ കഴിയില്ല. ഉന്നത പോലീസുദ്യോഗസ്ഥർക്കുവരെ പങ്കുണ്ടെന്ന് കരുതപ്പെടുന്ന ഈ കേസ്സിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുസംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട ഗൗരവമായ പ്രശ്നത്തിന്റെ ഭാഗമായാണ് 2019 മുതൽ ഇതിനെക്കുറിച്ച് ക്രൈംബ്രാഞ്ചിന്റെ പ്രത്യേകസംഘം അന്വേഷിച്ചുവരുന്നത്. അതിനെത്തുടർന്നുള്ള പരിശോധനയിലാണ് ഇവിടെ പറഞ്ഞ കാര്യങ്ങൾ സംഭവിച്ചിട്ടുള്ളത്. ഗുരുതരമായ പ്രശ്നങ്ങളാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. നിസ്സാരമായി കാണാൻ സാധിക്കുന്നതല്ല. ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലെന്നതിനുപകരം 9 എം. എം. ഡ്രിൽ കാട്രിഡ്ജ് എന്ന വ്യാജേന ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവെന്ന് പറയുന്നുണ്ട്. അതിന്റെ ഉത്തരവാദി 2013 മുതൽ 2015 വരെ എസ്.എ.പി. ബറ്റാലിയൻ ക്വാർട്ടർ മാസ്റ്റർ ഹവിൽദാർ ആയിരുന്ന, ഇപ്പോൾ ചാർജ് ചെയ്ത കേസ്സിലെ ഒൻപതാം പ്രതിയായ ഉദ്യോഗസ്ഥനാണ്. ആ ഉദ്യോഗസ്ഥനെയാണ് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളത്. 11 പേർക്കെതിരെ വകുപ്പുതല അന്വേഷണം നടക്കുന്നുണ്ട്, ക്രൈംബ്രാഞ്ചിന്റെ അന്വേഷണവും തുടർന്നുവരികയാണ്. കാര്യങ്ങൾ ഫലപ്രദമായി നീങ്ങുന്നു എന്നാണ് കാണുന്നത്. ഇപ്പോൾ മറ്റേതെങ്കിലുമൊരു ഏജൻസി അന്വേഷിക്കേണ്ട ആവശ്യം വരുന്നില്ല.

ശ്രീ. എം. സി. കമറുദ്ദീനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇപ്പോൾ സംസ്ഥാനത്ത് ഒന്നും കാണാനില്ലാത്ത സ്ഥിതിയാണ്. തോക്ക് കാണുന്നില്ല, വെടിയുണ്ട കാണുന്നില്ല, കെ.എസ്.ആർ.ടി.സി.-യിൽ ഡീസൽ കാണുന്നില്ല, റേഷനരി കാണുന്നില്ല. എസ്.എ.പി. ബറ്റാലിയനിലെ സംഭവത്തിൽ 2019 ഏപ്രിൽ മാസത്തിൽ 11 പോലീസുകാർക്കെതിരെയാണ് ചാർജുണ്ടായിരുന്നത്. അങ്ങ് ഇവിടെ പറഞ്ഞ മറുപടിയിലൊക്കെ 9-ാം പ്രതിയുടെ കാര്യമാണ് സൂചിപ്പിക്കുന്നത്. ഇതിലൊരു 3 ാം പ്രതിയുണ്ട്. ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ ഗൺമാനായി അദ്ദേഹം ഇപ്പോഴും തുടരുകയാണ്. ഈ വിഷയം ഗൗരവമായി കാണുന്നുവെന്ന് അങ്ങ് പറയുമ്പോഴും ഇത് വല്ലാത്തൊരു സ്ഥിതിയല്ലേ? ഗുരുതരമായ ആരോപണമുള്ള ഒരാൾ ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയുടെ ഗൺമാനായി തുടരുന്നത് ശരിയാണോ? അതുകൊണ്ട് ഈ വിഷയത്തിൽ അദ്ദേഹത്തെ മാറ്റിനിർത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുസംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. അന്വേഷണത്തെത്തുടർന്ന് എന്താണ് വേണ്ടതെന്ന് പിന്നീട് തീരുമാനിക്കാം.

(ശ്രീ. സി. മമ്മൂട്ടി സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല)

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വെടിയുണ്ട കാണാനില്ലാത്തതും അതുപോലെ തോക്കുമായി ബന്ധപ്പെട്ട വിവാദങ്ങളും അതിനപ്പുറത്തെ ചില വിവാദങ്ങളുമാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. രാജ്യത്ത് ഏറ്റവുമധികം കാർബൺഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. അതുകൊണ്ടുതന്നെ 2020 ഏപ്രിൽ ഒന്നുമുതൽ രാജ്യത്ത് ബി.എസ്. 4 എഞ്ചിൻ സീരിസിൽപ്പെട്ട വാഹനങ്ങൾ വിൽക്കാൻ പാടില്ലെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. മാത്രവുമല്ല, 2016-ൽത്തന്നെ കേന്ദ്ര സർക്കാർ ഈ ഗണത്തിൽപ്പെട്ട വാഹനങ്ങൾ 2020 ഏപ്രിലിനുശേഷം വിൽപ്പന നടത്തരുതെന്ന് വാഹന നിർമ്മാണ കമ്പനികളോട് ആവശ്യപ്പെട്ടിരുന്നു. സുപ്രീംകോടതിയുടെയും കേന്ദ്ര സർക്കാരിന്റെയുമൊക്കെ വിലക്കുകളും നിർദ്ദേശങ്ങളുമുള്ളപ്പോഴാണ് കഴിഞ്ഞ ജനുവരിയിൽ ബി.എസ്.-4 എന്ന ഇതേ സീരീസിൽ 202 പുതിയ ബൊലേറോ എസ്.യു.വി. വാഹനങ്ങൾ കേരള പോലീസ് വാങ്ങിക്കൂട്ടിയത്. പുറത്തിറക്കിയ വാഹനങ്ങൾ വിൽക്കാൻ കഴിയാതെ നട്ടംതിരിയുമ്പോഴാണ് ഇത് കേരളാ പോലീസിന്റെ തലയിൽ കെട്ടിവച്ച് ചില ഇടനിലക്കാർവഴി കമ്പനികൾ ലാഭം കൊയ്തത്. ലക്ഷങ്ങളുടെ അഴിമതിയും കമ്മീഷൻ ഇടപാടും ഇക്കാര്യത്തിലുണ്ടെന്നാണ് പ്രമുഖ വാർത്താ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. ഇക്കാര്യത്തെക്കുറിച്ച് ഉചിതമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, 1-1-1996 മുതൽ 16-10-2018 വരെയുള്ള കാലയളവിലാണ് തിരകളുടെ കുറവ് കണ്ടെത്തിയിട്ടുള്ളത്. 2015-ൽ ഇതുസംബന്ധിച്ച് ഒരു പരിശോധന നടത്തിയിരുന്നു. ആ പരിശോധന സമഗ്രമായിരുന്നില്ലെന്നും അതിൽ അപാകതയുണ്ടെന്നുമാണ് ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. 19-9-2015-ൽ മൂന്നുപേർ അടങ്ങുന്ന ബോർഡിന്റെ പരിശോധനയ്ക്കുശേഷം എണ്ണത്തിൽ കുറവില്ലെന്ന കണ്ടെത്തലാണുണ്ടായത്. ഇതാണ് പ്രധാനമായ കണ്ടെത്തൽ. കുറവുള്ളതിന് കാരണമായി കണ്ടത്, പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്തിയ സമയത്ത് പരിശോധനാ ഉദ്യോഗസ്ഥൻ സീൽഡ് പെട്ടികൾ തുറക്കാതെ അതിനുമുകളിൽ രേഖപ്പെടുത്തിയ എണ്ണം മാത്രമേ കാണിച്ചിട്ടുള്ളൂ എന്നാണ്. ആ കുറവാണ്, തിരകളുടെ കുറവായി വന്നതെന്ന നിലയിൽ വീഴ്ചയെ ലഘൂകരിക്കുകയാണുണ്ടായത്. ആരാണ് വീഴ്ചയെ ലഘൂകരിച്ചത്? 2015-ൽ ബോർഡ് സീൽഡ് പെട്ടികൾ തുറക്കാതെ രേഖപ്പെടുത്തിയ നമ്പർ പറയുകയാണുണ്ടായത്. അതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് പറഞ്ഞ് ലഘൂകരിക്കുകയുണ്ടായി. അതായത് സി.&എ.ജി.-യുടെ കണ്ടെത്തലിനുമുമ്പുതന്നെ തിരകളുടെ എണ്ണത്തിൽ കുറവുണ്ടായിരുന്നു എന്നത്

വസ്തുതയാണ്. അത് ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ മൂടിവയ്ക്കാനുള്ള ശ്രമമാണ് അന്ന് നടന്നത്. ഇതാണ് ഗൗരവമായി കാണേണ്ടത്. 2016-ൽ ഇതുസംബന്ധിച്ച് പരിശോധന നടത്തിയതിൽ 11 ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്ന് കണ്ടെത്തിയിരുന്നു. സി. & എ.ജി.-യുടെ ഓഡിറ്റ് പരാമർശത്തെത്തുടർന്ന് ഈ പ്രശ്നങ്ങൾ ഗൗരവമായി തന്നെയാണ് സർക്കാർ കാണുന്നത്. അതുമായി ബന്ധപ്പെട്ടാണ് നേരത്തെ ഞാൻ പറഞ്ഞ അറസ്റ്റും മറ്റ് നടപടികളും തുടരുന്നത്. .... (ബഹളം)...

മി. സ്പീക്കർ: ഗവൺമെന്റിനുവേണ്ടി എന്ത് ഉത്തരം പറയണമെന്ന് പറയാനൊന്നും ചെയറിന് സാധ്യമല്ല. പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ചോദ്യം ചോദിക്കാം. ഉത്തരമെന്താണെന്നുള്ളത് ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്.

ശ്രീ. പി. ഉബൈദുള്ള: സർ, കേരള പോലീസിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് തോക്കും ഉണ്ടയുമൊക്കെ കാണാതാകുന്നത്. തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലെ തോക്കും വെടിയുണ്ടയും കാണാതായതിനെ സംബന്ധിച്ച സി. & എ.ജി. റിപ്പോർട്ടാണ് പുറത്തുവന്നത്. എന്നാൽ ഇതുപോലെ ഏഴോളം ആംഡ് പോലീസ് ബറ്റാലിയനുകൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. അവിടെയൊക്കെ തോക്കും വെടിയുണ്ടയും ഇതുപോലെ കാണാതായിട്ടുണ്ടോ; തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിൽ തോക്കും വെടിയുണ്ടയും കാണാതായ പശ്ചാത്തലത്തിൽ മറ്റ് ആംഡ് ബറ്റാലിയനുകളിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഇത്തരം പരാതികളുയർന്ന സാഹചര്യത്തിൽ സമഗ്രമായ പരിശോധനയാണ് ഈ കേസ്സിന്റെ ഭാഗമായി ക്രൈംബ്രാഞ്ച് നടത്തിക്കൊണ്ടിരിക്കുന്നത്. റിപ്പോർട്ട് വന്നതിനുശേഷം എന്താണെന്ന് പരിശോധിക്കാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇൻസാസ് റൈഫിളുകൾ കാണാതായെന്ന സി. & എ.ജി. റിപ്പോർട്ട് തെറ്റാണെന്ന് പൊതുജനത്തെ അറിയിക്കുന്നതിനാണ് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. പോലീസ് സേനയുടെ കൈവശമുള്ള ഇൻസാസ് ആയുധശേഖരം മീഡിയയുടെ മുമ്പാകെ പ്രദർശിപ്പിച്ച് അവ മുഴുവൻ സംപ്രേഷണം ചെയ്യുന്നതിന് സൗകര്യമൊരുക്കിയത്. ഇൻസാസ് ആയുധമെന്ന് പറയുന്നത്, ഇന്ത്യൻ സൈന്യം ഉപയോഗിക്കുന്നതും കാർഗിൽ യുദ്ധത്തിൽ ഇന്ത്യൻ വിജയത്തിൽ നിർണ്ണായക ആയുധമായി ഉപയോഗിച്ചതുമാണ്. ഇന്ത്യൻ പ്രതിരോധ സേനയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ആയുധത്തിന്റെ രജിസ്റ്റർ നമ്പർ ഉൾപ്പെടെ അതീവരഹസ്യമായി

സൂക്ഷിക്കുന്നതാണ്. ഇക്കാര്യത്തിൽ ഇന്ത്യൻ പ്രതിരോധസേന സൂക്ഷ്മമായ മാനദണ്ഡങ്ങൾ പാലിക്കാറുണ്ട്. എന്നാൽ ഇതൊന്നും പാലിക്കാതെ ശത്രുപക്ഷത്തുനിന്നും പിടിച്ചെടുത്ത ആയുധങ്ങൾ പ്രദർശിപ്പിക്കുന്ന മാതൃകയിൽ ഈ ആയുധശേഖരം മീഡിയയിലൂടെ പ്രദർശിപ്പിച്ച നടപടി ശരിയാണോ? സംസ്ഥാനത്ത് ഒട്ടേറെ തീവ്രവാദ ഗ്രൂപ്പുകൾ ഉടലെടുത്ത ഒരു കാലഘട്ടമാണ്. പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അങ്ങുതന്നെ ഇത് നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ഇത്തരമൊരു നിലപാട് തീവ്രവാദ സംഘടനകൾക്ക് സഹായകരമാണ്. ഇത്തരത്തിൽ രഹസ്യമായി സൂക്ഷിക്കേണ്ട വിവരം മീഡിയയിലൂടെ ചിത്രീകരിച്ച് പ്രദർശിപ്പിച്ചത് രാജ്യസുരക്ഷയെ ഗുരുതരമായി ബാധിക്കുന്നതാണ്. സർക്കാർ അനുമതിയോടെയാണോ ഈ സംഭവമുണ്ടായിട്ടുള്ളത്; ഇല്ലെങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചതായി പറയാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, സി. & എ.ജി. റിപ്പോർട്ടോടുകൂടി നമ്മുടെ സംസ്ഥാനത്ത് തോക്കുകൾ കാണാതായി എന്നൊരു പൊതുവായ പ്രതീതിയാണുണ്ടായത്. അതുസംബന്ധിച്ചുള്ള പരിശോധനയിൽ അങ്ങനെ തോക്കുകൾ നഷ്ടപ്പെട്ടിട്ടില്ലെന്ന വസ്തുത നമ്മുടെ നാട് അറിയുന്നത് ഏറ്റവും ഗുണകരമായ കാര്യമാണ്. അതിലെന്തെങ്കിലുമൊരു അപാകതയുണ്ടെന്ന് കരുതുന്നില്ല. ബാക്കി കാര്യങ്ങളെന്താണെന്ന് പരിശോധിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 12061 പ്രവർത്തനക്ഷമമായ കാട്രിഡ്ജുകൾ കുറവുള്ളതായിട്ടാണ് സി. & എ.ജി. റിപ്പോർട്ടിൽ പറയുന്നത്. ഇതുസംബന്ധിച്ച് ആഭ്യന്തര പ്രിൻസിപ്പൽ സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആ റിപ്പോർട്ടിൽ പറയുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; വെടിയുണ്ടകൾ കണ്ടെത്തേണ്ടത് സംസ്ഥാനത്തിന്റെ സുരക്ഷയെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. ഏതെങ്കിലും പോലീസുകാർ ഈ വെടിയുണ്ടകൾ വിഴുങ്ങിയിട്ടുണ്ടെങ്കിൽ അവരെ സ്കാനിംഗിന് വിധേയമാക്കി അവ പുറത്തെടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഗൗരവമായ അന്വേഷണമാണ് നടക്കുന്നത്. ഇവിടെ പറഞ്ഞ 12061 എണ്ണം തന്നെയാണ് കുറവെന്ന് കണ്ടിട്ടുള്ളത്. 9 എം.എം. ഡ്രിൽ കാട്രിഡ്ജിനുപകരം ആകൃതിയിലും വലിപ്പത്തിലും സാമ്യമുള്ള പിത്തള കൊണ്ടുനിർമ്മിച്ച 250 കൃത്രിമ കാട്രിഡ്ജുകൾ കാണിക്കുന്ന വിദ്യയും ഒരു ഭാഗത്തുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഗൗരവമായ നടപടി ഇപ്പോൾ സ്വീകരിച്ചുവരികയാണ്. അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായി മാത്രമേ തുടർനടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കാട്രിഡ്ജുകളും റൈഫിളുകളും കുറവ് വന്നതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുഴുവൻ സ്റ്റേഷനുകൾ, ബറ്റാലിയനുകൾ, പോലീസ് ചീഫ് സ്റ്റോഴ്സ് എന്നിവിടങ്ങളിൽ വെടിക്കോപ്പുകളുടെയും ആയുധങ്ങളുടെയും കണക്കെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ നിലയ്ക്ക് ചെയ്യേണ്ട ഒരു കാര്യമാണിത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേയ്ക്ക് കടക്കും.

ശ്രീ. രാജു എബ്രഹാം: സർ, സി & എ.ജി. റിപ്പോർട്ടിനെ തുടർന്ന് ഇവിടെ ചൂണ്ടിക്കാട്ടിയിട്ടുള്ള കുറവുകളെ സംബന്ധിച്ച് കർശന പരിശോധന നടത്താൻ മുന്നോട്ടുവന്നിരിക്കുന്ന എന്നുള്ളത് ഈ പ്രശ്നങ്ങളെ സധൈര്യം നേരിടാൻ സർക്കാരിന് ആത്മവിശ്വാസമുണ്ടെന്ന് തെളിയിക്കുന്നതാണ്. സി & എ.ജി. റിപ്പോർട്ട് സഭയ്ക്ക് നൽകുന്നതിനുമുമ്പ് അതിലെ പ്രധാന വിവരങ്ങൾ ഈ സഭയിലെ ഒരംഗം ഇവിടെ ചൂണ്ടിക്കാട്ടി. അതോടൊപ്പം സി &എ.ജി. പത്രസമ്മേളനം നടത്തി സർക്കാരിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. ഇത് ശരിയായ നടപടിയാണോ; ഈ നടപടിയോട് ഗവൺമെന്റ് യോജിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ അനന്തരനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, സി & എ.ജി. റിപ്പോർട്ട് സ്വാഭാവികമായും നിയമസഭയിലാണ് ആദ്യമായി വരേണ്ടത്. ഈ സഭയിലുള്ള അംഗങ്ങൾക്കാകെ അറിയാവുന്നതുപോലെ ആ റിപ്പോർട്ടിലുള്ള കുറേ കാര്യങ്ങൾ അതിനുമുമ്പുതന്നെ നമ്മുടെ മുന്നിൽ വന്നുവെന്നത് വസ്തുതയാണ്. അത് കാണിക്കുന്നത്, ഏതോ രീതിയിൽ അതിന്റെ ഉള്ളടക്കം ചോർന്നിട്ടുണ്ട് എന്നതാണ്. ചോർന്നത് എങ്ങനെയെന്ന് ഗൗരവമായി കണ്ടെത്തേണ്ടതാണ്, ഗൗരവമായിത്തന്നെ നാം കണക്കാക്കേണ്ടതുമാണ്. അതൊരു തരത്തിലും ആരോഗ്യകരമായ ഒരു കീഴ്‌വഴക്കമായി മാറില്ല. കാരണം, നിയമസഭയുടെ പ്രോപ്പർട്ടിയായി മാറേണ്ട ഒരു കാര്യം, അതിനുമുമ്പ് ചോർന്നുപോകുന്നത് ശരിയായ രീതിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വെടിയുണ്ടകൾ കാണാതായ സംഭവം സി. & എ.ജി. ഗവൺമെന്റിനെ അറിയിച്ചു. 2019 മാർച്ച് മാസത്തിൽ ഈ സംഭവം അറിയിച്ചപ്പോൾ അത് ഗൗരവതരമായി എടുക്കുന്നുണ്ടെന്നും അതിനെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിവരികയാണെന്നും ഗവൺമെന്റ് സി. & എ.ജി. യെ അറിയിച്ചു. അതിനുശേഷം സി & എ.ജി. റിപ്പോർട്ട് പുറത്തുവന്നപ്പോൾ ആഭ്യന്തര വകുപ്പുസെക്രട്ടറിയെക്കൊണ്ട് വേറൊരു അന്വേഷണം നടത്തിച്ചു.

ആഭ്യന്തര വകുപ്പുസെക്രട്ടറി എക്സിറ്റ് മീറ്റിൽ പങ്കെടുത്തിട്ടുള്ളയാളാണ്. സി. & എ.ജി. റിപ്പോർട്ടിന്റെ ഫൈനലൈസേഷൻ വരുന്നതിനുമുമ്പ് എക്സിറ്റ് മീറ്റുണ്ട്. ആ എക്സിറ്റ് മീറ്റിൽ വകുപ്പ് തലവൻ എന്ന നിലയിൽ ഡി.ജി.പി.യു-ണ്ട്, ആഭ്യന്തര വകുപ്പുസെക്രട്ടറിയുണ്ട്, ചീഫ് സെക്രട്ടറിയുണ്ട്. ഈ മൂന്ന് പേരും ചേർന്നാണ് എക്സിറ്റ് മീറ്റ് നടത്തുന്നത്. ആ എക്സിറ്റ് മീറ്റിനകത്ത് അവർ പറയാത്ത കാര്യങ്ങൾ അല്ലെങ്കിൽ അങ്ങ് പറഞ്ഞിട്ടും പ്രയോജനപ്പെടാത്ത കാര്യം, ആഭ്യന്തര വകുപ്പുസെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിച്ച് സി. & എ.ജി. റിപ്പോർട്ടിനെ ലഘൂകരിക്കാനെടുത്ത തീരുമാനം നിയമപരമാണോ; നിയമത്തിനുമുമ്പിൽ നിൽക്കുമോ; അത് സി & എ.ജി.-യെ അവഹേളിക്കുന്നതിന് വേണ്ടിയല്ല ചെയ്തതെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ചിരിക്കുകയാണ്. അതല്ലെങ്കിൽ അദ്ദേഹത്തെപ്പോലുള്ളവർ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിക്ക് ഒരു കത്ത് നൽകിയിരുന്നു. ആ കത്തിൽ ഉന്നയിച്ച പ്രശ്നങ്ങൾ എന്താണെന്നുള്ളത് ആഭ്യന്തര വകുപ്പുസെക്രട്ടറിയോട് റിപ്പോർട്ടായി ചോദിക്കുകയാണ് ചെയ്തത്. സി. & എ.ജി. റിപ്പോർട്ടിന്മേൽ ആഭ്യന്തര വകുപ്പുസെക്രട്ടറിയല്ലല്ലോ റിപ്പോർട്ട് നൽകേണ്ടത്. അത് പി.എ.സി. പരിശോധിക്കേണ്ടതല്ലേ? പി.എ.സി.-യുടെ പരിശോധയ്ക്കുശേഷം മാത്രമല്ലേ മറ്റ് നടപടികളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ. അത് ആ നിലയ്ക്കേ കാണേണ്ടതായിട്ടുള്ളൂ.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, വെടിയുണ്ട കാണാതായതുമായി ബന്ധപ്പെട്ട് വലിയ വിഷയമുണ്ടാകുമെന്ന് വിചാരിച്ചതാണ്. പക്ഷേ, അവരൊക്കെ മൈൽഡായിട്ടാണ് ചോദിക്കുന്നത്. അപ്പോൾ എന്റെ സംശയം, ഏറ്റവും കൂടുതൽ വെടിയുണ്ട നഷ്ടപ്പെട്ട കാലഘട്ടം ഏതാണ്; ഈ സർക്കാരിന്റെ കാലഘട്ടമാണോ അതോ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടമാണോ? ഈ വിഷയം നിയമസഭയിൽ വരുന്നതിനുമുമ്പ് പത്രമാധ്യമങ്ങളിലൂടെ പുറത്തുകൊണ്ടുവരികയും അതിനുശേഷം കുറേ പ്രതിപക്ഷ കക്ഷികൾ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും പറഞ്ഞിരുന്നു. കോൺഗ്രസ് നേതാക്കളടക്കം തെറ്റായ രീതിയിൽ കേസ്സുണ്ടാക്കി സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് പറയുന്നത്. കഴിഞ്ഞ ഭരണകാലത്ത് ഡി.ജി.പി. ആയിരുന്നവരെക്കുറിച്ചും അവരുടെ കുറെവിടെയായിരുന്നു എന്നതിനെക്കുറിച്ചും നമുക്കറിയാം. അവരെയൊക്കെ രക്ഷിച്ചെടുക്കാനുള്ള ഒരു തന്ത്രമാണോ എന്നൊരു സംശയവുമുണ്ട്. അത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, മൊത്തം 12061 കാട്രിഡ്ജുകളാണ് കുറവെന്ന് കണ്ടത്. ഓരോ വർഷത്തെയും കണക്ക് ഇപ്പോൾ എന്റെ കയ്യിലില്ല. എന്നാൽ നമുക്കത് ശേഖരിക്കാൻ കഴിയുന്നതേയുള്ളൂ. സി.ബി.ഐ.-യുടെ കാര്യം, ചില പൊതു താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ അത്തരം ഡിമാന്റുകൾ വരുന്നതാണെന്ന് സ്വാഭാവികമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. അതിന്റെ ഭാഗമായിട്ടാണ് അത്തരത്തിലുള്ള ഡിമാന്റുകൾ വരുന്നത്. പക്ഷേ, അത്തരത്തിലുള്ള അന്വേഷണത്തിന്റെ പ്രസക്തി ഇപ്പോഴില്ല. നമ്മുടേതായ മാർഗ്ഗങ്ങളിൽത്തന്നെ ഇവിടെ ഫലപ്രദമായ അന്വേഷണം നടക്കുന്നുണ്ട്. അതിന്റെ റിസൾട്ട് വരട്ടെ, അതിനുശേഷം എന്തുവേണമെന്ന് ആലോചിക്കാം.

പ്രതിപക്ഷനേതാവ്( ശ്രീ. രമേശ് ചെന്നിത്തല): സർ, 2015 സെപ്റ്റംബറിലാണ് തൃശ്ശൂർ എ. ആർ. ക്യാമ്പിൽ സീൽ ചെയ്ത പായ്ക്കറ്റിൽ 200 ബുള്ളറ്റുകളുടെ കുറവ് കണ്ടെത്തിയത്. അന്നുതന്നെ ഒരു ബോർഡ് രൂപീകരിച്ച് അതിനെപ്പറ്റി സമഗ്ര അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ, ആ റിപ്പോർട്ട് വന്നത് ഈ ഗവൺമെന്റിന്റെ ഭരണകാലത്താണ്. ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? പുതിയൊരു ബോർഡ് രൂപീകരിച്ച് അന്വേഷണം നടത്തി. 1999 ജൂലൈ 14-ന് പായ്ക്ക് ചെയ്ത വെടിയുണ്ടകളാണ് നഷ്ടപ്പെട്ടതെന്നും 2000 മുതൽ 2014 വരെയുള്ള കാലഘട്ടത്തിൽ എപ്പോഴെങ്കിലും ആകാമെന്നുമാണ് അവരുടെ കണ്ടെത്തൽ. എന്നാൽ 2017-ൽ സ്റ്റോക്ക് എടുത്തപ്പോൾ 7433 ബുള്ളറ്റുകൾ കാണാനില്ലെന്ന് കണ്ടെത്തി. 2018-ൽ സ്റ്റോക്കെടുത്തപ്പോൾ അതിന്റെ എണ്ണം 8398 ആയി മാറി. ഈ ഗവൺമെന്റിന്റെ ഭരണകാലത്താണ് വെടിയുണ്ടകൾ മുഴുവൻ നഷ്ടപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തെപ്പറ്റി സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നത് വിശാലതാല്പര്യത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ ഗവൺമെന്റിന്റെയും പോലീസിന്റെയും ഭാഗത്തുനിന്നുണ്ടായിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. കാട്രിഡ്ജുകൾ കാണാനില്ല, വെടിയുണ്ടകൾ കാണാനില്ല, തോക്കുകൾ കാണാനില്ല എന്ന് സി. & എ.ജി. റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഗുരുതരമായ ഈ പ്രശ്നം നിസ്സാരവത്കരിക്കുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തത്. ഇക്കാര്യത്തിൽ സമഗ്ര അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്. ഏതുകാലത്തെയായാലും ആരാണ് ഉത്തരവാദിയെന്നുള്ളത് കണ്ടുപിടിക്കണം. അതുകൊണ്ടാണ് കേന്ദ്ര ഏജൻസിയായ സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടത്. അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ നേരത്തേ തന്നെ അതിന്റെ നാൾക്രമം പറയുകയുണ്ടായി. അത് ആവർത്തിക്കേണ്ടതില്ല എന്നാണ് തോന്നുന്നത്. സംസ്ഥാനത്ത് എത്രത്തോളം ഗുരുതരമായ രീതിയിൽ കാര്യങ്ങൾ

നടന്നുവെന്നുള്ളതാണ് ഡമ്മി കാട്രിഡ്ജുകൾ വച്ചതടക്കം കാണിക്കുന്നത്. 350 ഡമ്മി കാട്രിഡ്ജുകൾ അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുണ്ട്. കാട്രിഡ്ജുകൾ കാണാതായത് സംബന്ധിച്ച ഓരോ വർഷത്തെയും കണക്കുകൾ ഇപ്പോൾ എന്റെ കയ്യിലില്ല. 2019-ൽ ക്രൈംബ്രാഞ്ച് 763/19 നമ്പരായി കേസ് രജിസ്റ്റർ ചെയ്തതിന്റെ ഭാഗമായി നല്ല രീതിയിൽ അന്വേഷണം നടത്തുകയും കുറ്റവാളികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു ലാഘവത്വവും ഉണ്ടാകുന്നില്ല. ഗൗരവമായ നടപടികളുണ്ടാകും. ആവശ്യമായ പരിശോധനകൾ നടത്തി ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തിയശേഷം അവർക്കെതിരെ ഫലപ്രദമായ നടപടിയിലേയ്ക്ക് കടക്കാം. സി.ബി.ഐ. അന്വേഷണം ആവശ്യമുള്ളതല്ല. സി.ബി.ഐ-.യെ എന്തുകൊണ്ട് വേണമെന്ന് പറയുന്ന എന്നതിലേയ്ക്ക് ഇപ്പോൾ ഞാൻ പോകുന്നില്ല. നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെയുള്ള വിശാല താൽപ്പര്യം വച്ചുകൊണ്ടാകാമെന്നേ തൽക്കാലം അതിനെക്കുറിച്ച് ഞാൻ പറയുന്നുള്ളൂ.

**ജലയാനങ്ങളുടെ രജിസ്ട്രേഷനും സുരക്ഷാ സംവിധാനങ്ങളും**

3 (*2) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ടിന് തീപിടിച്ചതിന്റെയും ബോട്ടപകടങ്ങളുടെയും പശ്ചാത്തലത്തിൽ നടത്തിയ പരിശോധനയിൽ രജിസ്ട്രേഷൻ ഇല്ലാത്ത ഉല്ലാസയാനങ്ങൾ കണ്ടെത്തിയിരുന്നോ;

(ബി) ഉല്ലാസയാനങ്ങൾ ഉൾപ്പെടെ എല്ലാ ജലയാനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനും കാലാകാലങ്ങളിൽ അവയുടെ സർവ്വേ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കർശന നടപടി ഉണ്ടാകുമോ; വിശദമാക്കാമോ;

(സി) യാത്രാ ബോട്ടുകൾക്കും ഉല്ലാസ ബോട്ടുകൾക്കും ഏർപ്പെടുത്തേണ്ട സുരക്ഷാസംവിധാനങ്ങൾ എന്തൊക്കെയാണ്; അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

(എ) കണ്ടെത്തിയിരുന്നു. 23-1-2020-ൽ വേമ്പനാട്ടു കായലിൽ ഹൗസ്ബോട്ട് തീപിടിച്ച് നശിച്ചതിനുശേഷം 27-1-2020, 28-1-2020 തീയതികളിൽ മാരിടൈം ബോർഡ് നടത്തിയ മിന്നൽ പരിശോധനകളിൽ 8 ഹൗസ് ബോട്ടുകൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചതായി കണ്ടെത്തിയിരുന്നു.

(ബി) സ്വീകരിക്കുന്നതാണ്. ആലപ്പുഴയിലുണ്ടായ രണ്ട് അപകടങ്ങളുടെ പശ്ചാത്തലത്തിൽ രജിസ്റ്ററിംഗ് അതോറിറ്റിയേയും ആലപ്പുഴ പോർട്ട് ഓഫീസറേയും തൽസ്ഥാനങ്ങളിൽനിന്ന് മാറ്റാൻ മാരിടൈം ബോർഡിന് 14-.2-020-ലെ സ.ഉ. (സാധാ) നമ്പർ 82/2020/മ.തു.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ജലയാനങ്ങളുടെ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു എൻഫോഴ്സ്മെന്റ് സംവിധാനം തുറമുഖ വകുപ്പിന് മാത്രമായി നടപ്പിലാക്കാൻ പരിമിതിയുള്ളതിനാൽ പോലീസ്, റവന്യൂ, ഉൾനാടൻ ജലഗതാഗതം, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഇൻസ്പെക്ഷൻ നടത്താൻ മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത ഹൗസ് ബോട്ടുകൾ, ശിക്കാര ബോട്ടുകൾ തുടങ്ങിയവ കണ്ടെത്തി ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹമായവയ്ക്ക് രജിസ്ട്രേഷൻ നൽകാനും ബാക്കിയുള്ളവയുടെ വിവരം 20 ദിവസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് ചെയ്യാനും മാരിടൈം ബോർഡിന് നിർദ്ദേശം നൽകി. ഉൾനാടൻ ജലഗതാഗത യാനങ്ങളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള വെബ്സൈറ്റ് ഒരു മാസത്തിനുള്ളിൽ ലോഞ്ച് ചെയ്യാനുള്ള നടപടി സ്വീകരിക്കുക, മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയതു പോലെ ഹൗസ്ബോട്ടുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഓൺലൈൻ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക, ഹൗസ് ബോട്ട് ഉടമകൾക്കും തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുക, രജിസ്റ്റർ ചെയ്ത ബോട്ടുകളിൽ മാത്രം യാത്ര നടത്തുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മീഡിയ ക്യാമ്പയിൻ നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ഹൗസ് ബോട്ടുകളുടെയും ഉല്ലാസയാനങ്ങളുടെയും വേസ്റ്റ് ഡിസ്പോസലിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുമായി ചർച്ച നടത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ Cr.P.C.-യിലെ വകുപ്പുകൾ പ്രകാരം ബോട്ടുടമകൾക്കെതിരെ കേസ്സെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവിയുമായി ചർച്ച നടത്താനും നിർദ്ദേശം

നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ നടത്താത്ത 299 വെസ്സലുകൾക്ക് (2020 ജനുവരി മാസം വരെ) സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. KRS (KIV Rules Registration System) 2020 മാർച്ച് 15-ഓടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ജി.പി.എസ്. ട്രാക്കിംഗ് സംവിധാനത്തോടുകൂടിയ HITS (House boat Information Tracking System) ഹോളോഗ്രാഫിക് രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകൾ ജലയാനങ്ങൾക്ക് 3 മാസത്തിനുള്ളിൽ നിർമ്മിച്ച് നൽകുന്നതാണ്. അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാന്റ് വെസ്സൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

(സി) എല്ലാ യാത്രാ ബോട്ടുകളിലും ഉല്ലാസയാനങ്ങളിലും ജീവൻരക്ഷാ/ അഗ്നിശമന ഉപകരണങ്ങളും നിർബന്ധമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ ഘടിപ്പിച്ച ബോട്ടുകൾക്ക് മാത്രമാണ് രജിസ്ട്രേഷനും സർവ്വേ സർട്ടിഫിക്കറ്റും നൽകുന്നത്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് ബോധവത്കരണം നൽകുന്നതിന് 4 ദിവസത്തെ പരിശീലന പരിപാടി നടത്തിവരുന്നു. സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെട്ടാൽ ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും സ്റ്റോപ് മെമ്മോ നൽകുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. ജെ. മാക്സി: സർ, വേമ്പനാട്ട് കായലിൽ രണ്ട് ഹൗസ് ബോട്ടുകളിൽ തീപിടിച്ചതിനുശേഷം നടത്തിയ മിന്നൽ പരിശോധനയിൽ 8 അനധികൃത യാനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, 23-1-2020, 18-2-2020 തീയതികളിലുണ്ടായ ബോട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരള മാരിടൈം ബോർഡ് അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ കേരള ഉൾനാടൻ ജലയാന നിയമങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതിന് പരിമിതിയുള്ളതിനാൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 667 ബോട്ടുകൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതായി പരിശോധന നടത്തി മനസ്സിലാക്കിയിട്ടുണ്ട്. 7-6-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്കുശേഷം 17 ബോട്ടുകൾക്ക് പുതിയതായി രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. പ്രാഥമിക പരിശോധനയിലും പിന്നീട് നടന്ന സർവ്വേയിലും

നിർദ്ദേശപ്രകാരമുള്ള തുടർനടപടി പാലിക്കുന്നതിലും ഫൈനൽ സർവ്വേയ്ക്കായി ബോട്ടുകൾ ഹാജരാക്കുന്നതിലും കാലതാമസം നേരിടുന്നതിനാലാണ് ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ നടപടി വൈകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, ധനകാര്യവും കയറും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി തുടങ്ങിയവരുടെ സാന്നിധ്യത്തിൽ സുപ്രധാനമായ യോഗം ചേർന്നാണ് ഗൗരവമായ ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നുള്ള തീരുമാനം കൈക്കൊണ്ടത്.

ശ്രീ. കെ. ജെ. മാക്സി: സർ, കേരളത്തിലെ ജലാശയങ്ങളിൽ മാലിന്യം നിറയുന്നതിന് പ്രധാന പങ്കുവഹിക്കുന്നതാണ് ഇത്തരം യാനങ്ങൾ. ഇതു തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; കേരള സർക്കാർ നടപ്പിലാക്കുന്ന ശുചിത്വ കേരളം പദ്ധതിക്ക് വലിയ പിന്തുണ ലഭിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം ഗൗരവത്തോടെ സർക്കാർ പരിഗണിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, മാലിന്യ നിർമ്മാർജ്ജനം ഗുരുതരമായ പ്രശ്നമാണ്. ഹൗസ് ബോട്ടുകളുടെയും ഉല്ലാസയാനങ്ങളുടെയും വേസ്റ്റ് ഡിസ്പോസലിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാ ഭരണകൂടം, ടൂറിസം വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുമായി ചർച്ച നടത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ സാങ്കേതികമായി ഇല്ലാത്തതിനാൽ Cr.P.C. വകുപ്പുകൾ പ്രകാരം ബോട്ടുടമകൾക്കെതിരെ കേസ്സെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവിയുമായി ചർച്ച നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ നടത്താത്ത 299 വെസ്സലുകൾക്ക് 2020 ജനുവരി മാസം വരെ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. KIV റൂൾസ് അനുസരിച്ചുള്ള പ്രവർത്തനം 2020 മാർച്ച് 15-ഓടെ ആരംഭിക്കുന്നതാണ്. ജി.പി.എസ്. സംവിധാനത്തോടുകൂടിയ ഹൗസ് ബോട്ട് ഇൻഫർമേഷൻ ട്രാക്കിംഗ് സിസ്റ്റം, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകൾ എന്നിവ ജലയാനങ്ങൾക്ക് മൂന്ന് മാസത്തിനുള്ളിൽ നിർമ്മിച്ച് നൽകുന്നതാണ്. അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാൻഡ് വെസ്സൽസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, അനധികൃതമായി പ്രവർത്തിക്കുന്ന 8 ഹൗസ് ബോട്ടുകൾ കണ്ടെത്തിയെന്നും 299 വെസ്സലുകൾക്ക് സ്റ്റോപ്പ് മെമ്മോ

നൽകിയിട്ടുണ്ടെന്നും അങ്ങ് ഉത്തരത്തിൽ സൂചിപ്പിച്ചു. ഇത്തരം ഹൗസ് ബോട്ടുകളിൽ അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ യാത്രക്കാർക്ക് ലഭിക്കില്ല. കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പ്രധാനപ്പെട്ട നിർദ്ദേശമാണ്. 20 വർഷം മുമ്പ് നിയമസഭാ പരിസ്ഥിതി സമിതി സഭ മുമ്പാകെ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങയുടെ കാലഘട്ടത്തിലെങ്കിലും ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കി വേമ്പനാട്ട് കായലിനെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ ലോകം മുഴുവൻ അറിയപ്പെടുന്ന ഹൗസ് ബോട്ടുകളെ സംരക്ഷിക്കാനും അവയെ മെച്ചപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാന ചോദ്യമാണ്. സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗതീരുമാനം അനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. 667 ബോട്ടുകൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് നടത്തിയ അദാലത്തുകളിൽ പരിമിതമായ ബോട്ടുടമകളാണ് പങ്കെടുത്തത്. അവർ മനഃപൂർവ്വം മാറി നിൽക്കുകയോ നിസ്സഹകരിക്കുകയോ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, വളരെ വേഗം തീ പിടിക്കുന്ന സാമഗ്രികൾ ഉപയോഗിച്ചാണ് ഹൗസ് ബോട്ടുകൾ നിർമ്മിക്കുന്നത്. ഇക്കാരണത്താൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ബോട്ടിൽ നിമിഷനേരം കൊണ്ട് തീ പടർന്നുപിടിക്കും. ബോട്ടുകളിൽ Fire-fighting equipments സംവിധാനമുണ്ടായാൽപോലും ഫലമില്ല. കുമരകവും ആലപ്പുഴയും കേന്ദ്രീകരിച്ച് ഫയർഫോഴ്സിന്റെ കീഴിൽ എല്ലാ സജ്ജീകരണങ്ങളുമുള്ള ഫയർ ബോട്ടുകളുണ്ടാകണം. അതോടൊപ്പം എല്ലാ ബോട്ടിലെയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ബോട്ടുകളെ ട്രാക്ക് ചെയ്യാനുള്ള സംവിധാനമുണ്ടാകുകയും വേണം. ഇക്കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, എല്ലാ യാത്രാ ബോട്ടുകളിലും ഉല്ലാസയാനങ്ങളിലും ജീവൻരക്ഷ/അഗ്നിശമന ഉപകരണങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ ഘടിപ്പിച്ച ബോട്ടുകൾക്ക് മാത്രമാണ് രജിസ്ട്രേഷനും സർവ്വേ

സർട്ടിഫിക്കറ്റും നൽകുന്നത്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് ബോധവൽക്കരണം നൽകുന്നതിന് നാല് ദിവസത്തെ പരിശീലന പരിപാടി നടത്തിവരുന്നു. സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടമകളിൽനിന്നും പിഴ ഈടാക്കുകയും സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്യുന്നതാണ്. ആ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഹൗസ് ബോട്ടുകളിലെ സർവ്വേ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയ അളവിൽ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയകൾ എന്നിവ അടിയന്തരഘട്ടത്തിൽ ഉപയോഗിക്കാൻ കഴിയത്തക്ക വിധത്തിൽ സൂക്ഷിച്ചിരിക്കണമെന്ന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ലൈഫ് ജാക്കറ്റ് ധരിക്കേണ്ട രീതി, അടിയന്തര ഘട്ടത്തിൽ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ എന്നിവയും യാത്രക്കാർ കാണത്തക്കവിധം വ്യക്തമായി പ്രദർശിപ്പിക്കണം. സർവ്വേ സർട്ടിഫിക്കറ്റിൽ പ്രതിപാദിച്ചിട്ടുള്ള അഗ്നിശമന ഉപകരണങ്ങൾ ബോട്ടിൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ അടിയന്തരഘട്ടത്തിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ സൂക്ഷിക്കണം. ബോട്ടിന്റെ പേഴ്സണൽ കപ്പാസിറ്റി യാത്രക്കാർക്ക് കാണത്തക്ക നിലയിൽ വ്യക്തമായി പ്രദർശിപ്പിക്കണം. രജിസ്ട്രേഷനും സർവ്വേ സർട്ടിഫിക്കറ്റിനും സാധുത ഉണ്ടായിരിക്കുകയും ഇവ യാത്രക്കാർ കാണത്തക്കതരത്തിൽ വ്യക്തമായി പ്രദർശിപ്പിക്കുകയും വേണം. ബോട്ടിലെ ജീവനക്കാർ കേരള മാരിടൈം ബോർഡ് നടത്തുന്ന നാല് ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടിയിരിക്കണം. മാസ്റ്റർ, സ്രാങ്ക്, ഡ്രൈവർ, ലാസ്കർ എന്നീ ജീവനക്കാർ ശാശ്വതമായ ലൈസൻസുള്ളവരായിരിക്കണം. ഹൗസ് ബോട്ടുകളിൽ ബെൽ അലാറം, സ്മോക് അലാറം, ഫയർ പമ്പ് എന്നിവയും അടുക്കളയിൽ സ്റ്റൗവിന് മുകളിൽ തീ പടരാതിരിക്കാൻ അലൂമിനിയം ക്ലാഡിംഗും സ്ഥാപിച്ചിരിക്കണം. സ്റ്റെബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം; സാധുതയുള്ള മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം; കുക്കിംഗ് ഗ്യാസിന് സ്പാർക്ക് അറസ്റ്റർ ഉണ്ടായിരിക്കണം; ബോട്ടിന്റെ മുൻഭാഗത്തും പിന്നിലും കൈവരികളുടെ ഉയരം ഒരു മീറ്ററുണ്ടായിരിക്കണം; ജനലിന് ചുറ്റും കൈവരി ഘടിപ്പിച്ചിരിക്കണം; എഞ്ചിനുമുകളിൽ തട്ടിനുതാഴെ ഫയർ ബ്ലാങ്കറ്റ് സ്ഥാപിച്ചിരിക്കണം. ഇത്രയും നിർദ്ദേശങ്ങൾ പാലിക്കുന്നതിന് യാത്രക്കാരുടെയും ജനങ്ങളുടെയും സഹകരണമുണ്ടാകണം.

ശ്രീമതി യു. പ്രതിഭ: സർ, ആലപ്പുഴ അടക്കമുള്ള ജില്ലകളിലെ വിനോദസഞ്ചാര മേഖലകളിൽ ഏറ്റവും വലിയ പ്രാധാന്യത്തോടെ പ്രവർത്തിക്കുന്നവയാണ് ഹൗസ് ബോട്ടുകൾ. പലപ്പോഴും ഹൗസ് ബോട്ടുകളിൽനിന്ന്

സഞ്ചാരികൾ വെള്ളത്തിൽ വീണ് മരിക്കുന്നുണ്ട്. അതിന് കൃത്യമായൊരു നിരീക്ഷണം നടത്താനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇവിടെ സൂചിപ്പിച്ചതുപോലെ, വേഗത്തിൽ തീ പിടിക്കുന്ന ഈറയും മുളയും ഓലയുമൊക്കെ ഉപയോഗിച്ച് ഹൗസ് ബോട്ടുകൾ നിർമ്മിക്കുന്നതുകൊണ്ട് അഗ്നിശമന ഉപകരണങ്ങളുപയോഗിച്ച് പെട്ടെന്ന് തീ കെടുത്താൻ കഴിയില്ല. അതുകൊണ്ട് ഷോർട്ട് സർക്യൂട്ടുണ്ടാകുമ്പോൾ അത് തടയുന്നതിനുവേണ്ടി ഹൗസ് ബോട്ടിനകത്ത് പ്രത്യേക മോട്ടോർ സംവിധാനം ഘടിപ്പിക്കുന്നതിനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇക്കാര്യത്തിൽ 16 നിർദ്ദേശങ്ങൾ യാത്രക്കാർക്കും ഉദ്യോഗസ്ഥർക്കുമായി നൽകിയിട്ടുണ്ട്. ബോട്ടുകളുടെ സ്റ്റെബിലിറ്റി ഉറപ്പുവരുത്തുന്നതിന് വിവിധ ഘട്ടങ്ങളിൽ സർവ്വേയർ പരിശോധിക്കുന്നുണ്ട്. സർവ്വേയറുടെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന ബോട്ടുകൾക്ക് മാത്രമാണ് രജിസ്ട്രേഷൻ നൽകുക. അത് ലംഘിച്ച് അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ കാര്യമാണിവിടെ സൂചിപ്പിച്ചത്. തീർച്ചയായും അതിന്റെ ഗൗരവം കണക്കിലെടുത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കഴിഞ്ഞ ആഴ്ച കോതമംഗലത്ത് ഒരു പുരോഹിതൻ വള്ളത്തിൽ യാത്ര ചെയ്തപ്പോൾ വെള്ളത്തിൽ വീണ് മരണപ്പെട്ട കാര്യം അങ്ങ് അറിഞ്ഞുകാണും. രജിസ്ട്രേഷനില്ലാത്ത കാലഹരണപ്പെട്ട നിരവധി ബോട്ടുകൾ കേരളത്തിലെ തടാകങ്ങളിലുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലഹരണപ്പെട്ട എത്ര ബോട്ടുകൾ പിടിച്ചെടുത്തിട്ടുണ്ടെന്നുള്ളതിന്റെ കണക്ക് വകുപ്പിന്റെ കൈവശമുണ്ടോ? വെള്ളത്തിൽ വീണ് മരണപ്പെടുന്നവർക്ക് കൊടുക്കേണ്ട സാമ്പത്തിക സഹായം പ്രത്യേകിച്ച്, കഴിഞ്ഞ ദിവസം കോതമംഗലത്ത് വള്ളത്തിൽനിന്നും വീണ് മരണപ്പെട്ട മൂവാറ്റുപുഴയുള്ള പുരോഹിതന്റെ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ പരിശോധന കർശനമാക്കാൻ നടപടി സ്വീകരിക്കുകയാണ്. അതിനാവശ്യമായ നിർദ്ദേശം മാരിടൈം ബോർഡിന് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മരണപ്പെട്ട ആളിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് ഏകപക്ഷീയമായി എനിക്ക് തീരുമാനമെടുക്കാൻ കഴിയില്ല. അധികൃതരുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും സംസാരിച്ച് അതിനുവേണ്ടി എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, ബോട്ടപകടത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള ഉത്തരത്തിലെ രണ്ട് കാര്യങ്ങൾ ഒന്നുകൂടി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കുമരകത്തും തേക്കടിയിലും ബോട്ടപകടമുണ്ടായപ്പോൾ അന്വേഷണ കമ്മീഷനെ നിയമിച്ചിരുന്നു. രണ്ട് അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളും സഭയിൽ വരികയും വിലപ്പെട്ട നിർദ്ദേശങ്ങളുണ്ടാവുകയും ചെയ്തതാണ്. അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് ബോട്ടപകടങ്ങൾ ഒഴിവാക്കാൻ പ്രായോഗികമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും സബ്ജക്ട് കമ്മിറ്റി നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിലും ഫലപ്രദമായി തുടർനടപടി എന്തെല്ലാം സ്വീകരിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്. അതിനുവേണ്ടിയുള്ള 16 നിർദ്ദേശങ്ങളാണ് ഞാൻ സഭയുടെ മുമ്പിൽ അവതരിപ്പിച്ചത്. അത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നതാണെന്നാണ് അറിയിക്കാനുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബോട്ടുകളിൽ ജനറേറ്ററുകളാണ് ഉപയോഗിക്കുന്നത്. അതിൽനിന്നും 220 വോൾട്ടിന്റെ എ.സി. കറണ്ടാണ് ഉല്പാദിപ്പിക്കുന്നത്. ഓലയും തടിയുമൊക്കെ ഉപയോഗിച്ച് ബോട്ടുകളുണ്ടാക്കുന്നതു കൊണ്ട് ഷോർട്ട് സർക്യൂട്ടുണ്ടായി തീ പിടിക്കാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് പഠനം നടത്തണം. മാത്രമല്ല, ഹൗസ് ബോട്ടുകളിലെല്ലാം ടോയ്‌ലെറ്റുകളുള്ളതുകൊണ്ട് ഇതിലെ മാലിന്യം വൻതോതിൽ കുട്ടനാടൻ കായലുകളിലേയ്ക്ക് ഒഴുക്കുകയാണ്. ബോട്ടുകളിലെ മാലിന്യം സംസ്കരിക്കാനായി STP (Sewage Treatment Plant) സ്ഥാപിച്ചിട്ടുണ്ട്. വളരെ കുറച്ച് ഹൗസ് ബോട്ടുകൾ മാത്രമാണ് STP-യിലേയ്ക്ക് പോകുന്നത്. കക്കൂസ് മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ആഹാര സാധനങ്ങളുടെ അവശിഷ്ടവുമെല്ലാം കായയിലേയ്ക്ക് ഒഴുക്കുകയാണ്. ഇത് തടയുന്നതിന് എല്ലാ ബോട്ടുകളും നിർബന്ധമായും ട്രീറ്റ്മെന്റ് പ്ലാന്റിൽതന്നെ മാലിന്യം സംസ്കരിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഹൗസ് ബോട്ടുകളുടെയും ഉല്ലാസ യാനങ്ങളുടെയും വേസ്റ്റ് ഡിസ്പോസലിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് ജില്ലാ ഭരണകൂടവുമായും ടൂറിസം വകുപ്പുമായും മലിനീകരണ നിയന്ത്രണ ബോർഡുമായും ചർച്ചകൾ നടത്തുകയാണ്. അതിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതിന് മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് ശിക്ഷിക്കുന്നതിനുള്ള മറ്റ് നടപടികളും സ്വീകരിക്കുന്നതാണ്. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങളും ആക്ഷേപങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ടൂറിസത്തെ ബാധിക്കുന്ന തരത്തിലുള്ള വലിയ മാലിന്യക്കൂമ്പാരങ്ങൾക്ക് പരിഹാരമെന്ന നിലയ്ക്കുള്ള 16 നിർദ്ദേശങ്ങളും പ്രാവർത്തികമാക്കുന്നതിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ സഹായത്തോടെ ജനങ്ങൾക്കുവേണ്ടി ബോധവൽക്കരണ പരിപാടി നടത്തേണ്ടതുണ്ട്. കൂടാതെ മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകളിലും സുരക്ഷാസംവിധാനങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്ത ബോട്ടുകളിലും യാത്ര ചെയ്യരുതെന്ന് യാത്രക്കാർ സ്വയം തീരുമാനിച്ചില്ലെങ്കിൽ ഈ നിയമങ്ങൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന കാലവിളംബം ഇത്തരം സാധ്യതകളെ ഇല്ലായ്മ ചെയ്യും. അതുകൊണ്ട് ഈ നടപടി പ്രാവർത്തികമാക്കുന്നതിന് ബഹുമാനപ്പെട്ട അംഗങ്ങളുടെ പിന്തുണയുണ്ടായിരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ, ഏറ്റവും കൂടുതൽ എക്സ്പ്ലോർ ചെയ്യാൻ കഴിയുന്ന ഒരു വ്യവസായമാണ് ഹൗസ് ബോട്ട് ടൂറിസം. ഇതിനുവേണ്ടി കൊണ്ടുവരുന്ന ഹൈടെക് സുരക്ഷാ സംവിധാനവും സ്വാഗതാർഹമാണ്. അരൂർ നിയോജകമണ്ഡലത്തിലെ അരൂക്കുറ്റിയിൽ 7 വർഷം മുമ്പ് ഒരു ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിച്ചിരുന്നു. ആലപ്പുഴയിൽ നിന്ന് ടൂറിസ്റ്റുകളുമായി ഹൗസ് ബോട്ടുകൾ അരൂക്കുറ്റിയിലെ ബോട്ട് ടെർമിനലിൽ എത്തുമെന്നായിരുന്നു പ്രഖ്യാപനം. എന്നാൽ പദ്ധതികളെല്ലാം ഇപ്പോഴും താളംതെറ്റി കിടക്കുകയാണ്. ആ ഹൗസ് ബോട്ട് ടെർമിനൽ ഇന്ന് സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിട്ടുണ്ട്. ഈ റൂട്ടിലെ ഹൗസ് ബോട്ടുകൾക്ക് പെർമിറ്റ് നൽകുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഹൗസ് ബോട്ട് ടെർമിനൽ ഉപയോഗശൂന്യമായി കിടക്കുകയാണെങ്കിൽ അത് ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. അത്തരം ടെർമിനലുകളുടെ നിർമ്മാണ കാലഘട്ടത്തിൽത്തന്നെ പരിശോധന നടത്തുന്നതിൽ കാലതാമസമുണ്ടായതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. അതുകൊണ്ട് അതിൽ പാകപ്പിഴ ഉണ്ടായിട്ടുള്ളതെന്താണെന്നും അതിന് അനുമതി നൽകുന്നതിന് നിയമപരമായതും പ്രായോഗികമായതുമായ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്നതും പരിശോധിക്കുന്നതാണ്.

## പ്രവാസികളുടെ സംരക്ഷണം

4 (*3) ശ്രീ. എം. മുകേഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസിയായി പരിഗണിക്കാൻ വർഷത്തിൽ നൂറ്റിയിരുപത് ദിവസത്തിലധികം രാജ്യത്ത് തങ്ങരുതെന്ന കേന്ദ്ര സർക്കാരിന്റെ പുതിയ നിബന്ധന രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായ സംഭാവന നൽകുന്ന പ്രവാസി സമ്പാദ്യത്തെയും നിക്ഷേപത്തെയും പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രസ്തുത നിബന്ധന പിൻവലിക്കാൻ ആവശ്യപ്പെട്ടിരുന്നതിനോട് കേന്ദ്രസർക്കാർ പ്രതികരിച്ചിട്ടുണ്ടോ;

(ബി) നിലവിൽ പ്രവാസികളുടെ ഇന്ത്യയിലെ വരുമാനത്തിന് ആദായനികുതി നൽകിവരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട രാജ്യങ്ങളിൽ ആദായനികുതി നൽകേണ്ടതില്ലാത്ത ഗൾഫ് രാജ്യങ്ങളിലെ പ്രവാസികൾ അവിടെ നേടുന്ന വരുമാനത്തിന് ഇന്ത്യയിൽ നികുതി നൽകേണ്ടിവരുമെന്ന ആശങ്കയകറ്റാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രവാസികളുടെ വിഭവശേഷിയും വൈഭവവും നാടിന്റെ പുരോഗതിക്കായി വിനിയോഗിക്കുന്നതിനും അവരുടെ സംരക്ഷണത്തിനും സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഇല്ല.

(ബി) ടി വിഷയം സംബന്ധിച്ച് കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിൽ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി 10-2-2020-ൽ കേന്ദ്ര കാബിനറ്റ് സെക്രട്ടറിക്കും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24-2-2020-ൽ കേന്ദ്ര ധനകാര്യ സെക്രട്ടറിക്കും കത്തയച്ചിട്ടുണ്ട്.

(സി) പ്രവാസികളുടെ വിഭവശേഷിയും വൈഭവവും നാടിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാർ അതിയായ ജാഗ്രത പുലർത്തി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ലോക കേരള സഭ. ലോകമെമ്പാടുമുള്ള പ്രവാസി

മലയാളികൾക്ക് അവരുടെ പ്രശ്നങ്ങളും നൂതനാശയങ്ങളും അവതരിപ്പിക്കാനും ചർച്ച ചെയ്യാനും അതിന്റെ അടിസ്ഥാനത്തിലുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കാനുമുള്ള ഒരു അസുലഭ വേദിയാണിത്. പ്രഗത്ഭരും പ്രതിഭകളും പങ്കെടുക്കുന്ന ഇത്തരം മഹാവേദികളിൽ ഉരുത്തിരിയുന്ന അമൂല്യ ആശയങ്ങളുടെ ആവിഷ്കാരം ചെറുതല്ലാത്ത സംഭാവനയാണ് കേരള സമൂഹത്തിൽ സൃഷ്ടിക്കാൻ പോകുന്നത്.

കേരളത്തിന്റെ പുരോഗതിക്ക് ആക്കംകൂട്ടുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് എന്ന നിക്ഷേപ കമ്പനി രൂപീകരിക്കുകയും നോർക്ക-റൂട്ട്സിന്റെ കീഴിൽ Business Facilitation Centre ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കേരളീയരായ പ്രവാസികളുടെ സംരക്ഷണാർത്ഥം അവരുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പ്രവാസി നിയമസഹായ സെൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

മാത്രമല്ല, വിദേശത്തെ പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് ഏകീകൃത തിരിച്ചറിയൽ രേഖയായി പ്രവാസി തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രവാസി കേരളീയരുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം അവരുടെയും ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കുന്നതിന് നടപ്പിലാക്കിയ നൂതന പദ്ധതിയാണ് 2019-ലെ പ്രവാസി ഡിവിഡന്റ് പദ്ധതി.

ശ്രീ. എം. മുകേഷ്: സർ, നികുതി ആനുകൂല്യങ്ങളോടെ ആറ് മാസത്തോളം ഒരു ഇന്ത്യൻ പ്രവാസിക്ക് നാട്ടിൽ തങ്ങാൻ കഴിയുമായിരുന്നു. ഇത് നാലുമാസമായി കുറച്ചത് കേരളത്തിന്റെ ആഭ്യന്തര വിപണിയെയും വ്യാപാര മേഖലയെയും ദോഷകരമായി ബാധിക്കുമെന്ന കാര്യം ഉറപ്പാണ്. കേരളത്തിൽ പ്രവാസി നിക്ഷേപത്തിനായി മുന്നോട്ടുവന്ന സംരംഭകരെ കേന്ദ്രസർക്കാരിന്റെ പുതിയ നികുതി നിർദ്ദേശം പിന്തിരിപ്പിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടേതുപോലുള്ള ഒരു സംസ്ഥാനത്തെ ഇത് ഗൗരവമായി ബാധിക്കുന്നതാണ്. പ്രവാസികൾക്ക് എന്തെല്ലാം നന്മകൾ ചെയ്യാൻ സാധിക്കുമെന്നാണ് നാം ആലോചിക്കേണ്ടത്. അവർക്ക് തിന്മകളായി

മാറുന്ന ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാൻ പാടില്ലാത്തതാണ്. കേന്ദ്രഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ചില നടപടികളും പ്രഖ്യാപനങ്ങളും പ്രവാസികളിൽ വലിയ ആശങ്കയാണുളവാക്കിയിട്ടുള്ളത്. അത് ശരിയായ രീതിയിൽത്തന്നെ കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ആ നടപടികളുമായി കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോകാതിരിക്കുകയാണ് വേണ്ടത്. നമ്മുടെ നാടിന് മറ്റ് ചരടൊന്നുമില്ലാത്ത, വിദേശനാണ്യം സമ്പാദിച്ചുതരുന്ന ദശലക്ഷക്കണക്കിന് പ്രവാസികൾക്ക് ആവശ്യമായ പിന്തുണയും സഹായവുമാണ് കേന്ദ്രഗവൺമെന്റ് നൽകേണ്ടത്. മറ്റെല്ലാ മേഖലകളിലും വിദേശസഹായം ലഭിക്കുന്നവർക്ക് ചില ബോണസുകളുണ്ട്. ഇവർക്ക് ഉപദ്രവമായി അത് വരാൻ പാടില്ലായെന്നതിൽ നാമെല്ലാവരും ഏക അഭിപ്രായക്കാരാണ്. അത് നമുക്ക് ഒന്നുകൂടി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. എം. മുകേഷ്: സർ, അടിക്കടിയുണ്ടായ രണ്ട് പ്രളയങ്ങൾമൂലം പ്രതിസന്ധിയിലായ സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് പ്രവാസി സമൂഹത്തിൽനിന്നും വലിയതോതിലുള്ള സഹായ വാഗ്ദാനങ്ങളാണ് ലഭിച്ചത്. കേന്ദ്രസർക്കാരിന്റെ പുതിയ നികുതി നിർദ്ദേശം കേരള പുനർനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിനെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമായിട്ടല്ല കാണേണ്ടത്. പ്രവാസികൾ അദ്ധ്വാനിച്ച് സമ്പാദിക്കുന്ന കാശുമായി ബന്ധപ്പെട്ട് പുതിയ നികുതി നിർദ്ദേശങ്ങൾ വരുന്നത് അവരോട് കാണിക്കുന്ന ഏറ്റവും വലിയ ദ്രോഹമാണ്. ആ നിലയ്ക്കുതന്നെ നാം അതിനെ കാണേണ്ടതായിട്ടുണ്ട്. എല്ലാ വിഷമത്തിനിടയിലും പുനർനിർമ്മാണ പദ്ധതിയെ സഹായിക്കുന്നവരാണ് പ്രവാസികൾ. ആ മനോഭാവം അങ്ങേയറ്റം ആദരിക്കപ്പെടേണ്ടതാണ്. എന്നാൽ ഈയൊരു നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിക്കാൻ പാടില്ലെന്നതായിരിക്കണം നമ്മുടെ സമീപനം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇതിനുമുമ്പ് രണ്ട് യു.ഡി.എഫ്. സർക്കാരുകളുടെ ഭരണകാലത്ത് പ്രവാസികളുടെ നിക്ഷേപ സാധ്യതകളുൾപ്പെടെ കേരളത്തിനുവേണ്ടി പ്രയോജനപ്പെടുത്തണമെന്ന ലക്ഷ്യം വച്ചുകൊണ്ട് കോടികൾ ചെലവഴിച്ച് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്, എമർജിംഗ് കേരള തുടങ്ങിയ മാമാങ്കങ്ങൾ നടത്തി. പ്രത്യേകിച്ച് ഒന്നും സംഭവിച്ചില്ല; ഒരു നിക്ഷേപവും വന്നില്ല. ഈ ഗവൺമെന്റ് നിക്ഷേപ സൗഹൃദ കേരളത്തെ ലോകത്തിനുമുന്നിൽ ഉയർത്തിക്കാട്ടുന്ന ആഗോള നിക്ഷേപക സംഗമം, വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ "അസെൻഡ് കേരള 2020" എന്നപേരിൽ പ്രവാസികളുടെ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള ഒരു പദ്ധതി മുന്നോട്ടുവച്ചപ്പോൾ

വലിയനിലയിൽ പിന്തുണയുണ്ടായി. ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപസാധ്യത വന്നുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇത് പ്രവാസി സമൂഹത്തിനിടയിൽ ഈ സർക്കാരിനുണ്ടാക്കാൻ കഴിഞ്ഞ വിശ്വാസ്യതയുടെ തെളിവാണ്. മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചതിനുപുറമേ നോർക്ക റൂട്ട്സിന്റെ കീഴിൽ ഫെസിലിറ്റേഷൻ സെന്ററുമുണ്ടാക്കി. ഇതിനെ വലിയ പ്രതീക്ഷയോടെയാണ് പ്രവാസി സമൂഹം കാണുന്നത്. ഈ സംവിധാനത്തിന്റെ കീഴിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കമ്പനിയുമായി ബന്ധപ്പെട്ട് ഒട്ടേറെ നിർദ്ദേശങ്ങളാണ് നിലവിലുള്ളത്. സംസ്ഥാനത്ത് വിവിധതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ടി കമ്പനിയും നല്ല പങ്കുവഹിക്കുന്നുണ്ട്. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അവർ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. വലിയ കാലതാമസമില്ലാതെ തന്നെ ചില പദ്ധതികൾക്ക് രൂപം നൽകാനും ആരംഭിക്കാനും കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇന്ത്യയിൽ പ്രവാസിക്ഷേമ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി നടത്തുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിന്റെ ആ മേഖലയിലുള്ള പ്രവർത്തനം മാതൃകാപരമാണ്. നോർക്ക സമീപകാലത്ത് നടത്തിയിട്ടുള്ള ഇടപെടലുകൾ ഏറ്റവും കൂടുതൽ ശ്ലാഘിക്കപ്പെട്ടിട്ടുണ്ട്. നിയമ സഹായ സെൽ മുഖേന ഗൾഫ് രാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവരെ നാട്ടിലെത്തിക്കുന്നതിന് നല്ലനിലയിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വിവിധ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായി പ്രവാസി ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുകയുണ്ടായി. പ്രവാസി ക്ഷേമനിധിയിലേയ്ക്ക് 300 രൂപ അടയ്ക്കുന്ന വിദേശത്ത് താമസിക്കുന്നവർക്കും ഇവിടെ 100 രൂപ നൽകുന്നവർക്കും 2,000 രൂപയാണ് പെൻഷൻ നൽകുന്നത്. പ്രസ്തുത പെൻഷൻ തുക വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കുമോ; ക്ഷേമനിധിയുടെ ഫണ്ട്, സ്രോതസ്സ് എന്നിവ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇനിയും പല കാര്യങ്ങളും ചെയ്യണമെന്നുണ്ട്. നമ്മുടെ സാമ്പത്തികസ്ഥിതി അത്ര മെച്ചമല്ലാത്തതു കൊണ്ടാണ് കയ്യയച്ച് കാര്യങ്ങൾ ചെയ്യാൻ കഴിയാത്ത അവസ്ഥ വരുന്നത്. കാര്യങ്ങൾ മെച്ചപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. സജി ചെറിയാനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് കരുത്ത് പകരുന്നത് പ്രവാസികളാണ്. ഈയിടെയുണ്ടായ കേന്ദ്രഗവൺമെന്റ് നയത്തിന്റെ ഭാഗമായി പ്രവാസികളെ വലിയരീതിയിൽ ദുരിതത്തിലാക്കുന്ന തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. പ്രവാസികളെ ഇപ്പോൾ നികുതിവലയിൽ ഉൾപ്പെടുത്തുകയാണ്. ഇത് ബാങ്കിംഗ് ട്രാൻസ്ഫർ നടത്തുന്ന അല്ലെങ്കിൽ എൻ.ആർ.ഐ. നിക്ഷേപം മാത്രം ആശ്രയിച്ചുകഴിയുന്ന ബാങ്കുകളെ ബാധിക്കും. അതോടൊപ്പം പല തരത്തിലുള്ള മാഫിയാ സംഘങ്ങൾക്ക് തഴച്ചുവളരാനുള്ള അവസരമൊരുക്കുകയും ചെയ്യും. ഇതിനെ എങ്ങനെ മറികടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, നിയമവിരുദ്ധമായി കാര്യങ്ങൾ നടക്കുമ്പോൾ നിയമപ്രകാരമുള്ള ഇടപെടൽ സ്വാഭാവികമായും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. നിയമവിരുദ്ധമായി ഒരു കാര്യവും പ്രോത്സാഹിപ്പിക്കുന്ന നിലയുണ്ടാകില്ല.

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിന് നടപടി

5 (*4) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ദാസൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിഫലം കൈപ്പറ്റി മറ്റുള്ളവർക്കായി ഗുണ്ടാപ്പണിയിലേർപ്പെടുന്നവരെയും മാഫിയ മാതൃകയിൽ ഗുണ്ടാ പ്രവർത്തനം നടത്തുന്നവരെയും അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളെ കുരുക്കാൻ ഗുണ്ടാനിയമവും യു.എ.പി.എ.-യും വ്യാപകമായി ദുരുപയോഗം ചെയ്തിരുന്നതായി ആക്ഷേപമുള്ള പശ്ചാത്തലത്തിൽ ഈ നിയമങ്ങളുടെ ദുരുപയോഗം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) അഴിമതിക്കെതിരെ സ്വരമുയർത്തിയതിന്റെ പേരിൽ നെയ്യാറ്റിൻകരയിൽ കോൺഗ്രസ്സ് പ്രവർത്തകനെ തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചതായി ആരോപണം നേരിടുന്ന ഡി.സി.സി. സെക്രട്ടറിയുൾപ്പെടെയുള്ളവർക്കെതിരെ കർശന നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ;

(ഡി) ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരം കുറ്റവാളികളെ കേഡി, റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയും Cr.PC-യിലെ 151, 107 എന്നീ വകുപ്പുകൾ പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിശദമായ പ്രാഥമിക അന്വേഷണം നടത്തി മാത്രമേ കേസ്സുകളിൽ ഗുണ്ടാനിയമവും UAPA-യും പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സംഭവത്തിന്മേൽ മാരായമുട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 115/2020 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ക്രമസമാധാന പരിപാലനരംഗത്ത് രാജ്യത്തിന് മാതൃകയാകുംവിധം പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം ശക്തിപ്പെടുത്തിയും സ്ത്രീ സുരക്ഷ മുൻനിർത്തി പിങ്ക് പട്രോൾ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചുവഴി പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് വഴിയുള്ള സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

സൈബർഡോം, സൈബർ സെൽ എന്നിവ സ്ഥാപിച്ചതുമൂലം സൈബർ കുറ്റകൃത്യങ്ങൾ പെട്ടെന്ന് അന്വേഷിക്കുന്നതിന് സാധിക്കുന്നതാണ്. കേസന്വേഷണം ശാസ്ത്രീയവും മികവുറ്റതുമാക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നു.

സാമുദായിക സംഘർഷ സാധ്യതയുള്ള സ്ഥലങ്ങളിൽ സൗഹാർദ്ദം നിലനിർത്തുന്നതിനായി രാഷ്ട്രീയ സംഘടനകളുടെയും സാമുദായിക സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ യോഗം വിളിച്ചുകൂട്ടിയിട്ടുള്ളതും യോഗത്തിൽ സാമുദായിക സംഘർഷം സൃഷ്ടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

## സിംസ് പദ്ധതിയുടെ കരാർ

6 (*5) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന 'സിംസ് (സി.ഐ.എം.എസ്. ) പദ്ധതിയുടെ കരാർ ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ സുരക്ഷയെത്തന്നെ ബാധിക്കുന്ന രീതിയിൽ പോലീസ് ആസ്ഥാനത്ത് ഈ കമ്പനിയുടെ ഉദ്യോഗസ്ഥർക്ക് പ്രവേശനം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് അതീവ സുരക്ഷാ മേഖലയിൽ ഈ കമ്പനിയുടെ ഉദ്യോഗസ്ഥർക്ക് പ്രവേശനം നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പോലീസ് ആസ്ഥാനത്ത് പ്രവേശനം നൽകിയിരിക്കുന്ന പ്രസ്തുത കമ്പനിയുടെ വിവരങ്ങൾ പോലീസ് ശേഖരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ മൂന്നിൽ രണ്ട് ഡയറക്ടർമാരും രജിസ്ട്രാർ ഓഫ് കമ്പനീസിന്റെ രേഖകൾ പ്രകാരം അയോഗ്യരാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) CIMS (സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s. Vostoc Trading LCC-യുടെ പാർട്ണർ കമ്പനിയും തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ M/s. Galaxon International Pvt Ltd. എന്ന കമ്പനിക്കാണ് കെൽട്രോൺ കരാർ നൽകിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) CIMS എന്ന പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നത് കെൽട്രോൺ ആണ്. പോലീസ് ആസ്ഥാനത്തെ സിംസ് കൺട്രോൾ റൂമിന് പുറത്ത് CIMS-ന്റെ നിശ്ചിത കാലയളവിലേക്ക് Onsite Support-നുവേണ്ടി കെൽട്രോണിന്റെയും ഗ്യാലക്സോണിന്റെയും ഓരോ Technical Support എഞ്ചിനീയർമാർക്ക് CIMS സെർവർ റൂമിലേക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്. ഇത് CIMS-ന്റെ Operation-ൽ പരിശീലനം നൽകുന്നതിനും Tehnical Support നൽകുന്നതിനും വേണ്ടിയാണ്.

(സി) ഇ-ടെണ്ടർ നടപടിയുടെ ഭാഗമായി ഗാലക്സോൺ കമ്പനിയുടെ വിവരം ശേഖരിച്ചിട്ടുള്ളതും കമ്പനി ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം കമ്പനി തന്നെ നൽകിയിട്ടുള്ളതുമാണ്.

**വിവരസാങ്കേതികവിദ്യാ മേഖലയിലെ പ്രവർത്തനങ്ങൾ**

7 (*6) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ആർ. രാജേഷ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ .യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതികവിദ്യാ മേഖലയിലെ തൊഴിൽ സാധ്യതകൾ പരിഗണിച്ച് പ്രസ്തുത മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഐ.ടി. വ്യവസായ രംഗത്തെ ആഗോള വ്യവസായികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി. വ്യവസായത്തിന്റെ പ്രധാന കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ, കെ.എസ്.ഐ.ടി.ഐ.എൽ. എന്നിവ വഴി ഐ.ടി. വ്യവസായ പ്രോത്സാഹനത്തിനായി ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിവരസാങ്കേതികവിദ്യാ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന്റെ വിവര സാങ്കേതിക നയത്തിനനുസൃതമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നീ ഗവൺമെന്റ് ഐ.ടി

പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്മാർട്ട് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവയോടൊപ്പം കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി-ജല വിതരണ സംവിധാനം, മികച്ച കണക്ടിവിറ്റി, റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും പാർക്കുകളിൽ ഒരുക്കിയിട്ടുണ്ട്. പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഏകദേശം 192.06 ലക്ഷം ച.അടി അടിസ്ഥാനസൗകര്യങ്ങൾ ഇതിനോടകം സജ്ജീകരിച്ചിട്ടുണ്ട്. ഇതുവഴി മൂന്ന് പാർക്കുകളിൽ പ്രവർത്തിക്കുന്ന 913 കമ്പനികളിലൂടെ ഏകദേശം 1,06,570 തൊഴിലവസരങ്ങൾ പ്രത്യക്ഷമായും അതിന്റെ മൂന്നിരട്ടി തൊഴിലവസരങ്ങൾ പരോക്ഷമായും സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ. സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ യുവസംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നൊവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. തന്മൂലം സംസ്ഥാനത്ത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി)

- സർക്കാരിന്റെ വിവരസാങ്കേതിക നയത്തിനനുസൃതമായി ഐ.ടി വ്യവസായരംഗത്തെ ആഗോള വ്യവസായികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും ഐ.ടി വ്യവസായത്തിന്റെ പ്രധാന കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനുമായി ഐ.ടി. പാർക്കുകൾ ഏകോപിപ്പിച്ചുകൊണ്ട് കേരള ഐ.ടി. പാർക്ക്സ് എന്ന ഒറ്റ ബ്രാൻഡായി പ്രവർത്തിക്കുന്നു.

- സർക്കാർ പങ്കാളിത്തത്തോടുകൂടി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജൈറ്റെക്സ്, സിബിറ്റ് എന്നിവ ഉൾപ്പെടെയുള്ള ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി. മേളകൾ, സെമിനാറുകൾ, കോൺഫറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും കേരളത്തിലെ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കിക്കൊടുക്കുക വഴി കൂടുതൽ തദ്ദേശ/വിദേശ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുവാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സമയബന്ധിതവും നൂതനവുമായ മാർക്കറ്റിംഗ് സംവിധാനവും വളർന്നുവരുന്ന ആഭ്യന്തര വിപണിയെ പരമാവധി പ്രയോജനപ്പെടുത്താനുള്ള ഉപായങ്ങളും ഉൾപ്പെട്ടുള്ള സാമൂഹിക-സാമ്പത്തിക-വൈജ്ഞാനിക വികസനത്തിനും ഹൈ പവർ ഐ.ടി. കമ്മിറ്റിയുടെ നേതൃത്വത്തിൽ രണ്ടു വർഷത്തിലൊരിക്കൽ കേരളത്തിൽവച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ (ഹാഷ് ഫ്യൂച്ചർ) സംഘടിപ്പിച്ചുവരുന്നുണ്ട്.

- ലോകോത്തര നിലവാരത്തോടെയുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കിക്കൊണ്ട് പുത്തൻ സാങ്കേതികവിദ്യകളുടെ (ഫ്യൂച്ചർ ടെക്നോളജികൾ) ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) <u>കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL)</u>

ഐ.ടി വകുപ്പിന്റെ കീഴിലുള്ള ഐ.ടി സംബന്ധിയായ അടിസ്ഥാന വികസനത്തിനും എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള നോഡൽ ഏജൻസിയായാണ് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL) പ്രവർത്തിക്കുന്നത്. കൂടാതെ KIIFB മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പ്രോജക്ടുകൾ എന്നിവയ്ക്കുള്ള SPV ആയും പ്രവർത്തിക്കുന്നു. നിലവിൽ ടെക്നോപാർക്കിന്റെ അധീനതയിലുള്ള (ടെക്നോസിറ്റിയിലെ 2.09 ലക്ഷം ച.അടി) പ്രാരംഭ കെട്ടിടത്തിന്റെ നിർമ്മാണം, കേരള സ്റ്റാർട്ടപ്പ് മിഷനുവേണ്ടി കേരള ടെക്നോളജി ഇന്നൊവേഷൻ സോൺ എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL)-ന്റെ മേൽനോട്ടത്തിൽ സ്ഥാപിച്ചുവരികയാണ്.

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയായ കേരള ഫൈബൽ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) പദ്ധതി കെ.എസ്.ഐ.ടി.ഐ.എൽ . മുഖേന സർക്കാർ നടപ്പിലാക്കിവരുന്നു.

<u>ഐ.ടി. മിഷൻ</u>

ഐ.സി.റ്റി. മേഖലയുടെ വളർച്ചയ്ക്കായി കമ്പനികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുമെന്ന് ഐ.ടി നയം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ 1-12-2005 മുതൽ

പ്രാവർത്തികമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും (IT Service/ITES/Software/Hardware units) ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ കമ്പനികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷണൽ മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും സെല്ലിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകിവരികയും ചെയ്യുന്നുണ്ട്.

**കേരള പുനർനിർമ്മാണ പദ്ധതി**

8 (*7) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾമൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമ്മിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിൽ ഇതിനകം പ്രാവർത്തികമാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ നടപടിക്രമങ്ങളാണ് ഇതിനകം ലഘൂകരിച്ചതെന്ന് അറിയിക്കുമോ;

(ഡി) 2018 -ലെ പ്രളയത്തിന് ശേഷം ഇരുപത് മാസം കഴിഞ്ഞിട്ടും സംസ്ഥാനത്ത് കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോഴും തുടങ്ങിയ ഇടത്ത് തന്നെയാണെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് പരിശോധിക്കുമോ; എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ ചലനാത്മകമാക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി

അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ പദ്ധതി ലക്ഷ്യമിടുന്നത്. അതിജീവനക്ഷമതയുള്ളതും നിലവാരം പുലർത്തുന്നതുമായ ബൃഹത്തായ പുനർനിർമ്മാണ പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നത്. ഇതിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഉണ്ട്. നടപടിക്രമങ്ങൾ ലഘൂകരിച്ച് പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് കഴിയുന്നതും വേഗം നിർവ്വഹണ ഘട്ടത്തിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ കൈക്കൊണ്ടുവരുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സമർപ്പിച്ച 1865 കോടി രൂപയുടെ പുനർനിർമ്മാണ പദ്ധതികൾക്ക് സർക്കാർ ഇതിനകം തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള പല നടപടിക്രമങ്ങളും ലളിതമാക്കിയിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ റീബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ ശിപാർശയോടെ നേരിട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയിൽ അവതരിപ്പിക്കുകയും സമിതി ശിപാർശ ചെയ്യുന്നവയ്ക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. മിക്കവാറും എല്ലാ മാസവും ഉന്നതാധികാര സമിതി ചേരുന്നതിനാൽ കാലവിളംബം കൂടാതെ പുനർനിർമ്മാണ പദ്ധതികൾ അംഗീകരിക്കുന്നതിന് സാധിക്കുന്നു. പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതും ഉന്നതാധികാര സമിതിയുടെ പരിശോധനയ്ക്ക് വിധേയമായിട്ടുള്ളതുമായ വിവിധ വകുപ്പുകളുടെ പദ്ധതിനിർദ്ദേശങ്ങളിൽ, സാങ്കേതിക അനുമതി ആവശ്യമില്ലാത്തതോ 10 കോടി രൂപയിൽ താഴെ മാത്രം ചെലവ് വരുന്നതോ ആയ പദ്ധതി നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് അതാത് വകുപ്പിന്റെ സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

ആർ.കെ.ഐ-യിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് തത്വത്തിൽ അംഗീകാരം ലഭിക്കുമ്പോൾ തന്നെ വകുപ്പുകൾക്ക് ടെണ്ടർ നടപടിയുമായി മുന്നോട്ടു

പോകുന്നതിനും ഉന്നതാധികാരസമിതിയുടെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്ന അന്തിമ ഭരണാനുമതിക്കുവിധേയമായി ടെണ്ടർ ഉറപ്പിക്കുന്നതിനും കഴിയുംവിധം ആർ.കെ.ഐ.-യുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ (Operational Guidelines) ഭേദഗതി വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) 2018-ലെ പ്രളയത്തിനുശേഷം ഇരുപത് മാസം കഴിഞ്ഞിട്ടും സംസ്ഥാനത്ത് കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോഴും തുടങ്ങിയ ഇടത്ത് തന്നെയാണെന്ന ആക്ഷേപം വസ്തുതാപരമല്ല.

അതിജീവനക്ഷമതയുള്ള പരിസ്ഥിതി സൗഹൃദമായതരത്തിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാനതലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)-ന് രൂപം നൽകിയത്. ആർ.കെ.ഐ-യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമ്മാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചു. രാജ്യാന്തരതലത്തിലുള്ള വികസന പങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ വികസന പങ്കാളി സംഗമം 2019 ജൂലൈ മാസത്തിൽ നടത്തി.

വികസനനയവായ്പയുടെ ആദ്യഗഡുവായി ലോക ബാങ്കിൽനിന്ന് 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. വികസനനയവായ്പയുടെ രണ്ടാംഗഡു ലഭ്യമാക്കുന്നതിനുള്ള നടപടികളും ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യയിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

കേരള പുനർനിർമ്മാണ പരിപാടി കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനായി എല്ലാ വിഭാഗം ജനങ്ങളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാഹരിക്കുന്നതിനായി 'നമ്മൾ നമുക്കായി' എന്ന വിപുലമായ ജനസമ്പർക്ക പരിപാടി നടപ്പിലാക്കിവരുന്നു. പഞ്ചായത്ത് തലത്തിൽ ദുരന്തനിവാരണ പ്ലാൻ ഇതിന്റെ ഭാഗമായി തയ്യാറാക്കുന്നുണ്ട്.

കേരള പുനർനിർമ്മാണ പരിപാടിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാരസമിതി എന്നിവ പരിഗണിച്ച് അംഗീകാരം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നുണ്ട്. 1865 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. ഇവയിൽ 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ആർ.കെ.ഐ. ഉപദേശകസമിതിയുടെ പതിവുയോഗങ്ങൾക്കുപുറമേ മുഖ്യമന്ത്രി പ്രത്യേക

വിലയിരുത്തൽ യോഗങ്ങളും നടത്താറുണ്ട്. ആർ.കെ.ഐ. ഏറ്റെടുക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ സെക്രട്ടറിതല യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## റേഷനിംഗ് ഓർഡർ പുതുക്കുന്ന നടപടി

9 (*8) ശ്രീ. സി. എഫ്. തോമസ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയ്ക്കും സഹകരണസംഘങ്ങൾക്കും റേഷൻകട അനുവദിക്കുവാൻ നീക്കമുണ്ടോ എന്നറിയിക്കാമോ;

(ബി) റേഷനിംഗ് ഓർഡർ പുതുക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് റേഷൻ വ്യാപാരികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വ്യാപാരികളുമായി ചർച്ച നടത്തി സമവായത്തിലെത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കടയുടമകളുടെ ലൈസൻസ് പുതുക്കാനും റദ്ദാക്കാനും ലൈസൻസിംഗ് അതോറിറ്റിക്ക് പൂർണ്ണ അധികാരം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 12(e) പ്രകാരം പഞ്ചായത്ത്, സ്വയം സഹായ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് റേഷൻ കട അനുവദിക്കുമ്പോൾ മുൻഗണന നൽകാൻ വ്യവസ്ഥയുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്ത് നിലവിലുള്ള കേരള റേഷനിംഗ് ഓർഡറിന്റെ പരിഷ്കരിച്ച പകർപ്പായ കേരളാ ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ (KTPDS Control Order) കരടിൽ റേഷൻ കട അനുവദിക്കുമ്പോൾ സ്ത്രീ സ്വയം സഹായസംഘങ്ങൾക്കും സഹകരണ സംഘങ്ങൾക്കും മുൻഗണന നൽകണമെന്നുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി &സി) കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കുന്നതിനായി പ്രത്യേക ഉത്തരവുകൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-നെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ (KTPDS Control Order) കരട് പൊതുജനങ്ങൾ/റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും അഭിപ്രായം ശേഖരിക്കുന്നതിനായി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് ലഭിച്ച അഭിപ്രായങ്ങൾ ക്രോഡീകരിച്ചതിന്റെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരികളുമായി 28-1-2020-ന് നടത്തിയ ചർച്ചയിൽ റേഷൻ വ്യാപാരികൾ ഉന്നയിച്ച അഭിപ്രായങ്ങൾ പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് കൂടുതൽ ചർച്ചകൾ നടത്തി അഭിപ്രായങ്ങൾ ലഭ്യമാക്കിയതിനുശേഷം അന്തിമ പകർപ്പ് പുറപ്പെടുവിക്കുന്നതാണ്.

(ഡി) നിലവിലെ കേരള റേഷനിംഗ് ഓർഡർ, 1966 പ്രകാരം കടയുടമകളുടെ ലൈസൻസ് പുതുക്കാനും റദ്ദാക്കാനും ലൈസൻസിംഗ് അതോറിറ്റിക്ക് പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-നെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിന്റെ (KTPDS Control Order) കരടിലെ വ്യവസ്ഥയിലും ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

**തീവ്രവാദ-ഭീകരവാദ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടി**

10 (*10) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി.വി. അൻവർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എസ്.- ൽ ചേർന്നവർ ഉണ്ടായിരുന്നുവെന്നതും വനപ്രദേശങ്ങൾ കേന്ദ്രീകരിച്ച് മാവോയിസ്റ്റുകൾ എന്ന പേരിൽ തീവ്രവാദ പ്രവർത്തനം നടത്തുന്നവരുടെ സാന്നിദ്ധ്യവും തെളിഞ്ഞിട്ടുള്ള സാഹചര്യത്തിൽ തീവ്രവാദ പ്രവർത്തനങ്ങളും ഭീകരവാദ പ്രവർത്തനങ്ങളും ഫലപ്രദമായി തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) വനത്തിനോട് ചേർന്നുള്ള പ്രദേശങ്ങളിലും തന്ത്ര പ്രധാന മേഖലകളിലും നിരീക്ഷണം ശക്തമാക്കുന്നതിന് ആധുനികോപകരണങ്ങൾ ഉൾപ്പെടെയുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(സി) അയൽ സംസ്ഥാനങ്ങളുമായി ചേർന്ന് സംയുക്ത ഓപ്പറേഷൻ നടത്തുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) ആധുനിക ആയുധങ്ങളും ഉപകരണങ്ങളും പര്യാപ്തമായ തോതിൽ ലഭ്യമാക്കി പോലീസ് സേനയെ ശാക്തീകരിക്കാൻ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങളും ഭീകരവാദ പ്രവർത്തനങ്ങളും ഫലപ്രദമായി നേരിടുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ ചുവടെ പറയുന്നു:

കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നിന്നും ഏതാനും വ്യക്തികൾ ഇസ്ലാമിക് സ്റ്റേറ്റ് എന്ന ആഗോള ഭീകര സംഘടനയിൽ ചേർന്ന് പ്രവർത്തിക്കുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ, ഇസ്ലാമിക് സ്റ്റേറ്റിന്റെ വ്യാപനം തടയുന്നതിനായി പോലീസും സംസ്ഥാന ഇന്റലിജൻസും ഫലപ്രദമായി ഇടപെട്ട് വരുന്നുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാന പോലീസ്, സംസ്ഥാന ഇന്റലിജൻസ് എന്നിവയുടെ നേതൃത്വത്തിൽ De-radicalization, Counter Radicalization പ്രോഗ്രാമുകൾ നടത്തിവരുന്നു. കൂടാതെ എല്ലാ ജില്ലാ പോലീസ് മേധാവിമാരുടെയും കീഴിൽ Internal Security Cells പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും സംസ്ഥാന തീവ്രവാദ വിരുദ്ധസേനയുടെ കീഴിൽ തീവ്രവാദ കേസ്സുകൾ അന്വേഷിക്കാൻ മാത്രമായി Anti-Terrorist Squad പ്രവർത്തിച്ചുവരുന്നു. തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമനടപടി സ്വീകരിക്കുന്നതിനോടൊപ്പം സംശയമുള്ളവരെ പ്രത്യേകം നിരീക്ഷിച്ചുവരുന്നു.

മാവോയിസ്റ്റുകളുടെ പ്രവർത്തനം നേരിടുന്നതിന് പ്രധാനമായും താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്:

1. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന് തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ലോക്കൽ പോലീസ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ കോമ്പിംഗ് ഓപ്പറേഷൻ നടപ്പാക്കിവരുന്നു. കൂടാതെ മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തിവരുന്നു.

2. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെ മേൽ ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

3. ആദിവാസി മേഖലകളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആദിവാസി വിഭാഗത്തിലെ യുവതീയുവാക്കളിൽ നിന്നും പ്രത്യേക റിക്രൂട്ട്മെന്റ് വഴി സർക്കാർ ജോലികളിൽ നിയമനം നൽകിവരുന്നു.

(ബി &സി) ഉണ്ട്.

(ഡി) പോലീസ് സേനയെ ശാക്തീകരിക്കുവാനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- കേന്ദ്രാവിഷ്കൃത പദ്ധതിയായ CCTNS പദ്ധതിയുമായി ബന്ധപ്പെട്ട് 4 സെർവർ മെഷീനുകൾ വാങ്ങുകയും പോലീസ് സ്റ്റേഷനുവേണ്ട 1674 ലാപ്ടോപ്പ്, 550 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ എന്നിവ വാങ്ങിയിട്ടുള്ളതുമാണ്.
- ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA sequenser, Advanced equipment for document examination, digital Zoom Static Microscope, FTIR Spectrometer, Refractometer, PCR Machine, Ultra low temperature freezer, Refrigerated centrifuge തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബുകളിലേക്ക് ലഭ്യമാക്കുകയുണ്ടായി.
- കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.
- അത്യാധുനിക സാങ്കേതികവിദ്യയിലുള്ള ബോഡി വോൺ ക്യാമറകൾ, സി.സി.ടി.വി. ക്യാമറകൾ Vehicle mounted GPS system, Unmanned Aerial Vehicle, Traffic signal system, Traffic enforcement ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.
- കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും ക്രമസമാധാനം നിലനിർത്തുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും Trace my trip, Nearest/jurisdictional Police station, SOS-Panic message, Chat Bot for Public service, Offence reporting, Citizen services, Traffic guru തുടങ്ങിയ applications നടപ്പിലാക്കിയിട്ടുള്ളതും ആയവ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

- ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനുള്ള Robotic Mobile Explosive Cutter Vehicle എന്ന ഉപകരണവും വാങ്ങുകയുണ്ടായി. കൂടാതെ Unmanned Aerial Vehicle, BDDS ടീമിന് ആവശ്യമായ Bomb suit, Explosive Detector തുടങ്ങിയവയും വാങ്ങുകയുണ്ടായി.
- തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായും നൂതന സാങ്കേതികവിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്.
- സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന Cyber Crime Prevention Against Women and Children (CCPWC) പദ്ധതിയുടെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പാലക്കാട് ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- Finger Print Bureau-യെ ഡിജിറ്റലൈസ് ചെയ്യുന്നതിലേക്കായി Automated Fingerprint Identification System (AFIS) നടപ്പിലാക്കിവരുന്നു.
- കോളുകൾ, മെസ്സേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനായി CMS (Centralised Monitoring System) നടപ്പിലാക്കിയിട്ടുണ്ട്.
- ശബരിമലയിൽ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി Door Frame Metal Detector, Hand Held Metal Detector, Search Light, Prodder, Extension Mirror, Portable X-ray baggage scanner, Mine

Sweeper, Non Linear Junction Detector, Modern Security Cameras, CCTV Cameras എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

- കൂടാതെ KANSAF (Kerala Anti Narcotic Special Action Force) സ്കീം 2016-17 പ്രകാരം, Mahindra TUV, Motor Cycles (Hero Achiever) എന്നീ വാഹനങ്ങളും Photocopier, GPS Equipments, Computer table, Printer, Scanner, Multimedia Projector, Fax Machine, Night Vision Digital Video Recorder, Night Vision Digital Still Camera, Night Vision Binocular, Generator set, Knee length, rubber shoes, Trekking shoes, Water proof tent, Rain coats, Sleeping bags, Sniffer dogs, Brief case for Detection Kits എന്നിവ വാങ്ങി യൂണിറ്റിലേയ്ക്ക് നൽകിയിട്ടുണ്ട്.

**സി. ആന്റ് എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ അന്വേഷണം**

11 (*11) ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ ആയുധ ശേഖരത്തിൽ നിന്നും വൻതോതിൽ ആയുധങ്ങളും വെടിക്കോപ്പുകളും കാണാതായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം, വാഹനങ്ങളും ഉപകരണങ്ങളും വാങ്ങൽ എന്നിവ സംബന്ധിച്ച് ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച സി.ആന്റ് എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും, “ 2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തെ കുറവുവന്ന വിവരം മൂടി വയ്ക്കാനുള്ള

ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്.

ഇതുസംബന്ധിച്ച് ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തിവരുന്നു.

17-2-2020-ൽ അന്വേഷണ സംഘം എസ്.എ.പി ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി.-ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല. വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമമായി തുടർന്നുവരുന്നു. കേസിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ള കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയാണ്.

വെടിയുണ്ടകളുടെ സ്റ്റോക്കിലെ കുറവ് സംബന്ധിച്ച് ക്രൈം.നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം കര്യക്ഷമമായ അന്വേഷണം നടത്തിവരുന്നു.

## ഗോത്രവർഗ്ഗ, തീരദേശ മേഖലകളിലെ ആരോഗ്യ സംരക്ഷണം

12 (*12) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട മേഖലകളിൽ പ്രത്യേകിച്ച് ഗോത്രവർഗ്ഗ മേഖലകളിലും തീരദേശ മേഖലകളിലും ഉള്ളവരുടെ ആരോഗ്യ സംരക്ഷണത്തിനായി ഈ സർക്കാർ സവിശേഷ ഊന്നൽ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അട്ടപ്പാടിയിലേയും വയനാട്ടിലേയും ഗോത്രവർഗ്ഗക്കാർക്കിടയിൽ ശിശുമരണ നിരക്കും മാതൃമരണനിരക്കും ഗണ്യമായി കുറച്ചുകൊണ്ടുവരാൻ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) തീരദേശ ജനവിഭാഗങ്ങളുടെ ആരോഗ്യകാര്യങ്ങളിൽ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാന ആരോഗ്യ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ടാണ് ഗോത്രവർഗ്ഗ തീരദേശ മേഖലയിൽ ആരോഗ്യ പ്രവർത്തനം നടത്തിവരുന്നത്. ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളിലും പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും ഗോത്രവർഗ്ഗ മേഖലകൾക്കും തീരദേശ മേഖലകൾക്കും അധിക പരിഗണന നൽകിവരുന്നുണ്ട്. ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുക, നിയമനങ്ങൾ നടത്തുക, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങളിലെല്ലാം മുൻഗണന നൽകിവരുന്നുണ്ട്.

ഗോത്രവർഗ്ഗ മേഖലകളിൽ 219 ആരോഗ്യ സ്ഥാപനങ്ങളുണ്ട്. അതിൽ 3 ജില്ലാ ആശുപത്രി, 14 താലൂക്ക് ആശുപത്രി, സ്പെഷ്യൽ ഹോസ്പിറ്റൽ 3 (TSH) അട്ടപ്പാടി (പാലക്കാട്), മട്ടന്നൂർ (കണ്ണൂർ), നല്ലൂർനാട് (വയനാട്)), 28 സി.എച്ച്.സി, 170 പി.എച്ച്.സി/ എഫ്.എച്ച്.സി, 1 Urban PHC എന്നിവയാണുള്ളത്.

മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി ഗോത്രവർഗ്ഗ മേഖലകളിൽ 20000 ജനസംഖ്യയ്ക്ക് 1 പ്രാഥമികാരോഗ്യ കേന്ദ്രവും 3000 ജനസംഖ്യയ്ക്ക് ഒരു ഉപകേന്ദ്രവും എന്ന കണക്കിന് പ്രവർത്തിച്ചുവരുന്നു (മറ്റ് പ്രദേശങ്ങളിൽ യഥാക്രമം 30000 ഉം 5000- ഉം ആണ്.)

വിദൂര സ്ഥലമായ പട്ടികവർഗ്ഗ മേഖലകളിൽ താമസിക്കുന്നവർക്ക് ആരോഗ്യസേവനങ്ങൾ അതത് സ്ഥലത്ത് ലഭ്യമാക്കാനായി ഈ മേഖലകളിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ 13 ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട് (വയനാട് - 5, പാലക്കാട് -2, ഇടുക്കി -2, കാസർഗോഡ് -1, കണ്ണൂർ -1, മലപ്പുറം -1, തിരുവനന്തപുരം -1). ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള ഈ മൊബൈൽ യൂണിറ്റുകളിൽ ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ് തുടങ്ങിയവരുടെ സേവനങ്ങൾ ലഭിക്കുന്നു. നേരത്തെ പ്ലാൻ ചെയ്ത് ഊരുകൾ സന്ദർശിച്ച് സൗജന്യ പരിശോധനകളും മരുന്നുവിതരണവും പ്രതിരോധ കുത്തിവയ്പുകളും ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ ദേശീയ ആരോഗ്യ

മിഷന്റെ ഭാഗമായി 29 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ മേഖലകളിലും മറ്റ് പിന്നോക്ക മേഖലകളിലും നടത്തിവരുന്നുണ്ട്.

ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ കാണുന്ന സിക്കിൾസെൽ അനീമിയ ചികിത്സയ്ക്കുള്ള പ്രവർത്തനങ്ങൾ വയനാട്, പാലക്കാട് (അട്ടപ്പാടി മേഖല), മലപ്പുറം (നിലമ്പൂർ മേഖല) ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഇവർക്കുവേണ്ട പരിശോധനകളും സൗജന്യ ചികിത്സയും മരുന്നുവിതരണവും നടന്നുവരുന്നുണ്ട്.

ഗോത്രവർഗ്ഗ മേഖലകളിൽ ഓരോ ഊരിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള സ്ത്രീകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ഊരുമിത്രം ആശാപ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗോത്ര, തീരദേശ, പിന്നോക്ക മേഖലകളിലെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക എന്ന പുതിയ പദ്ധതി ആരംഭിച്ചു. 2018-19 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി അനുസരിച്ച് 2 കോടി രൂപ വിതുര താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിലെ എല്ലാ പ്ലാൻ സ്കീമുകളിലും ഗോത്രമേഖല/തീരദേശ മേഖലയ്ക്ക് ഊന്നൽ നൽകാറുണ്ട്. ഗോത്രവർഗ്ഗ മേഖലയിൽ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളായി കൺവർട്ട് ചെയ്തു. ഈ സ്ഥാപനങ്ങളിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതാണ്. ഓരോ എഫ്.എച്ച്.സി.-കളിലും പ്രീ-ചെക്ക് ഏരിയ, വെയിറ്റിംഗ് ഏരിയ (രോഗികൾക്കും രോഗികളുടെ കൂട്ടിരിപ്പുകാർക്കും), കുടിവെള്ള സൗകര്യം, ടെലിവിഷൻ തുടങ്ങിയ സൗകര്യങ്ങളോടെ കൂടുതൽ രോഗീസൗഹൃദ സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു. ട്രൈബൽ മേഖലയിലുള്ള സ്ഥാപനങ്ങളിൽ എടുത്തുപറയേണ്ടതായ ട്രൈബൽ സ്പെഷ്യൽ ഹോസ്പിറ്റൽ അട്ടപ്പാടി, THQH സുൽത്താൻ ബത്തേരി, ജില്ലാ ആശുപത്രി മാനന്തവാടി, ജനറൽ ആശുപത്രി കൽപ്പറ്റ, താലൂക്ക് ആശുപത്രി പുനലൂർ, എഫ്.എച്ച്.സി, ആറളം, എഫ്.എച്ച്.സി, നൂൽപ്പുഴ തുടങ്ങിയവയാണ്.

(ബി) അട്ടപ്പാടിയിലെയും വയനാട്ടിലെയും ഗോത്ര വർഗ്ഗക്കാർക്കിടയിൽ ശിശുമരണനിരക്കും മാതൃമരണനിരക്കും ഗണ്യമായി കുറച്ചുകൊണ്ടുവരാൻ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗോത്ര, തീരദേശ, പിന്നോക്ക മേഖലകളിലെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക എന്ന പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2 കോടി രൂപ വീതം 2018-19, 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ ഈ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

തീരദേശ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി 'Care on wheels' എന്ന പദ്ധതിയുടെ ഭാഗമായി ഫ്ലോട്ടിംഗ് ഡിസ്പെൻസറി കുമ്പളം ഗ്രാമപഞ്ചായത്തിന്റെ കിഴക്ക് തെക്ക് തീരദേശ മേഖലയിൽ പ്രവർത്തിച്ചുവരുന്നു. യാത്രചെയ്യാൻ കഴിയാത്തവർക്ക് ആശ്വാസമായി ഈ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. ഈ ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസർ കൂടാതെ ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഹെൽപ്പർ എന്നിവരും കൂടാതെ ആശാ വർക്കേഴ്സിന്റെ സേവനവും ലഭ്യമാണ്. കുടിവെള്ളം, വാഷ് ബെയ്സിൻ, ടോയ്ലെറ്റ് സൗകര്യങ്ങളുമായാണ് വളന്തക്കാട്, പഴല എന്നീ പ്രാഥമികാരോഗ്യ കേന്ദ്രത്തിനുകീഴിലുള്ള ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ പ്രവർത്തിച്ചുവരുന്നത്.

## എസ്. എ. പി. ബറ്റാലിയനിലെ ഇൻസാസ് റൈഫിളുകളുടെ എണ്ണം

13 (*13) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിലെ 5.56 എം.എം. ഇൻസാസ് റൈഫിളുകളിൽ ഇരുപത്തിയഞ്ച് എണ്ണത്തിന്റെ കുറവ് ഉണ്ടായിരുന്നതായി കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മേശപ്പുറത്തുവച്ച സി. & എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഈ റൈഫിളുകൾ പിന്നീട് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ബറ്റാലിയനിൽ സൂക്ഷിച്ചിരിക്കുന്ന വെടിക്കോപ്പുകളുടെ സുരക്ഷയും പരിശോധനയും നിർവ്വഹിക്കേണ്ട ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പരാമർശിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

17-2-2020-ൽ അന്വേഷണ സംഘം എസ്.എ.പി. ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി.-ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ. ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല.

ക്യാമ്പിൽ ഉണ്ടായിരുന്ന 647 റൈഫിളുകളുടെ മഹസ്സർ ബഹുമാനപ്പെട്ട തിരുവനന്തപുരം JFMC-XI കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്. വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമമായി തുടർന്നുവരുന്നു. ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലാത്തതിനു പകരം ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചതിന് ഉത്തരവാദിയായ എസ്.എ.പി ബറ്റാലിയനിൽ 7/2013 മുതൽ 1/2015 വരെ ക്വാർട്ടർ മാസ്റ്റർ ഹവീൽദാറായിരുന്ന ഉദ്യോഗസ്ഥനെ 26-2-2020-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ ഉൾപ്പെടെ 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നുവരികയാണ്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ശാക്തീകരണം

14 (*14) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പൊതുജനാരോഗ്യരംഗത്ത് പര്യാപ്തമായ തോതിൽ വിഹിതം അനുവദിക്കാത്തതിനാൽ ചികിത്സാ ചെലവ് വർദ്ധിച്ച് സാധാരണക്കാർക്ക് മികച്ച ചികിത്സാ സൗകര്യം അപ്രാപ്യമാകുന്ന സാഹചര്യം

ഉണ്ടാകാതിരിക്കാൻ പൊതുജനാരോഗ്യരംഗത്ത് സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ വിശദീകരിക്കാമോ;

(ബി) സമഗ്ര ആരോഗ്യരക്ഷാ സംവിധാനം ഒരുക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന് അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കുടുംബാരോഗ്യ രംഗത്ത് പ്രാഥമിക ആരോഗ്യ ഉപകേന്ദ്രങ്ങൾ നടത്തുന്ന ഇടപെടൽ എങ്ങനെയെന്നും അത് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ചികിത്സാ ചെലവ് കുറയ്ക്കുന്നതിനായി പൊതുമേഖലാ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ വിവിധ പദ്ധതികൾ വഴിയും, NHM വഴിയും തദ്ദേശഭരണ സ്ഥാപനങ്ങൾ എം.എൽ.എ/എം.പി ഫണ്ട്, KIIFB, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR) നബാർഡ് തുടങ്ങിയവ വഴിയും സർക്കാർ ആശുപത്രികളും പ്രാഥമികാരോഗ്യ സംവിധാനങ്ങളും ശക്തിപ്പെടുത്തിവരികയാണ്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷൻ വഴി ആരോഗ്യരംഗം രോഗീസൗഹാർദ്ദവും ജനസൗഹാർദ്ദവും ആക്കി ആധുനികവൽക്കരിക്കാനുള്ള താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പ്രത്യേകമായി നടത്തുന്നുണ്ട്.

(i) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും സമഗ്ര ആരോഗ്യപരിചരണം ഉറപ്പാക്കുന്ന രീതിയിൽ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

(ii) മെഡിക്കൽ കോളേജുകൾ, ജില്ലാതല താലൂക്കുതല ആശുപത്രികൾ എന്നിവയെ രോഗീസൗഹാർദ്ദമാക്കലും ജില്ലാ-താലൂക്ക തല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടെ സൂപ്പർസ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കുന്ന പ്രവർത്തനവും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

(iii) ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് കോറോണറി കെയർ സൗകര്യങ്ങൾ അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളും KIIFB പദ്ധതി/സ്റ്റേറ്റ് പ്ലാൻ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി സജ്ജീകരിച്ചുവരുന്നുണ്ട്.

- പുതുതായി 44 ഡയാലിസിസ് യൂണിറ്റുകളും KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി സജ്ജീകരിച്ചുവരികയാണ്.
- MRI, CT സ്കാൻ, അൾട്രാ സൗണ്ട് X-ray തുടങ്ങിയ ആശുപത്രി ഉപകരണങ്ങളും വിവിധ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കിവരുന്നുണ്ട്.
- പൊതുജന ആരോഗ്യപ്രവർത്തനത്തിന്റെ ഭാഗമായി ജീവിതശൈലീരോഗ നിയന്ത്രണം, മാനസിക ആരോഗ്യ പരിചരണം, പാലിയേറ്റീവ് സേവനങ്ങൾ തുടങ്ങിയവ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ലഭ്യമാക്കി. ഈ നടപടികൾ ജനങ്ങളുടെ ചികിത്സാ ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.
- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 3159 തസ്തികകൾ അടക്കം ആകെ 5249 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.
- കാരുണ്യ ആരോഗ്യ സുരക്ഷ, ആരോഗ്യ കിരണം, SMAP എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ആർദ്രം മിഷന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 14 ജില്ലകളിൽനിന്നുമായി തെരഞ്ഞെടുത്ത 170 കേന്ദ്രങ്ങളിൽ 162 എണ്ണത്തിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് പ്രളയബാധിതമായ രണ്ട് എണ്ണം ഒഴികെ 160 എണ്ണം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടായിരുന്ന മറ്റിടങ്ങളിൽ പ്രധാന നിർമ്മാണപ്രവർത്തനങ്ങൾ MLA/MP ഫണ്ട്, പ്ലാൻ ഫണ്ട്, NHM ഫണ്ട് തുടങ്ങിയവ വഴി നടന്നുവരുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തിരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിൽ 107 കേന്ദ്രങ്ങൾ ഇതിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് 200 കേന്ദ്രങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുയാണ്.

അടിസ്ഥാന സൗകര്യങ്ങളിൽ വലിയ കുറവുള്ള പ്രധാന നിർമ്മാണപ്രവൃത്തികൾ ആവശ്യമുള്ള 33 ഇടങ്ങളിൽ ഒഴികെ മറ്റു സ്ഥലങ്ങൾ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി ഭരണാനുമതി നൽകൽ, ടെണ്ടറിംഗ് തുടങ്ങി വിവിധ ഘട്ടങ്ങളിലാണ്.

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 കേന്ദ്രങ്ങളിലായി ഓരോ ഡോക്ടർ, രണ്ടുവീതം സ്റ്റാഫ് നേഴ്സ്, ഓരോ ലാബ് ടെക്നീഷ്യൻ, 150 കേന്ദ്രങ്ങളിലേക്ക് ഓരോ

ഫാർമസിസ്റ്റ് എന്നിങ്ങനെ 830 തസ്തികകൾ (ഡോക്ടർമാർ -170, സ്റ്റാഫ് നെഴ്സ് - 340, ലാബ് ടെക്നീഷ്യൻ -170, ഫാർമസിസ്റ്റ്-150 മൊത്തം 830) സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിലേക്കായി 400 ഡോക്ടർ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻമാർ എന്നീ തസ്തികകൾ സൃഷ്ടിച്ച് സംസ്ഥാന ജില്ലാ തലങ്ങൾ വഴി നിയമനം നടത്തിവരുന്നു.

കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങളിൽ സൗകര്യങ്ങളോടുകൂടിയ രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സംവിധാനം, കാത്തിരുപ്പ് സ്ഥലങ്ങൾ, കസേരകൾ, ആരോഗ്യ ബോധവൽക്കരണത്തിനുള്ള സംവിധാനങ്ങൾ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, കുടിവെള്ള സൗകര്യം, ഭിന്നശേഷി സൗഹൃദവും സ്ത്രീസൗഹൃദവുമായ ടോയ്ലെറ്റ് സംവിധാനം, സ്വകാര്യതയോടുകൂടിയ പരിശോധനാമുറികൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പ്, ജീവിതശൈലീരോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ, ആസ്മ, ശ്വാസംമുട്ടൽ എന്നിവയ്ക്കുള്ള ശ്വാസ് ക്ലിനിക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക് എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്.

ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിക്കൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യവികസനത്തിനും താൽക്കാലികമായി ജീവനക്കാരെ നിയമിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളുടെ സഹകരണം ലഭ്യമാകുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ പരിശീലനവും തദ്ദേശഭരണസ്ഥാപന പ്രതിനിധികൾക്കും ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് ഒരുമിച്ചുള്ള പരിശീലനവും നൽകിവരുന്നുണ്ട്.

(സി) ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡുതല പൊതുജനാരോഗ്യ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര പ്രാഥമികാരോഗ്യ പരിചരണമാണ് ആർദ്രം മിഷൻ ലക്ഷ്യമിടുന്നത്. ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ രോഗപ്രതിരോധം, പ്രാഥമിക ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട്. എല്ലാ ദിവസവും (ഞായർ ഒഴികെ) ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയുള്ള ഉപകേന്ദ്ര ക്ലിനിക്കുകൾ, ജീവിതശൈലീരോഗ നിയന്ത്രണത്തിലും

പകർച്ചവ്യാധി നിയന്ത്രണത്തിലും ഊന്നൽ നൽകിക്കൊണ്ടുള്ള ഫീൽഡുതല പ്രവർത്തനങ്ങൾ, ഫീൽഡ് തലത്തിൽ ബോധവൽക്കരണം നടത്തി രോഗികളെ കണ്ടെത്തുന്ന സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി എന്നിവയും ഇതിന്റെ ഭാഗമായി നടന്നുവരുന്നു. സംസ്ഥാന വ്യാപകമായി 2019 നവംബർ മാസം 18-ാം തീയതി ആരംഭിച്ച ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ശരിയായ പോഷണം, വ്യായാമം, മാനസിക ആരോഗ്യവും ഡീ അഡിക്ഷനും വൃത്തിയും മാലിന്യസംസ്കരണവും ആരോഗ്യ സേവനങ്ങൾ ഫലപ്രദമായി ഉപയോഗിക്കൽ എന്നീ കാര്യങ്ങളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളും ഫീൽഡ് തലത്തിൽ നടന്നുവരുന്നുണ്ട്.

ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്കുള്ള സബ് സെന്ററുകൾ കിറ്റുകൾ NHM വഴി നൽകിവരുന്നുണ്ട്. NHM-ന്റെ ഭാഗമായി ഉപകേന്ദ്രങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. കൂടാതെ ആരോഗ്യ ഉപകേന്ദ്രങ്ങൾ വഴി താഴെപ്പറയുന്ന സേവനങ്ങൾ നൽകിവരുന്നു:

- രോഗപ്രതിരോധ വാക്സിനേഷനുകൾ പ്രത്യേക ദിവസങ്ങളിൽ നൽകുന്നു.
- ഒ. ആർ.എസ്. (ഓറൽ റീഹൈഡ്രേഷൻ സാൾട്ട്) ആവശ്യാനുസരണം വയറിളക്ക രോഗമുള്ളവർക്ക് നൽകുന്നു.
- ആരോഗ്യ സംബന്ധമായ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്
- ഗർഭിണികൾക്ക് അയൺ & ഫോളിക് ആസിഡ് വിതരണം ചെയ്യുന്നു.
- ഗർഭിണികൾക്കും കൗമാരക്കാർക്കും ആവശ്യമായ കൗൺസിലിംഗ് സേവനം നൽകുന്നു.
- ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.
- ഗർഭനിരോധന മാർഗ്ഗങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുന്നു.
- ഗർഭനിരോധന ഗുളിക, കോണ്ടംസ് എന്നിവ നൽകുന്നു.
- മാതൃ ശിശു സംരക്ഷണ സേവനങ്ങൾ നൽകുന്നു.
- ആരോഗ്യ വിവരശേഖരണം നടത്തുന്നു.
- ഉപകേന്ദ്രങ്ങളിൽ വച്ച് വിവിധ മീറ്റിംഗുകൾ നടത്തുന്നു.

## പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടന്ന സമരങ്ങൾ

15 (*15) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പൗരത്വഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന സമരങ്ങളിൽ തീവ്രവാദശക്തികൾ നുഴഞ്ഞുകയറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ശക്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പ്രവർത്തനം എന്തെങ്കിലും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) പൗരത്വ ഭേദഗതി നിയമത്തിനെതിരെ സംസ്ഥാനത്ത് നടന്ന സമരങ്ങളിൽ തീവ്രവാദ സ്വഭാവം പുലർത്തുന്ന സംഘടനകൾ നുഴഞ്ഞുകയറുന്നതിന് ശ്രമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## ഡിജിറ്റൽ മൊബൈൽ റേഡിയോ ടയർ ത്രീ പദ്ധതി

16 (*16) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. എൻ.എ ഖാദർ:
ശ്രീ.പി. കെ. അബ്ദു റബ്ബ്:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വയർലെസ് സെറ്റുകളിൽ മെച്ചപ്പെട്ട സന്ദേശ പ്രക്ഷേപണ സംവിധാനമായ ഡിജിറ്റൽ മൊബൈൽ റേഡിയോ ടയർ ത്രീ പദ്ധതി നടപ്പാക്കുന്നതിന് ഏത് കമ്പനിക്കാണ് അനുമതി നൽകിയതെന്ന് അറിയിക്കാമോ;

(ബി) കരാർ പ്രകാരം എത്ര ടവറുകളാണ് നിർമ്മിക്കേണ്ടിയിരുന്നതെന്നും എത്രയെണ്ണം പൂർത്തിയാക്കിയെന്നും വെളിപ്പെടുത്താമോ;

(സി) ടവറുകൾ നിർമ്മിക്കുന്നതിന് മുൻകൂർ തുക അനുവദിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) M/s. Kohlbros Wireless Solutions LLP, Kolkata എന്ന കമ്പനിക്കാണ് അനുമതി നൽകിയിരിക്കുന്നത്.

(ബി) എട്ട് ടവറുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയുടെ നിർമ്മാണം പൂർണ്ണമായും പൂർത്തിയായിട്ടില്ല.

(സി) ടവർ നിർമ്മാണത്തിന് മാത്രമായി മുൻകൂർ തുകയൊന്നും അനുവദിച്ചിട്ടില്ല. വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമിരിക്കുന്ന ഭൂമിയിലാണ് ടവർ നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ അനുമതിക്കും നിരാക്ഷേപ സാക്ഷ്യപത്രം (NOC) കിട്ടുന്നതിനും കാലതാമസം വന്നിട്ടുണ്ട്. നിരാക്ഷേപ സാക്ഷ്യപത്രം (NOC) ലഭിച്ച സ്ഥലങ്ങളിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.

## സ്ത്രീശാക്തീകരണ പദ്ധതികൾ

17 (*17) ശ്രീ. കെ. ബാബു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളെ സാമ്പത്തികമായി ശാക്തീകരിച്ച് സാമൂഹ്യതുല്യത കൈവരിക്കുന്നതിന് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റയ്ക്ക് യാത്രചെയ്യേണ്ടി വരുന്ന സ്ത്രീകൾക്കും ജോലിസംബന്ധമായും അല്ലാതെയും നഗരങ്ങളിൽ താമസിക്കേണ്ടിവരുന്ന സ്ത്രീകൾക്കും സുരക്ഷിത താമസസൗകര്യം ഒരുക്കുന്നതിനായുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത, സംരംഭകശേഷി, വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിനും നൈപുണ്യശേഷി വികസനത്തിനും ഉള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) വനിതകളെ സാമ്പത്തികമായി ശാക്തീകരിച്ച് സാമൂഹ്യതുല്യത കൈവരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ വനിത-ശിശു വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്:

1. അതിജീവിക
2. അഭയകിരണം
3. സഹായഹസ്തം
4. പടവുകൾ
5. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായപദ്ധതി.
6. മംഗല്യ

അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത സംരംഭകശേഷി, വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ വനിതാ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്:

1. വനിതാ സംരംഭകർക്കുള്ള സംരംഭകത്വ വികസന പരിപാടി

II. സ്വയംതൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ (3.5% മുതൽ 6%) വായ്പാ സൗകര്യം

a) മുന്നാക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (കേരള സർക്കാരിന്റെ ധനസഹായത്തോടെ)

b) പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC-യുടെ ധനസഹായത്തോടെ) വിദ്യാഭ്യാസ വായ്പ

c) ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NMDFC-യുടെ ധനസഹായത്തോടെ)

d) പട്ടികജാതി വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NSFDC-യുടെ ധനസഹായത്തോടെ)

III. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വികസനത്തിനായി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1) പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH

2) വനമിത്ര-ആദിവാസി വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതി

(ബി) നിലവിലുണ്ട്. ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്കും ജോലി സംബന്ധമായും അല്ലാതെയും നഗരങ്ങളിൽ താമസിക്കേണ്ടിവരുന്ന സ്ത്രീകൾക്കും രാത്രിയിൽ സുരക്ഷിത താമസസൗകര്യം ഒരുക്കുന്നതിനായി 'എന്റെ കൂട്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനസമയം വൈകുന്നേരം 6.30 മുതൽ പിറ്റേന്ന് രാവിലെ 7.30 വരെയാണ്. രാത്രി 8 മണി വരെ പ്രവേശനം നേടുന്നവർക്ക് ഭക്ഷണം സൗജന്യമാണ്. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലാണ് നിലവിൽ 'എന്റെ കൂട്' പ്രവർത്തിച്ചുവരുന്നത്. കോഴിക്കോട് നഗരത്തിൽ കസബ പോലീസ് സ്റ്റേഷന് സമീപമുള്ള കെട്ടിടത്തിലും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിൽ 8-ാം നിലയിലും പ്രവർത്തിക്കുന്നു. എന്റെ കൂട്-ൽ പ്രവേശനം തികച്ചും സൗജന്യമാണ്.

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തലസ്ഥാനനഗരിയിൽ അടിയന്തരാവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'ഏകദിന വസതി' (One Day Home) തിരുവനന്തപുരത്ത് തമ്പാനൂർ KSRTC Terminal Station കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ 2020 മാർച്ച് 7-ാം തീയതി പ്രവർത്തനം തുടങ്ങുന്നതാണ്. ഒരു ദിവസത്തേക്കാണ് പ്രവേശനം അനുവദിക്കുക. അടിയന്തര സാഹചര്യങ്ങളിൽ 3 ദിവസം വരെ പ്രവേശനം അനുവദിക്കുന്നതാണ്.

<u>സേഫ് സ്റ്റേ (SAFE STAY)</u>

വനിതകളുടെ സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിന് അവരുടെ ചലനാത്മകത പ്രോത്സാഹിപ്പിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. ആയതിനാൽ ഇദംപ്രഥമായി സഞ്ചരിക്കുന്ന വനിതകൾക്ക് സംസ്ഥാന വ്യാപകമായി ഹ്രസ്വകാല താമസസൗകര്യം ഒരുക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങളിലാണ് വനിതാ വികസന കോർപ്പറേഷൻ. പ്രസ്തുത പദ്ധതിയിലൂടെ ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതവും വൃത്തിയുള്ളതും മിതമായ നിരക്കിലും താമസസൗകര്യം (ഹോസ്റ്റലുകൾ, ഹോട്ടലുകൾ എന്നിവ)

ഉറപ്പാക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. ഇത്തരത്തിൽ ലഭ്യമാക്കുന്ന സേവനങ്ങൾ ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി കേരളത്തിലെ എല്ലാ വനിതകൾക്കും ആവശ്യാനുസരണം ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലാണ് കോർപ്പറേഷൻ പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാന വ്യാപകമായി വനിതകൾക്ക് സുരക്ഷിതമായ താമസസൗകര്യം പ്രദാനം ചെയ്യാൻ കോർപ്പറേഷൻ ലക്ഷ്യം വയ്ക്കുന്നു.

<u>വനിതാ മിത്ര കേന്ദ്രം</u>

സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം, യാത്രയ്ക്കിടെ തങ്ങാനുള്ള രീതിയിൽ ലോഡ്ജിംഗ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം, ഒറ്റപ്പെട്ടുപോയതോ/ ഉപേക്ഷിക്കപ്പെട്ടതോ ആയ സ്ത്രീകളെ താൽക്കാലികമായി താമസിപ്പിക്കാനുള്ള ഷോർട്ട് സ്റ്റേ സൗകര്യം എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ മിത്ര കേന്ദ്രം. ആദ്യ വനിതാ മിത്ര കേന്ദ്രം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ നിർമ്മാണം പുരോഗമിച്ചുവരുന്നു. 2020-21-ൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ മറ്റ് ജില്ലകളിൽ വാടക കെട്ടിടങ്ങളിലും പദ്ധതി ആരംഭിക്കുന്നതിനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്.

(സി) അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത, സംരംഭകശേഷി, വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. <u>വനിതാ സംരംഭകർക്കുള്ള സംരംഭകത്വ വികസന പരിപാടി</u>

വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ബോധവത്ക്കരണ ക്ലാസ്സുകളും സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും തയ്യാറാക്കുകയും അത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നിലവിൽ വനിതകൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ദേശീയ കോർപ്പറേഷനുകൾ (മുന്നോക്ക/ന്യൂനപക്ഷ/പട്ടികജാതി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനെ തൊഴിലധിഷ്ഠിത പരിശീലനം നടത്തുന്നതിനുവേണ്ടി സാമ്പത്തികമായി സഹായിച്ചുവരുന്നു. തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കാത്ത വനിതകളെ കേന്ദ്രീകരിച്ച് തൊഴിലധിഷ്ഠിത പരിശീലനം നൽകുവാനും വനിതകളെ തൊഴിലെടുക്കുന്നതിന് പര്യാപ്തരാക്കുകയുമാണ് സംരംഭകത്വ വികസന പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി പ്രത്യേകം മൊഡ്യൂളുകൾ തയ്യാറാക്കി പദ്ധതി രൂപീകരിച്ചുവരുന്നു.

II. സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ (3.5% മുതൽ 6%) വായ്പാ സൗകര്യം

a) മുന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (കേരള സർക്കാരിന്റെ ധനസഹായത്തോടെ)

b) പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC-യുടെ ധനസഹായത്തോടെ) വിദ്യാഭ്യാസ വായ്പ

c) ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NMDFC-യുടെ ധനസഹായത്തോടെ)

1. സ്വയം തൊഴിൽ വായ്പാ പദ്ധതി

2. വിദ്യാഭ്യാസ വായ്പ

d) പട്ടികജാതി വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NSFDC-യുടെ ധനസഹായത്തോടെ)

1. സ്വയം തൊഴിൽ വായ്പാ പദ്ധതി

2. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വികസനത്തിനായി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) <u>പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH</u>

REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്) കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ സംരംഭമാണ്. നിലവിൽ തിരുവനന്തപുരത്തും കണ്ണൂരിലുമാണ് റീച്ച് പ്രവർത്തിച്ചുവരുന്നത്. പ്ലസ് ടു പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിൽ പരിശീലനം നൽകുകയും കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ അവസരം ലഭ്യമാക്കുകയും ചെയ്യുന്നു.

2) <u>വനമിത്ര-ആദിവാസി വനിതകൾക്കായുള്ള നൈപുണ്യ വികസനപദ്ധതി</u>

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ നാല് ആദിവാസി ഊരുകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് വനമിത്ര. പ്രസ്തുത പദ്ധതിയുടെ ഭാഗമായി KIED, ATDC മുതലായ തയ്യൽ പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം വനിതകൾക്ക് പരിശീലനം നൽകുകയും തുടർന്ന് പതിനെട്ട് വനിതകൾക്ക് നിത്യവരുമാനം

ലഭ്യമാകുംവിധം തയ്യൽ കേന്ദ്രം ചക്കിട്ടപ്പാറയിൽ സ്ഥാപിക്കുകയും ചെയ്തു. ഇതുകൂടാതെ പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിന്റെ സാമ്പത്തിക സഹായത്തോടെ 50 വനിതകൾക്ക് 2 കറവപ്പശുക്കൾ വീതം വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**ആയുധശേഖരത്തിന്റെയും വെടിക്കോപ്പുകളുടെയും പരിശോധന**

18 (*18) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി.കെ. ശശി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ഫെബ്രുവരിയിൽ തിരുവനന്തപുരം എ.ആർ. ക്യാമ്പിന് കൊടുത്ത് രസീത് വാങ്ങിയെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന 25 റൈഫിളുകളുമായി ബന്ധപ്പെട്ട് ചില നേതാക്കൾ ഉയർത്തിയ ദുരാരോപണങ്ങൾ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് നടത്തിയ പരിശോധനയെക്കുറിച്ച് അറിയിക്കാമോ;

(ബി) ആയുധ ശേഖരത്തിന്റെയും വെടിക്കോപ്പുകളുടെയും കണക്കുകളുടെ കൃത്യത ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇതുസംബന്ധിച്ച് ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തിവരുന്നു.

17-2-2020-ൽ അന്വേഷണ സംഘം എസ്.എ.പി. ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി.-ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല.

(ബി) ഉണ്ട്. കൃത്യമായ ഇടവേളയിൽ ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും എണ്ണം കൃത്യമായി തിട്ടപ്പെടുത്തി സൂക്ഷിക്കണമെന്നും ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും കൃത്യമായ സുരക്ഷയും പരിചരണവും ഉണ്ടാകണമെന്നും

അലക്ഷ്യമായി കൈകാര്യം ചെയ്യരുതെന്നും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിനായി നിരവധി നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്കിംഗ് സിസ്റ്റം (CCTNS) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.
2. നിലവിലെ അനലോഗ് ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾക്കു പകരം അത്യാധുനിക രീതിയിലുള്ള Digital Communication System തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.
3. ഫിംഗർ പ്രിന്റ് ബ്യൂറോ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
4. Cyber Crime Prevention Against Women and Children (CCPWC) Project സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.
5. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ഫലവത്താക്കുന്നതിന് ഫോറൻസിക് സയൻസ് ലാബുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നു.
6. കൊച്ചി സിറ്റി പോലീസ് കോംപ്ലക്സ് നിർമ്മിക്കുവാനായി 2020-21 ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
7. സ്ത്രീ സുരക്ഷ മുൻനിർത്തി എല്ലാ ജില്ലകളിലും പിങ്ക് കൺട്രോൾ റൂമും പിങ്ക് പട്രോൾ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

## ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളികൾ

19 (*19) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വർദ്ധിച്ചുവരുന്ന ചികിത്സാചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സമൂഹത്തിലെ ദരിദ്രവിഭാഗങ്ങൾക്കായി എന്തെല്ലാം സൗജന്യ ചികിത്സാ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ ആശുപത്രികളും രോഗീസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളിൽ ഉണ്ടായ വർദ്ധനവ്, വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ, മാനസിക ആരോഗ്യ പ്രശ്നങ്ങൾ, വാഹന അപകടങ്ങളെ തുടർന്നുവരുന്ന ആരോഗ്യപ്രശ്നങ്ങളും മരണങ്ങളും, ഉയർന്ന ചികിത്സാച്ചെലവ്, ഇടവിട്ടുണ്ടാകുന്ന പകർച്ചവ്യാധികൾ തുടങ്ങിയവ ആരോഗ്യരംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

കേരളത്തിന്റെ പൊതുജനാരോഗ്യരംഗത്ത് ഇപ്പോഴും പ്രധാന വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്നത് പകർച്ചേതര വ്യാധികളും പുതുതായി ആവിർഭവിക്കുന്നതും ഇപ്പോഴും നിലനിൽക്കുന്നതുമായ പ്രധാന പകർച്ചവ്യാധികളും അതുമൂലമുണ്ടാകുന്ന ഭാരിച്ച ചികിത്സാച്ചെലവുകളുമാണ്. കേരളത്തിന്റെ ഭൂപ്രകൃതിയും ജനസാന്ദ്രതയും ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായിട്ടുള്ള മാറ്റവും കാലാവസ്ഥാവ്യതിയാനവും അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും വർദ്ധിച്ചുവരുന്ന വ്യാപാര വ്യവസായ സംരംഭങ്ങളും ദേശീയ അന്തർദ്ദേശീയ യാത്രാ സൗകര്യങ്ങളും എല്ലാം പകർച്ച വ്യാധികൾ വർദ്ധിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നുണ്ട്.

കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനവും രോഗനിരീക്ഷണ സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായിട്ടാണ് നിപ, കോവിഡ്-2019 മുതലായ പുതിയ വൈറസ് രോഗങ്ങൾ കേരളത്തിൽ പ്രാരംഭ ദശയിൽത്തന്നെ കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പകർച്ചവ്യാധി പ്രതിരോധത്തിന് ശുദ്ധമായ കുടിവെള്ള ലഭ്യത, ഭക്ഷ്യശുചിത്വം, ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനം, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം, പൊതുജന പങ്കാളിത്തം എന്നിവ അനിവാര്യമാണ്. ആരോഗ്യ ജാഗ്രത എന്ന പേരിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ

ബന്ധപ്പെട്ട വകുപ്പുകളെയും ഏജൻസികളെയും സംയോജിപ്പിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് ഗ്രാമതലത്തിൽ വാർഡ് ഒന്നിന് 25,000 രൂപയും നഗരപ്രദേശത്ത് 35,000 രൂപയും അനുവദനീയമാണ്.

പ്രളയാനന്തര പകർച്ചവ്യാധികളായ കൊതുകുജന്യ രോഗങ്ങളും എലിപ്പനി മുതലായ ജന്തുജന്യരോഗങ്ങളും കേരളത്തിൽ വ്യാപകമാവുന്നത് ഒരു പ്രധാന വെല്ലുവിളിയാണ്. ഫെബ്രുവരി മുതൽ മേയ് വരെ അനുഭവപ്പെടുന്ന അത്യുഷ്ണംമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും വർദ്ധിച്ചുവരുന്നുണ്ട്. മുൻവർഷങ്ങളിൽ ഒന്നോ രണ്ടോ ജില്ലയിൽ മാത്രം ഉണ്ടാകുമായിരുന്ന സൂര്യതാപവും അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളും ഇപ്പോൾ എല്ലാ ജില്ലകളിലും വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇതുമൂലം ജീവഹാനിവരെ സംഭവിക്കുന്നുണ്ട്. കൂടാതെ ജലലഭ്യതക്കുറവും ഓരോ വർഷവും കൂടി വരുന്നതായിട്ടാണ് കാണുന്നത്. ഇതുമൂലം വയറിളക്കം, ഹെപ്പറ്റൈറ്റിസ് മുതലായ ജലജന്യരോഗങ്ങളും ഡെങ്കിപ്പനി, ചിക്കൻഗുനിയ പോലുള്ള കൊതുക് ജന്യരോഗങ്ങളും വർദ്ധിക്കുന്നു. വായുജന്യരോഗങ്ങളായ എച്ച്1 എൻ1, ചിക്കൻപോക്സ് മുതലായവയും പ്രധാന പ്രശ്നമായി നിലകൊള്ളുന്നു. ഭക്ഷ്യ വിഷബാധയും കേരളത്തിന്റെ പൊതുജനാരോഗ്യരംഗത്ത് ഒരു പ്രധാന വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്നു. പ്രാണിജന്യരോഗങ്ങളായ കുരങ്ങുപനി, സ്ക്രബ് ടൈഫസ്, കാലാ അൾസർ മുതലായവയും ഒരു പൊതുജനാരോഗ്യ പ്രശ്നമായി നിലനിൽക്കുന്നു.

ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം കോളറ, മലമ്പനി, മന്ത് മുതലായ നിയന്ത്രണ വിധേയമായിരുന്ന പല രോഗങ്ങളും വർദ്ധിക്കുന്നതിന് സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. പ്രധാന ആരോഗ്യപ്രശ്നങ്ങളായ ഭക്ഷ്യവിഷബാധ, ഡെങ്കിപ്പനി, ചിക്കൻഗുനിയ, എലിപ്പനി, എച്ച്1 എൻ1 മുതലായവ നഗര പ്രദേശങ്ങളിലാണ് താരതമ്യേന കൂടുതലായി കണ്ടുവരുന്നത്. കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയുടെ ആരോഗ്യ വിഭാഗം ജീവനക്കാരുടെ ഏകോപനത്തോടെയുള്ള പ്രവർത്തനം ഇത്തരം പ്രദേശങ്ങളിൽ അനിവാര്യമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ ഇത്തരം വെല്ലുവിളികളെ ഫലപ്രദമായി നേരിടുവാൻ നമുക്ക് സാധിക്കുകയുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, ഭക്ഷ്യസുരക്ഷാ വകുപ്പ് മുതലായവയുടെ ഏകോപനത്തോടെയുള്ള പ്രവർത്തനവും എല്ലാറ്റിനുമുപരി പൊതുജന പങ്കാളിത്തവും ഇത്തരം വെല്ലുവിളികളെ നേരിടുന്നതിന് അത്യന്താപേക്ഷിതമാണ്.

കേരളം പകർച്ചവ്യാധികളുടെയും ജീവിതശൈലീരോഗങ്ങളുടെയും ദ്വന്ദ്വവെല്ലുവിളികൾ ഒരേ സമയം നേരിടുന്ന ഒരു സംസ്ഥാനമാണ്. ആധുനികവത്ക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാഗമായി ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലോകാരോഗ്യസംഘടനയുടെ ഗ്ലോബൽ ബർഡൻ ഓഫ് ഡിസീസസ് റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ 60 ശതമാനത്തോളം മരണകാരണം ജീവിതശൈലീരോഗങ്ങളാണെന്നും ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മരണനിരക്കും രോഗാതുരതയും സാംക്രമികരോഗങ്ങൾ, മാതൃ-ശിശു രോഗങ്ങൾ എന്നിവകൊണ്ടുണ്ടാകുന്ന നിരക്കുകളേക്കാൾ കൂടുതലാണെന്നും പ്രതിപാദിക്കുന്നു.

അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസും സംസ്ഥാന ആരോഗ്യവകുപ്പും 2017-ൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മൂന്നിലൊരാൾക്ക് രക്താതിമർദ്ദവും അഞ്ചിലൊരാൾക്ക് പ്രമേഹവുമുണ്ടെന്ന് കണ്ടെത്തിയിരുന്നു. രോഗം സ്ഥിരീകരിച്ചവരിൽ രക്താതിമർദ്ദമുള്ള 13% പേരും പ്രമേഹമുള്ള 16% പേരും മാത്രമേ ചികിത്സയ്ക്കുശേഷം നിയന്ത്രണനിരക്കിൽ എത്തിച്ചേരുന്നുള്ളൂ. ഈ കുറഞ്ഞ നിയന്ത്രണനിരക്ക് ജീവിതശൈലീരോഗങ്ങളുടെ സങ്കീർണ്ണതകൾ കൂടി സംസ്ഥാനത്ത് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. വൃക്കരോഗങ്ങൾ, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, നേത്രപടലാന്ധത, ഡയബറ്റിക് ഫൂട്ട് അൾസറുകൾ തുടങ്ങിയ രോഗങ്ങൾ ജനങ്ങളുടെ ഇടയിൽ വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ രോഗങ്ങളുടെ നിർണ്ണയത്തിനും ചികിത്സയ്ക്കും സർക്കാരും ജനങ്ങളും ഭീമമായ തുകയാണ് പ്രതിവർഷം ചെലവഴിച്ചുവരുന്നത്.

ജീവിതശൈലീരോഗങ്ങളിലേക്ക് നയിക്കുന്ന കാരണഹേതുക്കളായ (Risk factors) മദ്യത്തിന്റെ ഉപഭോഗം, പുകയിലയുടെ ഉപയോഗം, അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, അമിതമായ ഉത്കണ്ഠ, മാനസിക പിരിമുറുക്കം എന്നിവ നിയന്ത്രിക്കുന്നതിൽ ഉണ്ടാകുന്ന പരാജയമാണ് ജീവിതശൈലീരോഗങ്ങളിലേക്ക് നയിക്കുന്നത്. ദേശീയ ശരാശരിയെക്കാൾ സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ഏറെയാണെന്നും പ്രതിവർഷം ക്യാൻസർ രോഗികളുടെ എണ്ണം 55000-ലേറെ റിപ്പോർട്ട് ചെയ്യുന്നതും അർബുദരോഗം സംസ്ഥാനത്ത് ഏൽപ്പിക്കുന്ന വെല്ലുവിളികളുടെ സൂചനകളാണ്.

ആരോഗ്യ രംഗം നേരിടുന്ന ഈ വെല്ലുവിളികൾ അതിജീവിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയിലൂടെ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ഈ പദ്ധതിയിലൂടെ പ്രമേഹം, രക്താദിമർദ്ദം തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ജില്ലാ ആശുപത്രികൾ മുതൽ കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ വരെ ജീവിതശൈലീരോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. വിദഗ്ദ്ധ സംഘം തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി പ്രാഥമിക ആരോഗ്യ കേന്ദ്രതലം വരെ നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയത്തോടൊപ്പം തന്നെ COPD നിർണ്ണയത്തിനുള്ള ശ്വാസ് പദ്ധതിയും നേത്രപടല അന്ധത കണ്ടെത്തുന്നതിനുള്ള നയനാമൃതം പദ്ധതിയും വിഷാദരോഗം കണ്ടെത്തുന്നതിനുള്ള ആശ്വാസം പദ്ധതിയും ഡയബറ്റിക് ഫുട്ട് ക്ലിനിക്കുകൾ എന്നിവകൂടി പ്രവർത്തിച്ചുവരുന്നു.

പ്രമേഹരോഗത്തിന്റെയും രക്താതിമർദ്ദത്തിന്റെയും നിയന്ത്രണനിരക്ക് കുറയുന്നത് ബോധ്യപ്പെട്ടതിനെ തുടർന്ന് India Hypertension Control Initiative എന്ന പദ്ധതി നാല് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും നിയന്ത്രണനിരക്ക് 40% വരെ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗം നേരത്തെ കണ്ടെത്തുന്നതിനും പ്രാരംഭദശയിൽ തന്നെ ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളെ സജ്ജമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ 24 ആശുപത്രികളിൽ ഡേകെയർ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുകയും 72000-ൽപ്പരം കീമോതെറാപ്പികൾ ഇതിനോടകം നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ പ്രകാരം ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും ക്യാൻസർരോഗ ചികിത്സാകേന്ദ്രങ്ങളെ കോർത്തിണക്കി ക്യാൻസർ ഗ്രിഡ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

അനാരോഗ്യകരമായ ഭക്ഷണരീതി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആർദ്രം ക്യാമ്പയിനിൽ ഉൾപ്പെടുത്തി ഫുഡ് സേഫ്റ്റി കമ്മീഷണറുടെ സഹായത്തോടുകൂടി ആരോഗ്യപരവും സുരക്ഷിതവുമായ ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഏറെ അപകടകാരികളായ ട്രാൻസ്ഫാറ്റ്, ഉപ്പ് എന്നിവ ഭക്ഷ്യ ഉൽപ്പന്നങ്ങളിലും ഗാർഹിക ഉപയോഗത്തിലും കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിന് ആയുഷ് വകുപ്പുമായി ചേർന്നുകൊണ്ട് യോഗ പ്രോട്ടോക്കോൾ തയ്യാറാക്കുകയും ആരോഗ്യ വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി എല്ലാ ജില്ലകളിലും ഓപ്പൺ ജിം ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പുകവലി, മദ്യപാനം എന്നിവ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ ബോധവൽക്കരണം ഊർജ്ജിതമാക്കുകയും COTPA പോലുള്ള നിയമനടപടികൾ ശാക്തീകരിക്കുന്നതിനും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

കാലാവസ്ഥാവ്യതിയാനങ്ങൾ കൊണ്ടുള്ള രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. പ്രകൃതിക്ഷോഭങ്ങളും പാരിസ്ഥിതിക ദുരന്തങ്ങളും ഫലപ്രദമായി നേരിടുന്നതിന് ദ്രുതകർമ്മസേനകളോടൊപ്പം ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടുകൂടി സംസ്ഥാന ആരോഗ്യ വകുപ്പ് അതിശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചത് ഓഖി ദുരന്തത്തിലും പ്രളയത്തിലും നാം വീക്ഷിച്ചതാണ്.

ഹൃദയാഘാതം, പക്ഷാഘാതം, വൃക്കരോഗങ്ങൾ തുടങ്ങിയ സങ്കീർണ്ണതകൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികൾ സജ്ജമാക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. കാത്ത് ലാബുകൾ, സ്ട്രോക്ക് യൂണിറ്റുകൾ, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ ആരോഗ്യ വകുപ്പിന്റെ പ്രധാന ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചതിനാൽ വയോജനങ്ങളുടെ എണ്ണത്തിൽ വന്ന വർദ്ധനവും അതിലൂടെ വർദ്ധിച്ചുവരുന്ന രോഗാതുരതയും കേരളം നേരിടാൻ പോകുന്ന ആരോഗ്യ പ്രശ്നങ്ങളിൽ ഒന്നാണ്. ഏകദേശം 16 ശതമാനത്തോളം മുതിർന്ന പൗരന്മാരുള്ള സംസ്ഥാനത്ത് സാമൂഹിക വിഷയങ്ങളായ ഏകാന്തത, വൈധവ്യം, വിഷാദം എന്നിവ കൂടി വർദ്ധിക്കുന്നതും തൊഴിൽപരമായും സാമ്പത്തികമായും പ്രതിസന്ധി നേരിടുന്നതും വയോജന ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇത് നേരിടുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും വയോജന സൗഹൃദങ്ങളായ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് നിലവിലുള്ള സാന്ത്വന ചികിത്സാ ശൃംഖല ശയ്യാവലംബരായ നിരവധി രോഗികൾക്ക് ആശ്വാസമേകുന്നു.

(ബി) കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി ആരോഗ്യകിരണം, ആർ.ബി.എസ്.കെ, ജെ.എസ്.എസ്.കെ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. രോഗപ്രതിരോധ വാക്സിനുകൾ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും

സൗജന്യമായി നൽകുന്നു. ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനായി പൊതുമേഖലാ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതികൾ, എൻ.എച്ച്.എം, തദ്ദേശഭരണ സ്ഥാപനങ്ങൾ എം.എൽ.എ/എം.പി, KIIFB, നബാർഡ് തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് ആരോഗ്യവകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും സർക്കാർ ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും ചെയ്തുവരികയാണ്.

നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായ 'ആർദ്രം മിഷൻ' മുഖേന ആരോഗ്യരംഗം രോഗീസൗഹാർദ്ദവും ജനസൗഹാർദ്ദവും ആക്കി ആധുനികവത്ക്കരിക്കാനുള്ള ചുവടെ പറയുന്ന പ്രവർത്തനങ്ങൾ പ്രത്യേകമായി നടത്തുന്നുണ്ട്:

1. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും സമഗ്ര ആരോഗ്യ പരിചരണം ഉറപ്പാക്കുന്ന രീതിയിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

2. മെഡിക്കൽ കോളേജുകൾ ജില്ല/താലൂക്കുതല ആശുപത്രികൾ എന്നിവയെ രോഗീസൗഹാർദ്ദമാക്കലും ജില്ല/താലൂക്കുതല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ വികസിപ്പിക്കുന്ന പ്രവർത്തനവും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്.

3. ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് കോറോണറി കെയർ സൗകര്യങ്ങൾ അടക്കമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങളും KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി സജ്ജീകരിച്ച് വരുന്നുണ്ട്.

ഡയാലിസിസ് യൂണിറ്റുകളും KIIFB പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തി സജ്ജീകരിച്ചുവരികയാണ്. MRI, CT സ്കാൻ, അൾട്രാസൗണ്ട് X-ray തുടങ്ങിയ ഉപകരണങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി ലഭ്യമാക്കിവരുന്നുണ്ട്. പൊതുജന ആരോഗ്യപ്രവർത്തനത്തിന്റെ ഭാഗമായി ജീവിതശൈലീരോഗ നിയന്ത്രണം, മാനസിക ആരോഗ്യ പരിചരണം, പാലിയേറ്റീവ് സേവനങ്ങൾ തുടങ്ങിയവ വിപുലപ്പെടുത്തുക വഴി ജനങ്ങളുടെ ചികിത്സാച്ചെലവുകൾ കുറയ്ക്കുവാൻ കഴിയുന്നുണ്ട്. ആയതിലേയ്ക്കായി SMAP, ആർ.ബി.എസ്.കെ, ആരോഗ്യകിരണം, KASP മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ജീവിതശൈലീരോഗങ്ങൾ ദീർഘസ്ഥായി രോഗങ്ങളായതിനാൽ വിലയേറിയ മരുന്നുകൾ ജീവിതകാലം മുഴുവൻ കഴിക്കേണ്ടി വരുന്നതിനാലും

സർക്കാരിനും ജനങ്ങൾക്കും വലിയ സാമ്പത്തിക ഭാരമാണ് അടിച്ചേൽപ്പിക്കുന്നത്. ഇത് ഒരു പരിധിവരെ ലഘൂകരിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

ജീവിതശൈലീരോഗങ്ങൾ പ്രാരംഭദിശയിൽ തന്നെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സംസ്ഥാനത്തെ ജില്ലാ ആശുപത്രികൾ മുതൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വരെ ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

നേത്രപടലാന്ധത, COPD തുടങ്ങിയ രോഗങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ തന്നെ നിർണ്ണയിക്കുന്നതിനാൽ ഇവയുടെ ചികിത്സയും മരുന്നും സൗജന്യമായി എല്ലാ വിഭാഗം ജനങ്ങൾക്കും നൽകിവരുന്നു.

ഡയാലിസിസ് കേന്ദ്രങ്ങൾ ആരോഗ്യ വകുപ്പിന് കീഴിലുള്ള 84 ആശുപത്രികളിൽ പ്രവർത്തിക്കുന്നത് ഡയാലിസിസ് രോഗികളുടെ സാമ്പത്തിക ഭാരം ഏറെക്കുറെ കുറയ്ക്കുവാൻ സഹായകരമാകുന്നു. ഇതിനോടൊപ്പം ആരോഗ്യ വകുപ്പ് ആരംഭിച്ച് പെരിടോണിയൽ ഡയാലിസിസ് പദ്ധതി ചികിത്സാച്ചെലവ് കുറയ്ക്കുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജില്ലാ ആശുപത്രികളിൽ ആരംഭിച്ച കാത്ത് ലാബുകൾ വഴി ഹൃദയാഘാതത്തിന് ചെലവിടേണ്ടി വരുന്ന തുകയിൽ വലിയ സൗജന്യം ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

പക്ഷാഘാത ക്ലിനിക്കുകൾ ജില്ലാ ആശുപത്രികളിൽ പ്രവർത്തനസജ്ജമായതോടെ ഏറെ ചെലവേറിയ ത്രോംബോലൈസിസ് ചികിത്സ സൗജന്യമായി നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ആരംഭിച്ച ക്യാൻസർ കെയർ പദ്ധതിയിലൂടെ 24 ആശുപത്രികളിൽ ഡേ കെയർ കീമോതെറാപ്പി ആരംഭിക്കുകയും 72000-ത്തോളം കീമോതെറാപ്പി നൽകുകയും ചെയ്തിട്ടുണ്ട്. ഇത് ജനങ്ങൾക്ക് റീജിയണൽ ക്യാൻസർ സെന്ററുകളെ അമിതമായി ആശ്രയിക്കുന്നതിൽ നിന്നും വലിയൊരളവുവരെ ആശ്വാസം ലഭിക്കുകയും സാമ്പത്തികമായും ശാരീരികമായും ഗുണകരമാകുകയും ചെയ്തിട്ടുണ്ട്.

ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ കേന്ദ്രങ്ങളെയും ആശുപത്രികളെയും രോഗീസൗഹൃദമാക്കുകയും മികച്ച സേവനങ്ങളും ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിച്ച് ശാക്തീകരിക്കുകയും ചെയ്തതോടെ സ്വകാര്യ മേഖലയിൽ നിന്ന് വലിയൊരു ശതമാനം ജനങ്ങൾ സർക്കാർ ആരോഗ്യ മേഖലയിലേക്ക് ആകൃഷ്ടരാവുകയും അതിലൂടെ out of pocket expenditure ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുമുണ്ട്.

(സി) ജനനി ശിശു സംരക്ഷാ കാര്യക്രമം (ജെ.എസ്.എസ്.കെ)

ജെ.എസ്.എസ്.കെ പദ്ധതി പ്രകാരം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.

ആർ.ബി.എസ്.കെ

ആർ.ബി.എസ്.കെ പദ്ധതി പ്രകാരം 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്കുള്ള ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും സേവനങ്ങളും തീർത്തും സൗജന്യമാക്കിയിരിക്കുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും ഇത്തരത്തിൽ കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചെലവേറിയ വിവിധ ചികിത്സാസേവനങ്ങൾ തികച്ചും സൗജന്യമാക്കി. നവജാത ശിശുക്കളിൽ ജന്മനാലുണ്ടാകുന്ന ജനിതകരോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്.

ജനനീ സുരക്ഷ യോജന (ജെ.എസ്.വൈ..)

പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന ധനസഹായം നൽകുന്നു.

| | | |
|---|---|---|
| ഗ്രാമ പ്രദേശങ്ങളിൽ | - | Rs. 700 |
| നഗര പ്രദേശങ്ങളിൽ | - | Rs.600 |
| ഇതുകൂടാതെ വീട്ടുകളിൽ നടക്കുന്ന പ്രസവത്തിന് | - | Rs.500 |

കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നും Society for Medical Assistance to Poor പദ്ധതി മുഖാന്തരം 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന രോഗികൾക്ക് ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി Rs.50000 വരെ ചികിത്സാസഹായം അനുവദിച്ചുവരുന്നു.

ഹൃദ്യം

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിന് പൂർണ്ണമായും സൗജന്യചികിത്സ ലഭ്യമാണ്. എന്നാൽ ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ് നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന

സർക്കാർ ദേശീയ ആരോഗ്യമിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

ആരോഗ്യ കിരണം

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യകിരണം. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

(ഡി) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 8 സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒ.പി വിഭാഗം രോഗീസൗഹാർദ്ദമാക്കാനായി തെരഞ്ഞെടുത്തിരുന്നു. ഇവയുടെ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. 17 ജില്ലാതല ആശുപത്രികളെ (14 ജില്ലകളിൽ ഓരോന്ന് വീതവും വയനാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ 2 വീതവും) രോഗീസൗഹാർദ്ദമാക്കാനായി തെരഞ്ഞെടുത്തതിൽ കൊല്ലം, തിരൂർ, കൽപ്പറ്റ എന്നിവയുടെ പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. മറ്റ് ആശുപത്രികളുടെ പണികൾ പുരോഗമിച്ചുവരുന്നു.

താലൂക്കുതല ആശുപത്രികൾ രോഗീസൗഹാർദ്ദമാക്കുന്നതിനായി 8 ആശുപത്രികൾക്ക് ഭരണാനുമതി നൽകി. ഇവയിൽ 5 എണ്ണത്തിന്റെ (പാമ്പാടി, കോതമംഗലം, ചാവക്കാട്, പൊന്നാനി, സുൽത്താൻ ബത്തേരി) പ്രവൃത്തികൾ പുരോഗമിക്കുന്നു. ഒന്നിന്റേത് (റാന്നി) സാങ്കേതിക അനുമതി നൽകുന്ന ഘട്ടത്തിലാണ്. മറ്റ് രണ്ട് ആശുപത്രികളിൽ (ചേർത്തല, ഫറോക്ക്) ഈ പ്രവൃത്തി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. മറ്റ് 18 താലൂക്ക് ആശുപത്രികളുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ 2020-21 ബഡ്ജറ്റിൽ 32 കോടി രൂപ ഈ കാര്യത്തിനായി വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കി മറ്റ് ആശുപത്രികളുടേത് അടുത്ത സാമ്പത്തിക വർഷത്തിൽ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗം രോഗീസൗഹാർദ്ദം ആക്കുന്നതിനായി ഇവിടങ്ങളിൽ കൂടുതൽ രജിസ്ട്രേഷൻ കൗണ്ടറുകൾ, സ്ഥലസൗകര്യങ്ങളോടുകൂടിയ കാത്തിരിപ്പ് മുറികൾ, ടോക്കൺ സംവിധാനങ്ങൾ, ഡിസ്പ്ലേ ബോർഡുകൾ, ആരോഗ്യ ബോധവൽക്കരണ സംവിധാനങ്ങൾ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, കുടിവെള്ള സൗകര്യം, ഭിന്നശേഷി, സ്ത്രീ സൗഹൃദ ടോയ്‌ലറ്റുകൾ, സ്വകാര്യതയോടുകൂടിയ പരിശോധനാമുറികൾ തുടങ്ങിയ സൗകര്യങ്ങൾ ക്രമീകരിച്ചുവരുന്നു.

## അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനുള്ള നടപടി

20 (*20) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി കഴിഞ്ഞ ആറ് മാസത്തിനിടയിൽ പാചക വാതക വിലയിൽ 50 ശതമാനത്തോളം വർദ്ധനവുണ്ടാകുകയും ദിനംപ്രതി പെട്രോൾ-ഡീസൽ വില വർദ്ധിപ്പിക്കുകയും ചെയ്യുന്നത് ദുസ്സഹമായ വിധം ജീവിത ചെലവ് വർദ്ധിക്കുന്നതിനും വിലക്കയറ്റത്തിനും ഇടയാക്കിയിട്ടുള്ളതിനാൽ അവശ്യ വസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) വർദ്ധിച്ച തോതിലുള്ള നാണ്യപ്പെരുപ്പത്തിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോല്പന്നങ്ങളുടെ വിലക്കയറ്റം തടയാനുള്ള പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം എത്രത്തോളം ഫലപ്രദമാകുന്നുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ഹോട്ടൽ ഭക്ഷണത്തെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നവർക്ക് താങ്ങാവുന്ന വിലയ്ക്ക് ആഹാരം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) നിരന്തരം ഉയരുന്ന ഇന്ധന വില, ചരക്ക് കൂലിയിലുണ്ടാവുന്ന വർദ്ധനവ്, കാലാവസ്ഥാ വ്യതിയാനംമൂലം ഉത്പാദന കേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നീ കാരണങ്ങളാൽ ചില അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ,

വിപണി ഇടപെടൽ സംവിധാനം മുഖേന മാത്രമേ വില വർദ്ധനവ് നിയന്ത്രണാധീനമാക്കുവാൻ കഴിയുകയുള്ളൂ. സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ, ഗൃഹോപകരണ വില്പന എന്നീ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് വിപണി ഇടപെടൽ സംവിധാനം കാര്യക്ഷമമായി സപ്ലൈകോ മുഖേന നടന്നുവരുന്നു.

(ബി) പൊതുവിപണിയിലെ ഭക്ഷ്യസാധനങ്ങളുടെ വില മുൻവർഷത്തെ വിലയുമായി താരതമ്യം ചെയ്ത് വിലക്കയറ്റം തടയാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാരിലേക്ക് ഉപദേശം നൽകുക തുടങ്ങിയവയാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ. സമീപകാലത്തുണ്ടായ ഭക്ഷ്യോല്പന്നങ്ങളുടെ വിലക്കയറ്റം തടയുന്നതിന് പ്രൈസ് മോണിറ്ററിംഗ് സെൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സവാളയുടെ അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിനായി കേന്ദ്ര ഗവൺമെന്റ് അയച്ച കത്തുപ്രകാരം സപ്ലൈകോ, ഹോർട്ടികോർപ് എന്നീ ഏജൻസികളിൽ നിന്ന് സവാളയുടെ ആവശ്യകതയുടെ അളവ് ശേഖരിച്ചു. ഇറക്കുമതി ചെയ്യുന്ന സവാള, ടി ഏജൻസികൾ മുഖേന വിതരണം ചെയ്യുന്നതാണെന്ന വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു.

2. ഉള്ളി, പയർ, വെളുത്തുള്ളി എന്നിവയുടെ വിലയിൽ പെട്ടെന്നുണ്ടായ വർദ്ധനവ് തടയുന്നതിനായി കൺസ്യൂമർ ഫെഡ്, സപ്ലൈകോ തുടങ്ങിയ സ്ഥാപനങ്ങൾ നാഫെഡുമായി ബന്ധപ്പെട്ട് സെന്റർ പൂളിൽ നിന്നും കൂടുതൽ സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ശബരിമല സീസൺ സമയത്തും അല്ലാതെയുള്ള സമയത്തും തേങ്ങയുടെയും പച്ചക്കറിയുടെയും പഴവർഗ്ഗങ്ങളുടെയും വില നിയന്ത്രിക്കുവാനും ഒരേ സമയത്ത് ഒരേ സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വ്യത്യാസം നിയന്ത്രിക്കുന്നതിന് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ, ഫുഡ് ഇൻസ്പെക്ടർമാർ തുടങ്ങിയവർ സംയുക്തമായി പരിശോധന നടത്തുന്നതിനും വിലവിവരം പ്രദർശിപ്പിക്കാത്ത

സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇപ്രകാരം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയരുമ്പോൾ വില നിലവാരം കൃത്യമായി നിരീക്ഷിക്കുകയും വില നിയന്ത്രിക്കാൻ വേണ്ട നടപടി പ്രൈസ് മോണിറ്ററിംഗ് സെൽ യഥാസമയം സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുന്നതിനായി സംസ്ഥാന സർക്കാർ 2017-18-ൽ "വിശപ്പുരഹിത കേരളം - സുഭിക്ഷ" പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഒരു നേരത്തെ ഭക്ഷണത്തിന് 20 രൂപ നിരക്കിൽ ആദ്യമായി ആലപ്പുഴ ജില്ലയിലും തുടർന്ന് കോട്ടയം, തൃശ്ശൂർ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ പദ്ധതി ആരംഭിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളതും പദ്ധതി നടപ്പിൽ വരുത്തുന്ന നടപടികൾ അവസാനഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്.

## എയിംസ് അനുവദിക്കാത്ത കേന്ദ്ര നടപടി

21 (*21) <u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ, കോവിഡ് തുടങ്ങിയ മാരക പകർച്ച വ്യാധികളെപ്പോലും ഫലപ്രദമായി നേരിടാൻ കരുത്താർജ്ജിച്ച സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ അത്യാധുനിക ചികിത്സാ സംവിധാനവും ഗവേഷണ രംഗവും ലോകോത്തരമാക്കാൻ ഏറെ സഹായകരമാകും വിധം ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കാമെന്ന കേന്ദ്ര സർക്കാരിന്റെ വാഗ്ദാനം ഇത്തവണയും പാലിക്കാത്തതിനാൽ അതിനായി പ്രത്യേക സമ്മർദ്ദം ചെലുത്താൻ നടപടിയുണ്ടാകുമോ;

(ബി) എയിംസിനായി ഭൂമി കണ്ടെത്തി അതിന്റെ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് നൽകിയിരുന്നോ;

(സി) സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്കുയർത്തുന്നതിനും കോന്നി, വയനാട് എന്നീ പുതിയ മെഡിക്കൽ

കോളേജുകൾ ആരംഭിക്കുന്നതിനും ഇടുക്കി മെഡിക്കൽ കോളേജിൽ പര്യാപ്തമായ സൗകര്യം ഏർപ്പെടുത്തുന്നതിനും നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടംഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടുവരികയാണ്.

(ബി) നൽകിയിരുന്നു.

(സി) വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## സിംസ് പദ്ധതിയുടെ കരാർ

22 (*22) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസും കെൽട്രോണും സംയുക്തമായി നടത്തുന്ന സിംസ് (സി.ഐ.എം.എസ്) പദ്ധതിയുടെ കരാർ നൽകിയിരിക്കുന്ന ഗാലക്സോൺ എന്ന സ്വകാര്യ കമ്പനിക്ക് പ്രസ്തുത പദ്ധതി നടത്താൻ മതിയായ യോഗ്യതകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെണ്ടർ നിബന്ധനകളിൽ നിഷ്കർഷിച്ച പ്രകാരം സമാന പദ്ധതി നടത്തിപ്പിൽ ചുരുങ്ങിയത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം പ്രസ്തുത കമ്പനിക്ക് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസിന്റെ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതും പോലീസ് ആസ്ഥാനത്ത് പ്രവേശനം അനുവദിക്കപ്പെടുകയും ചെയ്ത ഒരു കമ്പനിയുടെ വിശ്വാസ്യത പോലീസ് ഉറപ്പുവരുത്തേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കമ്പനി ആരുടെയെങ്കിലും ബിനാമി കമ്പനിയോണോയെന്ന് പോലീസ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സിംസ് പദ്ധതിയുടെ ടെക്നോളജി ഇംപ്ലിമെന്റേഷൻ പാർട്ണറായി ടെണ്ടർ മുഖേനയാണ് ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന വോസ്റ്റോക്ക് കമ്പനിയുടെ അസോസിയേറ്റ് കമ്പനിയായ ഗാലക്സോൺ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ കെൽട്രോൺ തെരഞ്ഞെടുത്തത്. ദുബായ് പോലീസിനുവേണ്ടി സമാനമായ പദ്ധതി വോസ്റ്റോക് കമ്പനി വിജയകരമായി നടപ്പിലാക്കിയതിന്റെ സാക്ഷ്യപത്രം ഇ-ടെണ്ടർ സമയത്ത് ഗാലക്സോൺ കെൽട്രോണിന് സമർപ്പിച്ചിരുന്നു. രണ്ട് കമ്പനികളുടെയും പ്രവൃത്തിപരിചയം മൊത്തത്തിൽ പരിഗണിച്ചാണ് ടെണ്ടറിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ഗാലക്സോൺ കമ്പനിയെ കെൽട്രോൺ തെരഞ്ഞെടുത്തത്.

(ബി) ടെണ്ടർ നിബന്ധനകളിൽ നിഷ്കർഷിച്ച പ്രകാരം ഗാലക്സോണിന്റെ പങ്കാളി കമ്പനിയായ വോസ്റ്റോക് കമ്പനിക്ക് മൂന്ന് വർഷത്തിൽ കൂടുതൽ പ്രവൃത്തിപരിചയം ഉണ്ട്.

(സി) CIMS പദ്ധതിയുടെ Implementing Partner കെൽട്രോൺ ആണ്. CIMS പദ്ധതിയുടെ ടെക്നോളജി പാർട്ണർ കമ്പനിയായ M/s. Galaxon International Pvt. Ltd-ന്റെ വിശ്വാസ്യതയെ സംബന്ധിച്ച് പരാതികളൊന്നും പോലീസ് വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഡി) ഇല്ല. അത്തരത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**വയോജനങ്ങൾക്കുള്ള ആരോഗ്യ പരിരക്ഷാ പദ്ധതികൾ**

23 (*23) ശ്രീ. എം. നൗഷാദ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ആരോഗ്യ പരിരക്ഷയും പിന്തുണയും നൽകുന്നതിന് അതതു പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനവുമായി ചേർന്ന് വയോമിത്രം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി വാർഡ് തലത്തിൽ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിന് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) മുതിർന്നവർക്ക് ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിനായി ആയുർമിത്രം എന്ന പേരിൽ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്ക് ആരോഗ്യ പരിരക്ഷയും മാനസിക ഉല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2011-ൽ "വയോമിത്രം" പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം, കോർപ്പറേഷനുകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ 85 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും ഉൾപ്പെടെ സംസ്ഥാനത്തെ 91 നഗരസഭാ പ്രദേശത്തും 3 റൂറൽ ബ്ലോക്കിലും വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. വയോജനങ്ങളുടെ ആരോഗ്യപരിരക്ഷയ്ക്കുവേണ്ടി ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 1 മുതൽ 2 വരെ വാർഡുകൾ കേന്ദ്രീകരിച്ച് പൊതുസ്ഥലങ്ങളിൽ (അങ്കണവാടികൾ, ലൈബ്രറികൾ മുതലായവ) വയോജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവർ അടങ്ങുന്ന ടീം ഇവർക്ക് ആവശ്യമായ മരുന്നുകൾ സഹിതം മുൻകൂർ നിശ്ചയിച്ച പ്രസ്തുത ക്യാമ്പുകളിൽ എത്തുകയും അവരെ പരിശോധിച്ച് വേണ്ട വൈദ്യസഹായം നൽകുകയും ചെയ്തുവരുന്നു.

(സി) കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതിലേയ്ക്കുവേണ്ടി വയോമിത്രത്തിനുകീഴിൽ ഒരു സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവർ അടങ്ങുന്ന ടീം നിലവിൽ പത്തനംതിട്ട, തൊടുപുഴ, കല്പറ്റ നഗരസഭകളിൽ പ്രവർത്തിച്ചുവരുന്നു. ഇവർ നഗരസഭയ്ക്കുകീഴിൽ സാന്ത്വന പരിചരണം ആവശ്യമുള്ളവർക്ക് വേണ്ട സേവനം സമയബന്ധിതമായി എത്തിച്ചുനൽകുന്നു.

(ഡി) ആയുർമിത്രം പദ്ധതി ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## സഞ്ചരിക്കുന്ന റേഷൻ കടകൾ

24 (*24) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കും ഒറ്റപ്പെട്ട തുരുത്തുകളിൽ കഴിയുന്നവർക്കും റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയത് ഏതൊക്കെ മേഖലകളിൽ ആരംഭിക്കുമെന്നറിയിക്കാമോ;

(സി) ആദിവാസി ഊരുകളിൽ എല്ലാ മാസവും സഞ്ചരിക്കുന്ന റേഷൻ കട എത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതലയും നിർവ്വഹണവും സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ-ഡി) ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട". പ്രസ്തുത പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു. ടി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ, ചാലക്കുടി താലൂക്കുകളിലെ ആദിവാസി ഊരുകളിലും പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ അട്ടത്തോട്, ചാലക്കയം, വേലംപുറവ്, ഒഴിക്കല്ല്, കാട്ടാത്തി, കോട്ടാംപാറ എന്നീ കോളനികളിലും റേഷൻ വിതരണം നടത്തിവരുന്നു. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ വാരിയം, തേര, ഉറിയംപെട്ടി, വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ഭ്രദാനം, മാനന്തവാടി താലൂക്കിലെ ചുരുളി കോളനികളിലും സഞ്ചരിക്കുന്ന റേഷൻ കട ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ ആനവായ് എന്ന ആദിവാസി ഊരിലും ഇടുക്കി ജില്ലയിലെ പതിപ്പള്ളി, മേമുടം, കപ്പക്കാനം, ഉറുമ്പുള്ള് എന്നീ ആദിവാസി മേഖലകളിലും ടി പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കോട്ടൂർ, മണ്ണാംകോണം എന്ന സ്ഥലത്ത് 27-2-2020-ന് ടി പദ്ധതി ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. ഇപ്രകാരം സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി ഊരുകളിൽ റേഷൻ വിതരണം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

കൂടാതെ റോഡ്, റെയിൽവേ, തോട്, പുറമ്പോക്കുകളിൽ ഷെഡ് കെട്ടി താമസിക്കുന്നവർക്ക് വീട്ടുനമ്പർ ഇല്ലെങ്കിൽപോലും റേഷൻ കാർഡ് അനുവദിച്ച് റേഷൻ വിതരണം ചെയ്തുവരുന്നു.

'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി പ്രകാരം 2019 ഡിസംബർ മാസം മുതൽ, ഒരു ദിവസം, തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളിൽ നിന്ന് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ഒരു മാസത്തെ ഭക്ഷ്യധാന്യങ്ങൾ കോളനികളിൽ എത്തിച്ച് വിതരണം നടത്തിവരുന്നുണ്ട്.

എല്ലാ താലൂക്കുകളിലും അതാത് താലൂക്ക് സപ്ലൈ ആഫീസർമാരുടെ ചുമതലയിലാണ് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി നടപ്പിൽ വരുത്തുന്നത്. ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ റേഷൻ കടകളിൽ നിന്നും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നു. പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിന്റെ വാഹനമാണ് റേഷൻ വിതരണത്തിന് ഉപയോഗിക്കുന്നത്.

## സംസ്ഥാനത്തെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

25 (*25) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രകൃതി ദുരന്തങ്ങളിൽ നിന്നും കരകയറുന്നതിനായി നടത്തി വരുന്ന പുനർനിർമ്മാണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പുനർനിർമ്മാണ പ്രക്രിയയിൽ ഏതെല്ലാം മേഖലകളിൽ ഉള്ള വിദഗ്ധരുടെ അഭിപ്രായങ്ങളാണ് ആരാഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ദുരന്ത പ്രതിരോധ ശേഷിയുള്ള കേരളം സൃഷ്ടിക്കുന്നതിനുള്ള സംരംഭങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനായി 'ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീബിൽഡ് പ്രോജക്ട്' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖയായി കേരള പുനർനിർമ്മാണ വികസന പദ്ധതി (Rebuild Kerala Development Programme, RKDP) രൂപപ്പെടുത്തുകയും ഇതിന് സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. RKDP-യിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളായ ഭൂവിനിയോഗം, സംയോജിത ജലവിഭവ പരിപാലനം, ജീവനോപാധി, ഗതാഗതം, മത്സ്യബന്ധനം, വനം, ജലവിതരണം, മൃഗസംരക്ഷണവും ക്ഷീര വികസനവും, നഗരവികസനം, റോഡുകളും പാലങ്ങളും, കൃഷി തുടങ്ങിയ മേഖലകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി സെക്ടറൽ മീറ്റിംഗുകൾ നടത്തുകയും അഭിപ്രായം സ്വരൂപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 'നമ്മൾ നമുക്കായി' എന്ന പേരിൽ ആർ.കെ.ഐ-യുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജനകീയാസൂത്രണ മാതൃകയിലുള്ള ജനകീയ ക്യാമ്പയിൻ സമൂഹത്തിലെ സമസ്ത മേഖലകളിലെയും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നു. ആർ.കെ.ഐ-യുടെ കീഴിൽ, അതിജീവനക്ഷമത ഉറപ്പാക്കുന്നതിലേക്കാവശ്യമായ നയസമീപനങ്ങളും തിരുത്തലുകളും കണ്ടെത്തുന്നതിനുള്ള ജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ക്യാമ്പയിൻ, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രാദേശികവും സമൂഹാധിഷ്ഠിതവുമായ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ എന്നിവയാണ് 'നമ്മൾ നമുക്കായി' ക്യാമ്പയിന്റെ രണ്ട് ഘടകങ്ങൾ. പൊതുജനങ്ങളിൽ നിന്നും വിദഗ്ദ്ധരിൽ നിന്നും സ്വീകരിക്കുന്ന നിർദ്ദേശങ്ങൾ നവകേരള സൃഷ്ടിക്കായി ഉപയോഗപ്പെടുത്താനാകുമെന്ന് കരുതുന്നു.

(ബി) റീ-ബിൽഡ് കേരള പദ്ധതി ഊന്നൽ നൽകുന്ന സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

(സി) കനത്ത മഴയുടെ കാരണങ്ങളും അവയെ തുടർന്നുള്ള വെള്ളപ്പൊക്കം/മണ്ണിടിച്ചിൽ തുടങ്ങിയവയും പരിശോധിക്കുന്നതിനും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കേണ്ട ഉചിതമായ നയപ്രതികരണങ്ങൾ ശിപാർശ ചെയ്യുന്നതിനുമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക കൗൺസിൽ

എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ചെയർമാനായ 15 അംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് (22-8-2019-ലെ സ.ഉ.(സാധാ) നമ്പർ 42/2019/S&TD പ്രകാരം). ദുരന്തങ്ങൾ കൃത്യമായി പ്രവചിക്കാനുള്ള ശേഷിയും സാധ്യതയും മാറി വരുന്ന ഭൂവിനിയോഗം ദുരന്തസാധ്യതയിൽ വഹിക്കുന്ന പങ്കും സമിതി പഠിക്കുന്നതാണ്.

കൂടാതെ ഉരുൾപൊട്ടൽ സാധ്യതാ മേഖലകളിൽ വീടുനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി പഠിക്കുന്നതിനുള്ള ഒരു വിദഗ്ദ്ധ സമിതിയും രൂപീകരിച്ചിട്ടുണ്ട് (30-11-2018-ലെ സ.ഉ.(സാധാ) നമ്പർ 644/2018/DMD പ്രകാരം).

(ഡി) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്നതും 14 ജില്ലകളിലെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഉൾപ്പെടുത്താത്തതും പുനർനിർമ്മിക്കേണ്ടതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് " മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (Chief Minister's Local Roads Rebuild Project)" എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 961.264 കോടി രൂപ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (CMRDF) നിന്നും അനുവദിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**മാനസികാരോഗ്യരംഗത്തെ ഇടപെടലുകൾ**

26 (*26) <u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക കാലത്തെ വെല്ലുവിളികൾ നേരിടുന്നതിന് പര്യാപ്തമായ നിലയിൽ ജനങ്ങളുടെ മാനസികാരോഗ്യ നില മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ മേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടും ജനങ്ങളുടെ മാനസികാരോഗ്യ നിലയിൽ ഇടിവ് ഉണ്ടായിക്കൊണ്ടിരിക്കുന്നതും കൂട്ട ആത്മഹത്യകൾ പെരുകുന്നതും സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആരോഗ്യരംഗത്തും ഐ.റ്റി. മേഖലയിലും ഉള്ള ജീവനക്കാർ ജോലിയുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ജീവിത പ്രതിസന്ധികളെ നേരിടുന്നതിന് പര്യാപ്തമായ നിലയിലുള്ള ബോധവൽക്കരണ ക്ലാസ്സുകളും കൗൺസിലിംഗുകളും സ്കൂൾ/കോളേജ് തലത്തിലുള്ള കുട്ടികൾക്ക് നൽകുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേരള ജനതയ്ക്ക് കഴിഞ്ഞ കുറച്ചുവർഷങ്ങളിൽ ഓഖി, പ്രളയം, നിപ, കൊറോണ എന്നീ വിപത്തുകൾ വന്നപ്പോൾ മാനസികാരോഗ്യ സംരക്ഷണത്തിനായി നൽകപ്പെട്ട പ്രവർത്തനങ്ങൾ മാതൃകാപരമാണ്. 2017 നവംബറിൽ ഓഖി ദുരന്തം ഉണ്ടായപ്പോൾ ദുരന്തബാധിതരായവർക്കും കുടുംബാംഗങ്ങൾക്കും മാനസിക പിന്തുണ നൽകുന്നതിനുവേണ്ടി DMHP, DISA ടീമുകൾ നടപടി സ്വീകരിച്ചു. മാത്രമല്ല, മെഡിക്കൽ ക്യാമ്പുകളിൽ ദുരന്തബാധിതർ തുടർന്ന കാലയളവിൽ മുഴുവൻ മാനസികാരോഗ്യ പിന്തുണ നൽകുന്നതിനായി ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഒരു പ്രത്യേക ടീം പ്രവർത്തിക്കുകയും ചെയ്തു.

2018-ൽ നിപ വൈറസ് ബാധയുടെ സമയത്ത് രോഗബാധിതരുടെ കുടുംബാംഗങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും ജില്ലാ മാനസികാരോഗ്യ പദ്ധതിയിലൂടെ ദുരന്തത്തെ നേരിടാനുള്ള മാനസിക പിന്തുണ നൽകുകയുണ്ടായി. അന്ന് 147 പേർക്ക് ടെലഫോണിക്ക് കൗൺസിലിംഗ് നൽകുകയുണ്ടായി.

2018-ലും 2019-ലും സംഭവിച്ച പ്രളയക്കെടുതികൾ അനുഭവിക്കേണ്ടി വന്നവർക്കായി "പരിരക്ഷ പദ്ധതി" എന്ന പേരിൽ ജില്ലാ മാനസികാരോഗ്യ പദ്ധതി വഴിയും "പരിരക്ഷ" കൗൺസിലർമാർ വഴിയും ദുരിതാശ്വാസ ക്യാമ്പുകളിലും തുടർന്നും മാനസികാരോഗ്യ പിന്തുണ നൽകിയിട്ടുണ്ട്. അതിനായി രൂപീകരിച്ച മാനസികാരോഗ്യ പിന്തുണ ടീം, പത്ത് ജില്ലകളിലായി 384 പരിശീലന പരിപാടികൾ നടത്തി. 17643 പേരെ (ആശമാരുൾപ്പെടെ) പരിശീലിപ്പിക്കുകയും അവർ വഴി 130999 വീടുകൾ സന്ദർശിക്കുകയും 212797 ആളുകൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്തു. 2019 പ്രളയ കാലഘട്ടങ്ങളിൽ 743 ക്യാമ്പ് വിസിറ്റുകളും 1191 ഭവന സന്ദർശനങ്ങളും ഇതുവഴി 42493 പേർക്ക് ഗ്രൂപ്പ് തെറാപ്പിയും 10698 പേർക്ക് സൈക്കോ സോഷ്യൽ ഇന്റർവെൻഷനും നൽകുകയുണ്ടായി.

കേരളത്തിൽ കൊറോണ വൈറസ് ബാധയുടെ മൂന്ന് കേസ്സുകൾ സ്ഥിരീകരിച്ച സാഹചര്യത്തിൽ വീടുകളിലും ആശുപത്രികളിലും നിരീക്ഷണത്തിൽ കഴിഞ്ഞവർക്ക് മാനസിക പിന്തുണ പ്രദാനം ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്തൊട്ടാകെ 215 അംഗങ്ങളെ വിവിധ ജില്ലകളിലായി വിന്യസിക്കുകയും 25-2-2020 വരെ 3646 ടെലഫോണിക് കൗൺസിലിംഗ് നൽകുകയുമുണ്ടായി.

കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ആശ്വാസം ക്ലിനിക്കുകൾ വഴി വിഷാദ രോഗം ബാധിച്ചവരെ തുടക്കത്തിലെ കണ്ടെത്തുകയും അവർക്ക് ചികിത്സ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

"നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം" എന്ന മുദ്രാവാക്യത്തോടെ ആരംഭിച്ചിട്ടുള്ള ആർദ്രം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജനങ്ങളുടെ മാനസികാരോഗ്യ പരിപോഷണത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ജനങ്ങളുടെ ഇടയിൽ ആത്മഹത്യാ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി 2017 ഏപ്രിൽ മുതൽ "ആശ്വാസം" പദ്ധതി നടപ്പിലാക്കി വരുന്നു. PHQ 9 എന്ന ചോദ്യാവലി ഉപയോഗിച്ച് സമൂഹത്തിൽ വിഷാദരോഗമുള്ളവര കണ്ടെത്തുവാനും മാസികാരോഗ്യ പ്രഥമശുശ്രൂഷ നൽകുവാനുള്ള പരിശീലനം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് വർക്കർമാർക്കും നഴ്സുമാർക്കും നൽകുകയുണ്ടായി. വിഷാദരോഗ നിർണ്ണയം, ചികിത്സ എന്നിവയ്ക്കുള്ള പരിശീലനം ഡോക്ടർമാർക്കും നൽകകയുണ്ടായി. ജില്ലാ മാനസികാരോഗ്യ പരിപാടിയിലേയ്ക്ക് രോഗികളെ റഫർ ചെയ്യുവാനുള്ള സംവിധാനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ ആത്മഹത്യാ പ്രതിരോധ പരിപാടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിൽ "കമ്മ്യൂണിറ്റി ഗേറ്റ് കീപ്പേഴ്സ്"ന് (പ്രശ്നങ്ങൾ/വിഷമങ്ങൾ ഉള്ളവരുമായി കൂടുതൽ ഇടപഴകുന്ന ആരോഗ്യപ്രവർത്തകർ/പോലീസ്/മതനേതാക്കൾ തുടങ്ങിയവർ) സംസ്ഥാനത്തൊട്ടാകെ പരിശീലനം സംഘടിപ്പിച്ചുവരുന്നു. ഇതിൽ ആത്മഹത്യയുടെ "Warning Signs, Risk Factors" തുടങ്ങിയവയും പ്രതിരോധ മാർഗ്ഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ജോലിസ്ഥലത്തെ മാനസിക സമ്മർദ്ദം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി "work place stress management programme" സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇത് സംഘടിത-അസംഘടിത തൊഴിൽ മേഖലകളിൽ നൽകിവരുന്നു. മാനസിക സമ്മർദ്ദത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ്, സ്ക്രീനിംഗ് എന്നിവയും സ്ക്രീനിംഗിൽ പോസിറ്റീവ് ആകുന്നവർക്കുള്ള വിവിധ ഇടപെടലുകൾ (Relaxation Exercise, Counselling) എന്നിവയും ഈ പരിപാടിയുടെ ഭാഗമായി നടത്തിവരുന്നു.

(ഡി) ലോകാരോഗ്യ സംഘടനയുടെ അഭിപ്രായപ്രകാരം ജീവിത പ്രതിസന്ധികൾ നേരിടുവാൻ life skill education ആണ് ഉത്തമമായിട്ടുള്ളത്. ഇത് പാഠ്യപദ്ധതിയുടെ ഭാഗമായിത്തന്നെ സ്കൂളുകളിൽ നൽകിവരുന്നു. ഇതിനുപുറമേ മാനസിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന കുട്ടികൾക്ക് കൗൺസിലറുടെ സേവനവും ഐ.സി.ഡി.എസ്-ന്റെ കീഴിൽ സ്കൂളുകളിൽ ലഭ്യമാണ്. വിദഗ്ദ്ധ ഇടപെടലുകൾ ആവശ്യമായ കുട്ടികളെ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്ത് സഹായം ലഭ്യമാക്കുന്നു.

## സി. & എ.ജി. റിപ്പോർട്ടിലെ കണ്ടെത്തലുകൾ

27 (*27) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഒക്ടോബർ 16-ന് സി. & എ.ജി. നടത്തിയ ഓഡിറ്റിൽ 25 ഇൻസാസ് റൈഫിളുകൾ കാണാനില്ലെന്ന ഗുരുതരമായ കണ്ടെത്തലുകൾ അടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) വെടിക്കോപ്പുകളിൽ വന്ന കുറവിനെ വളരെ ഗൗരവതരമായി കാണുന്നുവെന്നും ക്രൈംബ്രാഞ്ച് വഴി പ്രാഥമിക അന്വേഷണം 2019 മാർച്ചിൽ ആരംഭിച്ചുവെന്നും സർക്കാർ സി. & എ.ജി-ക്ക് നൽകിയ മറുപടിയിൽ പറഞ്ഞിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) സി. & എ.ജി. ഓഡിറ്റ് റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ ആഭ്യന്തര സെക്രട്ടറി അടക്കമുള്ളവർ അംഗീകരിച്ചുവെന്ന സി. & എ.ജി. റിപ്പോർട്ടിലെ പരാമർശം വാസ്തവമാണോയെന്ന് അറിയിക്കാമോ;

(ഇ) ഒന്നര വർഷം മുൻപ് സി. & എ.ജി. സർക്കാരിന്റെ മുൻപിൽ വെടിക്കോപ്പുകൾ കാണാനില്ല എന്ന വസ്തുത ഉന്നയിച്ച ശേഷം ഇതിൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ്

കണ്ടതിനെക്കുറിച്ചും " 2015 സെപ്റ്റംബറിൽ രൂപീകൃതമായ ഒരു അന്വേഷണ ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും സെൽഫ് ലോഡിംഗ് റൈഫിളുകൾക്കുള്ള വെടിയുണ്ടകൾ നേരത്തെ കുറവുവന്ന വിവരം മൂടിവയ്ക്കാനുള്ള ശ്രമവും" സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2013-2018 കാലയളവിലെ റിപ്പോർട്ടിൽ പരാമർശമുണ്ട്.

(ബി) ഓഡിറ്റ് സംബന്ധമായി സി. & എ.ജി. നടത്തിയ എക്സിറ്റ് കോൺഫറൻസിന് മുന്നോടിയായി സർക്കാർ നൽകിയ റിപ്പോർട്ടിൽ കേസ് രജിസ്റ്റർ ചെയ്തതായും ക്രൈം ബ്രാഞ്ചിന് കൈമാറും എന്നും അറിയിച്ചിരുന്നു.

(സി) ഇതുസംബന്ധിച്ച് ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തിവരുന്നു.

17-2-2020-ൽ അന്വേഷണസംഘം എസ്.എ.പി. ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി-ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ. ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല.

വെടിയുണ്ടകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച അന്വേഷണം കാര്യക്ഷമമായി തുടർന്നുവരുന്നു. ഡ്രിൽ കാട്രിഡ്ജുകൾ കാണാനില്ലാത്തതിനുപകരം ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചതിന് ഉത്തരവാദിയായ എസ്.എ.പി. ബറ്റാലിയനിൽ 7/2013 മുതൽ 1/2015 വരെ ക്വാർട്ടർ മാസ്റ്റർ ഹവീൽദാറായിരുന്ന ഉദ്യോഗസ്ഥനെ 26-2-2020-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ ഉൾപ്പെടെ 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടന്നുവരികയാണ്.

(ഡി) നിലവിൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഇ) ഇതുസംബന്ധിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 763/2019 (u/s 403, 409, 420, 424, 468, 479) പ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും തുടർന്ന് ക്രൈം നമ്പർ 399/സി.ബി/തിരു/ആർ/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക അന്വേഷണസംഘം അന്വേഷണം നടത്തിവരുന്നതും ടി കേസ്സിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. കേസ്സിൽ ക്രൈംബ്രാഞ്ച് അന്വേഷണം തുടർന്നുവരുന്നു.

ഇതിനുപുറമേ എസ്.എ.പി. ബറ്റാലിയൻ കമാണ്ടന്റ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ മുമ്പാകെ 21-2-2019-ൽ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ കൃത്യവിലോപവും ഉത്തരവാദിത്വമില്ലായ്മയും അശ്രദ്ധയും കാട്ടിയതായി കണ്ടെത്തിയ 11 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 1958-ലെ കെ.പി.ഡി.ഐ.പി. & എ റൂൾ പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എ.ഡി.ജി.പി. എ.പി. ബറ്റാലിയന്റെ ഉത്തരവ് പ്രകാരം കെ.എ.പി 3-ാം ബറ്റാലിയൻ കമാണ്ടന്റിനെ വകുപ്പുതല അന്വേഷണ ഉദ്യാഗസ്ഥനായി നിയമിച്ചിരുന്നു.

## പൊതുവിതരണരംഗത്തെ നവീകരണം

28 (*28) ശ്രീ. കെ. രാജൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ വൈവിദ്ധ്യവൽക്കരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) റേഷൻ കാർഡ്, പുതിയ റേഷൻ കാർഡ് എന്നിവ സംബന്ധിച്ച സേവനങ്ങൾ സേവനാവകാശനിയമ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) റേഷൻ ദുരുപയോഗം തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) പൊതുവിതരണരംഗത്ത് വരുത്തിയ മാറ്റങ്ങൾ ഫലപ്രദമാണ് എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ)

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു.

2. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മുഖാന്തിരമാക്കി. കണക്ടിവിറ്റി ലഭ്യല്ലാത്ത 11 കടകളിൽ ഓഫ്-ലൈനായി വിതരണം നടക്കുന്നു.

3. നേരിട്ട് റേഷൻ വാങ്ങാൻ പോകാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

5. 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് പ്രതിമാസം കുറഞ്ഞത് 18000 രൂപ കമ്മീഷൻ ലഭ്യമാക്കുന്ന കമ്മീഷൻ പാക്കേജ് നടപ്പിലാക്കി.

6. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻ കടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ്മാരെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രപകാരമുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് Tata Institute of Social Sciences (TISS) മായി ധാരണാപത്രം ഒപ്പുവയ്ക്കുകയും പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏജൻസിയായ സോഷ്യൽ ആഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു ബ്ലോക്കിൽ നിന്നും 5 റേഷൻകട വീതം തെരഞ്ഞെടുത്ത് സംസ്ഥാനവ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

10. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി നിമയമിച്ചിട്ടുള്ള കേരള യൂണിവേഴ്സിറ്റി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ പഠനം നടത്തി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

11. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു.

12. റേഷൻ കടകൾ വഴി കുപ്പിവെള്ളം, സപ്ലൈകോ ഉത്പന്നങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. മിനി ബാങ്കിംഗ് സൗകര്യം ഉൾപ്പെടെയുള്ള മറ്റ് സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

13. പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിന്റെ (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു.

14. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഗോഡൗൺ മുതൽ ഉപഭോക്താവ് വരെയുള്ള വിശദാംശങ്ങൾ SCMS-ൽ ലഭ്യമാണ്.

15. റേഷൻ കട നവീകരണത്തിന്റെ ഭാഗമായി എല്ലാ റേഷൻകടകൾക്കും മഞ്ഞയും ചുവപ്പും നിറങ്ങളിൽ ഉള്ള നിശ്ചിത മാതൃകയിലെ നെയിം ബോർഡ്, സ്റ്റോക്ക് ബോർഡ് എന്നിവ സ്ഥാപിച്ചു.

(ബി) ഉണ്ട്. സേവനാവകാശ നിയമപ്രകാരം റേഷൻ കാർഡിനുള്ള അപേക്ഷകൾ സമർപ്പിക്കുന്ന ദിവസം തന്നെ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. റേഷൻ കാർഡിനുള്ള അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം ഓൺലൈനായി അപേക്ഷിക്കാവുന്നതും ആയവ പരിശോധിച്ച് അർഹതയ്ക്കനുസരിച്ച് മുൻഗണനാ/മുൻഗണനേതര കാർഡുകൾ ലഭ്യമാക്കുന്നതുമാണ്. ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ മുൻഗണനാ വിഭാഗങ്ങളിലും (അന്ത്യോദയ-അന്നയോജന &

പി.എച്ച്.എച്ച്.) മറ്റുള്ളവരെ മുൻഗണനേതര വിഭാഗങ്ങളിലും (മുൻഗണനേതര സബ്സിഡി & മുൻഗണനേതര നോൺ സബ്സിഡി) ഉൾപ്പെടുത്തി റേഷൻ കാർഡ് വിതരണം നടത്തിവരുന്നു.

(ഡി)

a) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.

b) റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

c) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

d) ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

e) മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

f) ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

g) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

h) ഇതിനുപുറമേ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം

ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

i) ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടി തുടർന്നുവരുന്നു.

j) കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പൊതുവിതരണരംഗത്ത് വരുത്തിയ മാറ്റങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. <u>ഉപഭോക്താക്കളുടെ വിവരങ്ങളുടെ ഡിജിറ്റൈസേഷൻ</u>

ദേശീയ ഭക്ഷ്യഭദ്രതാനിയമം, 2013 പ്രകാരം അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിനുശേഷം പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷകളും കാർഡുകളിൽ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്നതിനുള്ള അപേക്ഷകളും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. അപേക്ഷകർക്ക് നേരിട്ട് ഓൺലൈനായോ അക്ഷയസെന്ററുകൾ മുഖേനയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

2. <u>സപ്ലൈ ചെയിൻ മാനേജ്മെന്റ്</u>

എഫ്.സി.ഐ-യിൽ നിന്നോ സപ്ലൈകോ മില്ലുകളിൽ നിന്നോ ശേഖരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഇടക്കാല ഗോഡൗണുകളിൽ സൂക്ഷിക്കുകയും ആവശ്യകതയ്ക്കനുസരിച്ച് റേഷൻ കടകളിൽ എത്തിക്കുകയും ചെയ്യുന്ന സംവിധാനം (സപ്ലൈ ചെയിൻ മാനേജ്മെന്റ്) കമ്പ്യൂട്ടർവല്ക്കരിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യ വിതരണത്തിന്റെ എല്ലാ ഘട്ടങ്ങളും ഇതുമൂലം സുതാര്യമായിട്ടുണ്ട്.

3. <u>റേഷൻകടകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

എല്ലാ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് ഉപഭോക്താക്കളുടെ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഉപഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻവിതരണ സംവിധാനം നടപ്പിലാക്കി. ഇതോടൊപ്പം

സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി. 2020 ജനവരി 1 മുതൽ എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ അംഗങ്ങൾക്ക് 12 സംസ്ഥാനങ്ങളിൽ (കേരളം, ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ഝാർഖണ്ഡ്, കർണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലങ്കാന, ത്രിപുര) ഏതെങ്കിലും ഒരു സംസ്ഥാനത്ത് നിന്ന് റേഷൻ വാങ്ങാവുന്ന വിധം നാഷണൽ പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി. റേഷൻ കടയിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് (ശാരീരിക, മാനസിക വെല്ലുവിളികൾമൂലം) പകരക്കാരെ നിയോഗിക്കാവുന്ന പ്രോക്സി സംവിധാനം നടപ്പാക്കി. ഇ-പോസ് മെഷീനുകളുമായി ബന്ധിപ്പിച്ച് റേഷൻ വിതരണം നടത്തുന്നതിന് വെയിംഗ് ബാലൻസുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>പരാതിപരിഹാര സംവിധാനവും സുതാര്യതാ പോർട്ടലും</u>

പരാതികൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിന് pg.civilsupplieskerala.gov.in എന്ന പോർട്ടലിലൂടെ സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ റേഷൻകാർഡുകളുടെയും റേഷൻ വിതരണത്തിന്റെയും വിവരങ്ങൾ തത്സമയം പൊതുജനങ്ങളെ അറിയിക്കുന്നതിന് civilsupplieskerala.gov.in, epos.kerala.gov.in എന്നീ പോർട്ടലുകൾ തയ്യാറാക്കിയിട്ടുണ്ട്. റേഷൻകാർഡ് ആപ്ലിക്കേഷൻ സ്റ്റാറ്റസ്, റേഷൻവിഹിതം, റേഷൻ വാങ്ങിയത് സംബന്ധിച്ച വിവരം, മറ്റ് അറിയിപ്പുകൾ തുടങ്ങിയവ എസ്.എം.എസ് ആയി അയച്ചുവരുന്നു.

5. <u>സഞ്ചരിക്കുന്ന റേഷൻ കട</u>

ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു.

6. <u>'വിശപ്പ് രഹിത കേരളം'</u>

നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള 'വിശപ്പ് രഹിത കേരളം' എന്ന പദ്ധതി ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

7. <u>ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം</u>

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണി വിപുലീകരണം, റേഷൻ കടകളിലെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം, വ്യാപാരികളുടെ വരുമാന വർദ്ധനവ്

എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട്, സംസ്ഥാനത്തെ റേഷൻ കടകളിലൂടെ സപ്ലൈകോയുടെ ശബരി ബ്രാന്റിലുള്ള ഉൽപ്പന്നങ്ങളും കുടിവെള്ളവും വിൽപ്പന നടത്തുന്ന പദ്ധതിക്ക്, കൊട്ടാരക്കര, കരുനാഗപ്പള്ളി താലൂക്കുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടക്കം കുറിക്കുകയും അത് വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് മറ്റ് താലൂക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

8. ഇന്റർ-സ്റ്റേറ്റ് പോർട്ടബിലിറ്റി

ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (IMPDS) എന്ന പദ്ധതി 2020 ജനുവരി 1 മുതൽ കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിൽ നിലവിൽ വന്നതിന്റെ ഭാഗമായി ഈ സംസ്ഥാനങ്ങളിലെ എ.എ.വൈ/മുൻഗണനാ കാർഡിലെ അംഗങ്ങൾക്ക് നിലവിൽ ഈ 12 സംസ്ഥാനങ്ങളിൽ നിന്നും ഭാവിയിൽ രാജ്യത്തെ ഏതു റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കും. കേരളത്തിന് പുറമേ ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ഝാർഖണ്ഡ്, കർണ്ണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലുങ്കാന, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ നിലവിൽ ഇന്റർ-സ്റ്റേറ്റ് പോർട്ടബിലിറ്റി ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും തിരിച്ചറിയാവുന്നവിധം പ്രത്യേക റേഷൻ കാർഡ് നമ്പർ ഓരോരുത്തർക്കും ലഭിക്കും. തൊഴിൽ സംബന്ധമായും മറ്റും ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറുന്നവർക്ക് ഈ പദ്ധതി സഹായകരമാണ്. സംസ്ഥാനത്തെ മൊബൈൽ നമ്പർ ലഭ്യമായ എല്ലാ കാർഡുടമകൾക്കും ഇതുസംബന്ധിച്ച എസ്.എം.എസ്. സന്ദേശം നൽകിയിട്ടുണ്ട്.

**തോക്കുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച സി. & എ. ജി. റിപ്പോർട്ട്**

29 (*29) ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ 2011 ഫെബ്രുവരിയിൽ 25 ഇൻസാസ് റൈഫിളുകൾ തിരുവനന്തപുരം എ.ആർ. ക്യാമ്പിലേക്ക് അയച്ചിരുന്നു എന്നും രേഖകളിൽ വന്ന പിശകുകൾ തിരുത്തിയിട്ടുണ്ടെന്നും സർക്കാർ സി. & എ.ജി..ക്ക് മറുപടി നൽകിയിരുന്നോ;

(ബി) സി. & എ.ജി. ഇത് പരിശോധന വിധേയമാക്കിയപ്പോൾ പോലീസ് ചീഫ് സ്റ്റോർസിൽ നിന്നും ലഭിച്ച 660 റൈഫിളുകളുടെ തിരിച്ചറിയൽ നമ്പറുകളും വിവരങ്ങളും ഡി.ഐ.ജി.യിൽ നിന്നും ആരാഞ്ഞിരുന്നോ;

(സി) ഡി.ഐ.ജി. നൽകിയ ഈ വിവരത്തിന്റെ അടിസ്ഥാനത്തിൽ 25 തോക്കുകൾ നഷ്ടപ്പെട്ടു എന്ന് സി. & എ.ജി. കണ്ടെത്തിയിരുന്നോ;

(ഡി) ഇത് അംഗീകരിച്ചുകൊണ്ട് സർക്കാർ ഈ കാര്യത്തിൽ വിശദമായൊരു അന്വേഷണം പ്രഖ്യാപിക്കുമെന്ന് സി & എ.ജി.ക്ക് ഉറപ്പ് നൽകിയിരുന്നോ; പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ഇ) ഒന്നര വർഷമായി അന്വേഷിച്ചു കണ്ടെത്താത്ത തോക്കുകൾ ആഭ്യന്തര സെക്രട്ടറി ഒരു ദിവസം കൊണ്ട് കണ്ടെത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(എഫ്) നഷ്ടപ്പെട്ട തോക്കുകളുടെ നമ്പറുകളും പോലീസ് ചീഫ് സ്റ്റോർസിൽ നിന്നും ലഭിച്ച 660 റൈഫിളുകളുടെ നമ്പറുകളും ആഭ്യന്തര സെക്രട്ടറി ഒത്തു നോക്കിയിരുന്നോയെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഓഡിറ്റ് സംബന്ധമായി സി & എ.ജി. നടത്തിയ എക്സിറ്റ് കോൺഫറൻസിന് മുന്നോടിയായി 2005 മുതൽ 2016 വരെയുള്ള നിരീക്ഷണങ്ങൾക്കാണ് പൊതുവിൽ മറുപടി നൽകിയിട്ടുള്ളത്.

(ബി) ഇല്ല എന്ന് പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

(സി) നഷ്ടപ്പെട്ടു എന്ന് സി & എ.ജി. നിരീക്ഷിച്ചിട്ടില്ല.

(ഡി) ഓഡിറ്റ് സംബന്ധമായി സി.&എ.ജി. നടത്തിയ എക്സിറ്റ് കോൺഫറൻസിന് മുന്നോടിയായി സർക്കാർ നൽകിയ റിപ്പോർട്ടിൽ കേസ് രജിസ്റ്റർ ചെയ്തതായും ക്രൈം ബ്രാഞ്ചിന് കൈമാറും എന്നും അറിയിച്ചിരുന്നു.

തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും പ്രവർത്തനക്ഷമമായ കാട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടതിനെക്കുറിച്ചും ക്രൈം നമ്പർ 399/CB/Tvpm/R/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക സംഘം അന്വേഷണം നടത്തിവരുന്നു.

17-2-2020-ൽ അന്വേഷണസംഘം എസ്.എ.പി. ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോറിൽ നിന്നും എസ്.എ.പി-ക്ക് നൽകിയിട്ടുള്ള 660 എണ്ണം 5.5 mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ. ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേക്ക് കൊണ്ടുപോയിട്ടുള്ളതായും കണ്ടെത്തി. അവയും വീഡിയോ

കോൺഫറൻസ് മുഖേന പരിശോധിച്ച് റൈഫിളുകളൊന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ല എന്ന് ഉറപ്പിച്ചിട്ടുള്ളതുമാണ്. അതിനാൽ റൈഫിളുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന നിരീക്ഷണത്തിന് അടിസ്ഥാനമില്ല.

(ഇ) മേൽപ്പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

(എഫ്) ബാധകമല്ല.

**റേഷൻ കടകൾവഴി സപ്ലൈകോ കുത്തരി**

30 (*30) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ നെൽ കർഷകരിൽ നിന്നും ഏറ്റെടുത്ത നെല്ല് സ്വകാര്യ മില്ലുകളിൽ കുത്തി അരിയാക്കി തിരികെ വിതരണത്തിന് എത്തിക്കുന്ന സംവിധാനത്തിലെ അപാകതകൾ എന്തെല്ലാമെന്ന് പരിശോധിക്കുമോ;

(ബി) സപ്ലൈകോ ഏറ്റെടുത്ത അരിയ്ക്കു പകരം റേഷൻ കടകളിൽ മറുനാടൻ കുത്തരി വിതരണം ചെയ്യുന്നതായുള്ള ആക്ഷേപത്തിനിടയായ സാഹചര്യത്തെക്കുറിച്ച് വിശദീകരിക്കാമോ;

(സി) റേഷൻ ധാന്യങ്ങൾ സംഭരിക്കുന്ന ഗോഡൗണുകളിലെ ക്രമക്കേടുകളെക്കുറിച്ചുള്ള ആക്ഷേപം അന്വേഷിക്കുമോ; ഇവിടങ്ങളിൽ ഭക്ഷ്യയോഗ്യമല്ലാത്ത ധാന്യങ്ങൾ സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) വികേന്ദ്രീകൃത ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും ശേഖരിക്കുന്ന നെല്ല് സംസ്കരിക്കുന്നതിനായി സപ്ലൈകോയുടെ ഉടമസ്ഥതയിൽ മില്ലുകൾ ഇല്ലാത്തതിനാൽ ഈ ചുമതല സ്വകാര്യമില്ലുകാരെ ഏൽപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണം മുതൽ അരി വിതരണം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയവുമായിട്ടാണ് നടക്കുന്നത്. ഈ സംവിധാനത്തിൽ എന്തെങ്കിലും തരത്തിലുള്ള അപാകതകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സപ്ലൈകോ ഏറ്റെടുത്ത അരിക്കു പകരം മറുനാടൻ കുത്തരി വിതരണം ചെയ്യുന്ന സംഭവം ഉണ്ടായിട്ടില്ല. എന്നാൽ ഇത്തരം ആരോപണങ്ങൾ ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംഭരണം മുതൽ വിതരണം വരെയുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

(സി) ഗോഡൗണുകളിലെ ക്രമക്കേടുകളെക്കുറിച്ചുള്ള ആക്ഷേപം അന്വേഷിക്കുന്നുണ്ട്. ക്രമക്കേടുകൾ തെളിയിക്കപ്പെടുന്നപക്ഷം ബന്ധപ്പെട്ടവർക്ക് എതിരെ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത ധാന്യങ്ങൾ ഗോഡൗണിൽ കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗോഡൗണിൽ നിന്നും ഉടനടി മാറ്റുന്നതിനും ഭക്ഷ്യയോഗ്യമായ സാധനങ്ങൾ മാത്രമേ വിതരണം നടത്തുവാൻ പാടുള്ളൂവെന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

1 (1) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെമി ഹൈസ്പീഡ് റെയിൽ പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം വില്ലേജുകളിലൂടെയാണ് പ്രസ്തുത റെയിൽപാത കടന്നുപോകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്ക് പുറമേ മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാല് മണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാന

അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്.

(ബി) ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ.

## ദേശീയ ജനസംഖ്യാ-പൗരത്വ രജിസ്റ്ററുകൾ

2 (3) ശ്രീ. സി. ദിവാകരൻ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.)സെൻസസിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ; സെൻസസ്, എൻ.പി.ആർ. എന്നിവ ഏതെല്ലാം കാരണങ്ങളാലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ദേശീയ ജനസംഖ്യാ രജിസ്റ്റർ (എൻ.പി.ആർ.) തയ്യാറാക്കുന്നതിനുള്ള ചോദ്യങ്ങൾ 2021-ലെ സെൻസസിൽ ഉൾപ്പെടുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ജനസംഖ്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്ന് വന്നിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ദേശീയ പൗരത്വ രജിസ്റ്റർ (എൻ.ആർ.സി.) നടപ്പാക്കാൻ കേന്ദ്രം തീരുമാനിച്ചാൽ, സംസ്ഥാനത്തിന്റെ നിലപാട് എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ആയത് നടപ്പാക്കാതിരിക്കുന്നതിന് സംസ്ഥാനത്തിന് സ്വാതന്ത്ര്യമുണ്ടോയെന്ന് ഭരണഘടനാ വ്യവസ്ഥകൾ സഹിതം വിശദമാക്കാമോ?

### ഉത്തരം

(എ) അല്ല. ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്-2021)ഉം ദേശീയ ജനസംഖ്യാ പട്ടിക (എൻ.പി.ആർ.) പുതുക്കലും രണ്ട് നിയമത്തിന് കീഴിലുള്ള രണ്ട് പ്രത്യേക പ്രക്രിയകളാണ്. 1948-ലെ സെൻസസ് ആക്റ്റിലെയും 1990-ലെ

സെൻസസ് റൂളിലെയും വ്യവസ്ഥകൾ അനുസരിച്ചാണ് നിലവിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത്. 1872 മുതൽ പത്ത് വർഷത്തിലൊരിക്കൽ മുടങ്ങാതെ സെൻസസ് പ്രക്രിയ നടന്നുവരുന്നു. രാജ്യത്തെ പതിനാറാമത്തെയും സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള എട്ടാമത്തെയും ജനസംഖ്യാ കണക്കെടുപ്പാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. ജനസംഖ്യാ കണക്കെടുപ്പ് പത്ത് വർഷത്തിലൊരിക്കൽ നടക്കുന്ന രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാന വിവരശേഖരണമാണ്. 1872 മുതൽ ഓരോ പത്ത് വർഷവും മുടക്കമില്ലാതെ നടത്തിവരുന്ന ഈ പ്രക്രിയയിലൂടെ ലഭിക്കുന്ന വിവരങ്ങൾ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായുള്ള ആസൂത്രണത്തിനും നയരൂപീകരണത്തിനും കാര്യക്ഷമമായ പൊതുഭരണത്തിനും അത്യന്താപേക്ഷിതമാണ്. ദേശീയ അന്തർദ്ദേശീയ ഏജൻസികളും ഗവേഷകരും ബിസിനസ്സുകാരും ശാസ്ത്രജ്ഞരും വ്യവസായികളുമടങ്ങുന്ന വിദഗ്ദ്ധ സമൂഹവും ഈ വിവരങ്ങൾ ആധാരമാക്കിയാണ് തങ്ങളുടെ പ്രവർത്തനമേഖലകളിൽ കാര്യക്ഷമമായി ഇടപെടുന്നത്. വിവിധ നിയമനിർമ്മാണ സഭകളിലേയ്ക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുമുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കുന്നതും അതിലേയ്ക്കുള്ള സംവരണമടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതും ജനസംഖ്യാ കണക്കെടുപ്പുവഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങളുടെയും രാജ്യത്തിന്റെയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ മുന്നോട്ടുള്ള പ്രയാണത്തിന് ജനസംഖ്യാ കണക്കെടുപ്പുവഴി ലഭിക്കുന്ന വിവരങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചികയാണ്. ആയതിനാൽ ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് ഏതൊരു സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും പൗരന്റെയും കടമയാണ്. രാജ്യത്താകമാനം ഒരേസമയം നടത്തുന്ന സെൻസസ് നടപടിക്രമങ്ങൾ സംസ്ഥാനത്തിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടുന്നത് പ്രായോഗികമാകില്ല. രാജ്യത്തിലെ പൗരൻമാരുടെ രജിസ്റ്റർ (എൻ.ആർ.സി.) തയ്യാറാക്കുന്നതിന് പൗരൻമാർക്ക് നാഷണൽ ഐഡന്റിറ്റി കാർഡ് ലഭ്യമാക്കുകയെന്നത് ലക്ഷ്യമിട്ട് 1955-ലെ പൗരത്വനിയമത്തിന് കീഴിൽ 2003-ൽ പുറപ്പെടുവിച്ച് സിറ്റിസൺഷിപ്പ് (രജിസ്ട്രേഷൻ ഓഫ് സിറ്റിസൺസ് ആൻഡ് ഇഷ്യൂ ഓഫ് നാഷണൽ ഐഡന്റിറ്റി കാർഡ്സ്) റൂൾസിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്ത് ദേശീയ ജനസംഖ്യാ പട്ടിക നടപ്പിലാക്കുന്നത്. 2010-ൽ ആദ്യമായി നടപ്പിലാക്കിയ എൻ.പി.ആർ. 2015-ൽ പുതുക്കുകയും ചെയ്തിരിക്കുന്നു. ഇത്തവണ ആദ്യഘട്ട സെൻസസ് പ്രവർത്തനങ്ങളോടൊപ്പം എൻ.പി.ആർ. പുതുക്കൽ നടപടികൂടി നടത്തുവാൻ തീരുമാനിച്ചു എന്നതൊഴിച്ചാൽ ജനസംഖ്യാ കണക്കെടുപ്പിന്റെയും എൻ.പി.ആർ. പട്ടിക പുതുക്കലിന്റെയും വിവരശേഖരണത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും തികച്ചും വേറെ വേറെയാണ്. ഇവയ്ക്ക് വെവ്വേറെ ചോദ്യാവലികളുമാണ്. സെൻസസ്

പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ തന്നെ എൻ.പി.ആർ. സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല.

(ബി) ഇല്ല.

(സി) വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.പി.ആർ. സംബന്ധിച്ച നടപടികൾ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല.

(ഡി) ദേശീയ പൗരത്വ രജിസ്റ്ററിയിലേയ്ക്ക് നയിക്കപ്പെടുന്ന പ്രക്രിയയാതിനാൽത്തന്നെ ദേശീയ ജനസംഖ്യാ രജിസ്റ്റർ നടപടികളുമായി സംസ്ഥാന സർക്കാർ സഹകരിക്കില്ലെന്ന് ഇതിനകംതന്നെ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന സർക്കാർ മുഖേന സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടുകൂടിയാണ് സെൻസസ്, എൻ.പി.ആർ. എൻ.ആർ.സി. തുടങ്ങിയ നടപടികൾ കേന്ദ്ര സർക്കാർ നടപ്പാക്കേണ്ടത്. പൗരത്വ ഭേദഗതി നിയമം (CAA) 2019-നെത്തുടർന്ന് ജനങ്ങൾക്കിടയിൽ വിശിഷ്യാ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്ക സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. എൻ.ആർ.സി. നടപ്പിലാക്കിയ സംസ്ഥാനത്തിന്റെ അനുഭവം ഇതിന് അടിസ്ഥാനമാണ്. ജനങ്ങളുടെ ആശങ്കയകറ്റുക എന്നത് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക കർത്തവ്യങ്ങളിലൊന്നാണ്. ആയതിനാൽ എൻ.ആർ.സിയി.-ലേയ്ക്ക് നയിക്കുന്ന എൻ.പി.ആർ.-മായി സഹകരിക്കാതിരിക്കുന്നതിനോ ഏറ്റെടുത്ത് നടത്താതിരിക്കുന്നതിനോ സംസ്ഥാന സർക്കാരിന് തീരുമാനമെടുക്കുന്നതിന് തടസ്സമില്ല.

## കേന്ദ്ര സർക്കാർ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

3 (4) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ലെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ അവഗണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്രത്തോട് സംസ്ഥാന സർക്കാർ എന്തെല്ലാം ആവശ്യപ്പെട്ടു; അതിൽ ലഭ്യമായവ ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്ര സർക്കാർ ബഡ്ജറ്റ് നിർദ്ദേശങ്ങൾ വഴി പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള നടപടി സ്വീകരിക്കുന്നത് സംസ്ഥാനത്തെ എത്തരത്തിൽ ബാധിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2020-21-ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് നൽകിയിരുന്നു.

1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും GST കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും GST-യ്ക്കു മേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.
2. Multilateral Agency-കളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.
3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകിവരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടുകൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കുക.
4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.
5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.
6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS-നു തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.
7. മലബാർ മേഖലയിലെ നിർദ്ധന ക്യാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ ക്യാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme-ൽ ഉൾപ്പെടുത്തുക.
8. Cochin Shipyard, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക, ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്ക്കരണം അനുവദിക്കാതിരിക്കുക.

എന്നാൽ സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ സംബന്ധിച്ച് 2020-21-ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല.ഇതിനുപുറമേ സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര നികുതി വിഹിതത്തിലും ഗണ്യമായ കുറവാണ് കേന്ദ്ര ബഡ്ജറ്റിൽ വരുത്തിയിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറി, തിരുവനന്തപുരം ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ്, പാലക്കാട്ടെ ബിമൽ (BEML) എന്നിവയുടെ ഓഹരികൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറി പോലുള്ള ഒരു സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നത് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മുപ്പതിനായിരത്തോളം ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം തന്നെ പ്രസ്തുത സ്ഥാപനത്തിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിച്ചിരുന്ന വിവിധ വികസന പദ്ധതികൾ നിർത്തലാക്കപ്പെടുന്നതിനും തൊഴിലവസരങ്ങൾ കുറയ്ക്കുന്നതിനും ഇടയാക്കും.

കേന്ദ്ര സർക്കാർ ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും വിറ്റഴിക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ പിന്തുടരുന്നത്. ഇതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കലും സ്വകാര്യവൽക്കരണവും നടത്തുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ വിട്ടുകൊടുത്ത സ്ഥലവും വസ്തുക്കളും സർക്കാരിന് നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാൽപ്പര്യം സംരക്ഷിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

**സെൻസസ് പ്രവർത്തനങ്ങൾ**

4 (5) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെൻസസ് പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ;

(ബി) സെൻസസ് വിവരങ്ങൾ എൻ.പി.ആർ.-നും എൻ.ആർ.സി.-ക്കും ഉപയോഗപ്പെടുത്തുമെന്ന ആശങ്ക പൊതുസമൂഹത്തിനുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദ്ധ്യാപകരെ എന്യൂമറേറ്റർ ജോലിക്ക് വിട്ടുകൊടുത്തതോടെ തൽക്കാലത്തേക്കെങ്കിലും അവർ കേന്ദ്രസർക്കാർ നിയന്ത്രണത്തിലാകുമെന്നും ഈ കാലയളവിൽ സംസ്ഥാന സർക്കാരിന് അവരുടെ മേൽ നിയന്ത്രണമേർപ്പെടുത്താനാവില്ലെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) ഈ സാഹചര്യത്തിൽ പൗരത്വ നിയമ ഭേദഗതി കേന്ദ്ര സർക്കാർ പിൻവലിക്കുന്നതുവരെ സംസ്ഥാനത്ത് സെൻസസ് പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്. സെൻസസ് വിവരശേഖരണം സംസ്ഥാനത്ത് രണ്ട് ഘട്ടമായിട്ടാണ് നടത്തുന്നത്. ആദ്യഘട്ട സെൻസസ് നടപടികളുടെ ഭാഗമായി Houselisting & Housing Census സംസ്ഥാത്ത് 2020 മേയ് 1 മുതൽ 30 വരെ കാലയളവിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പും (സെൻസസ്) 2021 ദേശീയ ജനസംഖ്യാ പട്ടിക (എൻ.പി.ആർ.) പുതുക്കലും രണ്ട് നിയമത്തിന് കീഴിലുള്ള രണ്ട് പ്രത്യേക പ്രക്രിയകളാണ്. ഇവയ്ക്ക് വെവ്വേറെ ചോദ്യാവലികളുമാണ്. എൻ.പി.ആർ. സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം സൃഷ്ടിക്കാതിരിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളും ശ്രദ്ധചെലുത്തേണ്ടതാണ്.

(സി) രാജ്യത്ത് ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത് സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടുകൂടിയാണ്. എന്യൂമറേറ്റർ ജോലി ഉൾപ്പെടെയുള്ള സെൻസസ് പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏത് ജീവനക്കാരെ നിയോഗിച്ചാലും അവർ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ തന്നെയാകും.

(ഡി) ജനസംഖ്യാ കണക്കെടുപ്പ് 10 വർഷത്തിലൊരിക്കൽ നടക്കുന്ന രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാന വിവര ശേഖരണമാണ്. 1881 മുതൽ ഓരോ 10 വർഷവും മുടക്കമില്ലാതെ നടത്തിവരുന്ന

ഈ പ്രക്രിയയിലൂടെ ലഭിക്കുന്ന വിവരങ്ങൾ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായുള്ള ആസൂത്രണത്തിനും നയരൂപീകരണത്തിനും കാര്യക്ഷമമായ പൊതുഭരണത്തിനും അത്യന്താപേക്ഷിതമാണ്. ദേശീയ അന്തർദ്ദേശീയ ഏജൻസികളും ഗവേഷകരും ബിസിനസ്സുകാരും ശാസ്ത്രജ്ഞരും വ്യവസായികളും മറ്റുമടങ്ങുന്ന വിദഗ്ദ്ധ സമൂഹവും ഈ വിവരങ്ങൾ ആധാരമാക്കിയാണ് തങ്ങളുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമമായി ഇടപെടുന്നത്. വിവിധ നിയമ നിർമ്മാണ സഭകളിലേക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുമുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കുന്നതും അതിലേക്കുള്ള സംവരണം അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതും ജനസംഖ്യാ കണക്കെടുപ്പുവഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങളുടേയും രാജ്യത്തിന്റേയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ മുന്നോട്ടുള്ള പ്രയാണത്തിന് ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചികയാണ്. ആയതിനാൽ ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് ഏതൊരു സർക്കാരിന്റേയും പൊതു സമൂഹത്തിന്റേയും പൗരന്റേയും കടമയാണ്. രാജ്യത്താകമാനം ഒരേ സമയം നടത്തുന്ന സെൻസസ് നടപടിക്രമങ്ങൾ സംസ്ഥാനത്തിനായി മാറ്റിവയ്ക്കാൻ ആവശ്യപ്പെടുന്നത് പ്രായോഗികമല്ല. എന്നാൽ ദേശീയ ജനസംഖ്യാ രജിസ്റ്ററിലേക്ക് ശേഖരിക്കുന്ന വിവരങ്ങൾ ദേശീയ പൗരത്വ രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ടിയായതുകൊണ്ട് പൗരത്വ നിയമ ഭേദഗതി നിയമത്തെ തുടർന്നുള്ള ജനങ്ങളുടെ ആശങ്കയും ഇത് നടപ്പാക്കിയ സംസ്ഥാനത്തെ അനുഭവവും പരിഗണിച്ച് എൻ.പി.ആർ .നടപടികൾ ഏറ്റെടുത്ത് നടപ്പാക്കുകയോ സഹകരിക്കുകയോ വേണ്ടെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഒന്നാംഘട്ട സെൻസസ് പ്രവർത്തനങ്ങളുടെ ചോദ്യാവലിയിൽ എൻ. പി.ആർ.-നായി ഉപയോഗിക്കാനുള്ള വിവാദ ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം

5 (6) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണ ആനുകൂല്യത്തിന് യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂവിസ്തൃതി കണക്കാക്കാൻ "കുടുംബം" എന്ന നിർവ്വചനത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) സാമ്പത്തിക സംവരണാനുകൂല്യങ്ങൾ കേന്ദ്ര സർക്കാർ എന്നുമുതലാണ് പ്രാബല്യത്തിലാക്കിയതെന്നും കേരളത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 12-2-2020-ലെ സ.ഉ (എം.എസ്.) നമ്പർ 2/2020/ഉ.ഭ.പ.വ. പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ, കുടുംബത്തെ ആശ്രയിച്ച് കഴിയുന്ന 18 വയസ്സിന് മുകളിലുള്ളവർ എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു.

(സി) കേന്ദ്ര സർക്കാർ നൽകുന്ന സാമ്പത്തിക സംവരണാനുകൂല്യം കേന്ദ്ര സർക്കാർ നിയമനങ്ങളിൽ 1-2-2019 മുതൽ നോട്ടിഫൈ ചെയ്യുന്ന ഒഴിവുകളിലെ നിയമനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2019-20 അദ്ധ്യയന വർഷം മുതലും പ്രാബല്യമുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സംവരണ ആനുകൂല്യങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള ആനുകൂല്യങ്ങൾക്ക് സ.ഉ. (എം.എസ്.) നമ്പർ 2/2020/ഉ.ഭ.പ.വ.യുടെ തീയതി മുതലും നിയമന സംവരണത്തിനുള്ള ആനുകൂല്യം ഇതുസംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ നിശ്ചയിക്കുന്ന തീയതി മുതലും ഗുണഭോക്താക്കൾക്ക് അനുഭവവേദ്യമാകും.

## തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽപാത

6 (7) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽപാതയ്ക്ക് റെയിൽവേ ബോർഡിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയ്ക്കായുള്ള വാല്യൂ കാപ്ചറിംഗ്, ധനസമാഹരണം എന്നിവ സംബന്ധിച്ച് വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണ് എന്നറിയിക്കാമോ; മൊത്ത ചെലവിന്റെ എത്ര ശതമാനമാണ് സംസ്ഥാന സർക്കാർ വഹിക്കേണ്ടത് എന്നും അത് എപ്രകാരം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമീ ഹൈസ്പീഡ് റെയിൽപാതാ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്.

(ബി) സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. പാത കടന്നുപോകുന്ന സ്ഥലങ്ങൾ ഉൾപ്പെട്ട നിയോജകമണ്ഡലങ്ങളിലെ ജനപ്രതിനിധികൾ, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷനേതാവ്, നിയമസഭാ കക്ഷി നേതാക്കൾ എന്നിവർക്കായി പദ്ധതി സംബന്ധിച്ച ഒരു അവതരണം നടത്തുകയുണ്ടായി. പാത കടന്നുപോകുന്ന 10 ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതിയുടെ ധനശേഖരണരൂപം ചുവടെ ചേർക്കുന്നു.

| Parties | % contribution | Amount |
|---|---|---|
| <u>Equity</u> | | |
| • GoK | 12% | 7,720 Cr |
| • Land EIA & | | |
| • R&R(GoK) | 13% | 8,656 Cr |
| • Gol | 12% | 7,720 Cr |
| <u>Subordinated Debt</u> | | |
| • GoK | 5% | 3,564 Cr |
| • Gol | 5% | 3,564 Cr |
| <u>Debt</u> | | |
| • JICA or other agency | 52% | 34,454 Cr |
| • IDC | 1% | 727 Cr |
| Total | 100% | 66,405 Cr |

(ഡി) ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ, റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിക്കാണ്. 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് കേരള സർക്കാരിൽ ഭൂമി ഏറ്റെടുത്തു നകുന്നതിനുള്ള 8,656 കോടി രൂപയടക്കം 19,940 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് പ്രതീക്ഷിത ചെലവിന്റെ 30 ശതമാനമാണ്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, ലോക ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നുവരുന്നു. സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്.

**സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിൽ കേന്ദ്ര അവഗണന**

7 (8) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ ബജറ്റിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തോട് നിഷേധാത്മക സമീപനമായിരുന്നോ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അങ്കമാലി-എരുമേലി ശബരിപാത, ഗുരുവായൂർ-തിരുനാവായ പാത, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ എന്നിവയ്ക്ക് വെറും ആയിരം രൂപ മാത്രം വകയിരുത്തിയിരിക്കുന്നത് സംസ്ഥാനത്തോടുള്ള തികഞ്ഞ അവഹേളനമായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി രൂപ നീക്കിവച്ചെങ്കിലും അതിൽ അഞ്ച് കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ കഴിയൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ പാത ഇരട്ടിപ്പിക്കലിന് നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിന് തന്നെ ഇരുനൂറ് കോടിയിലധികം രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) നേമം, കൊച്ചുവേളി കോച്ച് ടെർമിനൽ, കൊല്ലം മെമു ഷെഡ്ഡ്, എൽ. എച്ച്. ബി. കോച്ച്ഹാൻഡ്ലിംഗ് സംവിധാനം, എറണാകുളം മാർഷലിംഗ് യാർഡ് വികസനം, എറണാകുളം-ഷൊർണ്ണൂർ മൂന്നാംപാത തുടങ്ങി സംസ്ഥാനത്തിന്റെ

റെയിൽവേ വികസനത്തിന് അത്യന്താപേക്ഷിതമായ പദ്ധതികൾക്ക് പണം അനുവദിക്കാത്ത കേന്ദ്ര അവഗണന കേരള സർക്കാരിനോടുള്ള രാഷ്ട്രീയ പകപോക്കലാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതമൂലവും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിൽ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ പാതകളുടെ നിർമ്മാണം, പാതയിരട്ടിപ്പിക്കൽ, ടെർമിനലുകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം എന്നിവയ്ക്ക് ആവശ്യമായ തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇതിനോട് തികച്ചും നിഷേധാത്മകമായ സമീപനമാണ് കേന്ദ്രം അനുവർത്തിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ഏകദേശം 164 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം-കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും അമ്പലപ്പുഴ- ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി-ശബരി, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാംപാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് ആയിരം രൂപവീതവുമാണ് നീക്കിവച്ചിട്ടുള്ളത്.

ഇതിൽ തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് വകയിരുത്തിയിട്ടുള്ള 133.5 കോടി രൂപയിൽ 128.5 കോടി രൂപ ഇ.ബി.ആർ.എഫ്.എഫ്. ഇനത്തിലും അഞ്ച് കോടി രൂപ ക്യാപ്പിറ്റൽ ഇനത്തിലുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ക്യാപ്പിറ്റൽ ഇനത്തിലെ അഞ്ച് കോടി രൂപ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ വികസനം എന്നിവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

സംസ്ഥാനത്തെ റെയിൽവേ പദ്ധതികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. കേന്ദ്രത്തിന്റെ സംസ്ഥാനവിരുദ്ധ നിലപാടിനെതിരെ സംസ്ഥാനത്തിന്റെ ശക്തമായി പ്രതിഷേധം കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം വിവിധ പദ്ധതികൾക്കായി സംസ്ഥാനം ആവശ്യപ്പെട്ടിരുന്ന വിഹിതം അടിയന്തരമായി അനുവദിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അറിയിച്ചിട്ടുണ്ട്.

## ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് ഉദ്യോഗ സംവരണം

8 (9) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ആംഗ്ലോ ഇന്ത്യക്കാരുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് 124 ആംഗ്ലോ ഇന്ത്യക്കാർ മാത്രമാണ് ഉള്ളതെന്ന് കേന്ദ്ര നിയമമന്ത്രി ലോക സഭയിൽ വെളിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന് നിലവിൽ ഉദ്യോഗ സംവരണം നൽകുന്നുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ നോമിനേഷൻ പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്ന നിയമസഭാ പ്രമേയത്തിന് കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ടവർ 124 പേരുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. 4 ശതമാനം (ലാറ്റിൻ കാത്തലിക്ക്+ആംഗ്ലോ ഇന്ത്യൻ സമുദായങ്ങൾ ചേർത്ത്).

(ഡി) കേരള നിയമസഭ പാസ്സാക്കിയ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ പ്രാതിനിധ്യം സംബന്ധിച്ച പ്രമേയത്തിന്റെ ഇംഗ്ലീഷ് തർജ്ജമ ന്യൂനപക്ഷ ക്ഷേമ വകുപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചുകൊടുത്തിരുന്നുവെങ്കിലും പ്രസ്തുത വകുപ്പിൽ ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

## സെൻസസ് നടത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടി

9 (10) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെൻസസ് നടത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എൻ.പി.ആർ. നടപടികൾ ആരംഭിക്കുവാനോ അതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികളിൽ സഹകരിക്കുവാനോ കഴിയില്ല എന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേരളത്തിൽ എൻ.പി.ആർ. നടപടികൾ നിർത്തിവെച്ചതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) 2021-ലെ ജനസംഖ്യാ കണക്കെടുപ്പ് (സെൻസസ്) സുഗമമായി നടത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് മുൻകാലങ്ങളിലെപ്പോലെ താഴെപ്പറയുന്ന നടപടികൾ ഇതിനകം സംസ്ഥാന സർക്കാർ സ്വീകരിച്ചുകഴിഞ്ഞു.

i. 21-8-2019-ലെ എസ്.എസ്.1/19/2019/പൊ.ഭ.വ. നമ്പർ നോട്ടിഫിക്കേഷൻ (24-8-2019-ലെ 1951 നമ്പർ കേരള ഗസറ്റിൽ) പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് (Census) 2021 പ്രക്രിയ നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനം കേരള ഗസറ്റിൽ പുന:പ്രസിദ്ധീകരിച്ചു.

ii. സംസ്ഥാന തലത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള സംസ്ഥാനതല

സെൻസസ് ഏകോപന സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി രണ്ടുതവണ യോഗം കൂടി ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനം വിലയിരുത്തുകയും ചെയ്തു.

iii. 2021-ലെ ജനസംഖ്യാ കണക്കെടുപ്പിന് മുന്നോടിയായുള്ള പ്രീ-ടെസ്റ്റ് 2019 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലായി മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം) നടത്തുകയുണ്ടായി.

iv. വിവിധ തട്ടുകളിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാരെ സെൻസസ് പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ആവശ്യമായി പരിശീലനം നൽകുന്നതിനും വേണ്ടി നിയമിച്ച് ഉത്തരവായി.

v. സെൻസസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന ഉദ്യോഗസ്ഥരെ സെൻസസ് പ്രക്രിയ പൂർത്തിയാകുന്നതുവരെ അതായത് 2021 മാർച്ച് 31 വരെ അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ സ്ഥലം മാറ്റാൻ പാടില്ലെന്ന പൊതു നിർദ്ദേശം പുറപ്പെടുവിച്ചു.

vi. ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വിവരശേഖരണത്തിനായി ജനങ്ങളോട് ചോദിക്കുന്ന 31 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി വിജ്ഞാപനം ചെയ്തു.

vii. അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരെ ജില്ലാ കളക്ടർമാരുമായി 2020 ഫെബ്രുവരി 5-ാം തീയതി ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തരം ചർച്ചകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെൻസസ് ചോദ്യാവലികൾ, മൊബൈൽ ആപ്പ് എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർ വിശദാംശം നൽകുകയും ചെയ്തു.

viii. ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യഘട്ട നടത്തിപ്പിന്റെ ഭാഗമായി ജില്ലാ ചാർജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട് കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി

10 (11) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭരണതലത്തിലുള്ള അഴിമതി കുറയ്ക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സർക്കാർ ജീവനക്കാരുടെ ഹാജർ നിലവാരം നിരീക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയ ബയോമെട്രിക് സംവിധാനം എല്ലാ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരൻമാർക്ക് മുൻഗണനയും നൽകുന്നത് സംബന്ധിച്ചും പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനുമായി നിലവിലുള്ള ഒഴിവുകളും 2020 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-യെ അറിയിക്കുന്നത് സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിശദാംശങ്ങൾ നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ചും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത് സബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനും അവർക്ക് അർഹമായ സഹായം വേഗത്തിലും കുറ്റമറ്റനിലയ്ക്കും ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യാ സഹായത്തോടെ കമ്പ്യൂട്ടർ-ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനങ്ങൾ ഒരുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. തപാലിൽ ലഭിക്കുന്ന അപേക്ഷകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും പരാതികളും അപേക്ഷകളുമായി തലസ്ഥാനത്തേയ്ക്കോ ജില്ലാ ആസ്ഥാനത്തേയ്ക്കോ വരാതെതന്നെ വില്ലേജ്, താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും അക്ഷയ കേന്ദ്രങ്ങളിലും എം.എൽ.എ-.മാരുടെയും മന്ത്രിമാരുടെയും ഓഫീസുകളിലും ആവശ്യമുള്ളവർക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേയ്ക്കും ദുരിതാശ്വാസനിധിയിലേയ്ക്കും ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയും നടപടികളും ഫണ്ട് വിതരണവും

പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് കൈകാര്യം ചെയ്യുന്നത്. അപേക്ഷകളും പരാതികളും തീർപ്പാക്കുന്നതിന് ശരാശരി വേണ്ടിവരുന്ന സമയം 2016-ൽ 898 ദിവസമായിരുന്നത് പതിനാറ് ദിവസമായി കുറച്ചുകൊണ്ടുവരാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

മേൽപ്പറഞ്ഞവിധം പൊതുജനങ്ങളുടെ പരാതികൾക്കും ദുരിതാശ്വാസ അഭ്യർത്ഥനകൾക്കും കാലതാമസമില്ലാതെ പരിഹാരം കാണുന്നതിനുപരിയായി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളുടെ പൊതുസ്വഭാവം പരിശോധിച്ച് പല കാര്യങ്ങളിലും പൊതുവായ തീരുമാനങ്ങളെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണ മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം, വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനായുള്ള സഹായപദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുക, ഹൗസിംഗ് ബോർഡ് തുടങ്ങിയ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, അംഗപരിമിതർക്കായുള്ള തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്, വനിതാ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള തീരുമാനം, വിധവകൾക്ക് പി.എസ്.സി. അപേക്ഷയ്ക്കുള്ള പ്രായപരിധി ഉയർത്തിയത് തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

ഇന്റർനെറ്റ് ലഭ്യത പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 1997 വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ-ഫോൺ പദ്ധതി പൂർത്തിയാക്കുന്നതോടെ ഏറ്റവും താഴെത്തട്ടിൽ വരെ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനാകും. സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ നൽകുന്നതിനും പൊതുജനങ്ങൾക്ക് ഇത് കൂടുതൽ സഹായകരമാണ്. സർക്കാരിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കൂടുതൽ മൊബൈൽ ആപ്പുകൾ ഏർപ്പെടുത്തുന്നതാണ്. വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിന് എം-കേരള മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും മസ്റ്ററിംഗിൽ ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾ വഴി സർക്കാർ നൽകുന്ന ധനസഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് പുസ്തക രൂപത്തിലും വെബ്സൈറ്റിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി

കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസിച്ച് രഹസ്യാന്വേഷണം, സത്വരാന്വേഷണം, പ്രാഥമികാന്വേഷണം മിന്നൽപ്പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ ആവശ്യമായവയിൽ വിജിലൻസ് ഡയറക്ടറുടെ ശിപാർശപ്രകാരം തുടർനടപടി സ്വീകരിക്കുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ സ്വമേധയാ രജിസ്റ്റർ ചെയ്തും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരാറുണ്ട്.

വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയോ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Backbone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

3. അഴിമതിവിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

4. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പറും 9447789100 എന്ന നമ്പറിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റിഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റ് ആന്റി കറക്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) സർക്കാർ ജീവനക്കാരുടെ ഹാജർ നിലവാരം നിരീക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എല്ലാ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സാമ്പത്തിക സംവരണത്തിനുള്ള മാനദണ്ഡങ്ങൾ**

11 (12) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്കജനവിഭാഗത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി 10% സംവരണം ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവായോ എന്നറിയിക്കാമോ;

(ബി) സാമ്പത്തിക സംവരണത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത സംവരണം ബാധകമാക്കുന്നത്;

(ഡി) പ്രസ്തുത സംവരണ ആനുകൂല്യം ലഭിക്കുന്ന വിഭാഗക്കാർക്ക് ഇത് വഴി ലഭിക്കുന്ന മറ്റ് നേട്ടങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) 12-2-2020-ലെ സ.ഉ (എം.എസ്.)നമ്പർ 2/2020/ഉ.ഭ.പ.വ പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി &ഡി) ന്യൂനപക്ഷ പദവിയില്ലാത്തതും മറ്റ് പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചുവരുന്നതുമായ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കുമാണ് പ്രസ്തുത സംവരണം ബാധകമായിട്ടുള്ളത്.

## മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേരിലുള്ള കേസ്സുകൾ

12 (13) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ പേരിൽ ക്രിമിനൽ കേസ്സുകൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) അതിൽ രാഷ്ട്രീയ കേസുകളല്ലാത്തവയുണ്ടോ; എങ്കിൽ ഓരോരുത്തരുടെയും പേരിലുള്ള കേസ്സുകളുടെ എണ്ണം വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേരിലുള്ള ക്രിമിനൽ കേസ്സുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാമാണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

| | |
|---|---|
| മുഖ്യമന്ത്രിയുടെ പേരിൽ നിലവിലുള്ള കേസ്സുകളുടെ എണ്ണം | 2 |
| മറ്റ് മന്ത്രിമാരുടെ പേരിൽ നിലവിലുള്ള കേസ്സുകളുടെ എണ്ണം | 26 |

കേസ്സുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളിൽ രാഷ്ട്രീയ കേസ് അല്ലാതെ ഒരു കേസ്സാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആയത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനെതിരെ തിരുവനന്തപുരം സിറ്റി പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1515/2015 U/s 143, 147, 149, 225(b) IPC & 117 E of KP Act പ്രകാരമുള്ള കേസ്സാണ്.

(സി) പിൻവലിച്ച ക്രിമിനൽ കേസ്സുകളുടെ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭരണ നിർവ്വഹണ മാന്വലുകളുടെ പരിഷ്കരണം

13 (17) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണ നിർവ്വഹണ മാന്വലുകൾ പരിഷ്കരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാനവൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മറ്റ് വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## സർവ്വീസ് സംഘടനകൾ

14 (19) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എത്ര സർവ്വീസ് സംഘടനകൾ പ്രവർത്തിച്ച വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘടനകൾ പ്രവർത്തിക്കുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള സംഘടനകൾ (കാറ്റഗറി സംഘടനകൾ) എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കാറ്റഗറി സംഘടനകൾ യഥാസമയം വരവ് ചെലവ് കണക്കുകൾ സർക്കാരിനെ അറിയിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകിവരുന്നത്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ള അംഗീകൃത സർവ്വീസ് സംഘടനകളുടെ പട്ടികയിൽ 312 സംഘടനകൾ ഉൾപ്പെട്ടിട്ടുള്ളതായും അതിൽ 5 സംഘടനകളുടെ അംഗീകാരം റദ്ദാക്കിയിട്ടുള്ളതായും കാണുന്നു.

(ബി) സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപങ്ങൾ ലഭിക്കുന്ന സാഹചര്യത്തിൽ ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത

15 (20) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനപക്ഷവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് ഉറപ്പ് വരുത്തുവാൻ ഫലപ്രദമായ നടപടികൾ ഈ സർക്കാരിന്റെ ഭരണ കാലത്ത് സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ നടപടികൾ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവയെ ജനസൗഹൃദമാക്കുന്നതിനും എത്രമാത്രം സഹായകമായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സർക്കാർ ഓഫീസുകളിൽ നിന്നും അയക്കുന്ന കത്തുകളിൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഒപ്പിന് താഴെ ഇ-മെയിൽ, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശം പല ഉദ്യോഗസ്ഥരും ഇപ്പോഴും പാലിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓഫീസുകളുടെ സൗകര്യം വർദ്ധിപ്പിച്ച് ഓഫീസ് അന്തരീക്ഷം മികവുറ്റതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും മുതിർന്ന പൗരൻമാർക്ക് മുൻഗണനയും നൽകുന്നത് സംബന്ധിച്ചും പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനുമായി നിലവിലുള്ള ഒഴിവുകളും 2020 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-യെ അറിയിക്കുന്നത് സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിശദാംശങ്ങൾ നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നത് സംബന്ധിച്ചും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത്

നൽകുന്നത് സബന്ധിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനും അവർക്ക് അർഹമായ സഹായം വേഗത്തിലും കുറ്റമറ്റനിലയ്ക്കും ലഭ്യമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യാ സഹായത്തോടെ കമ്പ്യൂട്ടർ-ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനങ്ങൾ ഒരുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. തപാലിൽ ലഭിക്കുന്ന അപേക്ഷകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും പരാതികളും അപേക്ഷകളുമായി തലസ്ഥാനത്തേയ്ക്കോ ജില്ലാ ആസ്ഥാനത്തേയ്ക്കോ വരാതെതന്നെ വില്ലേജ്, താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും അക്ഷയ കേന്ദ്രങ്ങളിലും എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും ഓഫീസുകളിലും ആവശ്യമുള്ളവർക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേയ്ക്കും ദുരിതാശ്വാസ നിധിയിലേയ്ക്കും ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയും നടപടികളും ഫണ്ട് വിതരണവും പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് കൈകാര്യം ചെയ്യുന്നത്.

ഇന്റർനെറ്റ് ലഭ്യത പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 1997 വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ-ഫോൺ പദ്ധതി പൂർത്തിയാക്കുന്നതോടെ ഏറ്റവും താഴെത്തട്ടിൽ വരെ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനാകും. സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ നൽകുന്നതിനും പൊതുജനങ്ങൾക്ക് ഇത് കൂടുതൽ സഹായകരമാണ്. സർക്കാരിന്റെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കൂടുതൽ മൊബൈൽ ആപ്പുകൾ ഏർപ്പെടുത്തുന്നതാണ്. വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ മൊബൈൽ ഫോണിലൂടെ ലഭ്യമാക്കുന്നതിന് എം-കേരള മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആനുകൂല്യം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും മസ്റ്ററിംഗിൽ ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വീട്ടിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾ വഴി സർക്കാർ നൽകുന്ന ധനസഹായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് പുസ്തക രൂപത്തിലും വെബ്സൈറ്റിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സർക്കാർ ഓഫീസുകളിൽനിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസിന്റെ സ്ഥലപ്പേര്, പിൻകോഡ്, ഫോൺ നമ്പർ, അയയ്ക്കുന്ന ഉദ്യോഗസ്ഥന്റെ പേര്, ഇ-മെയിൽ വിലാസം എന്നിവ ഉൾപ്പെടുത്തണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18216/എ.ആർ. 13-2/2015/ഉ.ഭ.പ.വ. നമ്പർ പരിപത്രം 9-6-2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ടി പരിപത്രത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും ആയതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് തുടർനിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. (7289/എ.ആർ 13-2./2016/ഉ.പ.ഭ.വ. നമ്പർ പരിപത്രം തീയതി 22-2-2018). ടി. വിഷയത്തിൽ വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും അന്തരീക്ഷം മികവുറ്റതാക്കുന്നതിനും എല്ലാ വകുപ്പുകൾക്കും അവരുടെ ബഡ്ജറ്റ് ഹെഡ്ഡിൽ എല്ലാ സാമ്പത്തിക വർഷവും തുക വകയിരുത്താറുണ്ട്. വകുപ്പുകളുടെ ആവശ്യാനുസരണം നടപടിക്രമം പാലിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അതാത് എച്ച്.ഒ.ഡി-ക്കുതന്നെ ഡെലിഗേഷൻ ഓഫ് പവേഴ്സ് അനുസരിച്ചുള്ള അധികാരം നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പ് ജീവനക്കാരുടെ പണിമുടക്ക്

16 (21) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരി 19-ന് റവന്യൂ വകുപ്പ് ജീവനക്കാർ നടത്തിയ പണിമുടക്ക് നേരിടുന്നതിന് ഡയസ്നോൺ ബാധകമാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പണിമുടക്കിന് ആധാരമായ വിഷയങ്ങൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2020 ഫെബ്രുവരി 19-ന് പണിമുടക്കിയ എത്ര ജീവനക്കാർക്കാണ് ഡയസ്നോൺ ബാധകമാക്കിയതെന്ന് ജില്ലതിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡയസ്നോൺ ബാധകമാക്കി ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി)

| | |
|---|---|
| ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് | 164 |
| സർവ്വേ ഡയറക്ടറേറ്റ് | 33 |
| ലാൻഡ് ബോർഡ് | 66 |
| സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ | 20 |
| തിരുവനന്തപുരം | 1235 |
| കൊല്ലം | 960 |
| പത്തനംതിട്ട | 724 |
| ആലപ്പുഴ | 1172 |
| കോട്ടയം | 1019 |
| ഇടുക്കി | 817 |
| എറണാകുളം | 1374 |
| തൃശ്ശൂർ | 910 |
| മലപ്പുറം | 419 |
| പാലക്കാട് | 1074 |
| കോഴിക്കോട് | 255 |
| വയനാട് | 135 |
| കണ്ണൂർ | 129 |
| കാസർഗോഡ് | 164 |
| ആകെ | 10670 |

**റെയിൽ പദ്ധതികൾക്ക് കേന്ദ്ര ബഡ്ജറ്റ് വിഹിതം**

17 (22) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്ക് പുതിയ കേന്ദ്ര ബജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് എന്ന് അറിയാമോ;വ്യക്തമാക്കാമോ;

(ബി) പാത ഇരട്ടിപ്പിക്കൽ, നേമം, കൊച്ചുവേളി സ്റ്റേഷനുകളുടെ വികസനം എന്നിവയ്ക്ക് ബജറ്റ് വിഹിതം എത്രയാണ് ;

(സി) തേജസ് മോഡൽ ട്രെയിൻ സംസ്ഥാനത്ത് ആരംഭിക്കുവാൻ സാധ്യതയുണ്ടോ; എങ്കിൽ ഏത് റൂട്ടിൽ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ റെയിൽ പദ്ധതികൾക്കായി കേന്ദ്ര ബഡ്ജറ്റിൽ ഏകദേശം 164 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. എറണാകുളം-കായംകുളം (കോട്ടയം വഴി) പാത ഇരട്ടിപ്പിക്കലിന് 88.6 കോടി രൂപയും അമ്പലപ്പുഴ-ഹരിപ്പാട് പാത ഇരട്ടിപ്പിക്കലിന് 13.95 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കലിന് 133.5 കോടി, നേമം ടെർമിനൽ പദ്ധതിക്ക് 50 കോടി രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കൊച്ചുവേളി രണ്ടാം ടെർമിനൽ പദ്ധതിക്ക് ഏകദേശം 50 ലക്ഷം രൂപയും ഗുരുവായൂർ-തിരുനാവായ, അങ്കമാലി-എരുമേലി-ശബരി, അമ്പലപ്പുഴ-എറണാകുളം പാത ഇരട്ടിപ്പിക്കൽ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, പാലക്കാട് കോച്ച് ഫാക്ടറി എന്നീ പദ്ധതികൾക്ക് 1000 രൂപ വീതവും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

എറണാകുളം മാർഷലിംഗ് യാഡ്, എറണാകുളത്തിനും ആലപ്പുഴയ്ക്കും ഇടയിൽ ഇന്റർമീഡിയറ്റ് ബ്ലോക്ക് സിഗ്നലിംഗ് സംവിധാനം, മെമു ഷെഡ് വികസനം, ചെങ്ങന്നൂർ റെയിൽ സ്റ്റേഷൻ വികസനം തുടങ്ങിയവയ്ക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) അറിയിപ്പുകൾ ലഭിച്ചിട്ടില്ല.

**എമർജിംഗ് കേരള നിക്ഷേപ സംഗമം**

18 (23) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊച്ചിയിൽ വെച്ച് നടത്തിയ എമർജിംഗ് കേരള എന്ന പേരിലുള്ള നിക്ഷേപക സംഗമത്തിന് എത്ര രൂപ ചെലവഴിച്ചു എന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദ വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചു;

(സി) പ്രസ്തുത പരിപാടിയുടെ പരസ്യത്തിനായി തുക ചെലവഴിച്ചിട്ടുണ്ടോ; എത്ര തുകയാണ് ചെലവഴിച്ചത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊച്ചിയിൽ വച്ച് നടത്തിയ എമർജിംഗ് കേരള നിക്ഷേപ സംഗമത്തിന് 19.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) എമർജിംഗ് കേരള 2012 സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ അവതരിപ്പിച്ച പദ്ധതികളിൽ 26 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ 14 പദ്ധതികളാണുള്ളത്.

(സി) പ്രസ്തുത പരിപാടിയുടെ പരസ്യ പ്രചരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ എംപാനൽഡ് ഏജൻസികൾക്ക് 6,66,83,199 രൂപ നൽകിയിട്ടുണ്ട്.

**'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന പദ്ധതി**

19 (24) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2030-തോടെ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാന തലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(സി) സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2030-ഓടെ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നടത്തിവരുന്നു:

- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നിരീക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ

(സി.പി.എം.യു.)വകുപ്പ് നോഡൽ വകുപ്പായും അതിന്റെ ഡയറക്ടർ നോഡൽ ഓഫീസറായും പ്രവർത്തിച്ചുവരുന്നു.

- സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുംവേണ്ടി ദൃഢവും സുവ്യക്തവുമായ സ്ഥാപനതല ചട്ടക്കൂട് രൂപകല്പനചെയ്ത് പ്രവർത്തിച്ചുവരുന്നു. ഇതിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി അധ്യക്ഷനുമായ SDG Monitoring Group-ഉം ഉൾപ്പെടുന്നു. ഇതുകൂടാതെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥ സംവിധാനങ്ങളെ ഉൾപ്പെടുത്തി സ്ഥാപനതല ചട്ടക്കൂട് ശാക്തീകരിക്കുന്നതിനു വേണ്ടി കരട് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- വിവിധ നിർവ്വഹണ വകുപ്പുകൾ/ഏജൻസികൾ എന്നിവയെ ഏകോപിപ്പിച്ച് സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ഓരോ ലക്ഷ്യത്തിനും നോഡൽ വകുപ്പിനെയും അതാതു ഭരണ വകുപ്പിലെ നോഡൽ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുന്നതിനും താഴെത്തട്ടിലേക്ക് എത്തിക്കുന്നതിനും ഫലപ്രദമായ നിർവ്വഹണത്തിനും നിരീക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിലെ വിവിധ വകുപ്പുകളിലെ /ഏജൻസികളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ശില്പശാലകൾ (Thematic Workshops) 2018, ഫെബ്രുവരി 16-ന് നടത്തുകയുണ്ടായി.

- പ്രസ്തുത ശില്പശാലയുടെ തുടർച്ചയായി ഓരോ ലക്ഷ്യവുമായി ബന്ധപ്പെട്ട വകുപ്പുകളിലെ/ഏജൻസികളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയും അവയുടെ യോഗങ്ങൾ നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ വിവിധ സൂചകങ്ങളുടെ സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യതയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ദേശീയ സൂചക ചട്ടക്കൂടിനെ (National Indicator Framework) ചുവടുപിടിച്ച് സംസ്ഥാന സൂചക ചട്ടക്കൂട് (State Indicator Framework) തയ്യാറാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനതല സൂചകങ്ങൾ വികസിപ്പിക്കുന്നതിനും മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി വിദഗ്ദ്ധരെ ഉൾപ്പെടുത്തി Expert Group രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

• സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാപ്തമാക്കുന്നതിന് ആവശ്യമായ വിഭവം കണ്ടെത്തുന്നതിനായി കേന്ദ്ര പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും ധനവിഭവത്തെ സംബന്ധിച്ച് ഒരു മാപ്പിംഗ് വർക്ക്ഷോപ്പ് 2018, ജൂൺ 19-ന് സംഘടിപ്പിക്കുകയുണ്ടായി.

• സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി സ്ഥാപനതല ചട്ടക്കൂട് തയ്യാറാക്കുന്നതിനും അതിന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് തയ്യാറാക്കുന്നതിനുമായി ഒരു പ്രാഥമിക വർക്ക്ഷോപ്പ് 2018, ജൂലൈ 16-ന് സംഘടിപ്പിച്ചു.

• സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സ്ഥാപനതല ചട്ടക്കൂടിൽ കിലയെ Training & Capacity Building Partner ആയും സംസ്ഥാന ആസൂത്രണ ബോർഡിനെ strategic partner ആയും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനെ data partner ആയും ഉൾപ്പെടുത്തിയിട്ടുണ്ട്.

• സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും (stakeholders) കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പദ്ധതി കിലയിലൂടെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഇതിലേക്കായി വിവിധ തലത്തിലുള്ള ട്രെയിനിംഗ് മോഡ്യൂളുകളും ടൂൾകിറ്റുകളും വികസിപ്പിച്ചിട്ടുണ്ട്.

• കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നിലവിലെ സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

• " Building Capacities for SDGs-Strategies and Action" എന്ന വിഷയത്തിൽ ദേശീയ തലത്തിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി കിലയുടെ നേതൃത്വത്തിൽ ദേശീയ ശില്പശാല 2018 മാർച്ച് 5, 6 തീയതികളിൽ നടത്തുകയുണ്ടായി.

• UNICEF- മായി ചേർന്ന് 'Development of SDG Dashboard in Kerala' എന്ന വിഷയത്തിൽ 2019 ഡിസംബർ 10-ന് ഒരു പ്രാഥമിക വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

• വിവിധ stakeholders-നെ ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നീതി ആയോഗ് പുറത്തിറക്കിയ 'SDG India Index 2018, SDG India Index 2019' എന്നീ റിപ്പോർട്ടുകളിൽ കേരളത്തിന് ഒന്നാം സ്ഥാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ചില മേഖലകളിൽ കൂടി

കേരളത്തിന് ഇനിയും മുന്നേറാനുണ്ട്. ഇതിനാവശ്യമായ ഇടപെടൽ നടത്തുന്നതിനുവേണ്ടി അതതു വകുപ്പുതലങ്ങളിൽ ചർച്ച നടത്തി മുന്നോട്ടുപോകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിലും നിരീക്ഷിക്കുന്നതിലും Apex body ആയി പ്രവർത്തിക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ ചർച്ച ചെയ്ത് ഉന്നത തലത്തിൽ ഉചിതമായ നടപടികൾ/തീരുമാനങ്ങൾ എടുക്കുന്നതിന് ശിപാർശ ചെയ്യുക, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സംസ്ഥാന നിർദ്ദിഷ്ട സൂചകങ്ങൾ അന്തിമമാക്കുകയും അത് മന്ത്രിസഭയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുക, സംസ്ഥാനത്ത് സുസ്ഥിരവികസനലക്ഷ്യങ്ങൾ നടപ്പാക്കുന്നത് അവലോകനം ചെയ്യുക എന്നിവയാണ് ഈ കമ്മിറ്റിയുടെ പ്രധാന ഉത്തരവാദിത്വങ്ങൾ.

(സി) സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അതത് വർഷങ്ങളിൽ നടത്തിവരുന്നു. 2020-21 വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുവേണ്ട കർമ്മ പരിപാടികൾക്ക് രൂപം നൽകിവരുന്നു.

## വാർഷിക പദ്ധതി വിഹിതം

20 (26) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന വാർഷിക പദ്ധതി വിഹിതം എത്ര കോടിയായിട്ടാണ് നിശ്ചയിച്ചത്;

(ബി) വാർഷിക പദ്ധതിയിൽ ഓരോ വകുപ്പിനും എത്ര കോടി രൂപ നീക്കിവച്ചുവെന്നും, അതിൽ എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) 2019-20- ലെ വാർഷിക പദ്ധതിയിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വെട്ടിക്കുറവാണ് വരുത്തിയതെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-20-ലെ മൊത്തം പദ്ധതി വിഹിതം 39782.17 കോടി രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതമായ 30610 കോടി രൂപയും കേന്ദ്ര വിഹിതമായ 9172.17 കോടി രൂപയും ഉൾപ്പെടുന്നു. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ഇതോടൊപ്പം ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ വകുപ്പിനും നീക്കിവച്ച തുകയും ചെലവഴിച്ച തുകയും അനുബന്ധമായി* ഇതോടൊപ്പം ചേർത്തിരിക്കുന്നു.

(സി) ഈ സാമ്പത്തികവർഷം പദ്ധതി വിഹിതത്തിൽ കുറവുവരുത്തിക്കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും സമയാസമയങ്ങളിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ച് ചില വേയ്സ് & മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്.

**സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതി**

21(27) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാനവും കേന്ദ്രവും ചെലവഴിക്കുന്ന തുക എത്ര വീതമാണ്; വിശദമാക്കാമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതി അവസാനിപ്പിക്കുമ്പോൾ സംസ്ഥാനം നടപ്പാക്കുവാൻ ബാധ്യസ്ഥമായതും കേന്ദ്രസഹായം ആവശ്യമായതുമായ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുവാൻ മറ്റെന്തെങ്കിലും മാർഗ്ഗം പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടേതുൾപ്പെടെയുള്ള പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗം നിശ്ചിത ഇടവേളകളിൽ കൂടാറുണ്ട്. കൂടാതെ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തപ്പെടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി പ്രവർത്തനങ്ങൾ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) അവലോകനം ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പ് സെക്രട്ടറിമാരും വകുപ്പ് അദ്ധ്യക്ഷന്മാരും യഥാസമയങ്ങളിൽ പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവലോകനം നടത്താറുമുണ്ട്. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ തലത്തിലും അവലോകനയോഗം നടത്താറുണ്ട്. പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നിരീക്ഷിക്കുന്നതിന് 'PLAN SPACE' എന്ന ഓൺലൈൻ മോണിറ്ററിംഗ് സിസ്റ്റം നിലവിലുണ്ട്.

(ബി&സി) നിലവിൽ സംസ്ഥാനത്ത് 181 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. അനുബന്ധമായി* വിശദാംശങ്ങൾ കൊടുത്തിട്ടുണ്ട്.

(ഡി) സംസ്ഥാനം നടപ്പിലാക്കാൻ ബാധ്യസ്ഥമായതും കേന്ദ്രസഹായം ആവശ്യമായതുമായ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുവരുന്നു.

## ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ ശാക്തീകരണം

22 (28) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. ടി.ബി.ജി.ആർ.ഐ.യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കുള്ളിൽനിന്നുകൊണ്ട് ഇക്കോ ടൂറിസം പരിപോഷിപ്പിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി 296 ലക്ഷം രൂപയുടെ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പുവഴി അനുവദിച്ചു.

2. വിപുലീകരിച്ച ടിഷ്യൂകൾച്ചർ ലബോറട്ടറിയുടെ സബ്സെന്റർ കുളുറിൽ പ്രവർത്തരമാരംഭിച്ചു.

3. ടി.ബി.ജി.ആർ.ഐ. ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി MoEF, DBT, UNDP, KSBB എന്നീ ഫണ്ടിംഗ് ഏജൻസികളിൽ സമർപ്പിച്ച വിവിധ ഗവേഷണ പദ്ധതികൾ അതിന്റെ അവസാന ലെവൽ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള വനഗവേഷണ സ്ഥാപനം

ശാസ്ത്ര-സാങ്കേതിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങൾക്കുള്ള പ്രാധാന്യം പരിഗണിച്ച് ബഹുമാന്യനായ കേരള മുഖ്യമന്ത്രിയുടെ അതീവ പ്രയോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ കേരള വനഗവേഷണ സ്ഥാപനത്തിൽ 8-11-2018-ൽ ആരംഭിച്ച സംരംഭമാണ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ കേന്ദ്രം. കേരള മണ്ണിലെ ധാതുക്കൾ, കീടനാശിനി സാന്നിദ്ധ്യം, സസ്യങ്ങളിൽനിന്നുള്ള ജൈവ തന്മാത്രകൾ, ജലത്തിന്റെ ഗുണനിലവാരം തുടങ്ങി വിവിധ സൂചകങ്ങളുടെ സൂക്ഷ്മ വിശകലനം കൃത്യതയോടെ സാദ്ധ്യമാക്കുന്ന ഉപകരണങ്ങളാണ് ഈ കേന്ദ്രത്തിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ളത്. ഇതിനുപുറമേ അദ്ധ്യാപകർ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്ക് വിവിധ പരിശോധനാ വിശകലന സമ്പ്രദായങ്ങളിൽ നൈപുണ്യം വരുത്തുവാനുള്ള പരിശീലന പദ്ധതികൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക, ഈ വിഷയങ്ങളിൽ ആവശ്യമായ കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നീ അനുബന്ധ പ്രവർത്തനങ്ങളും കേന്ദ്ര സ്ഥാപക ഉദ്ദേശ്യങ്ങളിൽ ഉൾപ്പെടുന്നു.

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസസ്

ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പശ്ചാത്തല വികസന സൗകര്യങ്ങൾ ഒരുക്കി ശാസ്ത്രവിഷയങ്ങളിൽ താൽപ്പര്യം ജനിപ്പിക്കാനുതകുന്ന ശാസ്ത്രസമീക്ഷ പോലുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ വികസനകേന്ദ്രം (നാറ്റ്പാക്)

ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന ശാസ്ത്ര-സാങ്കേതിക നയപ്രകാരമുള്ള വിവിധ ഗവേഷണപ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ഥാപനത്തിന്റെ ഗവേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി ഗ്രാന്റ് ലഭ്യമാക്കി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിച്ചുവരുന്നു.

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ്

ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിന്റെ ഭാവിവികസനത്തിനായി ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽനിന്നുള്ള ശാസ്ത്രജ്ഞൻമാരുൾപ്പെടുന്ന റിവ്യൂ കമ്മിറ്റി തയ്യാറാക്കിയ റോഡ് മാപ്പ് പരിഗണിക്കുന്നതിനായി അമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഒരു ഉപസമിതി രൂപീകരിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ പുതുതായി മാത്തമാറ്റിക്സിൽ Integrated M.Sc. PhD കോഴ്സ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജലവിഭവ വികസന വിനിയോഗ കേന്ദ്രം

ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിൽ പതിനാല് ശാസ്ത്രജ്ഞരെയും മൂന്ന് ടെക്നിക്കൽ ജീവനക്കാരെയും അഞ്ച് അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരെയും മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി നിയമിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തിൽ ബാച്ചിലേഴ്സ് ഹോസ്റ്റൽ നിർമ്മിക്കുയും സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. 2019 ഫെബ്രുവരി 9-ന് തിരുവനന്തപുരത്തെ തോന്നയ്ക്കലിലുള്ള ലൈഫ് സയൻസ് പാർക്കിൽ ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രീഫാബ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായും സ്ഥാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ പരിസ്ഥിതി നയത്തിന്റെ ആവശ്യകത**

23 (29) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കാരണമുള്ള ദുരന്തങ്ങൾ രാജ്യത്തേക്ക് വ്യാപിക്കുന്നതായുള്ള സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ ഏറ്റവും പുതിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇത്തരത്തിൽ സംസ്ഥാനത്തുണ്ടാകാവുന്ന ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിന് ഈ സർക്കാർസ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ നടപടികൾ വിശദീകരിക്കുമോ;

(ബി) മഴമൂലമുള്ള പ്രകൃതിദുരന്തങ്ങൾ വർദ്ധിക്കുന്നതിനോടൊപ്പംതന്നെ മുൻവർഷങ്ങളെ അപേക്ഷിച്ച് മഴക്കുറവും നേരിടുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ പരിസ്ഥിതി നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായ തീവ്ര മഴ, പ്രളയം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനും അവയ്ക്ക് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 42/2019/ശ.സ.വ പ്രകാരം കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

2018-ലെ മഹാപ്രളയത്തിന്റെയും 2019-ലെ തീവ്രമഴയുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സുസ്ഥിര ഭൂവിനിയോഗത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി സർക്കാർ കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് ദുരന്തത്തെ അതിജീവിക്കാൻ കഴിയുന്നതും ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ്.

കൂടാതെ, 2019-ലെ ശക്തമായ മഴയെത്തുടർന്ന് വിവിധ ജില്ലകളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമിയിൽ വിള്ളൽ എന്നിവ കണ്ടെത്തിയ സ്ഥലങ്ങളിലെ ജനവാസ യോഗ്യതയെക്കുറിച്ച് വേഗത്തിൽ പരിശോധിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മണ്ണ് സംരക്ഷണവകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഭൂജല വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 50 സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്.

(ബി) പരിസ്ഥിതി സൗഹാർദ്ദപരമായ വികസന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക, മനുഷ്യന്റെ പരിസ്ഥിതിയുമായുള്ള ഇടപെടലുകൾ പ്രകൃതി സൗഹാർദ്ദമാക്കിമാറ്റുവാനുള്ള അവബോധം സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നമ്മുടെ പരിസ്ഥിതിയുടെ സവിശേഷതകളെയും അവയ്ക്ക് ഇപ്പോൾ സംഭവിച്ചിരിക്കുന്ന ആഘാതങ്ങളെയും മനസ്സിലാക്കുന്നതിനും പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിൽ ഏതൊക്കെ മേഖലകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട് എന്നിവ മുൻനിർത്തിയും പരിസ്ഥിതി സംബന്ധിച്ച ധവളപത്രം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ധവളപത്രത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തീരദേശ പരിപാലന പ്ലാൻ

24 (31) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് ദൂരപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് 2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനു ശേഷം തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019-ലെ സ.ഉ (സാധാ)നമ്പർ 80/19/പരി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയായിട്ടില്ല. അടിയന്തരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിക്ക് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി

25 (32) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ കൊച്ചി പോലുള്ള തീരപ്രദേശങ്ങളിൽ സർക്കാർ തുക വകയിരുത്തിയിട്ടുള്ള പാലം, ആശുപത്രി കെട്ടിടം, സ്കൂൾ കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണത്തിനായി തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമുണ്ടോ;

(ബി) പ്രസ്തുത അനുമതി ലഭിക്കാൻ നേരിടുന്ന കാലതാമസംമൂലം ജനോപകാരപ്രദമായ പല പ്രവൃത്തികളും ആരംഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിലെ മധുരകമ്പനി പാലത്തിന്റെ നിർമ്മാണത്തിനായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 278 ലക്ഷം രൂപയും എം.പി. ഫണ്ടിൽ നിന്നും 80 ലക്ഷം രൂപയും വകയിരുത്തിയിട്ടും 30-11-2019-ന് കൊച്ചി മുനിസിപ്പൽ

കോർപ്പറേഷനിൽ നിന്നുള്ള അനുമതിക്കായി സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ അനുമതി ലഭിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2011 CRZ വിജ്ഞാപന പ്രകാരം CRZ പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയിലെ ഏതുതരം നിർമ്മാണപ്രവർത്തനങ്ങൾക്കും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

(ബി) കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം 30-10-2019-ൽ കേരള തീരദേശ പരിപാലന അതോറിറ്റി പുനഃസംഘടിപ്പിച്ചതിനെ തുടർന്ന് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ സ്റ്റേറ്റ് കമ്മിറ്റിയിൽ കെട്ടിക്കിടന്ന CRZ ക്ലിയറൻസിനുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നിലവിൽ പാലം, ആശുപത്രി കെട്ടിടം, സ്കൂൾ കെട്ടിടം തുടങ്ങിയവയുടെ CRZ അനുമതിക്കായുള്ള അപേക്ഷകൾക്ക് കാലതാമസം നേരിടുന്നില്ല.

(സി&ഡി) കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ 13-12-2019-ൽ മധുരക്കമ്പനി കണ്ണങ്ങാട്ട് പാലം, അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള CRZ ക്ലിയറൻസിനായി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ സാങ്കേതിക വിഭാഗം പരിശോധിച്ചപ്പോൾ അപേക്ഷയോടൊപ്പം അവശ്യരേഖകൾ സമർപ്പിച്ചിട്ടുണ്ടായിരുന്നില്ല. ആയത് സമർപ്പിക്കണമെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയോടും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോടും ആവശ്യപ്പെട്ടിരുന്നു. ടി രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കമ്മിറ്റി, അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതാണ്.

## കോസ്റ്റൽ സോൺ മാപ്പ്

26 (33) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ തീരദേശ പരിപാലന ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കോസ്റ്റൽ സോൺ മാപ്പ് തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഈ ലക്ഷ്യം മുൻനിർത്തി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സ.ഉ. (സാധാ)നമ്പർ 80/19/പരി. നമ്പർ പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായിട്ടില്ല. അടിയന്തരമായി പുതിയ പ്ലാൻ തയ്യാറാക്കി അനുമതിക്ക് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ജലം, വായു, മണ്ണ് എന്നിവയെ മലിനീകരണമുക്തമാക്കുന്നതിനുള്ള നടപടി

27 (34) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങൾ, പുഴകൾ, അന്തരീക്ഷം എന്നിവ മലിനമായ അവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലം, വായു, മണ്ണ് എന്നിവയെ മലിനീകരണമുക്തമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട നദിയായ ഭാരതപ്പുഴയെ മലിനീകരണമുക്തമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974, പ്രകാരം ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജല നിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ജലമലിനീകരണം സൃഷ്ടിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും നിയമനടപടികൾ കൈക്കൊള്ളുന്നതിനും Environmental Compensation ഈടാക്കുന്നതിനും ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ബോർഡിന്റെ തന്നെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും പരിശോധിച്ച് പരിശോധനാഫലം വിലയിരുത്തി തുടർ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. വായു-ജല പരിശോധനാ ഫലങ്ങൾ ക്രോഡീകരിച്ച് Water Air ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ കേരളത്തിലെ 21 മലിനീകരിക്കപ്പെട്ട നദികളെ മാലിന്യമുക്തമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നഗരപ്രദേശത്തുകൂടി ഒഴുകുന്ന നദിയുടെ ഇരുകരകളിലും 250 മീറ്റർ ദൂരത്തിലുള്ള വീടുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് വഴി സാനിറ്റേഷൻ സർവ്വേ നടത്തുകയും സർവ്വേ ഫലങ്ങൾകൂടി ഉൾക്കൊള്ളിച്ച് കർമ്മപദ്ധതി ഇറിഗേഷൻ വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റി തയ്യാറാക്കുകയും ആയത് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം രൂപീകരിച്ച സംസ്ഥാന റിവർ റിജുവനേഷൻ കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയും ചെയ്തു. ടി കർമ്മപദ്ധതി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ, O.A .No.673/2018-ൽ 8-4-.2019-ലെ ഉത്തരവിൽ അംഗീകരിച്ചതിനെത്തുടർന്ന് ആയത് വിവിധ വകുപ്പുകൾ നടപ്പിലാക്കി അവയുടെ പുരോഗതി വിലയിരുത്തിവരികയും ചെയ്യുന്നു.

അന്തരീക്ഷത്തിലേക്ക് പാഴ്വായു നിർഗ്ഗമനം ചെയ്യുന്ന സ്ഥാപനങ്ങളെ വായു (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1981 പ്രകാരം ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ വായുമലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയും അവയുടെ പ്രവർത്തനം ഇടയ്ക്കിടെ മോണിട്ടർ ചെയ്യുകയും ചെയ്തുവരുന്നു. സംസ്ഥാനത്ത് 35 സ്ഥലങ്ങളിൽനിന്ന് ബോർഡ് അന്തരീക്ഷവായു ഗുണനിലവാരം നിർണ്ണയിക്കുന്നുണ്ട്. ഇതിൽ 28

സ്റ്റേഷനുകളിൽ നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിന് കീഴിലും 7 സ്റ്റേഷനുകളിൽ സ്റ്റേറ്റ് ആമ്പിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിനു കീഴിലും ആണ് മോണിട്ടറിംഗ് നടത്തിവരുന്നത്. ബോർഡിന്റെ വെബ്സൈറ്റിൽ തത്സമയ വായു ഗുണനിലവാരം ലഭ്യമാണ്. ആയത് ജനങ്ങൾക്ക് നിരീക്ഷിക്കാവുന്നതാണ്.

ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ 2020 ജനുവരി ഒന്ന് മുതൽ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുവാനുള്ള നടപടികളും ബോർഡ് സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട 68 വിനോദസഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും ദേവികുളം താലൂക്കിലും One time use പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് ബോർഡ് സർക്കുലർ ഇറക്കിയിട്ടുണ്ട്. തീർത്ഥാടന സീസണിൽ നിലയ്ക്കൽ, പമ്പ, ശബരിമല എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് ബോർഡ് നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA No.606/2018-ന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 3 മാതൃകാ പട്ടണങ്ങൾ/ 3 മാതൃകാ നഗരങ്ങൾ/ഓരോ ജില്ലയിലും 3 പഞ്ചായത്തുകൾ വീതം തെരഞ്ഞെടുക്കുന്നതിനും അവ Solid Waste Management Rules, 2016 ഉൾപ്പെടെയുള്ള എല്ലാ പരിസ്ഥിതി നിയമങ്ങളും 6 മാസത്തിനകം പാലിക്കണമെന്ന് ഉത്തരവിടുകയുമുണ്ടായി. ഈ ഉത്തരവുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും (SLMC) ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും (DLMC) രൂപീകരിക്കാൻ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിട്ടു. ആയതുപ്രകാരം സംസ്ഥാനത്ത് SLMC-യും DLMC-കളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) ഭാരതപ്പുഴയെ മലിനീകരണ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ പുഴയുടെ തീരത്തുള്ള ഒരു പ്രധാന പട്ടണമായ പട്ടാമ്പിയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ബന്ധപ്പെട്ട വകുപ്പുകളും ചേർന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവുകളുടെ കൂടി അടിസ്ഥാനത്തിൽ ആവിഷ്കരിച്ച കർമ്മപദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പട്ടാമ്പി നഗരത്തിൽ നിന്നുള്ള ഖര, ദ്രവ മാലിന്യങ്ങൾമൂലമുള്ള മലിനീകരണം തടയുന്നതിനും പുഴയിലെ നീരൊഴുക്ക് പുഷ്ടിപ്പെടുത്തുന്നതിനുള്ള നടപടികൾ കർമ്മപദ്ധതിയിലുണ്ട്.

ഇതുകൂടാതെ ജല മലിനീകരണ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയുടെയും അതിന്റെ പ്രധാന കൈവഴികളായ കല്പാത്തിപ്പുഴ, ചിറ്റൂർപ്പുഴ, ഗായത്രിപ്പുഴ, തൂതപ്പുഴ എന്നിവയിലേയ്ക്കും വ്യവസായങ്ങളൊന്നും അനധികൃതമായി മലിന ജലം തുറന്നുവിടുന്നില്ല എന്ന് പരിശോധനകളിലൂടെ ബോർഡ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്.

## പ്ലാസ്റ്റിക് നിരോധനം

28 (35) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനം യാഥാർത്ഥ്യബോധത്തോടെ നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം നിലവിൽ വന്ന ശേഷം നിരോധനം ലംഘിച്ചവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തങ്ങളുടെ അധികാരപരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കർശനമായി പരിശോധന നടത്തുകയും നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് പരിശോധന നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ബദൽ NIIST-യുടെ സഹായത്തോടെ കണ്ടെത്തുവാൻ ബോർഡിനെ ചുമതലപ്പെടുത്തി ഇതിൻപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം ഖരമാലിന്യം കൈകാര്യം ചെയ്യാനായി തദ്ദേശസ്ഥാപനങ്ങൾക്ക് producers/brand owners-ൽ നിന്ന് സാമ്പത്തിക സഹായം നൽകേണ്ടതായിട്ടുണ്ട്. ഇതിൻപ്രകാരം Extended Producers Reponisibility fund രൂപീകരിക്കുന്ന ഒരു പദ്ധതി അന്തിമ ഘട്ടത്തിലാണ്.

(ബി) നിയമലംഘനം ബോധ്യപ്പെടുന്ന പക്ഷം നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000 രൂപയും രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000 രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനുശേഷം തുടർന്നുള്ള നിർദ്ദേശ

ലംഘനത്തിന് 50,000 രൂപ (അമ്പതിനായിരം രൂപ) പിഴ ചുമത്തുന്നതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തിവരികയും നിരോധിക്കപ്പെട്ട വസ്തുക്കൾ പിടിച്ചെടുത്ത് നോട്ടീസും പിഴയും ചുമത്തിയതായുള്ള മഹസർ നൽകുകയും ചെയ്തുവരുന്നു.

## പ്ലാസ്റ്റിക് നിരോധനത്തിന്റെ പുരോഗതി

29 (36) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ പ്ലാസ്റ്റിക് നിരോധനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ കവറുകൾ തിരിച്ചെടുക്കുന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന സാഹചര്യത്തിൽ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ള ഉൽപ്പാദകരും വിതരണക്കാരും ഇതുവരെ മാലിന്യ ശേഖരണത്തിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന വസ്തുത സർക്കാർ പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തങ്ങളുടെ അധികാരപരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കർശനമായി പരിശോധന നടത്തുകയും നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ള സ്ക്വാഡ് സ്ഥാപനങ്ങളിൽ പരിശോധന നടത്തിവരികയും നിരോധിക്കപ്പെട്ട വസ്തുക്കൾ പിടിച്ചെടുത്ത് നോട്ടീസും പിഴയും ചുമത്തിയതായുള്ള മഹസർ നൽകുകയും ചെയ്തുവരുന്നു. കുടുംബശ്രീ യൂണിറ്റുകളെ പ്രയോജനപ്പെടുത്തി പ്ലാസ്റ്റിക്കിന് പകരമായി പരിസ്ഥിതി സൗഹൃദമായ ഉൽപ്പന്നങ്ങൾ നിലവിൽ നിർമ്മിച്ചുവരുന്നുണ്ട്. ജില്ലാതല യൂണിറ്റുകളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനും വലിയ ഓർഡറുകൾ ചെയ്തുകൊടുക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ Branded വസ്തുക്കളുടെ നിർമ്മാതാക്കളെ/വിതരണക്കാരിൽനിന്നും Extended Producers Reponsibility പ്രകാരം നിശ്ചിത ഫീസ് ഈടാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ, Web Portal എന്നിവ അന്തിമ ഘട്ടത്തിലാണ്.

(ബി) Branded വസ്തുക്കളെ നിരോധനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരെ Extended Producers Reponsibility പ്രകാരം അവരുടെ ഉൽപ്പന്നങ്ങളുടെ കൈകാര്യ ചെലവിനായി ഒരു നിശ്ചിത ഫീസ് ഖരമാലിന്യം കൈകാര്യം ചെയ്യാനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതായിട്ടുണ്ട്. ഇതിൻപ്രകാരം Extended Producers Reponsibility fund, അതിനായുള്ള Web portal എന്നിവ അന്തിമഘട്ടത്തിലാണ്.

(സി) ഉൽപ്പാദകരും വിതരണക്കാരും മാലിന്യ ശേഖരണത്തിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനായി സമീപിച്ചിട്ടുള്ളതും അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സെക്രട്ടേറിയറ്റ് സർവ്വീസും കെ.എ.എസ്-ഉം

30 (37) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, ഫിനാൻസ് സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ നിന്നും നിലവിൽ എത്ര ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷനിൽ മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ് സർവ്വീസിനെ കെ.എ.എസ്-ൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതിയെ നിയോഗിച്ചിരുന്നോ; പ്രസ്തുത സമിതി റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ നിന്നും 380 ജീവനക്കാരും ധനകാര്യ സെക്രട്ടേറിയറ്റിൽ നിന്നും 173 ജീവനക്കാരും അന്യത്ര സേവന വ്യവസ്ഥയിൽ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നു. വിശദവിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ബി) നിയോഗിച്ചിരുന്നു. ഇതുസംബന്ധിച്ച് രണ്ട് സമിതികൾ സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.എസ്.സി. നിയമനങ്ങൾക്ക് അഡ്വൈസ് മെമ്മോ നൽകുന്ന രീതി

31 (38) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി നിയമനങ്ങൾക്ക് അഡ്വൈസ് മെമ്മോ നൽകുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയതായി അവലംബിച്ചിരിക്കുന്ന രീതി വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശകൾ തപാലിൽ അയച്ചുകൊടുക്കുന്ന രീതിക്ക് 08-2019 മുതൽ മാറ്റം വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം നിയമന ശിപാർശ കൈപ്പറ്റുന്നതിനായി ഉദ്യോഗാർത്ഥികൾ പി.എസ്.സി.-യുടെ ആസ്ഥാന/ജില്ലാ ഓഫീസുകളിൽ അവരവരുടെ തിരിച്ചറിയൽ കാർഡുമായി നേരിട്ടെത്തി നിയമന ശിപാർശ കൈപ്പറ്റുന്ന രീതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. Biometric സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികളെ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെയാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ സംവിധാനം നടപ്പാക്കിയിട്ടുള്ളത്.

## പി.എസ്.സി. പരീക്ഷകളുടെ വിശ്വാസ്യത

32 (39) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ നിയമനത്തിന് 2018 ജൂലൈയിൽ പി.എസ്.സി. നടത്തിയ പരീക്ഷയിൽ ചില വിദ്യാർത്ഥി സംഘടനാ നേതാക്കൾ ക്രമക്കേട് നടത്തിയത് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ ഇതിനകം കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പരീക്ഷയിൽ എപ്രകാരമുള്ള തട്ടിപ്പാണ് നടന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പി.എസ്.സി. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നടത്തിയ മറ്റേതെങ്കിലും പരീക്ഷകളിൽ ഇത്തരം ക്രമക്കേട് നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പരീക്ഷകളിലെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരം പരീക്ഷാ തട്ടിപ്പ് ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് പി.എസ്.സി. സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പരീക്ഷ ഡ്യൂട്ടിക്ക് നിയുക്തരായ ജീവനക്കാരുടെ സഹായം പ്രസ്തുത തട്ടിപ്പിന് ലഭിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) പി.എസ്.സി. പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും പരീക്ഷ എഴുതുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് ആത്മ വിശ്വാസം ഉണ്ടാക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി നൽകിയ പരാതിയിന്മേൽ ക്രൈം ബ്രാഞ്ച് രജിസ്റ്റർ ചെയ്ത 429/CB/TVM/D/2019 U/s 406, 409, 420, 120 B & 34 IPC and Sec.43(a) (b) r/w.66 of IT Act പ്രകാരമുള്ള കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

(ബി&സി) സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ പരീക്ഷാ ചോദ്യ പേപ്പറിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പ്രതികൾ പരസ്പരം കൈമാറുകയും അവ ഒ.എം.ആർ. ഷീറ്റിൽ രേഖപ്പെടുത്തുകയും ചെയ്ത് പരീക്ഷയിൽ ക്രമക്കേട് നടത്തിയതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ഡി) കണ്ടെത്തിയിട്ടില്ല.

(ഇ&എഫ്) ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാകേന്ദ്രത്തിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിന് നടപടി

33 (40) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടാകുന്നുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾ തടയുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് പി.എസ്.സി. കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ചോദ്യപേപ്പർ തയ്യാറാക്കുന്നവർ ഗൈഡുകളിൽ നിന്നും ചോദ്യങ്ങൾ പകർത്തുന്നുവെന്ന വ്യാപക പരാതികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(സി) ഇത്തരം പരാതിക്ക് ഇടനൽകുംവിധം പ്രവർത്തിച്ച വ്യക്തികളെ ചോദ്യപേപ്പർ തയ്യാറാക്കുന്ന പാനലിൽ നിന്നും സ്ഥിരമായി നീക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ 2019-ൽ എത്ര പേർക്കെതിരെ അത്തരത്തിൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകുന്ന നടപടി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇത് വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പി.എസ്.സി. പരീക്ഷകളിൽ ക്രമക്കേട് തടയുന്നതിനായി പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുകയും ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം പി.എസ്.സി. പരീക്ഷകളിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസിന്റെ സൈബർ ക്രൈം വിഭാഗത്തിന്റെ നേതൃത്വത്തിൽ പി.എസ്.സി. ഉദ്യോഗസ്ഥർക്കും പരീക്ഷാ കേന്ദ്രങ്ങളിലെ അദ്ധ്യാപകർക്കും ആവശ്യമായ പരിശീലനം നൽകിവരുന്നു.

(ബി&സി) ചോദ്യങ്ങളിൽ ചിലത് ഗൈഡുകളിൽ നിന്ന് പകർത്തുന്നുവെന്ന രീതിയിൽ പരാതികൾ ലഭിക്കാറുണ്ട്. പ്രസ്തുത പരാതികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിജിലൻസ് വിഭാഗം അന്വേഷിക്കുന്നുമുണ്ട്. നാളിതുവരെയുള്ള പരാതികളിൽ ചോദ്യകർത്താക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള തെളിവുകൾ ലഭിച്ചിട്ടില്ല. 2019-ൽ ഇത്തരത്തിൽ ആരെയും അയോഗ്യരാക്കിയിട്ടില്ല.

(ഡി) നിയമന ശിപാർശ കൈപ്പറ്റുവാൻ ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്. മുഖേനയും പ്രൊഫൈൽ മെസ്സേജ് മുഖേനയും അറിയിപ്പ് നൽകിവരുന്നു. തദനുസരണം ഉദ്യോഗാർത്ഥികൾ നിലവിൽ നേരിട്ട് നിയമന ശിപാർശ കൈപ്പറ്റിവരുന്നു. അതിനാൽ നിയമനശിപാർശ തപാൽ മുഖേന ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നില്ലായെന്ന പരാതി അവസാനിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷ

34 (41) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. പരീക്ഷയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, ഫിനാൻസ് സെക്രട്ടേറിയറ്റ് ഉൾപ്പെടെ ഷെഡ്യൂൾ 1-ൽ പരാമർശിച്ചിരിക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും സ്ക്കീം III പ്രകാരം പി.എസ്.സി. ക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) കെ.എ.എസ്. പരീക്ഷയ്ക്ക് സ്ക്കീം II പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ക്കീം III-ൽ ലഭിച്ച അപേക്ഷകളുടെ വകുപ്പ് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്ക്കീം II-ൽ ലഭിച്ച അപേക്ഷകളുടെ വകുപ്പ് തിരിച്ചുള്ള എണ്ണം അനുബന്ധമായി* ചേർക്കുന്നു.

## കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. നിയമനം

35 (42) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷനിലേക്ക് അസിസ്റ്റന്റ് നിയമനത്തിനുള്ള പി.എസ്.സി. പരീക്ഷയും തുടർ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ വിഭാഗത്തിൽ നിലവിൽ എത്ര ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 399/2017, 400/2017 കാറ്റഗറി നമ്പരായുള്ള കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള റാങ്ക് പട്ടിക 31-12-2019 മുതൽ പ്രാബല്യത്തിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാറ്റഗറി നമ്പർ 399/2017-ൽ 855 (എണ്ണൂറ്റി അമ്പത്തി അഞ്ച്) ഒഴിവുകളും കാറ്റഗറി നമ്പർ 400/2017-ൽ 168 (നൂറ്റി അറുപത്തി എട്ട്) ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റാങ്ക് പട്ടിക 31-12-2019-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കെ.എ.പി. അഞ്ചാം ബറ്റാലിയനിലെ നിയമനം

36 (43) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ കെ.എ.പി. അഞ്ചാം ബറ്റാലിയനിലേക്ക് നിയമനം നൽകുന്നതിനുവേണ്ടിയുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതിൽ മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലും എത്ര പേർ വീതം ഉൾപ്പെട്ടിരിക്കുന്നുവെന്നും ഇത് എന്ന് നിലവിൽ വന്നുവെന്നും ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ നിലവിലിരിക്കുന്ന റാങ്ക് ലിസ്റ്റിന് മുമ്പ് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ നിയമനം സംബന്ധിച്ച് ഏതെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ; കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ഡി) കെ.എ.പി. അഞ്ചാം ബറ്റാലിയനിലേയ്ക്കുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും വേഗത്തിൽ നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1-7-2019 മുതൽ പ്രാബല്യത്തിലുണ്ട്.

(ബി) മെയിൻ ലിസ്റ്റിൽ 958 ഉദ്യോഗാർത്ഥികളും സപ്ലിമെന്ററി ലിസ്റ്റിൽ 441 ഉദ്യോഗാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന 1-7-2019 മുതൽ ഒരു വർഷം വരെയാണ് കാലാവധി.

(സി&ഡി) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശ, നിയമനം എന്നിവ സ്റ്റേ ചെയ്തിട്ടുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

37 (44) ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി; വിശദാംശം നൽകാമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ദീർഘിപ്പിച്ചു നൽകിയത് മുഖേന എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകി; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 30-6-2016-ന് നിലവിലുള്ളതും 30-6-2016 മുതൽ 30-12-2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-12-2016 വരെയും 31-12-2016 മുതൽ 30-6-2017 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 30-6-2017 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.

(ബി) പ്രസ്തുത വിവരം സർക്കാരിലോ പി.എസ്.സി.യിലോ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) 2020 ജനുവരി വരെ 1,27,595 (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## കമ്പനി/ബോർഡ്/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ് തസ്തിക

38 (45) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/ബോർഡ്/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് (കാറ്റഗറി നമ്പർ 399/2017) ഒന്നാം റാങ്ക് പട്ടികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള രണ്ടാം റാങ്ക് പട്ടികയിൽ (കാറ്റഗറി നമ്പർ 400/2017) എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ആദ്യത്തെ പട്ടികയിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തന്നെ രണ്ടാമത്തെ പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകാറുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സാഹചര്യത്തിൽ ഒന്നാം പട്ടികയിൽ നിന്നുള്ള നിയമന ശിപാർശ സ്വീകരിക്കാൻ ഉദ്യോഗാർത്ഥി നേരിട്ടെത്തുമ്പോൾ തന്നെ രണ്ടാം പട്ടികയിൽ നിന്നുള്ള നിയമനത്തിന് പരിഗണിക്കേണ്ടതില്ല എന്ന സമ്മതപത്രം വാങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 855 (എണ്ണൂറ്റി അമ്പത്തി അഞ്ച്) ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 168 (നൂറ്റി അറുപത്തി എട്ട്) ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി &ഡി) ഉണ്ട്. ഇതുസംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഇതേവരെ ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

## എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റ്

39 (46) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 659/2017 പ്രകാരം പരീക്ഷ നടത്തി 476/19/ഡി.ഒ.ഇ. പ്രകാരം നിലവിൽ വന്നിട്ടുള്ള എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റിൽ മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലുമായി എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിലേയ്ക്കായി ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) മെയിൻ ലിസ്റ്റിൽ 36-ഉം സപ്ലിമെന്ററി ലിസ്റ്റിൽ 35-ഉം ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 3-9-2022 വരെയാണ്.

(സി) 3 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റ്

40 (47) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പ്രസിദ്ധീകരിച്ച സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും 2020 ജനവരി 15 വരെ എത്രപേർക്ക് നിയമനം നൽകിയെന്നും ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും അറിയിക്കാമോ;

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കുറച്ചുപേർക്ക് മാത്രം നിയമനം നൽകിയ സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് വർഷമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ 340/16) തസ്തികയിലേയ്ക്ക് 8-4-2019-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെയും എണ്ണം ജില്ല തിരിച്ച് പട്ടികയായി ഇതോടൊപ്പം ചേർക്കുന്നു.

| ജില്ല | റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം | നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 208 | 55 |
| കൊല്ലം | 174 | 42 |
| ആലപ്പുഴ | 232 | 13 |
| പത്തനംതിട്ട | 175 | 28 |

| (1) | (2) | (3) |
|---|---|---|
| കോട്ടയം | 219 | 15 |
| എറണാകുളം | 283 | 31 |
| ഇടുക്കി | 248 | 19 |
| തൃശ്ശൂർ | 234 | 14 |
| പാലക്കാട് | 267 | 31 |
| മലപ്പുറം | 283 | 29 |
| കോഴിക്കോട് | 208 | 30 |
| വയനാട് | 243 | 24 |
| കണ്ണൂർ | 210 | 22 |
| കാസർഗോഡ് | 221 | 9 |
| ആകെ | 3205 | 362 |

റങ്ക് പട്ടിക നിലവിൽ വന്ന 8-4-2019 മുതൽ ഒരു വർഷം വരെയാണ് കാലാവധി.

(സി) റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

### പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ

41 (48) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ: എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വകുപ്പുകളിൽ നിന്നും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 27 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 13 ഒഴിവുകൾ പ്രതീക്ഷിത ഒഴിവായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 14 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 428 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിയമനം ത്വരിതപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് പി.എസ്.സി. വഴി നികത്തപ്പെടേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും /നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുതപരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**സൂപ്പർ ന്യൂമററി തസ്തികകളിലെ അംഗപരിമിതരായ ജീവനക്കാർ**

42 (49) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 മുതൽ വിവിധ വകുപ്പുകളിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ അംഗപരിമിതരായ ജീവനക്കാർ ജോലി ചെയ്തു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് സ്ഥിരം ജീവനക്കാർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഇവർക്കും സ്ഥിരം ജീവനക്കാർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്.

(സി) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്.

## ഭിന്നശേഷിക്കാരുടെ ക്വാട്ടയിൽ അനർഹർക്ക് ജോലി

43 (50) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ വിവിധ സർക്കാർ ഓഫീസുകളിൽ ഭിന്നശേഷിക്കാരുടെ ക്വാട്ടയിൽ യോഗ്യതയില്ലാത്തവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാർക്ക് നൽകുന്ന മുച്ചക്ര വാഹനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റി മറിച്ച് വിൽക്കുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഭിന്നശേഷിക്കാർക്ക് നൽകുന്ന മുച്ചക്ര വാഹനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റി മറിച്ചുവിൽക്കുന്നതായ പരാതി ലഭിച്ചിട്ടില്ല. ഭിന്നശേഷിക്കാർക്ക് നൽകുന്ന മുച്ചക്ര വാഹനം മറിച്ചുവിൽക്കുകയാണെന്ന് കണ്ടെത്തിയാൽ ഗുണഭോക്താവിനെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി 200 രൂപ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം വാങ്ങുന്നുണ്ട്. മാത്രമല്ല, ഭിന്നശേഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്ന സൈഡ് വീൽ സ്കൂട്ടറിന്റെ RC ബുക്കിൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് "കൈമാറ്റം ചെയ്യാൻ പാടില്ല" എന്ന് രേഖപ്പെടുത്തിയാണ് വിതരണം ചെയ്തുവരുന്നത്.

## ആശ്രിതനിയമനം

44 (51) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വിവിധ തസ്തികകളിൽ നിയമനം കാത്ത് പൊതുഭരണ (സി.ഇ. സെൽ) വകുപ്പിലെ റാങ്ക് ലിസ്റ്റിൽ നിലവിൽ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1-1-2019 മുതൽ നാളിതുവരെ വിവിധ വകുപ്പുകളിൽ നിന്നും എത്ര ഒഴിവുകൾ സെല്ലിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ആയതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് തസ്തികയും വകുപ്പും തിരിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

1. എൽ.ഡി.ക്ലാർക്ക് തസ്തികയിൽ 287 പേർ
2. അസിസ്റ്റന്റ് തസ്തികയിൽ 56 പേർ
3. ആഡിറ്റർ തസ്തികയിൽ 15 പേർ
4. ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ 4 പേർ
5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 4 പേർ എന്നീ ക്രമത്തിൽ അപേക്ഷകൾ നിയമനം കാത്ത് നിൽക്കുന്നുണ്ട്.

(ബി) 1-1-2019 മുതൽ നാളിതുവരെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 20 ഒഴിവുകളും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 40 ഒഴിവുകളും സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ 25 ഒഴിവുകളും എൽ.ഡി.ക്ലാർക്ക് തസ്തികയിൽ 210 ഒഴിവുകളും സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 30 ഒഴിവുകളും ആശ്രിതനിയമന പദ്ധതിപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വകുപ്പ്, സബോർഡിനേറ്റ് ജുഡീഷ്യറി എന്നിവയിൽ ഓരോരുത്തർക്ക് വീതവും ഗ്രാമവികസന വകുപ്പിൽ 4 പേർക്കും പൊതുഭരണ വകുപ്പിൽ 13 പേർക്കും സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിൽ ഒരാൾക്കും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 40 പേർക്കും എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 8 പേർക്കും സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ 13 പേർക്കും നിയമനം നൽകിയിട്ടുണ്ട്. ഹോമിയോപ്പതി ഡിപ്പാർട്ട്മെന്റിൽ 7 സൂപ്പർന്യൂമററി എൽ.ഡി.ക്ലാർക്കുമാരെ റെഗുലറൈസ് ചെയ്തിട്ടുണ്ട്.

## ഇന്റർനെറ്റ് നയം

45 (53) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചു കൊണ്ടുള്ള സർക്കാർ നയം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നയം പ്രാവർത്തികമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഓപ്റ്റിക്കൽ ഫൈബർ ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഏതൊക്കെ സ്ഥാപനങ്ങളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും ഓരോ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഏതൊക്കെ വിധത്തിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). ബഹുമാനപ്പെട്ട ഗവർണറുടെ 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ കെ-ഫോൺ പദ്ധതി സംബന്ധിച്ച പ്രഖ്യാപനമുണ്ടാകുകയും 2017-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പദ്ധതിയെ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ 2017-ലെ വിവരസാങ്കേതിക വിദ്യാനയത്തിൽ പദ്ധതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് ലിമിറ്റഡ് എന്ന പേരിൽ ഒരു ജോയിന്റ് വെൻച്വർ കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ/എസ്.പി.വി.) രൂപീകരിക്കുകയും പ്രസ്തുത എസ്.പി.വി.-യെ സഹായിക്കുന്നതിന് പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ (M/s Pricewaterhouse Coopers Pvt.Ltd) പദ്ധതിയുടെ പ്രോജക്ട്

മാനേജ്മെന്റ് യൂണിറ്റ് ആയി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഒപ്റ്റിക്കൽ ഫൈബർ ലൈനുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭഘട്ടമായി പരുത്തിപ്പാറ കെ.എസ്.ഇ.ബി.എൽ. സബ്സ്റ്റേഷൻ മുതൽ ടെക്നോപാർക്ക് സ്റ്റേറ്റ് ഡാറ്റാ സെന്റർ വരെ കേബിൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ സംസ്ഥാന സർക്കാർ ഓഫീസുകളിലേയ്ക്കുള്ള കണക്ടിവിറ്റിക്കുവേണ്ടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ഡി) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.)ന്റെയും സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു ജോയിന്റ് വെൻച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ റെയിൽടെൽ, എൽ.എസ്. കേബിൾ, എസ്.ആർ.ഐ.റ്റി. (Sobha Renaissance Information Technology Pvt.Ltd) എന്നീ കമ്പനികൾ ഉൾപ്പെടുന്ന കൺസോർഷ്യത്തിനെ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായി തെരഞ്ഞെടുത്തിട്ടുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ**

46 (54) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി കൂടുതൽ സേവനം ലഭ്യമാക്കുന്നതിനും അക്ഷയ കേന്ദ്രങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കണ്ണൂർ ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്നറിയിക്കാമോ;

(ബി) പുതുതായി അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും എന്തെല്ലാമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനുള്ള അംഗീകൃത സേവന കേന്ദ്രങ്ങൾ

അക്ഷയകേന്ദ്രങ്ങൾ മാത്രമായി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ മുഖേന ലഭിക്കുന്ന സർക്കാർ സേവനങ്ങളുടെ എണ്ണം വിപുലപ്പെടുത്തി അക്ഷയകേന്ദ്രങ്ങളുടെ സേവന വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ട്.

റേഷൻ കാർഡ് സംബന്ധിച്ച സേവനങ്ങൾ, വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിലേക്കുള്ള പേമെന്റുകൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്, കേരള കരകൗശല വികസന തൊഴിലാളികളുടെ രജിസ്ട്രേഷൻ, ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ, പ്രവാസി ക്ഷേമനിധി അംശദായ അടവ് തുടങ്ങിയവ ഉൾപ്പെടെ നിരവധി സേവനങ്ങൾ അക്ഷയവഴി നൽകിവരുന്നുണ്ട്. ഹോസ്പി ക്യാഷ്, യൂസ്ഡ് കാർ ലോൺസ് തുടങ്ങി സാധ്യമായ B2C (Business to Citizen) സേവനങ്ങൾ അക്ഷയയിലൂടെ നടപ്പാക്കിത്തുടങ്ങി. എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ചൈൽഡ് ആധാർ എൻറോൾമെന്റ്, സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ് എന്നിവ ചെയ്യുന്നതിനായി സംരംഭകർക്ക് സൗജന്യമായി ടാബ് വിതരണം ചെയ്തു. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് ആധാർ എൻറോൾമെന്റിനുള്ള കിറ്റ് സൗജന്യമായി നൽകുകയും ചെയ്തു. ആധാർ അപ്ഡേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും സിംഗിൾ ഫിംഗർ പ്രിന്റ് ഡിവൈസ് സൗജന്യമായി അനുവദിച്ചു. തൊഴിലാളി ക്ഷേമനിധി ബോർഡ് രജിസ്ട്രേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പേമെന്റ് എന്നിവ ഇ-ഡിസ്ട്രിക്ടിൽ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് നൽകേണ്ട സർവ്വീസ് ചാർജ് കാലികമായി പരിഷ്കരിക്കുകയും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങളുടെ നിരക്ക് ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂയെന്നും ഈടാക്കുന്ന സർവ്വീസ് ചാർജ് സംബന്ധിച്ച് കൃത്യമായ രസീത് നൽകേണ്ടതാണെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്കവിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവനനിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്. അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ

പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർ തലത്തിലും സർക്കാർ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ 221 അക്ഷയ കേന്ദ്രങ്ങളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കൂടാതെ 10 അക്ഷയ കേന്ദ്രങ്ങളിലേക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഏറ്റവും കുറഞ്ഞത് 1.5 കി.മീ ആയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. അക്ഷയ കേന്ദ്രങ്ങൾക്കായുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി സംരംഭകരെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

**അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുവാൻ നടപടി**

47 (55) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ ഓൺലൈൻ ആയിക്കൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആവശ്യമായി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രധാനമായത് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ആണോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത മാനദണ്ഡത്തിൽ മാറ്റം വരുത്തി ഓരോ പഞ്ചായത്തിലെയും ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശസഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ

പരിശോധിച്ച് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ. അകലം പാലിച്ചിരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാൻ കഴിയുന്ന തരത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ 30-10-2019-ലെ സ.ഉ.(കൈ) നമ്പർ 24/2019/വി.സാ.വ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയതനുസരിച്ച് ആവശ്യകത കണക്കാക്കി അക്ഷയകേന്ദ്രങ്ങൾ അനുവദിച്ചുവരുന്നുണ്ട്.

(ബി) അക്ഷയകേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അവ തമ്മിലുള്ള ദൂരപരിധി ഒരു പ്രധാന ഘടകമാണ്. അടുത്തടുത്ത രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ 1.5 കി.മീ അകലം പാലിച്ചിരിക്കണമെന്നുള്ളതാണ് നിലവിലെ വ്യവസ്ഥ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**പാലക്കാട് ജില്ലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള അപേക്ഷ**

48 (56) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് പുതിയ അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചത്; എന്നാണ് പ്രസ്തുത അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കേന്ദ്രങ്ങൾക്കുമായി എത്ര അപേക്ഷ ലഭിച്ചു; പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിലെ 29 ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് 24-7-2019-നാണ് അപേക്ഷ ക്ഷണിച്ചത്. ലൊക്കേഷനുകളുടെ പേരുവിവരവും ലഭിച്ച അപേക്ഷകരുടെ എണ്ണവും അനുബന്ധമായി* ചേർത്തിരിക്കുന്നു. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കുകയും സംരംഭക തെരഞ്ഞെടുപ്പിനായി പരീക്ഷ നടത്തുന്നതിനായുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്വതന്ത്ര സോഫ്റ്റ്‌വെയർ

49 (57) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രോത്സാഹിപ്പിക്കുന്ന നയം പ്രഖ്യാപിക്കുമ്പോഴും, മറുഭാഗത്ത് കുത്തക സോഫ്റ്റ്‌വെയറുകൾക്ക് വഴി ഒരുക്കുന്ന നടപടിയാണ് സർക്കാർ ഭാഗത്ത് നിന്നും ഉണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഓഫീസുകളിലെ ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമായ എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസ് ഒഴിവാക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) ഇ-ഓഫീസ് സംവിധാനം ഒഴിവാക്കി ഇക്കാര്യത്തിനായി സ്വകാര്യ സോഫ്റ്റ്‌വെയറിനായി ടെൻഡർ നടപടി സ്വീകരിച്ചിരുന്നോയെന്നും എത്ര കമ്പനികളാണ് ടെൻഡർ നടപടികളിൽ പങ്കെടുത്തത് എന്നും വ്യക്തമാക്കുമോ;

(ഡി) ഇ-ഓഫീസ് സംവിധാനത്തിലെ പോരായ്മകൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സമർപ്പിക്കുവാൻ സർക്കാർ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിരുന്നോ; പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയാണ്;

(ഇ) സോഫ്റ്റ്‌വെയറിൽ എന്തെങ്കിലും പോരായ്മകളോ, അപ്ഡേഷനോ ആവശ്യമുണ്ടെങ്കിൽ ആയത് ചെയ്യാമെന്ന് എൻ.ഐ.സി. സർക്കാറിന് രേഖാമൂലം ഉറപ്പ് നൽകിയിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2017-ലെ സർക്കാരിന്റെ വിവര സാങ്കേതിക നയത്തിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറിനെ പ്രോത്സാഹിപ്പിക്കുക എന്ന നയത്തിൽ മാറ്റമില്ല.

(ബി-ഇ) സർക്കാർ ഓഫീസുകളിലെ ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമായ എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസിന് പകരം പുതിയൊരു സംവിധാനം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സോഫ്റ്റ്‌വെയറിന്റെ വേഗതക്കുറവ്, കുറഞ്ഞ ഉപഭോക്തൃ സൗഹൃദം, പല ദിവസങ്ങളിലും പൂർണ്ണമായോ ഭാഗികമായോ ഇ-ഓഫീസിന്റെ സേവനം ലഭിക്കാതിരിക്കുക എന്നിവ ഇ-ഓഫീസിന്റെ പ്രധാന ന്യൂനതകളാണ്. ഇതുകൂടാതെ,

താഴെ പറയുന്ന ന്യൂനതകൾകൂടി ഇ-ഓഫീസിനുള്ളതായി പ്രയോഗത്തിൽ വിലയിരുത്തിയിട്ടുണ്ട്.

1. മലയാളം ടൈപ്പിംഗിനുള്ള ബുദ്ധിമുട്ട്.
2. നോട്ടിംഗിലും ഡ്രാഫ്റ്റിംഗിലുമുള്ള അലൈൻമെന്റ് പ്രശ്നം.
3. പേജ് നാവിഗേഷനിലുള്ള ബുദ്ധിമുട്ട്.
4. വിവിധ മാന്വലുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാത്ത അവസ്ഥ.
5. ഒരു ഫയലിൽ തന്നെ വിവിധതരം നമ്പരുകൾ ഉള്ളതുകൊണ്ട് ആയത് പിന്നീട് കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
6. ഫയലുകളും തപാലുകളും സെർച്ച് ചെയ്ത് കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
7. ഒരു ചെറിയ കാര്യം ചെയ്യുന്നതിന് തന്നെ വളരെയധികം മൗസ് ക്ലിക്കുകൾ ആവശ്യമായി വരുന്ന അവസ്ഥ.
8. സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതികവിദ്യയുടെ കാലപ്പഴക്കം.
9. ഫയൽ ഓപ്പണാകുന്നതിനുള്ള കാലതാമസം.
10. മറ്റ് വകുപ്പുകളിലേക്കും സെക്ഷനുകളിലേക്കും ഫയലുകൾ സ്ഥിരമായി ട്രാൻസ്ഫർ ചെയ്തു നൽകാൻ സാധിക്കാത്ത അവസ്ഥ.

ഇ-ഓഫീസിന്റെ മേൽപ്പറഞ്ഞ പോരായ്മകൾ പരിഹാരമാകാത്തതിനാൽ പ്രസ്തുത വിഷയം 19-1-2017-ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപ്പെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി.-യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവുപ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി.ക്ക് നൽകുകയും ചെയ്തു. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി. നൽകാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറിതല സമിതി 17-7-2017-ലെ സ.ഉ. (സാധാ)നമ്പർ 161/2017/ITD പ്രകാരം രൂപീകരിച്ചിരുന്നു. സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കുംവേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസ്സിംഗ് സോഫ്റ്റ്‌വെയർ

ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങുന്നതിന് പ്രസ്തുത സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ പ്രസിദ്ധീകരിച്ചിരുന്നു.

പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ ചെയ്തപ്പോൾ മൂന്ന് ഏജൻസികൾ പങ്കെടുത്തുവെങ്കിലും പ്രസ്തുത ഏജൻസികളൊന്നും തന്നെ പ്രീ-ക്വാളിഫിക്കേഷൻ മാനദണ്ഡങ്ങളിൽ യോഗ്യത നേടിയിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ റീ -ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വെൻചർ കാപ്പിറ്റൽ ഫോർ സ്റ്റാർട്ടപ്പ് 101

50 (58) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന 'വെഞ്ചർ കാപ്പിറ്റൽ ഫോർ സ്റ്റാർട്ടപ്പ് 101' എന്ന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പൊതുജനങ്ങളിൽ നിന്ന് മികച്ച ആശയങ്ങൾ കണ്ടെത്തുന്നതിനുള്ള എന്തെങ്കിലും പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) കേരള സറ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ 2019 ആഗസ്റ്റ് 7, 8, 9 എന്നീ തീയതികളിൽ യഥാക്രമം കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ 'വെൻചർ ക്യാപിറ്റൽ ഫോർ സറ്റാർട്ടപ്പ്സ് 101' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. വാലുവേഷൻ, നിക്ഷേപം, ഷെയർ തുടങ്ങിയ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് സ്റ്റാർട്ടപ്പുകൾക്ക് വിജ്ഞാനം ലഭിക്കുന്നതിനും നിക്ഷേപം സ്വരൂപിക്കുന്നതിനുമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. 3 പരിപാടികളിലുമായി 70-ലധികം സ്റ്റാർട്ടപ്പുകളാണ് പങ്കെടുത്തത്. പങ്കെടുത്ത സ്റ്റാർട്ടപ്പുകളെ അവലോകനം ചെയ്ത് നാല് സ്റ്റാർട്ടപ്പുകളെ പ്രാഥമികമായി തെരഞ്ഞെടുക്കുകയും അതിൽ ഫിൻലൈൻ എന്ന സ്റ്റാർട്ടപ്പിൽ 25 ലക്ഷം രൂപ പ്രസ്തുത വെൻചർ ക്യാപിറ്റൽ നിക്ഷേപം നടത്തുകയും ചെയ്തു.

(ബി) മികച്ച ആശയങ്ങൾ കണ്ടെത്തി അതിനെ ആദ്യമാതൃകയായി വികസിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകളുടെയും വിദ്യാർത്ഥികളുടെയും ആദ്യമാതൃകകളെ ഉൽപ്പന്നമാക്കി മാറ്റുന്നതിനും ഉൽപ്പന്നങ്ങളെ വിപണിയിൽ എത്തിക്കുന്നതിനും

സാമ്പത്തിക സഹായം നല്കുന്ന ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി നിലവിലുണ്ട്. മികച്ച ആശയങ്ങൾ കണ്ടെത്തുന്നത് ഐഡിയ ഡേ, ഐഡിയ ഫെസ്റ്റ് എന്നീ പരിപാടികളിലൂടെയാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പരിപാടികൾ തുടർന്നു സംഘടിപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലെ തൃശ്ശൂർ ജില്ലയിലെ പൊതുമരാമത്ത് റോഡുകൾ

51 (59) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിന്റെ പൂർത്തീകരിക്കാൻ ബാക്കിയുള്ള 3.5 കി. മീ. റോഡിന്റെ നിർമ്മാണം റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് റോഡുകളിൽ തൃശ്ശൂർ ജില്ലയിലൂടെ കടന്നുപോകുന്ന കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ (SH) റോഡ്, വാഴക്കോട്പ്ലാഴി റോഡ്, തൃശ്ശൂർ-കുറ്റിപ്പുറം (SH) റോഡ് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

## റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയുള്ള നിർമ്മാണം

52 (60) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് ഓരോ വകുപ്പിനും പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് എത്ര രൂപ വീതമെന്നും ഏതെല്ലാം വകുപ്പുകൾക്കാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ പുനർനിർമ്മാണ പദ്ധതികൾക്കായി വകുപ്പുതിരിച്ച് മുൻകൂർ ഫണ്ട് അനുവദിച്ചിട്ടില്ല. സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഏറ്റെടുക്കുന്നത്. വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് വകുപ്പുകൾക്ക് ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്.

റീബിൽഡ് കേരളയുടെ കീഴിൽ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവരസാങ്കേതികം തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവുവരുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**പ്രളയദുരിതാശ്വാസത്തിലേയ്ക്കുള്ള സംഭാവന**

53 (61) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് വിവിധ സംഘടനകൾ എത്ര തുക സംസ്ഥാന സർക്കാരിന് സംഭാവനയായി നൽകിയിട്ടുണ്ടെന്നറിയിക്കുമോ; ഓരോ സംഘടനയും നൽകിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സംഘടനകളും വ്യക്തികളും എത്ര തുക വീതം സംഭാവന നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽ ആകെ എത്ര രൂപ സംഭാവനയായി സ്വരൂപിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; എത്ര രൂപ ഇനി ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയവുമായി ബന്ധപ്പെട്ട് 26-2-2020 വരെ 4775.53 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സ്വരൂപിച്ചിട്ടുണ്ട്. വിവിധ സംഘടനകൾ നല്കിയ സംഭാവന തുകകൾ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

(ബി) 26-2-2020 വരെ വിദേശരാജ്യങ്ങളിൽ നിന്നും സംഘടനകൾ, വ്യക്തികൾ എന്നിവർ സംഭാവനയായി (ചെക്ക്/ഡിഡി) വഴി ആകെ 27,80,66,738.17 രൂപയാണ് ഈ സെക്ഷനിൽ ലഭ്യമായിട്ടുള്ളത്. ഇതിൽ വ്യക്തികൾ മുഖേന 49,85,343.48 രൂപയാണ് സംഭാവനയായി ലഭിച്ചിട്ടുള്ളത്.

(സി) പ്രളയവുമായി ബന്ധപ്പെട്ട് 26-2-2020 വരെ 4775.53 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സ്വരൂപിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുകയിൽ 2915.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 1859.65 കോടി രൂപ നീക്കിയിരിപ്പുണ്ട്. 2062.44 കോടി രൂപ പ്രതീക്ഷിത ചെലവായി കണക്കാക്കിയിട്ടുണ്ട്. വിശദവിവരം താഴെ പറയുന്നു;

| അനുവദിച്ച തുക | |
|---|---|
| ഇനം | തുക (രൂപയിൽ) |
| ആശ്വാസ ധനസഹായം | 4,57,58,43,200 |
| വീടും സ്ഥലവും നാശനഷ്ടം | 21,04,61,79,450 |
| ചികിത്സാ ധനസഹായം | 12,29,910 |
| കെയർ ഹോം (സംസ്ഥാന സഹകരണ വകുപ്പ്) | 52,68,69,506 |
| കാർഷിക വായ്പ | 54,00,00,000 |
| ഉപജീവന കിറ്റ് വിതരണം (കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്) | 54,45,87,500 |
| പന്തൽ ഡെക്കറേഷൻ യൂണിറ്റ് പുനരുജ്ജീവനം (പട്ടികജാതി വികസന കോർപ്പറേഷൻ) | 1,91,000 |
| മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 29,00,000 |
| ഭൂമി നഷ്ടപ്പെട്ടവർക്ക് | 62,34,500 |
| വീട് നിർമ്മാണ സ്ഥല സജ്ജീകരണത്തിനായി | 25,82,603 |
| പെൻഡിംഗ് അപ്പീലുകൾ പരിഹരിക്കുന്നതിന് എഞ്ചിനീയർമാർക്ക് നൽകിയത് | 12,18,000 |
| അധിക റേഷൻ വിതരണം നടത്തിയ ഇനത്തിൽ കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയത് | 9,40,11,595 |
| പ്രത്യുത്ഥാനം പദ്ധതി | 10,00,00,000 |
| സി-ആപ്റ്റിന് (പ്രളയത്തിൽ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടവർക്ക് പാഠപുസ്തകങ്ങൾ അച്ചടിച്ച് കൊടുത്ത വകയിൽ) | 47,46,709 |

| | |
|---|---|
| ഉജ്ജീവൻ വായ്പാ പദ്ധതി | 4,05,53,993 |
| കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്-ഷെൽറ്റർ ഹോം | 35,99,67,713 |
| കുടുംബശ്രീ | 1,31,17,64,000 |
| ആകെ | 29,15,88,79,619 |

പ്രതീക്ഷിക്കുന്ന ചെലവ് (Committed Expenditure)

| ഇനം | തുക (രൂപയിൽ) |
|---|---|
| വീട് /സ്ഥലം എന്നിവയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി നൽകാൻ ബാക്കിയുള്ള വകയിൽ | 100,00,00,000 |
| ഉജ്ജീവൻ പദ്ധതി പ്രകാരം അനുവദിക്കാനുള്ളത് | 10,00,00,000 |
| കെട്ടിടങ്ങളുടെ നാശനഷ്ടങ്ങളുടെ തോത് തിട്ടപ്പെടുത്തുന്നതിനായി വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് | 50,00,000 |
| കുടുംബശ്രീ മുഖേന നൽകുന്ന വായ്പയ്ക്ക് 9% പലിശ ഇനത്തിൽ നൽകേണ്ടത് | 190,68,36,000 |
| മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം (പുനർഗേഹം പദ്ധതി) | 650,00,00,000 |
| പ്രളയത്തോടനുബന്ധിച്ചുണ്ടായ നാശനഷ്ടത്തിന് വിവിധ വകുപ്പുകളിൽ നിന്നും ധനസഹായത്തിനായി ലഭിച്ചേക്കാവുന്ന പ്രൊപ്പോസലിന് വകയിരുത്തുന്നതിനായി | 150,00,00,000 |
| പ്രളയത്തിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം | 961,26,40,000 |
| ആകെ തുക (രൂപ) | 2062,44,76,000 |

## റീബിൽഡ് കേരള പദ്ധതിയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ

54 (62) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതെല്ലാം പ്രൊപ്പോസലുകളാണ് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിന്നും ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഏതെല്ലാം പദ്ധതികളാണ് അംഗീകരിക്കപ്പെട്ടതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ എന്താണെന്നും വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ഫിഷറീസ്, ഗതാഗതം, ജലവിഭവം, പരിസ്ഥിതി, മൃഗസംരക്ഷണം, കൃഷി, റവന്യൂ, വിവരസാങ്കേതികം തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവുവരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

അംഗീകരിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പാലക്കാട്-പെരിന്തൽമണ്ണ റോഡ് (36.8KM) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

55 (63) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി

അഭിവൃദ്ധിപ്പെടുത്തുന്ന പി.ഡബ്ല്യൂ.ഡി റോഡുകളുടെ ലിസ്റ്റിൽ കാസർഗോഡ് ജില്ലയിൽ നിന്നും ഏത് റോഡാണ് പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡിൽ ഹിൽഹൈവേയുടെ ഭാഗമായി എത്ര കി.മീ. റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശംങ്ങൾ അറിയിക്കുമോ;

(സി) നിലവിൽ നല്ല ഗതാഗത യോഗ്യവും ഹിൽഹൈവേയുടെ ഭാഗമായി വികസിപ്പിക്കുന്നതുമായ പ്രസ്തുത റോഡ് ജി.ഒ.(ആർ.റ്റി.)നമ്പർ 25/2019/ആ.സാ.വ. തീയതി 13-8-2019-ലെ ക്ലേശം ഒഴിവാക്കി കാസർഗോഡ് ജില്ലയിൽ പ്രഥമ പരിഗണന നൽകേണ്ട ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി മേൽ ഉത്തരവിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഇതു സംബന്ധിച്ച് റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ പരിഗണനയിലുള്ള ആർ.കെ.ഐ(1)84/19 ഫയലിൽ അനുകൂല നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പൊതുമരാമത്ത് റോഡുകളിൽ കാസർഗോഡ് ജില്ലയിൽ നിന്നും കുമ്പള-ബദിയടുക്ക-മുള്ളേരിയ (29.55 KM) റോഡ് ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിൽ ബദിയടുക്ക മുതൽ മുള്ളേരിയ വരെയുള്ള 12.5 കി.മീ. റോഡ് ഹിൽ ഹൈവേയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) പരിശോധിച്ചുവരുന്നു.

## കവളപ്പാറയിലെ പ്രളയബാധിതർക്ക് നൽകിയ സഹായങ്ങളും ചെലവഴിച്ച തുകയും

56 (64) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവളപ്പാറയിൽ ഉണ്ടായ ദുരന്തത്തിൽ ജീവനും സ്വത്തിനും നാശനഷ്ടമുണ്ടായ എത്ര പേർക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; ഇനി എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രളയാനന്തര പുനരധിവാസത്തിനും പുനർ നിർമ്മാണത്തിനുമായി

ലോക ബാങ്കിൽ നിന്നും എത്ര രൂപയാണ് കടമെടുത്തിട്ടുള്ളത്; ഇതിൽ എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട്; മറ്റേതെങ്കിലും കാര്യത്തിന് ഈ തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) നിലമ്പൂർ താലൂക്കിലെ കവളപ്പാറയിൽ 2019-ലെ പ്രളയത്തെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ കാണാതായ 48 പേരുടെ മൃതശരീരങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്കിടയിൽ കണ്ടെത്തുകയും 11 പേരുടെ മൃതശരീരങ്ങൾ കണ്ടെത്താൻ സാധിക്കാത്തതിനാൽ അവരെയും മരണപ്പെട്ടതായി കണക്കാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അപ്രകാരം 59 പേർ മരണപ്പെട്ടതായ കണക്കാക്കുകയും ആയതിൽ 55 പേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ നിരക്കിൽ സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുമുണ്ട്. ശേഷിക്കുന്ന 4 പേരുടെ അനന്തരാവകാശികൾ ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. 2019 ലെ പ്രളയത്തെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ മലപ്പുറം ജില്ലയിൽ കവളപ്പാറയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരിൽ 33 പേർക്ക് പ്രമുഖ വ്യവസായി ശ്രീ. എം.എ. യൂസഫലി വീടുവച്ച് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ വീടുകളുടെ ഗുണഭോക്താക്കൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആദ്യ ഗഡുവായ 95,100 രൂപ വീതം വിതരണം ചെയ്യുന്നതിനായി ആകെ 31,38,300 രൂപയും ഭൂമി വാങ്ങുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1.98 കോടി രൂപയും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കവളപ്പാറയിലെ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീടുവച്ച് നൽകുന്നതിനുള്ള കെയർഹോം പദ്ധതിക്കായി ഭൂമി വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

(ബി) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയായി ഇതു വരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതിയിൻകീഴിൽ ആകെ 1850 കോടിയോളം രൂപയുടെ പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ഇവയിൽ ആകെ 807 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ നിർവ്വഹണഘട്ടത്തിലേക്ക് കടക്കുകയാണ്. നിർവ്വഹണഘട്ടത്തിൽ മാത്രമേ ഈ തുക ചെലവഴിക്കേണ്ടി വരുന്നുള്ളൂ.

## 2018-ലെ പ്രളയത്തിൽ മുങ്ങിയ കടകൾ

57 (65) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളിലെ കടകളാണ് മുങ്ങി പോയത്; ഇവയുടെ എണ്ണം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവരെ രക്ഷിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് ഉജ്ജീവനം പദ്ധതിയിലൂടെ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) റാന്നി നിയോജകമണ്ഡലത്തിലെ എത്ര കച്ചവടക്കാർക്ക് ഉജ്ജീവനം പദ്ധതി വഴി പ്രയോജനം ലഭിച്ചിട്ടുണ്ട്; ആകെ എത്ര കോടി രൂപ ഇവർക്ക് നൽകി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ നാശനഷ്ടം നേരിട്ട കടകളുടെ താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | താലൂക്ക് | കടകളുടെ എണ്ണം |
|---|---|---|
| 1 | അടൂർ | 256 |
| 2 | കോന്നി | 22 |
| 3 | കോഴഞ്ചേരി | 252 |
| 4 | മല്ലപ്പള്ളി | 49 |
| 5 | റാന്നി | 699 |
| 6 | തിരുവല്ല | 270 |
| | ആകെ | 1548 |

(ബി) പത്തനംതിട്ട ജില്ലയിൽ ഉജ്ജീവന പദ്ധതിയിലൂടെ 15.28 കോടി രൂപ വായ്പയായി വിവിധ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) റാന്നിയിൽ ഉജ്ജീവന പദ്ധതിയിലൂടെ 132 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ആകെ 9.88 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്.

## കരുണ സംഗീതനിശ മുഖേന ലഭിച്ച തുക

58 (66) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മ്യൂസിക് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലുള്ള കരുണ സംഗീത നിശ മുഖേന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനായി കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം സൗജന്യമായി അനുവദിച്ചിരുന്നോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സംഗീത നിശയിൽ നിന്നും ലഭിച്ച തുക അതിന്റെ ഭാരവാഹികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) സംഗീത നിശ നടത്തിയിട്ട് അതിൽ നിന്നും ലഭിച്ച ആദായം സമയബന്ധിതമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാതിരുന്ന ഭാരവാഹികൾക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ദുരിതാശ്വാസ നിധിയിലേക്ക് എന്ന പേരിൽ ഇത്തരം പരിപാടികൾ സംഘടിപ്പിച്ച് ലക്ഷക്കണക്കിന് രൂപ പിരിച്ചശേഷം ദുരിതാശ്വാസ നിധിയിലേക്ക് സമയത്ത് പണം അടയ്ക്കാത്തവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദിച്ചിരുന്നു.

(ബി) നൽകിയിട്ടുണ്ട്. 6,22,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് 14-2-2020-ന് ലഭ്യമാക്കിയിട്ടുള്ളതാണ്.

(സി) സംഗീതനിശ നടത്തിയിട്ട് അതിൽനിന്നും ലഭിച്ച ആദായം സമയബന്ധിതമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാതിരുന്ന ഭാരവാഹികൾക്കെതിരെ ഭാരതീയ യുവമോർച്ച സംസ്ഥാന സെക്രട്ടറി സന്ദീപ് വാര്യർ എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ പരാതി കമ്മീഷണർ, കൊച്ചി സിറ്റിക്ക് അന്വേഷണത്തിനായി അയച്ചുകിട്ടിയിട്ടുള്ളതും ആയതിന്മേൽ കൊച്ചി സിറ്റി സി-ബ്രാഞ്ച് അസി. കമ്മീഷണർ അന്വേഷണം നടത്തിവരുന്നതുമാണ്.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## വർക്കല താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം

59 (67) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വർക്കല താലൂക്കിലുള്ള എത്രപേർക്ക് സഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് വില്ലേജ് തിരിച്ച് എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വർക്കല താലൂക്കിലുള്ള 6934 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി)

| വില്ലേജ് | തുക (രൂപയിൽ) |
|---|---|
| കുടവൂർ | 49,70,000 |
| ഇടവ്വൂർ | 99,12,200 |
| വർക്കല | 1,32,22,20 |
| അയിരൂർ | 1,01,08,700 |
| മടവ്വൂർ | 94,88,500 |
| ഒറ്റൂർ | 58,23,000 |
| ചെമ്മരുതി | 1,27,36,700 |
| പള്ളിക്കൽ | 91,35,500 |
| ചെറുന്നിയൂർ | 52,16,500 |
| മണമ്പൂർ | 71,91,000 |
| വെട്ടൂർ | 70,02,000 |
| നാവായിക്കുളം | 1,31,23,600 |

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

60 (68) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ അടങ്ങിയ കുറിപ്പ് ലഭ്യമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ ധനസഹായം വർഷം തോറും നല്കിവരുന്നത് ഏതെല്ലാം സന്ദർഭങ്ങളിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 802,79,34,915 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2016-17-ൽ 111.56 കോടി, 2017-18-ൽ 243.87 കോടി, 2018-19-ൽ 200.74 കോടി, 2019-20-ൽ 188.38 കോടി രൂപ ഉൾപ്പെടെ ആകെ 744.55 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) മാരക രോഗങ്ങൾക്കും മറ്റും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്. രണ്ട് ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനം ഉള്ളവർക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷയോടൊപ്പം ആധാർ കാർഡ്/റേഷൻ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പ്, 6 മാസത്തിനകം എടുത്ത അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചികിത്സാ ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സാ ചെലവിനും ആനുപാതികമായി ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വ്യക്തിഗത ധനസഹായം വർഷംതോറും നല്കാറില്ല. ഒരു അപേക്ഷയിന്മേൽ ഒറ്റത്തവണയായാണ് ധനസഹായം നൽകിവരുന്നത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് റോഡ് പുനരുദ്ധാരണത്തിന് തുക

61 (69) ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പുനരുദ്ധരിക്കുവാൻ ആകെ എത്ര രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ കോഴിക്കോട് ജില്ലക്കായി അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന റോഡുകളുടെ നവീകരണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 961.264 കോടി രൂപ അനുവദിക്കുന്നതിന് 9-1-2020-ലെ സ.ഉ.(കൈ)നമ്പർ 13/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ

62 (70) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ഓരോ വർഷവുമുണ്ടായ പ്രളയദുരിതം ഉൾപ്പെടെയുള്ള ദുരിതങ്ങളെ തരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ എത്രത്തോളം കേന്ദ്രസഹായം അഭ്യർത്ഥിച്ചുവെന്നും എത്ര കേന്ദ്രസഹായം ലഭ്യമായിയെന്നും വ്യക്തമാക്കുമോ;

(ബി) ദുരിതങ്ങൾക്ക് വിധേയരായ കുടുംബങ്ങൾക്കായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കായി കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കാനായി സർക്കാർ നടത്തുന്ന തുടർനടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരന്തങ്ങൾ നേരിടുന്നതിനായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ആവശ്യപ്പെട്ട

തുകയും അനുവദിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷവും ദുരന്തവും | നഷ്ടം/അഭ്യർത്ഥിച്ച കേന്ദ്ര സഹായം | ലഭിച്ച കേന്ദ്ര സഹായം |
|---|---|---|
| 2016 (വരൾച്ച) | 992.5 കോടി | 31.72 കോടി |
| 2017 (ഓഖി) | 431 കോടി | 111.7 കോടി |
| 2018 (പ്രളയം) | 5616 കോടി | 2904.85 കോടി |
| 2019 (പ്രളയം) | 2101.88 കോടി | അടിയന്തരസഹായം ഇതുവരെ അനുവദിച്ചിട്ടില്ല. |

(ബി) ദുരിതബാധിതരെ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും ക്യാമ്പുകളിൽ താമസിച്ച കുടുംബങ്ങൾക്കും ബന്ധുവീടുകളിൽ മാറി താമസിച്ച കുടുംബങ്ങൾക്കും അടിയന്തര സഹായമായി 10,000 രൂപ അനുവദിച്ചു. പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനായി 4 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഭാഗികമായി തകർന്ന വീടുകളുടെ നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് (15% മുതൽ 75% വരെ 5 കാറ്റഗറി ആയി തിരിച്ച്) ആശ്വാസ ധനസഹായം നൽകി. 2018-ലെ പ്രളയത്തിനുശേഷം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സംഘം പഠനം നടത്തുകയും, 2019-ലെ പ്രളയത്തിനുശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെയും ഭൂഗർഭ ജല വകുപ്പിലെയും ജിയോളജിസ്റ്റുകളുടെയും മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും സംഘം പഠനം നടത്തുകയും ഈ പഠനങ്ങളിലൂടെ വാസയോഗ്യമല്ല എന്ന് കണ്ടെത്തിയ പ്രദേശങ്ങളിലെ വീടുകളിലുള്ളവർക്ക് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കാൻ 6 ലക്ഷം രൂപ വരെ ഭൂമി വാങ്ങുന്നതിനും, 4 ലക്ഷം രൂപ വരെ വീട് വയ്ക്കുന്നതിനും വേണ്ടി ധനസഹായം നൽകിവരുന്നു. കടലാക്രമണ ഭീഷണിയുള്ള തീരപ്രദേശങ്ങളിൽ 50 മീറ്റർ പുറത്ത് മാറി (വേലിയേറ്റ പരിധിയിൽ) താമസിക്കുന്നവർക്ക് സുരക്ഷിത ഇടത്തേക്ക് മാറിതാമസിക്കുന്നതിന് വേണ്ടി 6 ലക്ഷം രൂപ വരെ ഭൂമി വാങ്ങുന്നതിനും, 4 ലക്ഷം രൂപ വരെ വീട് വയ്ക്കുന്നതിനും വേണ്ടി ആശ്വാസ ധനസഹായം നൽകിവരുന്നു. ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 4 ലക്ഷം രൂപ അനുവദിക്കുന്നു. കാർഷിക, മൃഗസംരക്ഷണ, മത്സ്യബന്ധന മേഖലയിലുണ്ടായ നാശനഷ്ടങ്ങൾക്കും മാനദണ്ഡപ്രകാരമുള്ള ധനസഹായം അനുവദിച്ചുവരുന്നു.

(സി) അംഗീകൃത ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ദേശീയ ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് കേന്ദ്രസഹായം അഭ്യർത്ഥിച്ചുകൊണ്ട് മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നു. ആയത് പരിശോധിച്ചാണ് കേന്ദ്ര സർക്കാർ സഹായം അനുവദിക്കുന്നത്.

**കേരള പുനർനിർമ്മാണ പദ്ധതി**

63 (71) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതി (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദുരന്തങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള കേരളം നിർമ്മിക്കുക എന്ന ലക്ഷ്യത്തിലേക്കടുക്കുന്നതിനായി ഏതെല്ലാം മേഖലകളിലാണ് പരിഷ്കരണം നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ജനങ്ങളെ അവിടെ നിന്നും മാറ്റിത്താമസിപ്പിക്കുന്നതിനും ദുരന്തങ്ങൾ നേരിടുന്നതിന് സജ്ജരാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ഡി) വനത്തിന്റെയും തണ്ണീർത്തടങ്ങളുടെയും പാരിസ്ഥിതിക സ്വഭാവം നിലനിർത്തുന്നതു സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുമ്പോൾ പ്രാദേശിക സമൂഹങ്ങളുടെ ഇടപെടൽ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയാനന്തരം, അതിജീവനക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദവുമായ തരത്തിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)-ന് സർക്കാർ രൂപം നൽകിയത്. മന്ത്രിസഭ, മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉപദേശക സമിതി, ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതി, മുൻ ചീഫ് സെക്രട്ടറി ഡോ. കെ. എം. എബ്രഹാം അദ്ധ്യക്ഷനായ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിങ്ങനെയാണ് ആർ.കെ.ഐ.-യുടെ ഘടന.

ഭരണപരമായ പിന്തുണ നൽകുന്നതിനായി ആർ.കെ.ഐ. സെക്രട്ടേറിയറ്റും പ്രവർത്തിക്കുന്നു.

അതിജീവനക്ഷമതയുടെ, പരിസ്ഥിതി സൗഹൃദമായ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാനരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. രാജ്യാന്തരതലത്തിലുള്ള വികസനപങ്കാളികളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ വികസന പങ്കാളി സംഗമം 2019 ജൂലൈ മാസത്തിൽ നടത്തി. വികസന നയവായ്പയുടെ ആദ്യ ഗഡുവായി ലോക ബാങ്കിൽ നിന്ന് 1779.58 കോടി രൂപ ലഭ്യമായിട്ടുണ്ട്. കേരള പുനർനിർമ്മാണ പരിപാടി കൂടുതൽ കാര്യക്ഷമമവും ജനകീയവുമാക്കുന്നതിനായി 'നമ്മൾ നമുക്കായി' എന്ന വിപുലമായ ജനസമ്പർക്ക പരിപാടി നടപ്പിലാക്കിവരുന്നു. 1865 കോടി രൂപയുടെ പുനർനിർമ്മാണ പദ്ധതികൾക്ക് സർക്കാർ ഇതിനകം തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. ഇവയിൽ 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിവയിലൂടെ അതിജീവനക്ഷമമായ കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

(സി) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ.) 2018-ൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. പഠനത്തിൽ ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ വീടുകളുടെ ഉടമകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ 10 ലക്ഷം രൂപ വീതം നല്കിവരുന്നു.

ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനും ദുരന്തത്തിൽ ഉൾപ്പെട്ടവരെ കണ്ടെത്തി രക്ഷാപ്രവർത്തനം നടത്തി ദുരന്തമേഖലയിൽ നിന്ന് ഒഴിപ്പിക്കുന്നതിനും

ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നടത്തിപ്പിനും മറ്റുമായി ഓരോ തദ്ദേശഭരണ സ്ഥാപനവും നാല് അടിയന്തര പ്രതികരണ ടീമുകൾക്ക് രൂപം നല്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുന്നതിനും അത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള വിപുലമായ പരിപാടിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ഡി) കേരള പുനർനിർമ്മാണ പരിപാടി കൂടുതൽ കാര്യക്ഷമമവും ജനകീയവുമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന 'നമ്മൾ നമുക്കായി' എന്ന വിപുലമായ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി വനത്തിന്റെയും തണ്ണീർത്തടങ്ങളുടെയും പാരിസ്ഥിതിക സ്വഭാവം നിലനിർത്തുന്നത് സംബന്ധിച്ച് പ്രാദേശിക സമൂഹങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഗ്രാമസഭകളിലും വികസന സെമിനാറുകളിലും പങ്കെടുത്തും റീബിൽഡ് കേരള വെബ്സൈറ്റിലൂടെയും നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. തണ്ണർത്തടങ്ങളിലെ കയ്യേറ്റത്തിന്റെ ഫലങ്ങളും മനുഷ്യ ഇടപെടലുകൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങളും പ്രാദേശികമായി ചർച്ചയ്ക്കുവയ്ക്കുന്നുണ്ട്.

വനപരിപാലനവുമായി ബന്ധപ്പെട്ട് വനമേഖലയ്ക്ക് സമീപം താമസിക്കുന്ന സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, മനുഷ്യനും വന്യമൃഗങ്ങളുമായുള്ള സംഘർഷത്തെ സുസ്ഥിരമായി പരിഹരിക്കുന്നതിനുള്ള വഴികൾ, കാട് വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രാദേശിക സമൂഹത്തെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവ സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രാദേശികമായി സ്വരൂപിക്കുകയും പ്രസക്തമായവ കേരള പുനർനിർമ്മാണ പരിപാടിയുടെ ഭാഗമാക്കുകയും ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

**കേരള പുനർ നിർമ്മാണ പദ്ധതി**

64 (72) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർ നിർമ്മാണ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കേരള പുനർ നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്ന കമ്മിറ്റിയുടെ ഘടന വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ എത്ര പ്രവൃത്തികൾക്കാണ് അനുമതി നൽകിയതെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തുന്നുണ്ടോ;

(ഇ) ചെങ്ങന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയതെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ-സി) കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾക്കായി വികസനനയ വായ്പ (Development Policy Loan) ലോക ബാങ്കിൽ നിന്നും ലഭിക്കുന്നതിനായി വിവിധ വകുപ്പ് സെക്രട്ടറിമാരും ഉന്നത ഉദ്യോഗസ്ഥരും ലോക ബാങ്ക് വിദഗ്ദ്ധരും മറ്റു വിദഗ്ദ്ധരും ചേർന്നു നടത്തിയ വിശദമായ ചർച്ചകളുടെയും കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) കരട് നയരൂപരേഖയ്ക്ക് രൂപം നൽകി. പ്രസ്തുത കരട് രേഖയിൽ പിന്നീട് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, സ്വരൂപിക്കുകയും വിഷയ വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു. 21-5-2019-ൽ ചേർന്ന മന്ത്രിസഭായോഗം RKDP-യുടെ കരട് നയ രൂപരേഖയ്ക്ക് അംഗീകാരം നൽകി.

പ്രളയാനന്തരം നടത്തിയ Post Disaster Need Assessment (PDNA) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയാണ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നത്. RKDP-യിലൂടെ സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനകൾ സർക്കാർ, സ്വകാര്യ മേഖലകളിലെ പ്രധാന വികസന ഏജൻസികൾക്ക് മുന്നിൽ അവതരിപ്പിച്ച്, അവരുടെ സാമ്പത്തിക സഹകരണവും അനുഭവസമ്പത്തും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 15-7-2019-ൽ ഒരു വികസന പങ്കാളി സംഗമം (Development Partner's Conclave) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ ലോക ബാങ്ക് സംസ്ഥാനത്തെ വികസന പങ്കാളിയായി പ്രഖ്യാപിച്ചു.

കേരള പുനർ നിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)-യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ലോകബാങ്കിൽ നിന്നുള്ള വികസന നയവായ്പയുടെ ആദ്യ ഗഡുവായ 1779.58 കോടി രൂപ ലഭിച്ചിട്ടുണ്ട്. രണ്ടാം ഗഡു ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

ഇതുവരെ ആകെ 1850 കോടിയോളം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പ് സാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)

2. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപ.

4. വനംവകുപ്പിന്റെ 130.40 കോടി രൂപയുടെ മൂന്ന്പദ്ധതികൾ.

5. മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതി.

6. മൃഗസംരക്ഷണ വകുപ്പിന്റെ 23.01 കോടി രൂപയുടെ രണ്ട് പദ്ധതികൾ.

7. ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുടെ 53.5 കോടി രൂപയുടെ ആറ് പദ്ധതികൾ

8. ജലവിഭവ വകുപ്പിന്റെ 350 കോടി രൂപയുടെ എട്ട് പദ്ധതികൾ

9. കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ 5 കോടി രൂപയുടെ മൂന്ന് പദ്ധതികൾ.

10. കുടുംബശ്രീയുടെ 250 കോടി രൂപയുടെ ഒൻപത് പദ്ധതികൾ

11. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിനായി 35 കോടി രൂപ.

12. കൃഷി വകുപ്പിന്റെ 182.76 കോടി രൂപയുടെ 12 പദ്ധതികൾ.

13. മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd.(KAVIL) എന്ന സ്ഥാപനത്തിന്റെ 2.62 കോടി രൂപയുടെ 4 പദ്ധതികൾ.

14. വിവരസാങ്കേതിക വകുപ്പിന്റെ മാപ്പത്തോൺ പദ്ധതിക്ക് 4.24 കോടി രൂപ.

ഇപ്രകാരം അംഗീകരിച്ച പദ്ധതികളിൽ, ആകെ 807 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിക്കഴിഞ്ഞു.

മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷനേതാവും വിദഗ്ധരും ഉൾപ്പെടുന്ന ഉപദേശക സമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും മൂന്നംഗ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും സ്ഥാപനതല പിന്തുണാ സംവിധാനവും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ആർ.കെ.ഐ. സെക്രട്ടേറിയറ്റും ഉൾപ്പെടുന്നതാണ് റീബിൽഡ് കേരളയുടെ ഘടന.

വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി ശിപാർശ ചെയ്ത് ഉന്നാധികാര സമിതിക്ക് സമർപ്പിക്കുകയും ഉന്നതാധികാര സമിതി ശിപാർശകളോടെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്.

(ഡി) പദ്ധതി നിർവ്വഹണ ഘട്ടത്തിൽ അതാതു വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയറോ വകുപ്പ് തലവനോ കൺവീനറുമായ വകുപ്പുതല കമ്മിറ്റിയും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായ ജില്ലാതല കമ്മിറ്റിയുമാണ് പദ്ധതികളുടെ നിർവ്വഹണവും മേൽനോട്ടവും നടത്തേണ്ടത് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഇ) റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച് സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

അച്ചൻകോവിൽ ആറിന് കുറുകെയുള്ള ശാർങ്ങക്കാവ് പാലം, അടൂർ-ചെങ്ങന്നൂർ, മല്ലപ്പള്ളി- ചെങ്ങന്നൂർ-ടി.വി.എം. റോഡ് തുടങ്ങിയ പൊതുമരാമത്തു റോഡുകൾ, ഏകദേശം 26 കിലോമീറ്റർ ദൈർഘ്യം വരുന്ന തദ്ദേശഭരണ റോഡുകൾ, കൃഷി വകുപ്പിന്റെ ചെങ്ങന്നൂർ സമൃദ്ധി പദ്ധതി എന്നിവ നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

## കാസർഗോഡ് പെരിയയിൽ ചെറുവിമാനങ്ങൾ ഇറങ്ങാനുള്ള എയർസ്ട്രിപ് പദ്ധതി

65 (73) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പെരിയയിൽ ചെറുവിമാനങ്ങൾ ഇറങ്ങാനുള്ള എയർസ്ട്രിപ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത പദ്ധതിക്ക് ആവശ്യമായി വരുന്നതെന്നും എത്ര കോടി രൂപയാണ് ഇതിന് ചെലവ് വരുന്നതെന്നും വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയിൽ സർക്കാരിന് എത്ര ശതമാനം ഓഹരികളാണ് ഉണ്ടാകുകയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. എയർ സ്ട്രിപ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പിനെ റീജിയണൽ കണക്റ്റിവിറ്റി സ്കീം (UDAN)-ൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) എയർസ്ട്രിപ്പിനും അനുബന്ധ സൗകര്യങ്ങൾക്കുമായി ഏകദേശം 100 ഏക്കർ സ്ഥലം ആവശ്യമായി വരും. ഇതിലേയ്ക്ക് ഏകദേശം 50 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) എയർ സ്ട്രിപ്പുകൾക്കുവേണ്ടി സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിക്കേണ്ട തുക കണക്കാക്കിയിട്ടില്ല. എന്നാൽ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കേണ്ടതാണ്.

## സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

66 (74) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ ഓഹരി പങ്കാളിത്തം പ്രവാസികൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ചെലവ് എത്ര രൂപയാണെന്നും പ്രാരംഭ ചെലവിനായി എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് പണം മുടക്കുവാൻ ഏതെങ്കിലും വിദേശ ഏജൻസികൾ മുന്നോട്ട് വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ ഡി.പി.ആർ. എന്നത്തേക്ക് കേന്ദ്രത്തിന് സമർപ്പിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചിയിൽ നടന്ന അസന്റ് കേരള 2020, ലോക കേരള സഭയുമായി ബന്ധപ്പെട്ടുള്ള നിക്ഷേപ സംഗമം എന്നിവയിൽ സിൽവർ ലൈൻ പദ്ധതി അവതരിപ്പിക്കുകയുണ്ടായി. നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചവരുമായി തുടർ ചർച്ചകൾ നടന്നുവരുന്നു. പ്രവാസികൾക്ക് ഓഹരി പങ്കാളിത്തം നല്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) 66,405 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രാരംഭ ചെലവിനായി തുകയൊന്നും നീക്കിവച്ചിട്ടില്ല.

(സി) മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നുവരുന്നു.

(ഡി) സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. ആകാശ സർവ്വേയുടെ റിപ്പോർട്ട് സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവരുടെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പ് സാമ്പത്തിക വർഷംതന്നെ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

67 (75) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമായുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുതുക്കി നിശ്ചയിച്ചിട്ടില്ല. 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള തമിഴ്നാട് മുഖ്യമന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലേയും ജലവിഭവ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ 5 ഉദ്യോഗസ്ഥർ വീതമുള്ള ഒരു സംയുക്ത കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആനമലയാർ, നീരാർ, നല്ലാർ ഡൈവേർഷനുകൾ പറമ്പിക്കുളം സിസ്റ്റത്തിൽ നിന്നും കേരളത്തിന് അവകാശപ്പെട്ട 2.5 ടി.എം.സി. ജലം ലഭ്യമാക്കുന്നതും, ചിറ്റൂർ പുഴ പ്രദേശത്തു നിന്നും കേരളത്തിൽ ലഭ്യമാകുന്ന ജലത്തിന്റെ അളവിലുള്ള കുറവ് സംബന്ധിച്ച വിഷയങ്ങളും പ്രസ്തുത കമ്മിറ്റി പരിഗണിക്കുന്നതാണ്. ഈ കമ്മിറ്റിയുടെ ആദ്യയോഗം 12-12-2019-ന് ചെന്നൈയിൽ നടന്നു.

കരാർ പ്രകാരം അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നും കരാറിലെ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത ചർച്ചയിൽ കേരളം, തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ, കേരളം ആവശ്യപ്പെട്ട പ്രകാരം കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള പറമ്പിക്കുളം സിസ്റ്റത്തിന്റെ ഡാറ്റായും പി.എ.പി.സിസ്റ്റത്തിൽ ഉൾപ്പെടുന്ന എല്ലാ റിസർവ്വോയറുകളുടെയും യഥാർത്ഥ ലഭ്യതയും പുന:പരിശോധിക്കുവാൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ജലവിഭജനത്തിനും വിതരണത്തിനും അധികാരമുള്ള ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗങ്ങളുടെ എണ്ണം കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടതനുസരിച്ച് ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗങ്ങളുടെ എണ്ണം കൂട്ടുവാനും (വർഷത്തിൽ നാലു യോഗങ്ങൾ കൂട്ടുവാനും ആവശ്യത്തിന് അനുസരിച്ച് കൂടുതൽ യോഗങ്ങൾ കൂട്ടുവാനും) തീരുമാനിക്കുകയുണ്ടായി. അതോടൊപ്പം പി.എ.പി.യിലെ എല്ലാ Gauging Points-ലും Real Time Data Acquisition System നടപ്പിലാക്കുവാൻ ഇരു സംസ്ഥാനങ്ങളും ആവശ്യപ്പെട്ടു. ഇതിന്റെ പ്രൊപ്പോസൽ ജെ.ഡബ്ല്യു.ആർ. ബോർഡിൽ സമർപ്പിക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ടാമത്തെ യോഗം കൂട്ടുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ നേട്ടങ്ങൾ പരസ്യപ്പെടുത്താനായി ചെലവഴിച്ച തുക

68 (77) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന് മുമ്പായി സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ വിശദീകരിക്കുന്ന പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനായി പി.ആർ.ഡി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ ഭരണ കാലത്ത് സർക്കാർ നേട്ടങ്ങൾ പരസ്യപ്പെടുത്താനായി നാളിതുവരെ ചെലവഴിച്ച തുകയെത്ര; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള എൽ.ഇ.ഡി. സ്ക്രീൻ അടങ്ങുന്ന ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നതിന്റെ പ്രതീക്ഷിത ചെലവെത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് സർക്കാർ നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങൾ നൽകിയ വകയിൽ നാളിതുവരെ 85,62,15,659 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പുതുതായി എൽ.ഇ.ഡി. സ്ക്രീൻ അടങ്ങുന്ന ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

## വിദേശ തൊഴിൽ അന്വേഷകർക്ക് പരിശീലനം

69 (78) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു ദശാബ്ദത്തോളമായി കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവാസം കുറഞ്ഞ് വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മാറിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് വിദേശത്ത് തൊഴിൽ നേടുന്നതിനാവശ്യമായ തൊഴിൽ പരിശീലനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഗൾഫ് നാടുകളിലെയും മറ്റ് വിദേശ രാജ്യങ്ങളിലെയും പുതിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് വിദേശതൊഴിൽ അന്വേഷകർക്ക് കൂടുതൽ വിദഗ്ദ്ധപരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വദേശിവൽക്കരണം, സാമ്പത്തികമാന്ദ്യം എന്നിവയാണ് പ്രധാനമായും പ്രവാസം കുറഞ്ഞുവരുന്നതിന് കാരണം.

(സി&ഡി) ഉണ്ട്. മാറുന്ന തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദ്യേശ്യത്തോടെ നോർക്ക വകുപ്പ് നടപ്പാക്കിയിട്ടുള്ള തുടർപദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം & റീഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യത ഉള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI), സർക്കാർ പോളിടെക്നിക് കോളേജുകൾ, എൽ.ബി.എസ്. സെന്ററുകൾ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നോർക്ക റൂട്ട്സ് ആണ് ഈ പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി മേഖലയിൽ ലഭ്യമായ ഉയർന്ന തൊാഴിൽ സാധ്യതകൾ പരിഗണിച്ച് 2019-20 സാമ്പത്തിക വർഷം മുതൽ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് എന്നീ കോഴ്സുകൾ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.റ്റി.എ.കെ.)-യുമായി ചേർന്ന് നടത്തിവരുന്നു. ഇതു കൂടാതെ പശ്ചിമേഷ്യൻ രാജ്യങ്ങളായ യു.എ.ഇ, കുവൈറ്റ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ കേരളത്തിലെ നഴ്സുമാർക്ക് ഈ മേഖലയിൽ തൊഴിൽ മികവ് ലഭ്യമാകുന്നതിനുവേണ്ടി അതത് രാജ്യങ്ങളിലെ സർക്കാർ ലൈസൻസിംഗ് പരീക്ഷകളായ HAAD/PROMETRIC/MOH/DOH പാസ്സാകുന്നതിന് സഹായകരമായ ഒരു പരിശീലന പദ്ധതി കേരള സർക്കാർ സ്ഥപാനമായ കേരള

അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മുഖാന്തരം നൽകിവരുന്നു. കൂടാതെ മാറിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് വിദേശത്ത് തൊഴിൽ നേടുന്നതിനാവശ്യമായ തൊഴിൽ പരിശീലനം നൽകുന്നതിന് ഒഡെപെക് ഭാഷാ പരിശീലനകേന്ദ്രം ആരംഭിച്ചിട്ടുമുണ്ട്.

## പ്രവാസി ഡിവിഡന്റ് പദ്ധതി

70 (79) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി നിക്ഷേപങ്ങൾ ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുവാനുദ്ദേശിച്ച് പ്രവാസി ഡിവിഡന്റ് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിനകം എത്രപേർ ഈ പദ്ധതിയിൽ അംഗമായെന്നും എത്രകോടി രൂപ സമാഹരിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്താമോ;

(സി) ഇതിനകം സമാഹരിച്ച തുക കിഫ്ബിക്ക് കൈമാറിയിട്ടുണ്ടോ; കിഫ്ബിയിൽ നിന്നും എത്ര ശതമാനം ഡിവിഡന്റാണ് പ്രവാസികൾക്ക് നൽകുകയെന്ന് അറിയിക്കാമോ;

(ഡി) സർക്കാർ ഡിവിഡന്റ് വിഹിതം പരമാവധി ഒരു ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രവാസികൾ നൽകുന്ന നിക്ഷേപത്തിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രവാസികളുടെയും അവരുടെ ജീവിത പങ്കാളികളുടെയും ജീവിതം സുരക്ഷിതമാക്കാൻ നടപ്പിലാക്കിയ 2019-ലെ പ്രവാസി ഡിവിഡന്റ് പദ്ധതി നിക്ഷേപകനും തുടർന്ന് ജീവിത പങ്കാളിക്കും നിക്ഷേപ സുരക്ഷയോടൊപ്പം ആജീവനാന്തം 10% ഡിവിഡന്റ് വരുമാനം ഉറപ്പാക്കുന്നു. നിക്ഷേപകന്റെയും ജീവിത പങ്കാളിയുടെയും കാലശേഷം നിക്ഷേപ തുകയും ആദ്യ മൂന്ന് വർഷങ്ങളിലെ 10% നിരക്കിലുള്ള ഡിവിഡന്റും കൂട്ടിച്ചേർത്ത തുക മക്കൾക്കോ അനന്തരവകാശികൾക്കോ ലഭ്യമാകുന്നു. ഈ പദ്ധതി നിശ്ചിത പ്രതിമാസ വരുമാനം ഉറപ്പ് നൽകുന്നതിനാൽ പ്രവാസികൾക്കും ജീവിത പങ്കാളികൾക്കും ആജീവനാന്ത സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യ സുരക്ഷയും നൽകുന്നു.

(ബി) ഇതിനകം 194 പേർ പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. 32.32 കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്.

(സി) പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപമായി ലഭിച്ച 32.32 കോടി രൂപ കിഫ്ബിയിലേയ്ക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ പ്രവാസികളുടെ നിക്ഷേപ തുകയ്ക്ക് നൽകേണ്ട 10% ഡിവിഡന്റിൽ 9 ശതമാനം കിഫ്ബിയാണ് അനുവദിക്കുന്നത്.

(ഡി) ഉണ്ട്. നിലവിൽ പ്രവാസി ഡിവിഡന്റ് പദ്ധതി പ്രകാരമുള്ള നിക്ഷേപത്തിന്, നിക്ഷേപ തുക കൈമാറുന്ന ഏജൻസി നൽകേണ്ട തുകയും സർക്കാർ വിഹിതവും ചേർത്ത് ആകെ 10% ഡിവിഡന്റ് ഉറപ്പുനല്കുന്നു. ഈ 10% ഡിവഡന്റിൽ കിഫ്ബി വിഹിതം 9 ശതമാനവും സർക്കാർ വിഹിതം ഒരു ശതമാനവുമാണ്.

(ഇ) കിഫ്ബി വഴി സർക്കാർ ഗ്യാരന്റി നൽകുന്നുണ്ട്.

## എമർജിംഗ് കേരള പദ്ധതി

71 (80) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 -ൽ സംസ്ഥാനത്ത് നടത്തിയ എമർജിംഗ് കേരള പദ്ധതിയുടെ ലക്ഷ്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ ഇതിന്റെ ഭാഗമായി ലഭിച്ചത്; ഇപ്രകാരം ലഭിച്ച നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എമർജിംഗ് കേരള പദ്ധതിയ്ക്കായി സർക്കാർ എത്ര രൂപ ചെലവഴിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ഡി) എത്ര നിക്ഷേപകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ; എത്ര ദിവസമാണ് പരിപാടി സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും ലക്ഷ്യംവച്ചാണ് 2012-ൽ എമർജിംഗ് കേരള നിക്ഷേപ സംഗമം നടത്തിയത്.

(ബി) ഏകദേശം 32,137 കോടി രൂപയുടെ നിക്ഷേപമാണ് പ്രസ്തുത സംഗമത്തിലൂടെ ലഭിച്ചത്. ഇതിൽ കെ.എസ്.ഐ.ഡി.സി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 2,334 കോടി രൂപയാണ്.

(സി) എമർജിംഗ് കേരള സംഘടിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന 19.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പരസ്യം, ഗതാഗതം, ഭക്ഷണക്രമീകരണം, സംഗമത്തിന്റെ നടത്തിപ്പ്, അനുബന്ധ ചെലവുകൾ എന്നീ വിഭാഗങ്ങളിലാണ് ചെലവഴിക്കപ്പെട്ടത്.

(ഡി) വ്യവസായം, ഐ.ടി, കൃഷി, ഊർജ്ജം, ആരോഗ്യം, സയൻസ് & ടെക്നോളജി, ഉന്നതവിദ്യാഭ്യാസം, തുറമുഖം, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ നിന്നും നിക്ഷേപം നടത്തുന്നതിനായി ഏകദേശം 6000-ത്തോളം നിക്ഷേപകർ പ്രസ്തുത സംഗമത്തിൽ സംബന്ധിച്ചിരുന്നു. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽവച്ചാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്.

## പ്രവാസികളുടെ ഡേറ്റാ ബാങ്ക്

72 (81) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ വളരെയധികം പങ്ക് വഹിക്കുന്ന പ്രവാസികളുടെ ആധികാരിക വിവരം അടങ്ങിയ ഡേറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആധികാരിക ഡേറ്റാ ബാങ്ക് ഇല്ലാത്തത് പ്രവാസികൾക്കായുള്ള പല ക്ഷേമപ്രവർത്തനങ്ങളിലും വിഘാതമുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആധികാരിക ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രവാസികളെക്കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു തത്സമയ ഡാറ്റാ ബേസ് രൂപീകരണത്തിനായി 2018 മുതൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായ ഡേറ്റാ ബാങ്ക് ഇല്ലാത്തത് പ്രവാസികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സമുണ്ടായിട്ടില്ല. എന്നാൽ പ്രവാസികളെ സംബന്ധിക്കുന്ന കൃത്യതയുള്ളതും പൂർണ്ണവുമായ വിവരങ്ങൾ അവരെ സംബന്ധിക്കുന്ന ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് പ്രയോജനകരമായിരിക്കും. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പ്രവാസികൾക്കുള്ള പദ്ധതികൾ

73 (82) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രവാസികൾക്കായി എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസികൾക്കായി പുതുതായി ഏർപ്പെടുത്തിയ ആനുകൂല്യങ്ങളും പദ്ധതികളും ചുവടെ ചേർക്കുന്നു.

1. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)
2. ഓൺലൈൻ ഡേറ്റാ ബേസ്
3. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ
4. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ (ജി.സി.സി.)
5. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്
6. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി
7. നോർക്ക എമർജൻസി റിപാട്രിയേഷൻ ഫണ്ട്-നോർക്ക അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ സ്കീം.
8. ലോക കേരള സഭ
9. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം
10. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ്
11. ലോക കേരള കേന്ദ്രം
12. നോർക്ക-റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡ് ഉള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ യാത്രാനിരക്കിൽ 7 ശതമാനം ഇളവ്.
13. പ്രവാസി ഡിവിഡന്റ് പദ്ധതി.
14. പ്രവാസി ക്ഷേമ പെൻഷൻ മിനിമം 2000 രൂപയും പരാമവധി 4000 രൂപയുമായി വർദ്ധിപ്പിച്ച് നടപ്പിലാക്കി.

**നോർക്ക റൂട്ട്സ് മുഖേന നൽകിവരുന്ന സേവനങ്ങൾ**

74 (83) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സ് മുഖേന നിലവിൽ നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന കാസർഗോഡ് ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ചെയ്യുന്നതിന് സമയനഷ്ടമുണ്ടാകുന്നതിനാൽ കാസർഗോഡ് നോർക്ക റൂട്ട്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) (1) സാന്ത്വന ധനസഹായ പദ്ധതി- പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയ, സാമ്പത്തികവും ശാരീരികവുമായി അവശതയനുഭവിക്കുന്ന പ്രവാസികളുടെയും അവരുടെ കുടുംബങ്ങളുടെയും സഹായത്തിനായി രൂപീകരിച്ച പദ്ധതി.

(2) പ്രവാസി പുനരധിവാസ പദ്ധതി (NDPREM) - തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതി.

(3) എമർജൻസി റിപാട്രിയേഷൻ പദ്ധതി- യുദ്ധം, ആഭ്യന്തരകലാപം, പ്രകൃതിദുരന്തം എന്നീ കാരണങ്ങളാൽ വിദേശ രാഷ്ട്രങ്ങളിൽ നിന്നും പ്രവാസി മലയാളികളെ അവരുടെ താമസസ്ഥലത്ത് നിന്നോ തൊഴിൽ സ്ഥലത്ത് നിന്നോ വിദേശകാര്യ മന്ത്രാലയത്തിന്റെ സാഹായത്തോടുകൂടി മാറ്റേണ്ട സാഹചര്യത്തിൽ നടപ്പിലാക്കുന്ന സഹായ പദ്ധതി.

(4) നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും-വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി കേരളത്തിലെ യുവതീയുവാക്കൾക്കുള്ള നൈപുണ്യ നവീകരണ പദ്ധതി.

(5) സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ- വിദേശത്ത് ജോലിക്ക് ശ്രമിക്കുന്ന മലയാളികൾക്ക് എല്ലാ ജി.സി.സി. രാജ്യങ്ങളിലേക്കുമുള്ള സർട്ടിഫിക്കറ്റ്

അറ്റസ്റ്റേഷന് (എച്ച്.ആർ.ഡി.) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതിനുപുറമേ വിദേശ രാജ്യങ്ങളിൽ സമർപ്പിക്കുവാനുള്ള കേരളത്തിൽ നിന്നുള്ള രേഖകളുടെ ആഭ്യന്തര അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നോർക്ക-റൂട്ട്സിനെക്കൂടി സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്.

(6) വിദേശ ജോലികൾക്കുള്ള റിക്രൂട്ട്മെന്റ്-വിദേശരാജ്യങ്ങളിൽ ലഭ്യമായ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് അയയ്ക്കുവാനുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള റിക്രൂട്ട്മെന്റ് ഏജൻസിയാണ് നോർക്ക-റൂട്ട്സ്.

(7) പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികൾ-വിദേശത്ത് തൊഴിൽ സാധ്യത തേടുന്നവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിനായും തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ മുഖേന നോർക്ക-റൂട്ട്സ് സമഗ്രമായി പ്രീഡിപ്പാർച്ചർ പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

(8) ജോബ് പോർട്ടൽ - മികവുറ്റ തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽദായകരുടെയും തൊഴിൽ മേഖലയിൽ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ ആഗ്രഹിക്കുന്ന തൊഴിൽ അന്വേഷകരുടെയും ഒരു ഓൺലൈൻ പൊതുവേദിയാണ് ജോബ് പോർട്ടൽ.

(9) നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് - അസുഖബാധിതരായി നാട്ടിലേയ്ക്ക് മടങ്ങുന്ന വിദേശമലയാളികളെ അല്ലെങ്കിൽ വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ ഭൗതികശരീരം കേരളത്തിലെ ഏത് വിമാനത്താവളത്തിൽ നിന്നും അവരുടെ വീട്ടിലേയ്ക്കോ അവർ ആവശ്യപ്പെടുന്ന ആശുപത്രിയിലേയ്ക്കോ സൗജന്യമായി എത്തിക്കുന്ന പദ്ധതിയാണ് നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്. ഈ സേവനം ഇപ്പോൾ മംഗലാപുരം, കോയമ്പത്തൂർ വിമാനത്താവളങ്ങളിലേയ്ക്കും നീട്ടിയിട്ടുണ്ട്.

(10) പ്രവാസി നിയമസഹായ പദ്ധതി - കേരളീയരായ പ്രവാസികളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ.

(11) ലോക കേരള സഭ - ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പരസഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനും വേണ്ടി പ്രവർത്തിക്കുകയാണ് ലോക കേരള സഭയുടെ ലക്ഷ്യം.

(12) നോർക്ക-റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി - കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ പ്രധാന കണ്ണിയായ പ്രവാസി മലയാളികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(13) ലോക കേരള കേന്ദ്രം - കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസി കാര്യവകുപ്പിന്റെ (നോർക്ക) അധീനതയിൽ മാവേലിക്കരയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെയാണ് ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നത്.

(14) പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം - പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കൂട്ടായ്മകളായ പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(15) നോർക്ക എയർഫെയർ - ഇന്ത്യയിൽ നിന്നും വിദേശത്തേയ്ക്കും തിരിച്ചും ഒമാൻ/കുവൈറ്റ് എയർ വിമാനങ്ങളിൽ യാത്ര ചെയ്യുന്ന നോർക്ക റൂട്ട്സിന്റെ തിരിച്ചറിയൽ കാർഡുള്ള പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും യാത്രാനിരക്കിൽ ഇളവ് നൽകുന്ന പദ്ധതിയാണിത്.

(16) നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)- കേരളത്തിലെ വ്യവസായ സംരംഭക സാധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുകവഴി നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.സി.എഫ്.സി.-യുടെ ലക്ഷ്യം.

(17) നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം - വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികശരീരം എംബസ്സിയോ മറ്റ് അസോസിയേഷനുകളോ സ്പോൺസറോ സഹായിക്കുവാൻ ഇല്ലാത്തപക്ഷം സൗജന്യമായി നാട്ടിലെത്തിക്കുന്നതിനുള്ള നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം -എമർജൻസി റീപാട്രിയേഷൻ പദ്ധതിയുടെ ഉപപദ്ധതി.

(18) വനിത എൻ.ആർ.ഐ. സെൽ - കുടിയേറ്റക്കാരായ വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിത എൻ.ആർ.ഐ. സെൽ രൂപീകരിച്ചു.

(19) <u>നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്റർ</u> -ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾക്ക് കേരള സർക്കാരിൽ നിന്നും നോർക്ക സംബന്ധിച്ച് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവർക്കുള്ള പരാതികൾ അധികൃതരെ അറിയിക്കുന്നതിനുമായി അന്താരാഷ്ട്ര ടോൾ ഫ്രീ നമ്പർ സൗകര്യത്തോടുകൂടി ഗ്ലോബൽ കോൺടാക്ട് സെന്റർ നടപ്പിലാക്കി പ്രവർത്തിക്കുന്നു.

(20) <u>നോർക്ക -റൂട്ട്സ് പ്രവാസി തിരിച്ചറിയൽ /ഇൻഷ്വറൻസ് കാർഡ്</u> - വിദേശത്ത് 6 മാസത്തിൽ കൂടുതൽ രേഖാമൂലം ജോലി ചെയ്യുകയോ താമസിക്കുകയോ ചെയ്യുന്ന 18 വയസ്സിന് മുകളിലുള്ളവർക്കാണ് 3 വർഷത്തെ കാലാവധിയുള്ള നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നത്. ടി കാർഡിൽ അംഗമായിട്ടുള്ളവർക്ക് രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷയും സ്ഥിരമായ അംഗവൈകല്യത്തിന് പരമാവധി ഒരു ലക്ഷം രൂപയും നൽകിവരുന്നു.

(ബി) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ മുഖാന്തിരം വിദേശ തൊഴിൽകാംക്ഷികൾക്ക് അറ്റസ്റ്റേഷൻ സേവനം ലഭ്യമാക്കുന്നുണ്ട്. അറ്റസ്റ്റേഷൻ സേവനം നിലവിൽ മേഖലാ ഓഫീസുകൾ വഴി മാത്രമാണ് നൽകിവരുന്നത്. കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് മേഖലാ ഓഫീസിൽ അറ്റസ്റ്റേഷൻ സൗകര്യം ലഭ്യമാണ്. എന്നാൽ സാധ്യമായ ദിവസങ്ങളിൽ കണ്ണൂർ/കാസർഗോഡ് ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കായി കണ്ണൂർ ജില്ലാ ആസ്ഥാനത്ത് മാസത്തിലൊരിക്കൽ അറ്റസ്റ്റേഷൻ സേവനം ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

**ലോക കേരള സഭ**

75 (84) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടന്ന ലോക കേരള സഭയിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള എത്ര പ്രതിനിധികളാണ് പങ്കെടുത്തത്; വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിനായി എത്ര തുക സർക്കാർ ചെലവഴിച്ചു; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിനുമുമ്പ് നടന്ന ലോക കേരള സഭകളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സഭയിൽ പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും പുതിയ ലോക കേരള സഭയിലേക്ക് ക്ഷണം നൽകിയിരുന്നോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടന്ന ലോക കേരള സഭയിൽ ഇന്ത്യ ഉൾപ്പെടെ 47 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പങ്കെടുത്തത്. വിവിധ വിദേശ രാജ്യങ്ങളിൽ നിന്നും പങ്കെടുത്തവരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ചെലവ് കണക്കാക്കിവരുന്നു.

(സി) ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ട 10 ശിപാർശകൾ ദുബായിൽ നടന്ന പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ വിശദമായി ചർച്ച ചെയ്യുകയും താഴെക്കാണുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്തു.

1. <u>എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി</u>

പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവൽക്കരിച്ചു പ്രവർത്തിച്ചുവരുന്നു. ഗൾഫ് മേഖലയിലെ നിക്ഷേപസമൂഹത്തിന് കേരളത്തിലെ നിക്ഷേപസാധ്യതകൾ വ്യക്തമാക്കാനായി എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റ് എന്ന പേരിൽ ദുബായിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചു.

2. <u>എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി</u>

അപ്പാർട്ട്മെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനമായിട്ടുണ്ട്.

3. <u>പ്രവാസി സഹകരണ സംഘം</u>

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണസംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. വനിത എൻ.ആർ.കെ. സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. എയർപോർട്ടുകളിൽ migration facilitation centre-പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centre എന്നിവ രൂപീകരിക്കാനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈപവർ കമ്മിറ്റിയുടെ രൂപീകരണം

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം.

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies- ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

9. എൻ.ആർ.ഐ. ബാങ്ക് & എൻ.ആർ.ഐ. കലോത്സവം എന്നീ ശിപാർശകൾ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(ഡി) കഴിഞ്ഞ സഭയിൽ പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും രണ്ടാം ലോക കേരള സഭയിലേയ്ക്ക് ക്ഷണം നൽകിയിരുന്നില്ല. ലോക കേരള സഭയുടെ ഘടന അനുസരിച്ച് രണ്ട് വർഷം കൂടുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട 1/3 പേർ വിരമിക്കുന്നതും അത്രത്തോളം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുമാണ്. രാജി വച്ച അംഗങ്ങളെയും സമ്മേളനത്തിൽ പങ്കെടുക്കാൻ അസൗകര്യം അറിയിച്ചവരെയും അംഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയും കൂടാതെ മറ്റ് രാജ്യങ്ങളിലെ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാൻ വേണ്ടിയും അംഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

## ലോക കേരള സഭ വഴിയുള്ള വികസനപ്രവർത്തനങ്ങൾ

76 (85) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ലോക കേരള സഭ വഴി എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നും എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചതെന്നും വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഏതൊക്കെ മേഖലകളിൽ ഏതൊക്കെ കമ്പനികളാണ് പണം മുടക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) രണ്ടാം ലോക കേരള സഭയിൽ നിരവധി ശിപാർശകൾ ഉയർന്നുവന്നു. അതിൽ നിന്ന് നടപ്പിലാക്കാൻ കഴിയുന്നവ പരിശോധിച്ചുവരുന്നു. ലോക കേരള സഭയ്ക്കായി 10 കോടി രൂപ 2020-21 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ലോക കേരള സഭ

77 (86) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരിയിൽ നടന്ന ലോക കേരള സഭയിൽ പ്രതിനിധികളായി എത്ര പേർ പങ്കെടുത്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സഭയിൽ എത്ര എം.എൽ.എ.-മാരും എം.പി.മാരും പങ്കെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നും എത്ര പ്രതിനിധികൾ വീതമാണ് ലോക കേരള സഭയിൽ പങ്കെടുത്തതെന്ന് വിശദമാക്കുമോ;

(ഡി) വിദേശ രാജ്യങ്ങളിൽ നിന്നും വന്ന എത്ര പ്രതിനിധികൾക്ക് വിമാനക്കൂലി നൽകിയെന്നും ഇതിലേയ്ക്കായി എത്ര ലക്ഷം രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഇ) ലോക കേരള സഭയിൽ പങ്കെടുത്ത എത്ര പ്രതിനിധികൾക്ക് ഹോട്ടലിൽ താമസ സൗകര്യം ഏർപ്പെടുത്തിയെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കുമോ; ഇതിന്റെ നടത്തിപ്പിന് ആകെ എത്ര രൂപയാണ് ചെലവ് വന്നതെന്നും ഇതിൽ പ്രതിനിധികളുടെ ഭക്ഷണത്തിനായി എന്തു തുക ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2020 ജനവരിയിൽ നടന്ന ലോക കേരള സഭയിൽ 147 പ്രവാസി പ്രതിനിധികളും 103 പ്രത്യേക ക്ഷണിതാക്കളും പങ്കെടുത്തു.

(ബി) പ്രസ്തുത സഭയിൽ 5 എം.പി-മാരും 60 എം.എൽ.എ. -മാരും പങ്കെടുത്തു.

(സി) ഇന്ത്യയടക്കമുള്ള 41 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ രണ്ടാം ലോക കേരള സഭയിൽ പങ്കെടുത്തിട്ടുണ്ട്. ഇതിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇതുവരെ 3 പേർക്ക് 40,106 രൂപ വിമാനക്കൂലിയായി നൽകിയിട്ടുണ്ട്.

(ഇ) പ്രതിനിധികൾക്ക് ഒരുക്കിയ ഭക്ഷണത്തിന് ചെലവൊന്നും ഉണ്ടായിട്ടില്ല. ഹോട്ടലുകളിൽ താമസസൗകര്യം ഒരുക്കിയതിന്റെ ചെലവ് അന്തിമമായി കണക്കാക്കിയിട്ടില്ല.

**ലോക കേരളസഭയുടെ പ്രവർത്തന പുരോഗതി**

78 (89) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമലയാളികൾ ഏറെ പ്രതീക്ഷയോടെ കാണുന്ന ലോകകേരള സഭയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) ലോകമലയാളി സമൂഹം വളരെ ശ്രദ്ധേയമെന്ന് വിലയിരുത്തിയ ലോക കേരള സഭയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സാഹചര്യത്തിൽ വിദേശങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്കായി ലോക കേരള സഭ മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) കേരളത്തിന്റെ സാമ്പത്തിക-സാംസ്കാരിക രംഗത്ത് പ്രവാസി മലയാളികളുടെ പങ്കാളിത്തമുറപ്പിക്കാൻ ലോക കേരള സഭ മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ കേരളത്തിന്റെയും പ്രവാസികളുടെയും ഉന്നമനത്തിനായി നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നു. ഒന്നാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് രൂപീകരിച്ച വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ തെരഞ്ഞെടുക്കപ്പെട്ട 10 എണ്ണത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

1. എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി

പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവൽക്കരിച്ചു പ്രവർത്തിച്ചുവരുന്നു. ഗൾഫ് മേഖലയിലെ നിക്ഷേപസമൂഹത്തിന് കേരളത്തിലെ നിക്ഷേപ സാധ്യതകൾ വ്യക്തമാക്കാനായി എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റ് എന്ന പേരിൽ ദുബായിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചു.

2. എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി

അപ്പാർട്ടുമെന്റുകൾ, ടൗൺഷിപ്പ് പ്രോജക്ടുകൾ, കോംപ്ലക്സുകൾ, വൃദ്ധസദനങ്ങൾ, റോഡുകൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ. ഐ. കൺസ്ട്രക്ഷൻ കമ്പനി തുടങ്ങാൻ തീരുമാനിമായിട്ടുണ്ട്.

3. പ്രവാസി സഹകരണ സംഘം

തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണസംഘം ക്ലിപ്തം 4499 എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

4. വനിത എൻ.ആർ.കെ. സെൽ

വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പദ്ധതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

5. എയർപോർട്ടുകളിൽ migration facilitation centre-പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centres

മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യുക എന്നിവ തടയുന്നതിനും സാംസ്കാരിക സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation centre എന്നിവ രൂപീകരിക്കാനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. നൈപുണ്യ വികസനത്തിനായുള്ള ഹൈപവർ കമ്മിറ്റിയുടെ രൂപീകരണം

7. അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രത്തിന്റെ രൂപീകരണം.

കുടിയേറ്റ കേന്ദ്രത്തിന് രൂപം കൊടുക്കുകയും Centre for Development Studies- ൽ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

8. പ്രവാസി ആനുകാലിക പ്രസിദ്ധീകരണം

പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം 'ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

9. എൻ.ആർ.ഐ.ബാങ്ക് & എൻ.ആർ.ഐ. കലോത്സവം എന്നീ ശിപാർശകൾ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) ലോക കേരള സഭയുടെ പ്രധാന ലക്ഷ്യങ്ങൾ വിവരിക്കുന്ന സർക്കാർ ഉത്തരവ് ഇതോടൊപ്പം അനുബന്ധമായി *ചേർക്കുന്നു.

(സി) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം ലക്ഷ്യംവച്ച് കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം നമ്പർ 4499 എന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചു. പുനരധിവാസത്തിനായി സ്റ്റാർട്ടപ്പ് പദ്ധതികൾക്കാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുക, വിമാനത്താവളങ്ങൾ, ഇന്ത്യൻ റെയിൽവേ, തുറമുഖങ്ങൾ തുടങ്ങിയ ഇടങ്ങളിലുള്ള വൈവിദ്ധ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക, നിർദ്ദിഷ്ട കോവളം-കാസർഗോഡ് ജലപാതയിൽ പൊതു ഗതാഗതത്തിന് ആവശ്യമായ ബോട്ടുകൾ, യാനങ്ങൾ തുടങ്ങിയവ സ്വന്തമായി വാങ്ങി സേവനം നടത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പ്രവാസികളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഔട്ട്ലെറ്റുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥാപിച്ച് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുക, സ്വന്തമായോ പാട്ടത്തിനോ ഭൂമി കരസ്ഥമാക്കി ഷോപ്പിംഗ് മാളുകൾ, തിയേറ്റർ സമുച്ചയങ്ങൾ, ഫിലം സ്റ്റുഡിയോകൾ എന്നിവ സ്ഥാപിക്കുക, അംഗങ്ങൾക്ക് സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, അംഗങ്ങളുടെ സംരംഭങ്ങൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ മൊത്തമായി ശേഖരിച്ച് ന്യായവിലയ്ക്ക് ലഭ്യമാക്കുക, സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ്, ആർട്സ് & സയൻസ് കോളേജുകൾ, പാരാ മെഡിക്കൽ കോഴ്സുകൾ, ക്ലിനിക്കൽ ലാബുകൾ എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക, വിവര സാങ്കേതിക രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക, വിവര സാങ്കേതിക രംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രവാസിക്ക് പുനരധിവാസം ഉറപ്പുരുത്തുക, പ്രവാസികളുടെ ഇടയിൽ മിതവ്യയശീലവും സഹകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുകയും സഹകരണ ആദർശങ്ങൾ പ്രചരിപ്പിക്കുകയും അത് പരമാവധി പ്രവർത്തനപഥത്തിൽ കൊണ്ടുവരാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, തീർത്ഥാടന കേന്ദ്രങ്ങൾ – സ്വദേശത്തേയും ബന്ധപ്പെടുത്തി പാക്കേജ് ടൂറുകൾ, കോൺട്രാക്റ്റ് ടൂറുകൾ എന്നിവ സംഘടിപ്പിക്കുക, ഇത്തരം ടൂറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശത്തേയും സ്വദേശത്തേയും ടൂറിസ്റ്റ്/ട്രാവൽ ഏജൻസികളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ച് പ്രവർത്തിക്കുക, ബിൽഡ് ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബി.ഒ.റ്റി.) അടിസ്ഥാനത്തിൽ ഗവ. പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുക, കേന്ദ്ര സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ, സർക്കാർ - സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഭവനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലെ ശുചീകരണ പ്രവൃത്തികൾ, പ്ലംബിംഗ്, ഇലക്ട്രിക്, വെൽഡിംഗ്, ഫാബ്രിക്കേറ്റിംഗ്, ടൈൽസ് ലേയിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കുക, പൊതുമേഖലയിലേയും സ്വകാര്യ സംരംഭകരുടേയും വ്യാവസായിക സ്ഥാപനങ്ങളുടെയും യന്ത്രോപകരണങ്ങളുടെ മെയിന്റനൻസ് ജോലികൾ ഏറ്റെടുത്ത് നടത്തുക തുടങ്ങിയവയാണ് സൊസൈറ്റി മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾ, കൂടാതെ തിരികെ വരുന്ന പ്രവാസികളുടെ വിവരം ശേഖരിക്കുന്നതിനായി ഡേറ്റാ ബാങ്ക് രൂപീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പ്രവാസജീവിതം കഴിഞ്ഞ് തിരികെ എത്തിയവരുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന പ്രവാസി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അവരെ സഹായിക്കേണ്ടത് സർക്കാർ ഉത്തരവാദിത്വമായി കാണുന്നു. ആയതിനാൽ ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതി നടപ്പുവർഷം തുടക്കം കുറിച്ചു.

(ഡി) കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബഹു. മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപവൽക്കരിച്ചു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി പ്രസ്തുത കമ്പനി specific SPVs രൂപീകരിച്ച് അതിൽ സർക്കാർ 26% ഓഹരിയും 76% പ്രവാസി നിക്ഷേപകരും വഹിക്കും. ടൂറിസം, തുറമുഖം, എയർപോർട്ട്, എൻ.ആർ.ഐ. ടൗൺഷിപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ, നിർമ്മാണം, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപത്തിനായി കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൂടാതെ സാമ്പത്തിക-സാംസ്കാരിക രംഗത്ത് പ്രവാസി മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നിരവധി ആശയങ്ങളാണ് രണ്ടാം ലോക കേരള സഭയിൽ ഉയർന്നത്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

### പോലീസ് സേനയിലെ ആത്മഹത്യാ നിരക്ക്

79 (90) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ആത്മഹത്യാ നിരക്ക് വർദ്ധിക്കുന്നതായുള്ള വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആത്മഹത്യകൾ കുറയ്ക്കുന്നതിനും പോലീസ് സേനയെ മാനസികമായി ശക്തരാക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) മേലുദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം ആരോഗ്യകരമാകുന്ന രീതിയിൽ മാറ്റിയെടുക്കുന്നതിനായി സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ ആത്മഹത്യാനിരക്ക് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ 3 വർഷത്തെ കണക്ക് ചുവടെ കൊടുക്കുന്നു:

| വർഷം | 2017 | 2018 | 2019 | 2020(24-2-2020 വരെ) |
|---|---|---|---|---|
| ആത്മഹത്യ ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം | 14 | 13 | 18 | 3 |

(ബി) സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥരെ മാനസികമായി ശക്തരാക്കുന്നതിനും ആത്മഹത്യകൾ കുറയ്ക്കുന്നതിനുമായി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും എല്ലാ പോലീസ് സ്റ്റേഷനുകളിലും മെന്റർമാരെ നിയോഗിച്ചിട്ടുള്ളതും പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസലിംഗ് നടത്തുന്നതിനുവേണ്ടി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യോഗാ ക്ലാസ്സുകളും സ്ട്രസ്സ് മാനേജ്മെന്റ് ക്ലാസ്സുകളും നൽകിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് പോലീസ് സേനയിൽ മേലുദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും തമ്മിൽ ആരോഗ്യകരമായ ബന്ധമാണ് നിലനിൽക്കുന്നത്.

**മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് നടപടി**

80 (91) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശക്തമാകുന്ന സാഹചര്യത്തിൽ മാവോയിസ്റ്റ് ഭീഷണി ഫലപ്രദമായി നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഗോത്രവർഗ്ഗ മേഖലകളിലുൾപ്പെടെ മാവോയിസ്റ്റുകൾ സ്വാധീനമുറപ്പിക്കുന്നത് തടയുന്നതിനും മാവോയിസ്റ്റുകൾക്ക് കീഴടങ്ങുന്നതിനുള്ള അവസരം ഒരുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി ഉന്നതതല യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കീഴടങ്ങുന്ന മാവോയിസ്റ്റുകൾക്ക് തൊഴിൽ നൽകുന്നത് ഉൾപ്പെടെയുള്ള പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചനയുണ്ടോ;

(ഡി) മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം പ്രകടമായിട്ടുള്ള പ്രദേശങ്ങളിൽ പട്രോളിംഗും മറ്റ് നിരീക്ഷണ സംവിധാനങ്ങളും ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മാവോയിസ്റ്റുകളുടെ പ്രവർത്തനം നേരിടുന്നതിന് പ്രധാനമായി മൂന്ന് തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. മാവോയിസ്റ്റ് ഭീഷണി നടയുന്നതിന് തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ലോക്കൽ പോലീസ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ കോമ്പിംഗ് ഓപ്പറേഷൻ നടപ്പാക്കിവരുന്നു. കൂടാതെ മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കും അവരുടെ മേലുദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള സ്ഥലങ്ങളിൽ ലോക്കൽ പോലീസ് ഉദ്യോഗസ്ഥരും പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരും പട്രോളിംഗ് നടത്തിവരുന്നു.

2. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അറസ്റ്റ് ചെയ്യുകയും അവരുടെ മേൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

3. ആദിവാസി മേഖലകളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും വിവിധ വികസനപദ്ധതികൾ നടപ്പിലാക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആദിവാസി യുവാക്കൾ മാവോയിസത്തിലേയ്ക്ക് ആകൃഷ്ടരാകാതിരിക്കാനായി സർക്കാർ ജോലികളിൽ നിയമനം ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു.

(ബി) ഉണ്ട്. കേരളത്തിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിലനിൽക്കുന്ന പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യം, ആദിവാസി മേഖലകളിലെ വികസന പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി 16-9-2019-ലെ സ.ഉ (സാധാ)നമ്പർ 2472/2019/ആഭ്യന്തരം നമ്പർ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ യോഗം ചേർന്നിട്ടുണ്ട്.

(സി) 28-5-2018-ലെ സ.ഉ.(എം.എസ്.)93/2018/ആഭ്യന്തരം നമ്പർ പ്രകാരം മാവോയിസ്റ്റ് പ്രവർത്തകർക്കായി കീഴടങ്ങൽ/പുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

## പോലീസുദ്യോഗസ്ഥരുടെ മാനസിക സംഘർഷം

81 (92) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതമായ ജോലിഭാരവും മേലുദ്യോഗസ്ഥരുടെ പീഡനവും മൂലമുള്ള മാനസിക സമ്മർദ്ദം കാരണം പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം നാളിതുവരെ എത്ര പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്തു;

(സി) പോലീസുദ്യോഗസ്ഥരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതികൾ പ്രയോജനപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പോലീസ് സ്റ്റേഷനുകളിൽ ഗുണ്ടകൾ കടന്ന് ചെന്ന് പോലീസുകാരെ ഭീഷണിപ്പെടുത്തുന്ന സന്ദർഭം പോലും ഉണ്ടാകുന്നുവെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ?

### ഉത്തരം

(എ) പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം നാളിതുവരെ 60 പോലീസുദ്യോഗസ്ഥരുടെ ആത്മഹത്യയാണ് ഉണ്ടായിട്ടുള്ളത്. സ്വകാര്യ ജീവിതത്തിലെ താളപ്പിഴകളുടെയും മാനസിക പിരിമുറുക്കങ്ങളുടെയും ഭാഗമായാണ് ഈ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്.

(സി) പോലീസ് സേനാംഗങ്ങളുടെ ഡ്യൂട്ടി സമയക്ലിപ്തത ഇല്ലാത്തതിനാലും വിവിധ കേസന്വേഷണങ്ങളും ക്രമസമാധാന പ്രശ്നങ്ങളും അടിയന്തര പ്രാധാന്യമുള്ള മറ്റു ഡ്യൂട്ടികളും സൂക്ഷ്മതയോടെയും തെറ്റുകൾ കൂടാതെയും ചെയ്തുതീർക്കേണ്ടി വരുന്നതിനാലും അവർക്കിടയിൽ മാനസിക സമ്മർദ്ദം ഉണ്ടായേക്കാവുന്നതാണ്. പോലീസ് സേനാംഗങ്ങളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനായി ജില്ലാതലത്തിൽ Mindful Life Management (MLM) എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം Stress Management ക്ലാസ്സുകളും യോഗാക്ലാസ്സുകളും ആത്മഹത്യാ പ്രവണത ഇല്ലാതാക്കാൻ കൗൺസിലിംഗും

നടത്തിവരുന്നു. കൂടാതെ പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുന്നതിന് മുന്നോടിയായി എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം നടപടികൾ പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യാ പ്രവണത കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം പ്രവണതകൾ ശ്രദ്ധയിൽപെട്ടാൽ സത്വര നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## സി & എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ

82 (93) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ കാര്യക്ഷമത സംബന്ധിച്ച സി & എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങളുടെ വെളിച്ചത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അഴിമതി നടന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിനായി പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;എങ്കിൽ അവരുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും പോലീസ് സേനയുടെ വിശ്വാസ്യത ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) സി&എ.ജി.റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചുവരുന്നു.

## സി. & എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ

83 (94) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോക്കുകളും വെടിക്കോപ്പുകളും കാണാതായത് സംബന്ധിച്ച സി. ആന്റ് എ.ജി. റിപ്പോർട്ട് എന്തായിരുന്നുവെന്നും ഈ റിപ്പോർട്ട് ശരിയാണോ എന്നും വ്യക്തമാക്കാമോ; ശരിയല്ലെങ്കിൽ വിശദീകരണം നൽകാമോ ;

(ബി) സ്റ്റേഷനുകൾക്ക് വാഹനം വാങ്ങാനുള്ള പണം ഉപയോഗിച്ച് ആഡംബര വാഹനങ്ങൾ വാങ്ങിയെന്ന സി. ആന്റ് എ.ജി. റിപ്പോർട്ട് ശരിയാണോ എന്ന് വ്യക്തമാക്കാമോ; ശരിയല്ലെങ്കിൽ സർക്കാരിന്റെ വിശദീകരണം വെളിപ്പെടുത്താമോ;

(സി) പോലീസ് മേധാവിക്കും എ.ഡി.ജി.പി.മാർക്കും ചട്ടവിരുദ്ധമായി വില്ലകൾ പണിതു എന്ന സി. ആന്റ് എ.ജി. റിപ്പോർട്ടിൽ വസ്തുതയുണ്ടോ; ഇല്ലെങ്കിൽ വസ്തുത വിശദമാക്കാമോ;

(ഡി) ബുള്ളറ്റ് പ്രൂഫ് വാഹനം ഓപ്പൺ ടെൻഡറിലൂടെ വാങ്ങിയില്ലെന്ന സി. ആന്റ് എ.ജി. റിപ്പോർട്ട് വസ്തുതാപരമാണോ; അല്ലെങ്കിൽ വിശദീകരണം നൽകാമോ?

ഉത്തരം

(എ-ഡി) സി. & എ.ജി..റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## സി. & എ.ജി.റിപ്പോർട്ട് ചോർന്നതായുള്ള ആക്ഷേപത്തിൻമേൽ അന്വേഷണം

84 (95) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് നവീകരണ ഫണ്ട് വകമാറ്റിയതും ആയുധങ്ങളും വെടിക്കോപ്പുകളും കാണാതായതും സംബന്ധിച്ച പരാമർശങ്ങളുള്ള സി.& എ.ജി.യുടെ 2019 വർഷത്തെ നാലാമത് റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുന്നതിന് മുമ്പ് ചോർന്നുവെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് ചോർന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് അന്വേഷണം നടത്തുന്നതാണ്.

## റൈഫിളുകൾ, വെടിയുണ്ടകൾ എന്നിവ കാണാതായ സംഭവം

85 (97) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജ്യസുരക്ഷയെ ബാധിക്കുന്ന തരത്തിൽ പോലീസ് സ്പെഷ്യൽ ആംഡ് ബറ്റാലിയനിൽ 5.56 എം. എം ഇൻസാസ് റൈഫിളുകൾ, വിവിധ അളവുകളിലുള്ള വെടിയുണ്ടകൾ ഇവ കാണാതായതായി സി ആന്റ് എ.ജി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കാണാതായ കാട്രിഡ്ജ്കൾക്ക് പകരമായി കൃത്രിമ കാട്രിഡ്ജ്കൾ വെച്ച് സി ആന്റ് എ.ജി ഓഡിറ്റിനെ തെറ്റിദ്ധരിപ്പിക്കുന്നതിന് ശ്രമമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ഉള്ള സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംഭവം എന്ന് നടന്നതെന്നാണെന്നും ഇക്കാലയളവിൽ ഇവയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർ ഇപ്പോൾ എവിടെയാണ് സേവനമനുഷ്ഠിക്കുന്നത് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പരാമർശം ഉണ്ടായിട്ടുണ്ട്. 25 എണ്ണം 5.56 എം. എം. ഇൻസാസ് റൈഫിളുകളും 12,061 എണ്ണം കാട്രിഡ്ജുകളും കുറവുള്ളതായി പരാമർശിച്ചിട്ടുണ്ട്

(ബി) ഇക്കാര്യത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്.

(സി) ഇത്തരം സാധനങ്ങളുടെ സെക്യൂരിറ്റി ഉറപ്പാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നിലവിലുള്ള പോലീസ് സർക്കുലർ, സ്റ്റാൻഡിംഗ് ഓർഡർ, എക്സിക്യൂട്ടീവ് എന്നിവകളിൽ പ്രതിപാദിക്കുന്നുണ്ട്.

(ഡി) 1-1-1996 മുതൽ ഒക്ടോബർ 2018 വരെയുള്ള കാലയളവിലാണ് പ്രസ്തുത സംഭവം നടന്നിട്ടുള്ളതെന്ന് പോലീസ് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. പ്രസ്തുത കാലയളവിൽ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1 | Gopakumar | Hav 6606 | APSI, Bureau of Immigration. |
| 2 | Asok Kumar | Hav 7295 | SI, DCB Kollam Rural |
| 3 | Sanal Kumar | Hav 6474 | APSI, SBCID |
| 4 | Satheesh Kumar | Hav 6657 | APSI, Airport Immigration, Tvpm |
| 5 | Aneesh | Hav 8120 | KAP-IV |
| 6 | Liyishan | Hav 6724 | APSI, KAP-I |
| 7 | Belraj | Hav 6968 | Women Battalion, Menamkulam |
| 8 | Vinod | Hav 10296 | SAP, Tvpm. |
| 9 | Reji Balachandran | APSI | APSI, KAP-III |
| 10 | Sudheesh Kumar | APSI | SAP, Tvpm. |
| 11 | Suresh Kumar | Hav 5754 | APSI, SPMR, Pattom. |

ടി സംഭവവുമായി ബന്ധപ്പെട്ട് കൂടുതൽ ഉദ്യോഗസ്ഥരുടെ പങ്കിനെപ്പറ്റിയും ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്.

(ഇ) പ്രസ്തുത സംഭവത്തിൽ ക്രൈം ബ്രാഞ്ച് Cr.No.399/CB/TVPMR/2019 പ്രകാരം 11 പേരെ പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റിൽ അന്വേഷണം നടത്തിവരുന്നു. നിലവിൽ ഒൻപതാം പ്രതിയെ 26-2-2020-ന് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്.

## ശബരിമല സുരക്ഷാ പദ്ധതി

86 (98) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയ്ക്കായി മുപ്പത് സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ഈ സർക്കാർ 11.36 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നോ;

(ബി) പ്രസ്തുത പദ്ധതി കെൽട്രോണിന് നൽകിയത് വഴി സർക്കാരിന് ഭീമമായ നഷ്ടം സംഭവിച്ചു എന്ന് സി. ആൻറ് എ.ജി. കണ്ടെത്തിയിട്ടുണ്ടോ;

(സി) കെൽട്രോൺ സമർപ്പിച്ച ടെൻഡർ കമ്പോളവിലയേക്കാൾ 2-3 ഇരട്ടിയിലധികമാണെന്ന് പോലീസ് ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ശബരിമലയുടെ സുരക്ഷയ്ക്കായി 30 സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ 11.36 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) വിവിധ ഉപകരണങ്ങൾ പല ഘട്ടങ്ങളിൽ വാങ്ങിയത് സംബന്ധിച്ച് സി. ആന്റ് എ.ജി. പരാമർശം നടത്തിയിട്ടുണ്ട്.

(സി) കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച സമിതിയുടെ ചില നിരീക്ഷണത്തെത്തുടർന്ന് കെൽട്രോൺ ആയതിന്റെ വിശദീകരണം നൽകിയിട്ടുണ്ട്.

## പൗരത്വനിയമവുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങളുടെ പേരിലുള്ള കേസുകൾ

87 (99) പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജനസംഖ്യ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് 22-1-2020 ലെ SS1/57/LGS/പൊതുഭരണ വകുപ്പ് നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തിനയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) പൗരത്വനിയമവുമായി ബന്ധപ്പെട്ട് നടന്ന സമാധാനപരമായ പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്ത നിരവധി പേരുടെ പേരിൽ സംസ്ഥാന പോലീസ് കേസ് എടുത്തിട്ടുള്ളത് ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ;

(സി) നിരപരാധികളുടെ പേരിൽ കേസുകൾ എടുത്തിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പൗരത്വ നിയമവുമായി ബന്ധപ്പെട്ട് എത്ര മലയാളികളുടെ പേരിൽ മറ്റു സംസ്ഥാനങ്ങളിൽ കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) മറ്റു സംസ്ഥാനങ്ങളിൽ അനാവശ്യമായി എടുത്ത കേസ dmg കൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മറുപടി ലഭിച്ചിട്ടില്ല.

(ബി&സി) പൗരത്വനിയമവുമായി ബന്ധപ്പെട്ട സമാധാനപരമായി പ്രതിഷേധിച്ചവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രതിഷേധപ്രകടനങ്ങളുടെ ഭാഗമായി നടന്ന നിയമലംഘനങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി&ഇ) മറ്റ് സംസ്ഥാനങ്ങളിൽ എടുത്ത കേസുകൾ സംബന്ധിച്ച് സർക്കാരിൽ വിവരം ലഭ്യമല്ല. എന്നാൽ പൗരത്വ നിയമ ഭേദഗതിക്കെതിരെ കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്ത് 19-12-2019-ൽ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ടുണ്ടായ ക്രമസമാധാന പ്രശ്നങ്ങളും തുടർന്നുണ്ടായ പോലീസ് വെടിവയ്പ്പുമായി ബന്ധപ്പെട്ട് മംഗലാപുരം സിറ്റി നോർത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം.133/2019 നമ്പർ കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെ നേരിട്ട് ഹാജരാകണമെന്നും ഹാജരാകാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് കാസർഗോഡ് ജില്ലയിലെ നാന്നൂറോളം പേർക്ക് ക്രിമിനൽ നടപടിക്രമം 41(A) വകുപ്പ് അനുസരിച്ചുള്ള നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ നോട്ടീസ് ലഭിച്ച് മുപ്പത്തഞ്ച് പേരെ കാസർഗോഡ് ജില്ലാ പോലീസ് ഉദ്യോഗസ്ഥർ നേരിൽ കണ്ട് അന്വേഷണം നടത്തിയതിൽ ഇവരെല്ലാവരും ഒരേ സമുദായത്തിൽപ്പെട്ടവരും സ്ത്രീകൾ ഉൾപ്പെടെയുള്ളവരാണെന്നും സ്വകാര്യ ആവശ്യങ്ങൾക്കായി 19-12-2019-ൽ മംഗലാപുരത്ത് പോയവരാണെന്നും അറിയുന്നു. പ്രസ്തുത കേസ് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുന്നതിനായി കാസർഗോഡ് ജില്ലാ പോലീസ് മേധാവി

മംഗലാപുരം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നോട്ടീസ് ലഭിച്ച സംഭവവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന പോലീസ് മേധാവി കർണാടക സംസ്ഥാന പോലീസ് മേധാവിയുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്.

**പോലീസ് ചീഫിന് ചെലവഴിക്കാവുന്ന തുകയുടെ പരിധി**

88 (101) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ചീഫിന് ഒരു വർഷം ചെലവഴിക്കാവുന്ന പരമാവധി തുക ഈ സർക്കാർ നിലവിൽ വരുമ്പോൾ എത്ര കോടി രൂപയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുകയുടെ പരിധി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന പോലീസ് ചീഫ് ആഭ്യന്തര വകുപ്പിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്;

(സി) പ്രസ്തുത ആവശ്യം ഉന്നയിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന പോലീസ് ചീഫിന്റെ അഭ്യർത്ഥന മാനിച്ച് അദ്ദേഹത്തിന് ചെലവഴിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വരുമ്പോൾ സംസ്ഥാന പോലീസ് മേധാവിക്ക് ഒരു വർഷം ചെലവഴിക്കാവുന്ന പരമാവധി തുക 50 ലക്ഷം രൂപയായിരുന്നു. എന്നാൽ MoPF സ്കീമിൽ അനുവദിച്ചിട്ടുള്ള വാങ്ങലുകൾക്ക് സാമ്പത്തികാധികാര പരിധി 2 കോടി രൂപ ആയിരുന്നു.

(ബി) ഉണ്ട്. 6-8-2019-ലെ S3(a)54821/2018/PHQ നമ്പർ കത്ത് പ്രകാരമാണ് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് അപേക്ഷ സമർപ്പിച്ചത്.

(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ Order No. 11012/02/2009-Fin-1/Prov-1 dated 2-1-2018, Police Modernisation Division/Prov-1 പ്രകാരം CAPF/NSG/IB/NIA-ലെ DGP/Director- മാർക്ക് delegation of financial power ഉയർത്തി നല്കുകയും കത്ത് നമ്പർ 21011/57/2017-PM-1 dated 13-11-2018 പ്രകാരം സ്റ്റേറ്റ് പോലീസ് ഫോഴ്സുകൾക്കും ഉയർത്തി നൽകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന പോലീസ് മേധാവി അപേക്ഷ സമർപ്പിച്ചത്.

(ഡി) ഉണ്ട്. 7-8-2017-ലെ സ.ഉ. (അച്ചടി) നമ്പർ 102/2017/ധന പ്രകാരം വകുപ്പുമേധാവിയുടെ സാമ്പത്തിക അധികാര പരിധി നിശ്ചയിച്ച ഉത്തരവ് അനുസരിച്ച് വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത തുകകളാണ് അനുവദിച്ചിട്ടുള്ളത്. സംസ്ഥാന പോലീസ് മേധാവിയുടെ അപേക്ഷ പ്രകാരം MoPF സ്കീമിൽ അനുവദിച്ചിട്ടുള്ള പർച്ചേസുകൾക്ക് സാമ്പത്തികാധികാര പരിധി 4-5-2015-ലെ 2 കോടിയിൽ രൂപയിൽനിന്ന് 5 കോടി രൂപയായി ഉയർത്തി 18-1-2020 -ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്പെഷ്യൽ ആംഡ് പോലീസ് മുദ്രയും വ്യാജ വെടിയുണ്ടകളും

89 (102) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെടിയുണ്ടയും കാലി കെയ്സും ഉരുക്കി നിർമ്മിച്ചെന്ന് കരുതുന്ന സ്പെഷ്യൽ ആംഡ് പോലീസ് മുദ്രയും വ്യാജ വെടിയുണ്ടകളും പിടിച്ചെടുത്തിട്ടുണ്ടോ ;

(ബി) എത്ര വ്യാജ വെടിയുണ്ടകളാണ് പിടിച്ചെടുത്തതെന്നും പോലീസിന്റെ ഏത് വിഭാഗം എവിടെ നിന്നാണ് ഇവ കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ;

(സി) വ്യാജ വെടിയുണ്ട പിടിച്ചെടുത്തത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രതികൾ ആരൊക്കെയാണെന്നും രജിസ്റ്റർ ചെയ്ത കേസ് നമ്പർ എത്രയാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) പിടിച്ചെടുത്തിട്ടുണ്ട്.

(ബി-ഡി) ഇക്കാര്യത്തിൽ പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 763/2019 u/s 403, 409, 420, 424, 468, 479 പ്രകാരം ക്രൈം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറുകയും തുടർന്ന് ക്രൈം നമ്പർ 399/സി.ബി/തിരു/ആർ/2019 പ്രകാരം ക്രൈംബ്രാഞ്ചിലെ പ്രത്യേക അന്വേഷണ സംഘം അന്വേഷണം നടത്തിവരുന്നതുമാണ്. കേസിനോടൊപ്പം ഡമ്മി കാട്രിഡ്ജുകളെ സംബന്ധിച്ചുള്ള അന്വേഷണം നടത്തി വരുന്നതും എ.പി.എസ്.ഐ. രജി ബാലചന്ദ്രനെ 26-2-2020-ന് അറസ്റ്റ് ചെയ്തിട്ടുള്ളതും കോടതി റിമാൻഡ് ചെയ്തിട്ടുള്ളതുമാണ്.

## എം.ഒ.പി.എഫ്. ഫണ്ട് ഉപയോഗിച്ച് ക്വാർട്ടേഴ്സുകൾ

90 (103) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ഒ.പി.എഫ്. പദ്ധതി ഉപയോഗിച്ച് 30 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കാനായി 2013-14 വർഷത്തിൽ വകയിരുത്തിയ 4.35 കോടി രൂപ ഡി.ജി.പി-.ക്കും എ.ഡി.ജി.പി.-ക്കും ക്വാർട്ടേഴ്സ് പണിയാൻ ഉപയോഗിച്ചിരുന്നോ;

(ബി) ഈ ജോലി കെ.പി.എച്ച്.സി.സി.യെ ഏല്പിച്ചതിനെ തുടർന്ന് ഫണ്ട് കൈമാറാൻ 2015 സെപ്റ്റംബറിൽ ഉത്തരവ് ഇറക്കിയിരുന്നോ; ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) പ്രസ്തുത ഉത്തരവ് സർക്കാർ റദ്ദാക്കിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) എം.ഒ.പി.എഫ്. ഫണ്ട് ഉപയോഗിച്ച് ഡി.ജി.പി-.ക്കും എ.ഡി.ജി.പി.-ക്കും ക്വാർട്ടേഴ്സ് പണിത നടപടി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) MoPF പദ്ധതിയിൽ 2013- 14 പ്ലാനിൽ (സംസ്ഥാന വിഹിതം) നിർമ്മാണത്തിനായി അനുവദിച്ച തുക വിനിയോഗിച്ച് ഡി.ജി.പി.-യുടെ ക്യാമ്പ് ഓഫീസും, റസിഡൻസും, സീനിയർ പോലീസ് ഓഫീസർമാർക്കുള്ള മൂന്ന് ക്വാർട്ടേഴ്സുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം MoPF പദ്ധതിയിൽ 2013- 14 (പ്ലാൻ-സംസ്ഥാന വിഹിതം)-ൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുക KPHCC-യിൽ നിക്ഷേപിച്ച് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം * ആയി ചേർത്തിട്ടുണ്ട്.

(സി &ഡി) സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡി.ജി.പി.-ക്ക് ഉപയോഗിക്കാവുന്ന തുകയുടെ പരിധി

91 (104) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന് അനുവദിക്കുന്ന നവീകരണ ഫണ്ടിൽ ഡി.ജി.പി.-ക്ക് ഉപയോഗിക്കാവുന്ന തുകയുടെ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയുടെ പരിധി കഴിഞ്ഞവർഷം വരെ എത്രയായിരുന്നുവെന്നും നിലവിൽ ഇതിന്റെ പരിധി ഉയർത്തിയിട്ടുണ്ടോ എന്നതിന്റെയും വിശദവിവരം നൽകുമോ;

(സി) പ്രസ്തുത തുകയുടെ പരിധി ഉയർത്തുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ഡി.ജി.പി. എന്തെങ്കിലും കത്തിടപാടുകൾ സർക്കാരിന് നൽകിയിട്ടുണ്ടോ; ഇതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ഫണ്ടുകൾ ഓരോ വർഷവും ഏതെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചത് എന്നതിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ MoPF സ്കീമിൽ, സംസ്ഥാന പോലീസ് മേധാവിക്ക് ഉപയോഗിക്കാവുന്ന തുകയുടെ പരിധി ഇപ്പോൾ 5 കോടി രൂപയാണ്.

(ബി) MoPF സ്കീമിൽ 4-7-2015-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1658/2015/ആഭ്യന്തരം നമ്പർ പ്രകാരം നിശ്ചയിക്കപ്പെട്ട പ്രകാരം തുകയുടെ പരിധി രണ്ട് കോടി രൂപയായിരുന്നു. 18-1-2020-ലെ സ.ഉ.(സാധാ)നമ്പർ 185/2020/ആഭ്യന്തരം പ്രകാരം അധികാരപരിധി 5 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(സി&ഡി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ Order No. 11012/02/2009-Fin-I/Prov-I dated 2-1-2018, Police Modernisation Division/Prov-I പ്രകാരം CAPF/NSG/IB/NIA-ലെ DGP/Director-മാർക്ക് delegation of financial power ഉയർത്തി നൽകുകയും കത്ത് നമ്പർ 21011/57/2017-PM-I dated 13-11-2018 പ്രകാരം സ്റ്റേറ്റ് പോലീസ് ഫോഴ്സുകൾക്കും ഉയർത്തി നൽകണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചത്.

6-8-2019-ലെ S3(a)54821/2018/PHQ നമ്പർ കത്ത് പ്രകാരമാണ് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് അപേക്ഷ സമർപ്പിച്ചത്.

(ഇ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡി.ജി.പി.-ക്കും മറ്റ് ഉദ്യോഗസ്ഥർക്കും വില്ല നിർമ്മാണം

92 (105) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.ഒ.പി.എഫ്. പദ്ധതിയിൽ പോലീസിലെ താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥർക്കുവേണ്ടി (സി.പി.ഒ., സീനിയർ സി.പി.., എസ്. ഐ, അഡീഷണൽ എസ്.ഐ.) പാർപ്പിട നിർമാണത്തിനും പാർപ്പിടേതര നിർമ്മാണത്തിനും അനുവദിച്ച തുക വകമാറ്റി ഡി.ജി.പി.-ക്കും മറ്റ് ഉദ്യോഗസ്ഥർക്കും വില്ലകൾ നിർമ്മിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടോ; ഏത് തീരുമാനപ്രകാരമാണ് ഇത്തരത്തിൽ വകമാറ്റിയത്; വിശദാംശം നൽകുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾക്കായി പ്രസ്തുത ഫണ്ട് ആർക്കാണ് കൈമാറിയിരുന്നത്;

(സി) എങ്കിൽ എത്ര തുക ഇത്തരത്തിൽ വകമാറ്റി വില്ലകൾ നിർമ്മിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ വകമാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ എം.ഒ.പി.എഫ്--ന്റെ നിബന്ധനകൾക്ക് വിരുദ്ധമായി തുക വകമാറ്റി ചെലവഴിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) MoPF പദ്ധതിയിൽ 2013-14 (പ്ലാൻ - സംസ്ഥാന വിഹിതം)-ൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുകകൂടി വിനിയോഗിച്ച് ഡി.ജി.പി. -യുടെ ക്യാമ്പ് ഓഫീസും റസിഡൻസും സീനിയർ പോലീസ് ഓഫീസർമാർക്കുള്ള മൂന്ന് ക്വർട്ടേഴ്സുകളും നിർമ്മിച്ചിട്ടുണ്ട്.

(ബി) കൈമാറിയിട്ടില്ല.

(സി) മേൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,64,40,886 രൂപ MoPF പദ്ധതിയിൽ 2013-14 (പ്ലാൻ-സംസ്ഥാന വിഹിതം)പദ്ധതിയുടെ കീഴിൽ നൽകിയിട്ടുണ്ട്.

(ഡി&ഇ) പരിശോധിച്ചുവരുന്നു.

## കേരള പോലീസ് ആസ്ഥാനത്തെ റോബോട്ട്

93 (107) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആസ്ഥാനത്ത് സന്ദർശകരെ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ കെ.ബോട്ട് റോബോട്ടിനെ ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയതെന്നും അതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ബി) റോബോട്ടിന്റെ പ്രവർത്തനം ഘട്ടം ഘട്ടമായി നിരീക്ഷിച്ചിട്ടാണോ ശേഷിക്കുന്ന തുക കമ്പനിക്ക് നൽകുക എന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത റോബോട്ടിന്റെ പ്രവർത്തനം തൃപ്തികരമാണോ;

(ഡി) പ്രസ്തുത റോബോട്ട് കേരള പോലീസ് ആസ്ഥാനത്ത് നിന്നും വേറെ എവിടെക്കെങ്കിലും മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) പോലീസിനെ ആധുനികവൽക്കരിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ചാണോ പ്രസ്തുത റോബോട്ട് വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊച്ചി ആസ്ഥാനമാക്കിയുള്ള അസിമോവ് റോബോട്ടിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നുമാണ് റോബോട്ടിനെ വാങ്ങിയത്. ആദ്യഗഡുവായി 8.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സമിതിയുടെ നിർദ്ദേശപ്രകാരമാണ് ഘട്ടംഘട്ടമായി തുക കമ്പനിക്ക് നൽകുന്നത്.

(സി) തൃപ്തികരമാണ്.

(ഡി) പോലീസ് ഓഫീസുകളിൽ സന്ദർശകരെ സ്വീകരിക്കുന്നതിനും പ്രാഥമിക സേവനങ്ങൾ നൽകുന്നതിനും ഉപയുക്തമാകുംവിധമാണ് പ്രസ്തുത റോബോട്ടിന്റെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടമായി പോലീസ്

ആസ്ഥാനത്ത് റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിരുന്നു. നിലവിൽ പോലീസ് സൈബർ ഡോമിലാണ് സജ്ജീകരിച്ചിട്ടുള്ളത്.

(ഇ) റോബോട്ടിനെ വാങ്ങുന്നതിന് പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ചിട്ടില്ല.

## നീതി നിർവ്വഹണത്തിന് ഡിജിറ്റൽ സംവിധാനം

94 (108) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റം ചെയ്യുന്നവർക്ക് വേഗത്തിൽ ശിക്ഷ ഉറപ്പാക്കുന്നതിനും നീതി നടപ്പിലാക്കുന്നത് അനന്തമായി നീളുന്നത് ഒഴിവാക്കുന്നതിനുമായി ജുഡീഷ്യറി, പോലീസ്, ജയിൽ, ഫോറൻസിക് വിഭാഗം എന്നിവ തമ്മിൽ ഡിജിറ്റൽ ശൃംഖല വഴി കോർത്തിണക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായുള്ള ഡിജിറ്റൽ സംവിധാനം ഒരുക്കുന്നത് ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്താമോ;

(സി) ദേശീയ തലത്തിലുള്ള പോലീസിന്റെ ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ഡേറ്റാ ബേസിലേക്ക് ഈ സംവിധാനത്തെ ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നീതിന്യായനിർവ്വഹണ സംവിധാനത്തിലെ പ്രധാനപ്പെട്ട ഘടകങ്ങളായ പോലീസ്, കോടതി, ജയിൽ, ഫോറൻസിക് വിഭാഗം എന്നിവയെ തമ്മിൽ ഡിജിറ്റൽ ശൃംഖല വഴി കോർത്തിണക്കി ഇന്റർ ഓപ്പറബിൾ ക്രിമിനൽ ജസ്റ്റിസ് സിസ്റ്റം (ICJS) എന്ന സംവിധാനം മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് വിഭാവനം ചെയ്ത് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്. പൂർണ്ണമായ തോതിൽ ഈ സംവിധാനം നടപ്പിലാക്കുന്നതോടുകൂടി ജുഡീഷ്യറി, പോലീസ്, ജയിൽ, ഫോറൻസിക് വിഭാഗങ്ങൾ തമ്മിൽ ഡിജിറ്റൽ ശൃംഖല വഴി വിവര കൈമാറ്റം നടക്കുമെന്ന് MHA അറിയിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ (MHA) മേൽനോട്ടത്തിൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) ആണ് രാജ്യവ്യാപകമായി ഈ സംവിധാനം നടപ്പിലാക്കുന്നത്.

(സി) ദേശീതലത്തിലുള്ള പോലീസിന്റെ ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് (CCTNS) ഡേറ്റ ബേസ് കൈകാര്യം ചെയ്യുന്നത് NCRB/MHA ആണ്.

## സിംസ് പദ്ധതി

95 (109) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിനായി ഉപകരണങ്ങൾ വാങ്ങിയതിൽ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ നിർദ്ദേശങ്ങളും സ്റ്റോർ പർച്ചേയ്സ് വ്യവസ്ഥകളും ലംഘിച്ചതായി സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെൽട്രോണുമായി ചേർന്ന് പോലീസ് നടപ്പിലാക്കിയ സിംസിന്റെ മേൽനോട്ട ചുമതല ആർക്കാണ്; വ്യക്തമാക്കുമോ;

(സി) സിംസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതുവഴി നാളിതുവരെ എത്ര തുക ലഭിച്ചു; ഇതിൽ കെൽട്രോൺ വിഹിതം എത്ര എന്നും സർക്കാർ വിഹിതം എത്ര എന്നും എന്നറിയിക്കാമോ ;

(ഡി) സിംസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും കെൽട്രോൺ ഇതിന്റെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തിയവർ ആരെല്ലാമെന്നും അറിയിക്കുമോ;

(ഇ) പോലീസ് ആസ്ഥാനത്ത് രണ്ടായിരം ചതുരശ്ര അടിയുള്ള കെട്ടിടം സിംസിനു വേണ്ടി നൽകിയിട്ടുണ്ടോ;

(എഫ്) സിംസിന്റെ സേവനം വ്യക്തികൾക്ക് ലഭിക്കാൻ എത്ര തുക നൽകണമെന്നും സ്ഥാപനങ്ങൾക്ക് ലഭിക്കുവാൻ എത്ര തുക നൽകണമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സി .& എ.ജി. റിപ്പോർട്ടിൽ ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്.

(ബി) CIMS എന്ന പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നത് കെൽട്രോൺ ആണ്.

(സി) സിംസിന്റെ ഒരു വർഷത്തേയ്ക്കുള്ള മോണിറ്ററിംഗ് ചാർജ് ആയിട്ട് നാളിതുവരെ 15 ഉപഭോക്താക്കളിൽ നിന്നും മൊത്തം 1,94,952 രൂപ ലഭിച്ചിട്ടുണ്ട്. അതിൽ കെൽട്രോണിന്റെ വിഹിതം 1,69,608 രൂപയും സർക്കാരിന്റെ വിഹിതം (13%) 25,344 രൂപയുമാണ്.

(ഡി) സിംസിന്റെ പ്രോജക്ട് ഹെഡ് ആയിട്ട് അസിസ്റ്റന്റ് മാനേജർ ശ്രീ. ബിൻസൻ എൻ. റ്റി, ടെക്നിക്കൽ എഞ്ചിനീയർ ആയി ശ്രീ. അരുൺ കെ. എസ്. (സീനിയർ എഞ്ചിനീയർ), ശ്രീ. രാജ്കുമാർ എസ്. എൽ. (സീനിയർ എഞ്ചിനീയർ), ശ്രീ. അഖിലേഷ് പി. (സീനിയർ എഞ്ചിനീയർ), ശ്രീ. ചന്ദ്രകുമാർ (ടെക്നിക്കൽ സപ്പോർട്ട് എഞ്ചിനീയർ), ശ്രീ. സെന്തിൽ (ടെക്നിക്കൽ സപ്പോർട്ട് എഞ്ചിനീയർ) എന്നിവരെ കെൽട്രോൺ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) കൺട്രോൾ റൂമിനായി പോലീസ് ആസ്ഥാനത്ത് സൗകര്യം കെൽട്രോണിന് നൽകിയിട്ടുണ്ട്.

(എഫ്) ഏകദേശം 50,000 രൂപയാണ് കുറഞ്ഞ സംവിധാന മൊരുക്കുന്നതിന് ആവശ്യമാകുക. 500 രൂപ വ്യക്തികൾക്കും 700 രൂപ സ്ഥാപനങ്ങൾക്കും പ്രതിമാസ മോണിറ്ററിംഗ് നിരക്കാണ്.

**സിംസ് പദ്ധതിയിലെ ആശങ്ക**

96 (110) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി.ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ജനകീയമാക്കുന്നതിനും അവർ ജനങ്ങളുടെ സംരക്ഷകരാണെന്ന തോന്നൽ ഉണ്ടാക്കുന്നതിനും ഉതകുന്ന എന്തൊക്കെ നടപടികളാണ് ഈ സർക്കാരിന്റെ ഭരണകാലത്ത് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സിംസ് പദ്ധതി പ്രകാരം അതിൽ ചേരുന്നവർക്കും യൂസർ ഫീ നൽകുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പോലീസ് നിരീക്ഷണവും സംരക്ഷണവും നൽകുകയും സിംസിന്റെ ക്യാമറ വെയ്ക്കുന്നതിനോ യൂസർഫീ അടയ്ക്കുന്നതിനോ സാമ്പത്തികശേഷി ഇല്ലാത്തവർക്കും സ്ഥാപനങ്ങൾക്കും അത് നിഷേധിക്കുകയും ചെയ്യുന്നത് നീതീകരിക്കത്തക്കതാണോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഉളവായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയെ ജനകീയമാക്കുന്നതിനും അവർ ജനങ്ങളുടെ സംരക്ഷകരാണെന്ന തോന്നൽ ഉണ്ടാക്കുന്നതിനും ക്രമസമാധാനപരിപാലന രംഗത്ത് രാജ്യത്തിന് മാതൃകയാകുംവിധം ആധുനികവത്കരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ

സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് കുറ്റാന്വേഷണവും ക്രമസമാധാനവും വേർതിരിച്ച് കാര്യക്ഷമമായ പോലീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രീ പോലീസ് സംവിധാനം ശക്തിപ്പെടുത്തിയും സ്ത്രീ സുരക്ഷ മുൻനിർത്തി പിങ്ക് പട്രോൾ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പിടിച്ചുപറി, ഗുണ്ടാ ആക്രമണം, കുട്ടികൾക്ക് നേരെയുള്ള ആക്രമണം എന്നിവ തടയുന്നതിന് പോലീസ് പട്രോളിംഗ് സംവിധാനം രാത്രികാലങ്ങളിലടക്കം ശക്തിപ്പെടുത്തിയിട്ടുണ്ട്. മിക്ക ജില്ലകളിലും കോസ്റ്റൽ പോലീസ് സ്റ്റേഷൻ രൂപീകരിച്ചും ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ രൂപീകരിച്ചും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ പോകാതെതന്നെ അവരുടെ പരാതികളും മറ്റും അയയ്ക്കുന്നതിന് ഇന്റർനെറ്റ് വഴിയുള്ള സേവനങ്ങളിലൂടെ സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി CCTNS, GIS, CLUES, THUNA, RAPID, TRACK THE MISSING CHILD എന്നീ പോർട്ടലുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. സൈബർ ഡോം, സൈബർ സെൽ എന്നിവ സ്ഥാപിച്ചതുമൂലം സൈബർ കുറ്റകൃത്യങ്ങൾ പെട്ടെന്ന് അന്വേഷിക്കുന്നതിന് സാധിക്കുന്നതാണ്. കേസന്വേഷണം ശാസ്ത്രീയവും മികവുറ്റതാക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലന ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. സാമുദായിക സംഘർഷ സാധ്യതയുള്ള സ്ഥലങ്ങളിൽ സൗഹാർദ്ദം നിലനിർത്തുന്നതിനായി രാഷ്ട്രീയ സംഘടനകളുടേയും സാമുദായിക സംഘടനകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെ യോഗം വിളിച്ചുകൂട്ടിയിട്ടുള്ളതും സാമുദായിക സംഘർഷം സൃഷ്ടിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

(ബി&സി) സിംസ് പദ്ധതി സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്തവിധമാണ് കെൽട്രോണുമായി ചേർന്നുള്ള ഈ സംരംഭം വിഭാവനം ചെയ്തിട്ടുള്ളത്. പ്രധാനമായും ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ജൂവലറികൾ, ഫാക്ടറികൾ തുടങ്ങിയ വ്യാപാര സ്ഥാപനങ്ങളുടെ സുരക്ഷയാണ് ലക്ഷ്യമിടുന്നത്. സർക്കാർ മുതൽമുടക്കമില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട സാമഗ്രികൾ/ഉപകരണങ്ങളുടെ ചെലവ് എന്നിവ ഉപഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണ്. നിശ്ചയിച്ചിട്ടുള്ള നിരക്ക് സംബന്ധിച്ച് വ്യവസായ വകുപ്പ് പരിശോധന നടത്തുന്നതാണ്.

## പോലീസ് പരിശീലന ക്യാമ്പുകളിൽ നൽകുന്ന ഭക്ഷണം

97 (111) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് ബറ്റാലിയനുകളിൽ പുതിയ ബാച്ചിനുള്ള പരിശീലന ക്യാമ്പുകളിൽ നൽകുന്ന ഭക്ഷണത്തിൽ നിന്നും ബീഫ് ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) പോലീസ് അക്കാദമിയിൽ തയ്യാറാക്കിയ പരിശീലകർക്കുള്ള മെനുവിൽ ബീഫ് ഉൾപ്പെടുത്താതിരുന്നത് ആരോഗ്യകരമായ ഭക്ഷണക്രമം തയ്യാറാക്കുന്നതിന്റെ ഭാഗമായി ലഭിച്ച നിർദ്ദേശപ്രകാരമാണോ; എങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ പോലീസ് ബറ്റാലിയനുകളിൽ പുതിയ ബാച്ചിനുള്ള പരിശീലന ക്യാമ്പുകളിൽ നൽകുന്ന ഭക്ഷണത്തിൽ നിന്നും ബീഫ് ഒഴിവാക്കിയിട്ടില്ല.

(ബി) കേരള പോലീസ് അക്കാദമിയിലെ മെസ്സുകളിൽ മുമ്പും ഇപ്പോഴും ബീഫ് നൽകുന്നുണ്ട്.

## പോലീസ് വകുപ്പിലെ നവീകരണങ്ങൾ

98 (112) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കാലഘട്ടത്തിൽ സംസ്ഥാന പോലീസ് വകുപ്പിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ എന്തെല്ലാം നവീകരണങ്ങളാണ് നടപ്പിലാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജനമൈത്രി പോലീസ് സ്റ്റേഷനുകളാണുള്ളത്; വിശദാംശം നൽകുമോ ;

(സി) കൂടുതൽ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സൈബർ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിലേക്കായി തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനുപുറമേ എറണാകുളം, തൃശ്ശൂർ,

കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സൈബർ പോലീസ് സ്റ്റേഷനുകൾക്ക് 17-4-2018-ലെ സ.ഉ.(കൈ) നമ്പർ 68/2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

സൈബർ സുരക്ഷയും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായുള്ള ഒരു പൊതു-സ്വകാര്യ സംയുക്ത സംരംഭമാണ് സൈബർ ഡോം. നൂതന സാങ്കേതികവിദ്യയും ഉപകരണങ്ങളും സേവനങ്ങളും കേരള പോലീസിന് ലഭ്യമാക്കുകയും അതുവഴി സേനയെ സൈബർ ലോകത്തെ വെല്ലുവിളികൾ നേരിടുന്നതിനും സമൂഹത്തിന് നേരെ ഉയർന്നുവരുന്ന സൈബർ ഭീഷണികൾക്കെതിരെ പൊരുതുന്നതിനും പര്യാപ്തമാക്കുക എന്നതാണ് സൈബർ ഡോമിന്റെ ലക്ഷ്യം. തിരുവനന്തപുരം ടെക്നോപാർക്കിലെ സൈബർ ഡോം ആസ്ഥാനത്തിനുപുറമേ സൈബർ ഡോം റീജിയണൽ വിംഗുകൾ കോഴിക്കോടും കൊച്ചിയിലുമുണ്ട്.

പോലീസ് വകുപ്പിൽ ഇ-ഗവേണൻസ്/വിവര സാങ്കേതികവിദ്യാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്റ്റേറ്റ്/ഡിസ്ട്രിക്ട് ഐ.ടി. സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന " ടെക്നിക്കൽ കേഡർ" നിർണ്ണായക പങ്ക് വഹിക്കുന്നതാണ്. പരിശീലനം നേടിയ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷനുകളിൽ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്.

## പോലീസ് വിഭാഗത്തിലെ എച്ച്.ആർ.എ. നിയന്ത്രണം

99 (113) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവാഹശേഷം മാത്രമേ എച്ച്.ആർ.എ. അനുവദിക്കുന്നുള്ളൂ എന്ന വിഷയം സംബന്ധിച്ച് നാളിതുവരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകളുടെ വിശദാംശം അറിയിക്കുമോ;

(ബി) പോലീസ് വിഭാഗത്തിൽ നിലനിൽക്കുന്ന എച്ച്.ആർ.എ. നിയന്ത്രണത്തിൽ മാറ്റം വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ നടന്നുവരുന്നുണ്ടോ; എങ്കിൽ അനുബന്ധ വിവരങ്ങൾ അറിയിക്കുമോ;

(സി) ഇത്തരത്തിൽ പോലീസ് വിഭാഗത്തിൽ നിലനിൽക്കുന്ന എച്ച്.ആർ.എ. നിയന്ത്രണത്തിൽ പരിഷ്കരണം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;ഇല്ലെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 11-2-1958-ലെ ജി.ഒ.(എം.എസ്.) നമ്പർ 146/1958 പ്രകാരവും കേരള പോലീസ് ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ റൂൾസ്, ജി.ഒ.(എം.എസ്.)നമ്പർ 128/1976/ആഭ്യന്തരം തീയതി 28-9-1976-ലെ ചട്ടങ്ങൾക്കും മറ്റ് സർക്കാർ ഉത്തരവുകൾക്കും വിധേയമായും പകുതി എച്ച്.ആർ.എ. നൽകിവരുന്നു. കൂടാതെ സേനാംഗങ്ങൾ ബ്യൂഗിൾ കോൾ പരിധിക്കുള്ളിൽ താമസിച്ച് മാര്യേജ് സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ സമർപ്പിക്കുന്നപക്ഷം മുഴുവൻ എച്ച്.ആർ.എ.-യും നൽകിവരുന്നു.

(ബി) ജില്ലാ സായുധസേനാ വിഭാഗം നിർത്തലാക്കി സിവിൽ പോലീസിന്റെ ഭാഗമായ ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളാക്കി മാറ്റിയതിനാൽ, ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിൽ ജോലി ചെയ്യുന്ന പോലീസ് സേനാംഗങ്ങൾക്ക് ലോക്കൽ പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നതുപോലെ പൂർണ്ണ നിരക്കിൽ വീട്ടുവാടകബത്ത നൽകാമോ എന്ന കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഈ വിഷയം പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന് മുന്നിൽ ഉന്നയിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പോലീസ് ക്യാമ്പിൽ നിന്ന് വ്യാജവെടിയുണ്ട പിടിച്ചെടുത്ത സംഭവം**

100 (114) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ക്യാമ്പിൽ നിന്ന് ക്യാമ്പിലെ മുദ്രയും വ്യാജവെടിയുണ്ടകളും ക്രൈംബ്രാഞ്ച് പിടിച്ചെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഈ മുദ്രയുടെ നിർമ്മാണ പ്രവൃത്തി ആർക്കാണ് നൽകിയതെന്നും ഇത് എന്തുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) ഈ മുദ്രയുടെ നിർമ്മാണത്തിന് വെടിയുണ്ടയും കാലി കെയ്സും ഉപയോഗിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പിടിച്ചെടുത്തിട്ടുണ്ട്.

(ബി&സി) ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

**പോലീസ് സേനയിലേക്ക് വാങ്ങിയ നിരീക്ഷണ ക്യാമറകൾ**

101 (115) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേനയുടെ ആധുനീകരണവുമായി ബന്ധപ്പെട്ട് അഞ്ഞൂറ് നിരീക്ഷണ ക്യാമറകൾ ബ്രോഡ്കാസ്റ്റിംഗ് കൺസൽട്ടന്റ് ഇൻഡ്യാ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് വാങ്ങിയിരുന്നോ;

(ബി) 4 ജി സിം ഉപയോഗിച്ച് ക്യാമറാ ദൃശ്യങ്ങളും ശബ്ദവും ജി.എസ്.എം. സംവിധാനം വഴി കൺട്രോൾ റൂമിലേക്കും മറ്റും ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് ഇവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സഹായകമാവും എന്ന് പ്രതീക്ഷിച്ചിരുന്ന പ്രസ്തുത ക്യാമറകൾ വാങ്ങുന്നതിന് എന്ത് ചെലവ് വന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഇത്രയും വലിയ തുക ചെലവഴിച്ച് വാങ്ങിയ ക്യാമറകൾ ഭൂരിഭാഗവും ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ക്യാമറകൾ വാങ്ങിയത് സംബന്ധിച്ചും ക്യാമറകൾ ഒരു വർഷം ആകുന്നതിന് മുമ്പ് തന്നെ കേടായത് സംബന്ധിച്ചും അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ ആധുനീകരണവുമായി ബന്ധപ്പെട്ട് M/s. Broadcast Engineering Consultants India Limited, New Delhi എന്ന സ്ഥാപനത്തിൽ നിന്നും 50 ബോഡിവോൺ ക്യാമറകൾ വാങ്ങിയിട്ടുണ്ട്.

(ബി) പ്രസ്തുത ക്യാമറകൾ വാങ്ങിയതിന് 28,49,582 രൂപ ചെലവായിട്ടുണ്ട്.

(സി) ഭൂരിഭാഗവും പ്രവർത്തനക്ഷമമാണ്.

(ഡി) ചില ക്യാമറകൾ കേടായ സാഹചര്യം സംബന്ധിച്ച് പോലീസ് മേധാവി പരിശോധിക്കുന്നതാണ്.

**പോലീസ് ഹെഡ്ക്വാർട്ടേഴ്സ് ആധുനികവത്കരണം**

102 (116) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ എത്ര രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ (2016-2019) പോലീസ് ഹെഡ്ക്വാർട്ടേഴ്സിന്റെ ഉപയോഗത്തിനായും ഉദ്യോഗസ്ഥർക്കായും എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ 69,60,000 (അറുപത്തിയൊമ്പത് ലക്ഷത്തി അറുപതിനായിരം രൂപ) ചെലവിൽ ചുവടെ ചേർത്തിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പോലീസ് ആസ്ഥാനത്ത് നടത്തിയിട്ടുണ്ട്. 2018-19-ൽ ഫണ്ട് അനുവദിച്ചിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേരും വർഷവും | നിർമ്മാണ പ്രവർത്തനത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 1 | എം.ഒ.പി.എഫ് 2014-15 (പ്ലാൻ-കേന്ദ്ര വിഹിതം) | ഒരു ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം. | 23,60,000 |
| 2 | എം.ഒ.പി.എഫ് 2014-15 (പ്ലാൻ-സംസ്ഥാന വിഹിതം) | രണ്ട് ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം. | 46,00,000 |
| ആകെ | | | 69,60,000 |

(ബി) പോലീസ് ആസ്ഥാനത്തിന്റെയും അതിലെ ഉദ്യോഗസ്ഥരുടെയും ഉപയോഗത്തിന് മാത്രമായി വാഹനങ്ങൾ വാങ്ങിയിട്ടില്ല. പോലീസ് ഓപ്പറേഷനുകൾക്ക് വേണ്ടിയാണ് വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്.

**പോലീസ് ഓഫീസർമാർക്കുവേണ്ടി വില്ല നിർമ്മാണം**

103 (117) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. എം.ഷാജി:
ശ്രീ. പി. കെ.അബ്ദു റബ്ബ്:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി അപ്പർ സബോർഡിനേറ്റ് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് 4.35 കോടി രൂപ മാറ്റിവെച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക സീനിയർ ഓഫീസർമാർക്കുവേണ്ടി നാല് വില്ലകൾ പണിയുന്നതിന് വകമാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വക മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) MoPF പദ്ധതിയിൽ 2013-14 (പ്ലാൻ-സംസ്ഥാന വിഹിതം)-ൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനായി 4.35 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും അത് യഥാസമയം വിനിയോഗിച്ചില്ല.

(ബി&സി) എം.ഒ.പി.എഫ്. മാർഗ്ഗനിർദ്ദേശങ്ങളിലില്ലായെന്ന് സി.&എ.ജി.യുടെ ജനറൽ സോഷ്യൽ സെക്ടറുകളെക്കുറിച്ച് 2018 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ടിൽ നിരീക്ഷിച്ചിട്ടുണ്ട്. സി&എ.ജി. റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ ആഭ്യന്തര വകുപ്പ് പരിശോധിച്ച് ചട്ടപ്രകാരം പി.എ.സി.യുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

**പോലീസ് യൂണിഫോമിൽ ഘടിപ്പിക്കുന്ന ക്യാമറകൾ**

104 (118) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി യൂണിഫോമിൽ ഘടിപ്പിക്കാവുന്ന ക്യാമറകൾ വാങ്ങിയിരുന്നോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള എത്ര ക്യാമറകൾ വാങ്ങിയെന്നും ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തതെന്ന് അറിയിക്കാമോ;

(ഡി) ടെൻഡർ വിളിച്ചിട്ടില്ലായെങ്കിൽ അതിനുള്ള പ്രത്യേക അടിയന്തര സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണോ; എങ്കിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് അറിയിക്കാമോ;

(എഫ്) ക്യാമറകൾ വാറണ്ടി ഉള്ളവയാണോ; എങ്കിൽ കേടായ ക്യാമറകളിൽ എത്രയെണ്ണം ഇതിനകം മാറ്റി നൽകിയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) മൂന്ന് ഘട്ടങ്ങളിലായി ക്യാമറകൾ വാങ്ങിയിട്ടുണ്ട്.

| | ഘട്ടം 1 (50 എണ്ണം) | ഘട്ടം 2 (130 എണ്ണം) | ഘട്ടം 3 (130 എണ്ണം) |
|---|---|---|---|
| കമ്പനി | ബ്രോഡ്കാസ്റ്റ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് ലിമിറ്റഡ് ന്യൂ ഡൽഹി | ആര്യാ കമ്മ്യൂക്കേഷൻസ് ആൻഡ് ഇലക്ട്രോണിക്സ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ് | |

ഘട്ടം രണ്ടിലും ഘട്ടം മൂന്നിലും ടെണ്ടർ ക്ഷണിച്ചിരുന്നു. ഘട്ടം രണ്ടിൽ ഡിവൈൻ നെറ്റ്‌വർക്സ്, തിരുവനന്തപുരം, ടെക്ക് മൂവേഴ്സ് സിസ്റ്റംസ്, ഇന്ത്യാ ലിമിറ്റഡ്, മുംബൈ, ആര്യാ കമ്മ്യൂണിക്കേഷൻസ് ആൻഡ് ഇലക്ട്രോണിക് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് സെക്കന്തരാബാദ്, ഇന്റഗ്ര ഡിസൈൻ, ന്യൂ ഡൽഹി, കെൽട്രോൺ തിരുവനന്തപുരം, ഘട്ടം മൂന്നിൽ ടെക്ക് മൂവേഴ്സ് സിസ്റ്റംസ് ഇന്ത്യാ ലിമിറ്റഡ് മുംബൈ, ആര്യാ കമ്മ്യൂണിക്കേഷൻസ് ആൻഡ് ഇലക്ട്രോണിക്സ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്തരാബാദ്, സയന്റിഫിക് ഇന്റർനാഷണൽ, കണ്ണൂർ, അനലോഗ് ആൻഡ് ഡിജിറ്റൽ ലാബ്സ്, കോയമ്പത്തൂർ എന്നീ കമ്പനികൾ പങ്കെടുത്തു.

(ഡി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് മുഖേന നൽകിയ ഓർഡർ അനുസരിച്ച് വിതരണം ചെയ്ത ഉപകരണങ്ങളും പിന്നീട് ഇ-ടെണ്ടർ മുഖേന വന്ന പതിമൂന്ന് കമ്പനികൾ പരിശോധനയ്ക്കായി സമർപ്പിച്ച ഉപകരണങ്ങളും മതിയായ സവിശേഷതകൾ പുലർത്താത്തതിനാൽ സാങ്കേതിക

സമിതി നിരാകരിച്ചു. തുടർന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള മിനി രത്ന കമ്പനിയായ ബ്രോഡ്കാസ്റ്റ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് ഇന്ത്യ ലിമിറ്റഡ്, ന്യൂ ഡൽഹി മുഖേനയാണ് ഉപകരണങ്ങൾ വാങ്ങിയത്.

(ഇ) 296 ക്യാമറകൾ നിലവിൽ പ്രവർത്തനക്ഷമമാണ്.

(എഫ്) വാറണ്ടി ഉള്ളവയാണ്. പതിനാല് ക്യാമറകൾ നിലവിൽ പ്രവർത്തനരഹിതമാണ്. ഇവയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## ആഭ്യന്തര വകുപ്പിൽ ടെണ്ടറില്ലാതെ നടത്തിയ വാങ്ങലുകളും നിർമ്മാണ പ്രവർത്തനങ്ങളും

105 (119) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തിയ വാങ്ങലുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തുന്ന പർച്ചേസുകൾ ഏത് വ്യവസ്ഥ പ്രകാരമാണ് സാധൂകരിക്കുന്നത് എന്നറിയിക്കാമോ;

(സി) ടെൻഡറില്ലാതെയുള്ള വാങ്ങലുകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി ഏതെങ്കിലും ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാന പോലീസ് മേധാവിക്ക് മുൻകൂർ അനുമതിയില്ലാതെ കൈകാര്യം ചെയ്യാവുന്ന പണത്തിന്റെ പരിധി എത്രയാണ്; ഇതിൽ സമീപകാലത്തുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ ടെണ്ടറില്ലാതെ യാതൊരുവിധ വാങ്ങലുകളും നടത്തിയിട്ടില്ല. നിർമ്മാണപ്രവർത്തനങ്ങൾ പി.ഡബ്ല്യൂ.ഡി. മുഖാന്തരമാണ് നടത്തുന്നത്. വാർഷിക പരിപാലന കരാറിലുള്ള അനാലിസിസ് ഉപകരണങ്ങളുടെ സ്പെയർപാർട്സുകൾ പ്രൊപ്രൈറ്ററി വിഭാഗത്തിലുള്ളവയായതിനാൽ സ്റ്റോർ പർച്ചേസ് റൂൾ 7(20) അനുസരിച്ച് സിംഗിൾ ക്വട്ടേഷൻ മുഖേന അതത് അനലിസിസ് ഉപകരണങ്ങളുടെ നിർമ്മാതാക്കളിൽനിന്നും നേരിട്ട് മാത്രമാണ് വാങ്ങുന്നത്.

ഈ സർക്കാർ കാലയളവിൽ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ ടെണ്ടറില്ലാതെ യാതൊരുവിധ വാങ്ങലുകളും നടത്തിയിട്ടില്ല. ഈ വകുപ്പിൽ നിർമ്മാണപ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ്, സർക്കാർ അംഗീകൃത ഏജൻസി എന്നിവ മുഖാന്തരമാണ് നടത്തിവരുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പ് ഒഴികെയുള്ള ഏജൻസികളുമായി ബന്ധപ്പെട്ടതിൽ നിയമാനുസൃത ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷമാണ് ഇവ നടപ്പിലാക്കിയിട്ടുള്ളത്.

പോലീസ് വകുപ്പിൽ ടെണ്ടറില്ലാതെ രണ്ട് ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ MoPF 2016-17 പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്. സുരക്ഷാ കാരണങ്ങൾകൊണ്ട് ഇവ വാങ്ങുന്നതിന് ഓപ്പൺ ടെണ്ടർ പ്രസിദ്ധീകരിക്കുന്നത് സ്വീകാര്യമല്ലാത്തതുകൊണ്ടും ഇവ GeM പോർട്ടലിൽ ലഭ്യമല്ലാത്തതിനാലുമാണ് ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഓപ്പൺ ടെണ്ടറിലൂടെ വാങ്ങാതിരുന്നത്. ഈ നടപടി 5-1-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 43/2019/ആഭ്യന്തരം പ്രകാരം സാധൂകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് നടത്തുന്നത്. കൂടാതെ വിവിധ പർച്ചേസുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ള GeM, e-Tender എന്നിവമുഖേനയും നടത്തുന്നുണ്ട്.

ജയിൽ വകുപ്പിൽ ടെണ്ടറില്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ ടെണ്ടർ കൂടാതെ 2016-17, 2017-18, 2018-19 വർഷങ്ങളിൽ ജയിൽ മാനുഫാക്ചറിംഗ് യൂണിറ്റിലേയ്ക്കാവശ്യമായ നൂൽ വാങ്ങിയിട്ടുണ്ട്.

പ്രസ്തുത വർഷങ്ങളിൽ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലെ മാനുഫാക്ചറിംഗ് യൂണിറ്റുകളിലേയ്ക്ക് നൂൽ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമപ്രകാരം രണ്ട് തവണ ഇ-ടെണ്ടറുകൾ ക്ഷണിച്ചിരുന്നുവെങ്കിലും അത് പ്രാവർത്തികമായില്ല. ആയതിനാൽ നൂലിന്റെ അപര്യാപ്തതമൂലം മാനുഫാക്ചറിംഗ് യൂണിറ്റുകളുടെ പ്രവർത്തനത്തിന് തടസ്സം നേരിടുമെന്നതിനാലും തടവുകാർക്കുവേണ്ടിയുള്ള വസ്ത്രനിർമ്മാണത്തിന് പ്രതിസന്ധി നേരിടുമെന്നതിനാലും തടവുകാരുടെ പരിശീലനം നിർത്തിവയ്ക്കേണ്ടി വരുമെന്നതിനാലും 2016-17 വർഷത്തിൽ സർക്കാർ സഹകരണ സ്ഥാപനമായ കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽനിന്നും തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിലേയ്ക്ക് നൂൽ വാങ്ങുന്നതിന് 26,88,923 രൂപ (ഇരുപത്തിയാറ് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്ന് രൂപ)യും 2017-18 സാമ്പത്തിക വർഷത്തിൽ ഇതേ കാരണത്താൽ കണ്ണൂർ,

കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ നിന്നും തിരുവനന്തപുരം, കണ്ണൂർ വിയ്യൂർ സെൻട്രൽ ജയിലുകളിലേയ്ക്ക് നൂൽ വാങ്ങുന്നതിന് 26,52,576 രൂപ (ഇരുത്തിയാറ് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയാറ് രൂപ)യും 2018-19 വർഷത്തിൽ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലേയ്ക്ക് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ടെക്സ്റ്റയിൽസ് കോ-ഓപ്പറേഷനിൽനിന്നും നൂൽ വാങ്ങുന്നതിന് 30,00,000 രൂപ (മുപ്പത് ലക്ഷം രൂപ)യും അനുവദിച്ചു. ഈ നടപടികൾക്ക് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്.

സ്റ്റോർ പർച്ചേസ് മാന്വലും നിലവിലെ നിയമങ്ങളും അനുസരിച്ചുള്ള വാങ്ങലുകളും നിർമ്മാണപ്രവർത്തനങ്ങളും മാത്രമാണ് ജുഡീഷ്യറിയിൽ നടന്നിട്ടുള്ളത്. പ്രത്യേകമായി ഒഴിവാക്കപ്പെട്ട കേസ്സുകളിൽ ഒഴികെയുള്ള എല്ലാ പ്രവൃത്തികളിലും ടെണ്ടർ ഫോർമാലിറ്റീസ് പ്രകാരമാണ് പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. ക്വട്ടേഷൻ, ടെണ്ടർ, ഇ-ടെണ്ടർ, GeM, CPRCS എന്നീ നടപടിക്രമങ്ങൾ അനുസരിച്ചാണ് വാങ്ങലുകളും നിർമ്മാണപ്രവർത്തനങ്ങളും നടന്നിട്ടുള്ളത്.

(സി) സ്റ്റോർ പർച്ചേസ് മാന്വലിൽ അത്തരം ഭേദഗതികൾ ഒന്നും വരുത്തിയിട്ടില്ല.

(ഡി) 17-1-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 9/2018/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി പുതുക്കി നിശ്ചയിച്ച ഉത്തരവ് അനുസരിച്ച് വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത തുകകളാണ് അനുവദിച്ചിട്ടുള്ളത്. ഇതുപ്രകാരം മുൻകൂർ അനുമതിയില്ലാതെ നൽകാവുന്ന പരമാവധി തുക അഞ്ച് കോടി രൂപ വരെയാണ്. MoPF സ്കീം പ്രകാരമുള്ള പർച്ചേസുകൾക്ക് സംസ്ഥാന പോലീസ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി രണ്ട് കോടി രൂപയിൽ നിന്ന് അഞ്ച് കോടി രൂപയായി സ.ഉ.(സാധാ)നമ്പർ 185/2020/ആഭ്യന്തരം തീയതി 18-1-2020 പ്രകാരം ഉയർത്തിയിട്ടുണ്ട്.

## തണ്ടർബോൾട്ട് സംഘത്തിനായി നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ

106 (120) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോവാദി വേട്ടയ്ക്ക് സജ്ജമാക്കിയ തണ്ടർബോൾട്ട് സംഘത്തെ ആധുനികവൽക്കരിക്കുവാൻ എന്തൊക്കെ സംവിധാനമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തണ്ടർബോൾട്ടിന്റെ ആവശ്യത്തിനായി നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയ്ക്ക് എത്രയെണ്ണം വാങ്ങിയെന്ന് വെളിപ്പെടുത്തുമോ;

(സി) ഏത് സ്ഥാപനത്തിൽ നിന്നാണ് പ്രസ്തുത ക്യാമറകൾ വാങ്ങിയത്; നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ വാങ്ങുന്നതിന് ടെൻഡർ വിളിച്ചിരുന്നോ; ഏതൊക്കെ സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തതെന്ന് അറിയിക്കുമോ;

(ഡി) ക്യാമറകൾ പോലീസിന് ലഭിക്കുന്നതിന് മുമ്പ് തന്നെ അവ ലഭിച്ചതായി പോലീസ് ആസ്ഥാനത്തെ സീനിയർ ക്ലാർക്ക് ആഭ്യന്തരവകുപ്പിന് കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് തുക നൽകിയിരുന്നോ;

(ഇ) വാങ്ങിയ ക്യാമറകൾ നിലവാരം കുറഞ്ഞതും ഉപയോഗിക്കുവാൻ കഴിയാത്തതാണെന്നും കാണിച്ച് വയനാട്, മലപ്പുറം എസ്.പി.-മാരും ആന്റി ടെററിസ്റ്റ് എസ്.പി.-യും റിപ്പോർട്ട് നൽകിയിരുന്നോ;

(എഫ്) പ്രസ്തുത ക്യാമറകൾ വാങ്ങിയ സമയത്തെ നവീകരണത്തിന്റെ ചുമതലയുള്ള എ.ഡി.ജി.പി. ആരായിരുന്നു; നിലവാരം കുറഞ്ഞ ക്യാമറ വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

## ബി.എസ്-4 സീരീസ് വാഹനങ്ങൾ വാങ്ങിയ നടപടി

107 (121) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബി.എസ്-4 എഞ്ചിൻ സീരീസിൽപ്പെട്ട ഇരുന്നൂറ്റി രണ്ട് പുതിയ ബൊലേറോ വാഹനങ്ങൾ പോലീസ് സേനയുടെ ആവശ്യത്തിനായി വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ബി.എസ്-4 എഞ്ചിൻ സീരീസിൽപ്പെട്ട വാഹനങ്ങൾ വാങ്ങുന്നത് നിരോധിച്ചുകൊണ്ട് സുപ്രീം കോടതിയുടെ വിധി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വായു മലിനീകരണ സാധ്യത കൂടുതലുള്ള പ്രസ്തുത ഇനം വാഹനങ്ങൾ 2020 ഏപ്രിൽ മാസത്തിനു ശേഷം വിൽപ്പന നടത്തരുതെന്ന കേന്ദ്ര ഗതാഗത വകുപ്പിന്റെ നിർദ്ദേശം നിലവിലിരിക്കെ, ഉത്തരവ് നടപ്പാക്കാൻ ആഴ്ചകൾ മാത്രം അവശേഷിക്കുമ്പോൾ, ഈ സീരീസിൽപ്പെട്ട വാഹനങ്ങൾ വാങ്ങിക്കൂട്ടിയതിൽ ദുരൂഹതയുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇ സർക്കാർ അധികാരത്തിൽ വന്നശേഷം സ്റ്റേറ്റ് പ്ലാൻ സ്കീം 2018-19, 2019-20, MoPF സ്കീം 2015-16 എന്നിവയിലുൾപ്പെടുത്തി ബി.എസ്.-4 എഞ്ചിൻ സീരീസിൽപ്പെട്ട 403 പുതിയ ബൊലേറോ വാഹനങ്ങൾ പോലീസ് സേനയ്ക്കായി വാങ്ങിയിട്ടുണ്ട്.

(ബി) 2020 ഏപ്രിൽ ഒന്നാം തീയതി മുതൽ ബി.എസ്.-4 എഞ്ചിൻ സീരിസിൽപ്പെട്ട വാഹനങ്ങൾ വിൽക്കുന്നതും രജിസ്റ്റർ ചെയ്യുന്നതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിരോധിച്ചിട്ടുണ്ട്.

(സി&ഡി) ഈ വാഹനങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടൽ വഴി 25-11-2019-ന് നൽകിയ സപ്ലൈ ഓർഡർ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്.

## കേരള പോലീസ് വാങ്ങിയ ഭാരത് സ്റ്റേജ്-4 എഞ്ചിൻ വാഹനങ്ങൾ

108 (122) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഏപ്രിൽ ഒന്ന് മുതൽ രാജ്യത്ത് ഭാരത് സ്റ്റേജ് 4 (ബി.എസ് 4) എഞ്ചിൻ സീരിസിൽപ്പെട്ട വാഹനങ്ങൾ വിൽക്കാൻ പാടില്ലെന്ന് സുപ്രീംകോടതി നിർദ്ദേശമുണ്ടായിരുന്നോ;

(ബി) ഈ സാഹചര്യത്തിൽ സംസ്ഥാന പോലീസ് കഴിഞ്ഞ ജനുവരിയിൽ ബി.എസ്-4 എഞ്ചിൻ സീരിസിൽപ്പെട്ട 202 പുതിയ ബൊലേറോ എസ്.യു.വി.-കൾ വാങ്ങുകയുണ്ടായോ; എങ്കിൽ ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) കോടതി വിധിയുടെ വെളിച്ചത്തിൽ, ബി.എസ്-4 സീരിസിൽ പുറത്തിറങ്ങിയ വാഹനങ്ങൾ വിൽക്കാൻ കഴിയാതെ കോടിക്കണക്കിന് രൂപ നഷ്ടപ്പെടും എന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനി ഈ വാഹനങ്ങൾ കേരള

പോലീസിന്റെ തലയിൽ കെട്ടി വയ്ക്കുകയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ ഇടപാടിനെ പോലീസിലെ തന്നെ ഒരു വിഭാഗം അന്ന് ശക്തമായി എതിർത്തിരുന്നു എന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ എന്നിട്ടും വാഹനങ്ങൾ വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) സ്റ്റേറ്റ് പ്ലാൻ സ്കീം 2019-20 പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് ലൈറ്റ് മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ച തുക ഉപയോഗിച്ച് 2019 ഡിസംബർ, 2020 ജനുവരി മാസക്കാലയളവിന് ഇടയിൽ 214 ബൊലേറോ പവർ പ്ലസ് 2WD BS IV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 14,62,14,432 രൂപ ചെലവായിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഈ വാഹനങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടൽ വഴി 25-11-2019-ന് നൽകിയ സപ്ലൈ ഓർഡർ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്.

**പോലീസിനുവേണ്ടി വാങ്ങിയ ബി.എസ്.-4 വാഹനങ്ങൾ**

109 (123) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് നവീകരണത്തിന്റെ ഭാഗമായി ബി.എസ്.-4 എഞ്ചിനുള്ള ബൊലേറോ എസ്.യു.വി. വാഹനങ്ങൾ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പോലീസ് സേനയ്ക്ക് വേണ്ടി വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത വാഹനങ്ങൾ വാങ്ങിയതെന്നും എത്രയെണ്ണം വാങ്ങിയെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) രാജ്യത്ത് വായുമലിനീകരണം അനിയന്ത്രിതമായ സാഹചര്യത്തിൽ 2020 ഏപ്രിലിന് ശേഷം ബി.എസ്.4 ഇനത്തിൽപെട്ട വാഹനങ്ങൾ വില്പന

നടത്തുവാൻ പാടില്ലായെന്ന നിർദ്ദേശം നിലവിലുള്ളപ്പോൾ വൻതോതിൽ ഇത്തരത്തിലുള്ള വാഹനങ്ങൾ വാങ്ങിയതിനുള്ള പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സ്റ്റേറ്റ് പ്ലാൻ സ്കീം 2019-20 പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് ലൈറ്റ് മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ച തുക ഉപയോഗിച്ച് 2019 ഡിസംബർ, 2020 ജനുവരി മാസക്കാലയളവിന് ഇടയിൽ 214 ബൊലേറോ പവർ പ്ലസ് 2WD BS IV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 14,62,14,432 രൂപ ചെലവായിട്ടുണ്ട്.

(സി) ഈ വാഹനങ്ങൾ ഗവൺമെന്റ് ഇ-മാർക്കറ്റ് (GeM) പോർട്ടൽ വഴി 25-11-2019-ന് നൽകിയ സപ്ലൈ ഓർഡർ പ്രകാരമാണ് വാങ്ങിയിട്ടുള്ളത്.

**ഹോം ഗാർഡുകളുടെ നിയമനം**

110 (124) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോം ഗാർഡുകളെ നിയമിക്കുന്നതിന്റെ രീതിയും അവരുടെ യോഗ്യതയും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര ഹോം ഗാർഡുകളെ നിയമിച്ചുവെന്നും വിമുക്തഭടന്മാരെ കൂടാതെ വേറെ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരെയാണ് ഹോം ഗാർഡുകളായി നിയമിക്കുന്നതെന്നും വിശദമാക്കാമോ;

(സി) നിലവിൽ ഇവർക്ക് നൽകുന്ന വേതനം എത്രയാണ്; അത് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 35-നും 58-നും ഇടയിൽ പ്രായമുള്ളവരും എസ്.എസ്.എൽ.സി. പാസ്സായവരും നല്ല ശാരീരികക്ഷമതയുള്ളവരും ആർമി, നേവി, എയർഫോഴ്സ് തുടങ്ങിയ സേനകളിൽ നിന്നും ബി.എസ്.എഫ്., സി.ആർ.പി.എഫ്., ഐ.റ്റി.ബി.പി., സി.ഐ.എസ്.എഫ്., എസ്.എസ്.ബി., ആസാം റൈഫിൾസ് തുടങ്ങി അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്നും കേരള പോലീസ്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നിവയിൽ നിന്നും വിരമിച്ച സേനാംഗങ്ങളിൽ അർഹരായവരെയുമാണ് ഹോംഗാർഡുമാരായി നിയമിക്കുന്നത്.

ജില്ലാ ഫയർ ഓഫീസർ, സൂപ്രണ്ട് ഓഫ് പോലീസ്, ജില്ലാ സൈനിക് വെൽഫെയർ ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി നിശ്ചിത ശാരീരികക്ഷമതാ മാനദണ്ഡങ്ങൾ തെളിയിച്ച ഉദ്യോഗാർത്ഥികളിൽ നിന്നും പ്രായം കുറഞ്ഞവർക്ക് മുൻഗണന നൽകിയാണ് തെരഞ്ഞെടുക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 376 ഹോം ഗാർഡുകളെ നിയമിച്ചു. വിമുക്ത ഭടൻമാരെ കൂടാതെ കേരള പോലീസ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നീ വിഭാഗങ്ങളിൽ നിന്നും വിരമിച്ചവരേയും നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ ഹോം ഗാർഡുകൾക്ക് 765 രൂപ ദിവസവേതനം നൽകിവരുന്നു. 2019 ആഗസ്റ്റ് മാസത്തിലാണ് പ്രസ്തുത വർദ്ധനവ് വരുത്തിയിട്ടുള്ളത്. വേതനം പരിഷ്കരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ആംഡ് റിസർവ്വ് വിഭാഗത്തിലെ ഹവിൽദാർ ടെസ്റ്റ്

111 (125) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ആംഡ് റിസർവ്വ് വിഭാഗത്തിലെ ഹവിൽദാർ ടെസ്റ്റും ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ എച്ച്.സി. ടെസ്റ്റും സമാനമായി പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട ഉത്തരവ്/സർക്കുലറുകളുടെ വിവരം ലഭ്യമാക്കുമോ;

(സി) ആംഡ് റിസർവ്വ് വിഭാഗത്തിൽ നിന്നും ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെത്തുന്ന എട്ട് വർഷം പൂർത്തീകരിച്ച ജീവനക്കാർക്ക് ഇത്തരത്തിൽ എച്ച്.സി. ടെസ്റ്റ് പാസ്സായിട്ടില്ലെങ്കിൽ ഫുൾഗ്രേഡ് അനുവദിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫുൾഗ്രേഡ് നൽകാതെ അൺക്വാളിഫൈഡ് ഹയർഗ്രേഡ് എന്ന് സൂചിപ്പിച്ച് ഈ വിഭാഗം ജീവനക്കാരുടെ ശമ്പളം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവ്/സർക്കുലറുകളുടെ വിശദാംശം അറിയിക്കുമോ;

(ഇ) ഇത്തരം ഗ്രേഡ് നിഷേധ നടപടി എല്ലാ ജില്ലകളിലും സമാനമായി നടപ്പിലാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) കേരള സിവിൽ പോലീസ് നിലവിൽ വരുന്നതിനു മുമ്പ് ബറ്റാലിയനിലെയോ, ആംഡ് റിസർവ്വിലെയോ ഹവിൽദാർ ടെസ്റ്റ് പാസ്സായത് പരിഗണിച്ച് ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിന് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് നൽകിയിരുന്നു. 24-11-1999-ലെ സ.ഉ (കൈ)നമ്പർ 234/99/ആഭ്യന്തരം നമ്പറിന്റെ അടിസ്ഥാനത്തിലാണ് ഇത് നൽകിയിരുന്നത്. എന്നാൽ രണ്ടാം സമയബന്ധിത ഹയർഗ്രേഡ് നൽകുന്നതിന് ലോക്കൽ പോലീസിന് ലോക്കൽ എച്ച്.സി. ടെസ്റ്റ് നിർബന്ധമായും പാസ്സാകേണ്ടതുണ്ട്.

എന്നാൽ 1-4-2010-ൽ ആംഡ് റിസർവ്വും ലോക്കൽ പോലീസും തമ്മിൽ ചേർന്ന് കേരള സിവിൽ പോലീസ് നിലവിൽ വരികയും ആംഡ് റിസർവ് നിർത്തലാക്കുകയും ചെയ്തു. കേരള സിവിൽ പോലീസിന്റെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ല. ബറ്റാലിയനിൽ നിന്നും നേരിട്ട് ലോക്കൽ പോലീസിന്റെ ഭാഗമായ കെ.സി.പി.യിലേയ്ക്ക് ട്രാൻസ്ഫർ ആകുന്ന പോലീസ് ഉദ്യോഗസ്ഥന് ബറ്റാലിയനിൽ വച്ച് പാസ്സായ ബറ്റാലിയൻ ഹവിൽദാർ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് അനുവദിച്ച് നൽകുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നതിനാൽ unqualified scale-ൽ മാത്രം ഗ്രേഡ് അനുവദിച്ചാൽ മതിയെന്ന നിർദ്ദേശം യൂണിറ്റ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

## കെ.എ.പി.-3 സിവിൽ പോലീസ് ഓഫീസർ നിയമനം

112 (126) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കെ. എ. പി.-3 പത്തനംതിട്ട ബറ്റാലിയനിലേക്കുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും ഇനി എത്ര ഉദ്യോഗാർത്ഥികൾക്ക് കൂടി നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിരുന്നു; നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.എ.പി.-3 പത്തനംതിട്ട ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും ഇനി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാനാകും എന്ന് മുൻകൂട്ടി പറയാൻ കഴിയില്ല. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതാണ്.

(ബി) പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നാളിതുവരെ 581 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ടി തസ്തികയിലേയ്ക്ക് ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## എസ്.പി.സി. യൂണിറ്റുകൾ

113 (127) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ ഹൈസ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകളിലാണ് എസ്.പി.സി. യൂണിറ്റുകൾ ഉള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 10-2-2020-ലെ സ.ഉ (സാധാ) നമ്പർ 438/2020/ആഭ്യന്തരം പ്രകാരം ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലുമായി കൂടുതൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന രണ്ട് സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

1. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, എരിമയൂർ.
2. സി.എ.എച്ച്.എസ്.എസ്., കുഴൽമന്ദം

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

114 (128) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എയിഡഡ് സ്കൂളുകളിൽ എസ്.പി.സി അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എയ്ഡഡ് സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചു നൽകിയിട്ടില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

115 (129) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമാവധി വിദ്യാലയങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ പുതിയതായി എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് സ്ക്കൂളിന്റെ പേരു സഹിതമുള്ള വിവരങ്ങൾ ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) എസ്.പി.സി. പദ്ധതിയുടെ ശക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ നടപടികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ഡി) എസ്.പി.സി. പദ്ധതി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അടൂർ മണ്ഡലത്തിൽ നിന്നും ഉചിതമാർഗ്ഗേന നൽകിയ എത്ര അപേക്ഷകളിൻമേൽ നടപടി നടന്നു വരുന്നു എന്നുള്ളതിന്റെ വിശദാംശം അറിയിക്കുമോ;

(ഇ) അടൂർ ഗവ. ബോയ്സ് ഹൈസ്കൂളിൽ എസ്.പി.സി അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഘട്ടം ഘട്ടമായി സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നുണ്ട്.

(ബി&സി) ഈ സർക്കാർ കാലയളവിൽ 228 സർക്കാർ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ വ്യാപിപ്പിക്കുകയും ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധത്തിൽ നൽകിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അടൂർ മണ്ഡലത്തിൽ എസ്.പി.സി.യൂണിറ്റ് അനുവദിക്കണമെന്നുള്ള 6 അപേക്ഷകൾ എസ്.പി.സി. സംസ്ഥാന ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ഇ) പത്തനംതിട്ട ജില്ലയിലെ അടൂർ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിൽ 2010 കാലയളവിൽ ഹൈസ്കൂൾ വിഭാഗത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുകയും പ്രസ്തുത യൂണിറ്റ് മികച്ച രീതിയിൽ പ്രവർത്തിച്ചുവരികയുമാണ്.

**പോക്സോ കേസ്സുകളുടെ എണ്ണം**

116 (130) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോക്സോ കേസ്സുകളാണ് രജിസ്റ്റർ ചെയ്തതെന്ന് വിശദമാക്കുമോ;

(ബി) അതിൽ എത്ര കേസുകൾ ഇതിനകം വിചാരണ ആരംഭിച്ചു;

(സി) എത്ര ശതമാനം പോക്സോ കേസ്സുകളിലാണ് പ്രതികൾക്ക് ശിക്ഷ ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പോക്സോ കോടതികൾ സ്ഥാപിക്കുവാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 11462 പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 5137 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി ചാർജ് ഷീറ്റ് സമർപ്പിക്കുകയും കോടതിയിൽ വിചാരണ ആരംഭിക്കുകയും ചെയ്തു.

(സി) കോടതികളിൽ തീർപ്പായ പോക്സോ കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ച കേസ്സുകളുടെ കഴിഞ്ഞ 3 വർഷത്തെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു:

| Years | Conviction rate |
|---|---|
| 2017 | 14.41 |
| 2018 | 18.24 |
| 2019 | 18.78 |

(ഡി) പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തുവരുന്നു.

**പഞ്ചായത്ത് ഓഫീസുകൾ വഴി പരാതി സ്വീകരിക്കുന്ന നടപടി**

117 (131) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസുദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ പരാതി സ്വീകരിക്കുന്ന നടപടി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഇടപെടൽ ഉണ്ടായിട്ടും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾ സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. വനിതാ പോലീസുദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ പരാതികൾ സ്വീകരിക്കുകയും തീർപ്പാക്കാൻ കഴിയുന്ന പരാതികൾ അവിടെവച്ച് തന്നെ തീർപ്പാക്കുകയും അല്ലാത്തവ പോലീസ് സ്റ്റേഷനിൽ നൽകുകയും എസ്.എച്ച്.ഒ.-യുടെ സാന്നിദ്ധ്യത്തിൽ പരാതികൾ കേട്ട് തീർപ്പാക്കുകയും നിയമനടപടികൾ സ്വീകരിക്കേണ്ടതാണെങ്കിൽ അവ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ നിയമ പരിരക്ഷയെക്കുറിച്ച് ജനങ്ങൾ കൂടുതൽ ബോധവാന്മാരാകുന്നതും കൂടുതൽ ആളുകൾ പരാതി നൽകാൻ തയ്യാറായിവരുന്നതും ഇത്തരം കേസ്സുകളുടെ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്. ദിനംപ്രതി വർദ്ധിക്കുന്നതായി വിലയിരുത്തിയിട്ടില്ല.

**ദുരൂഹസാഹചര്യങ്ങളിലെ മരണങ്ങൾ**

118 (132) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒൻപത് വർഷത്തിനിടെ ഒരു വീട്ടിലെ ആറ്കുട്ടികൾ മരിച്ച സംഭവമടക്കം ദുരൂഹസാഹചര്യങ്ങളിൽ കുട്ടികളുൾപ്പെടെയുള്ളവർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ഇത്തരത്തിലുണ്ടായ മരണങ്ങൾ കണ്ടെത്തുവാനും ആയത് വീണ്ടുമുണ്ടാകുന്നത് തടയുവാനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മലപ്പുറം ജില്ലയിലെ തിരൂരിലെ അബൂബക്കർ മകൻ മുഹമ്മദ് റഫീഖ്-സബ്ന ദമ്പതികളുടെ 6 മക്കളിൽ (4 പെൺകുട്ടികൾ, 2 ആൺകുട്ടികൾ) അഞ്ച് പേരും ജനിച്ച് ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ പെട്ടെന്ന് ഒരു അസുഖവുമില്ലാതെ മരണപ്പെടുകയാണുണ്ടായതെന്നും നാലാമത്തെ കുട്ടി നാലര വയസ്സുള്ളപ്പോൾ (പെൺകുട്ടി) ഒരു അസുഖവുമില്ലാതെ മരണപ്പെടുകയാണുണ്ടായതെന്നും കുട്ടികളുടെ മരണകാരണം എന്താണെന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും 18-2-2020-ൽ മരണപ്പെട്ട (93 ദിവസം പ്രായമായ ആൺ) കുട്ടിയുടേത് ഒഴികെ മറ്റു കുട്ടികൾ മരണപ്പെട്ട കാര്യം പോലീസിൽ അറിയിക്കുകയോ, ഇൻക്വസ്റ്റോ മറ്റു നടപടികളോ ചെയ്തിട്ടില്ലാത്തതാണെന്നും വ്യക്തമായിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് തിരൂർ പോലീസ് ക്രൈം 147/2020 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇപ്പോൾ മരണപ്പെട്ട കുട്ടിയുടെ ആന്തരികാവയവങ്ങളുടെ പരിശോധനാഫലം ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ നിജസ്ഥിതി വ്യക്തമാകുകയുള്ളൂ.

മറ്റു ജില്ലകളിലെ സമാനമായ കേസ്സുകളിന്മേലുള്ള അന്വേഷണം കാര്യക്ഷമമായി നടന്നുവരുന്നു. ജനമൈത്രി പോലീസ് സംവിധാനത്തിലൂടെയും സോഷ്യൽ മീഡിയ വഴിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തിവരുന്ന ബോധവൽക്കരണ ക്ലാസ്സുകൾ മുഖേനയും ബാലാവകാശ നിയമങ്ങളെപ്പറ്റിയും കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനെപ്പറ്റിയും ജില്ലാ പോലീസ് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

**കസ്റ്റഡി മരണം**

119 (133) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കസ്റ്റഡിമരണങ്ങൾ സി.ബി.ഐ-.ക്ക് വിടാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നിലവിൽ ഏതെല്ലാം കേസ്സുകളാണ് സി.ബി.ഐ-.യ്ക്ക് വിടാൻ തീരുമാനമെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കസ്റ്റഡിമരണങ്ങൾ അന്വേഷിക്കുന്നതിൽ സംസ്ഥാന പോലീസിന്റെ ഭാഗത്തുള്ള അലംഭാവമാണ് ഇത് ആവർത്തിയ്ക്കുന്നതിന് ഇടയാക്കിയിട്ടുള്ളതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിന്റെ അന്വേഷണം കേന്ദ്ര ഏജൻസിയ്ക്ക് കൈമാറുന്നത് ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കസ്റ്റഡിയിലിരിക്കവെ 7 പേർ മരണപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുണ്ടായ വീഴ്ച കണക്കിലെടുത്ത് ചില കേസന്വേഷണം CBI-യ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) പൊതുവായ തീരുമാനം എടുത്തിട്ടില്ല.

(സി) കസ്റ്റഡി മരണങ്ങൾ അന്വേഷിക്കുന്നതിൽ സംസ്ഥാന പോലീസിന്റെ ഭാഗത്ത് അലംഭാവമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസുദ്യോഗസ്ഥർ പ്രതിയാകുന്ന ചില കേസ്സുകളുടെ അന്വേഷണം മറ്റൊരു ഏജൻസി അന്വേഷിക്കുന്നത് ഉചിതമാണെന്ന് കണ്ട് അവ CBI-യുടെ അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്.

## ഗുണ്ടാ ആക്രമണ കേസ്സുകൾ

120 (134) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണ കാലത്ത് സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഗുണ്ടാ ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് പ്രതിരോധിക്കാൻ സർക്കാർ ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ ഭരണ കാലത്ത് ഗുണ്ടാ ആക്ട് പ്രകാരം ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഗുണ്ടാ ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് പോലീസിന്റെ പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വിവരം ചുവടെ ചേർക്കുന്നു.

| ഗുണ്ടാ അക്രമണ കേസുകളുടെ എണ്ണം 25-5-2016 മുതൽ 24-2- 2020 വരെ | | | | |
|---|---|---|---|---|
| 2016 (25-5-2016 മുതൽ 31-12-2016 വരെ) | 2017 | 2018 | 2019 | 2020 (24-2-2020 വരെ) |
| 26 | 27 | 23 | 18 | 0 |

(ബി) സംസ്ഥാനത്ത് ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഡി) പോലീസിന്റെ പ്രത്യേക സംഘം രൂപീകരിച്ചിട്ടില്ല.

**യു.എ.പി.എ. ചുമത്തിയ കേസ്സുകൾ**

121 (135) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്ര കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ട്;

(ബി) ഏതൊക്കെ കേസ്സുകളിലാണ് യു.എ.പി.എ. ചുമത്തിയത് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) യു.എ.പി.എ. ചുമത്തിയ എത്ര കേസ്സുകൾ എൻ.ഐ.എ. ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**യുവാക്കൾക്കെതിരെ യു.എ.പി.എ. ചുമത്തിയ നടപടി**

122 (136) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോവാദി ബന്ധം ആരോപിച്ച് യു.എ.പി.എ. ചുമത്തി ജയിലിലടച്ച അലൻ, താഹ എന്നീ യുവാക്കൾക്ക് മാവോവാദികളുമായി ബന്ധമുള്ള കാര്യം സംശയാതീതമായി തെളിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കെതിരെ ലഭിച്ചിട്ടുള്ള തെളിവുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എൻ.ഐ.എ. ഏറ്റെടുത്ത പ്രസ്തുത കേസ് തിരികെ സംസ്ഥാനത്തെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കാര്യത്തിലുള്ള കേന്ദ്ര നിലപാട് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ കേസ്സിന്റെ പ്രാഥമികാന്വേഷണത്തിൽ പ്രതികൾ ഇന്ത്യൻ ഭരണകൂടം, നിയമംമൂലം നിരോധിച്ച സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് സംഘടനയിൽ പ്രവർത്തകരായി ജനങ്ങൾക്കിടയിൽ ജനാധിപത്യത്തിനും ഭരണ സംവിധാനത്തിനുമെതിരെ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്, ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്ത് ആഹ്വാനം നൽകി വരികയാണെന്ന സംശയകരമായ സാഹചര്യത്തിലാണ് പോലീസ് കേസ് എടുത്തിട്ടുള്ളത്. ഈ കേസ്സിന്റെ അന്വേഷണം എൻ.ഐ.എ. ഏറ്റെടുത്ത് അന്വേഷണം നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) നിലപാട് അറിയിച്ചിട്ടില്ല.

### കെ. എം. ബഷീർ കൊല്ലപ്പെട്ട കേസ്സിൽ അന്വേഷണം

123 (137) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകൻ കെ.എം.ബഷീർ അമിതവേഗത്തിലെത്തിയ കാർ ഇടിച്ച് കൊല്ലപ്പെട്ട കേസ്സിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത കേസ്സിലെ പ്രതികൾ, ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിന്റെ അന്വേഷണ ചുമതല ആർക്കായിരുന്നു;

(സി) കേസ്സിന്റെ മേൽനോട്ട ചുമതല ക്രൈംബ്രാഞ്ച് ഐ.ജി-.ക്കായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1656/2019 u/s.304 & 201 IPC Sec.3(1)(2) of PDPP Act and Sec.184, 185 of

188 of MV Act പ്രകാരം ശ്രീറാം വെങ്കിട്ടരാമൻ, 1-ാം പ്രതിയായും വഫ നജീം @ വഫ ഫിറോസ്, 2-ാം പ്രതിയായും രജിസ്റ്റർ ചെയ്ത കേസ് ആദ്യ ഘട്ടത്തിൽ സിറ്റി നാർക്കോട്ടിക് സെൽ അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. ഷീൻ തറയിലും തുടർന്ന് ക്രൈംബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റ് പോലീസ് സൂപ്രണ്ട് ശ്രീ. എ. ഷാനവാസും അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

(സി) അല്ല. ADGP (L&O) ശ്രീ. ദർവേഷ് സാഹിബ് ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ക്രൈംബ്രാഞ്ചിലെയും ലോക്കൽ പോലീസിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചാണ് പ്രസ്തുത കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കിയത്.

**ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി ഏജൻസി**

124 (138) ശ്രീ.കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആഭ്യന്തര വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിലേക്കായി കമ്പനികളിൽനിന്ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതുവഴി എന്തു ഗുണമാണ് വകുപ്പിനും സംസ്ഥാനത്തിനും ഉണ്ടാവുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 5-10-2018-ലെ G.O.(MS)No.155/2018/Home പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്.

ഈ പദ്ധതിയുടെ ഭാഗമായി 200 സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് (SVDS), 400 എ.ഐ.ക്യാമറ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) അടിസ്ഥാനമാക്കിയുള്ള എൻഫോഴ്സ്മെന്റ് സിസ്റ്റം, 60 Mobile Speed Violation

Detection Systems with Vehicles, 30 Red Light Violation Detection Systems (RLVD), 100 Helmet Absence Detection Systems (HADS) എന്നിവ സ്ഥാപിച്ച് ഏകോപിപ്പിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് ക്യാമറകൾ ഏകദേശം 175 സ്ഥലങ്ങളിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 3 ടെണ്ടറുകളാണ് ക്ഷണിച്ചത്. ആദ്യ രണ്ട് ടെണ്ടറുകളിൽ കമ്പനികളുടെ മതിയായ പ്രാതിനിധ്യമില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചില്ല. നമ്പർ KPET/37/2019/PHQ dated 16-9-2019 പ്രകാരം ക്ഷണിച്ച മൂന്നാമത്തെ ടെണ്ടറിൽ കെൽട്രോൺ, സിഡ്കോ IT&TC ഡിവിഷൻ എന്നീ രണ്ട് കമ്പനികൾ Bid സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ടെണ്ടർ സാങ്കേതിക പരിശോധനയ്ക്കുശേഷം റദ്ദ് ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കമ്പനിക്കും ഇതുവരെ വർക്ക് ഓർഡർ നൽകിയിട്ടില്ല. മികച്ച സേവനം ലക്ഷ്യമിട്ടായിരിക്കും ഏജൻസിയെ തെരഞ്ഞെടുക്കുന്നതിൽ അന്തിമ തീരുമാനമെടുക്കുന്നത്.

**ട്രാഫിക് നിയമലംഘന പിഴ**

125 (139) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1-ന് ശേഷം ട്രാഫിക് നിയമലംഘനങ്ങളുടെ പേരിൽ പിഴ ചുമത്തപ്പെട്ട വാഹന ഉടമകളിൽ നിന്നും വൻ തുക ലഭ്യമാകുവാനുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ലഭ്യമാകുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പിഴ ചുമത്തപ്പെട്ടതും തുക ലഭ്യമാക്കാനുള്ളതുമായ വാഹന ഉടമകളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ലഭ്യമാക്കാനുള്ള തുക കിട്ടുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തുക ലഭ്യമാകുവാനുണ്ട്. 26,92,31,000 രൂപയാണ് ലഭ്യമാകുവാനുള്ളത്.

(ബി) പിഴ ചുമത്തപ്പെട്ടതും തുക ലഭ്യമാക്കാനുള്ളതുമായ വാഹന ഉടമകളെ മോട്ടോർ വാഹന വകുപ്പ് നിലവിൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പിഴ തുക അടയ്ക്കാത്ത വാഹന ഉടമകൾക്ക് Reminder Memo ഹൈ-ടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിൽ നിന്നും അയയ്ക്കാറുള്ളതും തുടർന്നും പിഴ അടയ്ക്കാത്ത വാഹന ഉടമകളുടെ പിഴ സംബന്ധമായ വിശദാംശങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അയച്ചുകൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മറ്റ് സേവനങ്ങൾക്കായി ഓഫീസിൽ എത്തുമ്പോൾ മോട്ടോർ വാഹന വകുപ്പ് പിഴ സ്വീകരിക്കുന്നുണ്ട്.

## ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുവാൻ വാട്സ് ആപ്പ് ഗ്രൂപ്പ്

126 (140) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരെ കണ്ടെത്തുവാൻ തിരുവനന്തപുരത്ത് ട്രാഫിക് പോലീസുകാരെ ഉൾപ്പെടുത്തി പുതിയ വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം കണ്ടെത്തിയ കേസ്സുകളിൽ ഇതിനകം എത്രപേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അതിലൂടെ എത്ര തുക പിഴയായി ലഭിച്ചുവെന്നും അറിയിക്കാമോ ;

(സി) വാട്സ് ആപ്പ് പെറ്റി, സ്റ്റിക്കർ പെറ്റി എന്നിങ്ങനെയുള്ള ഫൈൻ പലരും അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമയബന്ധിതമായി ഇത്തരക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിനായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ ട്രാഫിക് പോലീസുകാരെ ഉൾപ്പെടുത്തി വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം കണ്ടെത്തിയ കേസ്സുകളിൽ ഇതിനകം 1521 പേർക്കെതിരെ നടപടി സ്വീകരിക്കുകയും അതിലൂടെ 1,41,500 രൂപ പിഴ ഈടാക്കുകയും ചെയ്തു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനത്തിന്റെ ആർ.സി. ഉടമയ്ക്കെതിരെ നോട്ടീസ് അയച്ച് പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അവിനാശിയിലെ ബസ് അപകടം

127 (141) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ അവിനാശിയിൽ നടന്ന ബസ് അപകടത്തിന്റെ കാരണങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനകത്തും പുറത്തും ഇത്തരത്തിലുള്ള അപകട മേഖലകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിന് പുറത്ത് ഇത്തരത്തിൽ അപകടസാധ്യതയുള്ള സ്പോട്ടുകളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ട ജാഗ്രത കാണിക്കുവാൻ സംസ്ഥാനങ്ങൾ തമ്മിൽ യോജിച്ച നീക്കം നടത്തുമോ;

(ഡി) ഇതിനായി തമിഴ്നാട്, കേരളം, കർണ്ണാടകം, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് ഉദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും സംയുക്ത യോഗം വിളിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അപകടത്തിന് കാരണമായ കെ.എൽ.7 സി.എസ്.6325 എന്ന കണ്ടെയ്നർ വാഹനം ശരാശരി 70 കിലോ മീറ്റർ/മണിക്കൂർ വേഗതയിൽ ഓടിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ വാഹനം ഹൈവേയിലെ വലതുഭാഗത്തുള്ള ട്രാക്കിലൂടെ ഓടിച്ചുവരവേ ഡ്രൈവർ പെട്ടെന്ന് ഉറങ്ങിയതുമൂലമോ ഇടത്തേയ്ക്കുള്ള വളവിൽ വാഹനത്തിനുള്ള വേഗത കുറയ്ക്കാതെ തിരിക്കാൻ ശ്രമിച്ചപ്പോൾ സംഭവിച്ച understeering (ആവശ്യാനുസരണം വാഹനം തിരിയാതെ വരുന്ന അവസ്ഥ) മൂലമോ ഇടത്തോട്ട് തിരിയാതെ വാഹനത്തിന് മുൻവശത്തെ വലത് വീലും ലിഫ്റ്റ് ആക്സിൽ വീലും വലത്ത് ഭാഗത്തെ മീഡിയനിലേക്ക് കയറിയിട്ടുള്ളതായും തുടർന്ന് വലതുവശത്ത് പുറകിലുള്ള ഡ്രൈവ് ആക്സിൽ വീലുകളിൽ ഏറ്റവും പുറത്തുള്ള ടയറും അതിന് പുറകിലുള്ള ടാന്റം ആക്സിൽ വീലുകളിലെ ഏറ്റവും പുറത്തുള്ള ടയറും മീഡിയനിൽ ഉരുണ്ട് പൊട്ടുകയും തുടർന്ന് വീൽ ഡിസ്കുകൾ മാത്രമായി ഏകദേശം 12 ഇഞ്ച് ഉയരത്തിലുള്ള കോൺക്രീറ്റ് തിട്ടയിലൂടെ ഓടുകയും പിന്നീട് ഈ വീലുകളിലെ അകത്തുള്ള ടയറുകൾ കൂടി പൊട്ടുകയും വാഹനം വലത്തോട്ട് ചെരിഞ്ഞതിനുശേഷം ഇതേ വേഗതയിൽ ഏകദേശം 120 മീറ്റർ ദൂരം സഞ്ചരിച്ച് വലതുഭാഗത്ത് എതിർദിശയിലേയ്ക്കുള്ള ട്രാക്കിലേക്ക് ഇറങ്ങുകയും ഇതിന്റെ ആഘാതത്തിൽ കണ്ടെയ്നർ ലോക്ക് ചെയ്യാത്തതുകാരണം വാഹനത്തിൽ നിന്ന് ചെരിഞ്ഞ് പൂർണ്ണമായും റോഡിൽ വീഴുകയും ഇതിൽ എതിരെവന്ന കെ.എസ്.ആർ.ടി.സി. ബസ് ഇടിക്കുകയുമാണുണ്ടായത്.

(ബി) സംസ്ഥാനത്തിനകത്ത് അപകടമേഖലകൾ കണ്ടെത്തി കാരണങ്ങൾ പരിശോധിച്ച് അപകടങ്ങൾ ഒഴവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അവിനാശിയിൽ നടന്ന അപകടത്തിന്റെ പശ്ചാത്തലത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ അടിയന്തര യോഗത്തിൽ തീരുമാനിച്ച പ്രകാരം പോലീസ്,

മോട്ടോർ വാഹന, പൊതുമരാമത്ത് വകുപ്പുകൾ, റോഡ് സുരക്ഷാ അതോറിറ്റി എന്നിവ ചേർന്ന് അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) പരിശോധിക്കുന്നതാണ്.

**നിരത്തുകളിൽ ക്യാമറ സ്ഥാപിക്കൽ**

128 (142) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തുകളിൽ ക്യാമറ ശൃംഖല തീർത്ത് ഗതാഗത നിയമലംഘനങ്ങൾക്ക് പിഴ ചുമത്താനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ പദ്ധതിയാണിതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര സ്ഥലങ്ങളിൽ എത്ര ക്യാമറകളാണ് സ്ഥാപിക്കുന്നതെന്നും ഓരോ ക്യാമറയും സ്ഥാപിക്കാനുള്ള ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ കരാർ നൽകുന്നത് സാങ്കേതിക സമിതിയാണോ; ഈ സമിതിയുടെ യോഗത്തിൽ കടുത്ത ഭിന്നത ഉയർന്നത് കാരണം പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന ആക്ഷേപം ശരിയാണോ;

(ഇ) സാങ്കേതിക സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും ഈ സമിതി രൂപീകരിച്ചതിന്റെ മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. BOOT (Build Own Operate Transfer) മാതൃകയിൽ നടപ്പിലാക്കുവാനാണ് നിർദ്ദേശം. പദ്ധതി നടപ്പാക്കി വരുമ്പോൾ മാത്രമേ കൃത്യമായി തുക അറിയുവാൻ കഴിയുകയുള്ളൂ.

(സി) ഈ പദ്ധതിയുടെ ഭാഗമായി 200 സ്പീഡ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് (SVDS), 400 എ.ഐ. ക്യാമറ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള എൻഫോഴ്സ്മെന്റ് സിസ്റ്റം, 60 മൊബൈൽ സ്പീഡ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് വിത്ത് വെഹിക്കിൾസ്, 30 റെഡ് ലൈറ്റ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് (RLVD), 100 ഹെൽമറ്റ് ആബ്സൻസ് ഡിറ്റക്ഷൻസ് സിസ്റ്റംസ് (HADS) എന്നിവ സ്ഥാപിച്ച് ഏകോപിപ്പിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. സ്പീഡ് വൈലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് ക്യാമറകൾ

ഏകദേശം 175 സ്ഥലങ്ങളിൽ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുമ്പോൾ മാത്രമേ ഓരോ ക്യാമറയും സ്ഥാപിക്കുന്നതിനുള്ള ചെലവ് പ്രത്യേകം അറിയാൻ സാധിക്കുകയുള്ളൂ.

(ഡി) ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ADGP (Crime Branch) ചെയർമാനായ സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നടപടി സ്വീകരിച്ചുവരികയുമാണ്.

(ഇ) സാങ്കേതിക സമിതിയിലെ അംഗങ്ങൾ ചുവടെ ചേർത്തിട്ടുള്ളവരാണ്.

1. Additional Director General of Police (Crime Branch)- Chairman
2. Inspector General of Police (Social Policing and Traffic)- Member
3. Deputy Inspector General of Police, APBn- Member
4. Superintendent of Police Traffic (South)- Member
5. Asst. Commissioner of Police, Traffic (South), Tvpm city-Member
6. Representative of Transport Commissioner - Member
7. Representative of Director, NATPAC - Member
8. Representative of KSTP-Member
9. Representative of C-DAC- Member
10. Representative of IT Mission-Member

ട്രാഫിക് മേഖലയിൽ പ്രവർത്തിപരിചയമുള്ളവരും ഇതുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പ്/സർക്കാർ ഏജൻസികളിലെ പ്രതിനിധികളുമാണ് പ്രസ്തുത സമിതിയിൽ ഉണ്ടായിരുന്നത്.

**വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ നടപടി**

129 (143) ശ്രീ.കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അറിയിക്കുമോ;

(ബി) ഇത്തരത്തിൽ വാഹനാപകടങ്ങൾ കൂടുന്നതിനുള്ള കാരണങ്ങൾ പോലീസും ആഭ്യന്തര വകുപ്പും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളുമുണ്ടാക്കിയ അപകട കേസ്സുകൾ എത്ര; എത്രപേർ മരണപ്പെട്ടു; അവർക്ക് എന്ത് സഹായം ലഭ്യമാക്കിയെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം വാഹനാപകടങ്ങൾ കുറയ്ക്കാനും കുറ്റക്കാരെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാനുമായി ആഭ്യന്തര വകുപ്പ് സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ഇ) 20-2-2020 -ൽ തിരുപ്പൂരിൽ നടന്ന കെ.എസ്.ആർ.ടി.സി.വോൾവോ ബസ്സപകടം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; എത്രപേർ മരണപ്പെട്ടു; മറ്റു ചികിത്സ ആവശ്യമുള്ളവർ എത്ര; സംസ്ഥാന സർക്കാർ എന്ത് സഹായം ഉറപ്പാക്കി; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർഷംതോറും നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|
| 2010 | 35082 |
| 2011 | 35216 |
| 2012 | 36174 |
| 2013 | 35215 |
| 2014 | 36282 |
| 2015 | 39014 |
| 2016 | 39420 |
| 2017 | 38470 |
| 2018 | 40181 |
| 2019 | 41111 |

(ബി) വാഹനമോടിക്കുന്നവരുടെ അശ്രദ്ധയും അമിതവേഗതയും ട്രാഫിക് ഗതാഗത നിയമങ്ങൾ പാലിക്കുന്നതിൽ പൊതുജനങ്ങൾ ജാഗ്രതക്കുറവ് കാണിക്കുന്നതുമാണ് വാഹനാപകടങ്ങൾ കൂടുന്നതിനുള്ള പ്രധാന കാരണം.

മാത്രമല്ല, രാത്രികാലങ്ങളിൽ വിശ്രമമില്ലാതെയുള്ള ഡ്രൈവിംഗ്, മദ്യപിച്ചുള്ള ഡ്രൈവിംഗ്, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കൽ, അനധികൃത പാർക്കിംഗ്, ചുവന്ന സിഗ്നൽ ലൈറ്റ് അവഗണിക്കുക, ഹെൽമറ്റും സീറ്റ് ബൽറ്റും ധരിക്കാതിരിക്കുക എന്നിവയും വാഹനപ്പെരുപ്പത്തിന് അനുസരിച്ച് റോഡുവീതി കൂട്ടാനായി കാലതാമസം വരുന്നതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ 5 വർഷകാലയളവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും ഉണ്ടാക്കിയ അപകട വിവരങ്ങൾ ചുവടെ ചേർക്കുന്നു. അവർക്ക് ലഭ്യമാക്കിയ സഹായം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

| വർഷം | കെ.എസ്.ആർ.ടി.സി. ബസ്സുകൾ | | സ്വകാര്യ ബസ്സുകൾ | |
|---|---|---|---|---|
| | അപകട കേസ്സുകൾ | മരണം | അപകട കേസ്സുകൾ | മരണം |
| 2015 | 1073 | 215 | 2701 | 382 |
| 2016 | 983 | 187 | 2722 | 400 |
| 2017 | 1033 | 200 | 2396 | 405 |
| 2018 | 892 | 201 | 2059 | 315 |
| 2019 | 866 | 204 | 2026 | 316 |

(ഡി) അപകടങ്ങൾ കുറയ്ക്കുന്നതിനായി സൈൻ ബോർഡുകൾ, സ്പീഡ് ബ്രേക്കറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ ട്രാഫിക് ബീക്കൺ, ചീറ്റ, ഹൈവേ പോലീസ് എന്നിവരുടെ നിരന്തര പരിശോധനയും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ വിദഗ്ധരെ ഉൾപ്പെടുത്തി വാഹനമോടിക്കുന്നവർക്കും കാൽനടയാത്രക്കാർക്കും യുവാക്കൾക്കിടയിലും ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. അപകടമുണ്ടാക്കുന്ന ഡ്രൈവർമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് ചാർജ് ഷീറ്റ് സമർപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. മദ്യപിച്ച് വാഹനം ഓടിച്ച് ഒന്നിലധികം തവണ പിടിക്കപ്പെട്ടാൽ 185 MV Act പ്രകാരം കേസ്സെടുക്കുന്നതിനുപുറമേ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ.-മാർക്ക് റിപ്പോർട്ട് നൽകാറുണ്ട്. സുരക്ഷാമാർഗ്ഗങ്ങളായ ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിനും അമിതമായ സ്പീഡ്, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ കാരണമായ അപകടങ്ങൾ

ഉണ്ടാകുന്നത് കുറയ്ക്കുന്നതിനായി യുവാക്കൾക്കിടയിലും ഡ്രൈവർമാർക്കിടയിലും ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുടെ സേവനംകൂടി പ്രയോജനപ്പെടുത്തിവരുന്നു.

(ഇ) അപകടത്തിന് കാരണമായ കെ.എൽ.7 സി.എസ്.6325 എന്ന കണ്ടെയ്നർ വാഹനം ശരാശരി 70 കിലോ മീറ്റർ/മണിക്കൂർ വേഗതയിൽ ഓടിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ വാഹനം ഹൈവേയിലെ വലത് ഭാഗത്തുള്ള ട്രാക്കിലൂടെ ഓടിച്ചുവരവേ ഡ്രൈവർ പെട്ടെന്ന് ഉറങ്ങിയതുമൂലമോ ഇടത്തേയ്ക്കുള്ള വളവിൽ വാഹനത്തിനുള്ള വേഗത കുറയ്ക്കാതെ തിരിക്കാൻ ശ്രമിച്ചപ്പോൾ സംഭവിച്ച understeering (ആവശ്യാനുസരണം വാഹനം തിരിയാതെ വരുന്ന അവസ്ഥ) മൂലമോ ഇടത്തോട്ട് തിരിയാതെ വാഹനത്തിന് മുൻവശത്തെ വലത് വീലും ലിഫ്റ്റ് ആക്സിൽ വീലും വലത്ത് ഭാഗത്തെ മീഡിയനിലേക്ക് കയറിയിട്ടുള്ളതായും തുടർന്ന് വലതുവശത്ത് പുറകിലുള്ള ഡ്രൈവ് ആക്സിൽ വീലുകളിൽ ഏറ്റവും പുറത്തുള്ള ടയറും അതിന് പുറകിലുള്ള ടാന്റം ആക്സിൽ വീലുകളിലെ ഏറ്റവും പുറത്തുള്ള ടയറും മീഡിയനിൽ ഉരുണ്ട് പൊട്ടുകയും തുടർന്ന് വീൽ ഡിസ്കുകൾ മാത്രമായി ഏകദേശം 12 ഇഞ്ച് ഉയരത്തിലുള്ള കോൺക്രീറ്റ് തിട്ടയിലൂടെ ഓടുകയും പിന്നീട് ഈ വീലുകളിലെ അകത്തുള്ള ടയറുകൾ കൂടി പൊട്ടുകയും വാഹനം വലത്തോട്ട് ചെരിഞ്ഞതിനുശേഷം ഇതേ വേഗതയിൽ ഏകദേശം 120 മീറ്റർ ദൂരം സഞ്ചരിച്ച് വലതുഭാഗത്ത് എതിർദിശയിലേയ്ക്കുള്ള ട്രാക്കിലേക്ക് ഇറങ്ങുകയും ഇതിന്റെ ആഘാതത്തിൽ കണ്ടെയ്നർ ലോക്ക് ചെയ്യാത്തതുകാരണം വാഹനത്തിൽ നിന്ന് ചെരിഞ്ഞ് പൂർണ്ണമായും റോഡിൽ വീഴുകയും ഇതിൽ എതിരെവന്ന കെ.എസ്.ആർ.ടി.സി. ബസ് ഇടിക്കുകയുമാണുണ്ടായത്.

ഈ അപകടത്തിൽ 19 പേർ മരണപ്പെടുകയും 24 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു.

സംസ്ഥാന സർക്കാർ സമയോചിതമായി ഇടപെടുകയും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വി. എസ്. സുനിൽ കുമാറിനെ അപകടസ്ഥലത്തേക്ക് അയച്ചിട്ടുള്ളതും രക്ഷാപ്രവർത്തനങ്ങൾക്കും മറ്റ് തുടർ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ളതുമാണ്. പാലക്കാട് ജില്ലാ പോലീസ് മേധാവി സ്ഥലത്തെത്തി രക്ഷാപ്രവർത്തനത്തിൽ സഹായിച്ചിട്ടുള്ളതും 19

ആംബുലൻസുകളിലും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ച് മൃതദേഹം വീടുകളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**സോഷ്യൽ മീഡിയ വഴിയുള്ള വ്യാജ സന്ദേശങ്ങൾ**

130 (144) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയ വഴി പ്രചരിക്കുന്ന വ്യാജ സന്ദേശങ്ങളുടെ ആധികാരികത പരിശോധിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ ഭരണ കാലത്ത് ഇപ്രകാരം വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിച്ചതിന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പ്രചരിക്കുന്ന വ്യാജ സന്ദേശങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ കുറവ്**

131 (145) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ ഉപയോഗയോഗ്യമായ വാഹനങ്ങളുടെ ലഭ്യതക്കുറവ്, അപര്യാപ്തതകൾ എന്നിവ ചൂണ്ടിക്കാട്ടി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നും 2016 മുതൽ 2019 വരെയുള്ള വർഷങ്ങളിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പോലീസ് സ്റ്റേഷനുകളിലാണ് ഉപയോഗയോഗ്യമായ വാഹനങ്ങൾ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി കാലയളവിൽ കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ 399 പുതിയ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഡ്യൂട്ടിക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഉപയോഗയോഗ്യമായ വാഹനങ്ങളുണ്ട്. ഏറ്റവും കുറഞ്ഞത് രണ്ട് ലൈറ്റ് മോട്ടോർ വാഹനങ്ങളെങ്കിലും എല്ലാ സ്റ്റേഷനുകളിലേയ്ക്കും അനുവദിച്ച് നൽകിയിട്ടുണ്ട്.

## പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

132 (146) ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വർഷമായി 2020 ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലുള്ള പ്രവർത്തനങ്ങളാണ് മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പോലീസ് സ്റ്റേഷനുകളിൽ സേവനാവകാശ നിയമം ബാധകമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വർഷമായി 2020 ആചരിക്കാൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിന്റെ അടിസ്ഥാനസേവന കേന്ദ്രങ്ങളാണ് പോലീസ് സ്റ്റേഷനുകൾ. ക്രമസമാധാനപാലനവും കുറ്റകൃത്യങ്ങൾ തടയുന്നതും അന്വേഷിക്കുന്നതും പുറമേ ക്രൈം ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ സിസ്റ്റം, ഇൻഹൗസ് ട്രെയിനിംഗ്, ജനമൈത്രി സംബന്ധമായ പ്രവൃത്തികൾ, ശിശുസൗഹൃദ പ്രവർത്തനങ്ങൾ, ഹരിത പ്രോട്ടോക്കോൾ, ശുചിത്വ പരിപാലനം മുതലായവ പോലീസ് സ്റ്റേഷനുകളെ കർമ്മോന്മുഖവും ജനസൗഹാർദ്ദവുമാക്കുന്നു. പോലീസ് സ്റ്റേഷനുകളുടെ പ്രകടനം മെച്ചപ്പെടുത്താൻ പോലീസ് സ്റ്റേഷനുകളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും നൂതന സാങ്കേതിക വിദ്യയുടെ

ഉപയോഗം, സാങ്കേതിക വൈദഗ്ദ്ധ്യം/സ്രോതസ് എന്നിവയുടെ ശരിയായ വിനിയോഗം തുടങ്ങിയ സംരംഭങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മെച്ചപ്പെട്ട ഡ്യൂട്ടി മാനേജ്മെന്റ്, പോലീസ് സ്റ്റേഷന്റെ പ്രവർത്തന മികവിന്റെ പരിശോധന, പരാതിക്കാരുടെ മുഖാമുഖത്തിനായുള്ള സമയക്രമം CCTNS, iAPS, Thuna തുടങ്ങിയ സോഫ്റ്റ്വെയറുകളുടെ പൂർണ്ണമായ ഉപയോഗം എന്നിവ പോലീസ് സ്റ്റേഷൻ തലത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷനുകളെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി 'സർവ്വീസ് ഡെലിവറി സെന്ററുകൾ' ആക്കി പുനർ സംവിധാനം ചെയ്യുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം പരിശോധനയിലാണ്.

### പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

133 (147) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാൻ നടപടികളായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇത്തരം വാഹനങ്ങൾ വർഷങ്ങളായി തുരുമ്പ് പിടിച്ച് ആർക്കും ഉപയോഗിക്കാൻ കഴിയാതെ നശിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) പിടിച്ചെടുത്ത വാഹനങ്ങൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018-ലെ സ.ഉ. (പി) നമ്പർ 60/2018/ആഭ്യന്തരം പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചുവരുന്നത്.

### ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

134 (148) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ പുതിയതായി അനുവദിച്ചു എന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ശിശുസൗഹൃദ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കി വരുന്ന കാലോചിതമായ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പോലീസ് സ്റ്റേഷനുകളിൽ കാർട്ടൂണുകൾ പ്രദർശിപ്പിക്കുന്നതിന് സ്വീകരിച്ച നടപടിക്ക് സമാനമായി ശിശു സൗഹൃദ സ്റ്റേഷനുകളിലും കുട്ടികൾക്ക് എളുപ്പത്തിൽ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് ബോധ്യം വരുന്നതിന് സഹായകമാകുന്ന തരത്തിലുള്ള കാർട്ടൂണുകൾ സ്ഥിരമായി പ്രദർശിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആദ്യ ഘട്ടത്തിൽ താഴെപ്പറയുന്ന 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയുണ്ടായി.

1. ഫോർട്ട് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.
2. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കൊല്ലം സിറ്റി.
3. കടവന്ത്ര പോലീസ് സ്റ്റേഷൻ, കൊച്ചി സിറ്റി.
4. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി.
5. കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി.
6. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ, കണ്ണൂർ.

രണ്ടാംഘട്ടത്തിലുള്ള 54 പോലീസ് സ്റ്റേഷനുകളുടെയും മൂന്നാം ഘട്ടത്തിലെ 50 ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കുട്ടികളുടെ സുരക്ഷിതത്വവും സംരക്ഷണവും വികസനവും ലക്ഷ്യമാക്കി കേരള പോലീസ് ആരംഭിച്ചിട്ടുള്ള വിവിധ പദ്ധതികളായ Child Friendly Police Station, CAP (Children & Police) കുട്ടികളുടെ പഠനവും കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട Project HOPE, ORC (Our Responsibility to children), SPC (Student Police Cadet) എന്നിവയെ CAP HOUSE എന്ന State Resource Centre-ന്റെ പ്രവർത്തനപരിധിയിലാക്കിയിട്ടുണ്ട്. Child friendly പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും അവയ്ക്ക് മേൽനോട്ടം വഹിക്കേണ്ടതും CAP HOUSE ആണ്.

(സി) പരിഗണനയിലില്ല.

## ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

135 (149) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കണ്ണൂർ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## പാവറട്ടി പോലീസ് സ്റ്റേഷനിലെ ഒഴിവുകൾ

136 (150) ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി പോലീസ് സ്റ്റേഷനിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തിരക്കേറിയ ഈ സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിനായി നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ പാവറട്ടി പോലീസ് സ്റ്റേഷനിലെ തസ്തിക തിരിച്ചുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| SI | 1 |
| SCPO | 2 |
| CPO | 4 |
| WCPO | 1 |

(ബി&സി) തൃശ്ശൂർ ജില്ലയിലെ സി.പി.ഒ. ഒഴിവുകൾ നികത്തുന്നതിനുവേണ്ട നടപടി ആരംഭിച്ചിട്ടുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനായി കെ.എ.പി. 1, 2 എന്നീ ബറ്റാലിയനിൽ നിന്നും 120 പോലീസ് കോൺസ്റ്റബിൾമാരെ വീതം താൽക്കാലികമായി അറ്റാച്ച് ചെയ്ത് നൽകിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷൻ

137 (151) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ വെള്ളോറ വില്ലേജിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. അനുമതി നൽകിയ പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്.

## മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

138 (152) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലക്കപ്പാറ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് സർക്കാർ പ്ലാൻ സ്കീം 2018-19-ൽ ഉൾപ്പെടുത്തി 145 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും 2018-19, 2019-20 എന്നീ വർഷങ്ങളിലായി മൊത്തം 65.25 ലക്ഷം രൂപ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്. ടി പോലീസ് സ്റ്റേഷന്റെ രണ്ടാം നിലയുടെ പണി പുരോഗമിച്ചുവരുന്നു.

(ബി) കരാർ പ്രകാരം പോലീസ് സ്റ്റേഷൻ നിർമ്മാണം 25-5-2020-ലാണ് പൂർത്തിയാക്കേണ്ടത്. കെട്ടിടനിർമ്മാണം ഉടൻ പൂർത്തിയാക്കി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

139 (153) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്റ്റേഷൻ ഹൗസ് ഓഫീസറടക്കം എത്ര പോലീസുകാരുണ്ടെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒരേ സ്റ്റേഷനിൽ ഏറ്റവും കൂടുതൽ വർഷം ജോലി ചെയ്തവർ ആരൊക്കെയാണെന്ന് അറിയിക്കാമോ;

(സി) മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടില്ലെന്ന നിയമമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) മൂന്ന് വർഷം ഒരു സ്റ്റേഷനിൽ ജോലി ചെയ്തതിനു ശേഷം അടുത്തുള്ള സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം വാങ്ങി അവിടെ കുറച്ചു മാസം ജോലി ചെയ്ത് വീണ്ടും പഴയ സ്റ്റേഷനിലേക്ക് തിരിച്ചു പോകുന്നവരുണ്ടോ എന്ന് അറിയിക്കാമോ;

(ഇ) എങ്കിൽ അത്തരത്തിൽപ്പെട്ട എത്രപേരുണ്ടെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. ആദൂർ | - | 35 |
| 2. ബേഡകം | - | 40 |
| 3. മഞ്ചേശ്വരം | - | 41 |
| 4. കുമ്പള | - | 43 |
| 5. കാസർഗോഡ് | - | 63 |
| 6. മേൽപ്പറമ്പ | - | 33 |
| 7. വിദ്യാനഗർ | - | 36 |

| | | |
|---|---|---|
| 8. ബദിയടുക്ക | - | 36 |
| 9. ബേക്കൽ | - | 49 |
| 10. അമ്പലത്തറ | - | 34 |
| 11. ഹോസ്ദുർഗ്ഗ് | - | 55 |
| 12. നീലേശ്വരം | - | 44 |
| 13. ചന്ദേര | - | 45 |
| 14. ചീമേനി | - | 39 |
| 15. ചിറ്റാരിക്കൽ | - | 38 |
| 16. രാജപുരം | - | 37 |
| 17. വെള്ളരിക്കുണ്ട് | - | 42 |
| 18. കാസർഗോഡ് ട്രാഫിക് | - | 51 |

19. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, ബേക്കൽ-42

20. കോസ്റ്റൽ പോലീസ് സ്റ്റേഷൻ, തൃക്കരിപ്പൂർ-26

21.കോസ്റ്റൽ പോലീസ് സ്റ്റേഷൻ, കുമ്പള-21

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നിലവിലെ ഉത്തരവുകൾ പ്രകാരം ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരു സ്റ്റേഷനിൽ പരമാവധി മൂന്ന് വർഷക്കാലം തുടരാം.

(ഡി) ആരുംതന്നെയില്ല

(ഇ) ബാധകമല്ല.

## കാട്ടാക്കട കേന്ദ്രമായി പുതിയ ഡിവൈ.എസ്.പി. ഓഫീസ്

140 (154) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി പുതിയ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

സംസ്ഥാനത്ത് പോലീസ് സബ് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

**പത്തനംതിട്ടയിൽ വനിതാ പോലീസ് സ്റ്റേഷൻ**

141 (155) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ അനുവദിച്ച വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വനിതാ പോലീസ് സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയതനുസരിച്ച് സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിന് വാടക കെട്ടിടം കണ്ടെത്തി സ്റ്റേഷന്റെ അധികാരപരിധി നിർണ്ണയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഫർണിച്ചർ, കമ്പ്യൂട്ടർ, ലോക്കപ്പ് തുടങ്ങിയ സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ചാക്ക-കോവളം ബൈപാസ് റോഡിൽ വാഹനങ്ങളുടെ അമിതവേഗം**

142 (156) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാക്ക മുതൽ കോവളം വരെയുള്ള ബൈപാസ് റോഡിൽ വാഹനങ്ങളുടെ അമിതവേഗംമൂലം അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019-ൽ ഈ മേഖലകളിലുണ്ടായ അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു; വെളിപ്പെടുത്താമോ;

(സി) ട്രാഫിക് നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ സ്ഥാപിച്ചും ഗതാഗത പരിശോധന കർശനമാക്കിയും പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുവാൻ അടിയന്തര ഇടപെടലുകൾ നടത്തുമോ; വിശദ വിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 11 പേർ മരണപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സൈൻ ബോർഡുകളും സ്പീഡ് ബ്രേക്കറുകളും സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ traffic beacon, cheetah, highway police എന്നിവർ നിരന്തര പരിശോധനയും പട്രോളിംഗും നടത്തിവരുന്നുണ്ട്. ഇതിനുപുറമേ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷൻ തലത്തിൽ ട്രാഫിക് ബോധവത്കരണ പരിപാടികളും വാഹനം ഓടിക്കുന്നവരെയും റോഡ് ഉപയോഗിക്കുന്ന കാൽനടയാത്രക്കാരെയും ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസ്സുകളും നടത്താറുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും അവരെ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ നടത്തുന്ന ബോധവത്കരണ ക്ലാസ്സിൽ നിർബന്ധമായി പങ്കെടുപ്പിക്കുകയും ചെയ്തുവരുന്നു.

മദ്യപിച്ച് വാഹനം ഓടിച്ച് ഒന്നിലധികം തവണ പിടിക്കപ്പെട്ടാൽ 1988-ലെ MV Act സെക്ഷൻ 185 പ്രകാരം കേസ് എടുക്കുന്നതിനുപുറമേ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ.-കൾക്ക് റിപ്പോർട്ട് നൽകുകയും ചെയ്തുവരുന്നു. ജനമൈത്രീ പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും സേവനം ബോധവത്കരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സുരക്ഷാമാർഗ്ഗങ്ങളായ ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കുന്നതിന് ജനങ്ങളെ ബോധവത്കരിക്കുകയും അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവമൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി യുവാക്കൾ, ഡ്രൈവർമാർ എന്നിവരെ ഉൾപ്പെടുത്തിയും ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

**പോലീസ് ക്വാർട്ടേഴ്സുകളുടെ നവീകരണം**

143 (157) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിൽ ആനപ്പാറ ജംഗ്ഷനിൽ ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ജീർണ്ണാവസ്ഥയിലായ പോലീസ് ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര സ്ഥലമാണുള്ളതെന്ന് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് മേധാവിയുടെ പരിഗണനയിലാണ്.

(ബി) വെള്ളറട വില്ലേജിൽ ആനപ്പാറ വാർഡിൽ സർവ്വേ നമ്പർ 673/1-ൽ ഒരേക്കർ 97 സെന്റ് (1.97 ഏക്കർ) സ്ഥലം ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുണ്ട്.

**കായംകുളത്തെ അനധികൃത വാഹന പാർക്കിംഗ്**

144 (158) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം-പുനലൂർ റോഡിലും കായംകുളം-തിരുവല്ല റോഡിലും അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ദിനംപ്രതി ഗതാഗതക്കുരുക്ക് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനധികൃത പാർക്കിംഗ് നിരോധിക്കുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റിന്റെയും കായംകുളം ഇൻസ്പെക്ടർ എസ്.എച്ച്.ഒ.യുടെയും നേതൃത്വത്തിൽ കായംകുളം-തിരുവല്ല റോഡിലെയും കായംകുളം-പുനലൂർ റോഡിലെയും കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുന്ന ഭാഗങ്ങളിലെയും അനധികൃത വാഹനപാർക്കിംഗ് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ബന്ധപ്പെട്ട മറ്റ് വകുപ്പുമായി ചേർന്ന് അനധികൃതമായ പാർക്കിംഗ് നിരോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**പത്തനംതിട്ട ആസ്ഥാനമാക്കി അനുവദിച്ച പോലീസ് പരിശീലന കേന്ദ്രം**

145 (159) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ആസ്ഥാനമാക്കി അനുവദിച്ച പോലീസ് പരിശീലന കേന്ദ്രം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിശീലന കേന്ദ്രം എന്നത്തേക്ക് തുടങ്ങുന്നതിനാണ് നിലവിൽ ആലോചിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ആസ്ഥാനമാക്കിയുള്ള ജില്ലാ പോലീസ് പരിശീലന കേന്ദ്രനിർമ്മാണത്തിന് 2018-19 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ ചുമതല പത്തനംതിട്ട പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നൽകിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്.

(സി) പോലീസ് പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനം താമസംവിനാ പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

**പത്തനംതിട്ടയിൽ ആഭ്യന്തര വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം**

146 (160) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിനോട് ചേർന്നും അതിനു മുന്നിലുമായുള്ള സ്ഥലത്ത് പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പത്തനംതിട്ട ജില്ലാ പോലീസ് ആസ്ഥാനത്ത് പോലീസ് വകുപ്പിന്റെ അധീനതയിൽ 8.092 ഏക്കർ സ്ഥലമാണുള്ളത്. ടി സ്ഥലത്ത് ജില്ലാ സായുധ സേനാവിഭാഗം, പോലീസ് ഫാമിലി ക്വാർട്ടേഴ്സ്, ജില്ലാ പോലീസ് സ്റ്റോർ, ജില്ലാ പോലീസ് ഓഫീസ്, ജില്ലാ ക്രൈംബ്രാഞ്ച് ഓഫീസ്, ടെലി കമ്മ്യൂണിക്കേഷൻ ഓഫീസ് എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി&സി) പത്തനംതിട്ട ജില്ലാ പോലീസ് ആസ്ഥാനത്ത് ജില്ലാ ഫോറൻസിക് വിഭാഗം, ഫിംഗർ പ്രിന്റ് വിഭാഗം, ഫോട്ടോഗ്രാഫി വിഭാഗം എന്നീ ഓഫീസുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള ശിപാർശ അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്നും പ്രവൃത്തി അത്യാവശ്യമുള്ളതാണെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സംസ്ഥാന പോലീസ് മേധാവിയെ അറിയിച്ചിട്ടുണ്ട്.

## സെക്രട്ടേറിയറ്റിന് മുന്നിൽ പന്തലിട്ട് സമരം നടത്തുന്നവർക്കെതിരായ നടപടി

147 (161) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതീവ സുരക്ഷാമേഖലയായ സെക്രട്ടേറിയറ്റിന് മുന്നിൽ പന്തലിട്ട് സമരം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിയന്ത്രണങ്ങൾ വകവെയ്ക്കാതെ സെക്രട്ടേറിയറ്റിന് മുന്നിൽ പന്തലിട്ട് സമരം നടത്തുന്നവരുടെ പന്തൽ പൊളിച്ച് നീക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ജസ്റ്റിസ് ഫോർ വാളയാർ കിഡ്സ് ഫോറം സമരം നടത്തുന്ന പന്തൽ പൊളിച്ച് നീക്കുവാനുള്ള നീക്കവും ഇത് നീതീകരിക്കാവുന്നതല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ജി.ഒ.(പി)നമ്പർ 74/2018/ആഭ്യ. തീയതി 28-11-2017 പ്രകാരം സെക്രട്ടേറിയറ്റും അതിനു ചുറ്റുമുള്ള പ്രദേശങ്ങളും റോഡുകളും അതീവസുരക്ഷാ മേഖലയായി സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ സെക്രട്ടേറിയറ്റിന് മുന്നിൽ പന്തൽ കെട്ടി സമരം ചെയ്യുന്നതിന് നിയന്ത്രണമുണ്ട്.

(ബി) സമരപ്പന്തലുകൾ സമരക്കാർ സ്വയം പൊളിച്ചുമാറ്റുന്നതിന് പോലീസ് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

## അഴിമതി നിർമ്മാർജ്ജനം

148 (162) <u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിർമ്മാർജ്ജനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികളുടെ ഫലമായി അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന ഖ്യാതി നേടാനായിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിമാരായിരുന്നവരിൽ എത്ര പേർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) സംസ്ഥാനത്തുനിന്നും അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സാധ്യമാകും വിധം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം /സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ ആവശ്യമായവയിൽ വിജിലൻസ് നടപടി സ്വീകരിക്കുന്നു. കൂടാതെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ വിജിലൻസ് സ്വമേധയാ രജിസ്റ്റർ ചെയ്യും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരാറുണ്ട്.

വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

3. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥർക്ക് ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

4. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ട്രാൻസ്പരൻസി ഇന്റർനാഷണൽ എന്ന സംഘടന ഒക്ടോബർ 2018 മുതൽ നവംബർ 2019 വരെയുള്ള കാലയളവിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നടത്തിയ ഒരു സർവ്വേയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ അഴിമതി കുറവാണെന്നും മുൻവർഷങ്ങളെ അപേക്ഷിച്ച് അഴിമതിയുടെ കാര്യത്തിൽ 31 ശതമാനത്തോളം കുറവുണ്ടായിട്ടുണ്ടെന്നും കണ്ടെത്തിയിരുന്നു.

(ബി) 2011-16 കാലയളവിൽ മുൻ മന്ത്രിസഭയിലുള്ള 11 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ബ്യൂറോയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇ-ഗവേണൻസിന്റെ ഭാഗമായി കടലാസ് രഹിത ഓൺലൈൻ സംവിധാനത്തിലൂടെ സമയബന്ധിതമായി ഫയലുകളിൽ അതിവേഗ തീർപ്പ് കൽപ്പിക്കുന്നതിനായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസിംഗ് സിസ്റ്റം (iaps) ആരംഭിച്ചിട്ടുണ്ട്.

2. വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിനും കേസന്വേഷണം കാര്യക്ഷമമാക്കുന്നതിനും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്.

3. വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയത്തിനായി പോലീസ് വകുപ്പിൽ ഉപയോഗിച്ചുവരുന്ന രീതിയിൽ CoB (Communication Back Bone) സംവിധാനം ആരംഭിച്ചിട്ടുണ്ട്.

4. ഭരണകാര്യങ്ങളിൽ ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി ഡിജിറ്റൽ ക്യാമറകളും രഹസ്യ നിരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

6. വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വേഗത്തിൽ ലഭ്യമാക്കുന്നതിനായി വിജിലൻസ് അന്വേഷണം/ കേസുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡാറ്റാ ബാങ്കായ വിജിലൻസ് സ്യൂട്ട് സംവിധാനം ഫലപ്രദമായി വിനിയോഗിച്ചുവരുന്നു.

7. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## സർക്കാർ ജീവനക്കാർ ഉൾപ്പെട്ട അഴിമതി കേസ്സുകൾ

149 (164) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ ജീവനക്കാർ ഉൾപ്പെട്ട എത്ര അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ കേസ്സുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥർ ഉൾപ്പെട്ട 591 വിജിലൻസ് കേസ്സുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 355 കേസ്സുകൾ ഇപ്പോഴും അന്വേഷണ ഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയാക്കിയ 220 കേസ്സുകളിൽ 96 കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാൻ യൂണിറ്റ് ഓഫീസുകൾക്ക് വിജിലൻസ് ഡയറക്ടർ നിർദ്ദേശം നൽകുകയും 124 കേസ്സുകളിൽ വിചാരണ ചെയ്യുന്നതിനുള്ള തെളിവുകളുടെ അഭാവത്തിൽ തുടർനടപടികൾ അവസാനിപ്പിച്ച് അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 16 കേസ്സുകൾ കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

**റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് ക്ലിയറൻസ്**

150 (165) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുകര ഗ്രാമപഞ്ചായത്തിലെ 2015-2016 ബജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ അഞ്ച് റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ട വിജിലൻസ് ക്ലിയറൻസ് ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് വിജിലൻസ് ക്ലിയറൻസ് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) റോഡ് പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് വിജിലൻസ് അന്വേഷണം തടസ്സമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) കുന്നുകര ഗ്രാമപഞ്ചായത്തിലെ 2015-16 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 5 റോഡുകളുടെ തുടർ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള വിജിലൻസ് ക്ലിയറൻസ് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) വിജിലൻസ് ഡയറക്ടർ ലഭ്യമാക്കിയ വിജിലൻസ് ക്ലിയറൻസിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**വിജിലൻസ് കോടതികൾ**

151 (166) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988 -ലെ അഴിമതി നിരോധന നിയമപ്രകാരം അഴിമതിക്കേസ്സുകൾ വിചാരണ നടത്തുന്നതിന് വേണ്ടി മാത്രമായി സ്ഥാപിച്ച സംസ്ഥാന എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജിന്റെ (വിജിലൻസ്) കോടതികളിൽ ഇത്തരത്തിലുള്ള കേസ്സുകൾ കൂടാതെ മറ്റു സിവിൽ കേസുകൾ വിചാരണ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; കോട്ടയം, തൃശ്ശൂർ വിജിലൻസ് കോടതികളിൽ അഴിമതി നിരോധന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയമവുമായി ബന്ധപ്പെട്ട കേസ്സുകൾ വിചാരണ ചെയ്യുന്നതിന് മുൻഗണന നൽകാതെ മറ്റു സിവിൽ കേസുകൾ വിചാരണ നടത്തുന്നതിന് മുൻഗണന നൽകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിൽ സർക്കാരിന്റെ നിലപാട് എന്താണ്;

(ബി) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 227 -മായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾക്ക് വിരുദ്ധമായി 5-9-2019 -ൽ ബഹു.കേരള ഹൈക്കോടതി ഒ.പി.(ക്രിമിനൽ)580/2017 എന്ന കേസ്സിൽ പുറപ്പെടുവിച്ച വിധിന്യായം അംഗീകരിക്കുന്നുണ്ടോ; ഈ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ വിജിലൻസ് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിജിലൻസ് വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജിന്റെ (വിജിലൻസ് കോടതി) വകുപ്പിലെ ജീവനക്കാരെ ഹൈക്കോടതിയുടെ ഭരണ നിയന്ത്രണത്തിലേക്ക് മാറ്റുന്നതിനോ വിജിലൻസ് കോടതിയിലേക്ക് സബോർഡിനേറ്റ് ജുഡീഷ്യറിയിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; ഇതിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസ് കോടതികളിലേക്ക് ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തുകയാണെങ്കിൽ നിലവിൽ ഈ വകുപ്പിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ സമാന തസ്തികകളുള്ള ഗവ.സെക്രട്ടേറിയറ്റ്/ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ് / അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് പുനർവിന്യാസം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഒ.പി. (ക്രിമിനൽ)580/ 2017 എന്ന കേസ്സിൽ മുഖ്യമന്ത്രി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് അനുമതി നൽകിയ ശേഷമാണോ ഈ കേസ്സിൽ നിയമ വകുപ്പ് സെക്രട്ടറിയും വിജിലൻസ് (സി) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയും കൗണ്ടർ അഫിഡവിറ്റ് ഹൈക്കോടതിയിൽ സമർപ്പിച്ചത്; മേൽ ഉദ്യോഗസ്ഥർ ഈ കാര്യങ്ങളിൽ സ്വീകരിച്ച നടപടി സംസ്ഥാന സർക്കാരിന്റെ നയത്തിന് അനുസൃതമാണോ; നയരൂപീകരണം സർക്കാരിന്റെ ഉത്തരവാദിത്വമായിരിക്കെ ഇക്കാര്യം ഹൈക്കോടതിക്ക് വിട്ടു നൽകിയ ഡെപ്യൂട്ടി സെക്രട്ടറിക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വിജിലൻസ് കോടതികളും, വിജിലൻസ് ട്രൈബ്യൂണലുകളും ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വിജിലൻസ്

കോടതികളും വിജിലൻസ് ട്രൈബ്യൂണലുകളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയം എന്താണ്; എ.ജി. യുടെ നിർദ്ദേശപ്രകാരം വിജിലൻസ് കേസ്സുകളിൽ (എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്) സെക്രട്ടേറിയറ്റിലെ വിജിലൻസ് വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയിരുന്ന പരിശോധന ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിർത്തിവച്ചതിനുള്ള കാരണം എന്താണ്; വിശദമാക്കാമോ?

## ഉത്തരം

(എ) 1947-ലെ അഴിമതി നിരോധന നിയമപ്രകാരം കേരളത്തിൽ സ്ഥാപിതമായിട്ടുള്ള കോടതികളാണ് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതികൾ. 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ 7 മുതൽ 15 വരെയുള്ള വകുപ്പുകളിൽ പറയുംപ്രകാരമുള്ള കുറ്റകൃത്യങ്ങളും അതിനോടനുബന്ധിച്ചുവരുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളും അവയിൽ ഏതെങ്കിലും ഒന്നിനോടനുബന്ധിച്ചുള്ള കുറ്റകൃത്യങ്ങളും വിചാരണ ചെയ്യുവാൻ ഈ കോടതികൾക്കധികാരമുണ്ട്. ഇതിനുപുറമേ എൻക്വയറി കമ്മീഷണർ എന്ന നിലയിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം പ്രത്യേകം റഫർ ചെയ്യപ്പെടുന്ന കേസ്സുകളും വിചാരണ ചെയ്യുവാനാണ് ഈ കോടതികൾക്ക് അധികാരം നൽകിയിട്ടുള്ളത്.

കോട്ടയം, തൃശ്ശൂർ വിജിലൻസ് കോടതികളിൽ അഴിമതി നിരോധന നിയമവുമായി ബന്ധപ്പെട്ട കേസ്സുകൾ വിചാരണ ചെയ്യുന്നതിനാണ് മുൻഗണന നൽകുന്നത്.

(ബി) 5-9-2019-ൽ ബഹു. കേരള ഹൈക്കോടതി ഒ.പി.(ക്രിമിനൽ) 580/2017 കേസ്സിൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ പരിശോധിച്ചുവരുന്നു. ടി വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരിക്കുകയാണ്.

(സി) K.S.R.-ചട്ടം 140 പ്രകാരമാണ് ഒരു സർക്കാർ ജീവനക്കാരന് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്. ഓരോ അപേക്ഷയും പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ അതതു അപേക്ഷകൾ ഉചിതമായി തീരുമാനിക്കുകയാണ് ചെയ്തുവരുന്നത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) നിയമവകുപ്പ് സൂക്ഷ്മ പരിശോധന നടത്തി ലഭ്യമാക്കുന്ന കൗണ്ടർ അഫിഡവിറ്റ് സർക്കാരിൽ നിന്നും ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഗവൺമെന്റ്

പ്ലീഡറുമായി ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിലാണ് കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി ഫയൽ ചെയ്യുന്നത്. അപ്രകാരം വിജിലൻസ് വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയെ സർക്കാർ ചുമതലപ്പെടുത്തുകയും ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡറുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് OP(Crl)580/2017 കേസിലെ കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്. അഫിഡവിറ്റിൽ നയരൂപീകരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഇതിനുപുറമേ നിയമവകുപ്പ് സെക്രട്ടറി ഹാജരാക്കിയ അഫിഡവിറ്റിലും സർക്കാർ നയരൂപീകരണവുമായി ബന്ധപ്പെട്ട യാതൊന്നും പ്രതിപാദിച്ചിട്ടില്ല.

(എഫ്) 1947-ലെ അഴിമതി നിരോധന നിയമപ്രകാരം കേരളത്തിൽ സ്ഥാപിതമായിട്ടുള്ള 6 എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതികളും 1960-ലെ കേരള സിവിൽ സർവ്വീസസ് (വിജിലൻസ് ട്രൈബ്യൂണൽ) റൂൾസ് 3 പ്രകാരം സ്ഥാപിക്കപ്പെട്ട രണ്ട് വിജിലൻസ് ട്രൈബ്യൂണലുകളും സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമോപദേശവും പ്രോസിക്യൂഷൻ ചുമതലയും നിക്ഷിപ്തമാക്കിയിരുന്ന വിജിലൻസ് നിയമോപദേഷ്ടാവ്, സഹ ഉപദേഷ്ടാക്കളുടെ ചുമതല വേർതിരിച്ച്, അധികമായി 4 വിജിലൻസ് നിയമോപദേഷ്ടാക്കളുടെ തസ്തിക സൃഷ്ടിക്കുകയും, സഹ ഉപദേഷ്ടാക്കളെയെല്ലാം പബ്ലിക് പ്രോസിക്യൂട്ടർമാരായി പുനഃനാമകരണം ചെയ്ത് പ്രോസിക്യൂഷൻ ചുമതല മാത്രം ഏൽപ്പിച്ച് വിജിലൻസ് കോടതിയിലെയും വിജിലൻസ് ട്രൈബ്യൂണലിലെയും പ്രോസിക്യൂഷൻ നടപടികളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും വരുത്തി മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ വിജിലൻസ് കോടതികളും ട്രൈബ്യൂണലുകളും ശക്തിപ്പെടുത്തുന്നതിലേക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ടി കോടതികളിലെ നവീകരണത്തിലേക്കായി കമ്പ്യൂട്ടറുകൾ, സ്കാനറുകൾ, പ്രിന്ററുകൾ എന്നിവ ലഭ്യമാക്കുന്നതിനായി പ്ലാൻ ഫണ്ട് മുഖേന തുക അനുവദിക്കുന്നതിലേക്കായി സമഗ്രമായ പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭ്യമാക്കാൻ ടി കോടതികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പരാതികൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ അവയുടെ സ്വഭാവം അനുസരിച്ച് ആവശ്യമെങ്കിൽ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുൾപ്പെടെ ഉള്ളവരുടെ പരിശോധന നടത്തുന്ന കാര്യത്തിൽ ഉചിതമായി തീരുമാനിക്കുന്നതാണ്.

## പുതിയ പോക്സോ കോടതികൾ

152 (167) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോക്സോ കോടതികൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പോക്സോ കോടതികളാണ് ആരംഭിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) പുതുതായി ആരംഭിക്കുന്ന പോക്സോ കോടതികളിൽ, സിവിൽ കോടതി ജീവനക്കാരെ സ്ഥിര തസ്തികകളിൽ നിയമിക്കുന്നതിനും കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. SUO MOTO WP (Crl.) No.1/2019 കേസിന്റെ 25-7-2019-ലെ സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 56 അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പോക്സോ ആക്ടിനു കീഴിൽ വരുന്ന കേസുകളുടെ വിചാരണയ്ക്കായി 28 പ്രത്യേക (Fast track) കോടതികൾ ആരംഭിക്കുന്നതിന് 6-2-2020-ലെ സ.ഉ.(സാധാ) നമ്പർ 65/2020/സാ.നീ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) പരിശോധിച്ച് ഉചിതനടപടികൾ സ്വീകരിക്കാവുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിൽ പോക്സോ കോടതി

153 (169) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പോക്സോ കോടതി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കാമോ;

(ബി) പോക്സോ കോടതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആലത്തൂർ ബാർ കൗൺസിൽ നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 6-2-2020-ലെ സ.ഉ.(സാധാ) നമ്പർ 65/2020/സാ.നീ.വ പ്രകാരം പ്രത്യേക പോക്സോ കോടതികൾക്ക് (Fast track) സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പോക്സോ കോടതികൾ എവിടെ സ്ഥാപിക്കണമെന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) പോക്സോ കോടതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ബാർ കൗൺസിലുകൾ നൽകിയ നിവേദനങ്ങളിന്മേൽ ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം

154 (170) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയതെന്നാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന്റെ കാലികസ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള ബിൽഡിംഗ് പ്ലാൻ ചില മാറ്റങ്ങൾക്ക് വിധേയമായി ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഹൈക്കോടതി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചാൽ മാത്രമേ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

ഒറ്റപ്പാലം 2 വില്ലേജിൽ Sy. No.107/1 എ 1-ൽപ്പെട്ട 45 സെന്റ് ഭൂമി കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഭൂമിയുടെ കൈവശാവകാശം നീതിന്യായ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്.

## വ്യാജ പോക്സോ പരാതികൾ തടയാൻ നടപടി

155 (172) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോക്സോ നിയമം വ്യക്തിപരമായ വിദ്വേഷം തീർക്കുന്നതിനായി ഉപയോഗിക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രാഥമികാന്വേഷണത്തിനുശേഷം മാത്രമേ നിയമനടപടിയിലേക്ക് പോകാവുവെന്ന് ചൈൽഡ് ലൈൻ പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മൊഴിയെടുക്കുന്നതിന്റെയും തെളിവെടുപ്പിന്റെയും പേരിൽ കുട്ടികളെ ബുദ്ധിമുട്ടിക്കരുത് എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിവാഹമോചനക്കേസ്സുകളിലും കുടുംബ വഴക്കുകളിലും കുട്ടികളെ കരുവാക്കുന്നു എന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മൊഴിയെടുക്കുന്നതിന്റെയും തെളിവെടുപ്പിന്റെയും പേരിൽ കുട്ടികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നമ്പർ 18/16 തീയതി 29-6-2016, 21/17 തീയതി 25-8-2017, 24/17 തീയതി 3-10-2017 എന്നീ സർക്കുലറുകൾ പ്രകാരവും 30/18-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരവും സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ**

156 (173) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അഡ്വക്കേറ്റായി എൻറോൾ ചെയ്തശേഷം തുടർച്ചയായി എത്ര വർഷം പ്രാക്ടീസ് ഉള്ളവർക്കാണ് അപേക്ഷിക്കുവാൻ സാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടുന്നതിന് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യണം എന്ന നിബന്ധന നിലവിലുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1961-ലെ കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവ്വീസ് ചട്ടം 3 പ്രകാരമാണ് ജില്ലാ ജഡ്ജിമാരെ നിയമിക്കുന്നത്.

(ബി) 7 വർഷം.

(സി) സി.എ നമ്പർ 1698/2020 കേസ്സിൽ ബഹു. സുപ്രീംകോടതിയുടെ 19-2-2020-ലെ വിധിന്യായ പ്രകാരം നിബന്ധന നിലവിലുണ്ട്.

**അഗ്നി സുരക്ഷാ വകുപ്പിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

157 (174) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഗ്നി സുരക്ഷാ വകുപ്പിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അഗ്നി സുരക്ഷാ ജീവനക്കാർക്ക് അതിനൂതനമായ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കേരളത്തിൽ പുതിയ അഗ്നി രക്ഷാ നിലയങ്ങൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാർഷിക പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 39 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 40.12 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 70 കോടി രൂപയും അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി അനുവദിക്കുകയും യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുവാനായി 10 കോടി രൂപ അനുവദിക്കുകയും ടി തുകകൾ ഉപയോഗിച്ച് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്.

2. കണ്ണൂർ റീജിയണൽ ഫയർ ഓഫീസ്, കണ്ണൂർ ജില്ലാ ഫയർ ഓഫീസ്, കണ്ണൂർ സ്റ്റേഷൻ, കോഴിക്കോട് ജില്ലയിലെ മുക്കം, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ, ഏലൂർ, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഫയർ സ്റ്റേഷനുകൾ എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക എന്നിവിടങ്ങളിൽ 53 പുതിയ തസ്തികകളോടുകൂടി പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു.

3. വകുപ്പിന്റെ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി സിവിൽ ഡിഫൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

4. വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായി 100 ഫയർ വുമൺ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.

5. വകുപ്പിൽ ഫയർ എൻ.ഒ.സി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് ഓൺലൈൻ വെബ്പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

6. നിലവിലുള്ള തസ്തികകളും ഇൻഫ്രാസ്ട്രക്ച്ചറുകളും ഉപയോഗപ്പെടുത്തി 100 ജീവനക്കാരെ ഉൾപ്പെടുത്തി സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപപ്പെടുത്തുകയുണ്ടായി.

7. വെള്ളപ്പൊക്ക ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആപത്മിത്ര പദ്ധതി നടപ്പിലാക്കുകയും പൊതുജനങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നു. കേരള യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള യൂത്ത് ആക്ഷൻ ഫോഴ്സിലെ തെരഞ്ഞെടുത്ത 100 യുവജനങ്ങൾക്ക് അക്കാദമിയിൽ അഗ്നിസുരക്ഷാ പരിശീലനം നൽകുകയുണ്ടായി. കൂടാതെ 100 വനിതകൾക്ക് പ്രസ്തുത പരിശീലനം നൽകുന്നതിനുള്ള നടപടി പരിഗണനയിലുമാണ്.

8. ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ അതിനൂതനമായ സുരക്ഷാ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തരം | എണ്ണം |
|---|---|---|
| 1 | ബ്രീത്തിംഗ് അപ്പാരസ് സെറ്റ് | 546 |
| 2 | ഹെൽമെറ്റ് വിത്ത് വൈസർ (ഫയർമാൻ ഹെൽമറ്റ്) | 4593 |
| 3 | സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട് | 125 |
| 4 | റെയിൻ കോട്ട് | 3660 |
| 5 | ഗംബൂട്ടുകൾ | 4196 |
| 6 | ഫയർ ഫൈറ്റിംഗ് സ്യൂട്ട് | 1500 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

## കാട്ടുതീ നേരിടുന്നതിന് അഗ്നി സുരക്ഷാ സേനയ്ക്ക് നിലവിലുള്ള സംവിധാനം

158 (175) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീ മൂലമുള്ള മരണങ്ങളും കനത്ത നാശനഷ്ടങ്ങളും ഉണ്ടാകുന്ന കാര്യം സർക്കാർ ഗൗരവതരമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) കാട്ടുതീ നേരിടുന്നതിന് സംസ്ഥാന അഗ്നി സുരക്ഷാ സേനയ്ക്ക് നിലവിലുള്ള സംവിധാനം എന്താണ്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) വനമേഖലയോട് ചേർന്ന് കിടക്കുന്ന ഫയർ സ്റ്റേഷനുകളിൽ കാട്ടുതീ തടയുന്നതിന് ആവശ്യമായ എന്തൊക്കെ കൂടുതൽ സൗകര്യങ്ങളാണ് വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്; അത് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) വടക്കാഞ്ചേരി കൊറ്റമ്പത്തൂരിൽ ഏക്കർ കണക്കിന് വനം കത്തിനശിക്കുകയും മൂന്ന് വനം വകുപ്പ് ജീവനക്കാർ വെന്ത് മരിക്കുകയും ചെയ്ത സംഭവം ഉണ്ടായത് വടക്കാഞ്ചേരി ഫയർ സ്റ്റേഷനിൽ ഇടവഴികളിലൂടെ സഞ്ചരിക്കുന്നതിന് ആവശ്യമായ വാഹനം ഇല്ലാതിരുന്നത് കൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന ഫയർ സ്റ്റേഷനുകളിൽ കാട്ടുതീ നിയന്ത്രിക്കുവാൻ ആവശ്യമായ ആധുനിക ഉപകരണങ്ങൾ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാട്ടുതീ ഗതാഗതയോഗ്യമുള്ള സ്ഥലത്താണുണ്ടാകുന്നതെങ്കിൽ വാട്ടർ ടെണ്ടറുകൾ ഉപയോഗിച്ചും ചെറിയ വഴികളിലൂടെ പോകേണ്ടതാണെങ്കിൽ മിനി വാട്ടർ മിസ്റ്റ് ഉപയോഗിച്ചും ഗതാഗതയോഗ്യമല്ലെങ്കിൽ ഫയർ ബീറ്ററുകൾ, പോർട്ടബിൾ വാട്ടർ മിസ്റ്റുകൾ എന്നിവ ഉപയോഗിച്ചുമാണ് തീ കെടുത്തുന്നത്. ചില അവസരങ്ങളിൽ ചെക്ക് ഡാമുകളിലെ വെള്ളവും ഉപയോഗിച്ച് കാട്ടുതീ നേരിടുന്നുണ്ട്. മേൽപ്പറഞ്ഞവയാണ് കാട്ടുതീ അണയ്ക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ.

(സി) വനമേഖലയോട് ചേർന്നുകിടക്കുന്ന ഫയർ സ്റ്റേഷനുകളിൽ ഇടുങ്ങിയ വഴികളുള്ള വനമേഖലകളിൽ എത്തിച്ചേരുന്നതിന് അനുയോജ്യമായ മിനി

വാട്ടർമിസ്റ്റ് ടെണ്ടറുകൾ 60 എണ്ണം വകുപ്പ് ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 50 ബുള്ളറ്റ് വാട്ടർ മിസ്റ്റുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇടവഴികളിലൂടെ പോകാൻ കഴിയുന്ന മിനി വാട്ടർ മിസ്റ്റ് വടക്കാഞ്ചേരി നിലയത്തിൽ ലഭ്യമല്ലെങ്കിലും സംഭവസമയത്ത് തൊട്ടടുത്ത ഷൊർണ്ണൂർ നിലയത്തിൽ നിന്ന് വടക്കാഞ്ചേരി സ്റ്റേഷനിൽ ലഭ്യമാക്കിയിരുന്നു. വനത്തിന്റെ മുകൾഭാഗത്തേയ്ക്ക് അഗ്നിരക്ഷാ വാഹനങ്ങൾ എത്തിക്കുക എന്നത് പ്രായോഗികമല്ല.

(ഇ) കാട്ടുതീ അണയ്ക്കുന്നതിനുള്ള ഫയർ ബീറ്ററുകൾ, പോർട്ടബിൾ വാട്ടർ മിസ്റ്റുകൾ തുടങ്ങിയവ ലഭ്യമാക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## മാവേലിക്കര ഫയർ & റെസ്ക്യൂ സ്റ്റേഷൻ

159 (176) ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഫയർ & റസ്ക്യൂ സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷന് പുതിയ ഓഫീസും ക്വാർട്ടേഴ്സും സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള തുക അനുവദിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ടി പ്ലാൻ വകുപ്പുതലത്തിൽ അംഗീകരിച്ചു. തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

160 (177) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിനായി പട്ടികജാതി വകുപ്പിന് കീഴിലുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) നിലമ്പൂർ ബ്ലോക്ക് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ഭൂമി വിട്ട് നൽകിയത് പോലെ പൊതു ആവശ്യമായ നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് പട്ടികജാതി വകുപ്പിന് കീഴിലുള്ള ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിലമ്പൂർ ജവഹർ കോളനിയിൽ നിലമ്പൂർ വില്ലേജ് ബ്ലോക്ക് നമ്പർ 90, റീസർവ്വേ നമ്പർ 85/6-ൽ ഉൾപ്പെട്ട 1.49 ഏക്കർ ഭൂമിയിൽ നിന്നും 5 സെന്റ് ഭൂമി വീതം പ്രളയ ദുരിതത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 9 പട്ടികജാതി കുടുംബങ്ങൾക്ക് വിതരണം ചെയ്തതിനുശേഷം അവശേഷിക്കുന്ന 92.49 സെന്റ് ഭൂമിയിൽ പട്ടികജാതി വികസന വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയുന്നതിന് പദ്ധതിയുള്ളതിനാൽ രണ്ടു സേവന വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റ നടപടിക്രമ പ്രകാരം നിലമ്പൂർ ഫയർ സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് 60 സെന്റ് വിട്ടുനൽകണമോ അതോ പട്ടികജാതി വികസന വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പണിയുന്നതിനുവേണ്ടി വകുപ്പിൽ തന്നെ നിലനിർത്തണമോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

**നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

161 (178) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് വേണ്ടിയുള്ള മുൻഗണനപട്ടികയിൽ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സാധ്യത പഠന റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) ഭൂമിശാസ്ത്രപരമായ പ്രത്യേകതയും വ്യത്യസ്ത വ്യവസായ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നതും ഇടുക്കി ജില്ലയോട് ചേർന്ന് കിടക്കുന്നതും മറ്റ് നിലയങ്ങളിൽ നിന്നും വളരെ ദൂരത്ത് സ്ഥിതിചെയ്യുന്നതുമായ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുവേണ്ടി വകുപ്പുമേധാവി തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ നേര്യമംഗലം ഉൾപ്പെട്ടിട്ടുണ്ട്.

(ബി&സി) വകുപ്പുമേധാവി ലഭ്യമാക്കിയ സാധ്യതാ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ജലപാതയുമായി ബന്ധപ്പെട്ട വർക്കല തുരപ്പിന്റെ പ്രവർത്തനപുരോഗതി**

162 (179) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലപാതയുമായി ബന്ധപ്പെട്ട വർക്കല തുരപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ജലപാതയിലൂടെയുള്ള ഗതാഗതം എന്നുമുതൽ ആരംഭിക്കാമെന്നാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലപാതയുമായി ബന്ധപ്പെട്ട വർക്കല തുരപ്പിന്റെ (വലിയ ടണൽ) ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ (ബണ്ട് നിർമ്മിക്കൽ) നടന്നുവരുന്നു. ചിലക്കൂർ ചെറിയ ടണലിന്റെ ചെളിയും മാലിന്യങ്ങളും മാറ്റിക്കഴിഞ്ഞു. മറ്റ് പുനരുദ്ധാരണ പ്രവൃത്തികൾ എത്രയുംവേഗം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ജലപാതയുടെ പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കിവരുന്നത്. ഒന്നാം ഘട്ടത്തിൽ കനാലുകൾ ശുചിയാക്കി നിലവിലെ വീതിയിൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഘട്ടത്തിലെ പ്രവൃത്തികൾ 2020-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

**ടി.എസ്. കനാൽ മലിനീകരണ നിയന്ത്രണം**

163 (180) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി.എസ്. കനാലിലെ മലിനീകരണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) കനാലിന്റെ ഓരങ്ങളിൽ പ്രവർത്തിക്കുന്ന ചകിരി ഉത്പാദനകേന്ദ്രങ്ങൾ, ബോട്ട് വർക്ക്ഷോപ്പുകൾ, കെട്ടിട സമുച്ചയങ്ങൾ തുടങ്ങിയവ മാലിന്യങ്ങൾ കനാലിലേക്കൊഴുക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതു വഴി കടന്നുപോകുന്ന മത്സ്യബന്ധന യാനങ്ങളിൽ നിന്ന് മണ്ണെണ്ണയും മറ്റ് ഇന്ധനാവശിഷ്ടവും കായലിലേക്ക് പരക്കുന്നത് തടയുന്നതിന് ഏതെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയ ജലപാതയുടെ ഭാഗമായ ടി.എസ്. കനാലിനെ നവീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതോടൊപ്പം മലിനീകരണം തടയുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ടി.എസ്. കനാൽ കടന്നുപോകുന്ന ജനസാന്ദ്രതയേറിയ സ്ഥലങ്ങളിൽ ഖരമാലിന്യങ്ങൾ കനാലിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി കനാലിന്റെ ഇരുവശങ്ങളും കമ്പിവല വേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. കനാലിലേക്ക് മലിനജലം ഒഴുക്കുന്നത് തടയാൻ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തിവരുന്നു.

3. സംസ്ഥാന ജലപാതയുടെ ചില ഭാഗങ്ങളിൽ സെപ്റ്റിക് ടാങ്കോടുകൂടിയ ശുചിമുറികൾ സ്ഥാപിച്ചുനൽകിയിട്ടുണ്ട്. മറ്റ് ചില ഭാഗങ്ങളിൽ ശുചിത്വമിഷന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മലിനജലം കനാലിലെത്തുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

4. ദേശീയ ജലപാതയുടെ വശങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ, കെട്ടിട സമുച്ചയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ കനാലിലേക്കൊഴുക്കുന്നത് നിയന്ത്രിക്കുന്നതിനായി ടി സ്ഥാപനങ്ങൾക്കെതിരെ Kerala Irrigation Water Conservation Act 2003 - amendment 2006 പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) ജലയാനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുമ്പോഴും തുടർന്നുള്ള പരിശോധനാ ഘട്ടങ്ങളിലും മണ്ണെണ്ണയും മറ്റ് ഇന്ധന അവശിഷ്ടങ്ങളും കായലിലേക്ക് എത്തുന്നത് തടയുംവിധം യാനങ്ങളിലെ എഞ്ചിൻ റൂമിന്റെ നിർമ്മിതി കർശനമായി പരിശോധിച്ചുവരുന്നു.

## അതിവേഗ ഹൈഡ്രോഫോയിൽ പാസഞ്ചർ സർവ്വീസ്

164(181) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ ഹൈഡ്രോഫോയിൽ പാസഞ്ചർ സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനുള്ള പാസ്സഞ്ചർ കപ്പൽ വാങ്ങുന്നതിനും സർവ്വീസ് കൈകാര്യം ചെയ്യുന്നതിന് യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എറണാകുളം ജില്ലയിലെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് പാസഞ്ചർ ടെർമിനലുകൾ സ്ഥാപിക്കുകയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സർവ്വീസ് എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തി അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിന് താൽപ്പര്യപത്രം ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 29-3-2016-ൽ പ്രൈവറ്റ് പാർട്ടിയായ മെസ്സേഴ്സ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനായി മെസേഴ്സ് സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡ് വിദേശത്തുനിന്ന് രണ്ട് കപ്പലുകൾ കൊച്ചിയിൽ എത്തിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കപ്പൽ വാങ്ങുന്നതും നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി കപ്പൽ സർവ്വീസ് നടത്തേണ്ട ചുമതലയും സ്വകാര്യ പങ്കാളിക്കാണ്.

(സി) നിലവിലുള്ള തുറമുഖങ്ങളെ/വാർഫുകളെ ഉപയോഗപ്പെടുത്തിയാണ് സർവ്വീസ് നടത്താൻ ധാരണയായിട്ടുള്ളത്.

(ഡി) സർവ്വീസ് നടത്തുന്നതിന് കപ്പലുകൾക്ക് മുംബൈ ആസ്ഥാനമായ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ടി അനുമതി ലഭിച്ചാൽ മാത്രമേ സർവ്വീസ് ആരംഭിക്കാൻ കഴിയൂ.

## പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി

165 (182) ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹ്യ വികസനം സാധ്യമാക്കുന്നതിന് ആവിഷ്കരിച്ച സുപ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിന് നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ ഭരണ കാലത്ത് ഭൂമി ഏറ്റെടുത്തു നൽകാതിരുന്നതിനാൽ ഉപേക്ഷിക്കപ്പെട്ടിരുന്ന കൊച്ചി-മംഗലാപുരം, കൊച്ചി-കോയമ്പത്തൂർ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) വീടുകളിലേക്ക് പ്രകൃതി വാതകം എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന പദ്ധതി ചെലവ് അവലോകന യോഗങ്ങളിലും സമയാസമയങ്ങളിൽ പദ്ധതി അവലോകനത്തിനായി മുഖ്യമന്ത്രി വിളിച്ചു ചേർക്കുന്ന പ്രത്യേക യോഗങ്ങളിലും പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, ചീഫ് സെക്രട്ടറി പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പുരോഗതി മാസംതോറും നടത്തുന്ന സെക്രട്ടറിമാരുടെ യോഗത്തിലും പ്രത്യേകമായി വിലയിരുത്താറുണ്ട്. വകുപ്പുതലത്തിലും പദ്ധതികളുടെ അവലോകന യോഗങ്ങൾ ഓരോ മാസവും നടത്തപ്പെടുന്നുണ്ട്.

(ബി) ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാംഘട്ടം (നാൽപ്പത്തിയെട്ട് കിലോമീറ്റർ) എറണാകുളം ജില്ലയിൽ കമ്മിഷൻ ചെയ്തു. രണ്ടാംഘട്ടമായ കൊച്ചി-മംഗലാപുരം (444 കി.മീറ്റർ) പൈപ്പ് ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കിലോമീറ്റർ) 19-6-2019-ന് കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള അവശേഷിക്കുന്ന 347 കിലോമീറ്ററിൽ കോഴിക്കോട് ജില്ലയിലെ ഇരവഴിഞ്ഞിപ്പുഴ, കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിപ്പുഴ എന്നീ നദികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി മാത്രമാണ് ബാക്കിയുള്ളത്. ഈ രണ്ട്

ക്രോസിംഗുകൾ ഉൾപ്പെടെ പൈപ്പ് ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ മാർച്ച് 31-നകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പൈപ്പ് ലൈൻ സുരക്ഷാ പരിശോധനകൾക്കും മറ്റ് പ്രീ കമ്മീഷൻ പ്രവർത്തനങ്ങൾക്കും സമയം ആവശ്യമുള്ളതിനാൽ പദ്ധതി 2020 മേയ് 1-ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

കൊച്ചി-കോയമ്പത്തൂർ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ ഭാഗമായി കുറ്റനാട്-വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ 93.8 കിലോമീറ്റർ) 95% വെൽഡിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതി 2020 ജൂലൈ 31-നകം കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വീടുകളിലേയ്ക്ക് പാചകവാതകം എത്തിക്കുന്നതിനുള്ള സിറ്റി ഗ്യാസ് പദ്ധതിയുടെ കരാർ ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിക്കാണ് നൽകിയിരിക്കുന്നത്. 63.71 കിലോമീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചുകഴിഞ്ഞു. 20-2-2016-ൽ ആദ്യ പി.എൻ.ജി. സ്റ്റേഷനും 22-3-2018-ൽ ആദ്യ സി.എൻ.ജി. സ്റ്റേഷനും എറണാകുളത്ത് കമ്മീഷൻ ചെയ്തു. 63.25 കിലോമീറ്റർ medium density poly ethylene (MDPE) പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 40774 വീടുകളിൽ ഉപഭോക്തൃ കണക്ഷൻ നൽകിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, മാഹി എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് നടപ്പാക്കിവരുന്നു. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ വാതക വിതരണ ഏജൻസിയായി Atlantic Gulf and Pacific (AG&P) എന്ന കമ്പനിയെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഹരിത ഇന്ധനങ്ങളായ എൽ.എൻ.ജി, സി.എൻ.ജി തുടങ്ങിയവ വിതരണം ചെയ്യുന്നതിനായി തിരുവനന്തപുരത്തുള്ള ആനയറയിൽ 1.78 ഏക്കർ IOC-ക്ക് 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൈമാറിയിട്ടുണ്ട്.

## തീരദേശ പരിപാലന പ്ലാൻ

166 (183) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്ലാനിന്റെ കരട് തയ്യാറാക്കി സമർപ്പിക്കുന്നതിന് അനുവദിച്ചിരിക്കുന്ന സമയപരിധി എന്നുവരെയെന്ന് വ്യക്തമാക്കാമോ;

(സി) കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതിനായി കേരള തീരദേശ പരിപാലന അതോറിറ്റി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത കരട് പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള സമയപരിധി എന്നുവരെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചുമതലപ്പെടുത്തിയിട്ടുണ്ട്. 20-8-2019-ലെ G.O.(Rt) No.80/2019/Envt പ്രകാരമാണ് 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan-CZMP) തയ്യാറാക്കി സമർപ്പിക്കുവാൻ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള 1:25000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ 1-3-2020-നകവും 1:4000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ അതിനുശേഷം ആറ് മാസത്തിനകവും സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) സമർപ്പിച്ചിട്ടില്ല.

(ഡി) സമയപരിധി നിശ്ചയിച്ചിട്ടില്ല.

**മുളവുകാട് രണ്ടാംഘട്ട റോഡുവികസനം**

167 (184) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളവുകാട് രണ്ടാംഘട്ട റോഡുവികസന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി 2020 മാർച്ചിൽ പൂർത്തിയാക്കുമെന്ന് നിർമ്മാണപ്രവൃത്തി നടപ്പിലാക്കുന്ന KITCO അറിയിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തി 70% പൂർത്തീകരിച്ചിട്ടുണ്ട്.

## കണ്ടെയ്നർ ലോറികളുടെ പാർക്കിംഗ്

168 (185) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഗോശ്രീപ്പാലത്തിലും അപ്രോച്ച് റോഡുകളിലും കണ്ടെയ്നർ റോഡിലും അനധികൃതമായി കണ്ടെയ്നർ ലോറികൾ പാർക്ക് ചെയ്യുന്നതുമൂലം ഗതാഗതക്കുരുക്കും അപകടമരണങ്ങളും പതിവായിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ പ്രസ്തുത പാതകളിൽ കണ്ടെയ്നർ ലോറിയുമായി കൂട്ടിയിടിച്ച് എത്ര അപകടങ്ങൾ ഉണ്ടായെന്നും എത്രപേർക്ക് ജീവഹാനി സംഭവിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) കണ്ടെയ്നർ ലോറികളുടെ പാർക്കിംഗിന് സൗകര്യം ഒരുക്കേണ്ടതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കണ്ടെയ്നർ ലോറികളുടെ കണ്ടെയ്നർ റോഡിലെ അനധികൃത പാർക്കിംഗ്മൂലം നിരവധി അപകടങ്ങളും അതുമൂലം ജീവഹാനി സംഭവിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ, ബഹു. ഹൈക്കോടതി WPC 14668/2016, WPC 26948/2019 എന്നിവ പ്രകാരം സുവോമോട്ടോ കേസ്സുകൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പ്രസ്തുത റോഡിൽ പാർക്കിംഗ് നിരോധിച്ചുകൊണ്ട് 3-7-2017-ൽ ഉത്തരവായിട്ടുള്ളതാണ്. കൂടാതെ 31-12-2019-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന വീഡിയോ കോൺഫറൻസിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർ 15-1-2020-ൽ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

പ്രസ്തുത റോഡിൽ അനധികൃത പാർക്കിംഗ് നടത്തുന്നവർക്കെതിരെയും ഇപ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്നവർക്കെതിരെയും 283 ഐ.പി.സി, 122 r/w 177, MV Act 15(2) r/w 177 MV Act എന്നിവ പ്രകാരം പെറ്റി കേസ്സുകൾ

രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ രാത്രികാലങ്ങളിൽ റോഡും മീഡിയനുകളും വ്യക്തമായി കാണുന്നതിന് റോഡരികിൽ വൈറ്റ് മാർക്കിംഗുകളും, ആവശ്യമായ സ്ഥലങ്ങളിൽ റിഫ്ലക്ടറുകളും സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനായി ജില്ലാ കളക്ടർക്കും നോ പാർക്കിംഗ് ബോർഡുകളും സുരക്ഷാവേലികളും സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിക്കും പോലീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി)

| വർഷം | കണ്ടെയ്നർ ലോറികളുടെ അനധികൃത പാർക്കിംഗ്മൂലം ഉണ്ടായിട്ടുള്ള അപകടങ്ങളുടെ എണ്ണം | ടി അപകടങ്ങളിൽ ഉണ്ടായിട്ടുള്ള മരണം |
|---|---|---|
| 2016 | 01 | ഇല്ല |
| 2017 | 02 | 01 |
| 2018 | 02 | 02 |
| 2019 | ഇല്ല | ഇല്ല |
| 2020 (Up to 25-2-2020) | 01 | 01 |
| ആകെ | 06 | 04 |

(സി) കണ്ടെയ്നർ ലോറികൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ട ഉത്തരവാദിത്വം കൊച്ചി പോർട്ട് ട്രസ്റ്റിനും ഡി.പി. വേൾഡിനുമാണ്. ആയതിന് സംജാതമാകുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടി ജില്ലാ ഭരണകൂടം സ്വീകരിക്കുന്നതാണ്. കൂടാതെ പോർട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താൽകാലികമായ, പാർക്കിംഗ് ഫീസ് നൽകി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുള്ളതാണ്. ആയത് 31-5-2020 വരെ അനുവദിച്ച് നൽകുവാൻ കൊച്ചി പോർട്ട് ട്രസ്റ്റിനോട് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

### പറമ്പിക്കുളം-ആളിയാർ കരാർ

169 (186) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കണമെന്ന് രണ്ട് സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ടോ;

(ബി) ഇതിന്റെയടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) കേരളവും തമിഴ്നാടും തമ്മിൽ ഇതിന്റെ ഭാഗമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ചർച്ചയിൽ സംസ്ഥാനം മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; അതിനോടുള്ള തമിഴ്നാടിന്റെ പ്രതികരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) 25-9-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം -ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരു സംസ്ഥാനങ്ങളിലേയും ജലവിഭവ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ 5 ഉദ്യോഗസ്ഥർ വീതമുള്ള ഒരു സംയുക്ത കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആനമലയാർ, നീരാർ, നല്ലാർ ഡൈവേർഷനുകൾ പറമ്പിക്കുളം സിസ്റ്റത്തിൽ നിന്നും കേരളത്തിന് അവകാശപ്പെട്ട 2.5 ടി.എം.സി ജലം ലഭ്യമാക്കുന്നതും, ചിറ്റൂർ പുഴ പ്രദേശത്തു നിന്നും കേരളത്തിൽ ലഭ്യമാകുന്ന ജലത്തിന്റെ അളവിലുള്ള കുറവ് സംബന്ധിച്ച വിഷയങ്ങളും പ്രസ്തുത കമ്മിറ്റി പരിഗണിക്കുന്നതാണ്. ഈ കമ്മിറ്റിയുടെ ആദ്യയോഗം 12-12-2019-ന് ചെന്നൈയിൽ ചേർന്നു.

കരാർപ്രകാരം അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നും കരാറിലെ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത ചർച്ചയിൽ കേരളം, തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ, കേരളം ആവശ്യപ്പെട്ട പ്രകാരം കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള പറമ്പിക്കുളം സിസ്റ്റത്തിന്റെ ഡാറ്റായും പി.എ.പി. സിസ്റ്റത്തിൽ ഉൾപ്പെടുന്ന എല്ലാ റിസർവ്വോയറുകളുടെയും യഥാർത്ഥ ലഭ്യതയും പുനഃപരിശോധിക്കുവാൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ജലവിഭജനത്തിനും വിതരണത്തിനും അധികാരമുള്ള ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗങ്ങളുടെ എണ്ണം കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടതനുസരിച്ച് ജെ.ഡബ്യൂ.ആർ. ബോർഡ് യോഗങ്ങളുടെ എണ്ണം കൂട്ടുവാനും (വർഷത്തിൽ നാല് യോഗങ്ങൾ കൂട്ടുവാനും

ആവശ്യത്തിന് അനുസരിച്ച് കൂടുതൽ യോഗങ്ങൾ കൂടുവാനും) തീരുമാനിക്കുകയുണ്ടായി. അതോടൊപ്പം പി.എ.പി. യിലെ എല്ലാ Gauging Points-ലും Real Time Data Acquisition System നടപ്പിലാക്കുവാനും ഇരു സംസ്ഥാനങ്ങളും ആവശ്യപ്പെട്ടു. ഇതിന്റെ പ്രൊപ്പോസൽ ജെ.ഡബ്ല്യൂ.ആർ. ബോർഡിൽ സമർപ്പിക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ടാമത്തെ യോഗം കൂടുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആരോഗ്യമേഖലയുടെ ആധുനികവൽക്കരണം

170 (187) ശ്രീമതി പി. അയിഷാ പോറ്റി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവ്യാപനശേഷിയുള്ള കോവിഡ്-19 എന്ന മാരക വൈറസ് രോഗത്തെ പ്രശംസനീയമാംവിധം നിയന്ത്രണ വിധേയമാക്കിയതുവഴി സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ കരുത്തു തെളിയിച്ച നേട്ടം സുസ്ഥിരമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) കേരളീയ സമൂഹം ആഗോളവൽകൃതമായ സാഹചര്യത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊട്ടിപ്പുറപ്പെടുന്ന വിവിധ വൈറസ് രോഗങ്ങളെ പ്രാരംഭ ദിശയിൽ തിരിച്ചറിഞ്ഞ് നിയന്ത്രണ വിധേയമാക്കുന്നതിന് ആവശ്യമായ അത്യാധുനിക വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ത്രിതലങ്ങളിലുമുള്ള ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിപ, കോവിഡ്-19 മുതലായ പുതിയ ഇനം രോഗബാധ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ രോഗനിരീക്ഷണവും മറ്റ് നിയന്ത്രണ മാർഗ്ഗങ്ങളും ഊർജ്ജിതമായിത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്. ആശുപത്രികളിൽ അണുബാധാ നിയന്ത്രണ പ്രവർത്തനങ്ങളും ഊർജ്ജിതമായിത്തന്നെ നടപ്പിലാക്കുന്നുണ്ട്. ഇതിനാവശ്യമായ പരിശീലന പ്രവർത്തനങ്ങളും സാധന

സാമഗ്രികളും യഥാസമയം ലഭ്യമാക്കുന്നുണ്ട്. രോഗം വരാതിരിക്കുവാനുള്ള പ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റി വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അവബോധം നൽകിവരുന്നുണ്ട്. IDSP സംവിധാനം വഴി രോഗനിരീക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനതലം മുതൽ വിവിധ തലങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് കോഴിക്കോട്ടും തിരുവനന്തപുരത്തും തൃശ്ശൂരും ഉള്ള വൈറൽ ഡയഗ്നോസ്റ്റിക് ലാബുകൾ, ജില്ലാതല പബ്ലിക് ഹെൽത്ത് ലാബുകൾ, മെഡിക്കൽ കോളേജുകളിലെ മൈക്രോ ബയോളജി ലാബുകൾ എന്നിവിടങ്ങളിൽ പകർച്ചവ്യാധി നിർണ്ണയത്തിനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ നിപ, കൊറോണ പോലെയുള്ള പുതിയതരം വൈറസുകൾ പരിശോധിക്കാൻ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ യൂണിറ്റിൽ സൗകര്യമുണ്ട്. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിനായി ആരോഗ്യജാഗ്രത എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളേയും ഏജൻസികളേയും പൊതുജനങ്ങളേയും ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക-പാരിസ്ഥിതിക ഘടകങ്ങളായ ഭക്ഷ്യ ശുചിത്വം, കുടിവെള്ള ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വാർഡുതല ശുചിത്വ സമിതിക്കാരുടെ നേതൃത്വത്തിൽ ആരോഗ്യസേനാംഗങ്ങൾ നടപ്പിലാക്കുന്നത്. ഈ പ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പ് തലവൻമാരുടെ ഉന്നതതലയോഗം കൂടുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് മേധാവികളെ ഉൾപ്പെടുത്തി അവലോകനം നടത്തുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും നൂതന ആരോഗ്യ പരിപാടികൾക്ക് രൂപം നൽകിയും ആർദ്രം മിഷന്റെ ഭാഗമായും പ്ലാൻ ഫണ്ടും വിവിധ പദ്ധതികളും ഉപയോഗിച്ചും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നത്.

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട്, കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫണ്ട്, എം.എൽ.എ./എം.പി. ഫണ്ട് മുതലായ ഫണ്ടുകൾ ഉപയോഗിച്ച് മാസ്റ്റർ പ്ലാനിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിവരുന്നത്. എം.ആർ.ഐ, സി.റ്റി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് അടക്കമുള്ള ആധുനിക ആശുപത്രി സൗകര്യങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. 17 ജില്ലാതല ആശുപത്രികളിൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ മൂന്ന് സ്ഥാപനങ്ങളിൽ ഒഴികെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. 8 താലൂക്കാശുപത്രികളിൽ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. മെറ്റേർണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്കതല ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ 152 ബ്ലോക്കുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 76 എണ്ണം ഈ വർഷം രോഗീസൗഹൃദ രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രി/ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ കൂടാതെ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഏർപ്പെടുത്തിവരുന്നു. ഒരു കുടുംബത്തിലെ എല്ലാവർക്കും സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കുവാൻ കഴിയുന്ന രീതിയിൽ ആർദ്രം മിഷന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കുപുറമേ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 107 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റുള്ളവ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം നടന്നുവരികയും ചെയ്യുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൃഷ്ടിച്ച 3159 തസ്തിക അടക്കം ആകെ 5249 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. തെരഞ്ഞെടുത്ത സാമൂഹികാരോഗ്യകേന്ദ്രം മുതൽ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി എന്നിവിടങ്ങളിൽ ദന്തൽ വിഭാഗം പ്രവർത്തിച്ച് ആധുനിക ചികിത്സ സാധാരണക്കാരായ രോഗികൾക്ക് നൽകിവരുന്നു. കണ്ടിന്യൂസ് ആമ്പുലേറ്ററി പെരിറ്റോണിയൽ ഡയാലിസിസ് (CAPD) സൗകര്യം തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഓരോ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. മരുന്നുകളുടെ ലഭ്യത കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഉറപ്പാക്കുന്നു.

## ഡീ-അഡിക്ഷൻ സെന്റർ

171 (188) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലുള്ള ഡീ-അഡിക്ഷൻ സെന്ററുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പുതിയതായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;വിശദവിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ 20 ലഹരി വിമുക്തകേന്ദ്രങ്ങളും എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലയിലും ഓരോന്നുവീതം 14 കേന്ദ്രങ്ങളും (വിമുക്തി മിഷൻ) ഉൾപ്പടെ ആകെ 34 ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിലെ പാലോട് സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലും കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലും പുതുതായി ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിമുക്തി പദ്ധതിയുടെ ഭാഗമായി എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ എല്ലാ താലൂക്കിലും ഓരോ ലഹരി വിമുക്ത ഉപകേന്ദ്രങ്ങളും (77 എണ്ണം) അന്തർദ്ദേശീയ നിലവാരമുള്ള ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്ററും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

2018-19 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രത്തിലും തൊടുപുഴ താലൂക്ക് ആശുപത്രിയിലും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും ലഹരി വിമുക്ത കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊറോണ വൈറസ് രോഗവ്യാപനത്തിനെതിരെയുള്ള മുൻകരുതലുകൾ

172 (189) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൈനയിൽ പടർന്ന് പിടിച്ച കൊറോണ വൈറസ് രോഗം സംസ്ഥാനത്ത് പടർന്ന് പിടിക്കാതിരിക്കുവാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര പേർക്ക് ഈ വൈറസ് രോഗം ഇതിനകം സ്ഥിരീകരിച്ചുവെന്നും നിലവിൽ എത്രപേർ ആശുപത്രികളിലും വീടുകളിലുമായി നിരീക്ഷണത്തിലുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) കൊറോണ വൈറസ് ബാധ സംബന്ധിച്ച പരിശോധനയ്ക്കായി പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ആശ്രയിക്കേണ്ട സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച പരിശോധന പൂർണ്ണമായും സംസ്ഥാനത്ത് തന്നെ നടത്തുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർണ്ണതോതിൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചൈനയിൽ കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, IDSP, കേന്ദ്ര രോഗനിരീക്ഷണ യൂണിറ്റ് തുടങ്ങിയവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി ജില്ലാ ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തൃശ്ശൂർ ജില്ലയിൽ ആദ്യ വ്യക്തിക്ക് രോഗം സ്ഥിരീകരിച്ചപ്പോൾതന്നെ ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണം, കൃഷി, വിദ്യാഭ്യാസം എന്നീ വകുപ്പുമന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗം തൃശ്ശൂരിൽ നടത്തുകയും ആവശ്യമായ പ്രതിരോധനിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനതലത്തിൽ ഉന്നതതല യോഗം, ദ്രുതകർമ്മസേനായോഗം, മാധ്യമയോഗം എന്നിവയും നടത്തി. രോഗനിരീക്ഷണം, ചികിത്സ, പ്രതിരോധം, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ

മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകി. സംസ്ഥാനത്തെ 4 അന്തർദ്ദേശീയ വിമാനത്താവളങ്ങളുമായി ഏകോപന പ്രവർത്തനങ്ങൾ ഒരുക്കുകയും സ്ക്രീനിംഗിന് ആവശ്യമായ അധിക സ്റ്റാഫിനെ എയർപോർട്ട് ഹെൽത്ത് ഓഫീസർമാരുടെ ആവശ്യപ്രകാരം നിയോഗിക്കുകയും ചെയ്തു.

വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ 28 ദിവസം വീടുകളിൽ പ്രത്യേകം മാറ്റിപാർപ്പിച്ച് നിരീക്ഷിക്കുവാനും രോഗലക്ഷണങ്ങൾ ഉള്ളവരെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ജില്ല/ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ള ഐസൊലേഷൻ റൂമുകളിൽ പ്രവേശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാന/ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജീകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ജനങ്ങളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകളും സംസ്ഥാന ജില്ലാ തലങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ദിശ കാൾ സെന്റർ വഴിയും സംശയദൂരീകരണം നടത്തുന്നുണ്ട്.

കൊറോണ രോഗം സ്ഥിരീകരിച്ച 3 വ്യക്തികളിൽ നിന്ന് രോഗം പകരാതിരിക്കാൻ ഇവരെ കർശനമായ ഐസൊലേഷൻ നിയന്ത്രണങ്ങൾക്ക് വിധേയമായി തൃശ്ശൂർ, ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ അഡ്മിറ്റ് ചെയ്ത് പൂർണ്ണമായി ഭേദപ്പെട്ട് 2 തുടർ പരിശോധനാ ടെസ്റ്റുകൾ വീതം നടത്തി നെഗറ്റീവാണെന്ന് മനസ്സിലാക്കിയതിനുശേഷം മാത്രമാണ് തിരികെ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നതിനായി ഡിസ്ചാർജ് ചെയ്തത്. ആശുപത്രി പ്രവേശനത്തിന് മുമ്പ് ഇവരോട് അടുത്തിടപഴകിയ വ്യക്തികളെ കണ്ടെത്താൻ വിപുലമായ കോൺടാക്റ്റ് ട്രേസിംഗും നടത്തുകയുണ്ടായി.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി മരുന്നുകളും വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളും മറ്റും സംഭരിച്ച് വിതരണം ചെയ്തു. രോഗസ്ഥിരീകരണ നിരീക്ഷണത്തിനായി സാംപിളുകൾ പരിശോധിക്കുന്നതിന് പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ആലപ്പുഴയിലെ വൈറോളജി യൂണിറ്റിലും സൗകര്യം ഒരുക്കിയിട്ടുണ്ട്. ആരോഗ്യപ്രവർത്തകർക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പത്ര/ദൃശ്യ/ശ്രാവ്യ/സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിലൂടെയും ആവശ്യമായ അവബോധം നൽകിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് 3 പേർക്ക് മാത്രമാണ് കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. 3845 പേർ അപകട സാധ്യത/നിർദ്ദിഷ്ട ക്വാറന്റൈൻ കാലയളവ് കഴിഞ്ഞതിനാൽ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ (24-2-2020) ആകെ 135 പേരാണ് നിരീക്ഷണത്തിലുള്ളത്.

(സി) കൊറോണ വൈറസ് രോഗം സംശയിക്കുന്നവരുടെ പരിശോധനാ സാമ്പിളുകൾ ആദ്യഘട്ടത്തിൽ (ഫെബ്രുവരി 2 വരെ) എറണാകുളത്ത് നിന്നും വിമാനമാർഗ്ഗം ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂനെയിൽ എത്തിച്ചാണ് പരിശോധന നടത്തിയിരുന്നത്. എന്നാൽ ഫെബ്രുവരി 2 മുതൽ ഈ പരിശോധനാസൗകര്യം ആലപ്പുഴയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് യൂണിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്ഥിരീകരണം ആവശ്യമുള്ളവരുടെ സാമ്പിളുകൾ മാത്രമാണ് ആലപ്പുഴയിൽ നിന്നും NIV പൂനെയിലേയ്ക്ക് അയയ്ക്കുന്നത്. ഇതിപ്പോഴും തുടർന്നുവരുന്നുണ്ട്.

(ഡി) കൊറോണ വൈറസ് ബാധയുണ്ടെന്ന് സംശയിക്കപ്പെടുന്ന ആളുകളുടെ മൂക്കിലേയും തൊണ്ടയിലേയും സ്രവ സാമ്പിളുകൾ, രക്ത സാമ്പിളുകൾ എന്നിവ എല്ലാ ജില്ലകളിൽ നിന്നും തീവണ്ടി മാർഗ്ഗം/കൊറിയർ മുഖേന ആലപ്പുഴയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് യൂണിറ്റിലെത്തിച്ച് പരിശോധിച്ചുവരുന്നു. ഇതിന്റെ ഏകോപനം സംസ്ഥാനതല കൺട്രോൾ റൂം മുഖേന ജില്ലാതലത്തിൽ നടത്തിവരുന്നു.

(ഇ) തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

### കൊറോണ രോഗബാധയും ചികിത്സാ നടപടികളും

173 (190) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറോണ രോഗബാധ ഭീഷണിയെ തുടർന്ന് സംസ്ഥാനത്ത് എത്ര പേർ നിരീക്ഷണത്തിൽ ഉണ്ടായിരുന്നുവെന്നും ഇതിൽ എത്ര പേർക്ക് രോഗം സ്ഥിരീകരിച്ചുവെന്നും അറിയിക്കാമോ;

(ബി) സർക്കാർ എന്തൊക്കെ ചികിത്സാ നടപടികളാണ് സ്വീകരിച്ചതെന്നും രോഗം വരാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ; രോഗം ബാധിച്ചവർ പൂർണ്ണമായും രോഗ വിമുക്തരായോ എന്നറിയിക്കാമോ;

(സി) ഇപ്പോൾ രോഗം ബാധിച്ച ആരെങ്കിലും സംസ്ഥാനത്ത് ഉണ്ടോയെന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഫെബ്രുവരി 24-ാം തീയതി വരെ 3980 പേരാണ് നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. നിരീക്ഷണകാലം പൂർത്തിയായ മുറയ്ക്ക് ഇതിൽ 3845 പേരെ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 135 പേരാണ് നിലവിൽ നിരീക്ഷണത്തിലുള്ളത്. 2020 ഫെബ്രുവരി 24 വരെ 3 പേർക്ക് മാത്രമാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്.

(ബി) കൊറോണ രോഗബാധ സംശയിക്കുന്നവരെ ജില്ലാതലത്തിൽ പ്രത്യേകം സജ്ജമാക്കിയിട്ടുള്ള ഐസൊലേഷൻ വാർഡുകളിൽ പ്രവേശിപ്പിക്കുകയും അവരുടെ തൊണ്ടയിലേയും മൂക്കിലേയും സ്രവങ്ങളും രക്തസാമ്പിളുകളും ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പൂനെയിലും ആലപ്പുഴയിലുള്ള ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് യൂണിറ്റിലും അയച്ച് പരിശോധിക്കുകയും രോഗം സ്ഥിരീകരിച്ചിട്ടുള്ളവർക്ക് ആലപ്പുഴയിലും തൃശ്ശൂരിലുമുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വെന്റിലേറ്റർ, ഐ.സി.യു. ഉൾപ്പെടെ പ്രത്യേക ചികിത്സാ സംവിധാനം ലഭ്യമാക്കുകയും ചെയ്തിരുന്നു. കാസർഗോഡ് ജില്ലയിൽ രോഗം സ്ഥിരീകരിച്ചിട്ടുള്ള മെഡിക്കൽ വിദ്യാർത്ഥിക്ക് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഇവരെ പരിചരിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകരെ നിയോഗിക്കുകയും ചെയ്യുകയുണ്ടായി. ഓരോ ജില്ലയിലും മെഡിക്കൽ കോളേജുകളിലും ജില്ല/ജനറൽ ആശുപത്രികളിലും ഇപ്രകാരം ഐസൊലേഷൻ സൗകര്യവും ചികിത്സാ സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിൽ ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും ഇത്തരം സൗകര്യം ഏർപ്പെടുത്തിയിരുന്നു. ഇതിനാവശ്യമായ സാധനസാമഗ്രികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ലഭ്യമാക്കിയിരുന്നു. രോഗം വരാതിരിക്കാനായി ചൈനയിൽ നിന്നും മറ്റ് രോഗബാധിത രാജ്യങ്ങളിൽ നിന്നും എത്തിയിട്ടുള്ള യാത്രക്കാരെ എയർപോർട്ടിൽ വച്ച് വിവരശേഖരണം നടത്തുകയും പരിശോധിക്കുകയും ചെയ്തിരുന്നു. രോഗലക്ഷണങ്ങൾ പ്രകടമാക്കിയവരെ ആരോഗ്യ വകുപ്പിന്റെ പ്രത്യേക വാഹനത്തിൽ ഐസൊലേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട ആശുപത്രികളിൽ എത്തിച്ച് ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ഇവരെ 28 ദിവസം നിരീക്ഷിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ വീടുകളിൽ 28 ദിവസം കർശനമായി നിരീക്ഷിക്കുവാനും മറ്റുള്ളവരുമായി സമ്പർക്കം പുലർത്താതിരിക്കുവാനുമുള്ള ബോധവൽക്കരണ

പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതിനാവശ്യമായ പരിശീലനം ആരോഗ്യപ്രവർത്തകർക്കും തദ്ദേശഭരണ സ്ഥാപനതലത്തിലും ടൂറിസം, വിദ്യാഭ്യാസം, മൃഗസംരക്ഷണം മുതലായ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും കുടുംബശ്രീ മുതലായ ഏജൻസികളിലെ ബന്ധപ്പെട്ട പ്രവർത്തകർക്കും നൽകിയിരുന്നു.

ബോധവൽക്കരണ സന്ദേശങ്ങൾ എയർപോർട്ട്, സീപോർട്ട്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു. വിവിധ പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും എഫ്.എം. റേഡിയോ വഴിയും സിനിമാ തിയേറ്ററുകൾ സാമൂഹ്യമാധ്യമങ്ങൾ വഴിയും ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയിരുന്നു.

രോഗം സ്ഥിരീകരിച്ച മൂന്നുപേരുടെയും തുടർപരിശോധനാ സാമ്പിളുകൾ നെഗറ്റീവ് ആയതിനെത്തുടർന്ന് അവരെ ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ചെയ്യുകയും വീടുകളിൽ തുടർന്ന് 14 ദിവസം കൂടി നിരീക്ഷണത്തിൽ തുടരുകയും ചെയ്യുന്നു. ഇവർക്ക് നിലവിൽ ആരോഗ്യപ്രശ്നങ്ങൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഫെബ്രുവരി 24 വരെ 3 പേർക്ക് മാത്രമാണ് സംസ്ഥാനത്ത് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്.

**രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഘടകങ്ങളുടെ ലഭ്യത**

174 (191) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾ ഉൾപ്പെടെയുള്ള ഹീമോഫീലിയ രോഗികൾക്ക്, രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഫാക്ടർ എട്ടും ഒൻപതും ഘടകങ്ങൾ ലഭ്യമാക്കുന്നതിലേക്കുള്ള രജിസ്ട്രേഷൻ നടപടികൾ നിലവിൽ നടത്തുന്നുണ്ടോയെന്നറിയിക്കുമോ;

(ബി) രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഘടകങ്ങൾ ലഭിക്കുന്നതിനായി ഹീമോഫീലിയ രോഗികൾ ആശ്രയിച്ചിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം 2020 മാർച്ച് 31- ന് ശേഷവും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലെ 3-7-2019 വരെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് 31-3-2020 വരെ നിലവിലെ സ്ഥിതിയിൽ ചികിത്സാ ആനുകൂല്യം തുടരുന്നതാണ്. ഇതിനുശേഷം പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ ചുമതലപ്പെടുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള സഹായം 2020 മാർച്ച് 31-നുശേഷവും തുടരുന്നതാണ്.

## ഏകീകൃത പൊതുജനാരോഗ്യ നിയമം

175 (192) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം ഉണ്ടാകണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

## ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി 11-12-2014-ലെ സ.ഉ.(സാധാ)നമ്പർ 3966/14/ആ.കു.വ, 1-11-2014-ലെ സ.ഉ.(സാധാ)നമ്പർ 3556/14/ ആ.കു.വ എന്നിവ പ്രകാരം രൂപീകരിച്ചു. പ്രസ്തുത ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ പരിശോധനയ്ക്കായി നിയമവകുപ്പിന് നൽകിയപ്പോൾ, കേരള പബ്ലിക് ഹെൽത്ത് ബില്ലിലെ വിഷയം പൂർണ്ണമായും ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവയിൽ നിലവിൽ ഉള്ളവയാണെന്നും കൂടാതെ 2006-ലെ ഫുഡ് സേഫ്റ്റി ആക്ട് ആരോഗ്യപരമായ ഭക്ഷണം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും മറ്റും വ്യക്തമാക്കിക്കൊണ്ടുള്ളതാണെന്നും

കാണുകയുണ്ടായി. പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, ഫുഡ് സേഫ്റ്റി ആക്ട് എന്നീ ബൃഹത്തായ മൂന്ന് നിയമങ്ങൾ നിലവിലുള്ളപ്പോൾ സമാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ നിയമനിർമ്മാണം നടത്തുന്നതിന്റെ സാംഗത്യം പരിശോധിക്കേണ്ടതാണെന്നും, മാത്രമല്ല, പല സന്ദർഭങ്ങളിലും വ്യത്യസ്ത അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് ഇത് ഇടയാക്കും എന്നും നിയമവകുപ്പ് അഭിപ്രായപ്പെട്ടതിനെ തുടർന്ന് സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്ററിലേയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സർക്കാർ തലത്തിൽ പലതവണ ചർച്ച നടത്തുകയും ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ കരടിൽ പരാമർശിക്കുന്ന അധികാരഘടനയെ കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കൂട്ടിച്ചേർത്തും ഇതുമായി യോജിച്ചുപോകാത്ത വ്യവസ്ഥകൾ ഒഴിവാക്കിയും കരടിൽ മാറ്റം വരുത്തി ആയത് പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ലഭ്യമായതിനുശേഷം തുടർ നടപടി കൈക്കൊള്ളുന്നതാണ്.

**മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി**

176 (193) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാൻ പോകുന്ന മഴക്കാലത്തെ ആരോഗ്യത്തോടെ അതിജീവിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കി വരുന്ന മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പൂർത്തിയാക്കേണ്ട മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പകർച്ചവ്യാധികളും മറ്റും തടയുന്നതിന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി പ്രവർത്തന കലണ്ടർ

പ്രകാരം ആരോഗ്യം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

മഴക്കാല പൂർവ്വ ശുചീകരണം, രോഗപ്രതിരോധത്തിനും ബോധവത്കരണത്തിനുമുള്ള ക്യാമ്പയിനുകൾ, കൊതുക് നശീകരണ പ്രവർത്തനങ്ങൾ, മലമ്പനി, ഡെങ്കിപ്പനി നിവാരണ ദിന/മാസാചരണങ്ങൾ, ജലജന്യരോഗങ്ങൾക്കെതിരെ വാരാചരണം, ദ്വൈവാരാചരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ രോഗനിരീക്ഷണം, കൊതുക് നിരീക്ഷണം, ചികിത്സ, മെഡിക്കൽ ക്യാമ്പുകൾ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. മഴക്കെടുതികൾ ഉണ്ടാകുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. പ്രളയസമയത്തും, അതിനുശേഷവും ജനങ്ങളും ആരോഗ്യപ്രവർത്തകരും സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റിയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പ്രത്യേകിച്ച് പ്രശ്നങ്ങൾ ഒന്നുംതന്നെ നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 2019 ഡിസംബർ മാസത്തിൽ പകർച്ചവ്യാധി സ്ഥിതിവിവരങ്ങളുടെ വിലയിരുത്തൽ, ജില്ലാതല യോഗങ്ങൾ, ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ അവലോകനം, സംസ്ഥാനതല രൂപരേഖ തയ്യാറാക്കി ജില്ലാതല രൂപരേഖ സമാഹരിക്കൽ പ്രവർത്തനങ്ങൾ എന്നിവ നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ജനുവരി മാസത്തിൽ സംസ്ഥാനതല യോഗവും ജില്ലാതല അവലോകനവും തുടർന്ന് സംസ്ഥാനതല കർമ്മപദ്ധതിക്ക് അന്തിമരൂപവും നൽകി. കൂടാതെ പകർച്ചവ്യാധി 'ഹോട്ട് സ്പോട്ടുകളുടെയും ജലദൗർലഭ്യ പ്രദേശങ്ങളുടെയും ലിസ്റ്റ് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. ആരോഗ്യജാഗ്രതാ ബോധവത്കരണ പരിശീലന പുസ്തകം തയ്യാറാക്കിക്കഴിഞ്ഞു. ജനുവരി 15-ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിക്കുകയും ചെയ്തു. ജനുവരി 21-ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മാധ്യമ പ്രവർത്തക യോഗവും ജനുവരി 23-ന് ആരോഗ്യ ജാഗ്രത 2020-ന്റെ സംസ്ഥാനതല യോഗവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ജനുവരി 25-ന് ജില്ലാ കളക്ടർമാരുമായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വീഡിയോ കോൺഫറൻസ് നടത്തി. ജില്ലാ ചാർജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനവും തുടർ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ജനുവരി/ഫെബ്രുവരി മാസത്തിൽ ആലപ്പുഴ ജില്ലയിൽ മണ്ണുരോഗ വിര സംക്രമണ സാധ്യത സർവ്വേയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കി. ഫെബ്രുവരി ആദ്യവാരം പ്ലാന്റേഷൻ കെട്ടിട നിർമ്മാണ മേഖലയിലെ പ്രശ്ന പരിഹാരത്തിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.

ഫെബ്രുവരി 25-ന് ദേശീയ വിരവിമുക്തി ദിനാചരണം നടത്തി. ഫെബ്രുവരി 11, 12 തീയതികളിൽ ജലദൗർലഭ്യ പ്രദേശങ്ങളിൽ ബോധവത്കരണ ക്യാമ്പയിൻ, ഫെബ്രുവരി 10, 15 തീയതികളിൽ ജില്ല/നഗരസഭ/ബ്ലോക്ക്-ഗ്രാമ പഞ്ചായത്തിലെ യോഗങ്ങൾ, ഫെബ്രുവരി 17, 22 തീയതികളിൽ വാർഡുതല ആരോഗ്യശുചിത്വ സമിതി പുനഃസംഘടനാ യോഗം, വാർഡുതല ആരോഗ്യജാഗ്രതാ സമ്മേളനം, ഹെൽത്ത് സ്ക്വാഡ് രൂപീകരണം, ഫെബ്രുവരി 18-ന് ഹെൽത്തി കേരള ക്യാമ്പയിൻ (ഭക്ഷ്യ സുരക്ഷാ പരിശോധന) ഫെബ്രുവരി 24, 28 തീയതികളിൽ ആരോഗ്യജാഗ്രതാ ഗൃഹ സന്ദർശനം, രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം, ശുചിത്വമാപ്പിംഗ് മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

തുടർന്നുവരുന്ന മാസങ്ങളിൽ നടപ്പിലാക്കുവാനുള്ള ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ നടപ്പിലാക്കുവാനുള്ള നിർദ്ദേശം എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

177 (194) <u>ശ്രീ.അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതുമൂലം ജനങ്ങൾക്ക് ഉണ്ടായ ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് കൈക്കൊണ്ടതെന്ന് അറിയിക്കുമോ;

(ബി) ആരോഗ്യരംഗത്ത് നാം മുൻപന്തിയിലാണെന്ന് അവകാശപ്പെടുമ്പോഴും, എല്ലാ തരം പുതിയ വൈറസ് ബാധയും സംസ്ഥാനത്ത് ഉണ്ടാകുന്ന കാര്യം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നമ്മുടെ ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും നടത്തുന്ന പ്രവർത്തനം ഇത്തരം രോഗങ്ങൾ കൂടുതൽ പേരിലേക്ക് പകരാതിരിക്കുന്നതിനും മരണം ഉണ്ടാകാതിരിക്കുവാനും ഇടയാക്കിയിട്ടുള്ളതായി വിലയിരുത്തുന്നുണ്ടോ;

(ഡി) എല്ലാ സജ്ജീകരണങ്ങളോടും കൂടിയ വൈറോളജി ലാബ് സംസ്ഥാനത്ത് ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും ഇതുവരെ അത് പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ലായെന്നതും, ഇപ്പോഴും രോഗബാധ സ്ഥിരീകരണത്തിന് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ആശ്രയിക്കേണ്ടി വരുന്നുവെന്നതും വസ്തുതയല്ലേ;

(ഇ) എങ്കിൽ സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എത്രയും പെട്ടെന്ന് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ ആദ്യമായി സ്ഥിരീകരിച്ച ഉടൻതന്നെ ആരോഗ്യ വകുപ്പുമന്ത്രിയടക്കം ഉന്നതതല സംഘം തൃശ്ശൂരിൽ രാത്രിതന്നെ എത്തുകയും, അടിയന്തര അവലോകന ഏകോപന യോഗങ്ങൾ ആരംഭിക്കുകയും ചെയ്തു. ഭദ്രമായ അണുബാധാ നിയന്ത്രണ പ്രവർത്തനങ്ങളുടെ വിപുലമായ ശ്രേണിതന്നെ കൊറോണ രോഗികളെ കിടത്തി ചികിത്സിച്ച ആശുപത്രികളിൽ നടപ്പിലാക്കി. രോഗികളുമായി ഇടപഴകുന്ന സ്റ്റാഫിന് വ്യക്തമായ പരിശീലനം, സന്ദർശകർക്ക് നിയന്ത്രണം, രോഗികൾക്കും കുടുംബാംഗങ്ങൾക്കും ആവശ്യമായ സംശയ നിവാരണവും കൗൺസിലിംഗ് മുതലായ നടപടികളും മുൻകൂട്ടിത്തന്നെ ഒരുക്കി എല്ലാ നടപടികളും അതീവ സുതാര്യമായി ജില്ലാ ഭരണകൂടം വഴിയും പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും ജനങ്ങളിലേയ്ക്ക് തത്സമയം എത്തിക്കുകയും ചെയ്തു. കൊറോണ വൈറസ് ബാധയെപ്പറ്റി ഭീതി വേണ്ട, ജാഗ്രതയും മുൻകരുതലുമാണ് വേണ്ടത് എന്ന സന്ദേശം വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുജനങ്ങളുടെ സംശയദൂരീകരണത്തിനായി സംസ്ഥാനതലത്തിൽ കൺട്രോൾ റൂം, കാൾസെന്റർ നമ്പർ DISHA -1056 എന്നിവ ആവശ്യമായ പരിശീലനത്തോടുകൂടി സജ്ജീകരിച്ചു. ഓരോ ജില്ലയിലും കൺട്രോൾ റൂം സ്ഥാപിച്ച് അതിന്റെ ഫോൺ നമ്പരും പ്രസിദ്ധപ്പെടുത്തി. മാനസിക സമ്മർദ്ദമുണ്ടായാൽ പരിഹരിക്കാൻ 215 കൗൺസിലർമാരുടെ സംഘത്തെയും നിയോഗിച്ചു.

(ബി) സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തമായതിനാൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചവ്യാധികൾ ആരംഭത്തിലേതന്നെ നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ട്. നിപ, കോവിഡ് 19 തുടങ്ങിയ രോഗങ്ങളുടെ വൻതോതിലുള്ള വ്യാപനം തടയുവാൻ സാധിച്ചത് സമയബന്ധിതവും ക്രിയാത്മകവുമായ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ആരോഗ്യ മേഖലയ്ക്ക് സാധിച്ചതിനാലാണ്.

(സി) കൊറോണ രോഗത്തിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സന്നദ്ധ പ്രവർത്തകരും ഡോക്ടർമാരും നഴ്സുമാരും നടത്തിയ പ്രതിരോധ നിയന്ത്രണപ്രവർത്തനങ്ങൾക്ക് ഏറ്റവും ഗുണപ്രദമായ ഫലം നേടാൻ കഴിഞ്ഞിട്ടുണ്ട്. Isolation ward, ICU, വെന്റിലേറ്റർ സൗകര്യം ഉൾപ്പെടെ രോഗചികിത്സയ്ക്കും രോഗപ്പകർച്ചാ നിയന്ത്രണത്തിനുമായി മെഡിക്കൽ കോളേജ് ജില്ലാ/ജനറൽ ആശുപത്രികളിൽ സൗകര്യമൊരുക്കി. വ്യക്തിഗത സുരക്ഷാ ഉപാധികൾ കാര്യക്ഷമമായി ഉപയോഗിക്കുക വഴി രോഗപ്പകർച്ച ഫലപ്രദമായി തടയുവാൻ സാധിച്ചു. വിദേശത്തുനിന്നും കൊറോണ ബാധിത പ്രദേശങ്ങളിൽനിന്നും എത്തിയവരെ കൃത്യമായ രീതിയിൽ വീടുകളിൽ നിരീക്ഷണത്തിൽ നിർത്തുന്നതിനും ഇവർക്കാവശ്യമായ നിർദ്ദേശങ്ങളും, സംശയ നിവാരണത്തിനും നിരീക്ഷണത്തിനും ബന്ധപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും ആരോഗ്യ സന്നദ്ധ പ്രവർത്തകർക്കും പ്രവർത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം 24-2-2020 വരെ ആകെ 3980 പേരെ വിവിധ ജില്ലകളിലായി നിരീക്ഷണത്തിൽ വയ്ക്കുകയുണ്ടായി. അതിൽ 3845 പേരെ നിരീക്ഷണകാലം പൂർത്തിയാക്കിയ മുറയ്ക്ക് ഒഴിവാക്കുകയും ചെയ്തിരുന്നു. നിലവിൽ 135 പേരാണ് നിരീക്ഷണത്തിലുള്ളത്. 128 പേർ വീടുകളിലും 7 പേർ വിവിധ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. ആകെ 441 പേരെ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 3 പേർക്കു മാത്രമാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. ഇവരുമായി അടുത്ത് സമ്പർക്കം പുലർത്തിയ എല്ലാവരെയും കോണ്ടാക്ട് ട്രേസിംഗിലൂടെ വളരെ വേഗം കണ്ടെത്തുവാനും രോഗലക്ഷണങ്ങൾ ഉള്ളവരെ ബന്ധപ്പെട്ട ആശുപത്രികളിലെത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും മറ്റുള്ളവരെ വീടുകളിൽ തന്നെ പ്രത്യേകം നിരീക്ഷണത്തിൽ വയ്ക്കുവാനും സാധിച്ചത് ഡോക്ടർമാരുടെയും നഴ്സുമാരുടെയും വിവിധ പാരാമെഡിക്കൽ വിഭാഗം ജീവനക്കാരുടെയും ഫീൽഡ് വിഭാഗം ആരോഗ്യ സന്നദ്ധ പ്രവർത്തകരുടെയും സമയബന്ധിതമായ പ്രവർത്തനങ്ങൾകൊണ്ടു മാത്രമാണ്. ഇത് രോഗവ്യാപനവും മരണവും തടയുന്നതിന് നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട് എന്നുള്ളത് സംശയാതീതമാണ്.

(ഡി&ഇ) പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴയിലെ യൂണിറ്റിൽ കൊറോണ വൈറസ് രോഗ സ്ഥിരീകരണം നടത്തുവാൻ ഇപ്പോൾ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## ദന്താരോഗ്യ ചികിത്സാരംഗത്തെ കരട് ബിൽ

178 (195) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദന്താരോഗ്യ ചികിത്സാരംഗത്തെ സംബന്ധിക്കുന്ന കരട് ബിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ബില്ലിൽ ഡെന്റൽ ഹൈജീനിസ്റ്റ്, ഡെന്റൽ മെക്കാനിക് തസ്തികകളെ കുറിച്ച് പരാമർശം ഇല്ലായെന്നത് പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരിൽ ഉണ്ടാക്കിയിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് പ്രസ്തുത ബിൽ സംബന്ധിച്ച് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## ക്യാൻസർ ചികിത്സയ്ക്കുള്ള പുതിയ സൗകര്യങ്ങൾ

179 (196) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗചികിത്സയ്ക്കു മാത്രമായി ഏർപ്പെടുത്തിയ പുതിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് ഓരോ മെഡിക്കൽ കോളേജിനെയും അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ;

(ബി) ക്യാൻസർ രോഗചികിത്സാ വിഭാഗത്തിലേക്ക് മാത്രമായി എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ആകെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ക്യാൻസർ രോഗ ചികിത്സാരംഗത്തെ മെച്ചപ്പെടുത്താൻ സർക്കാർ വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗ ചികിത്സയ്ക്ക് ഏർപ്പെടുത്തിയ പുതിയ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജ്

കൃത്യതയാർന്ന റേഡിയേഷൻ നൽകുവാനും പാർശ്വഫലങ്ങൾ കുറയ്ക്കുവാനും സാധിക്കുന്ന ആധുനിക റേഡിയേഷൻ ഉപകരണമായ ലീനിയർ ആക്സിലേറ്റർ (17.5 കോടി രൂപയുടെ പദ്ധതി) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജ്

ആലപ്പുഴ മെഡിക്കൽ കോളേജിൽ ക്യാൻസർ രോഗ ചികിത്സയ്ക്കായി റേഡിയോ തെറാപ്പി, സി.റ്റി., ലീനിയർ ആക്സിലേറ്റർ എന്നിവ സ്ഥാപിച്ചു. കൂടാതെ ടെലി കൊബാൾട്ട് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കോട്ടയം മെഡിക്കൽ കോളേജ്

കോട്ടയം മെഡിക്കൽ കോളേജിലെ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തെ ടെർഷ്യറി ക്യാൻസർ കെയർ സെന്റർ ആയി മാറ്റുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ മെഷീനും സി.റ്റി. സിമുലേറ്റർ മെഷീനും പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജ്

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പുതിയ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുവാനുള്ള നടപടികൾ എടുത്തു. അതിനുവേണ്ടതായ ബങ്കർ നിർമ്മാണം പൂർത്തീകരിച്ചു. ലീനിയർ ആക്സിലേറ്റർ തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ എത്തുകയും അത് കമ്മീഷൻ ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പുതിയ ഒരു കൊബാൾട്ട് മെഷീൻ വാങ്ങി സ്ഥാപിക്കുവാനുള്ള നടപടികൾ കെ.എം.എസ്.സി.എൽ. വഴി പുരോഗമിക്കുന്നു. ലീനിയർ ആക്സിലേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള 3 കോടി രൂപ വിലയുള്ള സി.ടി. സിമുലേറ്റർ വാങ്ങുന്നതിനുള്ള നടപടി പൂർത്തീകരിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജ്

ക്യാൻസർ രോഗ ചികിത്സയ്ക്ക് മാത്രമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഒരേ സമുച്ചയത്തിലാക്കി. 30000 സ്ക്വയർ ഫീറ്റിൽ പുതുതായി ത്രിതീയ ക്യാൻസർ കെയർ സെന്റർ സ്ഥാപിച്ചു. കൂടാതെ, ആധുനിക ചികിത്സാ സൗകര്യങ്ങളുടെ ഭാഗമായി മോഡ്യുലർ ഓപ്പറേഷൻ തീയേറ്റർ, ലീനിയർ ആക്സിലേറ്റർ മെഷീൻ എന്നിവയും സ്പെക്ട് ഗാമ ക്യാമറയും മറ്റ് ഓങ്കോളജി ഉപകരണങ്ങളും സ്ഥാപിച്ചു.

| | | | |
|---|---|---|---|
| (ബി) | ഓറൽ പത്തോളജി | - | 1 |
| | പത്തോളജി | - | 14 |
| | സൈറ്റോ പത്തോളജി | - | 10 |
| | ഓങ്കോ പത്തോളജി | - | 30 |
| | സ്റ്റാഫ് നഴ്സ് | - | 55 |
| | ആകെ | - | 110 തസ്തികകൾ |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്യാൻസർ ചികിത്സാ രംഗത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും 25.37 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

**പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം**

180 (197) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന ലാബുകളുടെയും മറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ഏതെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ സ്വകാര്യ ഏജൻസികൾ നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകളുടെ ആധികാരികതയും അവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ സ്വീകാര്യതയും പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദീകരിക്കുമോ;

(സി) അംഗീകാരമില്ലാത്ത പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും പാരാമെഡിക്കൽ സ്ഥാപനങ്ങൾ നടത്തുന്ന ടെസ്റ്റുകളുടെ നിരക്ക് സ്ഥാപനങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ കേരളത്തിലെ സ്വകാര്യ ലാബുകൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. താൽക്കാലിക രജിസ്ട്രേഷൻ സമയത്ത് ഓരോ ക്ലിനിക്കൽ സ്ഥാപനവും അതാതു സ്ഥാപനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും സ്റ്റാഫിന്റെ

പേരും യോഗ്യതയും ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. താൽക്കാലിക രജിസ്ട്രേഷൻ കാലാവധി 2 വർഷമാണ്. താൽക്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും 2 വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. മിനിമം സ്റ്റാൻഡേർഡ്സ് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള നിലവാരം പുലർത്തുന്ന ലാബുകൾക്കുമാത്രമേ അസെസ്സർമാരുടെ പരിശോധനയ്ക്കുശേഷം സ്ഥിരം രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നൽകിയതിനുശേഷവും എന്തെങ്കിലും പിഴവുകൾ കണ്ടെത്തുകയാണെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന് അധികാരമുണ്ട്.

(ബി) സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്/കേരള ആരോഗ്യ സർവ്വകലാശാല നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകൾക്ക് ആധികാരികത വരുത്തുവാനും സ്വീകാര്യതയ്ക്കുംവേണ്ടി കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി വരുന്നുമുണ്ട്. ആയതുമായി ബന്ധപ്പെട്ട് ആധികാരികത ആവശ്യപ്പെടുന്ന മുറയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും മറുപടി നൽകിവരുന്നു.

(സി) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും നിലവാരം ഉറപ്പാക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി പദവിയോടെ പാരാമെഡിക്കൽ കൗൺസിൽ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം ലാബുകളുടെ രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതതു ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടെയും ബന്ധുക്കളുടെയും അറിവിലേയ്ക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ, ഡിജിറ്റൽ ആയോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ്സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കേണ്ട വിലാസവും

വിധവും സാധാരണക്കാർക്കുകൂടി മനസ്സിലാകത്തക്ക വിധത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടാവുന്നതാണ്.

**കുട്ടികളിലെയും കൗമാരക്കാരിലെയും മാനസികാരോഗ്യ പ്രശ്നങ്ങൾ**

181 (198) ശ്രീമതി വീണാ ജോർജ്ജ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ബാബു:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിലെയും കൗമാരക്കാരിലെയും മാനസികാരോഗ്യ പ്രശ്നങ്ങൾ ആരംഭത്തിൽ തന്നെ കണ്ടുപിടിച്ച് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ സാധിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കുട്ടികളിലെ വളർച്ചാപരവും സ്വഭാവപരവും വൈകാരികപരവുമായ വൈകല്യങ്ങൾ സ്കൂൾ തലത്തിൽത്തന്നെ കണ്ടുപിടിക്കാനും ആവശ്യമായ പ്രാഥമിക ഇടപെടലുകൾ നടത്താനും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ വിദ്യാലയങ്ങളിലും കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമോ?

ഉത്തരം

(എ) കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തെ തന്നെ കണ്ടെത്തുവാൻ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിലൂടെ കഴിയും. വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണത, ലഹരിവസ്തുക്കളുടെ ഉപയോഗം, മാനസിക സമ്മർദ്ദങ്ങൾ എന്നിവയെല്ലാം തുടക്കത്തിലേ കണ്ടെത്തി സ്കൂൾ കൗൺസിലറുടെ സേവനം ലഭ്യമാക്കുകയും വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അടുത്തുള്ള ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകൾ വഴി അത് ലഭ്യമാക്കാനും കഴിയും.

(ബി) കുട്ടികൾക്ക് ഉണ്ടാകാവുന്ന വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, Specific Learning Disability, Intellectual Disability മുതലായ വൈകല്യങ്ങൾ നേരത്തെ തന്നെ കണ്ടെത്തുവാനും പ്രാഥമിക ഇടപെടലുകൾ നടത്തുവാനും ജില്ലാ മാനസികാരോഗ്യ പരിപാടി വഴി അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. അടുത്ത സാമ്പത്തിക വർഷവും ഇതിനായി ഫണ്ട് സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(സി) പരിശീലനം ലഭിച്ച അദ്ധ്യാപകർ കണ്ടെത്തുന്ന വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ/വൈകല്യങ്ങളുള്ള കുട്ടികൾക്ക് ICDS-ന്റെ കീഴിലുള്ള സ്കൂൾ കൗൺസിലറുടെ സേവനം ലഭ്യമാക്കുന്നതാണ് അഭികാമ്യം. ഇതിനുള്ള പരിശീലനം ജില്ലാ മാനസികാരോഗ്യ പരിപാടി വഴി സ്കൂൾ കൗൺസിലർമാർക്ക് നൽകിവരുന്നു. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് അടുത്തുള്ള ജില്ലാ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകൾവഴി അത് ലഭ്യമാക്കാനും കഴിയും. അതിനുള്ള റഫറൽ ഫോമുകൾ സ്കൂൾ കൗൺസിലർമാർക്ക് നൽകിയിട്ടുണ്ട്.

**പൊതുജനാരോഗ്യനയം**

182 (199) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യനയം നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പൊതുജനാരോഗ്യ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നയത്തിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&സി) 28-1-2019-ലെ സ.ഉ.നമ്പർ 20/2019/ആ.കു.വ. പ്രകാരം സർക്കാർ നിയമിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ആരോഗ്യനയം അംഗീകരിച്ച് ഉത്തരവായിരുന്നു. ആരോഗ്യരംഗത്ത് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നിരവധിയാണ്. വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ്, ജീവിതശൈലീ രോഗങ്ങളുടെയും പരിസ്ഥിതിജന്യ രോഗങ്ങളുടെയും വർദ്ധനവ്, ജനസംഖ്യാ ഘടനയിൽ വന്ന വ്യത്യാസം, മുതിർന്ന പൗരന്മാരുടെ ആരോഗ്യ പ്രശ്നങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആരോഗ്യ

പ്രശ്നങ്ങൾ, അപകടങ്ങളും പരിക്കുകളും ആത്മഹത്യ, മാനസികരോഗികളുടെ എണ്ണത്തിലെ വർദ്ധനവ്, ആരോഗ്യരംഗത്തെ മനുഷ്യവിഭവശേഷിയുടെ എണ്ണത്തിലുള്ള കുറവ് എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടത്. ഇതിൽ പകർച്ചവ്യാധികളുടെ നിയന്ത്രണം, ജീവിതശൈലീരോഗ നിയന്ത്രണം, പ്രാഥമികതലത്തിൽ കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ, പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ, ദ്വിതീയതലത്തിൽ രോഗസങ്കീർണ്ണതകളുടെ നിയന്ത്രണം, ദ്വിതീയ, ത്രിതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവൽക്കരണം, ത്രിതല റഫറൽ സമ്പ്രദായം നടപ്പാക്കൽ, ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണം ഏർപ്പെടുത്തൽ എന്നിവയ്ക്ക് മുൻഗണന നൽകി മുഴുവൻ ജനങ്ങളുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്താനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരം കാഴ്ചപ്പാടോടെ കേരളത്തിന്റെ ആരോഗ്യ മേഖല മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘകാലവും ഹ്രസ്വകാലവുമായുള്ള ലക്ഷ്യങ്ങളും നയം മുന്നോട്ട് വയ്ക്കുന്നുണ്ട്. പൊതുജനാരോഗ്യത്തിന്റെ ത്രിതല സംവിധാനങ്ങളുടെ ഘടനയും അവ ഓരോന്നിന്റെയും ഉത്തരവാദിത്വങ്ങളും ആരോഗ്യ സേവന വകുപ്പിന്റെ ഘടന, ഭരണനിർവ്വഹണം, വികേന്ദ്രീകൃത തീരുമാനമെടുക്കൽ, കാര്യക്ഷമത, പരിപോഷണം, മെഡിക്കൽ ഓഡിറ്റിംഗ് പരാതി പരിഹാര സെൽ, സ്വകാര്യ ആരോഗ്യ പരിപാലന സംവിധാനങ്ങളുടെ നിയന്ത്രണം, മാനുഷിക വിഭവശേഷി, രോഗനിർണ്ണയ സേവനങ്ങൾ, മരുന്നുകൾ, ഉപകരണങ്ങൾ എന്നീ ശീർഷകങ്ങളുടെ വിശദാംശങ്ങളും ഇതോടൊപ്പംതന്നെ ആരോഗ്യമേഖലയിൽ സവിശേഷശ്രദ്ധ നൽകേണ്ട മേഖലകളെപ്പറ്റിയും പൊതുജനാരോഗ്യ നിയമങ്ങളെപ്പറ്റിയും ആരോഗ്യ നയം പ്രതിപാദിക്കുന്നുണ്ട്.

(ബി) പൊതുജനാരോഗ്യ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണന നൽകേണ്ട കാര്യങ്ങൾക്ക് വകുപ്പ് പ്രത്യേക ശ്രദ്ധനൽകിവരുന്നു. ഇതിൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണങ്ങൾക്കായി പ്രത്യേക ശ്രദ്ധ നൽകി വിവിധ വകുപ്പുകളെയും ഏജൻസികളെയും പൊതുജനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ആരോഗ്യ ജാഗ്രത എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. പ്രാഥമിക തലത്തിൽതന്നെ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി കുട്ടികളും കൗമാരക്കാരും ഉൾപ്പെടുന്ന പൊതുജനങ്ങൾക്ക് ആർദ്രം പീപ്പിൾസ് കാമ്പയിന്റെ ഭാഗമായി ആരോഗ്യ ബോധവത്ക്കരണം നടത്തിവരുന്നു. ഇതുകൂടാതെ അവരിൽ വ്യായാമം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ ജില്ലയിലും ഓപ്പൺ ജിംനേഷ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രമേഹത്തിന്റെ നയന സങ്കീർണ്ണതാ നിർണ്ണയത്തിനായി നയനാമൃതം പദ്ധതിയും നടപ്പിലാക്കുന്നു.

ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിച്ച് അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. മാത്രമല്ല, മാനുഷിക വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം ഉൾപ്പെടെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ മാത്രം 3159 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## പകർച്ചവ്യാധികൾ

183 (200) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പലതരത്തിലുമുള്ള പുതിയ പകർച്ചവ്യാധികളുടെ കേന്ദ്രമാകുന്നത് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ശരീര ശുദ്ധിക്കും, വ്യക്തി ശുചിത്വത്തിനും പേരുകേട്ട കേരളീയരെ തുടരെ തുടരെ പകർച്ചവ്യാധികൾ ബാധിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) 2019-ൽ പകർച്ചവ്യാധികൾമൂലം എത്രപേർ ചികിത്സ തേടിയെന്നും, അതിലെത്ര പേർ മരണപ്പെട്ടുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനം പലതരത്തിലുമുള്ള പുതിയ പകർച്ചവ്യാധികളുടെ കേന്ദ്രമാകുന്നില്ല. എന്നാൽ സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം ശക്തമായതിനാൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചവ്യാധികൾ ആരംഭത്തിലേ തന്നെ നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ട്. നിപ, കോവിഡ് 19 തുടങ്ങിയ രോഗങ്ങളുടെ വൻതോതിലുള്ള വ്യാപനം തടയുവാൻ സാധിച്ചത് സമയബന്ധിതവും ക്രിയാത്മകവുമായ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചതിനാലാണ്.

(ബി) രോഗം ഉണ്ടാകുന്നതിന് കാരണമായ രോഗാണുവിന്റെയും മനുഷ്യരുടെയും മറ്റ് ജീവജാലങ്ങളുടെയും അവ ജീവിക്കുന്ന ചുറ്റുപാടുകളുടെയും സന്തുലിതാവസ്ഥ നഷ്ടപ്പെടുമ്പോഴാണ് സാധാരണയായി പകർച്ചവ്യാധികൾ ഉണ്ടാകുന്നത്. ഓരോ രോഗത്തിന്റെയും വ്യാപനം വ്യത്യസ്ത രീതിയിലാണ്. ശരീരശുദ്ധിയും, വ്യക്തി ശുചിത്വവും അവയെ തടയുന്നതിൽ ഏറെക്കുറെ പങ്ക് വഹിക്കുന്നുണ്ടെങ്കിലും മിക്ക രോഗങ്ങളും പകരുന്നത് വായുവിലൂടെയും പ്രാണികൾ, മറ്റ് ജന്തുക്കൾ മുതലായ രോഗവാഹകരിലൂടെയുമാണ്. കേരളത്തിന്റെ ഭൂപ്രകൃതിയും

വർദ്ധിച്ച ജനസാന്ദ്രതയും ജനങ്ങളുടെ ജീവിത ശൈലിയിലുണ്ടായ മാറ്റങ്ങളും കാലാവസ്ഥാവ്യതിയാനവുമെല്ലാം ഇത്തരം പകർച്ചവ്യാധികൾ പെരുകുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കംപോലുള്ള പ്രകൃതി ദുരന്തങ്ങളും ഇത്തരം പകർച്ചവ്യാധികൾ കൂടുതലായി ഉണ്ടാകാനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ട്.

(സി) 2019-ൽ പകർച്ചവ്യാധിമൂലം രോഗബാധിതരായവരുടെയും മരണപ്പെട്ടവരുടെയും സ്ഥിതിവിവരക്കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**പകർച്ചവ്യാധികൾ തടയാൻ നടപടി**

184 (201) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ ബാധിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2019-ൽ പകർച്ചവ്യാധികൾ പിടിപെട്ട് മരിച്ചവരുടെയും ചികിത്സ തേടിയവരുടെയും എണ്ണമെത്ര; ഏതു പകർച്ചവ്യാധി ബാധിച്ചാണ് ഏറ്റവും കൂടുതൽപേർ മരണമടഞ്ഞത്; വിശദാംശം നൽകുമോ;

(സി) ഓരോ മഴക്കാലത്തും പലതരം കൊതുകുകൾ പരത്തുന്ന പകർച്ചവ്യാധികൾ ഒട്ടേറെപേരുടെ മരണത്തിന് കാരണമാകുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) ഇത് തടയുന്നതിനായി പരിസര ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, കൊതുക് നിവാരണം എന്നിവ ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും അടിയന്തര നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 2017-മായി താരതമ്യം ചെയ്യുമ്പോൾ ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, എച്ച് 1 എൻ 1, ടൈഫോയിഡ്, ഡിഫ്ത്തീരിയ തുടങ്ങിയ പകർച്ചവ്യാധികളും ഇവമൂലമുള്ള മരണങ്ങളും 2019-ൽ കാര്യമായി കുറയ്ക്കുവാൻ സാധിച്ചു. എന്നാൽ ചിക്കൻഗുനിയ, മഞ്ഞപ്പിത്തം എ, വയറിളക്കരോഗങ്ങൾ, വെസ്റ്റ് നൈൽ ഫീവർ, ചെള്ളുപനി, കുരങ്ങുപനി തുടങ്ങിയവ 2017-നെ അപേക്ഷിച്ച് കുറച്ച് വർദ്ധിച്ചിട്ടുണ്ട്. 2018-ൽ ആദ്യമായി നിപ രോഗം സംസ്ഥാനത്തുണ്ടായപ്പോൾ അതിനെ വളരെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വേഗം നിയന്ത്രിച്ചുനിർത്താനും 2019-ൽ നിപ ബാധ ഒരാളിൽ മാത്രമായി ഒതുക്കി നിർത്തുവാനും സാധിച്ചു. 2018-നെ അപേക്ഷിച്ച് 2019-ൽ പ്രളയാനന്തരമുണ്ടായ എലിപ്പനി രോഗബാധയും അതുമൂലമുണ്ടായ മരണങ്ങളും ഡോക്സിഡേ ക്യാമ്പയിൻ ഫലപ്രദമായി നടത്തിയതിന്റെ ഫലമായി വളരെയധികം കുറയ്ക്കുവാൻ സാധിച്ചു (സ്ക്രബ് ടൈഫസ്, ചിക്കൻ പോക്സ് ഒഴികെയുള്ള മിക്ക പകർച്ചവ്യാധി മരണങ്ങളും 2018-നെ അപേക്ഷിച്ച് വളരെയധികം കുറയ്ക്കുവാനായി).

(ബി) 2019-ൽ പകർച്ചവ്യാധികൾ പിടിപെട്ട് മരിച്ചവരുടെയും ചികിത്സ തേടിയവരുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

2019-ൽ എലിപ്പനിരോഗം ബാധിച്ചാണ് കൂടുതൽ പേർ മരണപ്പെട്ടത്.

(സി) മഴക്കാലത്ത് മാത്രമല്ല വർഷം മുഴുവൻ കൊതുകുകൾ പരത്തുന്ന പകർച്ചവ്യാധികൾ ഉൾപ്പെടെ വിവിധ പകർച്ചവ്യാധികളും അവമൂലമുള്ള മരണങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി "ആരോഗ്യജാഗ്രത" എന്ന പേരിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സർക്കാർ 2018 മുതൽ ഊർജ്ജിതമായി നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, കൊതുകുനിരീക്ഷണം, സംയോജിത കൊതുകുനിയന്ത്രണം, പ്രതിരോധ/ബോധവത്കരണ ക്യാമ്പയിനുകൾ, ഡ്രൈഡേ ആചരണം, പൊതുജനാരോഗ്യ നിയമാനുസൃതമായ പരിശോധനകൾ തുടങ്ങിയവ നടത്തിവരുന്നു. കൊതുകുജന്യരോഗം ബാധിച്ചവർക്ക് അംഗീകൃത ചികിത്സാ മാർഗ്ഗരേഖയനുസരിച്ച് ചികിത്സ നൽകുകയും ചെയ്തുവരുന്നു. രോഗം പൊട്ടിപ്പുറപ്പെടുന്നിടത്ത് ദ്രുതകർമ്മസേന സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി ഊർജ്ജിത നിയന്ത്രണം നടത്തുന്നു. സംസ്ഥാനതലത്തിൽ പകർച്ചവ്യാധി മരണം യഥാസമയം ആഡിറ്റ് ചെയ്ത് ഭാവിയിൽ ഒഴിവാക്കുവാൻ കഴിയുന്ന സാഹചര്യങ്ങൾ കണ്ടെത്തി തുടർനടപടി സ്വീകരിക്കുന്നു. 2017-ലാണ് കൂടുതൽ പേർ പ്രധാന കൊതുക് ജന്യരോഗമായ ഡെങ്കിപ്പനിമൂലം മരിക്കാനിടയായത്. എന്നാൽ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയതിന്റെ ഫലമായി 2018-ലും 2019-ലും ഡെങ്കിപ്പനിയും അതുമൂലമുണ്ടായിട്ടുള്ള മരണങ്ങളും ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി 'ആരോഗ്യജാഗ്രത' എന്ന പേരിൽ 2018 മുതൽ സർക്കാർ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപരിപാടി നടപ്പിലാക്കിവരുന്നുണ്ട്. ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക/ പാരിസ്ഥിതിക ഘടകങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതാകയാൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ്, ജലവിഭവ വകുപ്പ്, ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ തുടങ്ങിയ വകുപ്പുകളുടെ പങ്കാളിത്തത്തോടെയും വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ വഴി നിയുക്തരാകുന്ന ആരോഗ്യ സേനാംഗങ്ങളുടെ സഹായത്തോടെയും പൊതുജന പങ്കാളിത്തത്തോടെയുമാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്.

പരിസര ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, കൊതുകുറവിട നശീകരണം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുവാനായി ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കിയ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഒരു സർക്കുലറും തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യജാഗ്രതയുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 23-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് ജില്ലാതലത്തിലും ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ഉദ്ഘാടനവും തുടർപരിപാടികളും നടപ്പിലാക്കിവരുന്നുണ്ട്.

## കോവിഡ്-19 (കൊറോണ വൈറസ്)

185 (202) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 (കൊറോണ) വൈറസ് ഇന്ത്യ ഉൾപ്പടെ പല രാജ്യങ്ങളിലും പ്രത്യേകിച്ച് സംസ്ഥാനത്തും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ചെയ്ത പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും എത്ര പേർ നിരീക്ഷണത്തിലെത്തിയെന്നും നിലവിൽ അവരുടെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗബാധയുടെ ചികിത്സയ്ക്കായി കേന്ദ്ര സഹായം ഉൾപ്പെടെ ലോക രാജ്യങ്ങളുടെയും ലോകാരോഗ്യ സംഘടനകളുടെയും എന്തെല്ലാം സഹായം സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭ്യമായി എന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾക്കും രോഗബാധിതരെ സഹായിക്കുവാനുമായി എന്തെല്ലാം സഹായം സംസ്ഥാന സർക്കാരും ആരോഗ്യവകുപ്പും കേന്ദ്രസർക്കാരിനോടഭ്യർത്ഥിച്ചുവെന്നും ലഭ്യമായവ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചൈനയിൽ കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലോകാരോഗ്യ സംഘടന, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, IDSP, കേന്ദ്ര രോഗ നിരീക്ഷണ യൂണിറ്റ് തുടങ്ങിയവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി ജില്ലാ ഓഫീസുകളിലേയ്ക്ക് അയച്ച് അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു. സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ ഉന്നതതലയോഗം, ദ്രുതകർമ്മസേനായോഗം, മാധ്യമയോഗം എന്നിവയും നടത്തി. രോഗനിരീക്ഷണം, ചികിത്സ, പ്രതിരോധം, ബോധവൽക്കരണം തുടങ്ങിയവയെപ്പറ്റിയുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കൊറോണ വൈറസ് ബാധിത പ്രദേശങ്ങളിൽ നിന്നും എത്തുന്ന യാത്രികരിൽ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ 28 ദിവസം വീടുകളിൽ പ്രത്യേകം മാറ്റിപ്പാർപ്പിച്ച് നിരീക്ഷിക്കുവാനും രോഗലക്ഷണങ്ങൾ ഉള്ളവരെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, ജില്ല/ ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ള ഐസൊലേഷൻ റൂമുകളിൽ പ്രവേശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. സംസ്ഥാന/ജില്ലാ തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജീകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി മരുന്നുകളും വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളും മറ്റും സംഭരിച്ച് വിതരണം ചെയ്തുവരുന്നു.

രോഗസ്ഥിരീകരണത്തിനായി ആദ്യഘട്ടത്തിൽ സാംപിളുകൾ പൂനെയിലെ ദേശീയ വൈറോളജി യൂണിറ്റിലും ഇപ്പോൾ ആലപ്പുഴയിലെ വൈറോളജി യൂണിറ്റിലും അയച്ചുവരുന്നു. ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പത്ര/ദൃശ്യ/ശ്രവ്യ/സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിലൂടെയും ആവശ്യമായ അവബോധം നൽകിവരുന്നു.

ആരോഗ്യ വകുപ്പുമന്ത്രിയുടെയും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രതിദിന പ്രവർത്തന പുരോഗതി റിപ്പോർട്ടുകൾ വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

വ്യക്തിശുചിത്വ ബോധവത്കരണ നിർദ്ദേശങ്ങളും പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്. രോഗം സംബന്ധിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ആരോഗ്യം, ടൂറിസം, മൃഗസംരക്ഷണം തുടങ്ങിയ വകുപ്പുകൾക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുകയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഫെബ്രുവരി 24-ാം തീയതി വരെ 3980 പേരാണ് ആകെ നിരീക്ഷണത്തിലുണ്ടായിരുന്നത്. നിരീക്ഷണകാലം പൂർത്തിയായ മുറയ്ക്ക് ഇതിൽ 3845 പേരെ നിരീക്ഷണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 135 പേരാണ് നിലവിൽ നിരീക്ഷണത്തിലുള്ളത്. ഇതിൽ 128 പേർ വീടുകളിലും 7 പേർ വിവിധ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 2020 ഫെബ്രുവരി 24 വരെ 449 പേരെ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 3 പേർക്ക് മാത്രമാണ് രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളത്. ഈ മൂന്നുപേരുടെയും പരിശോധനാഫലം നെഗറ്റീവ് ആയതിനെ തുടർന്ന് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്ത് വീടുകളിൽ നിരീക്ഷണത്തിൽ കഴിയുകയാണ്. അവരുടെ ആരോഗ്യനില തൃപ്തികരമായി തുടരുന്നു.

(ബി&സി) കൊറോണ വൈറസ് രോഗബാധ ചൈനയിൽ റിപ്പോർട്ട് ചെയ്ത വിവരം ലഭ്യമായ ഉടൻതന്നെ കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം, ദേശീയ പകർച്ചവ്യാധി നിയന്ത്രണ കേന്ദ്രം, ലോകാരോഗ്യ സംഘടന തുടങ്ങിയവയിൽ നിന്നും ലഭ്യമാക്കിയ നിർദ്ദേശങ്ങൾ, ചികിത്സയ്ക്കും ലബോറട്ടറി പരിശോധനയ്ക്കും മറ്റുമുള്ള മാർഗ്ഗരേഖകൾ, റിപ്പോർട്ടിംഗ് ഫോർമാറ്റുകൾ തുടങ്ങിയവ എല്ലാ ജില്ലകൾക്കും അയച്ചുകൊടുത്തു.

ലോകാരോഗ്യ സംഘടനയുടെ സർവ്വയലൻസ് മെഡിക്കൽ ഓഫീസർമാർ സംസ്ഥാനതല കൺട്രോൾ റൂമിൽ പ്രൈവറ്റ് ഹോസ്പിറ്റൽ കോ-ഓർഡിനേഷൻ ടീമിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി പ്രവർത്തിച്ചിരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും കൊറോണ രോഗബാധക്കെതിരെയുള്ള പ്രവർത്തനങ്ങളും ഒരുക്കങ്ങളും വിലയിരുത്തുന്നതിനായി വിദഗ്ദ്ധ സംഘം കൊച്ചി, തിരുവനന്തപുരം വിമാനത്താവളം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

കൊറോണ വൈറസ് രോഗബാധ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 14000 പേഴ്സണൽ പ്രൊട്ടക്ടീവ് എക്വിപ്‌മെന്റുകൾ, 50000 N95 മാസ്കുകൾ, 200000 ട്രിപ്പിൾ ലേയർ മാസ്കുകൾ, 200 മില്ലീ ലിറ്ററിന്റെ 28000 ഹാൻഡ് റബ്

ലിക്വിഡ് എന്നിവ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയം വഴി 1000 പേഴ്സണൽ പ്രൊട്ടക്ടീവ് എക്വിപ്മെന്റുകളും N95 മാസ്കുകൾ 5000 എണ്ണവും ലഭ്യമായിട്ടുണ്ട്.

## സൗജന്യ മരുന്നുവിതരണം

186 (203) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസി വഴി ഹിമോഫീലിയ രോഗികൾക്ക് സൗജന്യമായി നൽകിയിരുന്ന മരുന്നുകളുടെ വിതരണം സംസ്ഥാനത്ത് നിലച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിയന്തരമായി പ്രസ്തുത മരുന്നുകളുടെ വിതരണം തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന ജീവൻ രക്ഷാ മരുന്നുകളുടെ ലഭ്യതയിൽ സംസ്ഥാനത്തെ ചില ഭാഗങ്ങളിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും വിതരണം നിലച്ചിട്ടില്ല. മരുന്നുകളുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

## ആരോഗ്യ മേഖലയിലെ കിഫ്ബി പദ്ധതികൾ

187 (204) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ കിഫ്ബി വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആശുപത്രികളിൽ കിഫ്ബി വഴി എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം താലൂക്കാശുപത്രിയിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ മേഖലയിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സമഗ്ര മാസ്റ്റർ പ്ലാൻ മുഖേന ആശുപത്രികളുടെ സമ്പൂർണ്ണ വികസനമാണ് കിഫ്ബി പദ്ധതികളിലൂടെ വിഭാവനം ചെയ്യുന്നത്. ഓരോ ആശുപത്രികളിലും എത്തുന്ന രോഗികൾക്ക് ഏറ്റവും ആധുനികമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഔട്ട് പേഷ്യന്റ് വിഭാഗങ്ങളുടെ നവീകരണം സമഗ്ര ട്രോമാകെയർ സംവിധാനം, ആധുനിക ലാബ് സൗകര്യങ്ങൾ, അത്യാധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവയെല്ലാം ഓരോ ആശുപത്രിയുടെ ആവശ്യകതയനുസരിച്ച് സജ്ജീകരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ വികസനം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തുടർ ചികിത്സയ്ക്കുവേണ്ടിയുള്ള ധനസഹായ പദ്ധതി**

188 (205) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി മാറ്റ സർജറി നടത്തിയ ആളുകളുടെ തുടർ ചികിത്സയ്ക്ക് എന്തെങ്കിലും ധനസഹായ പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പാലക്കാട് ജില്ലയിൽ ഈ ഇനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) അംഗീകൃത ആശുപത്രികളിൽ കിഡ്നി മാറ്റിവയ്ക്കൽ സർജറിക്ക് വിധേയരായവർക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ചികിത്സിച്ച ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവർക്ക് ഈ പദ്ധതി പ്രകാരം പരമാവധി 50,000 രൂപ ധനസഹായം അനുവദിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതുകൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ 'സമാശ്വാസം പദ്ധതി' പ്രകാരം പ്രസ്തുത ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ 5 വർഷം വരെ ധനസഹായം അനുവദിക്കുന്നുണ്ട്. അവയവമാറ്റ ശസ്ത്രക്രിയ നടത്തി 6 മാസത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ കാരുണ്യ പദ്ധതി വഴിയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയും ചികിത്സാ സഹായം നൽകിവരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

189 (206) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാർവത്രിക ആരോഗ്യ സുരക്ഷാ പദ്ധതി സർക്കാർ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സവിശേഷതകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നറിയിക്കുമോ;

(ഡി) ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്തതുമായ കുടുംബങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) ഇത്തരക്കാർക്ക് പഴയ കാരുണ്യ സ്കീമിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയാണ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്നത്.

(ബി&സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പദ്ധതിയിൽ എംപാനൽ ചെയ്ത രാജ്യത്തെ ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുന്നത്. ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള അസുഖങ്ങളായിരിക്കണം. കിടത്തി ചികിത്സ ആരംഭിക്കുന്നതിനുമുമ്പുള്ള മൂന്ന് ദിവസത്തെ പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്തെ ചികിത്സയ്ക്കും മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും സൗജന്യ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായായതിനുശേഷം അഞ്ച് ദിവസം വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന തുകയും സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. കിടത്തി ചികിത്സിക്കുന്നതിനുള്ള ആനുകൂല്യം ലഭിക്കുന്ന 1978-ൽപ്പരം ശസ്ത്രക്രിയകളും/ചികിത്സകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഏതു പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യ ചികിത്സാ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ് റേ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. ഡയാലിസിസ് പോലുള്ള ഡേ കെയർ ചികിത്സകളും പദ്ധതി പ്രകാരം ലഭ്യമാണ്.

(ഡി&ഇ) ഇൻഷ്വറൻസ് സ്കീമിനു പുറത്തുള്ള മറ്റു ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കാണ് കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ടി പദ്ധതിയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ എംപാനൽ ചെയ്ത ആശുപത്രികൾ വഴിയാണ് നൽകുന്നത്.

## കാരുണ്യ ബെനവലെന്റ് സ്കീം

190 (207) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് സ്കീമിന്റെ ഏജൻസി മാറിയതിനെത്തുടർന്ന് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത സ്കീമിന്റെ ആനുകൂല്യം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇതുസംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. ലോട്ടറീസ് വകുപ്പ് നടപ്പിലാക്കിയിരുന്ന പ്രസ്തുത പദ്ധതി ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നടപ്പിലാക്കുന്നു. ആശുപത്രികളിൽ സജ്ജീകരിച്ചിരിക്കുന്ന കേന്ദ്രത്തിൽ രോഗിയുടെ അപേക്ഷ സ്വീകരിച്ച് ഇ-മെയിൽ വഴി ചിയാക് ഡിസ്ട്രിക്ട് പ്രൊജക്ട് മാനേജർമാർ പരിശോധിച്ച് അപേക്ഷകൾക്ക് അംഗീകാരം നൽകുന്ന രീതിയിൽ പദ്ധതി സജ്ജീകരിച്ച് ചികിത്സാ ആനുകൂല്യം നൽകിവരുന്നു.

**എറണാകുളം ജനറൽ ആശുപത്രിയിലെ വികസന പദ്ധതികൾ**

191 (208) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കാമോ; ഇവയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം നിർമ്മിക്കുന്നതിന് 76,17,49,372 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. നൂതന ക്യാൻസർ ചികിത്സയ്ക്കുള്ള ലീനിയർ ആക്സിലറേറ്റർ മെഷീൻ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

3. ഹൃദ്രോഗ ചികിത്സയ്ക്കായി പുതിയ കാത്ത് ലാബ് കെ.എം.എസ്.സി.എൽ മുഖേന സ്ഥാപിച്ചിട്ടുണ്ട്.

4. ഗൈനക്കോളജി വിഭാഗത്തിനായി ഹൈ ഡിപ്പന്റൻസി യൂണിറ്റ് നവീകരണം നടത്തുകയും പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു (ഉപകരണങ്ങൾ വാങ്ങാൻ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ. മുഖേന 30 ലക്ഷം രൂപയും നൽകിയിട്ടുണ്ട്).

5. പുതിയ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് ശ്രീ. സച്ചിൻ ടെണ്ടുൽക്കർ എം.പി. 25 ലക്ഷം രൂപ അനുവദിച്ചു.

6. പുതിയ ഫിസിക്കൽ മെഡിസിൻ വാർഡിന് എം.എൽ.എ . ശ്രീ. ഹൈബി ഈഡൻ 80 ലക്ഷം രൂപ അനുവദിച്ചു.

7. പുതിയ ട്രോമാ കെയർ യൂണിറ്റിന്റെ പണി പുരോഗമിക്കുന്നു.

8. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ വികസിപ്പിക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

9. ബേൺസ് കെയർ യൂണിറ്റിന് കെ.എം.എസ്.സി.എൽ, ദേശീയ ആരോഗ്യ ദൗത്യം മുഖേന 231.27333 ലക്ഷം രൂപ അനുവദിച്ചു.

10. മൈക്രോബയോളജി ലാബിന് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 21 ലക്ഷം രൂപ അനുവദിച്ചു.

**സിക്കിൾസെൽ അനീമിയ**

192 (209) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിക്കിൾ സെൽ അനീമിയ രോഗികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ മാസത്തിലൊരിക്കൽ ആരോഗ്യ ക്യാമ്പുകൾ നടത്തി രോഗികൾക്ക് മരുന്നുവിതരണം നടത്തിവരുന്നു.

വയനാട് ജില്ലയിലെ അരിവാൾ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്തുവരുന്നുണ്ട്. സിക്കിൾസെൽ അനീമിയ ടെസ്റ്റുകൾക്കുള്ള സൗകര്യം ജില്ലാ ആശുപത്രി മാനന്തവാടി, പബ്ലിക് ഹെൽത്ത് ലാബ് സുൽത്താൻ ബത്തേരി, താലൂക്ക് ആസ്ഥാന ആശുപത്രി സുൽത്താൻ ബത്തേരി, താലൂക്ക് ആസ്ഥാന ആശുപത്രി വൈത്തിരി, ഗവൺമെന്റ് ജനറൽ ആശുപത്രി കൽപ്പറ്റ, സാമൂഹികാരോഗ്യ കേന്ദ്രം തരിയോട്/പൊരുന്നന്നൂർ/പുൽപ്പള്ളി എന്നിവിടങ്ങളിൽ

ലഭ്യമാണ്. ജില്ലയിലെ എല്ലാ അരിവാൾ രോഗികൾക്കും മെഡിക്കൽ കോളേജ് കോഴിക്കോടും, ആരോഗ്യ കേരളം വയനാടും സംയുക്തമായ പദ്ധതിയിലൂടെ 3 കിലോ വരുന്ന പോഷകാഹാര കിറ്റ് അരിവാൾ രോഗ ക്ലിനിക്കിലൂടെ നൽകിവരുന്നു. ഗോത്ര വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ട്രൈബൽ വകുപ്പ് 2500 രൂപയും മറ്റ് വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷാ വകുപ്പ് 2000 രൂപയും നൽകിവരുന്നു. പ്രസ്തുത ജില്ലയിൽ അരിവാൾ രോഗികളുള്ള എല്ലാ പഞ്ചായത്തിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി രോഗികൾക്ക് Cap. Hydroncy Urea, Tab Folic Acid എന്നിവ നൽകുകയും വിദഗ്ധ ചികിത്സ ജില്ലാ ആശുപത്രിയിൽ നൽകുകയും ചെയ്യുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതി മുഖേന അരിവാൾ രോഗ നിർണ്ണയ പരിശോധന നടത്തുകയും രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിലും മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് സിക്കിൾസെൽ രോഗികളുടെ ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്തുകൾ വഴി സാന്ത്വനം പദ്ധതി നടപ്പിലാക്കിവരുന്നു. ആകെയുള്ള സിക്കിൾസെൽ രോഗികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെയും ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ ആശുപത്രിയിൽ ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും മരുന്ന് നൽകുകയും ഡയറ്റീഷ്യന്റെ നേതൃത്വത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും ട്രൈബൽ വെൽഫെയർ ഓഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തുവരുന്നു. രോഗികളെ കൊണ്ടുവരുന്നതിനും പോകുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സിക്കിൾസെൽ സ്കാനിംഗ് പഠനങ്ങൾ നടത്തിയിരുന്നു. കൂടാതെ അട്ടപ്പാടിയിലെ 192 ആദിവാസി ഊരുകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തെരുവുനാടകം, കൂടാതെ അരിവാൾ രോഗമുള്ള വ്യക്തികൾ തമ്മിൽ വിവാഹം കഴിക്കാതെയിരിക്കാനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഗവൺമെന്റ് മെഡിക്കൽ കോളേജ് കോഴിക്കോട്, ആരോഗ്യ കേരളം പാലക്കാട്, ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ എന്നിവരുടെ സഹകരണത്തിൽ സിക്കിൾസെൽ ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ കോട്ടത്തറ ആശുപത്രിയിൽ വെള്ളിയാഴ്ച ജനിതക കൗൺസിലിംഗും കൗമാര കൗൺസിലിംഗും നടത്തിവരുന്നുണ്ട്. സ്പെഷ്യാലിറ്റി സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കിക്കൊണ്ടുള്ള ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി

കോട്ടത്തറയിൽ പ്രവർത്തിച്ചുവരുന്നു. ഐ.സി.യു, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, വെന്റിലേറ്റർ എന്നീ സൗകര്യങ്ങൾ ഉള്ളതിനാൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ കിടത്തി ചികിത്സയോടുകൂടി അഗളി സാമൂഹികാരോഗ്യകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തി മരുന്ന് നൽകുകയും ഡയറ്റീഷ്യന്റെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും ട്രൈബൽ വെൽഫെയർ ആഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തുവരുന്നു. രോഗികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുവിടുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി പ്രതിമാസം 1000 രൂപ ചികിത്സാ സഹായവും ആശുപത്രിയിൽ അഡ്മിറ്റായാൽ ചികിത്സയും നൽകി വരുന്നു. സിക്കിൾസെൽ അനീമിയ രോഗികൾക്ക് ക്ഷേമ പെൻഷനും നൽകിവരുന്നു.

താലൂക്കടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റും നൽകിത്തുടങ്ങിയിട്ടുണ്ട്.

(ബി) രക്തജന്യ രോഗങ്ങളായ ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിനായുള്ള പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നുണ്ട്.

## ലോകാരോഗ്യ സംഘടനയുടെ കീഴിലുള്ള പദ്ധതികൾ

193 (210) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ കീഴിൽ ഉള്ള എത്ര പദ്ധതികളാണ് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ലോകാരോഗ്യസംഘടനയുടെ ഫണ്ട് ഉപയോഗിച്ച് എത്ര വാഹനങ്ങൾ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വാങ്ങിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ ദുരുപയോഗം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ലോകാരോഗ്യ സംഘടനയുമായി സഹകരിച്ചുകൊണ്ട് ജീവിതശൈലീരോഗ നിർണ്ണയ പദ്ധതിയുടെ കീഴിൽ രക്താതിമർദ്ദം, പ്രമേഹം എന്നിവ നിയന്ത്രിക്കുന്നതിന് IHMI (India Hypertension Control/Management Initiative) എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ പൊതുജനാരോഗ്യ വിദഗ്ധരെയും (Cardio Vascular Health Officer- CVHO) നിരീക്ഷണ ഉദ്യോഗസ്ഥരെയും (Senior Treatment Supervisor- STS) നിയമിച്ചിട്ടുണ്ട്.

ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതിയായ NTEP-യിൽ ലോകാരോഗ്യ സംഘടനയുടെ സഹകരണം ലഭിക്കുന്നുണ്ട്. ഇതിനായി വിദഗ്ധ ഡോക്ടർമാരുടെ സേവനം ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ ലഭിക്കുന്നുണ്ട്.

പോളിയോ നിർമ്മാർജ്ജന പദ്ധതിക്ക് പര്യവേക്ഷണ ഉദ്യോഗസ്ഥരുടെ സേവനം ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെ ലഭിച്ചുവരുന്നു.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ നടന്നുവരുന്ന Government of Kerala -WHO Dengue study ലോകാരോഗ്യ സംഘടനയുടെ സഹകരണത്തോടെയാണ്. ഇത് കൂടാതെ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ ഫൈലേറിയാസിസ് റിസർച്ച് യൂണിറ്റ് ലോകാരോഗ്യ സംഘടനയുടെ കീഴിലാണ്.

(ബി&സി) ഈ പദ്ധതി പ്രകാരം വാഹനങ്ങൾ ഒന്നുംതന്നെ വാങ്ങിയിട്ടില്ല.

**ആരോഗ്യകിരണം പദ്ധതി**

194 (211) <u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസ് വരെയുള്ള അർഹതപ്പെട്ട എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി 'ആരോഗ്യകിരണം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇത്തരം രോഗികളുടെ ഏതെല്ലാം ചെലവുകളാണ് വഹിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി പ്രകാരം രോഗികൾക്ക് ലഭ്യമാകുന്ന അനുബന്ധ വൈദ്യ സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ ജില്ലയ്ക്കും കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ജനനം മുതൽ 18 വയസ് വരെ പ്രായത്തിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായനികുതി ദായകർക്കും സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

(ബി) ഈ പദ്ധതിയിലൂടെ ഒ.പി. ടിക്കറ്റ്, മരുന്നുകൾ, ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും പൂർണ്ണമായി സൗജന്യമായി ലഭിക്കുന്നതാണ്. ഇതുകൂടാതെ ചില പ്രത്യേക സാഹചര്യങ്ങളിൽ ചില കുട്ടികൾക്കുണ്ടാകുന്ന മാരകമായ അസുഖങ്ങൾക്കുണ്ടാകുന്ന ചികിത്സകൾക്ക് (കരൾ മാറ്റിവയ്ക്കൽ, മജ്ജ മാറ്റിവയ്ക്കൽ തുടങ്ങിയവ) ചികിത്സാ സഹായം സ്വകാര്യ ആശുപത്രികൾ മുഖാന്തരം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ആശുപത്രിയിൽ ലഭ്യമാകാത്ത മരുന്നുകൾ/പരിശോധനകൾ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള നിർദ്ദിഷ്ട മരുന്നുകടകൾ/ലാബുകളിൽനിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

(ഡി) കോർപ്പസ് ഫണ്ട് നൽകിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് 20 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 5 കോടി രൂപ നാഷണൽ ഹെൽത്ത് മിഷൻ വഴി 9 ജില്ലകൾക്കായി കൈമാറിയിട്ടുണ്ട്.

**ആരോഗ്യമേഖലയിലെ പുതിയ പദ്ധതികൾ**

195 (212) <u>ശ്രീ.കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആരോഗ്യമേഖലയിൽ എത്ര പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

I. <u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ.
2. രോഗീസൗഹൃദ ആശുപത്രി സംവിധാനം വികസിപ്പിക്കൽ
3. തെരഞ്ഞെടുത്ത ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കൽ
4. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കൽ
5. സർക്കാർ ആശുപത്രികളിൽ ഖര-ജല മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തൽ
6. ഗോത്ര, തീരദേശ, പിന്നോക്ക മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വികസിപ്പിക്കൽ
7. നഴ്സിംഗ് സേവനം ശക്തിപ്പെടുത്തൽ
8. ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളിൽ നേത്ര ചികിത്സാ സംവിധാനം ശക്തിപ്പെടുത്തൽ
9. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി/പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന
10. IHMI/IHCI (India Hypertension Management/Control Initiative)
11. ഡയബറ്റിക് റെറ്റിനോപ്പതി (നയനാമൃതം പദ്ധതി)
12. COPD നിയന്ത്രണ പദ്ധതി (SWASS)
13. 360 ഡിഗ്രി മെറ്റബോളിക് സെന്റർ ഓഫ് എക്സലൻസ്
14. പക്ഷാഘാത ചികിത്സാ പദ്ധതി (ശിരസ്- SIRAS (Stroke identification, Rehabilitation, Awareness and Stabilisation programme))
15. COTPA - yellow line campaign

16. ക്യാൻസർ കെയർ പ്രോഗ്രാം
17. ജില്ലാ/ജനറൽ ആശുപത്രികളിൽ കാത്ത് ലാബും താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകളും
18. താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള കിഫ്ബി പദ്ധതികൾ.

II. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ

1. Establishment & Modernization of Drug Store under DME
2. Revamping of existing infrastructure and maintenance of high end equipment in Medical Colleges.
3. Creation of Patient Friendly Hospital Environment (DME)
4. Providing modern imaging facilities including interventional radiology in Medical Colleges.
5. Strengthening Trauma care facilities in Medical Colleges
6. Setting up of molecular diagnostic facilities in Medical Colleges
7. Comprehensive Stroke Centre in Government Medical Colleges
8. Setting up of advanced cardiac care facilities
9. Ensuring fire & safety guidelines in all Medical Colleges
10. Ensuring disabled & elderly friendly environment in all Medical Colleges.
11. Comprehensive Centre for skill development & virtual simulation training
12. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി കിഫ്ബി വഴി നടപ്പാക്കിവരുന്നു.
13. ആർ.സി.സി മോഡൽ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 105

തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 5 മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോപതോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു.

III. ഇംഹാൻസ് (Institute of Mental Health and Neurosciences)

1. ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട്
2. റിക്കവറി ഫെസിലിറ്റേഷൻ പ്രോജക്ട്
3. ബുദ്ധിവളർച്ചാ വികാസപ്രശ്നങ്ങൾ, സംസാരഭാഷ, സാമൂഹ്യ ഇടപെടൽ എന്നീ മേഖലകളിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന 3-5 വയസ് വരെ പ്രായമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന പരിശീലന പദ്ധതി.
4. കേരളത്തിൽ ആദ്യമായി ക്ലിനിക്കൽ സൈക്കോളജിയിൽ M.Phil കോഴ്സ് 2017-ൽ ആരംഭിച്ചു.

IV. ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം

1. മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിലേയ്ക്കായി, ആധുനിക ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തൃശ്ശൂരിലെ മുളങ്കുന്നത്തുകാവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
2. എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ, ആധുനിക മൈക്രോ ബയോളജി ലാബ് സെക്ഷൻ ആരംഭിച്ചിട്ടുണ്ട്.
3. ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് വ്യാപാരികളുടെ സംഘടനയുമായി ചേർന്ന് പ്രൗഡ് (പ്രോഗ്രാം ഓഫ് റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്) എന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

V. ഐക്കോൺസ് (Institute for Communicative & Cognitive Neurosciences)

ഐക്കോൺസിന്റെ ഷൊർണ്ണൂർ കേന്ദ്രത്തിൽ അക്കാദമിക് ബ്ലോക്കിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.

VI. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്</u>

1. 2016-17-ൽ പൂർത്തിയാക്കിയ കെട്ടിടത്തിൽ 39 കിടക്കകളുള്ള ഇൻപേഷ്യന്റ് വിഭാഗം ആരംഭിച്ചു.

2. ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന " C-DINOC" (Centre for Diabetes & Non Communicable Diseases Prevention) പദ്ധതിയുടെ ഭാഗമായി പ്രമേഹരോഗികളിൽ വ്യായാമമുറകൾ സ്വീകരിച്ച് ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് മോഡേൺ ജിം ഉൾപ്പെടെ ഹെൽത്ത് ക്ലബ്ബും യോഗാസെന്ററും ആരംഭിച്ചു.

3. സ്ഥാപനത്തിന്റെ വൈദ്യുതി ഉപയോഗത്തിനായി 30KW സൗരോർജ്ജ നിലയം സ്ഥാപിച്ചു. ഇവയ്ക്കുപുറമേ ഒരു ഡിജിറ്റൽ എക്സ്റേ സംവിധാനം, നേത്ര ചികിത്സയുമായി ബന്ധപ്പെട്ട് റെറ്റിനാ സ്കാനിംഗിനായി ഒരു ഒപ്റ്റിക്കൽ കൊഹിയറൻസ് ടോമോഗ്രഫി (OCT) എന്നിവ ഒരുക്കിയിട്ടുണ്ട്.

4. കൂടാതെ സർക്കാർ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് താഴെപ്പറയുന്ന പഠന/ഗവേഷണ പദ്ധതികൾ നടന്നുവരുന്നു.

   i. Pattern of Glucose tolerance among pregnant women and its effect in the offspring

   ii. Epidemiological study to assess prevalence of Diabetes in children

   iii. ഈ വർഷം ഡയബറ്റിസ് നഴ്സ് എഡ്യൂക്കേറ്റർ കോഴ്സ് ആരംഭിച്ചു.

VII. <u>ചൈൽഡ് ഡെവലപ്മെന്റ് സെന്റർ</u>

ആർദ്രം, ശ്രദ്ധ എന്നീ പദ്ധതികൾ സി.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു.

VIII. <u>ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

1. സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി.

2. FSSAI മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി SNF@School (Safe & Nutritious Food at School) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

3. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകളെ അന്തർദ്ദേശീയ നിലവാരത്തിൽ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് ലാബുകളായി സജ്ജീകരിച്ചിട്ടുണ്ട്.

4. മത്സ്യത്തിലെ മായം കണ്ടുപിടിക്കുന്നതിന് 'ഓപ്പറേഷൻ സാഗർ റാണി പദ്ധതി'.

5. ശർക്കരയിലെ മായം കണ്ടുപിടിക്കുന്നതിന് 'ഓപ്പറേഷൻ പനേല പദ്ധതി'.

6. കണ്ണൂരിൽ പുതിയ ഫുഡ് സേഫ്റ്റി ലാബ് ആരംഭിക്കുന്നതിന് അനുമതി.

IX. <u>കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1. സ്കൂൾ ഓഫ് ഹെൽത്ത് പോളിസി ആന്റ് പ്ലാനിംഗ് സ്റ്റഡീസ് എന്ന സ്ഥാപനം മുഖേന നടത്തിയ പുതിയ പദ്ധതികൾ:-

എ) ഡോക്ടർമാർക്ക് ആരോഗ്യ മേഖലയിലെ ഗവേഷണത്തിന്റെ രീതിശാസ്ത്രത്തിൽ പരിശീലനം നൽകുന്ന രണ്ട് വർഷം നീണ്ടുനിൽക്കുന്ന എം.ഫിൽ ക്ലിനിക്കൽ എപ്പിഡമോളജി (പാർട്ട് ടൈം കോഴ്സ്) എന്ന പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാം തുടങ്ങുവാൻ നടപടി സ്വീകരിച്ചു.

ബി) കേരളത്തിലെ അമ്മമാരുടെ മുലയൂട്ടൽ നിലവാരം സംതൃപ്തകരമായ നിലവാരത്തിലേയ്ക്കും ദേശീയ ശരാശരിയ്ക്കൊപ്പവും എത്തിക്കുവാനായി ആശുപത്രികളെ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുവാനുമുള്ള പദ്ധതി ഇന്ത്യൻ അക്കാഡമി ഓഫ് പീഡീയാട്രിക്സുമായി ചേർന്ന് ആരംഭിച്ചുകഴിഞ്ഞു. ഇത്തരം കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന നെഴ്സുമാർക്ക് അധിക പരിശീലനം നൽകുന്നതിന്റെ ഭാഗമായി " സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലാക്റ്റേഷൻ മാനേജ്മെന്റ് " എന്ന വിഷയത്തിൽ പരിശീലനവും നൽകിവരുന്നു.

സി) കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്ക് ഗവേഷണത്തിന്റെ രീതിശാസ്ത്രം, ബയോസ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റ് കോഴ്സുകൾ പുതിയതായി ആരംഭിച്ച് ട്രെയിനിംഗ് നൽകിവരുന്നു.

2) സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവേദ എന്ന സ്ഥാപനം മുഖേന നടത്തിയ പദ്ധതികൾ:

a) Effect of a Parental Education Package based on Ayurvedic Lifestyle in Autism Spectrum Disorders – An open trial.

b) Develop Standardised tool for assessing Rukshatha in Healthy Individuals.

c) Development and validation of a tool to diagnose Kandabhagna and Sandhimukta without using Radiographs.

d) Morphological, taxonomical and salivary Bio-active substances identification from Jalouka of different areas of Kerala.

e) Development of a tool for assessing patient complaince on various ayurvedic formulations used for internal administration.

f) Analytical study to assess the relation between Mandagni and refractive error.

g) Standardised tool development to assess Rakthasara.

h) Tool Development- Development of AMA Grading Tool.

i) Tool Development – Study on the significance of clinical features of siragranthi (Varicose Vein) for its Ayurvedic Clinical staging.

j) Development of clinical useful tool for Prakriti Assessment.

k) Comparative clinical evaluation of Anutaila pratimarsha Nasya and Elaneerkuzhampu Anjana with internal use of Triphala for age related lens opacities – a pilot study.

3) യൂണിവേഴ്സിറ്റിയുടെ കീഴിൽ എട്ട് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.

4) ആരോഗ്യ മേഖലയിലെ ഗവേഷണം, സാമൂഹ്യ പുരോഗതി, പരിശീലനം, ഗവേഷണഫലങ്ങൾ രേഖപ്പെടുത്തൽ എന്നീ മേഖലകളിൽ ഈ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു.

5) യൂണിവേഴ്സിറ്റിയുടെ കീഴിൽ സ്കിൽ ലാബ് തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിദ്യാർത്ഥികളിലെ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി യൂണിവേഴ്സിറ്റി മുഖേന കൗൺസിലിംഗ് പ്രോഗ്രാം, സ്റ്റുഡന്റ്സ് സപ്പോർട്ട് ആന്റ് ഗൈഡൻസ് പ്രോഗ്രാം എന്നിവ നടപ്പിലാക്കിവരുന്നു.

6) യൂണിവേഴ്സിറ്റിയുമായി അനുബന്ധിച്ച മറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ഡാറ്റാബേസ് സമഗ്രമായി തയ്യാറാക്കി.

7) യൂണിവേഴ്സിറ്റിയുമായി അനുബന്ധിച്ച മറ്റ് സ്ഥാപനങ്ങളുടെ പ്രവർത്തന ഗുണമേന്മ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി യൂണിവേഴ്സിറ്റിയിൽ ഒരു ക്വാളിറ്റി അഷ്വറൻസ് സിസ്റ്റം രൂപകൽപ്പന ചെയ്ത് നടപ്പാക്കി.

X. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം

1. ആർ.സി.സി.-ക്ക് പുതിയ പതിനാല് നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

2. ആർ.സി.സി.-യെ കേന്ദ്ര സർക്കാർ സഹായത്തോടുകൂടി സ്റ്റേറ്റ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്ന പദ്ധതി.

XI. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കനിവ് 108 ആംബുലൻസ് പദ്ധതി

196 (213) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനിവ് 108 ആംബുലൻസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെയെത്ര ആംബുലൻസുകളാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത ആംബുലൻസുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതന്നും അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര ആംബുലൻസുകളാണ് അനുവദിച്ചതെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് അനുവദിച്ചതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കനിവ് 108 ആംബുലൻസ് പദ്ധതി പ്രകാരം 315 ആംബുലൻസുകളാണ് കേരളമൊട്ടാകെ വിന്യസിച്ചിരിക്കുന്നത്. 12 മണിക്കൂർ സർവ്വീസ് നടത്തുന്ന 165 ആംബുലൻസുകൾ, 24 മണിക്കൂർ സർവ്വീസ് നടത്തുന്ന 150 ആംബുലൻസുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്ന പ്രകാരമാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 315 ആംബുലൻസുകളും പകൽസമയത്ത് സർവ്വീസ് നടത്തുന്നതാണ്. ആംബുലൻസുകൾ എല്ലാംതന്നെ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചവയാണ്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള കേന്ദ്രീകൃത കോൾ സെന്റർ മുഖേനയാണ് പ്രസ്തുത വാഹനങ്ങളെ നിയന്ത്രിക്കുന്നത്. പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെ അടുത്ത് എത്തിച്ച് ആംബുലൻസിലെ എമർജൻസി മെഡിക്കൽ ടെക്നിഷ്യന്റെ പരിശോധനകൾക്കുശേഷം ആവശ്യമായ ചികിത്സ കിട്ടുന്ന ആശുപത്രി തെരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുക എന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവ്വീസുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത ആംബുലൻസുകളിൽ ലഭ്യമാക്കിയിരിക്കുന്ന ഉപകരണങ്ങളുടെയും മരുന്നുകളുടെയും പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പാലക്കാട് ജില്ലയിൽ 28 ആംബുലൻസുകളാണ് അനുവദിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

| Sl. No. | Name of the Institution | Service Timings |
|---|---|---|
| (1) | (2) | (3) |
| 1 | ALANALLUR CHC | 24 hrs |
| 2 | AMBALAPPARA CHC | 12 hrs |
| 3 | CHALAVARA CHC | 12 hrs |
| 4 | CHERPALASSERI CHC | 24 hrs |
| 5 | CHITTUR THQH | 24 hrs |
| 6 | ELAPPULLY THQH | 12 hrs |
| 7 | KALLADIKODE PHC | 12 hrs |
| 8 | KAPPUR PHC | 12 hrs |
| 9 | KODUVAYOOR CHC | 12 hrs |
| 10 | KONGADU PHC | 12 hrs |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) |
|---|---|---|
| 11 | KOTTATHARA GTH | 24 hrs |
| 12 | KOZHINHAMPARA CHC | 24 hrs |
| 13 | KUMARANALLUR PHC | 12 hrs |
| 14 | KUZHALMANDOM CHC | 24 hrs |
| 15 | MALAMPUZHA PHC | 12 hrs |
| 16 | MANNARKKADU THQH | 24 hrs |
| 17 | NELLIAMPATHY PHC | 12 hrs |
| 18 | NENMARA CHC | 24 hrs |
| 19 | OTTAPPALAM THQH | 24 hrs |
| 20 | PALAKKAD DH | 24 hrs |
| 21 | PARAMBIKKULAM PHC | 12 hrs |
| 22 | PATTAMBI THQH | 24 hrs |
| 23 | PAZHAMPALAKKODE CHC | 12 hrs |
| 24 | PUTHUSSERI PHC | 12 hrs |
| 25 | SHORNUR GH | 24 hrs |
| 26 | THACHAMPARA PHC | 12 hrs |
| 27 | THRITHALA CHC | 12 hrs |
| 28 | VADAKKENCHERRY CHC | 24 hrs |

**ഡെന്റൽ സർജൻ നിയമനം**

197 (214) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡെന്റൽ സർജൻ നിയമനത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ആർദ്രം പദ്ധതിയിൽ തസ്തിക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലുമുള്ള സ്ഥിരം തസ്തികകളുടെ അഭാവം ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ; ആയതിന് പരിഹാരം കണ്ടെത്തുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള ശിപാർശയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. 23-9-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 136/2017/ആ.കു.വ. പ്രകാരം 5 ജൂനിയർ കൺസൾട്ടന്റ്, കൂടാതെ 19-1-2017-ലെ ജി.ഒ. (എം.എസ്.)നമ്പർ 09/2017 പ്രകാരം 47 അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതികൾ**

198 (215) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കുടുംബത്തിലെ എല്ലാപേർക്കും സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണം ലഭ്യമാക്കുന്നതിന് ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മിഷന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവന മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ആരോഗ്യമേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി തടസ്സമാകുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&സി) സമഗ്ര ആരോഗ്യ പരിചരണം ലഭ്യമാക്കാനായി ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ കേന്ദ്രങ്ങളിൽ ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ, രോഗപ്രതിരോധം,

പ്രാഥമിക ചികിത്സ, റീഹാബിലിറ്റേറ്റീവ്, പാലിയേറ്റീവ് പരിചരണം എന്നിവയാണ് സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന്റെ ഭാഗമായി ലഭ്യമാക്കിവരുന്നത്. സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദവും ജനസൗഹൃദവുമാക്കുന്നു. ഇതിന്റെ ഭാഗമായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സംവിധാനം, സൗകര്യങ്ങളുള്ള കാത്തിരിപ്പ് മുറികൾ, നല്ല ഇരിപ്പിടങ്ങൾ, ആരോഗ്യ ബോധവത്കരണത്തിനുള്ള ഡിസ്പ്ലേ ബോർഡുകൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, മുലയൂട്ടൽ മുറി, സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായ ടോയ്‌ലെറ്റുകൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. ഈ കേന്ദ്രങ്ങളിൽ നഴ്സുമാർ വഴിയുള്ള പ്രീ ചെക്കപ്പ്, ജീവിതശൈലീരോഗ നിയന്ത്രണ ക്ലിനിക്കുകൾ (NCD), ആസ്ത്മ-ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനായുള്ള ആശ്വാസ് ക്ലിനിക്ക് തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനായി 2017-18-ൽ 23 കോടി രൂപയും ലബോറട്ടറികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 7 കോടി രൂപയും 2018-19-ൽ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളാക്കി മാറ്റുന്നതിന് 28.55 കോടി രൂപയും ലാബുകളുടെ നവീകരണത്തിനായി 8 കോടി രൂപയും 2019-20 വർഷത്തിൽ പി.എച്ച്.സി-.കളെ എഫ്.എച്ച്.സി.കൾ ആക്കുന്നതിന് 28.55 കോടി രൂപയും ലാബുകളുടെ നവീകരണത്തിന് 8 കോടി രൂപയും 2020-21 വർഷത്തിൽ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.കൾ ആക്കുന്നതിന് 28 കോടി രൂപയും ലാബുകളുടെ നവീകരണത്തിനായി 7.5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ലാബുകളുടെ നവീകരണത്തിനായുള്ള ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേനയും പി.എച്ച്.സി.-കളുടെ നവീകരണ നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേനയും നടന്നുവരുന്നു.

(ബി) ആർദ്രം മിഷന്റെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. രണ്ടാം ഘട്ടത്തിൽ 107 കേന്ദ്രങ്ങളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് 200 കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി നടന്നുവരുന്നു. കെട്ടിട സൗകര്യങ്ങളുടെ

കുറവുമൂലം പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമുള്ളതും നടന്നുവരുന്നതുമായ 33 കേന്ദ്രങ്ങൾ ഒഴികെ മറ്റ് ഇടങ്ങളിൽ DPR തയ്യാറാക്കലും ബാക്കി പ്രവർത്തനങ്ങളും നടന്നുവരുന്നു. 409 കേന്ദ്രങ്ങൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കാനുള്ളവയ്ക്ക് അത് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആർദ്രം മിഷന്റെ ഭാഗമായും മറ്റ് വിവിധ സ്കീം വഴിയും ആരോഗ്യ മേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടന്നുവരുന്നു.

**ആർദ്രം പദ്ധതി**

199 (216) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വിവരം ലഭ്യമാക്കുമോ?

ഉത്തരം

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ മങ്കര, കല്ലടിക്കോട് എന്നീ സ്ഥാപനങ്ങളേയും രണ്ടാം ഘട്ടത്തിൽ കാഞ്ഞിരപ്പുഴ, കാരാക്കുറിശ്ശി, മണ്ണൂർ, കേരളശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളതാണ്.

ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത മങ്കര, കല്ലടിക്കോട് എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുവാൻ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെ പ്രവർത്തന പുരോഗതി ചുവടെ വിവരിക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | പ്രവർത്തന പുരോഗതി |
|---|---|---|
| 1. | പി.എച്ച്.സി.കാഞ്ഞിരപ്പുഴ | 80% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. ലാബ്, വെയിറ്റിംഗ് ഏരിയ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2. | പി.എച്ച്.സി.കാരാകുറിശ്ശി | 26% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. വെയിറ്റിംഗ് ഏരിയയുടെ വർക്ക് പുരോഗമിക്കുന്നു. |
| 3. | പി.എച്ച്.സി. മണ്ണൂർ | 60% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. ട്രസ് വർക്ക്, പെയിന്റിംഗ് എന്നിവ കഴിഞ്ഞിട്ടുണ്ട്. ലാബ് വർക്ക് നടന്നുവരുന്നു. |
| 4. | പി.എച്ച്.സി.കേരളശ്ശേരി | 40% സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. വെയിറ്റിംഗ് ഏരിയ, ട്രസ് വർക്ക്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവ പുരോഗമിക്കുന്നു. |

രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത മേൽ സൂചിപ്പിച്ച 4 സ്ഥാപനങ്ങളിലും ഓരോ അസിസ്റ്റന്റ് സർജൻ, കാഞ്ഞിരപ്പുഴ, മണ്ണൂർ, കേരളശ്ശേരി പി.എച്ച്.സി.-കളിൽ ഓരോ സ്റ്റാഫ് നഴ്സ്, കാരാകുറിശ്ശി പി.എച്ച്.സി.-യിൽ 2 സ്റ്റാഫ് നഴ്സ്, കേരളശ്ശേരി പി.എച്ച്.സി.-യിൽ ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതി മുഖേന നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ**

200 (217) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ 2019-2020-ൽ ആർദ്രം പദ്ധതിയുടെ 2-ാം ഘട്ടത്തിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ 2019-2020-ൽ ആർദ്രം പദ്ധതി മുഖേന ആരോഗ്യ മേഖലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ&ബി) മങ്കട നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം, കുട്ടിലങ്ങാടി, മൂർക്കനാട് എന്നീ പി.എച്ച്.സി.-കളേയും പുഴക്കാട്ടിരി സി.എച്ച്.സി.-യെയുമാണ് ആർദ്രം രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്.

ആർദ്രം പദ്ധതിയുടെ ഭാഗമായി സ.ഉ. (കൈ) നമ്പർ 171/2019/ആ.കു.വ. തീയതി 14-11-2019 പ്രകാരം കുട്ടിലങ്ങാടി, അങ്ങാടിപ്പുറം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടർ തസ്തിക വീതം അധികമായി സൃഷ്ടിച്ച് നിയമനം നടത്തി. പുഴക്കാട്ടിരി സി.എച്ച്.സി., മൂർക്കനാട് പി.എച്ച്.സി. എന്നിവിടങ്ങളിൽ ഓരോ സ്റ്റാഫ് നഴ്സ് തസ്തിക വീതം സൃഷ്ടിച്ച് നിയമനം നടത്തി. അങ്ങാടിപ്പുറം പി.എച്ച്.സി.-യിൽ ഒരു ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ചു.

ആർദ്രം രണ്ടാംഘട്ടത്തിൽ എഫ്.എച്ച്.സി. ആയി ഉയർത്തിയ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ചുവടെ വിവരിക്കുന്നു. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെല്ലാം ലാബ് അനുബന്ധ സൗകര്യങ്ങൾ നൽകുന്നതിനായി കെ.എം.എസ്.സി.എൽ. മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ട്.

| സ്ഥാപനം | പ്രവർത്തന പുരോഗതി |
|---|---|
| അങ്ങാടിപ്പുറം പി.എച്ച്.സി. | കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. |
| കുട്ടിലങ്ങാടി പി.എച്ച്.സി. | എഫ്.എച്ച്.സി. ആക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾക്കുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |
| മൂർക്കനാട് എഫ്.എച്ച്.സി. | നവീകരണത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തിയായി. മെയിന്റനൻസ് നടത്തി, എഫ്.എച്ച്.സി. അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈവനിംഗ് ഒ.പി. നടന്നുവരുന്നു. |
| പുഴക്കാട്ടിരി സി.എച്ച്.സി. | എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 25 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയതിനുശേഷം എഫ്. എച്ച്. സി. ആയി ഉയർത്തി അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 12.49 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

## ആർദ്രം പദ്ധതിയുടെ കീഴിൽ പാലക്കാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ

201 (218) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികൾ ആണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

ആർദ്രം ഒന്നാം ഘട്ടത്തിൽ എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുള്ള 16 സ്ഥാപനങ്ങളും മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ആർദ്രം രണ്ടാം ഘട്ടത്തിൽ 45 ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി നടന്നുവരുന്നു. 2 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

ആർദ്രം പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ആകെ 234 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തിക തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

## മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ്

202 (219) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്ക് നിലവിൽ നിശ്ചയിച്ചിരിക്കുന്ന സ്റ്റൈപ്പന്റ് എത്രയെന്ന് അറിയിക്കാമോ;

(ബി) സർക്കാരും എം.സി.ഐ.-യും നിശ്ചയിച്ച സ്റ്റൈപ്പന്റ് സ്വകാര്യ മെഡിക്കൽ കോളേജുകൾ നൽകുന്നില്ലെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരളത്തിലെ എത്ര മെഡിക്കൽ കോളേജുകളിൽ പി.ജി. വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിച്ച സ്റ്റൈപ്പന്റ് നൽകുന്നില്ലായെന്നും അവ ഏതെല്ലാം കോളേജുകളാണെന്നും അറിയിക്കാമോ;

(ഡി) സർക്കാർ നിശ്ചയിച്ച സ്റ്റൈപ്പന്റ് നൽകാത്ത കോളേജുകളുടെ വിവരം എം.സി.ഐ. ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) പി.ജി., യു.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപെന്റ് സംബന്ധിച്ച് എം.സി.ഐ.യുടെ നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കുമോ; സ്റ്റൈപ്പന്റ് നൽകാത്ത കോളേജുകൾക്കെതിരെ ആരോഗ്യ സർവ്വകലാശാല, ആരോഗ്യ വകുപ്പ് സെക്രട്ടേറിയറ്റ്, ഫീസ് റെഗുലേറ്ററി കമ്മിറ്റി ഇവർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പി.ജി. റെഗുലേഷൻസായ പി.ജി. ഗ്രാഡുവേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ റെഗുലേഷൻസ് 2000-ലെ ഉപ വകുപ്പ് 13.3 പ്രകാരം പി.ജി. ഡിഗ്രി/ഡിപ്ലോമ/സൂപ്പർ സ്പെഷ്യാലിറ്റി തുടങ്ങിയ കോഴ്സുകൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതാത് പ്രദേശത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അതേ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ തുക തന്നെയാണ് സ്റ്റൈപ്പന്റ് ആയി നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ പി.ജി. ഡിഗ്രിക്കും ഡിപ്ലോമയ്ക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ നൽകുന്ന തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാം വർഷം ഡിഗ്രി | - 53000 രൂപ |
| രണ്ടാം വർഷം ഡിഗ്രി | - 54000 രൂപ |
| മൂന്നാം വർഷം ഡിഗ്രി | - 55000 രൂപ |
| ഒന്നാം വർഷം ഡിപ്ലോമ | - 53000 രൂപ |
| രണ്ടാം വർഷം ഡിപ്ലോമ | - 54000 രൂപ |

(ബി-ഇ) സ്വാശ്രയ കോളേജ് വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ലഭ്യമാകുന്നില്ല എന്നറിയിച്ചുകൊണ്ട് സർക്കാരിൽ പരാതികൾ ലഭ്യമായിട്ടുണ്ട്. എന്നാൽ പി.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിൽ സ്വാശ്രയ കോളേജുകൾ വീഴ്ച വരുത്തുന്നപക്ഷം കോളേജുകൾക്കെതിരെ നടപടി കൈകൊള്ളുവാൻ നിലവിൽ വ്യവസ്ഥകളില്ല. ലഭ്യമായിട്ടുള്ള പി.ജി. റെഗുലേഷൻ നോട്ടിഫിക്കേഷന്റെ (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ) പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാലിന്യസംസ്കരണം

203 (220) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവിടുത്തെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പുതിയ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ബയോ മെഡിക്കൽ വേസ്റ്റ്: കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിലവിൽ ഇമേജ് (IMAGE - Indian Medical Association Goes Eco-friendly) ആണ് ബയോ മെഡിക്കൽ വേസ്റ്റ് നീക്കം ചെയ്യുന്നത്. നടപ്പു സാമ്പത്തിക വർഷം 75 ലക്ഷം രൂപ ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഭക്ഷ്യ മാലിന്യം: ദിനംപ്രതി ഏകദേശം 1100 കിലോ ഭക്ഷ്യ മാലിന്യം കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഉണ്ടാകുന്നുണ്ട്. ഇത് ആശുപത്രിയിലും അനുബന്ധ സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിൽ ആണ് നിക്ഷേപിക്കുന്നത്.

പൊതു മാലിന്യം: മെഡിക്കൽ കോളേജിൽ ഒരു ദിവസം ഏകദേശം 2000 കിലോ പൊതുമാലിന്യം ഉണ്ടാകുന്നുണ്ട്. ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിന് ഗ്രീൻ കേരള മിഷനെ ഏൽപ്പിച്ചെങ്കിലും ആയത് ഫലപ്രദമല്ലാത്തതിനാൽ ആശുപത്രിയിൽ ഉണ്ടാകുന്ന പൊതുമാലിന്യം വേസ്റ്റ് ക്യാപ്പിംഗ് രീതിയിൽ ട്രെഞ്ച് എടുത്ത് പ്ലാസ്റ്റിക് ഷീറ്റ് വിരിച്ച് കോഡിംഗ് രീതിയിൽ സംസ്കരിച്ചുവരുന്നു.

ദ്രവമാലിന്യം: മെഡിക്കൽ കോളേജിലും അനുബന്ധ സ്ഥാപനങ്ങളിലുമായി പ്രതിദിനം ഏകദേശം 5 എം.എൽ.ഡി. ദ്രവ മാലിന്യം ആണ് പുറത്തേക്കൊഴുകുന്നത്. ഇത് പൂർണ്ണമായും ശുദ്ധീകരിച്ച് പുറംതള്ളുന്നതിന് 2 എം.എൽ.ഡി. പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും പൂർണ്ണ തോതിൽ ശുദ്ധീകരിക്കാൻ കഴിയാത്ത മലിനജലം ഓക്സിഡേഷൻ പോണ്ടിലേക്കാണ് പോകുന്നത്. ഓക്സിഡേഷൻ പോണ്ടിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഒരു കളക്ഷൻ വെൽ നിർമ്മിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി 43,24,405 രൂപ കെ.എം.എസ്.സി.എൽ.-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടെണ്ടർ ഏറ്റെടുത്ത സ്ഥാപനം ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് കോർപ്പറേഷൻ AMRUT പദ്ധതിയിലുൾപ്പെടുത്തി 2 MLD, 1 MLD (with 100 KLD septage) എന്നിങ്ങനെ കപ്പാസിറ്റിയുള്ള മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പ്ലാന്റുകൾ കൂടി പ്രവർത്തനക്ഷമമാകുന്നതോടെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ മാലിന്യപ്രശ്നങ്ങൾക്ക് പൂർണ്ണമായും പരിഹാരമാകുന്നതാണ്.

## വിദ്യാർത്ഥികളിലെ ദന്തസംരക്ഷണം

204 (221) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ ചെറിയ കുട്ടികളിലെ ദന്തക്ഷയം നേരത്തെ കണ്ടുപിടിക്കുന്നതിനും അതിനു വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികൾ ആണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി സ്കൂളുകളിൽ ദന്ത പരിശോധനാ ക്യാമ്പുകൾ നിർബന്ധമായും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വളരെ ചെറിയ കുട്ടികളിലെ ദന്തക്ഷയം (Early Childhood Caries) നേരത്തേ കണ്ടുപിടിക്കുന്നതിനും അതിനുവേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും വേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പിനുകീഴിലെ ദന്ത വിഭാഗം ഏകദേശം 200-ഓളം ഡെന്റൽ ക്യാമ്പുകളും പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. മാത്രവുമല്ല, കേരളത്തിലെ 159 ഡെന്റൽ യൂണിറ്റുകളിലും ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലുള്ള 89 ഡെന്റൽ യൂണിറ്റുകളിലും വളരെ ചെറിയ കുട്ടികളിലെ ദന്തക്ഷയം നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്. സ്ഥിരം (Regular) പീഡോഡോൺടിസ്റ്റുകൾ കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിനുകീഴിൽ തെരഞ്ഞെടുക്കപ്പെട്ട 7 കേന്ദ്രങ്ങളിൽ കൂടി പീഡോഡോൺടിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്.

(ബി) നിലവിൽ സ്വീകരിച്ചിട്ടുണ്ട്.

## കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുതിയ ആശുപത്രി കെട്ടിടങ്ങൾ

205 (222) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് എത്ര പുതിയ ആശുപത്രി കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് എസ്സ്.പി.വി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികൾ എസ്.പി.വി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് 20 ആശുപത്രികളുടെ കെട്ടിടങ്ങൾക്കാണ് ഇതുവരെ നിർമ്മാണാനുമതി നൽകിയിട്ടുള്ളത്.

(ബി) കിഫ്ബി പദ്ധതി വഴി എസ്.പി.വി.-യെ ചുമതലപ്പെടുത്തി. പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലുള്ള ആശുപത്രികളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

## താലൂക്ക് ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

206 (223) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താലൂക്ക് ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശസഹിതം അറിയിക്കാമോ;

(ബി) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി, പള്ളുരുത്തി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട്, ബഹുമാനപ്പെട്ട എം.എൽ.എ/എം.പി. ഫണ്ടുകൾ, അസറ്റ് മെയിന്റനൻസ് ഫണ്ട്, നബാർഡ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തനത് ഫണ്ട് മുതലായവ ഉപയോഗിച്ച് ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താലൂക്കുതല ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനായി 8 ആശുപത്രികൾക്ക് ഭരണാനുമതി നൽകുകയും ഇവയിൽ 5 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. മറ്റ് പതിനെട്ട് താലൂക്ക് ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. 2020-21 ബഡ്ജറ്റിൽ 32 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

(ബി) <u>തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി</u>

1. മുനിസിപ്പാലിറ്റി ഫണ്ട് 18 ലക്ഷം രൂപയും വേൾഡ് ബാങ്കിന്റെ 50 ലക്ഷം രൂപയും ഉപയോഗിച്ച് പുരുഷന്മാരുടെയും സ്ത്രീകളുടെയും വാർഡിന്റെ രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു.

2. മുനിസിപ്പാലിറ്റി ഫണ്ട് 5 ലക്ഷം രൂപ ഉപയോഗിച്ച് ഓപ്പറേഷൻ തിയേറ്റർ നവീകരണവും എച്ച്.എം.സി. പേവാർഡ് അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.

3. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

4. ബഹുമാനപ്പെട്ട എം.എൽ.എ. ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ ആംബുലൻസ് വാങ്ങി.

<u>പള്ളുരുത്തി താലൂക്ക് ആശുപത്രി</u>

എം.എൽഎ. ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ ചെലവിൽ ഇമ്മ്യൂണൈസേഷൻ കോംപ്ലക്സ് നിർമ്മിച്ചു.

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ വികസനം

207 (224) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണ കാലത്ത് സംസ്ഥാനത്തെ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്തെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 28-3-2017-ലെ ജി.ഒ. (ആർ..ടി.) നമ്പർ 845/2017/ആ.കു.വ. പ്രകാരം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. 16-5-2018-ലെ ജി.ഒ. (എം.എസ്.) നമ്പർ 113/2018/ആ.കു.വ. പ്രകാരം 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന പ്ലാൻ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുള്ള ഫണ്ട് എന്നിവ ഉപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് സേവനങ്ങൾ വിപുലപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ കേന്ദ്രങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദവും ജനസൗഹൃദവും ആക്കുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സംവിധാനം, സൗകര്യങ്ങളുള്ള കാത്തിരിപ്പ് മുറികൾ, നല്ല ഇരിപ്പിടങ്ങൾ, ആരോഗ്യ ബോധവൽക്കരണത്തിനുള്ള ഡിസ്പ്ലേ ബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, മുലയൂട്ടൽ മുറി, സ്ത്രീ സൗഹൃദവും ഭിന്നശേഷി സൗഹൃദമായ ടോയ്‌ലെറ്റുകൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. ഈ കേന്ദ്രങ്ങളിൽ നഴ്സുമാർ വഴിയുള്ള പ്രീ ചെക്ക് അപ്, ജീവിതശൈലീരോഗനിയന്ത്രണ ക്ലിനിക്കുകൾ (എൻ.സി.ഡി.), ആസ്ത്മ-ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' തുടങ്ങിയവ സജ്ജീകരിക്കുന്നു.

## പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനം

208 (225) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി സർക്കാർ താലൂക്ക് ആശുപത്രി ഒരു താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല എന്ന ആക്ഷേപം നിലനിൽക്കെ ആശുപത്രിയുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത്; വ്യക്തമാക്കാമോ?

### ഉത്തരം

പട്ടാമ്പി താലൂക്ക് ആശുപത്രിയായി ഉയർത്തിയത് 2010-ലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആസ്ഥാന ആശുപത്രികളുടെ പട്ടികയിൽ പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയേയും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനത്തിൽ താഴെ പറയുന്ന അധിക തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്.:

| | | |
|---|---|---|
| 1. | സ്റ്റാഫ് നഴ്സ് | 2 |
| 2. | ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക് | 1 |
| 3. | ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |
| 4. | ഫാർമസിസ്റ്റ് ഗ്രേഡ് II | 1 |

സ്ഥലപരിമിതിമൂലം വികസനം സാധ്യമല്ലാതിരുന്ന ഈ സ്ഥാപനത്തിന് തൊട്ടടുത്ത് കിടന്നിരുന്ന 41 സെന്റ് സ്ഥലം അടുത്ത കാലത്താണ് ഏറ്റെടുത്തത്. പുതുതായി ഏറ്റെടുക്കുന്ന സ്ഥലത്ത് ഒ.പി. ഡയാലിസിസ് ബ്ലോക്കിനുവേണ്ടി 99 ലക്ഷം രൂപ സ്ഥലം എം.എൽ.എ.-യുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ സി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യം

209 (226) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നിലവാരം ഉയർത്തുന്നതിനുമായി എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ സി.എച്ച്.സി.-കളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി അവിടെ ഉണ്ടായിരിക്കേണ്ട ഉപകരണങ്ങൾ, മിനിമം സൗകര്യങ്ങൾ എന്നിവ നിജപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലും 2019-20 സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 76 ബ്ലോക്കു തല സി.എച്ച്.സി.-കളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 28.31 കോടി രൂപയുടെ പ്ലാൻ പ്രൊപ്പോസലും പരിശോധിച്ചുവരികയാണ്.

## മരുന്നുകൾ വിതരണം ചെയ്യുന്നതിന് നഴ്സുമാരെ നിയോഗിക്കുന്ന നടപടി

210 (227) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മരുന്നുകൾ വിതരണം ചെയ്യുന്നതിന് നെഴ്സുമാരെ നിയോഗിക്കാറുണ്ടോയെന്ന് അറിയിക്കുമോ;

(ബി) മരുന്ന് വിതരണം ഫാർമസിസ്റ്റുകളെ കൊണ്ടുതന്നെ ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ വിതരണം ചെയ്യുന്നതിന് നഴ്സുമാരെ നിയോഗിക്കുന്നില്ല.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന നടപടി

211 (228) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദവിവരം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) തൃപ്പൂണ്ണിത്തുറ നിയമസഭാ മണ്ഡലത്തിലെ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇത്തരത്തിൽ ഉയർത്തപ്പെട്ടതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങൾ പ്രസ്തുത ആശുപത്രികളിൽ വരുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി പുരോഗമിക്കുന്നു.

(ബി)

| നമ്പർ | ജില്ല | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം |
|---|---|---|---|
| 1 | തിരുവനന്തപുരം | 16 | 42 |
| 2 | കൊല്ലം | 12 | 38 |
| 3 | പത്തനംതിട്ട | 8 | 26 |
| 4 | ആലപ്പുഴ | 14 | 40 |
| 5 | ഇടുക്കി | 8 | 25 |
| 6 | എറണാകുളം | 15 | 40 |
| 7 | കോട്ടയം | 11 | 34 |
| 8 | തൃശ്ശൂർ | 18 | 48 |
| 9 | പാലക്കാട് | 16 | 45 |
| 10 | മലപ്പുറം | 17 | 42 |
| 11 | കോഴിക്കോട് | 13 | 37 |
| 12 | വയനാട് | 4 | 15 |
| 13 | കണ്ണൂർ | 11 | 50 |
| 14 | കാസർഗോഡ് | 7 | 22 |
| | ആകെ | 170 | 504 |

(സി) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ 4 പ്രാഥമിക കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ഉദയംപേരൂർ | 2018-19 |
| 2 | നെട്ടൂർ | |
| 3 | പനങ്ങാട് | |
| 4 | എരൂർ | 2017-18 |

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളെ രോഗീസൗഹൃദമാക്കുവാനും സൗകര്യങ്ങളുള്ള രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ കാത്തിരിപ്പ് മുറികൾ, ഇരിപ്പിടങ്ങൾ, ആരോഗ്യബോധവത്കരണത്തിനുള്ള ഡിസ്പ്ലേ സംവിധാനങ്ങൾ, പബ്ലിക് അഡ്രസ് സിസ്റ്റം, നഴ്സുമാരുടെ പ്രീ ചെക്ക് അപ് സംവിധാനങ്ങൾ, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, ഭിന്നശേഷി സൗഹൃദവും സ്ത്രീ സൗഹൃദവുമായ ടോയ്‌ലെറ്റുകൾ, മുലയൂട്ടൽ മുറി തുടങ്ങിയവ സജ്ജീകരിച്ചുവരുന്നു. നിത്യേനയുള്ള ജീവിത ശൈലീരോഗ ക്ലിനിക്കുകൾ, ആസ്മ/ശ്വാസംമുട്ട് രോഗത്തിനുള്ള ശ്വാസ് ക്ലിനിക്, മാനസിക ആരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസം' ക്ലിനിക് എന്നിവയും പ്രവർത്തിച്ചുവരുന്നു. ലാബ് ടെക്നിഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സൗകര്യം ഒരുക്കുന്നുണ്ട്. മരുന്നുകൾ സൂക്ഷിക്കുവാൻ എ.സി. സ്റ്റോർ റൂം, മരുന്ന് സംഭരണത്തിന് മോഡുലാർ റാക്ക് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. അതുകൂടാതെ ഡോക്ടർ, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ അധിക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം

212 (229) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി.- സി.എച്ച്.സി.- എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ പീഡിയാട്രിക്, ഗൈനക്കോളജി എന്നീ വിഭാഗം ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) നിലവിൽ സ്പെഷ്യാലിറ്റി വിഭാഗം തസ്തിക സൃഷ്ടിച്ചിട്ടുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ബി&സി) തസ്തിക നിലവിലുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ എല്ലാ ദിവസവും സേവനം നൽകിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ കുടുംബാരോഗ്യ-പ്രാഥമികാരോഗ്യ സേവനങ്ങളാണ് നൽകി വരുന്നത്. ആയത് സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാർ മുഖേനയല്ല ഇപ്പോൾ നടപ്പിലാക്കുന്നത്.

**മലയിൻകീഴ് താലൂക്കാശുപത്രിയുടെ നവീകരണം**

213 (230) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്കാശുപത്രി നവീകരിക്കുന്നത് സംബന്ധിച്ച് കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാകുന്നതിനുള്ള തുടർ നടപടികളെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 8-3-2019-ലെ ഉത്തരവ് പ്രകാരം കിറ്റ്കോ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിക്കുകയും അവർ തയ്യാറാക്കിയ കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ 21-12-2019-ൽ 23.31 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിൽ നിന്നുള്ള സാങ്കേതിക വിഭാഗത്തിന്റെ പരിശോധന പൂർത്തിയായി. പരിശോധനയുടെ അടിസ്ഥാനത്തിൽ കിഫ്ബി നിർദ്ദേശിച്ച പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. കിറ്റ്കോ തയ്യാറാക്കി വരികയാണ്. പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചശേഷം ആയത് വിശദമായി പരിശോധിച്ചാണ് കിഫ്ബി സാമ്പത്തികാനുമതി നൽകുന്നത്.

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പുരോഗതി

214 (231) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എസ്.-ൽ ഉൾപ്പെടുത്തി 6 കോടിയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

ഉത്തരം

(എ) പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ 65 ശതമാനം പ്രവൃത്തികൾ പൂർത്തിയായി. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ന്റെ സാങ്കേതിക അനുമതിക്കുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

## വെള്ളരട സി.എച്ച്.സി.-യിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

215 (232) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജീവനക്കാരുടെ കുറവുമൂലം ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായ ആക്ഷേപം പരിഹരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ;

(ബി) വെള്ളറട സി.എച്ച്.സി.യിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

**മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി**

216 (233) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അസി. സർജൻ തസ്തിക നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) രോഗികളുടെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അസി. സർജൻ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അസിസ്റ്റന്റ് ഡയറക്ടർ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, വിവിധ വിഭാഗങ്ങളിലായുള്ള ജൂനിയർ കൺസൾട്ടന്റുമാർ ഉൾപ്പെടെ 18 ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. ആയതിൽ ഡോക്ടർമാരുടെ തസ്തികകളിലെ മുഴുവൻ ഒഴിവുകളും നികത്തിയിട്ടുണ്ട്. നിലവിലുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II-ന്റെ ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

217 (234) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനായി വകയിരുത്തിയ തുക എത്രയാണെന്നും അറിയിക്കാമോ;

(ബി) വെള്ളറട, പെരുങ്കടവിള എന്നീ സി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പാറശ്ശാല, പരശുവയ്ക്കൽ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പാറശ്ശാല ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റിനുവേണ്ടി 1,65,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 2,20,00,000 രൂപ അനുവദിക്കുകയും പണി നടന്നുവരികയുമാണ്. ആരോഗ്യ വകുപ്പ് പ്ലാൻ ഫണ്ട് മുഖാന്തരം 16,50,000 രൂപ ചെലവിൽ പുതിയ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രറി കെട്ടിടം പുനർനിർമ്മിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരം ഒരു കോടി രൂപ ചെലവിൽ ഡയാലിസിസ് യൂണിറ്റ് പണിയുകയും ദിവസേന 12 പേർക്ക് രണ്ട് ഷിഫ്റ്റായി ഡയാലിസിസ് ചെയ്യുന്നുമുണ്ട്. നാളിതുവരെ 4843 പേർക്ക് ഡയാലിസിസ് ചെയ്തിട്ടുണ്ട്. കിഫ്ബി മാസ്റ്റർ പ്ലാൻ പ്രകാരം 46,86,78,960 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ആർദ്രം</u>- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പി.എച്ച്.സി. പൂഴനാട് | 14,47,826 | പൂർത്തീകരിച്ചു |
| 2 | പി.എച്ച്.സി. അമ്പൂരി | 23,26,737 | പൂർത്തീകരിച്ചു |
| 3 | പി.എച്ച്.സി. കുന്നത്തുകാൽ | 57,78,567 | പൂർത്തീകരിച്ചു |
| 4 | പി.എച്ച്.സി. കൊല്ലയിൽ | 23,57,910 | പുരോഗമിക്കുന്നു |
| 5 | പി.എച്ച്.സി. കള്ളിക്കാട് ന്യൂ | 34,30,213 | പുരോഗമിക്കുന്നു |
| 6 | പി.എച്ച്.സി. ചെമ്പൂര് | 14,00,000 | ആരംഭിച്ചിട്ടില്ല |

പാറശ്ശാല താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് 1,96,00,000 രൂപ അനുവദിക്കുകയും പ്രവൃത്തികൾ എൻ.എച്ച്.എം. വഴി പുരോഗമിക്കുകയും ചെയ്യുന്നു.

ആയുഷ് പദ്ധതി പ്രകാരം

| | | | |
|---|---|---|---|
| 1 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, കുന്നത്തുകാൽ | 16,75,938 | പൂർത്തീകരിച്ചു |
| 2 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ഒറ്റശേഖരമംഗലം | 18,33,131 | പുരോഗമിക്കുന്നു |

(ബി&സി) വെള്ളറട സി.എച്ച്.സി., പരശുവയ്ക്കൽ പി.എച്ച്.സി. എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

**ഡയാലിസിസ് സെന്റർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

218 (235) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ളതും നേരത്തെ താലൂക്ക് ആശുപത്രി സി.എച്ച്.സി. ആയിരുന്നപ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ആയിരുന്നതുമായ ഡയാലിസിസ് സെന്റർ പെരുവള്ളൂർ സി.എച്ച്.സി.യി-ലേക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.-യുടെ ശിപാർശ സഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 4-1-2020 എം1/944/2019 നമ്പർ ആയി ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിലേക്ക് കത്ത് അയച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കത്ത് ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിൽ എന്നാണ് ലഭ്യമായതെന്ന് അറിയിക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസ് ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 4-1-2020-ലെ എം.1/944/2019/ആ.കു.വ. നമ്പർ സർക്കാർ കത്ത് പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ടി കത്ത് 10-1-2020-ന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട് (ഫയൽ നമ്പർ കെ.എസ്.പി.3/2812/2020/ആ.വ.ഡ. തീയതി 13-2-2020) കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

**ചാലക്കുടി താലൂക്ക് ആശുപത്രി**

219 (236) ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാകെയർ, സർജിക്കൽ വാർഡ് എന്നിവയുടെ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമകെയർ, സർജിക്കൽ വാർഡ് എന്നിവയുടെ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സർജിക്കൽ ട്രോമാകെയർ വാർഡിനായി G.O. (Rt) No. 3345/2018/H&FWD dated 8-11-2018 പ്രകാരം 4.10 കോടി രൂപയുടെ ഭരണാനുമതി NABARD-RIDF-XXIV/2018 പ്രകാരം നൽകിയിട്ടുണ്ട്. ഇതിന്റെ Solid Investigation PWD നടത്തി ആർക്കിടെക്ച്ചറിന്റെ ഡ്രോയിംഗ് തയ്യാറാക്കുകയും അതനുസരിച്ച് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനായി ഡിസൈനിംഗിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായാൽ ടെക്നിക്കൽ അനുമതിയുമായി ടെണ്ടർ നടപടി സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) മാലിന്യ സംസ്കരണത്തിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. മാലിന്യ സംസ്കരണ പ്ലാന്റിന്റെ 90 ശതമാനം പണി പൂർത്തീകരിച്ചു. കെ.ഇ.എൽ. മുഖേനയാണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

## മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം

220 (237) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കിഫ്ബി മുഖാന്തരം തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

മാവേലിക്കര ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 16-4-2018-ൽ 102.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ ഇൻകെൽ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 16-9-2019-ന് 102.79 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിരുന്നു. ടെണ്ടർ നടപടിയുടെ മുന്നോടിയായുള്ള സാങ്കേതിക അനുമതിക്കുള്ള പ്രൊപ്പോസൽ ഇൻകെൽ സമർപ്പിക്കുകയും 17-2-2020-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി ഇത് പരിശോധിച്ച് ചില ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്ന നടപടിയാണ് ഇനി അവശേഷിക്കുന്നത്. സാങ്കേതികാനുമതി നൽകിയശേഷമാണ് ടെണ്ടർ നടപടി ആരംഭിക്കുക.

## കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം

221(238) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ;

(ബി) രോഗികൾക്ക് എത്രയും വേഗം ചികിത്സ ലഭ്യമാക്കുന്നതിനായി അക്കാദമിക് ബ്ലോക്കിൽ ഒ.പി. ആരംഭിക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തുവാനുള്ള തീരുമാനം അനുസരിച്ച് എപ്പോൾ ഒ.പി. ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉടനെ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 523.04 ലക്ഷം അടങ്കൽ തുകയിൽ അക്കാദമിക് ബ്ലോക്കിലെ ഇലക്ട്രിക്കൽ ജോലികളും ഫയർ പ്രൊട്ടക്ഷൻ ജോലികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എൻട്രി/എക്സിറ്റ് റോഡുകളുടെ നിർമ്മാണം, കുഴൽക്കിണറിന്റെ നിർമ്മാണം എന്നിവ പൂർത്തിയായിട്ടുണ്ട്. വാട്ടർ ടാങ്ക്, സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണം, ടൈൽ വർക്ക് എന്നിവ പൂർത്തിയായി. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ 28 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) രോഗികൾക്ക് എത്രയും വേഗം മെച്ചപ്പെട്ട ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെ, നാഷണൽ ഹെൽത്ത് മിഷൻ (NHM) മുഖേന ഡോക്ടർമാരെ നിയോഗിച്ചുകൊണ്ട്, അക്കാദമിക് ബ്ലോക്കിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി താൽക്കാലികമായി ഒ.പി. സംവിധാനം ആരംഭിക്കുന്നതിനുള്ള അടിയന്തര നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒ.പി. സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) കാസർഗോഡ് മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. നബാർഡിന്റെ ധനസഹായത്തോടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം 28 ശതമാനവും കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണം നടന്നുവരുന്ന അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം 85 ശതമാനവും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി, 80 ലക്ഷം രൂപ ചെലവിൽ എലിവേറ്റർ സംവിധാനം, 23.7 ലക്ഷം രൂപ ചെലവിൽ വെന്റിലേഷൻ സംവിധാനം, 2901.47 ലക്ഷം രൂപ ചെലവിൽ റസിഡൻഷ്യൽ സംവിധാനം, 800 ലക്ഷം രൂപ ചെലവിൽ വാട്ടർ സപ്ലൈ സംവിധാനം എന്നിവ പൂർത്തിയാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പെരുവള്ളൂർ സി.എച്ച്.സി.

222 (239) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ സി.എച്ച്.സി.-യിൽ കിടത്തി ചികിത്സയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. -യുടെ കത്ത് സഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് 4-1-2020-ലെ എം1/95/2019 നമ്പർ ഫയലിൽ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം ചെലവിൽ സ്റ്റാഫ് നിയമനം നടത്താൻ തയ്യാറാണെന്ന് ബ്ലോക്ക് പഞ്ചായത്ത് രേഖാമൂലം സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാവുമോ എന്നും വ്യക്തമാക്കാമോ;

(ഡി) സ്റ്റാഫ് നിയമനം നടത്താൻ ബ്ലോക്ക് പഞ്ചായത്ത് തയ്യാറായിട്ടും ഇക്കാര്യത്തിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസ് ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

### ഉത്തരം

(എ) പെരുവള്ളൂർ സി.എച്ച്.സി.-യിൽ കിടത്തി ചികിത്സയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.-യുടെ കത്ത് സഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 12-2-2020-ലെ എം.1/95/2019/ആ.കു.വ. നമ്പർ സർക്കാർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) ആരോഗ്യ വകുപ്പ് ഡയറക്ടർ പി.എൽ.ബി.3/12273/2020 എന്ന നമ്പർ ഫയലിൽ ജില്ലാ മെഡിക്കൽ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ

223 (240) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി- ആയി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിലെ പി.എൽ.ബി സെക്ഷനിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കി വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. -ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

(ബി&സി) പള്ളിക്കൽ പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നത് സംബന്ധിച്ച ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് PLB1/96895/19 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രി

224 (241) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ സാധാരണക്കാരായ ജനങ്ങൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ 29 ലക്ഷം രൂപ വിനിയോഗിച്ച് നൂതന ഉപകരണങ്ങളോടെ 2019 സെപ്റ്റംബർ മാസത്തിൽ ഉദ്ഘാടനം ചെയ്ത നേത്ര ശസ്ത്രക്രിയ യൂണിറ്റ് നാളിതുവരെ ഉപയോഗിക്കാതെ കിടക്കുന്നതിന് കാരണം വിശദമാക്കാമോ;

(ബി) ലക്ഷക്കണക്കിന് രൂപ മുടക്കി സജ്ജീകരിച്ച പ്രസ്തുത യൂണിറ്റിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

ഉത്തരം

(എ&ബി) കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ നൂതന ഉപകരണങ്ങളോടെ 2019 സെപ്റ്റംബർ മാസത്തിൽ ഉദ്ഘാടനം ചെയ്ത നേത്ര ശസ്ത്രക്രിയാ യൂണിറ്റ് ജനറേറ്റർ ഇല്ലാത്തതുകാരണം ഉപയോഗിച്ചിട്ടില്ല. കൊച്ചി നഗരസഭാ പ്രോജക്ട് പ്രകാരം ഇതിനായി ഒരു ജനറേറ്റർ അനുവദിച്ചിട്ടുണ്ട്. ജനറേറ്റർ ലഭിക്കുന്ന മുറയ്ക്ക് നേത്ര ശസ്ത്രക്രിയാ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

## പുഴക്കാട്ടിരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി

225 (242) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്തി വരുന്ന പുഴക്കാട്ടിരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകി നാളേറെയായിട്ടും നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എത്രയുംവേഗം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണത്തിന്റെ കോൺക്രീറ്റ് വർക്കുകൾ നിലവിൽ പൂർത്തിയായിട്ടുണ്ട്.

(ബി&സി) കെട്ടിട നിർമ്മാണത്തിന്റെ ചുമതല ജില്ലാ പഞ്ചായത്തിനാണ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തത് കോൺട്രാക്ടറുമായിട്ടുള്ള പ്രശ്നംമൂലമായിരുന്നു. പ്രശ്നം പരിഹരിച്ച് ഇപ്പോൾ കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി

226 (243) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലുൾപ്പെട്ട ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിലേർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പി.എച്ച്.സി. കാറളം, പൂമംഗലം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പി.എച്ച്.സി. ആളൂർ, പടിയൂർ, വേളൂക്കര എന്നീ സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയിട്ടുള്ളത്.

(ബി) ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രം കാറളം 19-2-2018-നം പൂമംഗലം 24-12-2017-നം ഉദ്ഘാടനം നിർവ്വഹിച്ചു. ഈ സ്ഥാപനങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത എഫ്.എച്ച്.സി. കാറളത്ത് ആരോഗ്യ വകുപ്പിന്റെ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്കുപുറമേ സ്ഥലം എം.എൽ.എ.-യുടെ ഫണ്ടിൽ നിന്നും 44 ലക്ഷം രൂപ ചെലവഴിച്ച് എഫ്.എച്ച്.സി. കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത പി.എച്ച്.സി. പടിയൂരിൽ ഡോക്ടറുടെ ഒരു അധിക തസ്തികയും ലാബ് ടെക്നീഷ്യന്റെ ഒരു അധിക തസ്തികയും സൃഷ്ടിച്ചു. പി.എച്ച്.സി. വേളൂക്കരയിൽ ഡോക്ടറുടെ ഒരു അധിക തസ്തികയും സ്റ്റാഫ് നഴ്സിന്റെ ഒരു അധിക തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

പുതുതായി തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ Waiting area, സൗകര്യങ്ങളുള്ള OP Counter, സ്വകാര്യതയോടുകൂടിയ പരിശോധനാ മുറികൾ, നഴ്സുമാർ നടത്തുന്ന പ്രീ ചെക്കപ് കുത്തിവയ്പ് മുറികൾ, ഡ്രസ്സിംഗ് മുറി, പ്രതിരോധ കുത്തിവയ്പ് മുറി, മുലയൂട്ടൽ മുറി, ലബോറട്ടറി സൗകര്യം, ഫാർമസി, സ്റ്റോർ മുറി, ഫാർമസി വെയിറ്റിംഗ് ഏരിയ, ലാബ് വെയിറ്റിംഗ് ഏരിയ, ആൺ-പെൺ ഭിന്നശേഷിക്കാർക്ക് പ്രത്യേക ശുചിമുറികൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രം ആളൂരിൽ 15.5 ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ചു. ഒ.പി. സമയം വർദ്ധിപ്പിച്ചു. ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചു.

കുടുംബാരോഗ്യ കേന്ദ്രം വേളൂക്കരയിൽ 15.5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോസ്റ്റ് ഫോർഡ് മുഖേന 40 ശതമാനം പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രം പടിയൂരിൽ കോസ്റ്റ് ഫോർഡ് മുഖേന 14 ലക്ഷം രൂപയുടെ വർക്കിൽ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

## 108 ആംബുലൻസ്

227 (244) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ 95 ശതമാനം ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളും താമസിക്കുന്ന നിലമ്പൂർ മണ്ഡലത്തിലെ ആദിവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി മൂത്തേടം, കരുളായി എന്നീ പി.എച്ച്.സി-കൾക്ക് 108 ആംബുലൻസ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

ഉത്തരം

മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ ആദിവാസികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി നിലവിൽ നിലമ്പൂർ താലൂക്ക് ഹോസ്പിറ്റലിൽ 24 മണിക്കൂറും പോത്തുകാൽ പ്രൈമറി ഹെൽത്ത് സെന്ററിൽ 12 മണിക്കൂറും പ്രവർത്തനം നടത്തുന്ന ആംബുലൻസുകൾ അനുവദിച്ചിട്ടുണ്ട്.

108 ആംബുലൻസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയാണ് ജില്ലയിലെ കനിവ് 108-ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വാഹനങ്ങളുടെ എണ്ണം, സമയക്രമം, വാഹനത്തിന്റെ പാർക്കിംഗ് ലൊക്കേഷൻ എന്നിവയെ സംബന്ധിച്ച് ശിപാർശകൾ ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല കമ്മിറ്റിക്ക് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കേണ്ടത് സംസ്ഥാന കമ്മിറ്റിയാണ്. നിലമ്പൂർ താലൂക്കിൽ കൂടുതൽ കേന്ദ്രങ്ങളിൽ 108 ആംബുലൻസ് അനുവദിക്കുന്നതിനുവേണ്ടി കനിവ് 108-ന്റെ ജില്ലാ കമ്മിറ്റി മുഖേന ശിപാർശകൾ സംസ്ഥാനതല കമ്മിറ്റിക്ക് ലഭിക്കുന്ന മുറയ്ക്കാണ് സംസ്ഥാനതല കമ്മിറ്റി നടപടി സ്വീകരിക്കുന്നത്.

## ആരോഗ്യ വകുപ്പിലെ നിയമനങ്ങൾ

228 (245) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് വിവിധ തസ്തികകളിലായി എത്ര സ്ഥിരം ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ സ്ഥിരമായി നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ നിലവിൽ വിവിധ തസ്തികകളിലായി 5046 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രവേശന തസ്തികകൾ പി.എസ്.സി. മുഖേനയും മറ്റ് തസ്തികകൾ ഉദ്യോഗകയറ്റം/ബൈ ട്രാൻസ്ഫർ നിയമനം മുഖേനയും നികത്തുന്നതാണ്. 28-2-2020 വരെയുള്ള ഒഴിവുകളുടെ എണ്ണം (ജില്ല തിരിച്ചുള്ള എണ്ണം) അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആരോഗ്യ വകുപ്പിലെ വിവിധ തസ്തികകൾ

229 (246) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മെഡിസിൻ, സർജറി, പീഡിയാട്രിക്സ്, ഇ.എൻ.ടി. എന്നീ വിഭാഗങ്ങളിൽ നിലവിലുള്ള തസ്തികകളും അവ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(ബി) മേൽ സൂചിപ്പിച്ച നാല് സ്പെഷ്യാലിറ്റികളിൽ ഓരോന്നിലും നിലവിൽ എത്ര ജൂനിയർ കൺസൾട്ടന്റ് ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ;

(സി) നിലവിൽ അസിസ്റ്റന്റ് സർജനായി ജോലി ചെയ്തു വരുന്ന പി.ജി. യോഗ്യതയുള്ളവരുടെയും സ്പെഷ്യാലിറ്റി കേഡർ പോസ്റ്റിംഗ് കാത്തിരിക്കുന്നവരുടെയും എണ്ണം യഥാക്രമം സ്പെഷ്യാലിറ്റി തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി)

| | | |
|---|---|---|
| ജനറൽ മെഡിസിൻ | - | 5 |
| ജനറൽ സർജറി | - | 3 |
| പീഡിയാട്രിക്സ് | - | 3 |
| ഇ.എൻ.റ്റി. | - | 1 |

(സി) അസിസ്റ്റന്റ് സർജന്മാരിൽ മേൽപ്പറഞ്ഞ സ്പെഷ്യാലിറ്റി ഓപ്ഷൻ സമർപ്പിച്ചിട്ടുള്ള ഡോക്ടർമാരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയതിൽ നിയമനം ലഭിക്കുന്നതിന് ശേഷിക്കുന്നവരുടെ വിവരം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| ജനറൽ മെഡിസിൻ | - | 50 |
| ജനറൽ സർജറി | - | 29 |
| പീഡിയാട്രിക്സ് | - | 222 |
| ഇ.എൻ.റ്റി. | - | 184 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിയമാനുസൃതമല്ലാതെ ജോലിയിൽ നിന്ന് വിട്ടുനിന്നിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

230 (247) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിയമാനുസൃതമല്ലാതെ ജോലിയിൽ നിന്ന് വിട്ടു നിന്നിരുന്ന ഉദ്യോഗസ്ഥർ എത്ര പേരാണ്; തസ്തിക തിരിച്ച് കണക്ക് വിശദമാക്കാമോ;

(ബി) ഇപ്രകാരം ജോലിയിൽ നിന്ന് വിട്ട് നിന്നവരെ സർവ്വീസിൽ മടക്കി കൊണ്ടു വരാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത നടപടികളെ തുടർന്ന് എത്ര പേർ സർവ്വീസിൽ തിരികെ എത്തിയെന്ന് വെളിപ്പെടുത്താമോ;

(ഡി) നിയമാനുസൃതമല്ലാതെ സേവനത്തിൽ നിന്ന് വിട്ടു നിന്ന എത്ര പേരെ സർവ്വീസിൽ നിന്നു നീക്കം ചെയ്തുവെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ നിന്ന് നിയമാനുസൃതമല്ലാതെ വിട്ടു നിൽക്കുന്ന ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ഡോക്ടേഴ്സ് | 551 |
| 2 | സ്റ്റാഫ് നഴ്സ് ഗ്രേഡ് I & II | 116 |
| 3 | ഫാർമസിസ്റ്റ് ഗ്രേഡ് I & II | 7 |
| 4 | ഹെൽത്ത് ഇൻസ്പെക്ടർ | 3 |
| 5 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 13 |
| 6 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 5 |
| 7 | റേഡിയോഗ്രാഫർ | 6 |
| 8 | ലാബ് ടെക്നീഷ്യൻ | 4 |
| 9 | ക്ലാർക്ക് | 9 |
| 10 | ഫൈലേറിയ ഇൻസ്പെക്ടർ | 1 |

| (1) | (2) | (3) |
|---|---|---|
| 11 | ഹെഡ് നഴ്സ് | 1 |
| 12 | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 3 |
| 13 | പി.എച്ച്.എൻ ട്യൂട്ടർ | 1 |
| 14 | ദന്തൽ ഹൈജീനിസ്റ്റ് | 8 |
| 15 | ഓഫീസ് അറ്റൻഡന്റ് | 2 |
| 16 | ട്രീറ്റ്മെന്റ് ഓർഗനൈസർ | 1 |
| 17 | ഒക്കുപ്പേഷൻ തെറാപ്പിസ്റ്റ് | 2 |
| 18 | ദന്തൽ സിവിൽ സർജൻ | 1 |
| 19 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| 20 | ഡ്രൈവർ | 1 |
| 21 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I & II | 4 |
| 22 | ഒപ്റ്റോമെട്രിസ്റ്റ് | 3 |
| 23 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 1 |
| | ആകെ | 745 |

(ബി) അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവരെ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കൊണ്ട് 2018, 2019 വർഷങ്ങളിൽ രണ്ട് സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ പ്രവേശിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച ഉദ്യോഗസ്ഥരെ അച്ചടക്കനടപടിക്ക് വിധേയമാക്കി തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ തിരികെ പ്രവേശിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ലാത്ത ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും പിരിച്ചുവിടാൻ താൽക്കാലികമായി തീരുമാനിക്കുകയും കാരണം കാണിക്കൽ നോട്ടീസ് പത്രദ്വാരാ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അനുവദിച്ചുനൽകിയ സമയപരിധിക്കുള്ളിൽ 31 പേർ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) നിയമാനുസൃതമല്ലാതെ സേവനത്തിൽ നിന്നും വിട്ടുനിന്ന ഉദ്യോഗസ്ഥരെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്റ്റാഫ് നഴ്സ് തസ്തികകൾ

231 (248) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പുതിയതായി തസ്തിക സൃഷ്ടിച്ചപ്പോഴുണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 89 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്

232 (249) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് മാതൃകയിൽ സംസ്ഥാനത്ത് ഏതെങ്കിലും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

ആരോഗ്യ വകുപ്പിന് കീഴിൽ പ്രസ്തുത മാതൃകയിൽ ലാബുകളൊന്നും പ്രവർത്തിക്കുന്നില്ല. എന്നിരുന്നാലും പൂനെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ യൂണിറ്റ് ആലപ്പുഴയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്.

## കൃത്രിമപാൽ വിപണനം

233 (250) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വഴിയോരങ്ങളിലുള്ള തട്ടുകടകളിലും ഹോട്ടലുകളിലും ചായയ്ക്കായി ഉപയോഗിക്കുന്ന 'പാൽ' രാസപദാർത്ഥങ്ങൾ ചേർത്ത് കൃത്രിമമായി

ഉണ്ടാക്കി വിപണനം ചെയ്യുന്നതാണെന്നുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദവിവരം നൽകുമോ;

(ബി) ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക; വിശദവിവരം നൽകുമോ;

(സി) ഈ പരിശോധനയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) രാസപദാർത്ഥങ്ങൾ ചേർത്ത് കൃത്രിമമായി പാൽ ഉണ്ടാക്കി വിപണനം ചെയ്യുന്നതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് സംസ്ഥാനത്തൊട്ടാകെ 2019 ജനുവരി മുതൽ നടത്തിയ 1072 പരിശോധനകളിൽ 347 പാൽ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ നടത്തിയ പരിശോധനകളിൽ ഒന്നിലും രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ ആഘോഷവേളകളിൽ ക്ഷീര വികസന വകുപ്പിന്റെ സഹകരണത്തോടെയും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ചും ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ടി പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രകാരമുള്ള നിയമ നടപടി സ്വീകരിച്ചുവരുന്നു.

(സി) 2019 ജനുവരി മുതൽ ശേഖരിച്ച സാമ്പിളുകൾ പരിശോധന നടത്തിയതുപ്രകാരം 3 അഡ്ജ്യൂഡിക്കേഷൻ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിൽ യൂസ് ബൈ ഡേറ്റ് ഇല്ലാതെ വന്ന 90 കവർ പാൽ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**സ്വാവലംബൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി**

234 (251) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധത, കാഴ്ചക്കുറവ്, ബുദ്ധിവൈകല്യം എന്നിവ ഉള്ളവർ, ചലനശേഷി

ഇല്ലാത്തവർ, കുഷ്ഠരോഗ വിമുക്തർ എന്നിവർക്കുവേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "സ്വാവലംബൻ"പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നാളിതുവരെ എത്ര പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്; അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവർക്ക് ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത്; അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്രതിവർഷം 2 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് 'സ്വാവലംബൻ' ആരോഗ്യ ഇൻഷ്വറൻസ്. ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി മുഖാന്തരമാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. സംസ്ഥാനത്ത് പദ്ധതി നടപ്പാക്കാനുള്ള ചുമതല കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് നൽകിയിരുന്നത്. പദ്ധതിയിൽ അംഗമാകുന്നതിനുള്ള ഇൻഷ്വറൻസ് പ്രീമിയം 3,100 രൂപയായിരുന്നു. ഇതിൽ 357 രൂപ ഗുണഭോക്താവ് നേരിട്ട് നൽകേണ്ടതും ബാക്കി തുക കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്ന വിധവുമാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരുന്നത്. സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ ഗുണഭോക്തൃ വിഹിതമായ 357 രൂപ സംസ്ഥാന സർക്കാർ നേരിട്ട് ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം അംഗപരിമിതർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി ഒരു ലക്ഷം പേരുടെ ഗുണഭോക്തൃ വിഹിതം സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെയും ആനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടില്ലാത്തതിനാൽ സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്ത് ടി പദ്ധതിയിൽ ആരെയും അംഗമാക്കിയിട്ടില്ല. സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ കേന്ദ്ര സർക്കാർ നിർത്തിവച്ചിരിക്കുകയാണ്.

## ഹൃദ്രോഗ ശസ്ത്രക്രിയാ നിരക്ക്

235 (253) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗ ചികിത്സയ്ക്ക് ഏറ്റവും ചെലവ് കുറഞ്ഞ സ്റ്റെന്റ് ഗ്രാഫ്റ്റും, ടിപ് ക്യാപ്ചറും സംസ്ഥാനത്ത് ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ഹൃദ്രോഗ ശസ്ത്രക്രിയയുള്ള എല്ലാ ആശുപത്രികളിലും ഇത്തരം സേവനം ലഭ്യമാക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ;

(സി) ചെലവ് കുറഞ്ഞ സ്റ്റെന്റ് ഗ്രാഫ്റ്റിനും, ടിപ് ക്യാപ്ചറിനും എത്ര വിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഹൃദ്രോഗ ശസ്ത്രക്രിയയുടെ ചെലവ് കുറയ്ക്കുന്നതിന് വേണ്ടി സർക്കാർ ആവിഷ്കരിച്ച മറ്റു നടപടികൾ വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ ആശുപത്രികളിൽ ഹൃദ്രോഗ ശസ്ത്രക്രിയയുടെ നിരക്ക് ഏകീകരിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ഹൃദയ ധമനികളിലെ തടസ്സം ഒഴിവാക്കുന്നതിനായി ഉപയോഗിക്കുന്ന മരുന്നടങ്ങിയതും അടങ്ങാത്തതുമായ 2 തരം സ്റ്റെന്റ് ഗ്രാഫ്റ്റുകളുടെയും വില ദേശീയ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. 29-3-2019-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ S.O 1488(E) പ്രകാരം ബെയർ മെറ്റൽ സ്റ്റെന്റിന് 8,261 രൂപയും ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റിന് 30,080 രൂപയും സീലിംഗ് പ്രൈസ്, നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ടിപ് ക്യാപ്ചർ എന്ന ഉപകരണത്തിന്റെ വില നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചിട്ടില്ല. ഇത്തരം കാർഡിയാക് സ്റ്റെന്റുകൾ സംസ്ഥാനത്ത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ടിപ് ക്യാപ്ചറിന് സംസ്ഥാനത്ത് ദൗർലഭ്യം ഉള്ളതായി റിപ്പോർട്ടുകൾ ഒന്നും തന്നെയില്ല.

(ഡി) ചികിത്സാ സഹായ പദ്ധതികളായ കാരുണ്യ ബെനവലന്റ് ഫണ്ട്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്), ഹൃദ്യം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും ഓൺലൈൻ താത്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. താത്കാലിക രജിസ്ട്രേഷൻ സമയത്ത് ഓരോ ക്ലിനിക്കൽ സ്ഥാപനവും അതാത് സ്ഥാപനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ സ്ഥാപനത്തിൽ ലഭ്യമായ സേവനങ്ങളും അവയുടെ നിരക്കുകളും, ജീവനക്കാരുടെ പേര്, യോഗ്യത, ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. താത്കാലിക രജിസ്ട്രേഷൻ കാലാവധി 2 വർഷമാണ്. താത്കാലിക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളും 2 വർഷത്തിനകം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകിയതിനുശേഷവും എന്തെങ്കിലും പിഴവുകൾ കണ്ടെത്തുകയാണെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന് അധികാരമുണ്ട്.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള പ്രധാനപ്പെട്ട ഉപാധിയാണ് അതത് ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് നിരക്ക് പ്രദർശിപ്പിക്കുക എന്നുള്ളത്. പ്രസ്തുത നിരക്ക് രോഗികളുടേയും ബന്ധുക്കളുടേയും അറിവിലേയ്ക്കായി ആ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് ഇംഗ്ലീഷിലും മലയാളത്തിലും അച്ചടിച്ചോ ഡിജിറ്റലായോ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. ഔദ്യോഗിക വെബ്സൈറ്റ് ഉള്ള സ്ഥാപനങ്ങൾ നിരക്കുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വെബ്സൈറ്റ് സന്ദർശിക്കേണ്ട വിലാസവും വിധവും സാധാരണക്കാർക്കുകൂടി മനസ്സിലാകത്തക്ക വിധത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും പ്രദർശിപ്പിച്ചിരിക്കേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് റദ്ദാക്കപ്പെടാവുന്നതാണ്.

**ജീവിതശൈലീരോഗങ്ങൾ**

236 (254) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. ആഗോളതലത്തിൽ തന്നെ ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനങ്ങൾക്കിടയിൽ സാമ്പത്തികമോ സാമുദായികമോ പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണനിരക്കും രോഗാതുരയും സാമ്പത്തികഭദ്രതയെ പ്രതികൂലമായി ബാധിച്ചുകൊണ്ട് ജീവിതശൈലീരോഗങ്ങൾ മുൻനിരയിലേക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ-ജനറൽ ആശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണ്ണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യം എന്ന ജീവിതശൈലീരോഗ നിർണ്ണയ പദ്ധതി വിഭാവന ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറ് ദിവസവും ജീവിതശൈലീരോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന COPD, വിഷാദരോഗം, ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടെയുള്ള വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കുകളിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമേ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്കരണം നൽകിവരുന്നു. ജീവിതശൈലീരോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ ക്ലിനിക്കുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളുടെ വ്യാപ്തിയും അതിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ബൃഹദ് സർവ്വേയും ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

## കുടുംബാസൂത്രണം

237 (255) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാസൂത്രണരംഗത്ത് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബാസൂത്രണരംഗത്ത് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കുടുംബാസൂത്രണത്തിന്റെ ഭാഗമായി ഗർഭനിരോധന മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിൽ നിന്ന് നടത്തിവരുന്നു.

സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് ഗർഭനിരോധന ഗുളികകൾ, കോണ്ടംസ് എന്നിവ ആവശ്യക്കാർക്ക് സൗജന്യമായി നൽകുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, മറ്റ് ആശുപത്രികൾ എന്നിവ വഴി IUCD (Intra Uterine Contraceptive Device) സേവനങ്ങൾ നൽകുന്നു.

നിശ്ചിത ദിവസങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പ്രസവം നിർത്തുന്നതിനുള്ള ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ NSV (Non Scalpet Vasectomy) ചെയ്യുന്നതിനുള്ള സൗകര്യവും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള കുടുംബാസൂത്രണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ 2017 മുതൽ കുത്തിവയ്ക്കാവുന്ന കോൺട്രാസെപ്റ്റീവ് (Injectable Contraceptive) കേരളത്തിലെ സർക്കാർ ആശുപത്രികളിലൂടെ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെയും ഹൗസ് സർജൻമാരുടെയും സ്റ്റൈപ്പന്റ്

238 (256) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ജോലിനോക്കുന്ന വിദ്യാർത്ഥികളുടെയും ഹൗസ് സർജൻമാരുടെയും സ്റ്റൈപ്പന്റ് നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുടിശ്ശിക വരുത്താതെ പ്രതിമാസം സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുടിശ്ശിക വരുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**കളമശ്ശേരി മെഡിക്കൽ കോളേജിലെ വികസന പദ്ധതികൾ**

239 (257) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കളമശ്ശേരി മെഡിക്കൽ കോളേജിൽ എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് വിശദാംശസഹിതം അറിയിക്കുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) 17-12-2013-ലെ G.O.(MS) No.488/13/H&FWD പ്രകാരം എറണാകുളത്തെ സഹകരണ മെഡിക്കൽ കോളേജ് കഴിഞ്ഞ സർക്കാർ ഏറ്റെടുത്തിരുന്നു എങ്കിലും ജീവനക്കാരുടെ റെഗുലറൈസേഷൻ നടപടികളോ ആവശ്യമായ അടിസ്ഥാന സൗകരങ്ങളോ വികസിപ്പിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരുടെ റെഗുലറൈസേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുൻകൈ എടുത്തിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി തുടങ്ങിയവ പുതിയതായി ആരംഭിക്കുകയും സ്പെഷ്യാലിറ്റികൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നഴ്സിംഗ് കോളേജ് പൂർണ്ണതോതിൽ സർക്കാർ മേഖലയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി അദ്ധ്യാപക-അനദ്ധ്യാപക മേഖലയിൽ 166 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജ്

ഏറ്റെടുത്തതിന്റെ ഭാഗമായി സഹകരണ ബാങ്കിന് അടച്ചുതീർക്കേണ്ടിയിരുന്ന കടം 102,60,91,831 രൂപ ഈ സർക്കാർ അടച്ചുതീർത്തിട്ടുണ്ട്. ഇതുകൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം മെഡിക്കൽ കോളേജിന്റെ വികസനത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. കാർഡിയോളജി ബ്ലോക്കിൽ കിഫ്ബിയുടെ സഹായത്തോടെ 13 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് & സി.സി.യു. സ്ഥാപിച്ചു.

2. ഡയാലിസിസ് യൂണിറ്റ് പുതിയ 3 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ 15 ഷിഫ്റ്റായി പ്രവർത്തനം പുനഃക്രമീകരിച്ചു. പവർഗ്രിഡ് കോർപ്പറേഷൻ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചു. പുതിയ ഡയാലിസിസ് മെഷീനുകൾ ഉൾപ്പെടുത്തി അതിവിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

3. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 5 കോടി രൂപ ചെലവഴിച്ച് സി.ടി. സ്കാൻ യൂണിറ്റ് ആരംഭിച്ചു. പ്രസ്തുത യൂണിറ്റ് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

4. 25 കോടി രൂപ ചെലവഴിച്ച് നടപ്പാക്കിയ ഇമേജിംഗ് സെന്റർ പദ്ധതിയിൽ ഉൾപ്പെടുത്തി എം.ആർ.ഐ. സ്കാൻ മെഷീൻ, അൾട്രാസൗണ്ട് സ്കാൻ മെഷീൻ & കളർ ഡോപ്ലർ, 3 ഡി-4 ഡി എക്കോ കാർഡിയോഗ്രാഫി മെഷീൻ, മൊബൈൽ എക്സ്-റേ മെഷീൻ, ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി മെഷീൻ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചു. കൂടാതെ മാമോഗ്രാഫി മെഷീൻ, ബോൺ ഡെൻസിറ്റോമീറ്റർ, പി.എ.സി.എസ്. സിസ്റ്റം എന്നീ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. ആശുപത്രി നവീകരണത്തിന് അനുവദിച്ച 4.48 കോടി രൂപ ചെലവഴിച്ച് ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, നവജാതശിശുരോഗ വിഭാഗം, ചില വാർഡുകൾ എന്നിവയുടെ പണി പൂർത്തിയാക്കുകയും ബാക്കി വാർഡുകളുടേയും ഐ.സി.യു.-കളുടേയും നവീകരണം പുരോഗമിക്കുകയും ചെയ്യുന്നു.

6. ലേബർ റൂമിനോട് ചേർന്ന് 2 ഓപ്പറേഷൻ തീയേറ്റർ കൂടി സ്ഥാപിച്ചു.

7. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 80 ലക്ഷം രൂപ വിനിയോഗിച്ച് മോർച്ചറി നവീകരിച്ചു.

8. വാർഡുകളിൽ ഉൾപ്പെടെ സെൻട്രലൈസ്ഡ് ഓക്സിജൻ പൈപ്പ് ലൈൻ സ്ഥാപിച്ചു.

9. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പേഷ്യന്റ് വെയിറ്റിംഗ് ഏരിയ, ഡ്രഗ് ഡിസ്പെൻസിംഗ് ഏരിയ, ഒ.പി. ടോക്കൺ സിസ്റ്റം എന്നിവയുടെ പണി പൂർത്തീകരിച്ചു. ആശുപത്രിയിലെ എല്ലാ ഒ.പി.-കളുടെയും നവീകരണം പൂർത്തീകരിച്ചു. ഒ.പി. ബ്ലോക്കുകളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മിച്ചു.

10. മുൻ എം.പി. ശ്രീ. കെ. വി. തോമസിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള സഹായം ഉപയോഗിച്ച് ദിവസേന 500 ടൺ മാലിന്യം സംസ്കരിക്കാവുന്ന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു.

11. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃ-ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും വേണ്ടി കിഫ്ബി മുഖേന അനുവദിച്ച 368.75 കോടി രൂപയുടെ പ്രവൃത്തികൾ INKEL പൂർത്തിയാക്കി വരുന്നു.

12. സിയാലിന്റെ ധനസഹായത്തോടെ പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് 12.68 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

13. കെൽട്രോൺ മുഖേന ഒരു കോടി രൂപയുടെ റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു.

14. ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

15. പി.ജി. ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു.

16. ക്യാൻസർ സെന്റർ പ്രവർത്തനം ആരംഭിച്ചു.

17. നിലവിലെ കെട്ടിട സമുച്ചയത്തിൽ രോഗീസൗഹൃദമായി റാമ്പ് നിർമ്മിക്കുന്നതിനായി 4.13 കോടി രൂപ 2018-19 പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്.

18. 2018-19 പ്ലാൻ ഫണ്ടിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് & മെഡിക്കൽ

റിക്കോർഡ്സ് റിനോവേഷൻ, ഡ്രെയിനേജ് & സ്വീവേജ് സിസ്റ്റം, മൾട്ടി ലെവൽ പാർക്കിംഗ്, ഐസൊലേഷൻ റൂം കോംപ്ലക്സ് വിത്ത് ഐ.സി.യു., വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. എന്നിവയുടെ വികസനത്തിനായി 11 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു.

19. ട്രോമാ കെയർ യൂണിറ്റ് സജ്ജമാക്കുന്നതിനായി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

20. ഇൻസിനറേറ്റർ പ്ലാന്റിന്റെ നവീകരണം പൂർത്തിയായി.

21. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നവീകരണം കിഫ്ബി വഴി INKEL നടപ്പിലാക്കിവരുന്നു.

22. ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, പി.ജി. ക്വാർട്ടേഴ്സ്, കോമൺ അമിനിറ്റി സെന്റർ, ഇൻഡോർ സ്റ്റേഡിയം-കം-ഓഡിറ്റോറിയം, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ജൻ ഔഷധികൾ**

240 (258) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജൻ ഔഷധികളിൽ നിന്ന് ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ജൻ ഔഷധികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേന്ദ്ര സർക്കാരിന്റെ ഫാർമസ്യൂട്ടിക്കൽസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (BPPI) എന്ന ഡൽഹി ആസ്ഥാനമായിട്ടുള്ള സ്ഥാപനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിനോ ഡ്രഗ്സ് കൺട്രോൾ വകുപ്പിനോ ജൻ ഔഷധി

മെഡിക്കൽ സ്റ്റോറുകളിൽ മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനോ പുതിയ ജൻ ഔഷധികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും സ്വീകരിക്കുന്നതിനോ അധികാരമില്ല.

**മങ്കട നിയോജകമണ്ഡലത്തിൽ ഹോമിയോ ആശുപത്രി**

241 (259) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഹോമിയോ ആശുപത്രി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് നടത്തിയിട്ടുള്ള സർക്കാർ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) മേൽ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 10 ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഇനി 32 പഞ്ചായത്തുകളിൽ കൂടി ഡിസ്പെൻസറികൾ ആരംഭിക്കുവാൻ അവശേഷിക്കുന്നുണ്ട്.

(സി) ഉപകരണ സംഭരണത്തിനായി വേണ്ടിവരുന്ന ചെലവ്, ഹോമിയോ ആശുപത്രിക്ക് ആവശ്യമായ ഭൗതിക സാഹചര്യം നൽകുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് സന്നദ്ധമാണെന്ന് കാണിച്ചുകൊണ്ടുള്ള സമ്മതപത്രം ലഭിച്ചിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിവരശേഖരം നടത്തുവാൻ സർക്കാർ തലത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നല്ലാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

## മരുന്നുകളുടെ ഗുണനിലവാരം

242 (260) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ മരുന്നുലോബി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്തെ പ്രമുഖ മരുന്ന് നിർമ്മാതാക്കൾക്കെല്ലാം തന്നെ സംസ്ഥാനത്ത് വ്യക്തമായ വിതരണ ശൃംഖല ഉണ്ട്. രാജ്യത്ത് ജി.എസ്.ടി. സമ്പ്രദായം വന്നതോടെ ഈ ശൃംഖലയിലൂടെ അല്ലാതെ ഇതര സംസ്ഥാന വിതരണക്കാരിലൂടെ ഇതേ മരുന്നുകൾ സംസ്ഥാനത്ത് എത്തിക്കുന്ന സമ്പ്രദായം നിലവിൽ സംജാതമായിട്ടുണ്ട്. ഇത്തരം മരുന്നുകളുടെ ബാച്ചുകൾ നിരന്തരമായി ഗുണനലവാര പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(സി) കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലും റൂൾസിലും നിഷ്കർഷിക്കുന്ന രീതിയിലാണ് രാജ്യമെമ്പാടും മരുന്നുകളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കപ്പെടുന്നത്. ഇപ്രകാരം തന്നെയാണ് സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത്. നിയമപ്രകാരം എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാരപരിധിയിലുള്ള ഔഷധ വ്യാപാര സ്ഥാപനങ്ങൾ നിരന്തരമായി പരിശോധനയ്ക്ക് വിധേയമാക്കുകയും മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച് ഗവൺമെന്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ അയച്ച് നൽകുകയും പരിശോധനയുടെ അടിസ്ഥാനത്തിൽ അവ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ലെന്ന് കണ്ടെത്തിയാൽ നിയമം അനുശാസിക്കുന്ന രീതിയിൽ പ്രോസിക്യൂഷൻ, ലൈസൻസ് സസ്പെൻഷൻ തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത നിർമ്മാണ സ്ഥാപനത്തിൽ നിന്നും നിർമ്മിക്കുന്ന മരുന്നുകൾ വീണ്ടും ഇത്തരത്തിലുള്ള അപാകതകൾ വരാതിരിക്കുവാൻ തിരുത്തൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## നെല്ലിക്കുഴി പഞ്ചായത്തിലെ ആയുർവേദ ആശുപത്രി

243 (261) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ ആയുഷ് വകുപ്പിൽ A1 234/18 എന്ന ഫയൽ പ്രകാരം ആവശ്യമായ തസ്തികകൾ ഉൾപ്പെടുത്തി ഒരു പൊതു പാക്കേജ് സമർപ്പിക്കുവാൻ ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) A1 234/18 എന്ന ഫയലിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ഡി) നൂറ് കണക്കിന് രോഗികൾ നിത്യേന ആശ്രയിക്കുന്ന പ്രസ്തുത ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ട നടപടി വേഗത്തിലാക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചെറുവട്ടൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രി 30 കിടക്കകളായി അപ്ഗ്രേഡ് ചെയ്യുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ആയുഷ് വകുപ്പിന്റെ ഒരു പൊതു പാക്കേജിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പൊതു പാക്കേജിനായുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റ് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ആയുർവേദ ഡിസ്പെൻസറികൾ

244 (262) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ സർക്കാർ മേഖലയിൽ എത്ര ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കാമോ; പ്രസ്തുത ആശുപത്രികളുടെ പേരും ഓരോ ആശുപത്രിയിലും അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദവിവരവും ലഭ്യമാക്കാമോ?

ഉത്തരം

ഷൊർണ്ണൂർ മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ആയുർവേദ ആശുപത്രിയും ഏഴ് ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും പേരും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ വിശദവിവരവും അനുബന്ധമായി* ചേർക്കുന്നു.

## സിദ്ധ ഡിസ്പെൻസറി ആരംഭിക്കാൻ നടപടി

245 (263) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് ആയുഷ് ഡയറക്ടർ നല്കിയ പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) 50000-ൽ അധികം ജനസംഖ്യയുള്ളതും വിസ്തൃതവുമായ നെല്ലിക്കുഴി പഞ്ചായത്ത് കേന്ദ്രീകരിച്ച് സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## 'ആയുഷ്യം' പദ്ധതി

246 (264) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പിലാക്കിയ "ആയുഷ്യം" പദ്ധതി നിർത്തൽ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ഉണ്ട്. 2019-20 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നാഷണൽ ആയുഷ് മിഷൻ മുഖേന പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ആയുഷ് വകുപ്പിന്റെ അപ്രൈസൽ കമ്മിറ്റി റിപ്പോർട്ടിൽ പ്രസ്തുത പ്രോജക്ട് ശിപാർശ ചെയ്തിട്ടില്ല.

**ആശാവർക്കർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

247 (265) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ആശാവർക്കർമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ ക്ലാസ്സ് ഫോർ ജീവനക്കാരായി അംഗീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് യൂണിഫോം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ആശാപദ്ധതി 2007-ലാണ് ആരംഭിച്ചത്. 2016-17-ൽ 1500 രൂപയായും 2017-18-ൽ 2000 രൂപയായും 2018-19-ൽ 4000 രൂപയായും 2019-20-ൽ 4500 രൂപയായും 2020-21-ൽ 5000 രൂപയായും ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. 2015-16 വരെ ആശാവർക്കർമാർക്ക് 1000 രൂപയാണ് ഓണറേറിയമായി കിട്ടിയിരുന്നത്. ഈ സർക്കാർ ഓരോ വർഷവും വർദ്ധനവ് വരുത്തി ഇപ്പോൾ 4500 രൂപയായി ഓണറേറിയം ഉയർത്തിയിട്ടുണ്ട്. ഇതുകൂടാതെ ചാക്രിക അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് പ്രതിമാസം 2000 രൂപ നിശ്ചിത ഇൻസെന്റീവും നൽകി വരുന്നു. ഇതിനുപുറമേ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1500 രൂപ മുതൽ 2000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശാവർക്കർമാർക്ക് ലഭിക്കുന്നുണ്ട്. ഈ വിധത്തിൽ 8000 രൂപ മുതൽ 8500 വരെ പ്രതിമാസം ആശാവർക്കർമാർക്ക് ലഭിക്കുന്നുണ്ട്. ഇതിനുപുറമേ ഈ വർഷത്തെ ബഡ്ജറ്റിൽ 500 രൂപ കൂടി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**അതിജീവനം പദ്ധതി**

248 (266) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന അതിജീവനം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ഈ പദ്ധതിയിൽ എത്ര പേർ അപേക്ഷ നൽകിയെന്നും അതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും അറിയിക്കാമോ;

(സി) അതിജീവനം പദ്ധതിക്ക് അപേക്ഷ നൽകേണ്ട തീയതി അവസാനിച്ചിട്ടും വ്യാജ പ്രചരണങ്ങളിലൂടെ കൂടുതൽ പേരെ വഞ്ചിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വ്യാജപ്രചരണം നടത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) വനിത-ശിശു വികസന വകുപ്പ് വഴി 'അതിജീവനം' എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. അതിജീവിക എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗംമൂലം മരണപ്പെടുകയോ പെട്ടെന്നുണ്ടാകുന്ന അപകടങ്ങളാൽ മരണപ്പെടുകയോ കിടപ്പിലാവുകയോ ചെയ്യുമ്പോൾ സ്ഥിരവരുമാനം ഇല്ലാത്തതിനാലും ജോലി ചെയ്യാനുള്ള ആരോഗ്യമില്ലാത്തതിനാലും നിത്യചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആശുപത്രി ചെലവുകൾക്കും മറ്റും മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുന്ന അവസ്ഥ പെട്ടെന്ന് സംജാതമാകുന്നു. ഇപ്രകാരം രോഗികളായ സ്ത്രീകൾ, വിധവകൾ, ഭർത്താവ് ഗുരുതര അസുഖത്താൽ കിടപ്പിലായവർ, വിവാഹ മോചിതരായ സ്ത്രീകളുള്ള കുടുംബം, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബത്തിലെ സ്ത്രീകൾ എന്നിവർ എല്ലാം തന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്.

കൂടാതെ ബാങ്ക് ലോണെടുത്തും മറ്റും നിർമ്മിച്ച വീടുകളുടെ വായ്പാ തിരിച്ചടവ്, ചികിത്സയ്ക്ക് വേണ്ടി എടുത്ത ലോൺ, ഭർത്താവിന്റെ അസുഖം, ചികിത്സ, മരണം എന്നിവമൂലം തിരിച്ചടവ് മുടങ്ങുന്നത് കാരണം സ്ത്രീക്ക് ഇത് ബാധ്യതയായി വരികയും ജപ്തി ഭീഷണി നേരിടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു.

ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണ് 'അതിജീവിക'. പരമാവധി 50,000 രൂപ വരെ ധനസഹായമായി അനുവദിക്കുന്നു.

<u>നിർവ്വഹണം</u>

ശിശു വികസന പദ്ധതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ശിശു വികസന പദ്ധതി ഓഫീസർ വിശദമായ അന്വേഷണം നടത്തി ഇക്കാര്യത്തിന് മറ്റ് ധനസഹായം ലഭിച്ചവരെ ഒഴിവാക്കി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ദുരിതമനുഭവിക്കുന്നവരാണെന്ന് ഉറപ്പാക്കി മുൻഗണനാ ക്രമത്തിൽ അന്വേഷണ റിപ്പോർട്ട്, അനുവദിക്കാവുന്ന തുക സംബന്ധിച്ച ശിപാർശ എന്നിവ ഉൾപ്പെടെ സ്റ്റേറ്റ്മെന്റ് സഹിതം അപേക്ഷകൾ ജില്ലാ വനിത-ശിശുവികസന ഓഫീസർമാർക്ക് നൽകുന്നു. ജില്ലാ വനിതാശിശു വികസന ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹരാണെന്ന് ഉറപ്പാക്കി ജില്ലാതല കമ്മിറ്റി (ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്വേഷൻ കമ്മിറ്റി) കൂടി അർഹരായ അപേക്ഷകരുടെ ലിസ്റ്റ് അനുവദിക്കാവുന്ന തുകയുടെ വിവരം, ജില്ലാതല കമ്മിറ്റി തീരുമാനത്തിന്റെ ശിപാർശ സഹിതം വനിത-ശിശു വികസന ഡയറക്ടർക്ക് നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ സംസ്ഥാന സമിതിയുടെ അംഗീകാരത്തിന് വിധേയമായി ധനസഹായം അനുവദിക്കുന്നു.

<u>ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യവേഷൻ കമ്മിറ്റിയുടെ ഘടന</u>

1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് -ചെയർപേഴ്സൺ

2) ജില്ലാ വനിതാ ശിശു വികസന ഓഫീസർ -കൺവീനർ

3) ജില്ലാ മെഡിക്കൽ ഓഫീസർ-മെമ്പർ

4) ജില്ലാ പഞ്ചായത്ത് വെൽഫയർ സ്റ്റാന്റിംഗ് കമ്മിറ്റി -മെമ്പർ ചെയർമാൻ

5) വുമൺ പ്രൊട്ടക്ഷൻ ഓഫീസർ- മെമ്പർ

6) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സന്നദ്ധ പ്രവർത്തകർ-മെമ്പർ

<u>ഗുണഭോക്താക്കൾ</u>

- ഭർത്താവ്/കുട്ടികൾ/കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പുരോഗിയുള്ള കുടുംബം
- പ്രകൃതി ദുരന്തത്താലോ മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ട്/ നാശം സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- കടബാദ്ധ്യതമൂലം കുടുംബനാഥ ജപ്തി ഭീഷണി നേരിടുന്ന കുടുംബം
- ഭർത്താവിന്റെ അസുഖം/വിയോഗംമൂലം മക്കളുടെ പഠനത്തിന്/ ആശ്രിതരുടെ ചികിത്സയ്ക്ക് ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീ
- അപേക്ഷകരായ സ്ത്രീകളുടെ പ്രായം 50 വയസ്സിൽ താഴെ ആയിരിക്കണം

അനാരോഗ്യം നിമിത്തം ജോലി ചെയ്യാൻ സാധിക്കാത്ത സ്ത്രീകൾക്കു മാത്രമേ ഈ സ്കീമിനു കീഴിൽ അർഹതയുണ്ടായിരിക്കുകയുള്ളൂ (ഹൃദ്രോഗം, അംഗപരിമിതി, കിഡ്നി/ലിവർ സംബന്ധമായ രോഗങ്ങൾ, ക്യാൻസർ, തളർവാതം, മറ്റ് ഗുരുതര രോഗങ്ങൾ). അപേക്ഷകർ മേൽ വിഭാഗത്തിൽപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതും ജീവിത അവസ്ഥ സംബന്ധിച്ചും അഭിമുഖീകരിക്കേണ്ടി വരുന്ന ജീവിത ദുരിതങ്ങൾ സംബന്ധിച്ചും ഒരു റിപ്പോർട്ട് വെള്ളപേപ്പറിൽ തയ്യാറാക്കി അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതുണ്ട്.

<u>അർഹതാ മാനദണ്ഡം</u>

- അപേക്ഷകരുടെ വാർഷിക കുടുംബവരുമാനം 50,000 രൂപയിൽ താഴെയായിരിക്കണം.
- അപേക്ഷകർക്ക് പ്രായപൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കൾ (ബുദ്ധിമാന്ദ്യം ഉള്ളവർ, അവിവാഹിതരായ പെൺകുട്ടികൾ ഉള്ളവർ, കിടപ്പുരോഗികളുള്ള കുടുംബം ഒഴികെ) ഉണ്ടായിരിക്കരുത്.
- സർക്കാർ തലത്തിൽ ധനസഹായം ലഭിച്ചവർ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മറ്റും) ഈ സഹായത്തിന് അർഹരല്ല.

ടി പദ്ധതി പ്രകാരം അതാത് ജില്ലാ വനിത-ശിശു വികസന ഓഫീസർമാർ അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. അതിജീവിക പദ്ധതിയിൽ അപേക്ഷിക്കാനുള്ള അവസാന തീയതി കഴിഞ്ഞെന്നും ഇനിയും അപേക്ഷ നൽകേണ്ടതില്ലെന്നും വനിത-ശിശു വികസന വകുപ്പിൽ നിന്നും പത്ര പരസ്യം വഴി പൊതുജനങ്ങൾക്ക് വിവരം നൽകിയിട്ടുണ്ട്.

## കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ

249 (267) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹിക സുരക്ഷാമിഷനിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായി കരാർ അടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ഇവർ ആരെല്ലാമാണെന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ടി തസ്തികയിലേക്ക് തെരഞ്ഞെടുപ്പ് നടത്തിയത് ഉദ്യോഗാർത്ഥികളുടെ എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) 2016 ഫെബ്രുവരി മാസത്തിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിൽ കരാർ കാലാവധി കഴിഞ്ഞ ശ്രീ. എസ്. ഷാജിയെ 18-8-2016-ലെ ഉത്തരവ് പ്രകാരം കെ.എസ്.എസ്.എം. എക്സിക്യൂട്ടീവ് ഡയറക്ടർ വീണ്ടും കരാർ അടിസ്ഥാനത്തിൽ നിയമിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) പത്ര പരസ്യമോ, മറ്റ് ഇതര പരസ്യങ്ങളോ നൽകിയും, ഇന്റർവ്യൂ നടത്തിയുമാണോ 18-8-2016-ലെ ഉത്തരവ് പ്രകാരം ശ്രീ. എസ്. ഷാജിയെ പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ നിയമിച്ചത്; ഇന്റർവ്യൂ നടത്തിയിട്ടുണ്ടെങ്കിൽ ഇന്റർവ്യൂ നടത്തിയ തീയതി; ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ ആരൊക്കെ; എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) കെ.എസ്.എസ്.എം-ൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയുടെ യോഗ്യത എം.എസ്.ഡബ്ല്യൂ/എം.എ. സോഷ്യോളജി ആണെന്നിരിക്കെ, ടി യോഗ്യത ഇല്ലാത്ത ശ്രീ. എസ്. ഷാജിയെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ആയി 18-8-2016-ലെ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ നിയമിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; ടിയാന്റെ നിയമനത്തിന് പ്രസ്തുത യോഗ്യതകളിൽ സർക്കാർ ഇളവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) 18-8-2016-ലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് പ്രകാരമുള്ള നിയമനം ബഹു. മന്ത്രി ചെയർമാനായുള്ള ഗവേണിംഗ് ബോഡി യോഗം അംഗീകരിച്ചതും, സർക്കാർ സാധൂകരിച്ചതും നിയമപരമായി ശരിയാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ജി) ടി നിയമനം കെ.എസ്.എസ്.എം. ഗവേണിംഗ് ബോഡി അംഗീകരിച്ചതിന്റെയും, സർക്കാർ സാധൂകരിച്ചതിന്റെയും ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട് പേർ

1. ശ്രീ. എസ്. ഷാജി

2. ശ്രീ. മുഹമ്മദ് ഫൈസൽ എം.പി.

(ബി) എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡി തീരുമാനപ്രകാരമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ നിയമനങ്ങൾ നടത്തിവരുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യതകൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി-ഇ) 2016 ഫെബ്രുവരി മാസത്തിൽ കാലാവധി കഴിഞ്ഞ ശ്രീ. എസ്. ഷാജിയുടെ മാത്രം കരാർ മിഷൻ അധികാരികൾ പുതുക്കി നൽകിയില്ല. ഇതിനെതിരെ ശ്രീ. എസ്. ഷാജി ഹൈക്കോടതിയിലും സർക്കാരിനും പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. എസ്. ഷാജിയുടെ കരാർ കാലാവധി എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ ദീർഘിപ്പിച്ചു നകിയിട്ടുള്ളത്. ആയത് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 9-9-2016-ലെ 22-ാം ഗവേണിംഗ് ബോഡി അംഗീകരിക്കുകയും സർക്കാർ അത് സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ശ്രീ. എസ്. ഷാജിയുടെ നിയമനം മിഷന്റെ 9-9-2016-ലെ ഗവേണിംഗ് ബോഡി യോഗം സാധൂകരിച്ചിട്ടുള്ളതിനാൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ജി) ശ്രീ. എസ്. ഷാജിയുടെ കരാർ ദീർഘിപ്പിച്ചത് സംബന്ധിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഗവേണിംഗ് ബോഡി അംഗീകരിച്ചതിന്റെയും സർക്കാർ സാധൂകരിച്ച കത്തിന്റെയും പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

**വയോജനക്ഷേമ പദ്ധതികൾ**

250 (268) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രമേഹ രോഗബാധിതരായ മുതിർന്ന പൗരന്മാർക്കായി വയോമധുരം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം പ്രമേഹരോഗികളായ വയോജനങ്ങൾക്ക് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പ്രമേഹം പോലുള്ള ജീവിത ശൈലീ രോഗങ്ങൾ സംബന്ധിച്ച് മുതിർന്ന പൗരന്മാർക്കായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) ഉണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്നു.

(ഡി) ഗ്ലൂക്കോമീറ്റർ വിതരണത്തോടനുബന്ധിച്ച് ജില്ലാതലത്തിൽ വയോജനങ്ങൾക്ക് പ്രമേഹരോഗത്തിൽ നിന്നും മോചനം ലഭിക്കുന്നതിനുതകുന്ന മാർഗ്ഗങ്ങൾ സംബന്ധിച്ച് ബോധവൽക്കരണവും ഗ്ലൂക്കോമീറ്റർ ഉപയോഗിക്കേണ്ട വിധത്തെക്കുറിച്ച് അറിവും നൽകുന്നുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതിയിലുൾപ്പെടുത്തി പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ പോലുള്ള ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്ലാസ്സുകൾ മുഖേന വയോമിത്രം ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. പ്രമേഹദിനം, അൾഷിമേഴ്സ് ദിനം പോലുള്ള പ്രധാനപ്പെട്ട ദിനങ്ങളിൽ ഇതുസംബന്ധിച്ച സെമിനാറുകൾ, ക്ലാസ്സുകൾ തുടങ്ങിയവ വയോമിത്രം യൂണിറ്റുതലത്തിൽ സംഘടിപ്പിച്ചുവരുന്നു.

### സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

251 (269) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധന രോഗികൾക്ക് ജീവൻരക്ഷാ ചികിത്സാ സഹായം നൽകുന്നതിനായി സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ സാമൂഹ്യ സുരക്ഷാ മിഷൻ വഴി ഇതിനകം എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം നൽകിയെന്നും, ജില്ല തിരിച്ച് യഥാക്രമം എത്ര തുക വീതം നൽകിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

### സാമൂഹ്യക്ഷേമ വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

252 (270) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വ്യക്തിഗതാനുകൂല്യം നൽകുന്ന പദ്ധതികളുണ്ടോ; എങ്കിൽ അതിനായിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യനീതി, വനിതാ ശിശു വികസന വകുപ്പുകൾ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) 'അക്സസബിൾ ഇന്ത്യ ക്യാമ്പയിൻ' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 28 കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് 8,59,96,000 രൂപ കണക്കാക്കുകയും ആയതിന്റെ 50% തുകയായ 4,29,98,000 രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ്സ് ഡിമാൻഡ് ഡിഡക്ഷൻ (NAPDD), നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺ എന്നീ പദ്ധതികൾക്കുള്ള തുക കേന്ദ്ര സർക്കാർ അനുവദിച്ചുനൽകുന്നുണ്ട്. IPSrC, IRCA, DDRS എന്നീ ഇനങ്ങളിലെ അപേക്ഷകർക്ക് പരിശോധനയ്ക്ക് വിധേയമായി ഫണ്ട് അനുവദിച്ചുനൽകുന്നുണ്ട്.

കൂടാതെ 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾക്കായി വനിതാശിശു വികസന വകുപ്പിന് ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | കേന്ദ്ര വിഹിതം (രൂപ) |
|---|---|---|
| 1. | മഹിളാ ശക്തി കേന്ദ്ര (MSK) | 34,32,000 |
| 2 | സ്വധാർ ഗ്രഹ് | 32,26,200 |
| 3 | ഉജ്ജ്വല | 27,97,309 |
| 4 | ബേഠി ബച്ചാവോ ബേഠി പഠാവോ | 4,32,960 |
| 5 | നാഷണൽ ക്രഷ് സ്കീം | 8,68,40,297 |
| 6 | അനുപൂരക പോഷകാഹാര പദ്ധതി (SNP) | 11119.39 ലക്ഷം |

സമ്പുഷ്ട കേരളം (NNM) പദ്ധതിക്ക് ഇതുവരെ 7765.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 1. <u>സ്പോൺസർഷിപ്പ് പദ്ധതി</u>

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി വ്യക്തിഗതാനുകൂല്യമായി സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. ജെ.ജെ. ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ധനസഹായം നൽകുന്നതിനായാണ് സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നത്.

2. <u>പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY)</u>

മറ്റ് പ്രസവാനുകൂല്യങ്ങൾ ലഭിക്കാത്ത സ്ത്രീകൾക്ക് ആദ്യ പ്രസവത്തിന് വ്യവസ്ഥകൾക്ക് വിധേയമായി മൂന്ന് ഗഡുക്കളായി ആകെ 5,000 രൂപ വ്യക്തിഗത ആനുകൂല്യം നൽകിവരുന്നു.

**വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം**

253 (271) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനായുള്ള അപേക്ഷകളിൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി പരിധിയിൽ ഏത് വർഷം ഏത് മാസം വരെയുള്ള അപേക്ഷകർക്കാണ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

4-12-2015 വരെയുള്ള അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. കുടിശ്ശികയായിട്ടുള്ള 69 പേർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്താൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനായുള്ള സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ**

254 (272) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റകൃത്യങ്ങൾക്ക് ശിക്ഷയായി ജയിൽ ശിക്ഷയ്ക്ക് പകരം നല്ല നടപ്പ് നൽകുന്നതിനും വേണ്ടി സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ചെറിയ കുറ്റകൃത്യങ്ങൾക്ക് ശിക്ഷയായി ജയിൽ ശിക്ഷയ്ക്ക് പകരം നല്ല നടപ്പ് നൽകുന്നതിനുംവേണ്ടി സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ വിഭാഗം വഴി 1958-ലെ Probation of Offenders Act നടപ്പിലാക്കിവരുന്നു.

പ്രൊബേഷൻ സംവിധാനം ശക്തമാക്കുന്നതിനായി നേർവഴി എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. ആദ്യമായി കുറ്റം ചെയ്യുന്നവരിലും ജയിലിൽ നിന്നും ബോർസ്റ്റൽ സ്കൂളിൽ നിന്നും പുറത്തിറങ്ങുന്നവരിൽ തെരഞ്ഞെടുക്കപ്പെട്ടവരെ പ്രത്യേകം ശ്രദ്ധിച്ച് വീണ്ടും കേസ്സിൽപ്പെടാതെ നോക്കുകയും അവരുടെ കുടുംബാംഗങ്ങളുടെ സഹായത്തോടെ പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

## വനിതാ ശിശുവികസന വകുപ്പ് തയ്യാറാക്കുന്ന പദ്ധതികൾ

255 (273) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകാശ്രയമായ കുടുംബനാഥൻ കിടപ്പിലാകുകയോ മരിക്കുകയോ ചെയ്യുന്നതുമൂലം ദുരിതത്തിലാകുന്ന കുടുംബങ്ങൾക്കായി വനിതാ ശിശുവികസന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗത്തിലുള്ളവർക്കാണ് പദ്ധതിയുടെ സഹായം ലഭ്യമാകുന്നതെന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതിയിൽ നിന്നുള്ള സഹായം ലഭ്യമാകുന്നതിന് ഹാജരാക്കേണ്ട രേഖകളും മറ്റ് നടപടിക്രമങ്ങളും സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകാശ്രയമായ കുടുംബനാഥൻ കിടപ്പിലാവുകയോ മരിക്കുകയോ ചെയ്യുന്നതുമൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കായി വനിതാ ശിശുവികസന വകുപ്പ് വഴി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) അതിജീവിക
2) അഭയകിരണം
3) സഹായഹസ്തം
4) പടവുകൾ
5) വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി

(1) അതിജീവിക

കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗംമൂലം മരണപ്പെടുകയോ

പെട്ടന്നുണ്ടാകുന്ന അപകടങ്ങളാൽ മരണപ്പെടുകയോ കിടപ്പിലാവുകയോ ചെയ്യുമ്പോൾ സ്ഥിരവരുമാനം ഇല്ലാത്തതിനാലും ജോലി ചെയ്യാനുള്ള ആരോഗ്യമില്ലാത്തതിനാലും നിത്യചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആശുപത്രി ചെലവുകൾക്കും മറ്റു മാർഗ്ഗമില്ലാതെ കുടുംബം ബുദ്ധിമുട്ടുന്ന അവസ്ഥ പെട്ടന്ന് സംജാതമാകുന്നു. ഇപ്രകാരം രോഗികളായ സ്ത്രീകൾ, വിധവകൾ, ഭർത്താവ് ഗുരുതര അസുഖത്താൽ കിടപ്പിലായവർ, വിവാഹമോചിതരായ സ്ത്രീകളുള്ള കുടുംബം, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബത്തിലെ സ്ത്രീകൾ എന്നിവർ എല്ലാംതന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. കൂടാതെ ബാങ്ക് ലോണെടുത്തും മറ്റും നിർമ്മിച്ച വീടുകളുടെ വായ്പാ തിരിച്ചടവ്, ചികിത്സയ്ക്കുവേണ്ടി എടുത്ത ലോൺ, ഭർത്താവിന്റെ അസുഖം, ചികിത്സ, മരണം എന്നിവമൂലം തിരിച്ചടവ് മുടങ്ങുന്നതുകാരണം സ്ത്രീക്ക് ഇത് ബാധ്യതയായി വരികയും ജപ്തി ഭീഷണി നേരിടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു.

ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണ് 'അതിജീവിക'. ഈ പദ്ധതിവഴി പരാമവധി 50,000 രൂപ വരെ ധനസഹായമായി അനുവദിക്കുന്നു.

<u>ഗുണഭോക്താക്കൾ</u>

- ഭർത്താവ്/കുട്ടികൾ/കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പുരോഗിയുള്ള കുടുംബം
- പ്രകൃതി ദുരന്തത്താലോ മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ട്/നാശം സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- കടബാധ്യതമൂലം കുടുംബനാഥ ജപ്തി ഭീഷണി നേരിടുന്ന കുടുംബം
- ഭർത്താവിന്റെ അസുഖം/വിയോഗംമൂലം മക്കളുടെ പഠനത്തിന്/ ആശ്രിതരുടെ ചികിത്സയ്ക്ക് ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീ
- അപേക്ഷകരായ സ്ത്രീകളുടെ പ്രായം 50 വയസ്സിൽ താഴെ ആയിരിക്കണം.

<u>അർഹതാ മാനദണ്ഡം</u>

- അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം 50,000 രൂപയിൽ താഴെയായിരിക്കണം.

- അപേക്ഷകർക്ക് പ്രായപൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കൾ (ബുദ്ധിമാന്ദ്യം ഉള്ളവർ, അവിവാഹിതരായ പെൺകുട്ടികൾ ഉള്ളവർ, കിടപ്പുരോഗികൾ ഉള്ള കുടുംബം ഒഴികെ) ഉണ്ടായിരിക്കരുത്.
- സർക്കാർ തലത്തിൽ ധനസഹായം ലഭിച്ചവർ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മറ്റും) ഈ സഹായത്തിന് അർഹരല്ല.

(2) അഭയകിരണം

സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയസ്ഥാനമില്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിക്ക് മാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

അർഹതാ മാനദണ്ഡവും അപേക്ഷിക്കേണ്ട രീതിയും

1. സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം (വയസ്സ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയിലേതിന്റെയെങ്കിലും പകർപ്പ് ഹാജരാക്കണം).
2. വിധവകളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം (റേഷൻ കാർഡ് - മുൻഗണനാ വിഭാഗം/ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല).
3. വിധവകൾ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നവരാകരുത്.
4. വിധവകൾക്ക് പ്രായപൂർത്തിയായ മക്കൾ ഉണ്ടാകാൻ പാടില്ല.
5. വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനുകളോ സാമൂഹ്യനീതി നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ (ആശ്വാസകിരണം, സമാശ്വാസം) ലഭിക്കുന്നവരായിരിക്കരുത്.
6. ടിയാൻ ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും

വിധവയാണെന്നും തദ്ദേശഭരണ സ്ഥാപന പ്രതിനിധി/വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.

7. വിധവകൾ സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടോ സൗകര്യമോ ഉള്ളവർ ആയിരിക്കരുത്.

8. ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയായി കഴിയുന്ന വിധവകൾ ഈ ധനസഹായത്തിന് അർഹരല്ല.

9. അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ മുഖേന സ്വീകരിച്ച് അർഹമായ അപേക്ഷകൾ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

10. അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങൾ മുഖേന ജില്ലാ വനിത-ശിശു വികസന ഓഫീസർമാർ അറിയിപ്പ് നൽകേണ്ടതാണ്.

(3) <u>സഹായഹസ്തം</u>

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'സഹായഹസ്തം'. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000 രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു.

<u>അർഹതാ മാനദണ്ഡം</u>

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകളാണ് ഈ പദ്ധതികളുടെ ഗുണഭോക്താക്കൾ

2. സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ (വനിതാ കൂട്ടായ്മ, കുടുംബശ്രീ, വിധവാ സംഘം etc.) നടത്താവുന്നതാണ്. ഒരു ജില്ലയിൽ നിന്നും പരമാവധി 10 പേർക്ക് ധനസഹായം നൽകുന്നു.

3. കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, വനിതാ കൂട്ടായ്മകൾ തുടങ്ങിയ ഗ്രൂപ്പുകളിൽ ഉൾപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

4. ഗുണഭോക്താവിന്റെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ

താഴെയായിരിക്കണം (BPL/മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് മുൻഗണന നൽകേണ്ടതാണ്).

5. 18 വയസ്സിൽ താഴെയുള്ള കുട്ടികളുള്ള വിധവകൾക്ക് മുൻഗണന.
6. ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രം ഉള്ളവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.
7. ആശ്വാസകിരണം പെൻഷൻ, വിധവാ പെൻഷൻ ലഭിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.
8. തദ്ദേശഭരണ സ്ഥാപനം വഴിയോ മറ്റ് സർക്കാർ തലത്തിലോ സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ള വിധവകൾ ഈ ആനുകൂല്യത്തിന് അർഹരല്ല.
9. സഹായഹസ്തം പദ്ധതി പ്രകാരം മുൻവർഷം ധനസഹായം ലഭിച്ചവർ അപേക്ഷിക്കുവാൻ പാടുള്ളതല്ല.
10. മുൻവർഷം അപേക്ഷിച്ചിട്ട് ധനസഹായം ലഭിക്കാതിരുന്ന അർഹരായ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണ്.

(4) <u>പടവുകൾ</u>

കേരളത്തിൽ ജനങ്ങളുടെ ആയുർദൈർഘ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങൾ, പെട്ടെന്നുള്ള മരണം എന്നിവ ഏറി വരുന്നതായും പലപ്പോഴും ഇങ്ങനെയുള്ള വിധി വൈപരീത്യത്തിന് ഇരയാകുന്നത് പുരുഷൻമാരും അതിൽ തന്നെ ഭൂരിഭാഗവും കുടുംബനാഥൻമാരുമാണ്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്ന് ജീവിക്കുന്നത്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്നതാണ് 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

<u>പദ്ധതി ധനസഹായം</u>

1. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന (എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ബി.ഡി.എസ്., ബി.എച്ച്.എം.എസ്., ബി.എ.എം.എസ്. തുടങ്ങിയവ) വിധവകളുടെ മക്കളുടെ ട്യൂഷൻ ഫീസും ഹോസ്റ്റലിൽ താമസിക്കുന്നവരാണെങ്കിൽ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള മെസ്സ് ഫീസും നൽകുന്നു.

2. സെമസ്റ്റർ ഫീസാണെങ്കിൽ വർഷം 2 തവണയും വാർഷിക ഫീസാണെങ്കിൽ ഒറ്റത്തവണയായും ധനസഹായം ലഭിക്കും.
3. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവരായിരിക്കണം.

പദ്ധതി മാനദണ്ഡം

1. മെരിറ്റ് അടിസ്ഥാനത്തിൽ സർക്കാർ - സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം നേടിയവരായിരിക്കണം.
2. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള കോളേജുകൾ എന്നിവയിൽ പഠിക്കുന്നവരായിരിക്കണം.
3. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ച പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവരായിരിക്കണം.
4. കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

ശിശു വികസന ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നതും ആവശ്യപ്പെട്ട എല്ലാ രേഖകളുമുള്ള അപേക്ഷകൾ വ്യക്തമായ ശിപാർശയോടെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് കൈമാറേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ ലിസ്റ്റ് നിശ്ചിത പ്രൊഫോർമയിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ വനിത-ശിശു വികസന ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

(5) വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് _വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവ് ഗുരുതരാവസ്ഥയിൽ കിടപ്പിലായവർ എന്നിവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. ഒന്നാം ക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 3,000 രൂപയും 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം 5000 രൂപയും പ്ലസ് വൺ, പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾക്ക് 7,500 രൂപയും ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്ക് ഒരു വർഷം 10,000 രൂപയും വിദ്യാഭ്യാസ ധനസഹായം ഈ പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു.

മാനദണ്ഡങ്ങൾ

1. ബി.പി.എൽ. (മുൻഗണനാ വിഭാഗം) വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുള്ളത്.

2. വിവാഹമോചിതരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

3. പുനർവിവാഹം കഴിച്ചവർക്ക് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

4. ഭർത്താവ് ഉപേക്ഷിച്ചുപോയ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

5. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ട റവന്യൂ/വില്ലേജ് ഓഫീസറിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഇതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നിലനിൽക്കുന്നുവെങ്കിൽ ആയത് രേഖാമൂലം വില്ലേജ് ഓഫീസറിൽ നിന്നും ലഭ്യമാക്കിയശേഷം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതും ശേഷം അപേക്ഷക ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ പക്കൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

6. ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്തവിധം കിടപ്പിലായ കുടുംബങ്ങളിലെ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. അപേക്ഷയോടൊപ്പം സർക്കാർ ഡോക്ടർമാരിൽ നിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കണം.

7. നിയമപരമായ വിവാഹത്തിലൂടെ അല്ലാതെ അമ്മമാരായ വനിതകളുടെ മക്കൾക്ക് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ICDS സൂപ്പർവൈസറുടെ സാക്ഷ്യപത്രം കൂടി ഹാജരാക്കണം.

8. ART തെറാപ്പി ചികിത്സയ്ക്ക് വിധേയരാകുന്ന HIV ബാധിതരായ വ്യക്തികളുടെ കുട്ടികൾക്കും ധനസഹായത്തിന് അർഹതയുണ്ട്. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ICDS സൂപ്പർവൈസറുടെ സാക്ഷ്യപത്രം കൂടി ഹാജരാക്കണം.

9. ഒരു കുടുംബത്തിലെ പരമാവധി രണ്ട് കുട്ടികൾക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ. കേന്ദ്ര/സംസ്ഥാന സർക്കാരിൽ

നിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസ മേധാവിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റുന്നവർ ഈ ധനസഹായത്തിന് അർഹരല്ല.

(സി) (1) അതിജീവിക

ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. അപേക്ഷ ഫോം (നിശ്ചിത മാതൃകയിലുള്ളത്)
2. തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (ആധാർ/ഇലക്ഷൻ ഐ.ഡി.)
3. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്
4. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്
5. സർക്കാർ തലത്തിൽ ധനസഹായം (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി) ലഭിച്ചിട്ടില്ലായെന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം
6. നിലവിലെ ജീവിതാവസ്ഥ സംബന്ധിച്ച് വെള്ളപേപ്പറിൽ തയ്യാറാക്കിയ റിപ്പോർട്ട്
7. റേഷൻ കാർഡിന്റെ പകർപ്പ്
8. വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്/ ആധാർ/ ഇലക്ഷൻ ഐ.ഡി. എന്നിവയിൽ ഒന്നിന്റെ പകർപ്പ്)

നിർവ്വഹണം

ശിശു വികസന പദ്ധതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ശിശു വികസന പദ്ധതി ഓഫീസർ വിശദമായ അന്വേഷണം നടത്തി ഇക്കാര്യത്തിന് ധനസഹായം ലഭിച്ചവരെ ഒഴിവാക്കി മാർഗ്ഗരേഖയിൽ പറഞ്ഞവിധം ദുരിതമനുഭവിക്കുന്നവരാണെന്ന് ഉറപ്പാക്കി മുൻഗണനാക്രമത്തിൽ അന്വേഷണ റിപ്പോർട്ട്, അനുവദിക്കാവുന്ന തുക സംബന്ധിച്ച ശിപാർശ എന്നിവ ഉൾപ്പെടെ സ്റ്റേറ്റ്മെന്റ് സഹിതം അപേക്ഷകൾ ജില്ലാ വനിത-ശിശുവികസന ഓഫീസർമാർക്ക് നൽകുന്നു. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹരാണെന്ന് ഉറപ്പാക്കി ജില്ലാതല കമ്മിറ്റി (ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ കമ്മിറ്റി) കൂടി അർഹരായ അപേക്ഷകരുടെ ലിസ്റ്റ് അനുവദിക്കാവുന്ന തുകയുടെ

വിവരം, ജില്ലാതല കമ്മിറ്റി തീരുമാനത്തിന്റെ ശിപാർശ സഹിതം വനിതാ ശിശു വികസന ഡയറക്ടർക്ക് നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ സംസ്ഥാന സമിതിയുടെ അംഗീകാരത്തിന് വിധേയമായി ധനസഹായം അനുവദിക്കുന്നു.

2) <u>അഭയകിരണം</u>

1. സംരക്ഷിക്കപ്പെടുന്ന വിധവകൾ 50 വയസ്സിന് മുകളിൽ പ്രായമുള്ളവരായിരിക്കണം (വയസ്സ് തെളിയിക്കുന്നതിനായി സ്കൂൾ സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയിലേതിന്റെയെങ്കിലും പകർപ്പ് ഹാജരാക്കണം).
2. വിധവകളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം (റേഷൻ കാർഡ്-മുൻഗണനാ വിഭാഗം/ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർ വരുമാന സർട്ടിഫിക്കറ്റ് ഹജരാക്കേണ്ടതില്ല).
3. ടിയാൻ ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും വിധവയാണെന്നും തദ്ദേശഭരണ സ്ഥാപന പ്രതിനിധി/വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
4. അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ മുഖേന സ്വീകരിച്ച് അർഹമായ അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് കൈമാറേണ്ടതാണ്.

<u>അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ട രേഖകൾ</u>

1. വിധവയുടെയും സംരക്ഷിക്കപ്പെടുന്ന ആളിന്റെയും റേഷൻ കാർഡ് കോപ്പി, ആധാർ കോപ്പി.
2. ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി
3. വിധവ, അപേക്ഷകന്റെ സംരക്ഷണയിലാണെന്നുള്ള തദ്ദേശഭരണ പ്രതിനിധി/വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
4. വിധവ BPL/മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർ അല്ലെങ്കിൽ വില്ലേജ് ഓഫീസിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധി ഒരു ലക്ഷം)

3) സഹായഹസ്തം

ശിശു വികസന പദ്ധതി ഓഫീസർമാർ മുഖേന അപേക്ഷ സ്വീകരിക്കേണ്ടതാണ്. ലഭ്യമായ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ഓരോ ഐ.സി.ഡി.എസ്.-ൽ നിന്നും ഏറ്റവും അർഹമായ രണ്ട് അപേക്ഷകൾ അനുബന്ധ രേഖകൾ ഉൾപ്പെടെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്നും 10 ഗുണഭോക്താക്കളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ വനിതാ ശിശു വികസന ഓഫീസർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റിയിൽ വച്ച് തെരഞ്ഞെടുക്കേണ്ടതുമാണ്.

അപേക്ഷകർ സ്വയം തൊഴിൽ സംരംഭത്തിന്റെ വിശദവിവരം ബഡ്ജറ്റ് സഹിതം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുമായി പ്രോഗ്രാം ഓഫീസർമാർ എഗ്രിമെന്റ് വച്ചതിനുശേഷം ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

4) പടവുകൾ

ധനസഹായത്തിന് അപേക്ഷിക്കേണ്ട വിധവും ഹാജരാക്കേണ്ട രേഖകളും

1. അപേക്ഷ ഫാറം (നിശ്ചിത മാതൃകയിലുള്ളത്)
2. കോഴ്സ് ഫീസ് സംബന്ധിച്ച അപേക്ഷയോടൊപ്പമുള്ള സാക്ഷ്യപത്രം (മേലധികാരി സാക്ഷ്യപ്പെടുത്തിയത്)
3. വിദ്യാർത്ഥിയുടെ മാതാവ് വിധവയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അസ്സൽ (വില്ലേജ് ഓഫീസർ നൽകുന്നത്)
4. വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ
5. പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (മാർക്ക് ലിസ്റ്റ് ഉൾപ്പെടെ)
6. അപേക്ഷ ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതാണ്
7. മുൻവർഷം പടവുകൾ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർ 2018-19 വർഷത്തെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, ഹോസ്റ്റൽ മെസ്സ് ഫീസ് എന്നിവയുടെ രസീതിന്റെ പകർപ്പുകൾ
8. ധനസഹായം ലഭിച്ച തുക മേൽപ്പറഞ്ഞവയുടെ ആകെ തുകയിൽ നിന്നും അധികരിക്കുന്നില്ല എന്ന അപേക്ഷയുടെ സാക്ഷ്യപത്രം

5) <u>വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി</u>

<u>അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>

1) അപേക്ഷ ബി.പി.എൽ. (മുൻഗണനാ വിഭാഗം) കുടുംബത്തിൽപ്പെട്ട ആളാണെന്നും എ.പി.എൽ. ആണെങ്കിൽ അർഹതപ്പെട്ട വിഭാഗത്തിൽപ്പെടുന്നവരാണെന്നും തെളിയിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

2) റേഷൻ കാർഡ്, ആധാർ, ഇലക്ഷൻ ഐ.ഡി. എന്നിവയുടെ പകർപ്പ്

3) അപേക്ഷക വനിതാ ഗൃഹനാഥ എന്ന് തെളിയിക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന വിഭാഗത്തിൽപ്പെടുന്നതാണെന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

i. ഭർത്താവ് ഉപേക്ഷിച്ച പോയവർക്ക്, ഉപേക്ഷിച്ചുപോയെന്നും വേറെ വിവാഹം ചെയ്തിട്ടില്ലെന്നും തെളിയിക്കുന്ന വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്.

ii. വിവാഹബന്ധം വേർപെടുത്തിയവർക്ക് കോടതി ഉത്തരവിന്റെ പകർപ്പ് കൂടാതെ പുനർ വിവാഹം ചെയ്തിട്ടില്ലെന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

iii. ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞവർ, ഒരു വർഷം കഴിഞ്ഞുവെന്നും പുനർ വിവാഹം നടത്തിയിട്ടില്ലായെന്നും ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്.

iv. ഭർത്താവിന് നട്ടെല്ലിന് ക്ഷതമോ പക്ഷാഘാതംമൂലമോ ജോലി ചെയ്യുവാൻ കഴിയാത്തവിധം കിടപ്പിലായിട്ടുണ്ടെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.

v. നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായ വനിതകളെ സംബന്ധിച്ച വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

vi. ബാങ്ക് പാസ്സ് ബുക്ക് അക്കൗണ്ട് നമ്പർ വരുന്ന പേജിന്റെ ഫോട്ടോകോപ്പി (അപേക്ഷകയുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ട്)

അപേക്ഷകൾ അങ്കണവാടി വർക്കർമാർ വഴി അതാത് ശിശുവികസന

പദ്ധതി ഓഫീസർമാർക്ക് നൽകേണ്ടതും ശിശുവികസന പദ്ധതി ഓഫീസർമാർ അന്വേഷണം നടത്തി വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തിയശേഷം ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് നൽകണം. ശിശുവികസന പദ്ധതി ഓഫീസർ ശിപാർശ ചെയ്ത് നൽകുന്ന അപേക്ഷകൾ മാനദണ്ഡപ്രകാരണമാണോയെന്ന് പരിശോധിച്ച് വനിതാ ശിശു വികസന ഓഫീസർമാർ ധനസഹായ തുക അപേക്ഷകയുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

## ബാലനിധി പദ്ധതി

256 (274) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകൾ അനുഭവിക്കുന്ന കുട്ടികളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പ് വരുത്തുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇവർക്ക് ധനസഹായം നൽകുന്നതിനായി ബാലനിധി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇതിനകം എത്രപേർക്ക് ഇതിൽ നിന്നും സഹായം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ അവകാശങ്ങളെ സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇത്തരം പദ്ധതികൾക്കായി ബാലനിധിയിൽ നിന്നും ധനസഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

### ഉത്തരം

(എ) വിഷമതകൾ അനുഭവിക്കുന്ന കുട്ടികളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. <u>ശരണബാല്യം</u>

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ഭിക്ഷ യാചിക്കുന്ന കുട്ടികൾ എന്നിവരെ കണ്ടെത്തി അവർക്ക് സംരക്ഷണം നൽകുന്നതിനായുള്ള പദ്ധതി

2. <u>കാവൽ</u>

നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികളെ ബംഗളൂരു ആസ്ഥാനമായ നിംഹാൻസിന്റെ സാങ്കേതിക സഹായത്തോടെ മനഃശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി, സ്വഭാവ പരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്നതാണ് കാവൽ പദ്ധതി.

3. <u>കരുതൽ സ്പർശം</u>

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കുടുംബത്തിൽ നിന്നു തന്നെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയവ തടയുന്നതിനും രക്ഷാകർതൃ ബോധത്തിനുമായി കരുതൽ സ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. <u>ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)</u>

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC) മുഖേന സംസ്ഥാനത്തെ 304 സ്കൂളുകളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകിവരുന്നു.

(ബി) ഉണ്ട്. സമൂഹത്തിൽ വിഷമത അനുഭവിക്കുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും ധനസഹായം നൽകുന്നതിനായി രൂപീകരിച്ച ബാലനിധി പദ്ധതിയിലൂടെ 21 കുട്ടികൾക്ക് ചികിത്സാ സഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ കുടുംബങ്ങളിൽ നിന്നുതന്നെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയവ തടയുന്നതിനും രക്ഷാകർതൃ ബോധത്തിനുമായി നടപ്പ് സാമ്പത്തിക വർഷം കരുതൽ സ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2019 ജൂൺ 1-ന് 'ഗ്ലോബൽ പേരന്റിംഗ് ഡേ' സംഘടിപ്പിച്ചു. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലും ക്യാമ്പയിനുകൾ, വിവിധ ബോധവൽക്കരണ പരിപാടികൾ, വൾണറബിലിറ്റി സർവ്വേ എന്നിവ സംഘടിപ്പിച്ചുവരുന്നു

(ഡി) ബോധവൽക്കരണ പരിപാടികൾക്കായി ബാലനിധിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല.

## അതിജീവനം പദ്ധതി

257 (275) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന അതിജീവനം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിനകം ഈ പദ്ധതിയിൽ എത്ര പേർ അപേക്ഷ നൽകിയെന്നും അതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നും അറിയിക്കാമോ;

(സി) അതിജീവനം പദ്ധതിക്ക് അപേക്ഷ നൽകേണ്ട തീയതി അവസാനിച്ചിട്ടും വ്യാജപ്രചാരണങ്ങളിലൂടെ കൂടുതൽ പേരെ വഞ്ചിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വ്യാജപ്രചാരണം നടത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-സി) വനിതാ ശിശു വികസന വകുപ്പ് വഴി 'അതിജീവനം' എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. അതിജീവിക എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗംമൂലം മരണപ്പെടുകയോ പെട്ടെന്നുണ്ടാകുന്ന അപകടങ്ങളാൽ മരണപ്പെടുകയോ കിടപ്പിലാവുകയോ ചെയ്യുമ്പോൾ സ്ഥിരവരുമാനം ഇല്ലാത്തതിനാലും ജോലി ചെയ്യാനുള്ള ആരോഗ്യമില്ലാത്തതിനാലും നിത്യചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആശുപത്രി ചെലവുകൾക്കും മറ്റും മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുന്ന അവസ്ഥ പെട്ടെന്ന് സംജാതമാകുന്നു. ഇപ്രകാരം രോഗികളായ സ്ത്രീകൾ, വിധവകൾ, ഭർത്താവ് ഗുരുതര അസുഖത്താൽ കിടപ്പിലായവർ, വിവാഹ മോചിതരായ സ്ത്രീകളുള്ള കുടുംബം, ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബത്തിലെ സ്ത്രീകൾ എന്നിവർ എല്ലാംതന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. കൂടാതെ ബാങ്ക് ലോണെടുത്തും മറ്റും നിർമ്മിച്ച വീടുകളുടെ വായ്പാ തിരിച്ചടവ്,

ചികിത്സയ്ക്കുവേണ്ടി എടുത്ത ലോൺ, ഭർത്താവിന്റെ അസുഖം, ചികിത്സ, മരണം എന്നിവമൂലം തിരിച്ചടവ് മുടങ്ങുന്നത് കാരണം സ്ത്രീക്ക് ഇത് ബാധ്യതയായി വരികയും ജപ്തി ഭീഷണി നേരിടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു.

ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണ് 'അതിജീവിക'. പരമാവധി 50,000 രൂപ വരെ ധനസഹായമായി അനുവദിക്കുന്നു.

നിർവ്വഹണം

ശിശു വികസന പദ്ധതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ശിശു വികസന പദ്ധതി ഓഫീസർ വിശദമായ അന്വേഷണം നടത്തി ഇക്കാര്യത്തിന് മറ്റ് ധനസഹായം ലഭിച്ചവരെ ഒഴിവാക്കി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ദുരിതമനുഭവിക്കുന്നവരാണെന്ന് ഉറപ്പാക്കി മുൻഗണനാ ക്രമത്തിൽ അന്വേഷണ റിപ്പോർട്ട്, അനുവദിക്കാവുന്ന തുക സംബന്ധിച്ച ശിപാർശ എന്നിവ ഉൾപ്പെടെ സ്റ്റേറ്റ്മെന്റ് സഹിതം അപേക്ഷകൾ ജില്ലാ വനിത- ശിശുവികസന ഓഫീസർമാർക്ക് നൽകുന്നു. ജില്ലാ വനിതാ-ശിശു വികസന ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹരാണെന്ന് ഉറപ്പാക്കി ജില്ലാതല കമ്മിറ്റി (ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്വേഷൻ കമ്മിറ്റി) കൂടി അർഹരായ അപേക്ഷകരുടെ ലിസ്റ്റ് അനുവദിക്കാവുന്ന തുകയുടെ വിവരം, ജില്ലാതല കമ്മിറ്റി തീരുമാനത്തിന്റെ ശിപാർശ സഹിതം വനിതാശിശു വികസന ഡയറക്ടർക്ക് നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസൽ സംസ്ഥാന സമിതിയുടെ അംഗീകാരത്തിന് വിധേയമായി ധനസഹായം അനുവദിക്കുന്നു.

ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റിയുടെ ഘടന

1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് -ചെയർപേഴ്സൺ

2) ജില്ലാ വനിതാ ശിശു വികസന ഓഫീസർ -കൺവീനർ

3) ജില്ലാ മെഡിക്കൽ ഓഫീസർ-മെമ്പർ

4) ജില്ലാ പഞ്ചായത്ത് വെൽഫയർ സ്റ്റാന്റിംഗ് കമ്മിറ്റി-മെമ്പർ ചെയർമാൻ

5) വുമൺ പ്രൊട്ടക്ഷൻ ഓഫീസർ- മെമ്പർ

6) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സന്നദ്ധ പ്രവർത്തകർ- (ഒരാൾ സ്ത്രീ) മെമ്പർ

ഗുണഭോക്താക്കൾ

- ഭർത്താവ്/കുട്ടികൾ/കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പുരോഗിയുള്ള കുടുംബം
- പ്രകൃതി ദുരന്തത്താലോ മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ട്/ നാശം സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- കടബാദ്ധ്യതമൂലം കുടുംബനാഥ ജപ്തിഭീഷണി നേരിടുന്ന കുടുംബം
- ഭർത്താവിന്റെ അസുഖം/വിയോഗംമൂലം മക്കളുടെ പഠനത്തിന്/ ആശ്രിതരുടെ ചികിത്സയ്ക്ക് ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം
- അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീ
- അപേക്ഷകരായ സ്ത്രീകളുടെ പ്രായം 50 വയസ്സിൽ താഴെ ആയിരിക്കണം

അനാരോഗ്യം നിമിത്തം ജോലി ചെയ്യാൻ സാധിക്കാത്ത സ്ത്രീകൾക്ക് മാത്രമേ ഈ സ്കീമിന് കീഴിൽ അർഹതയുണ്ടായിരിക്കുകയുള്ളൂ (ഹൃദ്രോഗം, അംഗപരിമിതി, കിഡ്നി/ലിവർ സംബന്ധമായ രോഗങ്ങൾ, ക്യാൻസർ, തളർവാതം, മറ്റ് ഗുരുതര രോഗങ്ങൾ). അപേക്ഷകർ മേൽ വിഭാഗത്തിൽപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതും ജീവിതാവസ്ഥ സംബന്ധിച്ചും അഭിമുഖീകരിക്കേണ്ടി വരുന്ന ജീവിത ദുരിതങ്ങൾ സംബന്ധിച്ചും ഒരു റിപ്പോർട്ട് വെള്ളപേപ്പറിൽ തയ്യാറാക്കി അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

അർഹതാ മാനദണ്ഡം

- അപേക്ഷകരുടെ വാർഷിക കുടുംബവരുമാനം 50,000 രൂപയിൽ താഴെയായിരിക്കണം.
- അപേക്ഷകർക്ക് പ്രായപൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കൾ (ബുദ്ധിമാന്ദ്യം ഉള്ളവർ, അവിവാഹിതരായ പെൺകുട്ടികൾ ഉള്ളവർ, കിടപ്പുരോഗികളുള്ള കുടുംബം ഒഴികെ) ഉണ്ടായിരിക്കരുത്.
- സർക്കാർ തലത്തിൽ ധനസഹായം ലഭിച്ചവർ (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മറ്റും) ഈ സഹായത്തിന് അർഹരല്ല.

ടി പദ്ധതി പ്രകാരം അതാത് ജില്ലാ വനിത-ശിശു വികസന ഓഫീസർമാർ അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. അതിജീവിക പദ്ധതിയിൽ അപേക്ഷിക്കാനുള്ള അവസാന തീയതി കഴിഞ്ഞെന്നും ഇനിയും അപേക്ഷ നൽകേണ്ടതില്ലെന്നും വനിത-ശിശു വികസന വകുപ്പിൽ നിന്നും പത്രപ്പരസ്യം വഴി പൊതുജനങ്ങൾക്ക് വിവരം നൽകിയിട്ടുണ്ട്.

## സാമൂഹ്യനീതി, വനിത-ശിശു വികസന വകുപ്പുകളുടെ വിഭജനം

258 (276) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി, വനിത -ശിശു വികസന വകുപ്പുകളുടെ വിഭജനം ഏതു ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യനീതി, വനിത-ശിശു വികസന വകുപ്പുകളിലെ ജീവനക്കാരുടെ നിയമനം, സ്ഥാനക്കയറ്റം, പുനർവിന്യാസം എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വനിത-ശിശു വികസന വകുപ്പിൽ വികസന വിഭാഗത്തിനു പുറമേ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സാമൂഹ്യനീതി, വനിതാ-ശിശു വികസന വകുപ്പുകളുടെ വിഭജന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇരു വകുപ്പുകളിലും ഡയറക്ടർമാരെ നിയമിച്ച്, വകുപ്പുകളുടെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളും ഓഫീസുകളും പദ്ധതികളും വിഭജിച്ചും ഉത്തരവായിട്ടുണ്ട്. പൊതു വിഭാഗം തസ്തികയിലെ ജീവനക്കാരിൽ നിന്നും ഓപ്ഷനുകൾ ക്ഷണിച്ച് ഇരു വകുപ്പുകളിലുമായി പുനർവിന്യസിക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ കൺവീനറാക്കി ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുകയും ഇരുവകുപ്പിലേയും വാച്ച്മാൻ, വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരെ ഒഴിച്ച് മറ്റ് ജീവനക്കാരെ പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിലെയും വനിത ശിശുവികസന വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ വ്യവസ്ഥകൾ നിർണ്ണയിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ ഓപ്ഷൻ സ്വീകരിച്ച്, വാച്ച്മാൻ, വാച്ച് വുമൺ എന്നീ തസ്തികകൾ ഒഴികെയുള്ള മറ്റെല്ലാ തസ്തികകളിലെ ജീവനക്കാരെയും പുനർവിന്യസിച്ചിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള കേഡർ സ്ട്രെംഗ്തിന്റെ അടിസ്ഥാനത്തിൽ വാച്ച്മാൻ, വാച്ച് വുമൺ തസ്തികകളിലെ ജീവനക്കാരെ തസ്തികമാറ്റം നൽകി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാരെക്കൂടി ഇരുവകുപ്പുകളിലുമായി പുനർവിന്യസിക്കുന്നതാണ്.

കേഡർ സ്ട്രെംഗ്ത് നിർണ്ണയത്തോടുകൂടി ഫീഡർ കാറ്റഗറി ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ട തസ്തികകൾ, ഉദ്യോഗക്കയറ്റ തസ്തികയും ഫീഡർ കാറ്റഗറിയും ഇരു വകുപ്പിലായി പുനർവിന്യസിക്കപ്പെട്ട തസ്തികകൾ എന്നിവയുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാമൂഹ്യനീതി/വനിത-ശിശു വികസന വകുപ്പുകളിലെ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ തസ്തികകൾ, വനിത-ശിശു വികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ തസ്തികകളിലേയ്ക്കുള്ള ഡി.പി.സി. ചേർന്നിട്ടുണ്ട്. ഇതോടൊപ്പം വനിത-ശിശു വികസന വകുപ്പിന്റെ തനത് തസ്തികകളായ പ്രോഗ്രാം ഓഫീസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർ, കെയർടേക്കർ എന്നീ തസ്തികകളിൽ നിയമനം, സ്ഥാനക്കയറ്റം തുടങ്ങിയ കാര്യങ്ങളിൽ വനിത-ശിശു വികസന വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) വനിത-ശിശു വികസന വകുപ്പിൽ വികസന വിഭാഗത്തിന് പുറമേ എൻഫോഴ്സ്മെന്റ് വിഭാഗം നിലവിൽ പ്രവർത്തനക്ഷമമാണ്. ആയതിലേയ്ക്കായി ഒരു ഇന്റേണൽ വിജിലൻസ് സംവിധാനവും ഒരു ഇന്റേണൽ ഓഡിറ്റ് സംവിധാനവും പ്രവർത്തിച്ചുവരുന്നു.

## ക്രഷ് സെന്ററുകളുടെ പ്രവർത്തനം

259 (277) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ ധനസഹായത്തോടെ എത്ര ക്രഷ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്രഷ് സെന്ററുകളെ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ക്രഷ് സെന്ററുകളിലൂടെ കുഞ്ഞുങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ ധനസഹായത്തോടെ നിലവിൽ ക്രഷുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ, നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 571 ക്രഷുകൾ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 1-1-2017 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(സി) ക്രഷ് സെന്ററുകളിലൂടെ 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ പരിപാലനം നൽകുന്നതിന്റെ ഭാഗമായി സപ്ലിമെന്ററി ന്യൂട്രിഷ്യൻ, ഉറങ്ങുന്നതിനുള്ള സൗകര്യം, ഗ്രോത്ത് മോണിറ്ററിംഗ്, ഹെൽത്ത് ചെക്കപ്പ്, മെഡിസിൻ & ഫസ്റ്റ് എയ്ഡ്, കുഞ്ഞുങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള കളിക്കോപ്പുകൾ, പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് എന്നീ സൗകര്യങ്ങൾ നൽകുന്നു.

(ഡി) ഉണ്ട്. ക്രഷുകൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ - 60 ശതമാനം, സംസ്ഥാന സർക്കാർ - 30 ശതമാനം, എൻ.ജി.ഒ.-10 ശതമാനം എന്ന അനുപാതത്തിലാണ് ഗ്രാന്റ് നൽകിവരുന്നത്.

**അങ്കണവാടി സ്ഥാപിക്കാൻ നടപടി**

260 (278) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ മാതൃക അങ്കണവാടി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ മാതൃക അംങ്കണവാടി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ നെടുമങ്ങാട് നഗരസഭയിലെ 57-ാം നമ്പർ അങ്കണവാടിക്ക് ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും പര്യാപ്തമായ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ടി അങ്കണവാടിക്ക് പകരം നെടുമങ്ങാട് നഗരസഭയിലെ 78-ാം നമ്പർ അങ്കണവാടിയെ ഉൾപ്പെടുത്തി മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ 35 അങ്കണവാടികൾ നവീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.:

| ക്രമ നമ്പർ | പഞ്ചായത്ത് | അങ്കണവാടികളുടെ എണ്ണം | അങ്കണവാടി സെന്റർ നമ്പർ |
|---|---|---|---|
| 1 | അണ്ടൂർകോണം | 12 | 18, 22, 28, 8, 14, 13, 21, 17, 27, 4, 23, 25 |
| 2 | പോത്തൻകോട് | 11 | 36, 37, 38, 40, 42, 43, 44, 45, 46, 48, 51 |
| 3 | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 5 | 31, 36, 48, 58, 69 |
| 4 | കരകുളം | 7 | 47, 54, 57, 58, 59, 62, 69 |

**മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ മാതൃക അങ്കണവാടി**

261 (279) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ മാതൃക അങ്കണവാടിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഭരണിക്കാവ് ICDS പ്രോജക്ടിലെ 93-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് വനിത-ശിശു വികസന വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്മാർട്ട് അങ്കണവാടി കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന വിഷയം അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്.

## പള്ളിച്ചൽ 108-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം

262 (280) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ 108-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ 108-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ലഭ്യമായ സ്ഥലത്ത് MGNREGS പദ്ധതിപ്രകാരം കെട്ടിട നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## " സ്നേഹപൂർവ്വം " സ്കോളർഷിപ്പ് പദ്ധതി

263 (281) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥ കുട്ടികൾക്ക് നൽകി വരുന്ന "സ്നേഹപൂർവ്വം" സ്കോളർഷിപ്പ് പദ്ധതിയുടെ വരുമാന പരിധി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും നിലവിലുള്ള വരുമാന പരിധി പതിനഞ്ച് വർഷം മുമ്പ് നിലവിൽ വന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വരുമാന പരിധി കാലോചിതമായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലുള്ള വരുമാനപരിധി സ്നേഹപൂർവ്വം പദ്ധതി ആരംഭിച്ച 2012-ൽ നിലവിൽ വന്നതാണ്. വരുമാന പരിധിയിൽ മാറ്റം വരുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

**മുൻഗണന പട്ടികയിലെ അനർഹർ**

264 (282) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാനിയമം 2013 പ്രകാരം തയ്യാറാക്കിയ മുൻഗണന പട്ടികയിൽ അനർഹർ കടന്നുകൂടിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവരെ നീക്കം ചെയ്യുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരെയും സ്വന്തമായി നാലുചക്രവാഹനം ഉള്ളവരെയും മുൻഗണനാ പട്ടികയിൽ നിന്നും നീക്കം ചെയ്തപ്പോൾ അതിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ക്യാൻസർ രോഗികൾ അടക്കമുള്ളവർ ഒഴിവായി എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ലിസ്റ്റിൽ ഇനിയും അനർഹർ കടന്നുകൂടിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഇത്തരക്കാരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) മൂന്ന് മാസത്തിലധികം റേഷൻ വാങ്ങാത്ത മുൻഗണനാ പട്ടികയിൽപ്പെട്ട കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് മുമ്പ് പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) റേഷൻ സാധനങ്ങൾ വാങ്ങിയ അനർഹരിൽ നിന്നും കമ്പോള വില ഈടാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എന്ത് തുക ഈടാക്കിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഇ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുൻഗണനാ സാധ്യത പട്ടികയിൽ നിന്നും ക്രമമനുസരിച്ച് ഉൾപ്പെടുത്തിവരുന്നു.

പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ

തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾ തോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. ഇതിന് ആനുപാതികമായി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിവരുന്നു.

ആയിരം ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീട്, നാല് ചക്രവാഹനങ്ങൾ തുടങ്ങിയ മുൻഗണന ഒഴിവാക്കൽ ഘടകങ്ങളിൽപ്പെട്ട് മുൻഗണനയിൽ നിന്നും ഒഴിവായിപ്പോയിട്ടുള്ള കുടുംബങ്ങളിൽ ആർക്കെങ്കിലും മാരകരോഗങ്ങളായ എയ്ഡ്സ്, ക്യാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി/ഹൃദയമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ, പക്ഷാഘാതംപോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നിവയിലേതെങ്കിലും ഉണ്ടെങ്കിൽ ടി കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ഗുരുതര രോഗബാധിതർ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണനാ വിഭാഗത്തിനുള്ളതുപോലുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി 'സ്റ്റേറ്റ് പ്രയോറിറ്റി' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

അനർഹമായി റേഷൻ സാധനങ്ങൾ വാങ്ങിയവരിൽ നിന്ന് കമ്പോള നിരക്കിൽ 2020 ജനുവരി മാസം വരെ 1.49 കോടി രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

## റേഷൻ വിതരണത്തിലെ തട്ടിപ്പുകൾ

265 (283) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ ഉണ്ടായിട്ടും ബോധപൂർവ്വം മാന്വൽ ഇടപാടിലൂടെ റേഷൻ വിതരണം നടത്തുന്നതിന്റെ നല്ലൊരു ശതമാനവും കരിഞ്ചന്തയിലേയ്ക്ക് പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ വിതരണത്തിലെ തട്ടിപ്പുകൾ പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ മാന്വൽ വിതരണം നടത്തിയതുവഴി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകൾക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ റേഷൻ ട്രാൻസാക്ഷനുകളും epos.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കി സുതാര്യത ഉറപ്പുവരുത്തിയിട്ടുണ്ട്. റേഷൻകട പരിശോധനയിൽ ഇ-പോസ് വഴിയുള്ള റേഷൻ വിതരണവും, മാന്വൽ ആയി നടത്തുന്ന വിതരണവും കൃത്യമായി പരിശോധിക്കുകയും, ആതന്റിക്കേറ്റ് ചെയ്യാത്ത ട്രാൻസാക്ഷനുകളുടെ എണ്ണം പരിധി കവിയുകയാണെങ്കിൽ ഓരോ ട്രാൻസാക്ഷനും പരിശോധിക്കുകയും അനർഹമായി റേഷൻ കൈപ്പറ്റിയിട്ടുണ്ടെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ മാസവും മാന്വൽ രജിസ്റ്റർ പരിശോധിക്കുകയും, മാന്വൽ വിതരണം നടത്തിയ കാർഡുകളുടെ സ്പോട്ട് വെരിഫിക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## വിലക്കയറ്റം നിയന്ത്രിക്കാൻ മാവേലി സ്റ്റോറുകൾ

266 (284) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മാവേലി സ്റ്റോറിന്റെ വിൽപ്പന കേന്ദ്രങ്ങളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 വരെ ശതമാനം വിലക്കുറവിൽ സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില്പന വിലകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതുമൂലം പൊതു വിപണിയിൽ വില ഉയരുന്ന സാഹചര്യത്തിലും സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ അവശ്യ നിത്യോപയോഗ സാധനങ്ങൾ വാങ്ങാവുന്ന സാചര്യം ഉപഭോക്താവിന് ലഭിക്കുന്നു.

വളരെ കുറഞ്ഞ വിലയിലും കൂടുതൽ ലഭ്യതയിലും സ്റ്റോക്ക് വിപണിയിലെത്തിക്കുന്നതിനായി, ഇ-ടെണ്ടറിന് പുറമേ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യവസ്തുക്കൾ സംഭരിക്കുന്നു. ചില നിത്യോപയോഗ സാധനങ്ങളുടെ (സവാള) വില അനിയന്ത്രിതമായി വർദ്ധിച്ച ഘട്ടങ്ങളിൽ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചു.

(ബി) വിലക്കയറ്റം പ്രതിരോധിക്കുവാൻ തക്കവിധം, മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, ആവശ്യമനുസരിച്ച് സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനും റേഷൻ കാർഡ് ബന്ധിത ഓൺലൈൻ സംവിധാനം മുഖേന സാധനങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സബ്സിഡി ഇനങ്ങൾക്ക് പുറമേ, പൊതു വിപണിയിലേതിനേക്കാൾ വിലക്കുറവിൽ ശബരി/എഫ് എം. സി. ജി. സാധനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലലഭ്യതയുള്ള ഇടങ്ങളിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി നവീകരണ പ്രവൃത്തികളും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി 2018-19 വർഷത്തിൽ 86 വിൽപ്പനശാലകളിലും 2019-20 വർഷത്തിൽ ഇതുവരെ 40 വിൽപ്പനശാലകളിലും നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ 20 മാവേലി സൂപ്പർ മാർക്കറ്റുകൾ മാവേലി സൂപ്പർ സ്റ്റോറുകളായി വിപുലീകരിച്ചിട്ടുള്ളതാണ്. ഇതുവഴി കൂടുതൽ ഉപഭോക്താക്കൾക്ക് സേവനമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വിൽപ്പനശാല ഒന്നും ഇല്ലാതിരുന്ന 38 ഗ്രാമപഞ്ചായത്തുകളാണ് ഉണ്ടായിരുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു സപ്ലൈകോ വിൽപ്പനശാലയെങ്കിലും ആരംഭിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി നടപടികൾ സ്വീകരിക്കുകയും ആയതുപ്രകാരം കെട്ടിട സൗകര്യം ലഭ്യമായ 24 ഗ്രാമപഞ്ചായത്തുകളിൽകൂടി പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ മാനദണ്ഡപ്രകാരം അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള 14 ഗ്രാമപഞ്ചായത്തുകളിൽകൂടി പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ കഴിയും.

**റേഷൻ കാർഡിലെ തിരുത്തലുകൾ**

267 (285) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിൽ കൂട്ടിച്ചേർക്കലോ വെട്ടിച്ചുരുക്കലോ നടത്തുമ്പോൾ പഴയ റേഷൻ കാർഡിൽ പ്രസ്തുത വിവരം എഴുതി രേഖപ്പെടുത്തുന്ന രീതിക്ക് എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത തിരുത്തലുകൾ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കമ്പ്യൂട്ടർ മുദ്രണം ചെയ്ത് അപേക്ഷിച്ചാലുടൻ അവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) പുതിയ റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റേഷൻ കാർഡ് സംബന്ധമായ അപേക്ഷകളുടെ ബാഹുല്യം കാരണം അത്യാവശ്യമായി കൂട്ടിച്ചേർക്കലോ വെട്ടിച്ചുരുക്കലോ നടത്തുന്ന സമയത്ത് RCMS-ൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയശേഷം റേഷൻ കാർഡിൽ വിവരം എഴുതി നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ അപേക്ഷകർ ആവശ്യപ്പെടുന്നപക്ഷം പുതിയ പ്രിന്റ് എടുത്ത് ലാമിനേറ്റ് ചെയ്ത് പുതിയ റേഷൻ കാർഡ് നൽകുന്നതാണ്. ഇപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) റേഷൻ കാർഡ് സംബന്ധമായ എല്ലാ തിരുത്തലുകളും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നുണ്ട്. ആയതുപ്രകാരം ഡാറ്റാബേസിൽ ആവശ്യമായ തിരുത്തലുകൾ വരുന്നുമുണ്ട്. ഇപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിച്ച് ആയവ ലഭ്യമാക്കിവരുന്നുണ്ട്.

(സി) നിലവിൽ അന്വേഷണം ആവശ്യമില്ലാത്ത അപേക്ഷകളിൽ അന്നേ ദിവസമോ തുടർ ദിവസങ്ങളിലോ നൽകുന്നതാണ്. അല്ലാത്തവയിൽ ചുരുങ്ങിയ കാലയളവിൽ അന്വേഷണം പൂർത്തിയാക്കി തീർപ്പുകൽപ്പിച്ച് റേഷൻ കാർഡ് നൽകിവരുന്നുണ്ട്.

**വാടകവീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്**

268 (286) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക വീടുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പുറമ്പോക്കിൽ താമസിക്കുന്ന ആൾക്കാർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വാടക വീടുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വീട്ടുടമസ്ഥന്റെ അനുമതി ഇല്ലാതെ തന്നെ സാധുവായ വാടക കരാറിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് അനുവദിക്കുന്നു. അപേക്ഷപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന മറ്റ് വിവരങ്ങൾ കൂടി നൽകേണ്ടതാണ്.

(ബി) റോഡുവക്കിലും റെയിൽവേ ലൈൻ പരിസരത്തും തോടുവക്കിലുമുൾപ്പെടെ പുറമ്പോക്കിൽ ഷെഡ് കെട്ടി താമസിക്കുന്നവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മുൻഗണനാ കാർഡ് നൽകുന്നതിലെ പുരോഗതി**

269 (287) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡാക്കി മാറ്റുവാനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇവയിൽ എത്ര റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി നൽകിയെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മുൻഗണനാ കാർഡ് നൽകുന്നത്;

(സി) അർഹതപ്പെട്ടവർക്കെല്ലാം റേഷൻ കാർഡ് ബി.പി.എൽ. ആക്കി നൽകാൻ എന്നത്തേക്ക് സാധിക്കും; അടിയന്തരമായി പ്രസ്തുത കാർഡ് നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി&സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 10(1) പ്രകാരം സംസ്ഥാനം നിർണ്ണയിക്കുന്ന മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മുൻഗണനാ വിഭാഗത്തിലെ അംഗങ്ങളെ തെരഞ്ഞെടുക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ (സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡം പരിഷ്കരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.* കേന്ദ്ര നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ പരിധി 15480040 ആണ്.

പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണെന്നതിനാൽ ആയതുപ്രകാരം പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെന്ന് കണ്ടെത്തുന്നവരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു.

**റേഷൻ മുൻഗണനാ പട്ടിക**

270 (288) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി സപ്ലൈ ഓഫീസ് പരിധിയിൽ അനർഹരായ എത്രപേരെ റേഷൻ മുൻഗണനാ പട്ടികയിൽ നിന്നൊഴിവാക്കിയെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സപ്ലൈ ഓഫീസ് പരിധിയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിലവിൽ എത്രപേരുടെ അപേക്ഷ തീരുമാനമാകാതെയുണ്ടെന്നും എത്ര പേരുടെ അപേക്ഷയിൽ തീരുമാനമെടുത്തുവെന്നും വിശദീകരിക്കുമോ;

(സി) മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി സപ്ലൈ ഓഫീസ് പരിധിയിൽ നാളിതുവരെ 4856 അനർഹരായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ വേണ്ടി നിലവിൽ 1600 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്. നാളിതുവരെയായി 6300 അപേക്ഷകൾ തീർപ്പുകല്പിച്ചിട്ടുണ്ട്.

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 15-02-2020 വരെ ലഭിച്ച അപേക്ഷകളിന്മേൽ നേർമുഖക്കാഴ്ച നടത്തിയിട്ടുണ്ട്. അനർഹരെ കണ്ടെത്തി ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

271(289) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിന് അനുവർത്തിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

16-11-1995-ലെ ബി3/95/എഫ്&സി.എസ്.ഡി നമ്പർ സർക്കുലർ പ്രകാരം പുതിയതായി റേഷൻകട അനുവദിക്കുന്നത് ആ പ്രദേശത്ത് കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ആ കടയിൽ വരാനുള്ള കാർഡുകളുടെ എണ്ണം എന്നിവ പരിഗണിച്ചാണ്. ചുറ്റുപാടുമുള്ള എ.ആർ.ഡി.-കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും പുതിയ കടയിൽ ഉണ്ടാകണം. നിലവിൽ കേരള റേഷനിംഗ് ഓർഡർ പരിഷ്കരണം സംബന്ധിച്ച നടപടികൾ നടക്കുന്നതിനാൽ തൽക്കാലം പുതിയ റേഷൻകടകൾ അനുവദിക്കേണ്ട എന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**റേഷൻ കടകൾ വഴി പലവ്യഞ്ജനങ്ങൾ**

272 (290) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളെ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് പലവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) റേഷൻ കടകളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികളുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും അധിക വരുമാനം ലഭ്യമാക്കുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തിവരുന്നു.

**റേഷൻകട ഉടമകൾക്കുള്ള പ്രതിഫലവും കമ്മീഷനും**

273 (291) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രത നിയമപ്രകാരം റേഷൻകട ഉടമകൾക്ക് പ്രതിഫലവും കമ്മീഷനും യഥാസമയം ലഭ്യമാക്കുന്നുണ്ടോ; ആയതിന്റെ മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ സർക്കാരിന് എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം റേഷൻ കട ഉടമകൾക്ക് പുതുക്കിയ കമ്മീഷൻ പാക്കേജ് പ്രകാരം 12/2018 മുതൽ ഭക്ഷ്യധാന്യ വിതരണം കഴിഞ്ഞ് തൊട്ടടുത്ത മാസം തന്നെ കമ്മീഷൻ അനുവദിച്ചുനല്കുന്നുണ്ട്. ആയതുപ്രകാരം 45 ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികൾക്ക് 18000 രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കും. ഇവർ ആവശ്യകതയുടെ 70 ശതമാനം വില്പന നടത്തേണ്ടതുണ്ട്. 44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220 രൂപ നിരക്കിൽ കമ്മീഷനും 8500 രൂപ സപ്പോർട്ടീവ് പേമെന്റും ലഭ്യമാക്കുന്നുണ്ട്. 45 ക്വിന്റലിന് മുകളിൽ ഭക്ഷ്യധാന്യ വില്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18000 രൂപയ്ക്ക് പുറമേ വില്പന നടത്തുന്ന ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ നല്കുന്നുമുണ്ട്. വില്പനയിലുണ്ടാകുന്ന കുറവിന്റെ ആനുപാതികമായി കമ്മീഷനിലും സപ്പോർട്ടീവ് പേമെന്റിലും കുറവുണ്ടാകുന്നതുമാണ്.

(ബി) ഈ ഇനത്തിൽ സർക്കാരിന് (പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കുന്നതിന്) 428 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**റേഷൻ തട്ടിപ്പുകൾ ഒഴിവാക്കുന്നതിന് നടപടി**

274 (292) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലെ ഇ-പോസ് മെഷീനുകൾക്ക് പകരം ബോധപൂർവ്വം മാന്വൽ ഇടപാടിലൂടെ റേഷൻ വിതരണം നടത്തുന്നതിന്റെ നല്ലൊരു ശതമാനവും കരിഞ്ചന്തയിലേക്ക് പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) റേഷൻ തട്ടിപ്പുകൾ പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ മാന്വൽ വിതരണം നടത്തിയതുവഴിയുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകൾക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ റേഷൻ ട്രാൻസാക്ഷനുകളും epos.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കി സുതാര്യത ഉറപ്പുവരുത്തിയിട്ടുണ്ട്. റേഷൻകട പരിശോധനയിൽ ഇ-പോസ് വഴിയുള്ള റേഷൻ വിതരണവും മാന്വൽ ആയി നടത്തുന്ന വിതരണവും കൃത്യമായി പരിശോധിക്കുകയും ആതന്റിക്കേറ്റ് ചെയ്യാത്ത ട്രാൻസാക്ഷനുകളുടെ എണ്ണം പരിധി കവിയുകയാണെങ്കിൽ ഓരോ ട്രാൻസാക്ഷനും പരിശോധിക്കുകയും അനർഹമായി റേഷൻ കൈപ്പറ്റിയിട്ടുണ്ടെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ മാസവും മാന്വൽ രജിസ്റ്റർ പരിശോധിക്കുകയും മാന്വൽ വിതരണം നടത്തിയ കാർഡുകളുടെ സ്പോട്ട് വെരിഫിക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നുള്ള പച്ചരി വിതരണം**

275 (293) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ, ഏറനാട്, നിലമ്പൂർ താലൂക്കുകളിൽ വിതരണം ചെയ്യാനുള്ള ഭക്ഷ്യധാന്യങ്ങൾ ഏത് എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നാണ്

ലഭ്യമാക്കികൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ; അങ്ങാടിപ്പുറം എഫ്.സി.ഐ. ഗോഡൗണിൽ നിന്നും മേൽ താലൂക്കുകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് നിലവിൽ റേഷൻ കടകളിലേക്ക് വിതരണത്തിനായി പച്ചരി ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റംസാൻ വ്രതം ആരംഭിക്കാനിരിക്കെ പച്ചരി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പാലക്കാട്, പെരിന്തൽമണ്ണ-അങ്ങാടിപ്പുറം എഫ്.സി.ഐ. ഗോഡൗണുകളിൽ എത്ര ടൺ പച്ചരി സ്റ്റോക്കുണ്ടെന്ന് വിശദമാക്കുമോ; സ്റ്റോക്കുണ്ടായിട്ടും റേഷൻ കടകളിലേക്ക് ബോയിൽഡ് റൈസ് മാത്രം വിതരണം ചെയ്യുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ, ഏറനാട്, നിലമ്പൂർ താലൂക്കുകളിൽ വിതരണം ചെയ്യാനുള്ള ഭക്ഷ്യധാന്യങ്ങൾ അങ്ങാടിപ്പുറം എഫ്.സി.ഐ. ഗോഡൗണിൽ നിന്നുമാണ് ലഭിക്കേണ്ടതെങ്കിലും 2019 നവംബർ മുതൽ പ്രസ്തുത താലൂക്കുകളുടെ അരി വിഹിതം പാലക്കാട്-ഒലവക്കോട് ഗോഡൗണിൽ നിന്നാണ് എഫ്.സി.ഐ. നൽകിവരുന്നത്. പ്രസ്തുത താലൂക്കുകൾക്കുള്ള അരി അങ്ങാടിപ്പുറം ഗോഡൗണിൽ നിന്നുതന്നെ ലഭ്യമാക്കണമെന്ന് എഫ്.സി.ഐ.-യോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 2017-18 ക്രോപ് ഇയറിലെ അരി 2019 മാർച്ചിനുള്ളിൽ തീർക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ടെന്നും ഒലവക്കോട് ഡിപ്പോയിൽ 2017-18 ക്രോപ് ഇയറിലെ അരി അവശേഷിക്കുന്നതിനാലുമാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നു മറിയിച്ചുകൊണ്ട് പ്രസ്തുത ആവശ്യം എഫ്.സി.ഐ. നിരാകരിക്കുകയാണുണ്ടായത്. തുടർന്ന് ഈ വിഷയത്തിൽ സർക്കാർ തലത്തിലും എഫ്.സി.ഐ.-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ആവശ്യത്തിന് പച്ചരി ലഭ്യമാക്കണമെന്ന് എഫ്.സി.ഐ.-യോട് ആവശ്യപ്പെട്ടതിന്റെ ഫലമായി ജില്ലാ സപ്ലൈ ആഫീസർമാരുടെ ആവശ്യകതയ്ക്കനുസരിച്ച് പച്ചരി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് എഫ്.സി.ഐ.-യിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

(സി) പാലക്കാട് എഫ്.സി.ഐ. ഡിപ്പോയിൽ 8917.594 മെട്രിക് ടണ്ണും അങ്ങാടിപ്പുറം എഫ്.സി.ഐ. ഡിപ്പോയിൽ 2013.124 മെട്രിക് ടണ്ണും പച്ചരി സ്റ്റോക്കുണ്ട്. 2017-18 ക്രോപ് ഇയറിലെ അരി ഒലവക്കോട് ഡിപ്പോയിൽ അവശേഷിക്കുകയും എന്നാൽ പ്രസ്തുത സ്റ്റോക്കിൽ പച്ചരി ഇല്ലാതിരുന്നതുമാണ് എഫ്.സി.ഐ.-യിൽ നിന്ന് പച്ചരി ലഭ്യമാകാതിരുന്നതിന് കാരണം.

## റേഷൻ വിതരണ സംവിധാനത്തിലെ പോരായ്മകൾ

276 (294) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ റീട്ടെയിൽ വ്യാപാരകേന്ദ്രങ്ങളുടെ ഏകീകരണത്തിനായി നടപ്പിലാക്കിയ നൂതന ഇലക്ട്രോണിക് സംവിധാനത്തിലെ കുറവുകൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആയവ കാലോചിതമായി പരിഷ്കരിച്ച് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) റേഷൻ വിതരണം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെറ്റ്‌വർക്ക് പ്രശ്നങ്ങൾ, ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുക തുടങ്ങിയ കുറവുകൾ അപ്പപ്പോൾ താലൂക്കുതല സർവ്വീസ് എഞ്ചിനീയർമാരുടെ സേവനം ഉപയോഗിച്ച് പരിഹരിച്ചുവരുന്നുണ്ട്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി റേഷൻ വിതരണം ശക്തിപ്പെടുത്തുവാൻ താഴെപ്പറയുന്നവ നടപ്പിൽ വരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.

റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക് റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ തലം വരെയുണ്ട്. കൂടാതെ സംസ്ഥാനതല പരിശോധനാ സംഘവും പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻ കടകളിലെ ഇ-പോസ് സംവിധാനം**

277 (295) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലെ ഇ-പോസ് മെഷീനു പകരം ബോധപൂർവ്വം മാന്വൽ ഇടപാടിലൂടെ റേഷൻ വിതരണം നടത്തുന്നതിന്റെ നല്ലൊരു ശതമാനവും കരിഞ്ചന്തയിലേക്ക് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കടകളിലെ തട്ടിപ്പുകൾ പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ മാന്വൽ വിതരണം നടത്തിയതുവഴി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകൾക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ റേഷൻ ട്രാൻസാക്ഷനുകളും epos.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കി സുതാര്യത ഉറപ്പുവരുത്തിയിട്ടുണ്ട്. റേഷൻകട പരിശോധനയിൽ ഇ-പോസ് വഴിയുള്ള റേഷൻ വിതരണവും മാന്വൽ ആയി നടത്തുന്ന വിതരണവും കൃത്യമായി പരിശോധിക്കുകയും ആതന്റിക്കേറ്റ് ചെയ്യാത്ത ട്രാൻസാക്ഷനുകളുടെ എണ്ണം പരിധി കവിയുകയാണെങ്കിൽ ഓരോ ട്രാൻസാക്ഷനും പരിശോധിക്കുകയും അനർഹമായി റേഷൻ കൈപ്പറ്റിയിട്ടുണ്ടെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ മാസവും മാന്വൽ രജിസ്റ്റർ പരിശോധിക്കുകയും, മാന്വൽ വിതരണം നടത്തിയ കാർഡുകളുടെ സ്പോട്ട് വെരിഫിക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിതരണ സമ്പ്രദായത്തിന്റെ നവീകരണം

278 (296) ശ്രീ. രാജു എബ്രഹാം:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ സാധനങ്ങൾ വാങ്ങുന്നത് എളുപ്പമാക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് പ്രാവർത്തികമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഗുണഭോക്താക്കൾക്ക് മറ്റൊരു സംസ്ഥാനത്തു നിന്നും അവർക്ക് അർഹമായ റേഷൻ സാധനങ്ങൾ വാങ്ങുന്നത് സാധ്യമാക്കുന്നതിന് ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി വിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.

റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ് സന്ദേശം നൽകിവരുന്നു.

മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതു വരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക് റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ

നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ തലം വരെയുണ്ട്. കൂടാതെ സംസ്ഥാനതല പരിശോധനാ സംഘവും പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് വാഹനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട". പ്രസ്തുത പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിൽ ആരംഭിച്ചു. ടി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ, ചാലക്കുടി താലൂക്കുകളിലെ ആദിവാസി ഊരുകളിലും പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിലെ അട്ടത്തോട്, ചാലക്കയം, വേലംപുറവ്, ഒഴിക്കല്ല്, കാട്ടാത്തി, കോട്ടാംപാറ എന്നീ കോളനികളിലും റേഷൻ വിതരണം നടത്തിവരുന്നു. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ വാരിയം, തേര, ഉറിയംപെട്ടി, വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ഭൂദാനം, മാനന്തവാടി താലൂക്കിലെ ചുരുളി കോളനികളിലും സഞ്ചരിക്കുന്ന റേഷൻകട ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ ആനവായ് എന്ന ആദിവാസി ഊരിലും ഇടുക്കി ജില്ലയിലെ പതിപ്പള്ളി, മേമുടം, കപ്പക്കാനം, ഉറുമ്പുള്ള് എന്നീ ആദിവാസി മേഖലകളിലും ടി പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ കോട്ടൂർ, മണ്ണാംകോണം എന്ന സ്ഥലത്ത് 27-2-2020-ന് ടി പദ്ധതി ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി ഊരുകളിൽ റേഷൻ വിതരണം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്. ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (IMPDS) എന്ന പദ്ധതി 2020 ജനുവരി 1 മുതൽ കേരളം ഉൾപ്പെടെ 12 സംസ്ഥാനങ്ങളിൽ നിലവിൽ വന്നതിന്റെ ഭാഗമായി ഈ സംസ്ഥാനങ്ങളിലെ എ.എ.വൈ/മുൻഗണനാ കാർഡിലെ അംഗങ്ങൾക്ക് നിലവിൽ ഈ 12 സംസ്ഥാനങ്ങളിൽ നിന്നും ഭാവിയിൽ രാജ്യത്തെ ഏതു റേഷൻകടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കും. കേരളത്തിനു പുറമേ ആന്ധ്രാപ്രദേശ്, ഗോവ, ഗുജറാത്ത്, ഹരിയാന, ഝാർഖണ്ഡ്, കർണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ, തെലങ്കാന, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ നിലവിൽ ഇന്റർ-സ്റ്റേറ്റ് പോർട്ടബിലിറ്റി ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെവിടെയും തിരിച്ചറിയാവുന്ന വിധം പ്രത്യേക റേഷൻ കാർഡ് നമ്പർ ഓരോരുത്തർക്കും ലഭിക്കും. തൊഴിൽ സംബന്ധമായും മറ്റും ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്നവർക്ക് ഈ പദ്ധതി സഹായകരമാണ്. സംസ്ഥാനത്തെ മൊബൈൽ നമ്പർ ലഭ്യമായ എല്ലാ കാർഡുടമകൾക്കും ഇതു സംബന്ധിച്ച എസ്.എം.എസ്. സന്ദേശം നല്കിയിട്ടുണ്ട്.

### ഭക്ഷ്യധാന്യങ്ങൾ നശിക്കുന്നത് തടയാൻ നടപടി

279 (297) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങൾ യഥാസമയം റേഷൻ കടകൾ വഴി വിതരണം ചെയ്യാത്തതുമൂലം അവ നശിച്ചുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിന് മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഗോഡൗണുകളിലെ സ്ഥലപരിമിതി, റേഷൻ സാധനങ്ങൾ അട്ടിയിട്ട് സൂക്ഷിക്കുന്നതിനുള്ള അസൗകര്യം എന്നിവ കാരണം പലപ്പോഴും ആദ്യം വന്ന സ്റ്റോക്ക് ആദ്യം വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. തന്മൂലം ചില ഗോഡൗണുകളിലും റേഷൻ കടകളിലും റേഷൻ സാധനങ്ങൾ നശിച്ചുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും റേഷൻ കടകളിലും FIFO സമ്പ്രദായം കർശനമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും, കൂടാതെ ഗോഡൗണുകൾ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ സ്വന്തമായി 6 ഗോഡൗണുകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിനും സ്വകാര്യ വ്യക്തികൾ 13 ഗോഡൗണുകൾ ശാസ്ത്രീയമായി നിർമ്മിച്ച് സപ്ലൈകോയ്ക്ക് നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, സ്ഥലപരിമിതിയുള്ള റേഷൻ കടകളുടെ സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിൽ വകുപ്പുതലത്തിൽ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ) എന്നിവരടങ്ങുന്ന വിജിലൻസ് വിംഗും സർക്കാരിന്റെ സംസ്ഥാനതല പരിശോധനാ വിംഗും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, സപ്ലൈകോയിലെ പരിശോധനാ വിഭാഗം തുടങ്ങിയവരും പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പൊതുവിതരണ സംവിധാനം സുതാര്യമാക്കാൻ നടപടി

280 (298) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിതരണ സംവിധാനം സുതാര്യമാക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനു തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.

റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.

ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ തലം വരെയുണ്ട്. കൂടാതെ സംസ്ഥാനതല പരിശോധനാ സംഘവും പരിശോധനകൾ നടത്തി നടപടി സ്വീകരിച്ചുവരുന്നു.

**ഹോട്ടൽ ഭക്ഷണവില ഏകീകരിക്കുന്നത് സംബന്ധിച്ച്**

281 (299) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഒരേ ഭക്ഷണത്തിന് വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തൊട്ടാകെ ഒരേ ഗ്രേഡിലുള്ള ഹോട്ടലുകളിലെ സമാനവിഭവങ്ങളുടെ വില ഏകീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലെ നിയമം അനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് ഭക്ഷ്യ പൊതു വിതരണ വകുപ്പിനുള്ളത്.

**വില വർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

282 (300) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലവർദ്ധനവ് പിടിച്ചു നിർത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സാധനങ്ങളാണ് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി സപ്ലൈകോ മുഖേന നടത്തുന്ന വിപണി ഇടപെടലുകൾ ചുവടെ വിശദമാക്കുന്നു.

പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിൽപ്പന വിലകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതുമൂലം, അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതു വിപണിയിൽ ഉയരുന്ന സാഹചര്യത്തിലും, സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം ഉപഭോക്താവിന് ലഭിക്കുന്നു.

വളരെ കുറഞ്ഞ വിലയിലും കൂടുതൽ ലഭ്യതയിലും സ്റ്റോക്ക് വിപണിയിലെത്തിക്കുന്നതിനായി, ഇ-ടെണ്ടറിന് പുറമേ, നാഫെഡ്, കേന്ദ്രീയ ഭണ്ഡാർ മുതലായ കേന്ദ്ര ഏജൻസികൾ മുഖേന ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ സംഭരിക്കുന്നു. ചില നിത്യോപയോഗ സാധനങ്ങളുടെ (സവാള) വില അനിയന്ത്രിതമായി വർദ്ധിച്ച ഘട്ടങ്ങളിൽ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത് സാധനങ്ങൾ വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചു.

(ബി) സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന സാധനങ്ങളുടെ പട്ടിക ചേർക്കുന്നു

| ക്രമ നമ്പർ | ഇനം | വില |
|---|---|---|
| (1) | (2) | (3) |
| 1 | ചെറുപയർ | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 |
| 3 | വൻകടല | 43.00 |
| 4 | വൻപയർ | 45.00 |
| 5 | തുവര പരിപ്പ് | 65.00 |
| 6 | മുളക് | 75.00 |
| 7 | മല്ലി | 82.00 |
| 8 | പഞ്ചസാര | 22.00 |
| 9 | വെളിച്ചെണ്ണ | 46.00 |

| (1) | (2) | (3) |
|---|---|---|
| 10 | ജയ അരി | 25.00 |
| 11 | കുറുവ അരി | 25.00 |
| 12 | മട്ട അരി | 24.00 |
| 13 | പച്ചരി | 23.00 |
| 14 | ആന്ധ്ര ഇതര ജയ അരി | 25.00 |

(സി) സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD (Council for Food Research and Development), RAL (Regional Analytical Lab), മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD (Council for Food and Research Development)-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്ക്, പിഴ ചുമത്തൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു.

## ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

283 (301) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സ്ഥാപനങ്ങളും റേഷൻ കടകളും വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെയും മറ്റു സാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് മോണിറ്ററിംഗ് ശക്തമാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഭക്ഷ്യധാന്യങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്നും ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. രാസപരിശോധന ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD (Council for Food Research and Development), RAL (Regional Analytical Lab), മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD (Council for Food Research and Development)-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സൈപ്ലയർക്കെതിരെ വിലക്ക്, പിഴ ചുമത്തൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു.

റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിൽ പുഴക്കലരി, പച്ചരി, ഗോതമ്പ് എന്നിവ എഫ്.സി.ഐ. (Food Corporation of India) -യിൽ നിന്ന് വിട്ടെടുക്കുമ്പോൾ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, ഡിപ്പോ മാനേജർ എന്നിവരടങ്ങുന്ന ടീം പരിശോധിച്ച് ശരാശരി ഗുണനിലവാരം ആണെന്ന് ഉറപ്പുവരുത്തുന്നു. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണുകളിൽ ശാസ്ത്രീയമായി സംഭരിച്ച് വിതരണം നടത്തുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ

മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. റേഷൻ കടകൾ വഴി വിതരണം നടത്തുന്ന കുത്തരി മില്ലുകളിൽ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ക്വാളിറ്റി അഷ്വറൻസ് ടീം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണിൽ എത്തുന്ന കുത്തരി, എൻ.എഫ്.എസ്.എ. ജൂനിയർ മാനേജർ (ക്യൂഎ) പരിശോധിക്കുകയും സ്വീകരിക്കുന്നതിന് മുമ്പ് കേന്ദ്രസർക്കാർ അനുശാസിക്കുന്ന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിവിധ ഘട്ടങ്ങളിലുള്ള പരിശോധനകളിലൂടെ മോണിട്ടറിംഗ് നടത്തുന്നുണ്ട്. എഫ്.സി.ഐ. (Food Corporation of India)-യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുമ്പായി എൻ.എഫ്.എസ്.എ. ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, ഡിപ്പോ മാനേജർ എന്നിവർ പരിശോധിച്ച് ഫെയർ ആവറേജ് ക്വാളിറ്റി ആണെന്ന് ഉറപ്പുവരുത്തുന്നു. ഇങ്ങനെ ഗുണനിലവാരം ഉറപ്പാക്കിയ ഭക്ഷ്യധാന്യങ്ങൾ റേഷനിംഗ് ഇൻസ്പെക്ടറുടെ നിരീക്ഷണത്തിൽ വിട്ടെടുക്കുന്നു. അരി മില്ലുകളിൽ നിന്നും അഗ്രികൾച്ചർ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീം ഗുണനിലവാരം പരിശോധിച്ചുറപ്പിച്ച കുത്തരി ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണുകളിലെത്തുമ്പോൾ എൻ.എഫ്.എസ്.എ. ജൂനിയർ മാനേജർ (ക്യൂഎ) പരിശോധിക്കുന്നു. ഇപ്രകാരം എഫ്.സി.ഐ.-യിൽനിന്നും അരിമില്ലുകളിൽ നിന്നും സ്വീകരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണിൽ സൂക്ഷിക്കുമ്പോൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാരം മോണിറ്റർ ചെയ്യുന്നുണ്ട്. ഇതിനായി 11 ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. എല്ലാ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണുകളും ക്ലോസ്ഡ് സർക്യൂട്ട് ടി.വി. നിരീക്ഷണത്തിലാക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും റേഷൻ കടകളിലും വെയിംഗ് ബാലൻസുകൾ ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

284 (302) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകളും മാവേലി സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പരിഗണനയിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു സപ്ലൈകോ വില്പനശാലപോലും ഇല്ലാത്ത 38 പഞ്ചായത്തുകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. എന്നാൽ നിലവിൽ അത് 14 ആയി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിലെ സർക്കാർ മാനദണ്ഡപ്രകാരം അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നമുറയ്ക്ക് ടി പഞ്ചായത്തുകളിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻനിർത്തി വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ അനുയോജ്യമായ കെട്ടിടസൗകര്യം ന്യായമായ വാടക നിരക്കിൽ ലഭ്യമാകുന്നമുറയ്ക്ക് വിശദമായ സാധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ നിലവിലെ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളും പീപ്പിൾസ് ബസാറുകളും ആയി വിപുലീകരിക്കുന്നതിനുള്ള നടപടികളും സീകരിച്ചുവരുന്നുണ്ട്.

## മാവേലി സ്റ്റോറുകളുടെ വിപുലീകരണം

285 (303) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ വിപുലപ്പെടുത്തി ഗൃഹോപകരണങ്ങളും മറ്റ് സാധനങ്ങളും വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്ഥലത്തെങ്കിലും ഇത്തരം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപണന സാധ്യത മുൻനിർത്തി അനുയോജ്യമായ കെട്ടിട സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും വിപുലപ്പെടുത്തി ഗൃഹോപകരണങ്ങളും മറ്റ് സാധനങ്ങളും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്ഥലലഭ്യതയും വിൽപ്പന സാധ്യതയും കണക്കിലെടുത്ത് ഒരു നിയോജകമണ്ഡലത്തിൽ ഒരു ഗൃഹോപകരണ വിൽപ്പനശാല എന്ന പരിധിയില്ലാതെ ഗൃഹോപകരണ വിൽപ്പന ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

### സപ്ലൈകോ വഴി ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ

286 (304) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി ബ്രാൻഡ് മഞ്ഞൾപൊടി, മുളക് പൊടി, മല്ലിപൊടി, കറിമസാല എന്നിവ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിതരണം ചെയ്യുന്നുണ്ട്.

(ബി) ടെണ്ടർ നടപടികളുടെ ഭാഗമായി കരാറുകാരുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറി (NABL) അംഗീകാരമുള്ള ലബോറട്ടറികളിൽ പരിശോധന നടത്തിയാണ് ഓരോ ശബരി ഉല്പന്നവും വിതരണം നടത്തുന്നത്. കൂടാതെ വിതരണ ശേഷം വിൽപ്പനശാലകളിൽ നിന്നും ആകസ്മികമായി സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു.

### സപ്ലൈകോയുടെ ഗൃഹോപകരണ വിതരണശാലകൾ

287 (305) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹോപകരണ വിതരണരംഗത്ത് സപ്ലൈകോ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(ബി) സപ്ലൈകോയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ഗൃഹോപകരണ വിതരണശാലകൾ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2019 ഫെബ്രുവരി 26 മുതൽ തെരഞ്ഞെടുക്കപ്പെട്ട ഗൃഹോപകരണ വിൽപ്പനശാലകൾ മുഖേന ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. നിലവിൽ തെരഞ്ഞെടുക്കപ്പെട്ട സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ (134 എണ്ണം), പീപ്പിൾ

ബസാറുകൾ (20 എണ്ണം), ഹൈപ്പർ മാർക്കറ്റുകൾ (5 എണ്ണം), അപ്ന ബസാർ (1 എണ്ണം) മുഖേന ഗൃഹോപകരണ വിൽപ്പന നടത്തുന്നുണ്ട്. പരമാവധി വില്പന വിലയിൽ നിന്ന് 60 ശതമാനം വരെ വില കുറവിലാണ് സപ്ലൈകോ ഗൃഹോപകരണങ്ങൾ വില്പന നടത്തുന്നത്.

(ബി) കേരളത്തിലെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത സപ്ലൈകോ വിൽപ്പനശാലകൾ മുഖേന ഗൃഹോപകരണ വിൽപ്പന നടത്തുന്നുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**സപ്ലൈകോയിലെ സാധനങ്ങളുടെ ഗുണനിലവാരം**

288 (306) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ ഫലപ്രദമാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) പതിനാലിനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ടെന്ന് പ്രഖ്യാപിക്കുമ്പോഴും പൊതുകമ്പോളത്തിൽ അവശ്യസാധനങ്ങളുടെ വില കുതിച്ചുയർന്ന് സാധാരണ ജനങ്ങളുടെ ജീവിതം ദുരിതത്തിലാകുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോ വഴി വിതരണം ചെയ്യു വെളിച്ചെണ്ണയിൽ പാരഫിൻ വാക്സ് ചേർത്തതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം മായം ചേർക്കലുകൾ കണ്ടുപിടിക്കുന്നതിനും വിതരണക്കാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും നടപടി കൈക്കൊള്ളുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സപ്ലൈകോ മുഖേന നടത്തുന്ന വിപണി ഇടപെടൽ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തന്നെയാണ് നടന്നുവരുന്നത്. വിളനാശവും ഇന്ധന വിലക്കയറ്റവുംമൂലം രാജ്യത്തെമ്പാടും അവശ്യ വസ്തുക്കളുടെ വില കുത്തനെ ഉയരുമ്പോഴും സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുവാൻ സാധിച്ചത് ഇതിന്റെ തെളിവാണ്.

(ബി) പതിനാലിന അവശ്യ സാധനങ്ങളുടെ വില ഈ സർക്കാരിന്റെ അധികാര കാലയളവിൽ വർദ്ധിപ്പിക്കാത്തത് സാധാരണ ഉപഭോക്താക്കൾക്കെല്ലാം വലിയ ആശ്വാസമാണ് നൽകുന്നത്. രാജ്യത്തെമ്പാടും വിലക്കയറ്റം ജനങ്ങളെ ദുരിതത്തിലാഴ്ത്തുമ്പോഴും സംസ്ഥാനത്ത് സ്ഥിതി നിയന്ത്രണവിധേയമായിട്ടുള്ളത് ഈ നയംമൂലമാണ്. അവശ്യസാധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്ന ദൗർലഭ്യം, വിളനാശം, ഇന്ധന വിലക്കയറ്റം എന്നിവയാണ് വിലവർദ്ധനവിന് കാരണമാകുന്നത്.

(സി) സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD (Council for Food Research and Development), RAL (Regional Analytical Lab), മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര

നിയന്ത്രണ സംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സൈപ്ലയർക്കെതിരെ വിലക്ക്, പിഴ എന്നിവ ചുമത്തുന്നത് അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെളിച്ചെണ്ണ Production Unit-ൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, ജൂനിയർ മാനേജർ (M&I), CFRD ലാബിന്റെ പ്രതിനിധികൾ എന്നിവരടങ്ങുന്ന ടീം പരിശോധന നടത്തി തൃപ്തികരമെന്ന് കണ്ടതിനുശേഷമാണ് വിതരണക്കാരന് ഓർഡർ നല്കുന്നത്. വിതരണത്തിനെത്തിക്കുന്ന വെളിച്ചെണ്ണ റാൻഡം അടിസ്ഥാനത്തിൽ ഓരോ ജില്ലയിലെയും അസിസ്റ്റന്റ് /ജൂനിയർ മാനേജർ (ക്യൂഎ)-മാർ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. പരാതികൾ ഉണ്ടാകുമ്പോഴും ഇപ്രകാരം പരിശോധന നടത്താറുണ്ട്. മായം ചേർക്കൽ കണ്ടെത്തിയാൽ പിഴ ഈടാക്കൽ, കരിമ്പട്ടികയിൽപ്പെടുത്തൽ എന്നിങ്ങനെയുള്ള ശിക്ഷാനടപടികൾക്കുള്ള സംവിധാനമുണ്ട്. വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയെങ്കിലും പാരഫിൻ വാക്സ് ചേർത്തതായി തെളിയിക്കുന്ന പരിശോധനാഫലങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

## സിവിൽ സപ്ലൈസ് മാർക്കറ്റ് വഴി ഗൃഹോപകരണങ്ങൾ

289 (307) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് മാർക്കറ്റ് വഴി ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ളവ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഈ ഇനത്തിൽ എത്ര കോടി രൂപയുടെ സബ്സിഡിയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019 ഫെബ്രുവരി മുതൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഗൃഹോപകരണ വിൽപ്പനയ്ക്കായി സബ്സിഡി അനുവദിച്ചിട്ടില്ല. എന്നാൽ പൊതു വിപണി വിലയേക്കാൾ കുറഞ്ഞവിലയ്ക്കാണ് സപ്ലൈകോ മുഖേന ഗൃഹോപകരണങ്ങൾ വിൽപ്പന നടത്തുന്നത്.

**റേഷൻ സാധനങ്ങൾ കളവ് പോയ സംഭവം**

290 (308) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര സപ്ലൈകോ ഡിപ്പോയിൽ നിന്ന് റേഷൻ സാധനങ്ങൾ കളവ് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കിലോ സാധനങ്ങളാണ് കളവ് പോയതെന്ന് അറിയിക്കാമോ;

(ബി) ഈ കേസ്സിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സമാനമായി സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ മോഷണം പോയ മറ്റു കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര സപ്ലൈകോ NFSA ഡിപ്പോയിൽ 7-2-2020-ൽ ഡിപ്പോ മാനേജർ നടത്തിയ പരിശോധനയിൽ പുഴക്കലരി 581.004 ക്വിന്റൽ, പച്ചരി 145.009 ക്വിന്റൽ, ഗോതമ്പ് 302.711 ക്വിന്റൽ എന്നിവ കുറവായി കണ്ടെത്തിയിട്ടുണ്ട്.

(ബി) സ്റ്റോക്കിന്റെ ചുമതലയുള്ള 2 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. തുടർ അന്വേഷണം നടത്തിവരുന്നു.

(സി) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ 3-ാം നമ്പർ റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ മോഷണം പോയി എന്ന ലൈസൻസിയുടെ പരാതിയെത്തുടർന്ന് പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ടി ലൈസൻസിയെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. തുടരന്വേഷണം നടന്നുവരുന്നു. വൈത്തിരി താലൂക്കിലെ 28-ാം നമ്പർ റേഷൻ കടയിൽ നിന്നും 50 ലിറ്റർ മണ്ണെണ്ണ മോഷണം പോയ കേസ് നിലവിലുണ്ട്. ഇത് സംബന്ധിച്ച് മീനങ്ങാടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഇലഞ്ഞി പഞ്ചായത്തിലെ പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ്**

291 (309) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ ഇലഞ്ഞി പഞ്ചായത്തിലെ നിർദ്ദിഷ്ട പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത യൂണിറ്റ് എത്രയും വേഗം പ്രവർത്തനമാരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പിറവം മണ്ഡലത്തിൽ ഇലഞ്ഞി പഞ്ചായത്തിൽ സി.എഫ്.ആർ.ഡി. സ്ഥാപിക്കുന്ന പഴം-പച്ചക്കറി പ്ലാന്റിന് രണ്ട് യൂണിറ്റുകളാണുള്ളത്. പഴം-പച്ചക്കറി സംസ്കരണശാല, ശീതീകരണ സംഭരണശാല എന്നിവയാണ് അവ. ശീതീകരണ സംഭരണിയുടെ നിർമ്മാണം പൂർത്തിയായി. ട്രയൽ റൺ നടത്തി അത് ഉടൻതന്നെ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. പഴം-പച്ചക്കറി സംസ്കരണശാലയുടെ നിർജ്ജലീകരണ യൂണിറ്റിന്റെ നിർമ്മാണം 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ആറൻമുള മണ്ഡലത്തിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ**

292 (310) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആറൻമുള നിയോജകമണ്ഡലത്തിൽ എത്ര സപ്ലൈകോ ഔട്ട്ലെറ്റുകൾ നവീകരിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ സപ്ലൈകോയുടെ എത്ര പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ നിയോജകമണ്ഡലത്തിൽ സപ്ലൈകോയുടെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള നിയോജക മണ്ഡലത്തിൽ 4 സപ്ലൈകോ ഔട്ട്ലെറ്റുകൾ നവീകരിച്ചിട്ടുണ്ട്. ആറന്മുള, നാരങ്ങാനം മാവേലി സ്റ്റോറുകൾ നവീകരിച്ച് മാവേലി സൂപ്പർ സ്റ്റോറുകളാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴഞ്ചേരി സൂപ്പർ മാർക്കറ്റ്, കോഴഞ്ചേരി മാവേലി മെഡിക്കൽ സ്റ്റോർ എന്നിവയും പുതിയ കെട്ടിടത്തിലേക്ക് മാറ്റി നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കിടങ്ങന്നൂർ മാവേലി സ്റ്റോർ നവീകരിച്ച് സൂപ്പർ മാർക്കറ്റാക്കി ഉയർത്തുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ സപ്ലൈകോയുടെ സ്ഥാപനങ്ങൾ ഒന്നുംതന്നെ പുതിയതായി ആരംഭിച്ചിട്ടില്ല.

(സി) ഈ നിയോജക മണ്ഡലത്തിൽ സപ്ലൈകോയുടെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പത്തനംതിട്ട പീപ്പിൾസ് ബസാർ
2. കോഴഞ്ചേരി സൂപ്പർ മാർക്കറ്റ്
3. ഓമല്ലൂർ സൂപ്പർ മാർക്കറ്റ്
4. ഇലവുംതിട്ട സൂപ്പർ മാർക്കറ്റ്
5. ആറന്മുള മാവേലി സൂപ്പർ സ്റ്റോർ
6. നാരങ്ങാനം മാവേലി സൂപ്പർ സ്റ്റോർ
7. ഇലന്തൂർ മാവേലി സ്റ്റോർ
8. കിടങ്ങന്നൂർ മാവേലി സ്റ്റോർ
9. മല്ലപ്പുഴശ്ശേരി മാവേലി സ്റ്റോർ
10. ഊന്നുകൽ മാവേലി സ്റ്റോർ
11. ഉളനാട് മാവേലി സ്റ്റോർ
12. കോഴഞ്ചേരി മാവേലി മെഡിക്കൽ സ്റ്റോർ
13. പത്തനംതിട്ട മാവേലി മെഡിക്കൽ സ്റ്റോർ

ഇപ്രകാരം 13 വിൽപ്പനശാലകളും പത്തനംതിട്ടയിൽ കോഴഞ്ചേരി താലൂക്കിലെ റേഷൻ വിതരണത്തിനായി ഒരു എൻ.എഫ്.എസ്.എ. ഡിപ്പോയും പ്രവർത്തിച്ചുവരുന്നു.

**ദേവികുളം നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

293 (311) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ചിട്ടുള്ള പുതിയ മാവേലി സ്റ്റോറുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോറുകളിൽ ഏതൊക്കെ സമയബന്ധിതമായി ആരംഭിക്കുവാനായെന്നും ആരംഭിക്കാനാകാത്തവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ചിരുന്ന പുതിയ മാവേലി സ്റ്റോറുകൾ താഴെപ്പറയുന്നവയാണ്.

1. മറയൂർ
2. കാന്തല്ലൂർ
3. ദേവികുളം

(ബി) പ്രസ്തുത മാവേലി സ്റ്റോറുകളിൽ മറയൂർ മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിക്കുകയും കാന്തല്ലൂർ, ദേവികുളം, മാവേലി സ്റ്റോറുകൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വിൽപ്പനശാലകളില്ലാത്ത വട്ടവട, പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് മാവേലി സ്റ്റോറിന് അനുയോജ്യമായ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിട സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പയ്യന്നൂരിൽ താലൂക്ക് സപ്ലൈ ഓഫീസ്**

294 (312) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച പയ്യന്നൂർ താലൂക്ക് കേന്ദ്രമാക്കി താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. പുതുതായി രൂപീകരിച്ച പയ്യന്നൂർ താലൂക്ക് കേന്ദ്രമാക്കി താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പൊതുവിതരണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## അതിരപ്പിള്ളിയിൽ സൂപ്പർ മാവേലി സ്റ്റോർ

295 (313) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ മാവേലി സ്റ്റോർ സൂപ്പർ മാവേലി സ്റ്റോറായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ചാലക്കുടി ഡിപ്പോയ്ക്ക് കീഴിലുള്ള അതിരപ്പിള്ളി മാവേലി സ്റ്റോർ സൂപ്പർ സ്റ്റോറാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിൽപ്പനശാലയ്ക്കായി ലഭ്യമായിട്ടുള്ള കെട്ടിടത്തിന്റെ തറപ്പൊക്കം ഉയർത്തുന്നതുൾപ്പെടെ വിൽപ്പനശാലയ്ക്ക് അനുയോജ്യമാക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ ബാക്കിയുള്ളതിനാൽ അതുകൂടി പൂർത്തീകരിക്കുന്നമുറയ്ക്ക് മാവേലി സൂപ്പർ സ്റ്റോറായി ഉയർത്തി പ്രവർത്തിപ്പിക്കുവാൻ കഴിയും.

## കൺസ്യൂമർഫെഡിലെ ആശ്രിത നിയമനം

296 (314) ശ്രീ. കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് പത്തനംതിട്ട റീജിയണൽ ആഫീസിലെ ജീവനക്കാരനായ എ.ഹരികുമാർ സർവ്വീസിലിരിക്കെ പ്രളയംമൂലം ഉണ്ടായ വെള്ളക്കെട്ടിൽ അകപ്പെട്ട് 2018 ആഗസ്റ്റ് 15 ന് മരണമടഞ്ഞതുമായി ബന്ധപ്പെട്ട് ആശ്രിതനിയമനത്തിനായി ഉചിതമാർഗ്ഗേനയുള്ള അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) അനുബന്ധ വിഷയത്തിൽ ഇൻഷ്വറൻസ് ആശ്രിതർക്ക് ലഭ്യമാക്കുന്നതിനായിട്ടുള്ള നടപടിക്രമങ്ങളുടെ വിവരം വിശദമാക്കുമോ;

(ഡി) ഈ വിഷയത്തിൻമേൽ ആശ്രിതനിയമനത്തിനും ഇൻഷ്വറൻസ് ലഭ്യതയ്ക്കുമുള്ള വകുപ്പുതല നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്.

(ബി) അപേക്ഷ ഫെഡറേഷന്റെ പരിശോധനയിലാണ്.

(സി) എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് സ്കീമിൽ (ഇ.ഡി.എൻ.ഐ.) നിന്നുള്ള തുക ശ്രീ. ഹരികുമാർ. എ.-യുടെ ഭാര്യ ശ്രീമതി ശ്രീലത. ബി (1,76,111) രൂപ മകൾ കുമാരി ഹർഷ .എസ്.ഹരികുമാർ (1,76,138 രൂപ) എന്നിവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പ്രത്യേകം ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് കൺസ്യൂമർഫെഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ആശ്രിത നിയമനത്തിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

## നെല്ലിന്റെ സംഭരണ വില

297 (315) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില എത്ര രൂപയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെല്ലിന്റെ സംഭരണവിലയിൽ വരുത്തിയ മാറ്റങ്ങൾ വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സീസണിലും സംഭരിച്ച നെല്ലിന്റെ അളവ് എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില 21.50 രൂപ/കി.ഗ്രാം ആയിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സീസണിലും നെല്ലിന്റെ സംഭരണ വിലയിൽ വരുത്തിയ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു:

| സീസൺ | സംഭരണ വില/കി.ഗ്രാം |
|---|---|
| 2016-17 | 22.50 |
| 2017-18 | 23.30 |
| 2018-19 | 25.30 |
| 2019-20 | 26.95 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സീസണിലും സംഭരിച്ച നെല്ലിന്റെ അളവ് ചുവടെ ചേർക്കുന്നു:

| സീസൺ | നെല്ലിന്റെ അളവ് (ലക്ഷം മെട്രിക് ടണ്ണിൽ) |
|---|---|
| 2016-17 | 4.52 |
| 2017- 18 | 4.84 |
| 2018-19 | 6.93 |
| 2019-20 | 2.11(24-2-2020 വരെ) |

## ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ മെമ്പർമാരുടെ നിയമനം

298 (316) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉപഭോക്തൃ തർക്ക പരീഹാര കമ്മീഷനിലും ഏതൊക്കെ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും പുതുതായി മെമ്പർമാരെ നിയമിച്ചിട്ടുണ്ട്; അവർ ആരൊക്കെയെന്നും ഏതൊക്കെ ജില്ലകളിലെന്നും വെളിപ്പെടുത്താമോ;

(ബി) മെമ്പർമാരെ തെരഞ്ഞെടുക്കുന്ന അഭിമുഖ പാനലിൽ ആരൊക്കെയാണ് അംഗങ്ങളെന്ന് വ്യക്തമാക്കുമോ;

(സി) മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ പാനൽ ആണോ അല്ലെങ്കിൽ ഒരു പേരു മാത്രമാണോ അഭിമുഖം കഴിഞ്ഞശേഷം സർക്കാരിലേക്ക് സമർപ്പിക്കുന്നത്;

(ഡി) അഭിമുഖം കഴിഞ്ഞ് ജില്ലകളിലേക്ക് നിയമിക്കപ്പെടുവാൻ വേണ്ടി ഇന്റർവ്യൂ ബോർഡ് സർക്കാരിലേക്ക് നൽകിയ മെമ്പർമാരുടെ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) മെമ്പർമാരെ തെരഞ്ഞെടുക്കുമ്പോൾ മുൻപ് മെമ്പർമാരായി സേവനം അനുഷ്ഠിച്ചവരുടെ പ്രവൃത്തി പരിചയം ഇന്റർവ്യൂ ബോർഡ് അധിക യോഗ്യതയായി കണക്കിലെടുക്കാറുണ്ടോ; മുൻപ് മെമ്പർമാരായി സേവനം അനുഷ്ഠിച്ചവർ അഭിമുഖത്തിൽ പങ്കെടുത്ത് പാനലിൽ ഒന്നാമതായി എത്തിയിട്ടും അവരെ തഴഞ്ഞ് പ്രവൃത്തി പരിചയം ഇല്ലാത്തവരെ മെമ്പർമാരായി നിയമിച്ചിട്ടുണ്ടോ; അവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ;

(എഫ്) മുൻപ് മെമ്പർമാരായി സേവനം അനുഷ്ഠിക്കുകയും അഭിമുഖത്തിൽ പങ്കെടുക്കുകയും ചെയ്തവർ പാനലിൽ ഉൾപ്പെടാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാന ഉപഭോക്തൃതർക്കപരിഹാര കമ്മീഷൻ പ്രസിഡന്റ്, നിയമ വകുപ്പ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി എന്നിവരാണ് അംഗങ്ങൾ.

(സി) യോഗ്യരായ അപേക്ഷകരുടെ പാനൽ ആണ് സമർപ്പിക്കുന്നത്.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ&എഫ്) ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതയുള്ള അപേക്ഷകരെ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി, പ്രസ്തുത അഭിമുഖത്തിലെ പ്രകടനമികവിന്റെ അടിസ്ഥാനത്തിൽ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പാനലിൽ നിന്നാണ് നിയമനം നടത്തുന്നത്.

**ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ അംഗങ്ങളുടെ നിയമനം**

299 (317) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും വിരമിച്ചവരെ മെമ്പറായി നിയമിച്ചിട്ടുണ്ടോ;

(ബി) ജില്ലാ ഫോറങ്ങളുടെ വിധികളിൽ അപ്പീൽ അധികാരി സംസ്ഥാന ഉപഭോക്തൃതർക്കപരിഹാര കമ്മീഷൻ ആണോ എന്ന് വ്യക്തമാക്കുമോ;

(സി) ധാരാളം ഇൻഷ്വറൻസ് കേസ്സുകളിൽ ജില്ലാ ഫോറങ്ങളിൽ നിന്നും വിധി വരുന്ന സാഹചര്യത്തിൽ അതിൻമേൽ അപ്പീൽ കേൾക്കാൻ അതേ കമ്പനിയിൽ നിന്നുതന്നെ വിരമിച്ച വ്യക്തിയെ നിയമിച്ചതിന്റെ സാംഗത്യം വ്യക്തമാക്കുമോ;

(ഡി) സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച എത്രപേരെ സംസ്ഥാന ഉപഭോക്തൃതർക്കപരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും മെമ്പർമാരായി നിയമിച്ചിട്ടുണ്ട്; അവർ ആരൊക്കെ; ഏതൊക്കെ വകുപ്പുകളിൽ നിന്നും വിരമിച്ചവരാണെന്നും ഏതൊക്കെ ജില്ലകളിൽ ആണ് മെമ്പർമാരായി നിയമിച്ചതെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളുടെ വിധികളിൽ അപ്പീൽ അധികാരി സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനാണ്.

(സി) ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന യോഗ്യതയുള്ള അപേക്ഷകരിൽ നിന്ന് സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി സമർപ്പിക്കുന്ന പാനലിൽ നിന്നാണ് നിയമനം നടത്തുന്നത്.

(ഡി) സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിൽ ന്യൂഇന്ത്യ അഷ്വറൻസ് കമ്പനിയിൽ നിന്ന് വിരമിച്ച ശ്രീ. രാധാകൃഷ്ണൻ കെ. ആർ.-നെയും ഇടുക്കി ഫോറത്തിൽ കോമേഴ്സ്യൽ ടാക്സ് വകുപ്പിൽ നിന്ന് വിരമിച്ച ശ്രീ. അമ്പാടി കെ.എസ്.-നെയും കോട്ടയം ഫോറത്തിൽ പോലീസ് വകുപ്പിൽ നിന്ന് വിരമിച്ച ശ്രീ. കെ. എം. ആന്റോയേയും, എറണാകുളം ഫോറത്തിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് വിരമിച്ച ശ്രീ. വി. രാമചന്ദ്രനെയും തൃശ്ശൂർ ഫോറത്തിൽ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് വിരമിച്ച ഡോ. കെ. രാധാകൃഷ്ണൻ നായരേയും, വയനാട് ഫോറത്തിൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ. എ. എസ് സുഭഗനേയും നിയമിച്ചിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണപുരോഗതി

300 (318) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വളരെ പ്രതീക്ഷയോടെ കാണുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം നിലവിലെ സാഹചര്യത്തിൽ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുന്ന എന്തെങ്കിലും പ്രശ്നങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വിവിധ ഘടകങ്ങളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 20% |
| 2 | ഡ്രെഡ്ജിംഗ് &റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർX 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചു. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ 8 എണ്ണം ടഗ്ബോട്ടുകൾ 4 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. 3 ടഗ്ഗ് ബോട്ടുകൾ നിർമ്മാണം പൂർത്തിയായി. മറ്റൊരു ടഗ്ഗിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| 6 | | യാർഡ് ക്രെയ്നുകൾ-24 എണ്ണം | നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. |

(ബി) കരാർപ്രകാരം പദ്ധതിയുടെ ആദ്യഘട്ട പൂർത്തീകരണ തീയതി 2019 ഡിസംബർ 3-ന് അവസാനിച്ചു. പദ്ധതിയുടെ നിർണ്ണായകഘടകമായ പുലിമുട്ടിന്റെ നിർമ്മാണത്തിൽ ഉണ്ടായ കാലതാമസംമൂലമാണ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തത്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ കരാർ കമ്പനിക്ക് ലഭ്യമാക്കുന്നതിന് സാധിച്ചിരുന്നില്ല. അതിനാലാണ് പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം നേരിടുന്നത്. കരാർപ്രകാരം പദ്ധതിക്ക് ആവശ്യമായ പാറ കണ്ടെത്തുന്നത് കരാർ കമ്പനിയുടെ ചുമതലയാണ്. കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ കണ്ടെത്തിയ ക്വാറികൾക്ക് ആവശ്യമായ അനുമതികൾ ലഭിച്ച് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് മാത്രമേ ഒന്നാംഘട്ടം പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്ന തീയതി നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂയെന്നാണ് കരാറുകാരായ അദാനി കമ്പനി അറിയിച്ചിട്ടുള്ളത്. കേരളത്തിന് പുറമേയുള്ള സ്ഥലങ്ങളിൽ നിന്നും പാറ കണ്ടെത്തുന്നതിലും കരാർ കമ്പനിക്ക് പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

(സി) പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ, അദാനി കമ്പനിക്ക് ലഭ്യമാക്കുന്നതിന് വരുന്ന കാലതാമസമാണ് തുറമുഖ നിർമ്മാണത്തിന്റെ പുരോഗതിയെ നിലവിൽ തടസ്സപ്പെടുത്തുന്നത്.

**തുറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കായി നീക്കിവച്ച തുക**

301 (319) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ നീക്കിവച്ച തുകയും ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

തുറമുഖ വകുപ്പ് നടപ്പാക്കിയ പദ്ധതികൾക്കായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ നീക്കിവച്ച തുകയും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പൈതൃക കേന്ദ്രങ്ങളുടെ സ്വകാര്യവൽക്കരണം

302 (320) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പൈതൃക കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല കേന്ദ്ര സർക്കാർ സ്വകാര്യ കമ്പനികൾക്ക് കൈമാറുമ്പോൾ അക്കൂട്ടത്തിൽ കേരളത്തിലെ ഏതെങ്കിലും പൈതൃക കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് ഈ കേന്ദ്രങ്ങൾ കൈമാറുന്നത് എന്നത് സംബന്ധിച്ച് പൈതൃക കേന്ദ്രങ്ങളെ മുൻനിർത്തിയുള്ള പട്ടിക നൽകാമോ?

### ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേരളത്തിലെ ഏതെങ്കിലും പൈതൃക കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല സ്വകാര്യ കമ്പനികൾക്ക് കൈമാറുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സംസ്ഥാന പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംരക്ഷിത സ്മാരകങ്ങൾ ഒന്നുംതന്നെ സ്വകാര്യകമ്പനികൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നില്ല.

## പൈതൃക കേന്ദ്രങ്ങളുടെ സംരക്ഷണം

303 (321) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൈതൃക കേന്ദ്രങ്ങൾ സംരക്ഷിക്കുവാൻ ഈ സർക്കാർ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പൈതൃക കേന്ദ്രങ്ങൾ ഏതൊക്കെ ജില്ലകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൈതൃക കേന്ദ്രങ്ങളുടെ പുനരുദ്ധാരണത്തിനായി കേന്ദ്രസർക്കാർ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തുക ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ-സി) 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പുരാവസ്തുവകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുന്ന നിർമ്മിതികൾ, സ്ഥാനങ്ങൾ എന്നിവയുടെ

സംരക്ഷണമാണ് നിർവ്വഹിച്ചുപോരുന്നത്. പൈതൃക കേന്ദ്രങ്ങൾ (Heritage Centres) എന്ന നിലയിൽ പ്രത്യേക സ്ഥാപനങ്ങൾ വകുപ്പ് സംരക്ഷിച്ചുവരുന്നില്ല. സംരക്ഷിത സ്മാരകങ്ങളുടെ നിർമ്മിതി സംരക്ഷണത്തിനായി 2017-18 സാമ്പത്തിക വർഷം 507 ലക്ഷം രൂപയുടെയും രാസസംരക്ഷണത്തിനായി 27.93 ലക്ഷം രൂപയുടെയും 2018-19 സാമ്പത്തിക വർഷം യഥാക്രമം 594 ലക്ഷം രൂപയുടെയും 15 ലക്ഷം രൂപയുടെയും പദ്ധതികൾ നടപ്പിലാക്കി. നടപ്പുസാമ്പത്തിക വർഷം ഈ ഇനത്തിൽ യഥാക്രമം 600 ലക്ഷം രൂപയും 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പുരാരേഖാ വകുപ്പിന് നിലവിൽ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിൽ ജില്ലാ പൈതൃക കേന്ദ്രങ്ങൾ നിലവിലുണ്ട്. അതാത് ജില്ലയിലെ ചരിത്രരേഖകൾ സമാഹരിച്ച് അതാത് ജില്ലകളിൽ തന്നെ സംരക്ഷിച്ച് സൂക്ഷിക്കുകയും അവ പഠനവിധേയമാക്കുകയും ചെയ്യുക എന്നതാണ് ഈ പൈതൃക കേന്ദ്രങ്ങളുടെ ലക്ഷ്യം.

പുരാവസ്തു വകുപ്പിന് കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, എറണാകുളം ഹിൽ പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശി രാജാ മ്യൂസിയം എന്നിവയുടെ ഗ്യാലറി നവീകരണത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടാം ഗഡു തുകയായി 2,35,53,814 രൂപയും തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയത്തിന്റെ നവീകരണത്തിനായി മ്യൂസിയം ഗ്രാന്റ് സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തിന്റെ ആദ്യഗഡുവായി 2,00,42,640 രൂപയും വകുപ്പിന് ലഭ്യമായിട്ടുണ്ട്.

**സംസ്ഥാനത്തെ പൗരാണിക സ്മാരകങ്ങളുടെ സംരക്ഷണം**

304 (322) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൗരാണിക സ്മാരകങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര സംരക്ഷിത സ്മാരകങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) പൗരാണിക കെട്ടിടങ്ങളുടെ നിർമ്മിതി സംരക്ഷണം, രാസ സംരക്ഷണം, ചുമർ ചിത്രങ്ങളുടെ സംരക്ഷണം എന്നിവയ്ക്കായി സ്വീകരിച്ചു വരുന്ന ശാസ്ത്രീയമായ നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെയും അതിന്റെ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചരിത്രപരമോ പുരാതത്വപരമോ കലാശില്പപരമോ ആയ പ്രത്യേകതകളുള്ളതും നൂറുവർഷത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മിതികളും സ്ഥാനങ്ങളുമാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പരിപാലിച്ചുവരുന്നത്. കൂടാതെ ഇത്തരത്തിൽ പ്രാധാന്യമുള്ള പുരാവസ്തുക്കളും പുരാവശിഷ്ടങ്ങളും വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു. പുരാവസ്തു വകുപ്പിൽ നിർമ്മിതി സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ കാലികമായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയുമാണ് ചെയ്യുന്നത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തുകയെന്നതാണ് വകുപ്പിന്റെ സംരക്ഷണനയം. നിലവിൽ 184 സംരക്ഷിത സ്മാരകങ്ങൾ വകുപ്പിന്റെ പട്ടികയിൽ ഉണ്ട്. ഓരോ സ്മാരകത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചുള്ള സമീപനങ്ങളാണ് നിർമ്മിതി സംരക്ഷണത്തിന്റെ കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്നത്. പൗരാണിക സ്മാരകസംരക്ഷണത്തിന്റെ ഭാഗമായി വകുപ്പ് സ്വീകരിച്ച പ്രധാന നടപടികൾ താഴെ ചേർക്കുന്നു.

നിയമസഭാ സമുച്ചയത്തിലെ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ സമഗ്രസംരക്ഷണ പദ്ധതിയുടെ ഒന്നാംഘട്ടം പരമ്പരാഗത രീതിയിൽ വിജയകരമായി പൂർത്തിയാക്കി. കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ക്ഷേത്രത്തിലെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി. സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരസമുച്ചയത്തിലെ കമ്മട്ടപുര, വലിയ ഊട്ടുപുര, പാൽപ്പുര മാളിക, മണിമേട എന്നിവയുടെ സമഗ്രമായ സംരക്ഷണ ജോലികൾ പൂർത്തിയാക്കി. സംസ്ഥാനത്തെ ഏറ്റവും വലിയ സംരക്ഷിതസ്മാരകമായ ഹിൽ പാലസ് സമുച്ചയത്തിലെ ഏറ്റവും പഴക്കം ചെന്ന നിർമ്മിതിയായ എട്ടുകെട്ടിന്റെയും അതിനോടുചേർന്നുള്ള കുളപ്പുര മാളികയുടെയും സംരക്ഷണ ജോലികൾ പൂർത്തീകരിച്ചു. കൊട്ടാരവളപ്പിലെ പൈതൃക നിർമ്മിതികളായ മൂന്ന് കുളങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിച്ചു.

കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിക്കോട്ടയിലെ നടപ്പാത, കൊത്തളങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചു. പൊവ്വൽ കോട്ടയിലും സമഗ്രമായി സംരക്ഷണജോലികൾ നിർവ്വഹിച്ചു. ഹോസ്ദുർഗ്ഗ് കോട്ടയുടെ തകർന്നുപോയ കൊത്തളങ്ങൾ, നടവഴി എന്നിവ പൂർവ്വസ്ഥിതിയിലാക്കി. പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ, കണ്ടോന്താറിലെ ബ്രിട്ടീഷ് ജയിൽ എന്നിവ സംരക്ഷിതസ്മാരകങ്ങളായി പ്രഖ്യാപിക്കുകയും സമഗ്ര സംരക്ഷണജോലികൾ പൂർത്തിയാക്കി നാടിന് സമർപ്പിക്കുകയും ചെയ്തു.

കിളിമാനൂർ കൊട്ടാരത്തിലെ പുത്തൻമാളിക, കുളപ്പുരക്കെട്ട്, സ്റ്റുഡിയോ ഹാൾ എന്നിവ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ കുട്ടമ്പേരൂരിലെ കാർത്ത്യായനി ക്ഷേത്രം, കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം മഹാദേവക്ഷേത്രം, ചങ്ങനാശ്ശേരിയിലുള്ള കുമാരമംഗലത്തുമന, ചുവർചിത്രങ്ങൾക്ക് ശ്രദ്ധേയമായ കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ശിവക്ഷേത്രം, തിരുവനന്തപുരം ജില്ലയിലെ അരുവിക്കരക്ഷേത്രം, ഇരയിമ്മൻ തമ്പിയുടെ ജന്മഗൃഹമായ ആലപ്പുഴ ജില്ലയിലെ ചേർത്തല വാരണാട് നടുവിലെ കോവിലകം, തൃശ്ശൂർ ജില്ലയിലെ വേലൂരിലെ അർണോസ് പാതിരിയുടെ ഭവനം, സെന്റ് ഫ്രാൻസിസ് ഫൊറോനാ പള്ളി, എറണാകുളം ജില്ലയിലെ പള്ളിപ്പുറം കോട്ട, തിരുനായത്തോട് ശ്രീനാരായണ ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര കല്പത്തൂരിടം പരദേവതാക്ഷേത്രം, ഈസ്റ്റ് ഹില്ലിലുള്ള പഴശ്ശിരാജാ മ്യൂസിയം സ്ഥിതി ചെയ്യുന്ന കളക്ടേഴ്സ് ബംഗ്ലാവ് എന്നിവയുടെ സംരക്ഷണജോലികളും പൂർത്തിയാക്കുകയുണ്ടായി.

കൂടുതൽ പൈതൃക മന്ദിരങ്ങളെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി താഴെ പറയുന്നവ സംരക്ഷിത സ്മാരകങ്ങളാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. വെള്ളാരപ്പള്ളി തെക്കേ കോവിലകം, എറണാകുളം
2. മടിയൻകൂലോം ക്ഷേത്രം, കാഞ്ഞങ്ങാട്, കാസർഗോഡ്.
3. ആലപ്പുഴ ജില്ലാ പോലീസ് മന്ദിരം
4. നേമം വില്ലേജ് ഓഫീസ് മന്ദിരം, തിരുവനന്തപുരം
5. ഇളയിടത്ത് വലിയ കോയിക്കൽ കൊട്ടാരം, കൊട്ടാരക്കര, കൊല്ലം ജില്ല.

6. പെരുമ്പാവൂർ ചക്കിക്കല്ല്, എറണാകുളം

7. കൈത്തറി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം, കണ്ണൂർ.

8. ഔർ ലേഡി ഓഫ് ഹോപ്പ് ചർച്ച്, വെപ്പിൻ, എറണാകുളം.

(ബി) നിലവിൽ പുരാവസ്തു വകുപ്പിന് 184 സംരക്ഷിത സ്മാരകങ്ങളുണ്ട്.

(സി) നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തുകയെന്നതാണ് വകുപ്പിന്റെ സംരക്ഷണനയം. നിലവിൽ 184 സംരക്ഷിത സ്മാരകങ്ങൾ വകുപ്പിന്റെ പട്ടികയിലുണ്ട്. ഓരോ സ്മാരകത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചുള്ള സമീപനങ്ങളാണ് നിർമ്മിതി സംരക്ഷണത്തിന്റെ കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്നത്. പരമ്പരാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടിടത്തു അവ പ്രയോജനപ്പെടുത്തിയും നവീന രീതികൾ അവലംബിക്കേണ്ടതായ ഇടങ്ങളിൽ അവ ഉപയോഗപ്പെടുത്തിയുമുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് വളരെ ശാസ്ത്രീയമായും ആവശ്യമായ സമയം ഉപയോഗപ്പെടുത്തി സൂക്ഷ്മമായുമാണ് ഓരോ പ്രവൃത്തിയും നിർവ്വഹിക്കുന്നത്. രാസസംരക്ഷണത്തിൽ പ്രിവന്റീവ് കൺസർവേഷൻ രീതികളാണ് വകുപ്പ് മുഖ്യമായും സ്വീകരിക്കുന്നത്. സ്മാരകങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇതിൽ പ്രധാനം. ദൈനംദിന പരിരക്ഷ നൽകാൻ കഴിയുന്ന അത്രയും സ്മാരകങ്ങൾക്ക് അത് നല്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മാരകങ്ങളെ ജീർണ്ണിപ്പിക്കുന്ന ചെറുതരം ജീവികളെയും ചിതലിനെയും മറ്റും തടയുന്നതിന് കൃത്യമായ ഇടവേളകളിൽ സ്മാരകങ്ങൾക്ക് രാസചികിത്സ നടത്തുന്നു. ചുവർചിത്രങ്ങളുടെ സംരക്ഷണത്തിൽ നിലവിലുള്ള ചിത്രങ്ങളെ അതേപടി നിലനിർത്തുന്നതിനാണ് പ്രാധാന്യം നൽകുന്നത്. ഇക്കാര്യത്തിലും പ്രിവന്റീവ് കൺസർവേഷൻ രീതികളാണ് പ്രധാനമായും അവലംബിക്കുന്നത്. ചിത്രങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കാൻ കൃത്യമായ ഇടവേളകളിൽ അവ ശാസ്ത്രീയമായി ശുചിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നു. പൊടിപടലങ്ങൾ, കരി, അഴുക്ക് എന്നിവ പറ്റിപ്പിടിക്കുന്നത് തടയുന്നതിനും ചെറു ജീവികൾ, രൂക്ഷമായ വെയിൽ, മഴ എന്നിവയിൽ നിന്ന് ചിത്രങ്ങളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. ജീർണ്ണത ബാധിച്ച ചിത്രങ്ങളിലെ പൊടി, അഴുക്ക് എന്നിവ ശാസ്ത്രീയമായി നീക്കം ചെയ്ത് ചിത്രങ്ങളെ തെളിയിച്ചെടുക്കുക എന്നതാണ് സ്വീകരിച്ചുവരുന്ന രീതി.

**പമ്പാനദീ തീരത്തെ രണ്ടാംഘട്ട പുരാവസ്തു ഖനനം**

305 (323) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദീതട തീരത്തു നിന്നും കണ്ടെടുത്ത ശില്പങ്ങൾ സംരക്ഷിക്കുന്നതിനായി പുരാവസ്തു വകുപ്പ് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) രണ്ടാംഘട്ട ഖനനത്തിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) രണ്ടാംഘട്ട ഖനനത്തിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ലൈസൻസ് ആവശ്യമുണ്ടോ;

(ഡി) പ്രസ്തുത ലൈസൻസിനായി സംസ്ഥാന പുരാവസ്തു വകുപ്പ് അപേക്ഷ സമർപ്പിച്ചിരുന്നോ; ഓൺലൈൻ വഴിയാണോ അപേക്ഷ സമർപ്പിച്ചത്; ഏത് തീയതിയിലാണ് അപേക്ഷ സമർപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) തുടർഖനനം തടഞ്ഞുകൊണ്ട് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അധികൃതർ നിർദ്ദേശങ്ങളോ നടപടിക്രമങ്ങളോ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പമ്പാനദീതട തീരത്തു നിന്നും ശാസ്ത്രീയമായി നീക്കം ചെയ്ത കളിമൺ ശിൽപ്പങ്ങൾ പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള മണ്ണടി വേലുത്തമ്പി ദളവാ മ്യൂസിയത്തിൽ സുരക്ഷിതമായി സൂക്ഷിക്കുന്നു. ഈ കളിമൺ ശിൽപ്പങ്ങളുടെ Optically Stimulated Luminescence/Thermo Luminescence കാലനിർണ്ണയ നടപടികൾ നടന്നുവരികയുമാണ്.

(ബി-ഡി) രണ്ടാംഘട്ട ഉത്ഖനനത്തിനായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ലൈസൻസ് ആവശ്യമാണ്. ആയതിലേക്കായി പ്രൊപ്പോസൽ തയ്യാറാക്കി സർക്കാർ ശിപാർശയോടെ 24-1-2020-ലെ 214/ബി1/2019-സാം.കാ.വ. കത്ത് പ്രകാരം ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയ്ക്ക് അയച്ചുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭ്യമായിട്ടുണ്ട്.

രണ്ടാംഘട്ട ഉത്ഖനനപ്രവർത്തനങ്ങൾക്കുവേണ്ടിവരുന്ന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. ഉത്ഖനനപ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ഇ) ആറന്മുളയിൽ കണ്ടെത്തിയ കളിമൺ ശില്പങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്തതു സംബന്ധിച്ച് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ വകുപ്പിൽ നിന്നും വിശദീകരണം ആരായുകയും ലൈസൻസില്ലാതെ തുടർഖനനങ്ങൾ നടത്താൻ പാടില്ല എന്ന് അറിയിക്കുകയും ചെയ്തു. പുരാവസ്തുക്കൾ വെളിപ്പെടുകയും അവ നഷ്ടപ്പെട്ട് പോകാൻ ഇടയുണ്ടെന്ന് കാണുകയും ചെയ്യുന്ന അത്യാവശ്യഘട്ടങ്ങളിൽ നടത്തുന്ന ശാസ്ത്രീയമായ നീക്കം ചെയ്യലാണ് (Scientific clearance) ആറന്മുളയിൽ വകുപ്പ് നടത്തിയതെന്നും കേരളം പോലെ ജനസാന്ദ്രതയുള്ള പ്രദേശത്ത് ഇത്തരത്തിലുള്ള ആപത്ഘട്ടങ്ങളിലെ ഉത്ഖനനങ്ങൾ നടത്തിയില്ലെങ്കിൽ ചരിത്രശേഷിപ്പുകൾ നഷ്ടപ്പെട്ടു പോകാൻ കാരണമാകുമെന്നും കാണിച്ച് വകുപ്പ് ഈ വിഷയത്തിൽ കേന്ദ്രപുരാവസ്തു വകുപ്പിന് വിശദീകരണം നൽകിയിട്ടുണ്ട്. ഗവേഷണ ഉത്ഖനനങ്ങൾ നിർവ്വഹിക്കുന്നതിന് ലൈസൻസിന് അപേക്ഷിക്കുന്നതാണെന്നും എ.എസ്.ഐ.-യെ പുരാവസ്തു വകുപ്പ് അറിയിച്ചിട്ടുണ്ട്.

## പുരാവസ്തു വകുപ്പിന്റെ ഉത്ഖനന പ്രവർത്തനങ്ങൾ

306 (324) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന പ്രധാന ഉത്ഖനന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം ഉത്ഖനനങ്ങളിൽ നിന്നും കണ്ടെടുത്ത ചരിത്രാവശിഷ്ടങ്ങൾ വേണ്ടവിധം സംരക്ഷിച്ച് പരിപാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പരിഗണനാവിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുകയും പ്രസ്തുത വിദഗ്ദ്ധസമിതി പുരാവസ്തു വകുപ്പിന്റെ വിവിധ മേഖലകളെക്കുറിച്ച് പഠിക്കുകയും അവയുടെ പ്രവർത്തനമികവിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ഇതിനെ തുടർന്ന് പ്രധാനമായും മൂന്ന് വിഭാഗങ്ങളിലായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സർക്കാർ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിന്മേലുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു. കൂടാതെ പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി സ്വീകരിച്ചു. സംരക്ഷിത സ്മാരകങ്ങളുടെ പരിശോധന നടത്തി നിർമ്മിതിപരമായ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നു. നാണയപഠന വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കൈവശമുള്ള നാണയങ്ങളുടെ സമഗ്രമായ ഡോക്യുമെന്റേഷൻ പദ്ധതി നടന്നുവരുന്നു. വകുപ്പിന്റെ അധീനതയിൽ വിവിധ മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിഗ്രഹങ്ങൾ ശാസ്ത്രീയമായി പഠനവിധേയമാക്കി കാറ്റലോഗ് തയ്യാറാക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കിവരുന്നു.

(ബി&സി) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ വിയ്യൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഇച്ചന്നൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഫറോക്ക് നല്ലൂർ എൽ.പി.സ്കൂൾ വളപ്പിൽ കണ്ടെത്തിയ നന്നങ്ങാടി എന്നിവ ഉത്ഖനന വിധേയമാക്കി. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, തളിപ്പറമ്പ് താലൂക്കിൽ മാണിയൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പോട്ടോർ വില്ലേജിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയപരിശോധനകൾക്ക് വിധേയമാക്കി നീക്കം ചെയ്തു. പ്രളയാനന്തരം പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ വെളിപ്പെട്ട കളിമൺ ശില്പങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്തു. കണ്ണൂർ ജില്ലയിലെ പൊതുവാച്ചേരിയിൽ കണ്ടെത്തിയ ഗുഹ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കി. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ പെരുമ്പടപ്പ് വലിയ കിണർ ഉത്ഖനനവിധേയമാക്കി. ഇത്തരത്തിൽ കണ്ടെടുത്ത പുരാവസ്തുക്കൾ സമീപസ്ഥലത്തെ/ജില്ലയിലെ പുരാവസ്തു മ്യൂസിയങ്ങളിലെ സ്റ്റോറുകളിലേക്ക് മാറ്റുകയും ആവശ്യമായ രാസസംരക്ഷണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കിയശേഷം യോഗ്യമായവ മ്യൂസിയങ്ങളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ചെങ്ങന്നൂരിൽ മ്യൂസിയം/പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി

307 (325) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിൽഗ്രിം ടൂറിസത്തിന് ഏറ്റവും കൂടുതൽ സാധ്യതയുള്ള ചെങ്ങന്നൂരിൽ മ്യൂസിയം/പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

ചെങ്ങന്നൂരിൽ, തീർത്ഥാടക വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പദ്ധതികളൊന്നുംതന്നെ നിലവിൽ പുരാവസ്തു വകുപ്പിന്റെയോ മ്യൂസിയം വകുപ്പിന്റെയോ പരിഗണനയിലില്ല.

## പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ

308 (326) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികൾക്കും പുതുതലമുറയ്ക്കും നമ്മുടെ സംസ്കാരത്തെയും നവോത്ഥാനമൂല്യങ്ങളെയും കുറിച്ച് അവബോധം നൽകുന്നതിന് പുരാവസ്തു വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികൾക്കും പുതുതലമുറയ്ക്കും നമ്മുടെ സംസ്കാരത്തേയും നവോത്ഥാനമൂല്യങ്ങളെയും കുറിച്ച് അവബോധം നൽകുന്നതിന് വിവിധ പദ്ധതികളാണ് പുരാവസ്തു വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പൈതൃക തനിമ നിലനിർത്തിക്കൊണ്ടുതന്നെ മ്യൂസിയങ്ങളുടെ ആധുനികവൽക്കരണത്തിനും അവശ്യം വേണ്ടുന്ന സന്ദർശക സൗകര്യങ്ങൾ ഒരുക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം കോട്ടയ്ക്കകത്തെ വിവിധ സംരക്ഷിത സ്മാരകങ്ങളെയും പൈതൃക മന്ദിരങ്ങളെയും ഉൾപ്പെടുത്തി ഡിജിറ്റൽ ദൃശ്യ ശ്രാവ്യ " Mobile Application തയ്യാറാക്കി Trivandrum Heritage Walk" എന്ന പേരിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മലബാർ മേഖലയിലെ ഇരുപതോളം സംരക്ഷിത സ്മാരകങ്ങളും

പൈതൃത മന്ദിരങ്ങളും ഉൾപ്പെടുത്തി "Explore Malabar" എന്ന പേരിൽ ഒരു mobile application-നും തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. കേരള പുരാവസ്തു വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാംവിധം നവീകരിക്കുകയുണ്ടായി. ഒപ്പംതന്നെ മ്യൂസിയങ്ങളുടെയും ഒട്ടുമിക്ക സംരക്ഷിത സ്മാരകങ്ങളുടെയും Signature videos തയ്യാറാക്കി വകുപ്പിനായി രൂപീകരിക്കപ്പെട്ട you tube ചാനലിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇതുവഴി കേരളത്തിന്റെ സംസ്കാരം, ചരിത്രം എന്നിവ സഞ്ചാരികൾക്ക് അറിയുവാൻ കഴിയും. ഇത്തരത്തിൽ പലവിഭാഗങ്ങളിലായി നാൽപ്പതോളം വീഡിയോകൾ തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതുജനങ്ങളിൽ പ്രത്യേകിച്ച് കുട്ടികളിൽ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിലേയ്ക്കായി കേരളത്തിന്റെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ, കൂട്ടായ്മകൾ എന്നിവിടങ്ങളിൽ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

### പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണം

309 (327) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് ലോകമെമ്പാടും സ്വീകരിച്ചിട്ടുള്ള നവീന രീതികളും സാങ്കേതിക വിദ്യകളും പുരാവസ്തു വകുപ്പിന് ലഭ്യമാണോ;

(സി) ഇത് സംബന്ധിച്ച് വകുപ്പ് ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും പ്രത്യേക പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഓരോ ജില്ലയിലുമുള്ള ചരിത്ര സ്മാരകങ്ങൾ, കൊട്ടാരങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി നവമാധ്യമ പ്ലാറ്റ്ഫോമുകളിൽ നൽകുന്ന ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ?

<u>ഉത്തരം</u>

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിന്റെയും അതിന്റെ ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ ചരിത്രപരമോ പുരാതത്വപരമോ കലാശിൽപ്പപരമോ ആയ പ്രത്യേകതകളുള്ളതും നൂറുവർഷത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മിതികളും സ്ഥാനങ്ങളുമാണ് പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് പരിപാലിച്ചുവരുന്നത്. കൂടാതെ ഇത്തരത്തിൽ പ്രാധാന്യമുള്ള പുരാവസ്തുക്കളും പുരാവശിഷ്ടങ്ങളും വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു. സംരക്ഷിത സ്മാരകങ്ങളുടെ കാലികമായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ പൂർത്തിയാക്കിയ പ്രധാന നിർമ്മിതി സംരക്ഷണ, രാസസംരക്ഷണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

പതിനേഴോളം കെട്ടിടങ്ങൾ ഉൾക്കൊള്ളുന്ന പത്മനാഭപുരം കൊട്ടാരസമുച്ചയത്തിലെ കമ്മട്ടപ്പുര, വലിയ ഊട്ടുപുര, പാൽപ്പുര മാളിക, മണിമേട എന്നിവയുടെ സമഗ്രമായ സംരക്ഷണജോലികൾ പൂർത്തിയാക്കി. സംസ്ഥാനത്തെ ഏറ്റവും വലിയ സംരക്ഷിതസ്മാരകമായ ഹിൽ പാലസ് സമുച്ചയത്തിലെ ഏറ്റവും പഴക്കം ചെന്ന നിർമ്മിതിയായ എട്ടുകെട്ടിന്റെയും അതിനോടുചേർന്നുള്ള കുളപ്പുര മാളികയുടെയും സംരക്ഷണജോലികൾ പൂർത്തീകരിച്ചു. കൊട്ടാരവളപ്പിലെ പൈതൃക നിർമ്മിതികളായ മൂന്ന് കുളങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിച്ചു.

കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി കോട്ടയിലെ നടപ്പാത, കൊത്തളങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ചു. പൊവ്വൽ കോട്ടയിലും സമഗ്രമായി സംരക്ഷണ ജോലികൾ നിർവ്വഹിച്ചു. ഹോസ്ദുർഗ്ഗ് കോട്ടയുടെ തകർന്നുപോയ കൊത്തളങ്ങൾ, നടവഴി എന്നിവ പൂർവ്വസ്ഥിതിയിലാക്കി. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഓർമ്മകൾ നിലനിൽക്കുന്ന പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ, കണ്ടോന്താറിലെ ബ്രിട്ടീഷ് ജയിൽ എന്നിവ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുകയും സമഗ്ര സംരക്ഷണ ജോലികൾ പൂർത്തിയാക്കി നാടിന് സമർപ്പിക്കുകയും ചെയ്തു.

കിളിമാനൂർ കൊട്ടാരത്തിലെ പുത്തൻമാളിക, കുളപ്പുരക്കെട്ട് സ്റ്റുഡിയോ ഹാൾ എന്നിവ ശാസ്ത്രീയമായി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. ദാരുശിൽപ്പങ്ങൾക്ക് പ്രസിദ്ധിയാർജ്ജിച്ച ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ കുട്ടമ്പേരൂരിലെ കാർത്ത്യായനി ക്ഷേത്രം, കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം

മഹാദേവക്ഷേത്രം, ചങ്ങനാശ്ശേരിയിലുള്ള കുമാരമംഗലത്ത് മന, ചുവർ ചിത്രങ്ങൾക്ക് ശ്രദ്ധേയമായ കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ശിവക്ഷേത്രം, തിരുവനന്തപുരം ജില്ലയിലെ അരുവിക്കരക്ഷേത്രം, ഇരയിമ്മൻ തമ്പിയുടെ ജന്മഗൃഹമായ ആലപ്പുഴ ജില്ലയിലെ ചേർത്തല വാരനാട് നടുവിലെ കോവിലകം, തൃശ്ശൂർ ജില്ലയിലെ വേലൂരിലെ അർണോസ് പാതിരിയുടെ ഭവനം, സെന്റ് ഫ്രാൻസിസ് ഫൊറാനാ പള്ളി, എറണാകുളം ജില്ലയിലെ പള്ളിപ്പുറം കോട്ട, തിരുനായത്തോട് ശ്രീനാരായണ ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര കല്പത്തൂരിടം പരദേവതാക്ഷേത്രം, ഈസ്റ്റ് ഹില്ലിലുള്ള പഴശ്ശിരാജാ മ്യൂസിയം സ്ഥിതി ചെയ്യുന്ന കളക്ടേഴ്സ് ബംഗ്ലാവ് എന്നിവയുടെ സംരക്ഷണ ജോലികളും പൂർത്തിയാക്കുകയുണ്ടായി.

പാരമ്പര്യത്തനിമ നിലനിർത്തിക്കൊണ്ട്, കേരള നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതിചെയ്യുന്ന പൈതൃക മന്ദിരത്തിന്റെ സംരക്ഷണ പ്രവൃത്തി പൂർത്തിയാക്കി.

പുരാവസ്തുക്കളുടെ സംരക്ഷണവും വീണ്ടെടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ വിയ്യൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഇച്ചന്നൂരിൽ കണ്ടെത്തിയ ചെങ്കൽ ഗുഹ, ഫറോക്ക് നല്ലൂർ എൽ. പി. സ്കൂൾ വളപ്പിൽ കണ്ടെത്തിയ നന്നങ്ങാടി എന്നിവ ഉത്ഖനന വിധേയമാക്കി. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, തളിപ്പറമ്പ് താലൂക്കിൽ മാണിയൂരിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ, തൃശ്ശൂർ ജില്ലയിലെ പോട്ടോർ വില്ലേജിൽ കണ്ടെത്തിയ നന്നങ്ങാടിയുടെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയ പരിശോധനകൾക്ക് വിധേയമാക്കി നീക്കം ചെയ്തു. പ്രളയാനന്തരം പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ വെളിപ്പെട്ട കളിമൺ ശില്പങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്തു.

കണ്ണൂർ ജില്ലയിൽ പൊതുവാച്ചേരിയിൽ കണ്ടെത്തിയ ഗുഹ, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് വലിയ കിണർ എന്നിവ ഉത്ഖനനത്തിന് വിധേയമാക്കി.

കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം താഴെ പറയുന്ന സ്മാരകങ്ങളെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. വെള്ളാരപ്പള്ളി തെക്കേ കോവിലകം, എറണാകുളം
2. മടിയൻകൂലോം ക്ഷേത്രം, കാഞ്ഞങ്ങാട്, കാസർഗോഡ്
3. ആലപ്പുഴ ജില്ലാ പോലീസ് മന്ദിരം
4. നേമം വില്ലേജ് ഓഫീസ് മന്ദിരം, തിരുവനന്തപുരം

5. ഇളയിടത്ത് വലിയ കോയിക്കൽ കൊട്ടാരം, കൊട്ടാരക്കര, കൊല്ലം ജില്ല

6. പെരുമ്പാവൂർ ചക്കിക്കല്ല്, എറണാകുളം

7. കൈത്തറി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം, കണ്ണൂർ

8. ഔർ ലേഡി ഓഫ് ഹോപ് ചർച്ച്, വൈപ്പിൻ, എറണാകുളം

(ബി) പൈതൃക സംരക്ഷണത്തിന് നിലവിൽ ലോകമെമ്പാടും വലിയ പ്രാധാന്യം കൽപ്പിച്ചുവരുന്നു. ഈ മേഖലയിൽ വിപുലമായ പഠനങ്ങൾ നടക്കുന്നതായും നവീന സാങ്കേതിക വിദ്യകൾ ഉപയോഗിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള പുരാവസ്തു വകുപ്പും ഇതിനു സമാന്തരമായി നവീകരണത്തിന്റെ പാതയിലാണ്. വകുപ്പിന് കീഴിലെ നിർമ്മിതി സംരക്ഷണ വിഭാഗം, രാസ സംരക്ഷണ വിഭാഗം എന്നിവയിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

(സി) പൈതൃക സ്മാരകങ്ങൾ, പുരാവസ്തുക്കൾ എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയം ഇൻസ്റ്റിറ്റ്യൂട്ട് മുഖേന 15 ദിവസത്തെ പരിശീലനം നൽകുകയുണ്ടായി. ഇതിന്റെ തുടർച്ചയായി രണ്ടാംഘട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം കോട്ടയ്ക്കകത്തെ പൈതൃക സ്മാരകങ്ങളെ കോർത്തിണക്കി 'Trivandrum Heritage Walk' എന്ന പേരിലും, മലബാറിലെ പൈതൃക സ്മാരകങ്ങൾ കോർത്തിണക്കി 'Explore Malabar' എന്ന പേരിലും ഡിജിറ്റൽ ദൃശ്യ-ശ്രാവ്യ സഹായി തയ്യാറാക്കിയിട്ടുണ്ട്. ഇത് ഒരു മൊബൈൽ ആപ്പ് ആയി ഉപയോഗിക്കാവുന്നവിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ പത്മനാഭപുരം കൊട്ടാരത്തിനായി Padmanabhapurampalace.org എന്ന ഒരു വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ Kerala Archaelogy എന്ന പേരിൽ ഒരു " You Tube Channel തുടങ്ങുകയും അതിൽ നാളിതുവരെയായി അറുപതോളം ഹ്രസ്വചിത്രങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2, 14, 15, 16, 18, 25, 30, 52, 76, 87, 88, 96, 100, 106, 163, 168, 171, 252 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല).

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II ചരമോപചാരം

### പി. ശങ്കരന്റെ നിര്യാണം

മി. സ്പീക്കർ: മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവും യു.ഡി.എഫ്. കോഴിക്കോട് ജില്ലാ ചെയർമാനും അഡ്വക്കേറ്റുമായിരുന്ന പി. ശങ്കരൻ 25-2-2020-ന് അന്തരിച്ചു. സ്വാതന്ത്ര്യ സമരസേനാനി പുതിയോട്ടിൽ കേളുനായരുടെയും മാക്കം അമ്മയുടെയും മകനായി 1947 ഡിസംബർ 2-ന് ജനിച്ചു. കെ.എസ്.യു. പ്രവർത്തനത്തിലൂടെയാണ് സജീവ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചത്. തുടർന്ന് തൃശ്ശൂർ കേരളവർമ്മ കോളേജ് യൂണിയൻ ചെയർമാനും കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ വൈസ് ചെയർമാനുമായി. കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലെ ആദ്യ വിദ്യാർത്ഥി പ്രതിനിധിയായി 1975-ൽ തെരഞ്ഞെടുക്കപ്പെട്ടു. വിദ്യാർത്ഥി രാഷ്ട്രീയത്തോടൊപ്പം എൻ.സി.സി., സ്കൗട്ട്, ഭാരത് സേവക് സമാജ്, സേവാദൾ എന്നീ പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചു. കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1998-ൽ കോഴിക്കോട് മണ്ഡലത്തിൽനിന്നും ലോക്സഭയിലേയ്ക്കും 2001-ൽ കൊയിലാണ്ടി മണ്ഡലത്തിൽനിന്നും പതിനൊന്നാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 26-5-2001 മുതൽ 10-2-2004 വരെ ആരോഗ്യ വകുപ്പുമന്ത്രിയായും 11-2-2004 മുതൽ 29-8-2004 വരെ വിനോദസഞ്ചാര വകുപ്പുമന്ത്രിയായും സേവനമനുഷ്ഠിച്ചു.

പി. ശങ്കരന്റെ നിര്യാണത്തോടെ സൗമ്യവും ഹൃദ്യവുമായ ഇടപെടലുകളിലൂടെ സഹപ്രവർത്തകരുടെയും സാധാരണക്കാരുടെയും ഹൃദയം കവർന്ന ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ കെ. ദാസൻ, മാത്യു. ടി. തോമസ്, എം. വിൻസെന്റ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

# IV അടിയന്തരപ്രമേയം

## പോലീസ് ആസ്ഥാനത്തെ അഴിമതി

മി. സ്പീക്കർ: പോലീസ് ആസ്ഥാനത്ത് നടക്കുന്ന അഴിമതിയും അതുസംബന്ധിച്ച് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിലെ പരാമർശങ്ങളും അത് മൂടിവയ്ക്കാൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളുംമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സി. ആന്റ് എ.ജി. റിപ്പോർട്ടിലെ നിരീക്ഷണങ്ങളിൽ അന്വേഷണം നടത്താതെ കുറ്റക്കാരെ സംരക്ഷിക്കുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത് എന്നാണ് അടിയന്തരപ്രമേയത്തിൽ പറയുന്നത്. ഭരണഘടനയും നിയമസഭാ ചട്ടങ്ങളും എന്താണോ അനുശാസിക്കുന്നത് അതിനെ മറച്ചുവച്ചുകൊണ്ടുള്ള പ്രസ്താവനയാണിത്. സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 151(2) പ്രകാരമാണ്. അതിനുശേഷം നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതിനെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി അക്കൗണ്ടന്റ് ജനറലിനെയും ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരെയും നേരിട്ട് കേൾക്കുകയും അതിന്മേൽ ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ട് പി.എ.സി.-യുടെ നിർദ്ദേശങ്ങളോടെ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്യും. ഇത് നിയമസഭാ ചട്ടങ്ങൾ പ്രകാരമാണ്. ഈ ചട്ടങ്ങൾ രൂപീകരിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 208-ന്റെ പിൻബലത്തിലാണ്. ഇത്രയും സുതാര്യമായ പ്രക്രിയ നിയമസഭയിലുണ്ടായിരിക്കെ സി. ആന്റ് എ.ജി.-യുടെ നിരീക്ഷണങ്ങളും ഈ പ്രക്രിയയിലൂടെ കടന്നുപോകുമെന്നത് ബഹുമാനപ്പെട്ട അംഗത്തിന് അറിയാത്തതല്ല. എന്നിട്ടും അന്വേഷണം നടത്തുന്നില്ല എന്ന ആരോപണം ഉന്നയിക്കുകയാണ്.

കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് അഥവാ പോലീസ് സേനകളുടെ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രധാനമായും വിശദീകരിക്കുന്നത്. 2013 മുതൽ 2018 വരെയുള്ള കാലയളവിലെ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ പരാമർശിക്കുന്നത്. ഈ കാലയളവിൽ വിവിധ ആഭ്യന്തര വകുപ്പുമന്ത്രിമാരും ഡി.ജി.പി.-മാരും ആ സ്ഥാനങ്ങളിലുണ്ടായിരുന്നു. ഈ കാലയളവിലുണ്ടായ ചില കാര്യങ്ങളെ സംബന്ധിച്ച് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ നടത്തിയ പരാമർശങ്ങളാണ് പ്രമേയത്തിൽ വന്നിട്ടുള്ളത്.

ശബരിമലയിലേയ്ക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അടിയന്തരപ്രമേയത്തിൽ ഉന്നയിച്ച മറ്റൊരു കാര്യം. 2007-08-നുശേഷം ശബരിമലയ്ക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ യഥാസമയം വാങ്ങി സ്ഥാപിക്കാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. നിരവധി സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ശബരിമലയിലെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ പോലീസ് നടപടികൾ കാര്യക്ഷമമാക്കണമെന്ന നിരീക്ഷണം നടത്തിയിട്ടുണ്ട്. 23-1-2017-ലെ G.O.(Rt) No. 171/17/Home പ്രകാരം ശബരിമലയിലെ സുരക്ഷയ്ക്കാവശ്യമായ മൈൻ സ്വീപ്പർ, എൻ.എൽ.ജെ.ഡി. (നോൺ-ലീനിയർ ജംഗ്ഷൻ ഡിറ്റക്ടർ), എക്സ്പ്ലോസീവ് ഡിറ്റക്ടർ, ബോംബ് സ്യൂട്ട്, പോർട്ടബിൾ എക്സ്റേ മെഷീൻ എന്നിവയുൾപ്പെടെ 30 തരം ഉപകരണങ്ങൾ വാങ്ങുന്നതിന് 11,36,31,747 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സർക്കാർ അംഗീകൃത T.S.P (Total Solution Provider) എന്ന നിലയിലാണ് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ ശബരിമലയിൽ സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ചുമതലയേൽപ്പിച്ചത്. കൂടാതെ, മുമ്പ് കെൽട്രോൺവഴി വാങ്ങിയ ശബരിമലയിലെ സുരക്ഷാ ഉപകരണങ്ങളുടെ കൃത്യമായ പരിപാലനം ആ സ്ഥാപനംതന്നെ നടത്തിവരുന്നതിനാലാണ് അവരെ ചുമതലപ്പെടുത്തിയത്. കെൽട്രോണിനെ 2000-ത്തിലാണ് T.S.P ആയി നിയമിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് ഈ തീരുമാനം കൈക്കൊണ്ടത്. കേരള പോലീസിൽ ബുള്ളറ്റ് റസിസ്റ്റന്റ് വെഹിക്കിൾ വാങ്ങിയതുമായി ബന്ധപ്പെട്ട് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ഉന്നയിച്ച കാര്യങ്ങളാണ് ഇതിൽ പരാമർശിച്ചിട്ടുള്ള മറ്റൊരു വിഷയം. 2017 ജനുവരിയിൽ കേരള പോലീസിന് രണ്ട് ബുള്ളറ്റ് റസിസ്റ്റൻസ് വാഹനങ്ങൾ വാങ്ങുന്നതിന് 1,26,00,000 രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്നും നൽകിയിരുന്നു. അതനുസരിച്ച് സംസ്ഥാന പോലീസ് മേധാവി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് മൂന്ന് വാഹന നിർമ്മാതാക്കൾ സമർപ്പിച്ച ക്വട്ടേഷനുകൾ വിലയിരുത്തുകയും അതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തതും പ്രവത്തനക്ഷമതയുള്ളതുമായ വാഹനത്തിന്റെ നിർമ്മാതാവായ M/s Hindustan Motors Finance Corporation Limited എന്ന സ്ഥാപനത്തിൽനിന്നും വാങ്ങുന്നതിന് അനുമതി നൽകുകയുമാണുണ്ടായത്. സ്റ്റോർ പർച്ചേസ് റൂൾസിലെ ക്ലാസ് 7(9) പ്രകാരം ചില പ്രത്യേക സാഹചര്യങ്ങളിൽ ലിമിറ്റഡ് ടെണ്ടർ സിസ്റ്റം നടപ്പാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ബുള്ളറ്റ് റസിസ്റ്റൻസ് വാഹനങ്ങൾ അതീവ സുരക്ഷാ ക്രമീകരണങ്ങളോടെ നടത്തേണ്ട ഓപ്പറേഷണൽ ഉദ്യമങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതാകയാൽ ഈ ഇടപാടിൽ ഓപ്പൺ ടെണ്ടർ പ്രകാരമല്ല നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. ചുരുക്കം ചില സ്ഥാപനങ്ങൾ മാത്രമാണ്

ഇപ്രകാരമുള്ള വാഹനങ്ങൾ നിർമ്മിക്കുന്നത്. ഈ ഇടപാടിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം എസ്.പി. ഇത്തരം വാഹന നിർമ്മാതാക്കളെ കണ്ടെത്തുകയും IGP (Inspector General of Police) (security) ചെയർമാനായിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം മേഴ്സിഡസ് ബെൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബി.എം.ഡബ്ല്യൂ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ടൊയോട്ടാ കിർലോസ്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ്, ടാറ്റാ മോട്ടോഴ്സ് ലിമിറ്റഡ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, ഹിന്ദുസ്ഥാൻ മോട്ടോഴ്സ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ 6 വാഹന നിർമ്മാതാക്കൾക്ക് അറിയിപ്പ് നൽകുകയുമുണ്ടായി. അവർ ഹാജരാക്കിയ മാതൃകകളും വിലയും ഐ.ജി.പി. (സെക്യൂരിറ്റി) ചെയർമാനായും എസ്.പി. (സെക്യൂരിറ്റി), എസ്.പി. (എം.ടി.), ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്) എന്നിവർ അംഗങ്ങളുമായ കമ്മിറ്റി വിലയിരുത്തിയശേഷം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത മെസേഴ്സ് ഹിന്ദുസ്ഥാൻ മോട്ടോഴ്സ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ Mitsubishi Pajero എന്ന വാഹനം തെരഞ്ഞെടുത്തു. സംസ്ഥാന പോലീസ് മേധാവിക്ക് നല്കിയിട്ടുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സപ്ലൈ ഓർഡർ നൽകിയത്. 5-1-2019-ലെ ജി.ഒ. നമ്പർ 43/2019/ഹോം പ്രകാരം സംസ്ഥാന പോലീസ് മേധാവിയുടെ നടപടി സർക്കാർ സാധൂകരിച്ചിട്ടുണ്ട്.

ജി.പി.എസ്. കമ്മ്യൂണിക്കേഷൻ സിസ്റ്റം ഘടിപ്പിച്ച വാഹനങ്ങൾ വാങ്ങിയത് സംബന്ധിച്ചുള്ള ആരോപണങ്ങളാണ് അദ്ദേഹം ഉന്നയിച്ച മറ്റൊരു കാര്യം. കേരള പോലീസിന്റെ കൺട്രോൾ റൂം വാഹനങ്ങളിൽ മൊബൈൽ ഡാറ്റാ ടെർമിനൽ സ്ഥാപിക്കാൻ തീരുമാനിക്കുകയും സി-ഡാക്കുമായി ചർച്ച നടത്തുകയും ചെയ്തു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. കൂടാതെ ഇതിനാവശ്യമായ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമാവശ്യമായ നടപടി കൈക്കൊള്ളുന്നതിന് കെൽട്രോണിനെ സമീപിച്ചിരുന്നു. മാർക്കറ്റിൽ നിലവിലുണ്ടായിരുന്ന ടാബുകളുടെ പ്രവർത്തനം വിലയിരുത്തിയശേഷം പാനസോണിക് നിർമ്മിച്ചിട്ടുള്ള ടാബാണ് വിവിധ സംസ്ഥാനങ്ങളിലെ പോലീസ് സേനയിൽ ഉപയോഗിച്ചുവരുന്നതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഉൽപ്പന്നം വാങ്ങാൻ തീരുമാനിച്ചത്. എന്നാൽ ഈ പദ്ധതിക്ക് അനുവദിച്ച തുക കുറവായിരുന്നതിനാൽ സർക്കാരിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായ കെൽട്രോണിനെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തി, മാർക്കറ്റിലെ ഗുണനിലവാരമുള്ള പാനസോണിക്കിന്റെ ഉൽപ്പന്നം വാങ്ങുകയാണുണ്ടായത്. കെൽട്രോൺവഴി ലഭ്യമാക്കിയ ഉപകരണങ്ങൾ ഇപ്പോഴും

നന്നായി പ്രവർത്തിച്ചുവരുന്നതും ആയതിന്റെ പരിപാലനം കെൽട്രോൺ നിർവ്വഹിച്ചുവരുന്നതുമാണ്. മറ്റൊരു കാര്യം ഉന്നയിച്ചത്, ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് നിർമ്മിച്ചതുമായി ബന്ധപ്പെട്ട വിഷയമാണ്. 2013-14 വർഷത്തെ പദ്ധതി വിഹിതത്തിൽ സംസ്ഥാനത്തിന് 1999 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് അനുവദിക്കുകയും പ്രസ്തുത തുകയിൽ 435 ലക്ഷം രൂപ 30 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ഉപയോഗപ്പെടുത്തേണ്ടതുമായിരുന്നു. എന്നാൽ 2017 മേയ് മാസത്തിൽ മാത്രമാണ് സപ്ലിമെന്ററി ഡിമാൻഡ്സ് ഫോർ ഗ്രാന്റ്സായി ടി തുക അനുവദിച്ചുകിട്ടിയത്. കൃത്യസമയത്ത് തുക ലഭിക്കാതിരുന്നതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നില്ല. അനുവദിച്ച തുക ഉപയോഗിച്ച് 30 അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് നിർമ്മിക്കുമ്പോൾ ഒരെണ്ണത്തിന് 14.4 ലക്ഷം രൂപ മാത്രമേ ചെലവഴിക്കാൻ സാധിക്കുമായിരുന്നുള്ളൂ. ഈ തുക ഉപയോഗിച്ച് ആവശ്യമായ സൗകര്യങ്ങൾ ഉൾപ്പെടുത്തി ക്വാർട്ടേഴ്സുകൾ നിർമ്മിക്കുക അസാധ്യമാണെന്ന് കണ്ടു. കൂടാതെ തലസ്ഥാന നഗരമായ തിരുവനന്തപുരം സിറ്റിയിൽ ഉയർന്ന പോലീസുദ്യോഗസ്ഥർക്ക് താമസസൗകര്യം നിലവിലില്ലായിരുന്നു. സംസ്ഥാന പോലീസ് മേധാവി, എ.ഡി.ജി.പി.-മാർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവർക്ക് സർക്കാർ വാസസ്ഥലം നിർമ്മിച്ച് നൽകിയിരുന്നില്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്ന് അനുവദിച്ച തുകയ്ക്കുപുറമെ 2018-19 വർഷത്തിൽ പോലീസ് നവീകരണത്തിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമായി വകുപ്പിന് ലഭിച്ച 150 ലക്ഷം രൂപകൂടി ഈ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്നതോടെ ഉയർന്ന പോലീസുദ്യോഗസ്ഥർക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് സഹായകരമായ സ്ഥിതിയുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഇതെല്ലാമാണ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വസ്തുതകൾ.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, സംസ്ഥാന പോലീസ് വകുപ്പിന്റെ തലപ്പത്ത് ഗുരുതര അഴിമതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. സ്റ്റോർ പർച്ചേസ് മാന്വലിന്റെയും സെൻട്രൽ വിജിലൻസ് കമ്മീഷന്റെയും മാനദണ്ഡങ്ങളെ കാറ്റിൽപ്പറത്തി കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് കേരള പോലീസിൽ നടന്നുകൊണ്ടിരിക്കുന്നത്. ശബരിമലയിലെ സുരക്ഷാ ഉപകരണങ്ങളും വി.വി.ഐ.പി. സുരക്ഷാ വാഹനങ്ങളും വെഹിക്കിൾ മൗണ്ടഡ് എക്സ്റേ മെഷീനുകളും പാനസോണിക് വെഹിക്കിൾ ടാബ്ലെറ്റും വാങ്ങിയതിലടക്കം കോടികളുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. സംസ്ഥാന പോലീസ്

മേധാവിയും കെൽട്രോണും ചേർന്ന അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായാണ് അഴിമതി അരങ്ങേറിയത്. കേരള പോലീസിൽ ഉപകരണങ്ങൾ വാങ്ങുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പാലിക്കേണ്ട സെൻട്രൽ വിജിലൻസ് കമ്മീഷൻ മാനദണ്ഡങ്ങളുടെയും സ്റ്റോർ പർച്ചേസ് മാന്വലിന്റെയും അടിസ്ഥാനത്തിലാണ്. എന്നാൽ അവ പാലിക്കാതെ സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉപകരണങ്ങൾ വാങ്ങി അഴിമതി നടത്തിയിരിക്കുകയാണ്. 2018 മാർച്ച് വരെയുള്ള സി. ആന്റ് എ.ജി. റിപ്പോർട്ട് നമ്പർ 4-ൽ MoPF (Modernisation of Police Force) ഫണ്ടുപയോഗിച്ച് എസ്.ഐ., എ.എസ്.ഐ.-മാർക്ക് 30 വില്ലകൾ പണിയാനായി വകയിരുത്തിയ ഫണ്ട് ഡി.ജി.പി.-ക്കും എ.ഡി.ജി.പി.-മാർക്കും വില്ലകൾ പണിയാൻ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച് തുക വകമാറ്റിയതുവഴി ഗുരുതര ക്രമക്കേടുകൾ നടന്നതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ അനധികൃത നടപടികൾക്ക് സർക്കാർ ഒത്താശ ചെയ്യുന്നതാണ് കണ്ടുകൊണ്ടിരിക്കുന്നത്. മാവോയിസ്റ്റ് വേട്ടയുടെ മറവിലും നടന്നിരിക്കുന്നത് ഇതുതന്നെയാണ്. അതോടൊപ്പം CIMS (Central Intrusion Monitoring System) എന്നുപറയുന്ന ഗ്യാലക്സോൺ കമ്പനിയെ മറയാക്കി 150 കോടി രൂപ ജനങ്ങളിൽനിന്നും പിരിച്ചെടുക്കാനുള്ള അഴിമതിക്ക് പോലീസും ഗവൺമെന്റും ആ കമ്പനിക്കുവേണ്ടി ഒത്താശ ചെയ്തുകൊടുത്തിരിക്കുകയാണ്.

അങ്ങിവിടെ വിശദമായും സുദീർഘമായും നൽകിയ മറുപടിയിൽ വളരെ സന്തോഷമുണ്ട്. സി. ആൻഡ് എ.ജി. റിപ്പോർട്ട് ഫൈനലൈസ് ചെയ്യുന്നതിനുമുമ്പ് കൂടുന്ന എക്സിറ്റ് മീറ്റിംഗിനെക്കുറിച്ച് അങ്ങേയ്ക്ക് അറിയാമല്ലോ; ആ മീറ്റിംഗ് ചേരുന്നതിനുമുമ്പ് അങ്ങ് ഈ മറുപടി കൊടുത്തിരുന്നെങ്കിൽ ഇങ്ങനെയൊരു റിപ്പോർട്ട് വരുമായിരുന്നില്ലല്ലോ. എന്തുകൊണ്ടാണ് അങ്ങേയ്ക്ക് മറുപടി നൽകാൻ കഴിയാതിരുന്നത്? അങ്ങ് ഇവിടെ പ്രസംഗിച്ചപ്പോൾ സുതാര്യതയുള്ള കാര്യമാണ്, റിപ്പോർട്ട് വന്നതേയുള്ളൂ, പി.എ.സി. നോക്കട്ടെ എന്നൊക്കെ പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തിന്റെ റിപ്പോർട്ട് വന്നപ്പോൾ സുതാര്യതയും മറ്റും അങ്ങയുടെ മുമ്പിലുണ്ടായിരുന്നില്ല; എവിടെപ്പോയിരുന്നു അങ്ങയുടെ സുതാര്യത? അങ്ങ് ഭരണഘടനാ ചട്ടം 151 അനുസരിച്ചാണ് പ്രവർത്തിക്കുന്നത് എന്നുപറഞ്ഞല്ലോ; അങ്ങനെയാണെങ്കിൽ അങ്ങയുടെ കീഴിലുള്ള ഒരു ഹോം സെക്രട്ടറിയെക്കൊണ്ട് ഒരു ഭരണഘടനാ സ്ഥാപനത്തിന്റെ മേധാവിയെപ്പറ്റി അന്വേഷണം നടത്തുന്ന വൃത്തികെട്ടതും നിലവാരം കുറഞ്ഞതുമായ നടപടിയല്ലേ സ്വീകരിച്ചത്? 151 കോടി രൂപയുടെ അഴിമതിയാണ് നവീകരണവുമായി ബന്ധപ്പെട്ട് നടന്നിരിക്കുന്നത്. അതോടൊപ്പംതന്നെ 150 കോടി രൂപ CIMS-ന്റെ പേരിൽ ഗ്യാലക്സോണുമായി ബന്ധപ്പെട്ട് നടന്നിരിക്കുന്നു. ഏകദേശം 300 കോടി രൂപയുടെ അഴിമതി കേരള

നിയമസഭയുടെ ചരിത്രത്തിൽ ആദ്യമാണ്. ഇത് സംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാണോ? റൈഫിൾ, വെടിയുണ്ട, INSAS റൈഫിളുകൾ, വി.വി.ഐ.പി. വാഹനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള റിപ്പോർട്ടാണിത്. ഡി.ജി.പി. ഒരു വാഹനം വാങ്ങി ഹോം സെക്രട്ടറിക്ക് നൽകുന്നു, രണ്ട് പോലീസ് ഉദ്യോഗസ്ഥരെയും കൊടുക്കുന്നു. ഇത് കേട്ടുകേഴ്വിയുള്ളതാണോ? ചീഫ് സെക്രട്ടറിക്കും ഹോം സെക്രട്ടറിക്കുമൊക്കെ കൊടുത്തിരിക്കുകയാണ്; എന്തിനാണത്? 'എൻ പൃഷ്ഠം നീ ചൊറിഞ്ഞീടുകിൽ, നിൻ പൃഷ്ഠം ഞാൻ ചൊറിഞ്ഞീടും' എന്ന് മുൻകാലത്ത് ഞങ്ങളുടെ നേതാവായിരുന്ന തോപ്പിൽ രവി പറയുമായിരുന്നു. ഇതാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്. കെൽട്രോൺ ഇന്ത്യയ്ക്ക് മാതൃകയായ കമ്പനിയായിരുന്നില്ലേ; ഇന്ന് അതിന്റെ സ്ഥിതി എന്താണ്? കെൽട്രോണിനെ 'കേരള സ്റ്റേറ്റ് കറപ്ഷൻ ഡെവലപ്മെന്റ് കോർപ്പറേഷൻ' എന്നാക്കി മാറ്റണം. ഇതിനെ മറയാക്കിയാണ് തട്ടിപ്പ് നടന്നിരിക്കുന്നത്. ഗ്യാലക്സോൺ എന്ന കമ്പനി 'കൊല്ലനുമറിഞ്ഞില്ല, കൊല്ലത്തിയുമറിഞ്ഞില്ല, തിത്തൈ എന്നൊരു കൊച്ചരിവാൾ' എന്നുപറഞ്ഞതുപോലെയാണ്. ഒരു രൂപ മൂലധനമില്ലാത്ത കമ്പനിക്ക് 150 കോടി രൂപയുടെ തട്ടിപ്പ് നടത്താൻ എന്തിനാണ് പോലീസ് മേധാവിയെ കൂട്ടുപിടിച്ച് കെൽട്രോണിനെ ആദ്യം ഏൽപ്പിക്കുകയും പിന്നീട് ഗ്യാലക്സോണിനെ ഏൽപ്പിക്കുകയും ചെയ്തത്? ഈ കമ്പനിയെപ്പറ്റി ഞങ്ങൾ പരിശോധിച്ചു. ഈ കമ്പനിയുടെ ആഡിറ്റിനെപ്പറ്റി അന്വേഷിച്ചു. RoC u/s164 (2) അനുസരിച്ച് ഈ കമ്പനിയുടെ മൂന്ന് ഡയറക്ടർമാരിൽ രണ്ട് പേർ കരിമ്പട്ടികയിലാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആരാണ്? ഒരു രൂപ സ്വന്തമായി ഈ കമ്പനിക്കില്ല. പകൽ നാട്ടിൽ ഇറങ്ങി നടക്കാൻ കഴിയുന്നില്ലെന്ന് പറയുന്ന ഒരു കമ്പനിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിന് ഉത്തരവാദി ആരാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. ഇതിനുപിന്നിൽ പ്രവർത്തിച്ച അജ്ഞാതകരങ്ങൾ ആരുടേതാണ്; അങ്ങേയ്ക്ക് ഇതിനെപ്പറ്റി അറിയാമോ? ഇല്ലെങ്കിൽ ഇതിനെപ്പറ്റി അന്വേഷിക്കുകയോ ഇതിന് കൂട്ടുനിന്നുവെന്ന് പറയുന്ന ഡി.ജി.പി.-യെ പുറത്താക്കുകയോ ചെയ്യണം. അതല്ലെങ്കിൽ അങ്ങേയ്ക്കും ഇതിൽ പങ്കുണ്ടെന്ന് വിശ്വസിക്കേണ്ടിവരുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഒന്നും രണ്ടും രൂപയല്ല, 150 കോടി രൂപയാണ്. ഈ നാട്ടിലെ പട്ടിണിപ്പാവങ്ങളുടെ പണം പിരിച്ചെടുക്കാൻ പോലീസിന്റെ സഹായത്തോടെ ഒരു നാഥനില്ലാ കമ്പനിക്കാണ് കൂട്ടുനിന്നിരിക്കുന്നത്. ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന അങ്ങ് ഇതറിഞ്ഞില്ലെന്ന് നടിച്ചിരിക്കുകയാണ്. അങ്ങ് ഇതിനെപ്പറ്റി പ്രതികരിക്കുകയോ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഞാനൊരു ഉദാഹരണം പറയാം, അരി വെന്തോയെന്ന് അറിയാൻ പാത്രത്തിലെ എല്ലാ ചോറും ഞെക്കി നോക്കാറില്ല, ഒരെണ്ണം നോക്കിയാൽ മതി.

ഇത് ചെന്നൈ ആസ്ഥാനമായുള്ള Security Shoppe India Pvt Ltd എന്നുപറയുന്ന കമ്പനിയുടെ പർച്ചേസ് ഓർഡറാണ്. കെൽട്രോൺ നൽകിയ ഓർഡറാണ് (പർച്ചേസ് ഓർഡർ ഉയർത്തിക്കാണിച്ചു). ഈ ഓർഡറിൽ Non-linear Junction Detector ഒന്നിന് 8,91,000 രൂപയാണ് കെൽട്രോണിന് നൽകിയിരിക്കുന്നത്. ആ സാധനം കെൽട്രോൺ 35 ലക്ഷം രൂപയ്ക്കാണ് പോലീസ് ഡിപ്പാർട്ടുമെന്റിന് നൽകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെപ്പറ്റി അന്വേഷണം നടത്താൻ തയ്യാറാകുമോ? ഇതൊരു ഉദാഹരണം മാത്രമാണ്. ആ പർച്ചേസ് ഓർഡറിന്റെ കോപ്പിയാണ് എന്റെ കൈവശമുള്ളത്, ആവശ്യമാണെങ്കിൽ കോപ്പി മേശപ്പുറത്തുവയ്ക്കാൻ ഞാൻ തയ്യാറാണ്. ഇങ്ങനെയുള്ള തട്ടിപ്പാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. കെൽട്രോണിനെ മറയാക്കിയുള്ള തട്ടിപ്പാണ്. കേരള പോലീസിൽ നടക്കുന്ന അഖിലാണ്ഡ തട്ടിപ്പാണിത്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവോടെയാണോ അതോ അറിവില്ലാതെയാണോ ഈ ഇടപാടുകൾ നടന്നിരിക്കുന്നത്? അറിവില്ലാതെയാണെങ്കിൽ എന്തുകൊണ്ട് പോലീസ് മേധാവി ലോക്നാഥ് ബഹ്റ അടക്കമുള്ളവർ പങ്കാളികളായ ഈ സ്വയംസഹായ സംഘത്തെപ്പറ്റി ഒരു സി.ബി.ഐ. അന്വേഷണം നടത്താൻ മടിക്കുന്നു? കവർച്ച നടത്തിയ ഉടൻ കടന്നുകളയുകയെന്നതാണ് തമിഴ്നാട്ടിലെ തിരുട്ട് ഗ്രാമത്തിലുള്ളവരുടെ രീതിയെങ്കിൽ കേരള പോലീസിലെ ചില തിരുട്ട് പ്രമാണിമാർ കടന്നുകളയുന്നില്ലെന്ന് മാത്രമല്ല, പോലീസ് ആസ്ഥാനം പിടിച്ചെടുത്ത കൊള്ള മുതൽ പങ്കിട്ടെടുത്തുകൊണ്ടിരിക്കുകയാണ്. ഈ തട്ടിപ്പിന്റെ പകിടപന്ത്രണ്ടും തുടരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൂക്കിനുതാഴെ നടക്കുന്ന ഈ പൊറാട്ടുനാടകം അറിഞ്ഞില്ലെങ്കിൽ എന്താണ് അതിനെപ്പറ്റി പറയാനുള്ളത്? സി. ആന്റ് എ.ജി. റിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ച നീതിശാസ്ത്രം പരിശോധിച്ചാൽ, മുഖ്യമന്ത്രികൂടി അറിഞ്ഞുകൊണ്ടാണ് ഈ അഴിമതിയുടെ അഴിഞ്ഞാട്ടം നടക്കുന്നതെന്ന് ആർക്കും പറയാൻ കഴിയും.

വിഴിഞ്ഞമടക്കമുള്ള വിഷയങ്ങൾ വന്നപ്പോൾ ഒരു മാസത്തിനകം അങ്ങ് മൂന്നംഗ കമ്മീഷനെ വച്ച് ജുഡീഷ്യൽ അന്വേഷണമാരംഭിച്ചു. അവിടെ വെറും ഏഴര കോടി രൂപയായിരുന്നു ആരോപിക്കപ്പെട്ടതെങ്കിൽ ഇവിടെ ഏകദേശം മുന്നൂറ് കോടിയിലധികം രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. എന്തുകൊണ്ടാണ് നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരന്വേഷണത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭയപ്പെടുന്നത്? യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വെടിയുണ്ടയും തോക്കും നഷ്ടപ്പെട്ടെങ്കിൽ അതുകൂടി ചേർത്തുകൊണ്ടുള്ള ഒരന്വേഷണം നടത്താൻ ഞാൻ ഗവൺമെന്റിനെ വെല്ലുവിളിക്കുന്നു, അതിന് സർക്കാരിന് ധൈര്യമുണ്ടോ?

അങ്ങേയ്ക്ക് ഇരട്ടച്ചങ്കുണ്ടെന്ന് കേട്ടപ്പോഴും ഞങ്ങളുടെ പലയാളുകളും അത് ഓട്ടച്ചങ്കാണെന്ന് പറഞ്ഞപ്പോഴും ഇരട്ടച്ചങ്കുള്ള മുഖ്യമന്ത്രിയുടെ കാലഘട്ടത്തിലെ എം.എൽ.എ. ആണല്ലോ ഞാനെന്ന ഒരു സ്വകാര്യ അഹങ്കാരം എനിക്കുണ്ടായിരുന്നു. പക്ഷേ, അങ്ങ് ഓർക്കണം ലോക്നാഥ് ബഹ്റയെ കാണുമ്പോൾ അങ്ങേയ്ക്ക് ഇരട്ടച്ചങ്കിന്റെ ചങ്കിടിപ്പാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആരാണ് ഈ ലോക്നാഥ് ബഹ്റ? ഗുജറാത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ഹരേൻ പാണ്ഡ്യയുടെ ദാരുണമായ കൊലപാതകം അട്ടിമറിക്കുമ്പോൾ, സി.ബി.ഐ.-യുടെ തലപ്പത്തുണ്ടായിരുന്നെന്ന് ഗുജറാത്ത് ഹൈക്കോടതിയുടെ ജഡ്ജ്മെന്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തെ വച്ചുകൊണ്ടാണ് ഈ തട്ടിക്കൂട്ട് പരിപാടി അങ്ങ് നടത്തിക്കൊണ്ടിരിക്കുന്നത്. 'പാവം ക്രൂരൻ' എന്നുപറയുന്നതുപോലെയാണ് അങ്ങയുടെ ഇപ്പോഴത്തെ അവസ്ഥ. ....(ബഹളം).... ലാവ്‌ലിൻ കേസ്സിൽ ഡൽഹി രാജധാനിയിലേയ്ക്ക് ലോക്നാഥ് ബഹ്റ പാലത്തിലൂടെയാണ് അങ്ങ് സഞ്ചരിക്കുന്നതെന്ന് ഞാൻ സംശയിക്കുന്നു. ലോക്നാഥ് ബഹ്റ പാലം തകർന്നാൽ അഗാധ ഗർത്തത്തിലേയ്ക്ക് വീണുപോകുമെന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ട്. അതുകൊണ്ടാണ് അങ്ങയുടെ കൺമുന്നിൽ നടക്കുന്ന ഈ നഗ്നമായ അഴിമതിയെപ്പറ്റി 'കമ' എന്നൊരക്ഷരം പറയാൻ തയ്യാറാകാത്തത്. പോലീസ് ആസ്ഥാനത്ത് ഒരു തോക്കുസ്തൂപം സ്ഥാപിക്കുന്ന കാര്യം അങ്ങ് അറിഞ്ഞില്ലേ? അതിന്റെ രൂപവും ഘടനയും മാറ്റി അഴിമതി സ്തൂപമെന്നാക്കിയാൽ വളരെ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. പോലീസിന്റെ അഴിമതി നിയന്ത്രിക്കേണ്ട ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് ഡി.ജി.പി.-യുടെ വകയായി മുന്തിയ കാറും അതുപോലുള്ള സമ്മാനങ്ങളും നൽകിയതിനെപ്പറ്റി ഒരന്വേഷണം നടത്താൻ തയ്യാറാണോ? നിങ്ങളുടെ ഈ പോലീസ് മേധാവി ആരാണ്? സമർത്ഥമായി അഴിമതി നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? പോലീസ് ഒരു മർദ്ദനോപകരണമാണെന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ വാക്ക് ഓർക്കണം. പോലീസ് മേധാവി വളരെ പ്രഗത്ഭനാണെന്ന് സഖാക്കൾ നാടുനീളെ കൊട്ടിഘോഷിക്കുമ്പോൾ ബഹുമാനപ്പെട്ട അങ്ങ് എന്തിനാണ് ഭയപ്പെട്ട് പിന്നിലേയ്ക്ക് മാറുന്നത്. ഇത് സംശയം ഇരട്ടിപ്പിക്കുകയാണ്. ആ സംശയത്തോടൊപ്പമാണ് ഗ്യാലക്സോണിന്റെ വേരുകൾ തേടിയുള്ള അന്വേഷണംകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായ അഴിമതി കണ്ടുപിടിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നല്ലോ, ആ കമ്മിറ്റി വെടിയുണ്ടയും തോക്കും എങ്ങനെയാണ് നഷ്ടപ്പെട്ടതെന്ന കാര്യം കണ്ടുപിടിച്ചിരുന്നോ? നിങ്ങൾ ആരെയാണ്

ഭയപ്പെടുത്തുന്നത്? അഴിമതി മൂടിവയ്ക്കാൻ നടത്തിക്കൊണ്ടിരിക്കുന്ന ഈ നടപടി നിങ്ങളുടെ അന്ത്യം കുറിക്കുന്നതിന് കാരണമാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഭരണാനുമതിയില്ലാതെയുള്ള വാങ്ങലുകൾ, ഭരണാനുമതിക്ക് വിരുദ്ധമായ പർച്ചേസുകൾ, ക്രമവിരുദ്ധമായ ചെലവഴിക്കൽ, സ്റ്റോർ പർച്ചേസ് മാനുവൽ ലംഘനം തുടങ്ങി വൻഅഴിമതിയും ക്രമക്കേടും കണ്ടുപിടിക്കാൻ സമഗ്രമായ അന്വേഷണം വേണം. ഇന്ത്യൻ പോലീസ് സർവ്വീസിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥനാണ് ലോക്നാഥ് ബഹ്റ. അദ്ദേഹം കേന്ദ്ര ഫണ്ട് ഉൾപ്പെടെയാണ് ക്രമവിരുദ്ധമായി ചെലവഴിച്ചിരിക്കുന്നത്. അതുകൊണ്ട് കേരളത്തിൽനിന്നുള്ള വിജിലൻസ് ഉൾപ്പെടെയുള്ള ഒരു സംവിധാനത്തിനും നീതിയുക്തമായ ഒരന്വേഷണം നടത്തുമെന്ന് ഉറപ്പുപറയാൻ കഴിയില്ല. അതുകൊണ്ട് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ലോക്നാഥ് ബഹ്റയെ മാറ്റിനിർത്തി സി.ബി.ഐ. അന്വേഷണം പ്രഖ്യാപിക്കാനുള്ള ആത്മധൈര്യം കാണിക്കണമെന്നും ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ചോദ്യോത്തര വേളയിൽ ഉന്നയിച്ച കാര്യങ്ങളാണ് മിക്കവാറും ഇവിടെയും ഉയർന്നുവന്നിട്ടുള്ളത്. സംസ്ഥാനത്ത് സി. ആന്റ് എ.ജി. റിപ്പോർട്ട് വന്നതിനുശേഷം ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിൽ സർക്കാരിന് ഒന്നും മറച്ചുവയ്ക്കാനില്ല. ഇക്കാര്യത്തിൽ സാധാരണ നടപടിക്രമം എന്താണോ അതനുസരിച്ച് നീങ്ങണമെന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിൽ പി.എ.സി.-യുടെ സമഗ്ര പരിശോധന നടത്തേണ്ടതുണ്ട്. അതുകഴിയാതെ സി. ആന്റ് എ.ജി. റിപ്പോർട്ടിന്മേൽ ഏതെങ്കിലും നടപടിയിലേയ്ക്ക് കടക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ആരെയെങ്കിലും ശിക്ഷിക്കുകയോ രക്ഷിക്കുകയോ ചെയ്യുന്ന പ്രശ്നം ഉയരുന്നില്ല. 'പി.എ.സി. സമഗ്രമായി പരിശോധിക്കട്ടെ, അതവിടെ നിൽക്കട്ടെ, തൽക്കാലം നടപടികളിലേയ്ക്ക് കടക്കാം' എന്നുപറയുന്നതിനോട് യോജിക്കാൻ കഴിയില്ല. അത് സഭയെയും സഭയുടെതന്നെ ഭാഗമായ പി.എ.സി.-യെയും കുറച്ചുകാണുന്ന ഒരു നടപടിയായി വരും.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട സി. ആന്റ് എ.ജി. റിപ്പോർട്ട് സഭയിൽ വച്ചപ്പോൾ, സാധാരണ നടപടിക്രമം പാലിച്ചുപോകണമെന്നുള്ള അങ്ങയുടെ ഇപ്പോഴത്തെ

വാദത്തെ തിരസ്കരിച്ചു കൊണ്ട് ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായരും ശ്രീ. കെ. മോഹൻദാസും അടങ്ങുന്ന ഒരു ജൂഡീഷ്യൽ കമ്മീഷനെ നിയോഗിച്ചത് എന്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് സി. ആന്റ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് പരിശോധിക്കാനല്ലെന്ന് നമുക്കെല്ലാവർക്കും അറിയാം. അതുപോലെ, ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രശ്നങ്ങളിൽ പരിശോധിക്കേണ്ട എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അക്കാര്യം കാബിനറ്റ് പരിശോധിച്ച് നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

കേരള പോലീസിൽ ഉപകരണങ്ങൾ വാങ്ങുന്നതുൾപ്പെടെ സി. ആന്റ് എ.ജി. റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ചെയ്യുക. ആ പ്രക്രിയയ്ക്കിടയിൽ കുറ്റക്കാരെ രക്ഷിക്കുന്നുവെന്ന് ആരോപിക്കുന്നതിൽ വലിയ സാംഗത്യമില്ല. സി. ആന്റ് എ.ജി. റിപ്പോർട്ടും അതിന്മേലുള്ള അനന്തര നടപടിക്രമങ്ങളും ഈ സഭയിൽ പുതുമയുള്ള കാര്യമല്ലെന്ന് എല്ലാവർക്കുമറിയാം. എല്ലാ ഘട്ടത്തിലും ഇപ്പോഴത്തേതുപോലുള്ള കാര്യങ്ങളാണുണ്ടായിട്ടുള്ളത്. ഇപ്പോൾ അസ്വാഭാവികമായി എന്തോ സംഭവിക്കുന്നുവെന്ന മട്ടിൽ പുകമറ ഉയർത്തി സർക്കാരിനെ സംശയത്തിന്റെ നിഴലിലാക്കാൻ കഴിയുമോ എന്നാണ് ചിലർ നോക്കുന്നത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിൽ നാം ഓർക്കേണ്ടൊരു കാര്യം, നേരത്തെ വ്യക്തമായ പ്രശ്നങ്ങൾ ആരോപണ രൂപത്തിൽ പൊതുമണ്ഡലത്തിൽ ഉയർന്നിരുന്നു എന്നതാണ്. സർക്കാർ അത് ഗൗരവമായി എടുത്തിരുന്നുവെന്നത് വസ്തുതയാണ്. ആരോപണങ്ങൾ മുൻനിർത്തി വലിയ പ്രക്ഷോഭങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. അതുസംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്നാണ് സർക്കാർ പരിശോധിച്ചത്. പ്രസ്തുത പരിശോധനയുമായി നീങ്ങുന്നതിനിടയിലാണ് സി. ആന്റ് എ.ജി. റിപ്പോർട്ട് വന്നത്. മുൻനടപടിക്രമങ്ങളുടെ ഭാഗമായാണ് ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചതും തുടർ നടപടിയിലേയ്ക്ക് നീങ്ങിയതും. പോലീസ് പർച്ചേസ് സംബന്ധിച്ച നിലവിലെ സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ കാര്യത്തിൽ സ്ഥിതി പൂർണ്ണമായും വ്യത്യസ്തമാണ്. ഏതെങ്കിലും തരത്തിലുള്ള ആരോപണങ്ങൾ നേരത്തെ മുതൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയല്ല. അന്വേഷണ നീക്കങ്ങളും അത്തരത്തിൽ ഗൗരവമായി ഉണ്ടായിരുന്നില്ല. സി. ആന്റ് എ.ജി. റിപ്പോർട്ട് വന്ന സാഹചര്യത്തിൽ നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളതാണ് പ്രശ്നം. സുരക്ഷാ കാരണങ്ങളാൽ പോലീസിന്റെ പല പർച്ചേസുകളും മറ്റുവകുപ്പുകളുടെ പർച്ചേസുകളിൽനിന്നും വ്യത്യസ്തത പുലർത്തുന്നുണ്ട്. ഇത് ഈയൊരു ഘട്ടത്തിൽ

മാത്രമുള്ളതല്ല, തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കാര്യമാണ്. അത്തരമൊരു ഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട് പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും എങ്ങനെയാകണം എന്നതുസംബന്ധിച്ച് ഒരു പരിശോധന ആവശ്യമാണെന്നാണ് തോന്നുന്നത്. അത് മന്ത്രിസഭാ യോഗത്തിന് വിടുന്നതാണ് നല്ലത്. അക്കാര്യം മന്ത്രിസഭ പരിശോധിച്ച് തീരുമാനം അറിയിക്കാം. ഏതായാലും, ഉയർന്നുവന്ന പ്രശ്നങ്ങളുടെ സാഹചര്യത്തിൽ ഏതുതരത്തിലുള്ള പരിശോധനയിലൂടെ കൃത്യമായ മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കാനാകും എന്നത് പരിശോധിക്കേണ്ടതുണ്ട് എന്നുതന്നെയാണ് സർക്കാർ കാണുന്നത്.

ഇവിടെ ഉന്നയിക്കപ്പെട്ട മറ്റൊരു പ്രശ്നം CIMS പദ്ധതിയെക്കുറിച്ചാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് CIMS എന്ന പേരിൽ ഈ പദ്ധതി ആരംഭിക്കാൻ ശ്രമങ്ങൾ തുടങ്ങിയത്. അന്നത് പൂർത്തിയാക്കാനായില്ല. സുതാര്യമായ രീതിയിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. പോലീസ് വകുപ്പിനോ സർക്കാരിനോ ഒരു ചെലവും ഇതിന്റെ ഭാഗമായി ഉണ്ടാകുന്നില്ല. കെൽട്രോണും കേരള പോലീസുമായാണ് കരാറുള്ളത്. കെൽട്രോൺ സുതാര്യമായ ടെണ്ടർ പ്രക്രിയയിലൂടെയാണ് ഇതുനടപ്പാക്കുന്നതിന് ഗ്യാലക്സോൺ എന്ന കമ്പനിയെ തെരഞ്ഞെടുത്തത്. ഈ മേഖലയിൽ പല രാജ്യങ്ങളിലും പ്രവർത്തനപരിചയമുള്ള വോസ്ടോക് കമ്പനിക്കാണ് ഇതിലെ 50 ശതമാനം ഓഹരിയുള്ളത്. സർക്കാരിനോ കേരള പോലീസീനോ ഈ കമ്പനിയുമായി നേരിട്ട് ഒരു ബാധ്യതയോ ഉത്തരവാദിത്വമോ ഇല്ല. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നടപ്പാക്കാൻ കഴിയാത്ത പദ്ധതിയെ സുതാര്യമായ മാർഗ്ഗത്തിലൂടെ നടപ്പാക്കാൻ ശ്രമിക്കുകയാണ് ഇക്കാര്യത്തിൽ ചെയ്തിട്ടുള്ളത്. ഇതിൽ കെൽട്രോൺ എന്തെങ്കിലും വീഴ്ച കാണിച്ചോ എന്നതാണ് ഉന്നയിക്കപ്പെടുന്നൊരു പ്രശ്നം. അതുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശോധന വ്യവസായ വകുപ്പ് നടത്തുന്നതാണ്.

ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച മറ്റ് കാര്യങ്ങൾ ഇപ്പോൾ പ്രസക്തമായി വരുന്നില്ല. സെക്യൂരിറ്റീസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്നൊരു സ്ഥാപനം കെൽട്രോണിന് നൽകിയ ക്വട്ടേഷൻ സംബന്ധിച്ച് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ആ വിലയല്ല കൊടുത്തത്, വലിയ വിലയാണ്, 35 ലക്ഷം രൂപയ്ക്ക് കൊടുത്തു, എന്തോ ചെറിയ സംഖ്യയാണ് എന്നൊക്കെ പറയുകയുണ്ടായി. അത് എന്താണെന്ന് പരിശോധിച്ചാൽ മാത്രമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ. അക്കാര്യം പരിശോധിക്കാം. ഇത്തരം സ്ഥാപനങ്ങൾ സാധനങ്ങൾ സപ്ലൈ ചെയ്യുന്നൊരു ഏർപ്പാട് കുറേ കാലമായി നടക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ടും കൃത്യമായ രീതികൾ ആവിഷ്കരിച്ച് പോകേണ്ടതായിട്ടുണ്ട്. സി.ബി.ഐ.

അന്വേഷണത്തിന്റെ പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ പോലീസ് മേധാവിയെ ഇത്തരത്തിൽ ആക്ഷേപിക്കുന്ന നിലപാട് സ്വീകരിക്കുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ....(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആരുടെയോ പേര് പറയുന്നുണ്ട്. എനിക്കൊന്നും മനസ്സിലാകുന്നില്ല. ഈ പേരുമായി എങ്ങനെയാണ് അവർ വിളിച്ചുപറയുന്ന പേര് ബന്ധപ്പെടുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നേരത്തെ ആ സ്ഥാനത്ത് ഇരുന്ന ആളെയാണ് പറഞ്ഞതെങ്കിൽ എനിക്ക് മനസ്സിലാകുമായിരുന്നു. നേരത്തെ ഈ സ്ഥാനത്ത് ഇരുന്നൊരാളെ വല്ലാതെ പിന്താങ്ങാൻ നിങ്ങൾ പുറപ്പെട്ടിരുന്നല്ലോ. അത് അബദ്ധമായിപ്പോയെന്ന് ഇപ്പോൾ നമുക്ക് രണ്ടാൾക്കും ബോധ്യമായിട്ടുണ്ട്. ഞങ്ങൾക്ക് അങ്ങനെയൊരു നിലപാടില്ലെന്ന് അന്നേ ഞാൻ പറഞ്ഞിരുന്നു. പിന്താങ്ങിയത് അബദ്ധമായിപ്പോയെന്ന് അപ്പുറത്തിരിക്കുന്നവർക്ക് ഇപ്പോൾ മനസ്സിലായിട്ടുണ്ട്. ഇത് നിങ്ങൾക്ക് പിന്നീട് ബോധ്യമാകും. എന്തിനാണ് അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത്. നമ്മുടെ പോലീസ് സേനയെയാകെ നിർവീര്യമാക്കുക എന്നൊരു അവസ്ഥ ഇതിന്റെ ഭാഗമായി സ്വീകരിക്കേണ്ടതുണ്ടോ; അത്തരമൊരു നടപടിയിലേയ്ക്കാണോ നമ്മൾ കടക്കേണ്ടത്; അത് സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യത്തിന് യോജിച്ചതാണോ? ശ്രീ. പി. ടി. തോമസ് അദ്ദേഹത്തിന്റേതായ ശൈലിയിൽ കാര്യങ്ങൾ പറയുമെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ, ഈ സഭയിൽ വന്ന് മറുപടി പറയാൻ കഴിയാത്ത ഒരാളെ, അതും ഈ സംസ്ഥാനത്തിന്റെ ഏറ്റവും ഉന്നതമായ പോലീസ് തസ്തികയിൽ ഇരിക്കുന്ന ഒരാളെ, ഇത്രയും മോശമായി ചിത്രീകരിക്കുന്നത് ശരിയായ രീതിയാണോ; അങ്ങനെയൊരു നിലപാട് സ്വീകരിക്കാമോ? എന്താണ് അങ്ങനെയൊക്കെ പറയുന്നത്? ....(ബഹളം).... പൊള്ളുന്നതും പൊള്ളാത്തതുമൊക്കെ വേറെ കാര്യമാണ്. സാധാരണ സംസാരിക്കുമ്പോൾ കാണിക്കേണ്ട മിനിമം മര്യാദയുണ്ട്. അതാണ് ഞാൻ ഉന്നയിക്കുന്നത്, ആ മര്യാദ ഓർക്കണം. മറ്റേത് വേറെ, ആ പൊള്ളലൊന്നും ഇവിടെ ഏൽക്കില്ലെന്ന് എല്ലാവർക്കും അറിയാമല്ലോ? അതെല്ലാം ഒരു പരിധിവരെയേ നിലനിൽക്കുകയുള്ളൂ. അതൊന്നും ഇങ്ങോട്ട് വരികയില്ല. ഞാൻ ആ ഭാഗത്തേക്കല്ല പോകുന്നത്. ഇത്തരം കാര്യങ്ങളിൽ ഇവർക്ക് എന്തും വിളിച്ച് പറയാം, അതിന് മറുപടി പറയരുത്, ഇതാണ് അവർ ആഗ്രഹിക്കുന്നത്. എന്തും വിളിച്ചുപറയേണ്ട ഒരു സ്ഥലമാണോ ഇത്? അങ്ങനെയൊരു അവസ്ഥയാണോ സ്വീകരിക്കേണ്ടത്? ഇതല്ലേ നമ്മൾ ഓർക്കേണ്ടത്? ഞാൻ പറയേണ്ടായെന്നു വിചാരിച്ച കാര്യമാണ് വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. ....(ബഹളം).... ഏത് ലാവ്ലിൻ? ഏത് ലാവ്ലിന്റെ കാര്യമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്? എന്താണ് എനിക്ക് അതിൽ

ശങ്കിക്കാനുള്ളത്? ഇവിടെ വിചാരണ കോടതിയാണ് കാര്യങ്ങൾ പരിശോധിച്ച് ഈ കേസ്സിൽ ഒരു തരത്തിലും ഉൾപ്പെടുന്നില്ലെന്നു പറഞ്ഞ് അത് ഡിസ്ചാർജ് ചെയ്തത്. അതൊരു ജുഡീഷ്യൽ തീരുമാനമാണ്. ആരെങ്കിലും സ്വകാര്യമായി എടുത്ത തീരുമാനമല്ല. അതിനു മുൻപിൽ പല കാര്യങ്ങളും നടന്നിട്ടുണ്ടാകും, അത് വേറെ കാര്യം. എന്നിട്ട് അതിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധന നടത്തി. ഹൈക്കോടതിയും നിലപാട് എടുത്തില്ലേ? പിണറായി വിജയൻ എന്ന ആൾ എവിടെ പ്രതിയായിരിക്കുന്നു? എന്തിന്റെ മേലെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്? നിങ്ങൾക്ക് ചില മോഹങ്ങൾ ഉണ്ടാകും, അത് വേറെ കാര്യം. ആ മോഹമാണല്ലോ നേരത്തെ പ്രതിഫലിപ്പിക്കാൻ നോക്കിയത്, അത് എങ്ങനെ തിരിച്ചടിച്ചുവെന്ന് കണ്ടതല്ലേ? ആരുടെ സഹായമാണ് ഇതിൽ വേണ്ടത്?

സാധാരണ നിലയ്ക്കുള്ള മിനിമം അന്തസ്സ് പാലിക്കാൻ കഴിയാത്ത ചിലർ അവിടെയിരുന്നുകൊണ്ട് ഓരോന്നു വിളിച്ചു പറയുന്നുണ്ട്. വിളിച്ചു പറയുന്നതിന് അതേരീതിയിൽ മറുപടി പറയാൻ എനിക്ക് ഇപ്പോൾ കഴിയില്ല. അവരവരുടെ അന്തസ്സിനനുസരിച്ചാണ് കാര്യങ്ങൾ കാണുന്നത്. അവരവർ എങ്ങനെ വളർന്നുവെന്നതാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. അതിനൊന്നും മറുപടി പറയാൻ ഞാൻ ആരുമല്ല. പക്ഷേ, അത്തരം മറുപടികൾ നമ്മൾ ഒരുപാട് പറഞ്ഞതും നേരിട്ടതുമാണ്. അത് നമുക്ക് പിന്നെയും പറയാം, അതിനൊന്നും പ്രശ്നമില്ല. പക്ഷേ, ഇപ്പോൾ ഇവിടെ നിന്നുകൊണ്ട് ഞാൻ അതിന് മറുപടി പറയുന്നില്ലെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ ഉയർന്നുവന്ന സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവിയെ മാറ്റി വേറൊരാളെ നിയമിക്കുകയെന്ന അജണ്ട ആർക്കെങ്കിലും ഉണ്ടെങ്കിൽ അതിന് സർക്കാരില്ല എന്നുവ്യക്തമാക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ആരെങ്കിലും അങ്ങനെയൊരു മോഹവുംകൊണ്ട് നടക്കുന്നുണ്ടെങ്കിൽ അത് വേണ്ടെന്ന് വ്യക്തമാക്കാനാണ് ഇത് പറയുന്നത്. കാരണം, പലതരത്തിലുള്ള ശ്രമങ്ങളും നടക്കുമല്ലോ, അതിന്റെ ഭാഗമായി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ശ്രീ. പി. ടി. തോമസ് ഉന്നയിച്ച അഴിമതി ആരോപണങ്ങളും ഡി.ജി.പി.-യുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും സംബന്ധിച്ച് ഉത്തരവിറക്കിയത് ആഭ്യന്തര വകുപ്പാണ്. അതിന്റെ സെക്രട്ടറിയെ ഇത് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയാൽ അദ്ദേഹം മറിച്ച് ഒരു നിലപാട് സ്വീകരിക്കുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സി. ആന്റ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി ഹോം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്കൊരു കത്ത് നൽകി, ആ കത്ത് അതുപോലെ ഹോം സെക്രട്ടറിക്ക് കൊടുത്തു, എന്താണ് ഇതുസംബന്ധിച്ച് നിങ്ങൾക്ക് റിപ്പോർട്ട് നൽകാനുള്ളത്? ആ റിപ്പോർട്ട് അദ്ദേഹത്തിനോടല്ലാതെ വേറെയാരോടാണ് ചോദിക്കേണ്ടത്? എങ്ങനെയാണ് അത് ചോദിക്കുകയെന്നത് നിങ്ങൾക്ക് അറിയില്ലേ? ആ നടപടിക്രമം ഞാൻ സ്വീകരിച്ചുവെന്ന് മാത്രമേയുള്ളൂ. അല്ലാതെ സി. ആന്റ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് ഒരു തരത്തിലുള്ള റിപ്പോർട്ടും ഹോം സെക്രട്ടറിയോട് ചോദിച്ചിട്ടില്ല.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, സി. ആന്റ് എ.ജി. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചാൽ പരിശോധിക്കും. അതുമായി ബന്ധപ്പെട്ട് സഭ സ്വീകരിക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചും എല്ലാവർക്കുമറിയാം. ഉദാഹരണത്തിന് പാം ഓയിൽ ഇറക്കുമതി സംബന്ധിച്ച അഴിമതി ആരോപണം ഉയർന്നു വന്നപ്പോൾ വാദപ്രതിവാദങ്ങൾ സഭയിൽ നടന്നതിനുശേഷം അക്കാര്യം പരിശോധിച്ചത് പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയാണ്. ശ്രീ. എം. എം. ഹസ്സൻ ആയിരുന്നു അന്നത്തെ ചെയർമാൻ. ആ കമ്മിറ്റിയിൽ പാർട്ടി പ്രതിനിധിയായി ഞാൻ അംഗമായിരുന്നു. പാം ഓയിൽ കേസ്സിൽ ഞങ്ങൾ പരിശോധിച്ച റിപ്പോർട്ടാണ് അന്ന് ഗവൺമെന്റിന് സമർപ്പിച്ചത്. അതുപോലെ ഇതുമായി ബന്ധപ്പെട്ടും സ്വീകരിച്ചുവരുന്ന നിരവധി നടപടിക്രമങ്ങളുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു രാഷ്ട്രീയപ്രശ്നമായെടുത്ത് പുകമറ സൃഷ്ടിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷം ഉന്നയിക്കുന്ന ഇക്കാര്യം തള്ളിക്കളയുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ശ്രീ. എസ്. ശർമ്മ ഉന്നയിച്ച കാര്യം ശരിയാണ്. ശ്രീ. എസ്. ശർമ്മ, ശ്രീ. എം. എം. ഹസ്സൻ ഇവരിൽ ആരാണ് കൂടുതൽ താൽപ്പര്യം പ്രകടിപ്പിച്ചതെന്ന് പറയാൻ കഴിയില്ല. ആ പ്രശ്നം പി.യു.സി.-യിൽ ചർച്ച ചെയ്യുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം പുറത്തുവന്നതുമാണ്. അതാണ് അതിന്റെ നടപടിക്രമം, ആ രീതിയിൽ കാര്യങ്ങൾ ചർച്ചചെയ്ത് വരട്ടെ, അതിനുശേഷം നമുക്കിത് ചർച്ചയ്ക്കെടുക്കാം, അതുകൊണ്ടുതന്നെ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബണ്ടി ചോർമാരേയും രവി പൂജാരിമാരേയും സംരക്ഷിക്കുന്ന ഒരു ഗവൺമെന്റാണ് ഇത് എന്നത് പകൽപോലെ വ്യക്തമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടാൽ ലോക്നാഥ് ബഹ്റയെന്ന ഡി.ജി.പി.-യെ മാറ്റാൻ ഞങ്ങൾക്കെന്തോ ഔത്സുക്യം ഉള്ളതുപോലെയാണ് തോന്നുന്നത്. അത് മനസ്സിൽ വച്ചാൽ മതിയെന്നാണ് അദ്ദേഹം പറഞ്ഞത്. ശ്രീ. ലോക്നാഥ് ബഹ്റയോട് അങ്ങേയ്ക്ക് ഇത്രമാത്രം സ്നേഹമുണ്ടെന്ന് ഞങ്ങൾക്ക് ഇപ്പോഴാണ് മനസ്സിലായത്. പോലീസ് സേനയുടെ മോഡണൈസേഷൻ ഫണ്ടുമായി ബന്ധപ്പെട്ട് 151 കോടി രൂപയുടെ അഴിമതി നടന്നുവെന്ന് 9 കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് നിയമസഭയുടെ മുമ്പാകെ സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ട് സമർപ്പിച്ചത്. ഈ കാരണങ്ങളാണ് ഇവിടെ ശ്രീ. പി. ടി. തോമസ് ആവർത്തിച്ച് പറഞ്ഞത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഈ കാരണങ്ങളുടെ പേരിൽ അങ്ങ് ഇപ്പോഴും ഡി.ജി.പി.-യെ വെള്ളപൂശാനാണ് ശ്രമിക്കുന്നതെങ്കിൽ അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി സ്ഥാനത്തിരിക്കാൻ യോഗ്യനല്ലെന്ന് എനിക്ക് പറയേണ്ടിവരും. അങ്ങ് മുഖ്യമന്ത്രിയെന്നുള്ള നിലയിൽ ഒരു പരാജയമാണെന്ന് എനിക്ക് ആവർത്തിച്ച് പറയേണ്ടിവരും. സ്വന്തം വകുപ്പിൽ ഇത്രയും ഗുരുതരമായ അഴിമതി, ക്രമക്കേടുകൾ, വഴിവിട്ട കാര്യങ്ങൾ എല്ലാമുണ്ടായിട്ടും എന്തുകൊണ്ട് ശ്രദ്ധിച്ചില്ലെന്ന് കേരളത്തിലെ ജനങ്ങൾ ചോദിച്ചാൽ എന്ത് മറുപടിയാണ് അങ്ങേയ്ക്ക് പറയാനുള്ളത്? അങ്ങ് ഇപ്പോൾ പറയുന്നത് പരിശോധിക്കാം, നോക്കാം, കാബിനറ്റിൽ നോക്കട്ടെ എന്നൊക്കെയാണ്. എത്ര ദിവസമായി, അങ്ങ് ഒരക്ഷരം പറഞ്ഞുവോ? ഇക്കാര്യത്തെപ്പറ്റി അങ്ങ് ഇപ്പോൾ പറയുന്നതെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു കത്ത് നൽകി എന്നാണ്. കത്ത് എന്താണ്, എന്റെ കത്തിലെ ആവശ്യം സി.ബി.ഐ. അന്വേഷണമാണ്. സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ കത്ത് നൽകിയത്. അങ്ങ് അത് ഹോം സെക്രട്ടറിക്ക് കൊടുത്തുവെന്ന് പറഞ്ഞു. ഹോം സെക്രട്ടറി കൂടി അറിഞ്ഞുകൊണ്ടാണ് ഇക്കാര്യങ്ങളെല്ലാം നടന്നതെന്ന് പകൽപോലെ വ്യക്തമല്ലേ; ഫയൽ പരിശോധിച്ചാൽ വ്യക്തമാകുന്ന കാര്യമല്ലേ? ഇവിടെ ഇത്രയും വലിയ കൊള്ളയും അഴിമതിയും നടന്നിട്ട് അതിനെ മുഴുവൻ ന്യായീകരിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തോക്കും വെടിയുണ്ടയും കാണുന്നില്ല എന്നെല്ലാം രാവിലെ ഇവിടെ സംസാരിച്ചതാണ്. കേരളത്തിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ചിടത്തോളം ഇത് അതീവ ഗുരുതരമായൊരു പ്രശ്നമല്ലേ; എന്നിട്ട് എന്തു ചെയ്തു? അങ്ങ് പരിശോധിക്കാൻ ഒരാളെ ചുമതലപ്പെടുത്തി. കോഴിയെ സംരക്ഷിക്കാൻ കുറുക്കനെ ഏൽപ്പിച്ചതുപോലെയാണ്

ഒരു എ.ഡി.ജി.പി.-യെ ഇതുമായി ബന്ധപ്പെട്ട് ചുമതലപ്പെടുത്തിയത്. അദ്ദേഹം ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്ന് പറഞ്ഞു. അങ്ങനെയായിരുന്നുവെങ്കിൽ ഇതിനുമുൻപ് സി. ആന്റ് എ.ജി. പരിശോധിച്ചപ്പോൾ ഈ തോക്കുകൾ എവിടെപ്പോയി; ഈ തോക്കുകൾ എന്തുകൊണ്ട് കാണാതായി? ശ്രീ. ടോമിൻ ജെ. തച്ചങ്കരി എന്ന ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. പരിശോധിച്ചപ്പോൾ തോക്ക് എങ്ങനെ വന്നു; ഇതിനൊക്കെ ഉത്തരം പറയേണ്ടതല്ലേ? കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പരിശോധിച്ചപ്പോൾ തോക്കില്ല. ശ്രീ. ടോമിൻ ജെ. തച്ചങ്കരി പരിശോധിച്ചപ്പോൾ തോക്ക് വന്നു, ഇതെന്തൊരു മറിമായമാണ്? അക്കാര്യം ചോദിക്കേണ്ടത് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനോടല്ല, ഹോം സെക്രട്ടറിയും ഡി.ജി.പി.-യും വെറ്റ് ചെയ്ത ശേഷമാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. അതാണ് എക്സിറ്റ് റിപ്പോർട്ടെന്ന് പറയുന്നത്. അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുമ്പ് അവർ രണ്ടുപേരോടും ചോദിക്കും. അവരോട് ചോദിച്ചിട്ടാണ് റിപ്പോർട്ട് ഇറക്കുന്നത്. അന്ന് എന്തുകൊണ്ട് പറഞ്ഞില്ല; അപ്പോൾ ശ്രീ. ടോമിൻ ജെ. തച്ചങ്കരിക്ക് ഈ പുതിയ തോക്കുകൾ എവിടെനിന്നും കിട്ടി? 2015 വരെയുള്ള കാലഘട്ടത്തിലാണ് ഇതുണ്ടായതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. അങ്ങനെയെങ്കിൽ ഞങ്ങളുടെ ഭരണകാലത്തെ കാര്യങ്ങൾകൂടി അന്വേഷിക്കാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. ഈ ആരോപണങ്ങളെല്ലാം ഞങ്ങളുടെ ഭരണകാലത്തേതാണെങ്കിൽ അതുകൂടി അന്വേഷിക്കട്ടെ. ഞങ്ങൾക്കതിൽ ഭയമില്ല. അന്നും പർച്ചേസിന്റെ ചുമതലയുണ്ടായിരുന്നത് അങ്ങ് ആട്ടിൻകുട്ടിയാണ് എന്നുപറഞ്ഞ ശ്രീ. ലോക്നാഥ് ബഹ്റയ്ക്ക് തന്നെയായിരുന്നു എന്നകാര്യം മറക്കരുത്. അന്നും മോഡണൈസേഷൻ കൈകാര്യം ചെയ്തത് ഇതേ എ.ഡി.ജി.പി. തന്നെയാണ്. അന്ന് തെറ്റുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആ ചുമതലയിൽനിന്നും മാറ്റിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. ഇവിടെ ഇത്രയും വലിയ ക്രമക്കേടുകളുണ്ടായി, തോക്ക് കാണാനില്ല, വെടിയുണ്ട കാണാനില്ല. പുതിയ പുതിയ കാര്യങ്ങൾ പുറത്ത് വരുന്നു. വെടിയുണ്ട മോഷണക്കേസ്സിലെ പ്രതിയായ ഒരാൾ ഇപ്പോഴും മന്ത്രിയുടെ ഗൺമാനായിത്തന്നെ തുടരുകയാണ്. അദ്ദേഹം പറഞ്ഞു, ഞാൻ മാറ്റില്ല എന്ന്. എത്ര ഔദ്ധത്യത്തോടെയാണ് പറയുന്നത്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെയല്ല പറഞ്ഞത്, പരിശോധിച്ചശേഷം തെറ്റുകാരനാണെങ്കിൽ നടപടി സ്വീകരിക്കുമെന്നാണ്. എന്നാൽ ആ മന്ത്രി പറഞ്ഞത്, മാറ്റില്ല, ഞാൻ മാറ്റാൻ തയ്യാറല്ല എന്നാണ്. ആരോടാണ് നിങ്ങൾ ഔദ്ധത്യം കാണിക്കുന്നത്? മന്ത്രിമാരായി ഭരണത്തിലിരിക്കുമ്പോൾ സാമാന്യമര്യാദ പാലിക്കാതെ ഔദ്ധത്യത്തോടെ പറയുകയാണ്. ചില മന്ത്രിമാരുടെയൊക്കെ ഔദ്ധത്യം കണ്ടാൽ അവരൊക്കെ ജീവിതകാലം മുഴുവൻ മന്ത്രിമാരായിരിക്കുമെന്നുള്ള

തെറ്റിദ്ധാരണയാണുള്ളതെന്ന് തോന്നും. പോലീസ് ക്വാർട്ടേഴ്സ് അഴിമതി ഇവിടെ സൂചിപ്പിച്ചു. എസ്.ഐ.-മാർക്കും എ.എസ്.ഐ.-മാർക്കും ക്വാർട്ടേഴ്സ് നിർമ്മിക്കാനായിരുന്നു ഫണ്ട്. പാവപ്പെട്ട എസ്.ഐ./എ.എസ്.ഐ. മാർക്ക് പലയിടത്തും ക്വാർട്ടേഴ്സില്ല. അവർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കാൻ അനുവദിച്ച ഫണ്ടുപയോഗിച്ച് പഞ്ചനക്ഷത്ര സമാനമായ വില്ലകൾ എ.ഡി.ജി.പി.-മാർക്കും ഡി.ജി.പി.-ക്കും വേണ്ടി പണിഞ്ഞു. നിലവിൽ ഡി.ജി.പി.-ക്ക് ക്വാർട്ടേഴ്സുണ്ട്. പിന്നെ എന്ത് ആവശ്യത്തിനായിരുന്നു? എന്നാൽ പാവപ്പെട്ട പോലീസുദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സില്ല. ഇതുവരെ അത് പണിതുനൽകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അപ്പോഴാണ് എ.ഡി.ജി.പി.-ക്കും ഡി.ജി.പി.-ക്കും പഞ്ചനക്ഷത്ര വില്ലകൾ നിർമ്മിക്കുന്നത്. പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചു. എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തുകയാണ്. സ്റ്റോർ പർച്ചേസ് എഗ്രിമെന്റ്, ടെണ്ടറിനുവേണ്ടി സ്വീകരിക്കേണ്ട മറ്റുനിബന്ധനകൾ എന്നിവയെല്ലാം കാറ്റിൽപ്പറത്തുകയാണ് ചെയ്യുന്നത്. അതിനുശേഷം, പോലീസാണ്, പെട്ടെന്ന് തീരുമാനിക്കണം എന്നുപറഞ്ഞുകൊണ്ട് അപ്രൂവലിന് അയയ്ക്കുകയാണ് ചെയ്യുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുകയാണ്, ഇത്തരം ധാരാളം നടപടികൾ നമ്മുടെ ഡിപ്പാർട്ടുമെന്റുകളിൽ നടത്തുന്ന വിരുതരുണ്ട്. അവരുടെ പണി ഇതാണ്. അത്യാവശ്യമാണ്, അതുകൊണ്ട് ഇമ്മീഡിയറ്റ് പർച്ചേസ് എന്നുപറഞ്ഞ് ചെയ്യുകയും പിന്നീട് അപ്രൂവലിന് വരികയും ചെയ്യും. അപ്രൂവ് ചെയ്തുകൊടുക്കേണ്ടി വരും, വളരെ ബോധപൂർവ്വമാണിത്. ഓരോ കേസ്സും പ്രത്യേകമെടുത്ത് പരിശോധിച്ചാൽ ഇവയിലെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ അഴിമതി പുറത്തുവരും. മൾട്ടി സോൺ ഫ്രെയിം മെറ്റൽ ഡിറ്റക്റ്റർ വാങ്ങി. അതിന്റെ യഥാർത്ഥ വില 57 ലക്ഷം രൂപ. എന്നാൽ കെൽട്രോൺ വാങ്ങിയ വില 1.22 കോടി രൂപ ഇതിൽ സർക്കാരിന് നഷ്ടം 65 ലക്ഷം രൂപ. 30 ലക്ഷം രൂപയ്ക്കുള്ള ഡീപ് സെർച്ച് മെറ്റൽ ഡിറ്റക്റ്റർ വാങ്ങാനാണ് ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചത്, എന്നാൽ കെൽട്രോൺ നൽകിയത് 39.74 ലക്ഷം രൂപയാണ്, 9.74 ലക്ഷം രൂപ നഷ്ടം വരുത്തി. മൂന്ന് നോൺ ലീനിയർ ജംഗ്ഷൻ ഡിറ്റക്റ്റർ 30 ലക്ഷം രൂപയ്ക്ക് വാങ്ങാനാണ് ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചത്, കെൽട്രോൺ 1.04 കോടി രൂപയ്ക്കാണ് നൽകിയത്, നഷ്ടം 74.49 ലക്ഷം രൂപ. ഇതാണ് ഇവിടെ നടക്കുന്ന പർച്ചേസിന്റെ സ്ഥിതി. അങ്ങ് CIMS പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആ പദ്ധതി നേരത്തേ സൂചിപ്പിച്ച ആളുകൾ കൊണ്ടുവന്നതായിരുന്നു. എന്നാൽ, ആ പദ്ധതിയോട് തത്വത്തിൽ അന്നത്തെ ഗവൺമെന്റിന് യോജിപ്പില്ലായിരുന്നു. മൂന്ന് കോടി ആളുകളുടെ സുരക്ഷിതത്വമാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഈ പദ്ധതിപ്രകാരം 80,000 രൂപ അടച്ചാൽ നമ്മുടെ വീട്

സർവൈലൻസിലായിരിക്കും. പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഒരു പ്രൈവറ്റ് കമ്പനി കൺട്രോൾ റൂം തുറക്കും. അവർ അവിടെനിന്നും ഈ പണമടയ്ക്കുന്നവരെ നിരീക്ഷിക്കും. അവർക്ക് പോലീസ് സംരക്ഷണം ഉറപ്പുവരുത്തും. ഈ പദ്ധതിയോട് കഴിഞ്ഞ ഗവൺമെന്റിന് തത്വത്തിൽ യോജിപ്പില്ലായിരുന്നു. കാരണം, മൂന്നരക്കോടി ജനങ്ങൾക്ക് സുരക്ഷിതത്വം കൊടുക്കേണ്ട ഗവൺമെന്റ് 80,000 രൂപ വച്ച് പണക്കാർക്ക് സുരക്ഷിതത്വം ഒരുക്കുന്ന നടപടിയോട് ഞങ്ങൾക്ക് യോജിപ്പില്ലായിരുന്നു. എന്നാൽ ഇന്ന് എന്താണ് നടക്കുന്നത്? ഈ പദ്ധതി ടെണ്ടർ ചെയ്തു. ഗ്യാലക്സോൺ എന്ന കമ്പനി ടെണ്ടർ ഏറ്റെടുത്തു. ആരുടെ ബിനാമിയാണ് ഗ്യാലക്സോൺ എന്ന കമ്പനി? ഇതിന്റെ രണ്ട് ഡയറക്ടർമാർ കരിമ്പട്ടികയിലാണ്. തട്ടിക്കൂട്ട് കമ്പനിയാണ്, അത് പുറത്ത് വരും, പേടിക്കേണ്ട. ..(ബഹളം)... കേരളത്തിലെ പോലീസ് സേനയിൽ 20 പോലീസ് ജില്ലകളാണുള്ളത്. 1000 കേസ്സുകൾ നിങ്ങൾ പഠിക്കണമെന്നാണ് ഓരോ എസ്.പി. മാരോടും ഡി.ജി.പി പറയുന്നത്. 1000 x 80000 x20, എത്ര രൂപയുടെ പദ്ധതിയാണ് പ്ലാൻ ചെയ്യുന്നത്? അതീവ സുരക്ഷാ മേഖലയായ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഗ്യാലക്സോൺ എന്ന തട്ടിക്കൂട്ട് കമ്പനിക്ക് ആരാണ് സ്ഥലം കൊടുത്തത്; എന്തിന് കൊടുക്കണം; പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഈ പ്രൈവറ്റ് കമ്പനിക്ക് എന്താണ് കാര്യം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ അടിച്ചുപുറത്താക്കാൻ തയ്യാറാണോ? മൂന്നരക്കോടി ജനങ്ങൾക്ക് സുരക്ഷിതത്വം കൊടുക്കേണ്ട കേരള പോലീസ്, പണക്കാർക്ക് മാത്രമായി സുരക്ഷിതത്വം ഒരുക്കുന്ന CIMS പദ്ധതി നടപ്പിലാക്കുന്നത് അടിസ്ഥാനപരമായി പോലീസ് മര്യാദയ്ക്കും നടപടികൾക്കും വിരുദ്ധമായ കാര്യമാണ്. കൊള്ളലാഭമുണ്ടാക്കാൻ ഒരു സ്വകാര്യ കമ്പനിക്ക് നൽകിയതാണ്. അങ്ങ് ആരോ എഴുതിയത് വായിച്ചതാണ്, എന്തു മുൻപരിചയമാണ് ഗ്യാലക്സോൺ എന്ന കമ്പനിക്കുള്ളത്? ഗ്യാലക്സോൺ ആരുടെ കമ്പനിയാണ്. ഈ കമ്പനിക്ക് ഏതെങ്കിലും കാലത്ത് ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ പരിചയമുണ്ടോ? ഇതെല്ലാം വ്യക്തമാക്കേണ്ട കാര്യമാണ്. ആ പദ്ധതി ഇപ്പോഴും മുമ്പോട്ടുകൊണ്ടുപോകുന്നു. ഇത് വൻ അഴിമതിയാണ്. മറ്റൊന്ന് 180 കോടി രൂപയുടെ പദ്ധതിയാണ്. ട്രാഫിക് സുരക്ഷിതത്വത്തിന്റെ പേരിൽ പോലീസ് പെറ്റി കേസ്സുകൾ എടുക്കാറുണ്ട്. അതിൽനിന്നും കിട്ടുന്ന 90% വരുമാനവും നിങ്ങൾ സ്വകാര്യ കമ്പനിക്ക് കൊടുക്കുകയാണ്. 90% ലാഭം പ്രൈവറ്റ് കമ്പനിക്കും 10 % സർക്കാരിനും. എന്തിനാണ് ഈ കമ്പനി? പെറ്റി കേസ് അടിക്കുന്ന ട്രാഫിക് പിഴകളൊടുക്കേണ്ട സാഹചര്യത്തിൽ പോലീസിനെ ഒഴിവാക്കി ഒരു സ്വകാര്യ കമ്പനിക്ക് 180 കോടി രൂപയുടെ ടെണ്ടർ കൊടുത്തിരിക്കുകയാണ്. ഞാൻ ഈ അഴിമതിയാരോപണം ഉന്നയിച്ചപ്പോൾ അത് ശരിയല്ലെന്ന് പോലീസ് ആസ്ഥാനത്തുനിന്നും പറഞ്ഞു. എന്നാൽ ഇപ്പോൾ ആ ടെണ്ടർ റദ്ദാക്കിയിരിക്കുന്നു.

ഞാൻ പറഞ്ഞത് ശരിയായില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണ് തുറന്ന് കാണണം. 150 കോടി രൂപയുടെ CIMS അഴിമതി, 180 കോടി രൂപയുടെ ട്രാഫിക്കിനുവേണ്ടിയുള്ള ഇന്റഗ്രേറ്റഡ് പ്രോജക്ട്, 151 കോടി രൂപയുടെ പോലീസ് മോഡണൈസേഷൻ ഫണ്ട് ഉപയോഗിച്ചുള്ള അഴിമതി, ഇത്രയും വലിയ കൊള്ള കേരളത്തിന്റെ ചരിത്രത്തിൽ ആഭ്യന്തര വിഭാഗത്തിൽ നടന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. എന്നിട്ടും എല്ലാം ഭദ്രമെന്ന് അങ്ങ് പറയുന്നു.

അങ്ങ് ലാവ്‌ലിനെപ്പറ്റി പറഞ്ഞു, കുറേ നാളായി അങ്ങ് ഇത് പറയുന്നു. ഞാനൊരു കാര്യം ചോദിക്കട്ടെ, ലാവ്‌ലിൻ കേസ്സിൽ അങ്ങ് പൂർണ്ണമായും കുറ്റവിമുക്തനാക്കപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ലാവ്‌ലിൻ കേസ് നിലനിൽക്കുകയാണ്. സി.ബി.ഐ. അപ്പീൽ കൊടുത്തിരിക്കുകയാണ്. അഞ്ചോ, ആറോ തവണ മാറ്റിവച്ചു. സുപ്രീംകോടതിയിൽ ഈ കേസ് ഇനിയും വരും. വിചാരണ കൂടാതെ ഒരു കേസ്സിലും ആരെയും കുറ്റവിമുക്തരാക്കാൻ Jurisprudence അനുവദിക്കുന്നില്ല, വിചാരണ കൂടാതെ ഒരാളെയും കുറ്റവിമുക്തരാക്കാൻ നിയമം അനുശാസിക്കുന്നില്ല. ശ്രീ. ലാലു പ്രസാദ് യാദവിന്റെ കേസ്സിൽ താഴെയുള്ള കോടതികളൊക്കെ വെറുതെ വിട്ടിട്ടും വിചാരണ ചെയ്ത് അദ്ദേഹം കുറ്റക്കാരനാണെന്ന് തെളിഞ്ഞ ഇന്ത്യൻ ജുഡീഷ്യറിയാണ് ഇവിടെയുള്ളത്. ഇവിടെ ലാവ്‌ലിൻ കേസ്സിൽനിന്നും ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രി കുറ്റവിമുക്തനാക്കപ്പെട്ടിട്ടില്ല. അങ്ങ് ഇനിയും നിയമപരമായ നടപടികളെ നേരിടേണ്ടി വരും.

11.00 A.M.]

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇത് ആവർത്തിച്ചു പറയുന്നതുകൊണ്ട് വ്യക്തമാക്കുകയാണ്. ഇന്ന് എന്റെ പേരിൽ യാതൊരു കേസ്സുമില്ല, അത് ആദ്യം മനസ്സിലാക്കുക. നിങ്ങൾക്ക് മോഹമുണ്ടാകും, അത് വേറെ കാര്യം. നിങ്ങൾ പറയുന്ന സി.ബി.ഐ. തന്നെയാണ് ഹൈക്കോടതിയിൽ ഇക്കാര്യത്തിൽ അപ്പീലിന് പോയത്. അത് കേട്ടതിനുശേഷമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് തള്ളിയത്. സുപ്രീംകോടതിയിൽ സ്വാഭാവികമായി സി.ബി.ഐ. അപ്പീലിന് പോയിട്ടുണ്ട്. അത് സംബന്ധിച്ച സുപ്രീംകോടതി വിധി വരട്ടെ. അത് നിങ്ങളുടെ മോഹത്തിനനുസരിച്ചുള്ള ഒരു വിധിയായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്, അത്രയേയുള്ളൂ. എനിക്കതിൽ യാതൊരു ആശങ്കയുമില്ല.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസിനുസമീപം വന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങേയ്ക്ക് ആശങ്കയില്ലെങ്കിൽ നല്ലകാര്യം. പക്ഷേ, അങ്ങ് നേരത്തെ പറഞ്ഞതിനെയാണ് ഞാൻ കണ്ടസ്റ്റ് ചെയ്തത്. ലാവ്‌ലിൻ കേസ് അവസാനിച്ചിട്ടില്ല, അത് സുപ്രീംകോടതിയിൽ നിലനിൽക്കുകയാണ്. ലാവ്‌ലിൻ കേസ്സിൽ എന്ത് വിധി വന്നാലും ഞങ്ങൾക്കത് ബാധകമല്ല. അങ്ങ് പറഞ്ഞത് ശരിയല്ലായെന്ന് ചൂണ്ടിക്കാണിക്കാനാണ് പറഞ്ഞത്. അങ്ങേയ്ക്ക് അനുകൂലമാണ് വിധിയെങ്കിൽ നല്ലകാര്യം, അത് കോടതി തീരുമാനിക്കട്ടെ. സുപ്രീംകോടതി എന്ത് തീരുമാനിക്കണമെന്ന് ഞാൻ പറയേണ്ട കാര്യമുണ്ടോ, എനിക്കത് പറയാൻ കഴിയുമോ? അങ്ങ് ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള വ്യക്തിയാണ്. അങ്ങേയ്ക്ക് ജനങ്ങളോട് ഉത്തരവാദിത്വമുണ്ട്. തീവെട്ടിക്കൊള്ള, സ്വജനപക്ഷപാതം, ഫണ്ട് വകമാറ്റി ചെലവഴിക്കൽ എന്നീ വലിയ അഴിമതികൾ ഇവിടെ നടന്നിട്ട് അങ്ങ് ഡി.ജി.പി.-യെ വെള്ളപൂശുന്നു. ശ്രീ. ലോക്നാഥ് ബഹ്റയെ മാറ്റി ഞങ്ങൾ ആരെ നിയമിക്കാനാണ്; അതിൽ ഞങ്ങൾക്കെന്ത് കാര്യം? പക്ഷേ, ഞങ്ങളിത് ചൂണ്ടിക്കാണിക്കുമ്പോൾ ഇതിന്റെ സത്യാവസ്ഥ ബോധ്യപ്പെട്ട് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തണം. ഒരു മന്ത്രിക്ക് തന്റെ വകുപ്പിൽ നടക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും നിയമവിരുദ്ധമായ കാര്യങ്ങളും നിയന്ത്രിക്കാൻ ഉത്തരവാദിത്വമില്ലേ; ഇവിടെ ചീഫ് സെക്രട്ടറിക്ക് ഡി.ജി.പി.-യുടെ വക 25 ലക്ഷം രൂപയുടെ കാർ സമ്മാനം. മന്ത്രിയുടെ കാർ കേടായാൽ ഒരു വാഹനം വേണമെന്ന് ടൂറിസം ഡിപ്പാർട്ടുമെന്റിൽ അറിയിക്കുകയാണ് ചെയ്യുന്നത്. ചീഫ് സെക്രട്ടറിക്ക് വാഹനം വേണമെങ്കിൽ പോലീസുകാരുടെ വാഹനമാണോ ഉപയോഗിക്കേണ്ടത്; ഏത് ഭരണകാലത്ത്, ഏത് ചീഫ് സെക്രട്ടറിയാണ് പോലീസിന്റെ വാഹനം ഉപയോഗിച്ചിട്ടുള്ളത്? ...... (ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ് .....അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പോലീസിന്റെ ഫണ്ടുപയോഗിച്ച് വാഹനം വാങ്ങി യാത്ര ചെയ്യേണ്ട ഗതികേട് കേരളത്തിന്റെ ചീഫ് സെക്രട്ടറിക്ക് ഉണ്ടായിട്ടുണ്ടോ? എനിക്ക് വാഹനമില്ല, ഒരു വാഹനം വേണമെന്ന് ടൂറിസം വകുപ്പിനോട് ആവശ്യപ്പെട്ടാൽ അയച്ചുതരില്ലേ; ചീഫ് സെക്രട്ടറിക്ക് വേറെ വാഹനമില്ലേ? ജീപ്പ് ഇല്ലാത്ത പോലീസ് സ്റ്റേഷനിൽ അത് വാങ്ങാനുള്ള ഫണ്ടുപയോഗിച്ച് ചീഫ് സെക്രട്ടറിക്ക് വാഹനം വാങ്ങിക്കൊടുക്കുന്നത് എന്തിനാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് ശ്രദ്ധിക്കുന്നില്ല, വിജിലൻസ് ഡിപ്പാർട്ട്മെന്റ് മുഴുവൻ ഭരിക്കുന്നത് ഈ ഡി.ജി.പി.യാണ്. എന്റെ കയ്യിൽ മുഴുവൻ ഉത്തരവുകളുമുണ്ട്. സമയക്കുറവുകാരണം ഞാൻ പറയുന്നില്ല. വിജിലൻസ് മാന്വൽ

അനുസരിച്ച് ഡി.ജി.പി.-ക്ക് വിജിലൻസിലെ പോസ്റ്റിംഗിൽ ഇടപെടാനുള്ള അധികാരമില്ല. അദ്ദേഹം ആദ്യം ചെയ്തത് എന്താണെന്നറിയാമോ; അദ്ദേഹത്തിന് വിജിലൻസ് ഡയറക്ടറുടെ ചുമതലയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ പെയിന്റടി വിവാദമുണ്ടായിരുന്നു. കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലടിക്കാൻ പ്രത്യേക പെയിന്റ് വാങ്ങിക്കണമെന്നുള്ള നിർദ്ദേശത്തിൽ വിജിലൻസിൽ ഒരു കേസുണ്ടായിരുന്നു. തന്റെ പേരിലുള്ള വിജിലൻസ് കേസ് അവസാനിപ്പിക്കുകയാണ് അദ്ദേഹം ചാർജെടുത്ത ആദ്യദിവസം ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങയുടെ കീഴിലുള്ള ഡി.ജി.പി. ഒരു ആട്ടിൻകുട്ടിയല്ല. ഞങ്ങൾക്ക് അദ്ദേഹത്തോട് വ്യക്തിപരമായ ഒരു വിരോധവുമില്ല. ഇവിടെ നടക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. തീവെട്ടിക്കൊള്ളയും അഴിമതിയും നടക്കുന്നു. അത് നടത്താൻ ഒന്നുകിൽ ഉദ്യോഗസ്ഥരെ അങ്ങ് കയറൂരിവിടുന്നു, അല്ലെങ്കിൽ അങ്ങ് കൂട്ടുനിൽക്കുന്നു. രണ്ടിലൊന്ന് കേരളത്തിന് അറിയണം. അതിനുവേണ്ടിയാണ് ഞങ്ങൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നത്. ഞങ്ങൾ ശക്തമായിത്തന്നെ ഈ നടപടിയുമായി മുന്നോട്ടുപോകും. ഇത് പുകമറയല്ല, സത്യമാണ്. .... (ബഹളം) ....

(പ്രതിപക്ഷാംഗങ്ങൾ ബാനറുമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## V ശ്രദ്ധ ക്ഷണിക്കൽ

### പ്രൊമോഷൻ തസ്തികകളിലെ സംവരണം

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, വളരെ പ്രാധാന്യമുള്ള അടിയന്തര സംഗതിയിലേയ്ക്ക് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. സംവരണം അട്ടിമറിക്കുക, അവകാശപ്പെട്ടവരെ ഇല്ലാതാക്കുക എന്നതാണ് കേന്ദ്രസർക്കാർ നയം. പട്ടികജാതി/ പട്ടികവർഗ്ഗ/ ഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ സർവ്വീസിലിരിക്കെ പ്രൊമോഷൻ പോസ്റ്റുകളിൽ സംവരണം നൽകണമെന്നില്ല എന്ന സുപ്രീംകോടതിയുടെ വിധി സൂചിപ്പിക്കുന്നതും അതുതന്നെയാണ്. ഭരണഘടനയുടെ അന്ത:സത്തയ്ക്ക് വിരുദ്ധമായ ഉത്തരവ് ഈ വിഭാഗങ്ങളിൽപ്പെട്ടവരുടെ സമത്വത്തിനുള്ള അവകാശം ഹനിക്കുമെന്നുള്ള ആശങ്കയാണ് സർക്കാരിനെ അറിയിക്കുന്നത്. ....(ബഹളം).... സംവരണം എങ്ങനെയാണ് സർക്കാരിന്റെ ബാധ്യതയല്ലാതാകുന്നത്? സാമൂഹ്യ ജീവിതമാണ് മനുഷ്യന്റെ സ്വത്വവും സംസ്കാരവും രൂപപ്പെടുത്തുന്നത്. പ്രാതിനിധ്യക്കുറവുണ്ടെങ്കിൽമാത്രം പട്ടികജാതി/

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം മതിയെന്ന ചിന്ത എങ്ങനെയുണ്ടായി? രാജ്യത്തിന്റെ സംവരണ സംവിധാനത്തെ അട്ടിമറിക്കാനാണ് ഈ പുറപ്പാട്. വർത്തമാനകാലത്ത് ജാതി സംവരണത്തിനെതിരെ ചിലർ അരങ്ങത്ത് ഉറഞ്ഞാടുന്നതും നമ്മൾ കണ്ടതാണ്. പ്രധാന സുപ്രീംകോടതി വിധി വന്നത് ഓർക്കണം. ഇത് സർക്കാർ സർവ്വീസിലെ സ്ഥാനക്കയറ്റങ്ങളെ സ്വാധീനിക്കുമെന്നും നമ്മൾ ഓർക്കേണ്ടതാണ്. ഇത് എസ്.സി./എസ്.ടി. വിഭാഗങ്ങളെ ബോധപൂർവ്വം അകറ്റിനിർത്താനുള്ള ഒരു സംവിധാനത്തിന്റെ അജണ്ടയാണെന്നാണ് എനിക്ക് തോന്നുന്നത്. ദർശനമില്ലാത്തവർക്ക് എന്ത് ഭരണഘടനയാണ്? കേന്ദ്രസർക്കാരിന്റെ ഔദാര്യത്തിനു വേണ്ടിയല്ല, ഭരണഘടനാപരമായ അവകാശത്തിനുവേണ്ടിയാണ് ഇത് ഉന്നയിക്കുന്നത്.

'തൊട്ടു കൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ശാപമുള്ളോർ'

ഇവർ മനുഷ്യരായി മാറിയത് നിരന്തരമായ അവകാശ സമരങ്ങളിലൂടെയാണ്. ഉശിരുള്ള നായർ മണിയടിച്ചപ്പോഴാണ്, കെട്ട നായർ പുറത്തടിച്ചത് എന്നത് പഴംകഥയല്ല. ഇന്നും മനുഷ്യവർഗ്ഗം ഒന്നാണെന്ന് തെളിയിക്കുന്ന പുത്തൻകഥയാണ്. കാട്ടുപോത്തിനോട് വേദം ഓതിയിട്ട് എന്ത് കാര്യം; കാര്യമില്ലെന്ന് അറിയാം. ....(ബഹളം).... എന്നാലും ജാതിമേധാവിത്വത്തിനും തൊട്ടുകൂടായ്മക്കും മറ്റ് സാമൂഹ്യ അതിക്രമങ്ങൾക്കും എതിരായി ജാഗ്രത പുലർത്തിയ ഒരു അനുഭവം നമ്മുടെ മുന്നിലുണ്ട്. അതാണ് ദേശീയ പ്രസ്ഥാനത്തിന്റെ മഹത്വം. ....(ബഹളം)....

മി. സ്പീക്കർ: ദയവായി സഹകരിക്കണം. പ്ലീസ്....നിങ്ങൾക്ക് പറയാനുള്ളതെല്ലാം പറഞ്ഞു. ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്....

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഗുരുവായൂർ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ദേശീയ പ്രസ്ഥാനമാണ്. ദേശീയ പ്രസ്ഥാനത്തിന് പ്രാതിനിധ്യമുള്ള രാഷ്ട്രീയ ഹിന്ദുത്വത്തിന്റെ പക അന്നുതുടങ്ങിയതാണ്. ഒന്ന് നമ്മൾ ഓർക്കണം, രാഷ്ട്രവിഭജനം ആദ്യമായി ഉന്നയിക്കുകവഴി മനുവാദം ഭരണഘടനയാക്കിയ ഹിന്ദുരാഷ്ട്രത്തിന്റെ പിറവിയെയാണ് ഇവർ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് രാഷ്ട്രം വിഭജിച്ചെങ്കിലും ഹിന്ദുരാഷ്ട്രം ഉണ്ടായില്ല എന്ന പകയാണ് ഗാന്ധി വധത്തിലൂടെ അവർ തീർത്തത്. ജനരോഷത്തിനു മുന്നിൽ പത്തിമടക്കാതിരിക്കാനോ അടങ്ങിയിരിക്കാനോ അവർക്ക് കഴിയില്ല. അതാണിപ്പോൾ പത്തിവിടർത്തിയാടുന്നത്. ഡൽഹിയിൽ നടക്കുന്ന കോപ്രായങ്ങൾ നമ്മുടെ മുന്നിലുണ്ട്. വർത്തമാനകാലത്തും തലച്ചോറില്ലാത്തവന്റെ മുന്നിൽ തലകുലുക്കി

നിൽക്കാൻ മനസ്സില്ല. സ്ഥാനക്കയറ്റത്തിനുള്ള സംവരണം ഇല്ലാതാക്കരുത്. സംവരണം അധഃസ്ഥിതരെ മുഖ്യധാരയിൽ എത്തിക്കാൻ ഭരണഘടന അനുവദിച്ചതാണ്. ........(ബഹളം)...

മി. സ്പീക്കർ: പ്ലീസ്... ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സഹകരിക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, തോന്നുമ്പോൾ പട്ടികജാതിക്കാരനെ കൊല്ലാനും അവകാശങ്ങൾ ഹനിക്കാനും നടത്തുന്ന ശ്രമങ്ങൾക്ക് ശക്തിപകരുന്നതാണ് സംവരണത്തിനെതിരെ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി. ഈ അവസ്ഥയിൽ കേന്ദ്ര സർക്കാർ സംവരണ സംരക്ഷണ വ്യവസ്ഥ ഉൾപ്പെടുത്തി ഭരണഘടനാ ഭേദഗതിക്ക് തയ്യാറാകണമെന്ന് വളരെ വിനീതമായി ഞാൻ ആവശ്യപ്പെടുന്നു. ........(ബഹളം)......

മി. സ്പീക്കർ: ദയവായി സീറ്റിലേയ്ക്ക് പോകണം. ..... (ബഹളം)..... പ്ലീസ്..... ദയവായി സഹകരിക്കണം. ഈ വിഷയത്തിന്റെ നാനാവശങ്ങളും സഭയിൽ വന്നുകഴിഞ്ഞു. ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്... പ്രതിപക്ഷം സഹകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭരണഘടനയുടെ അനുച്ഛേദം 16(4) പ്രകാരമാണ് പട്ടികജാതി/ പട്ടികഗോത്രവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും നിയമനങ്ങളിൽ സംവരണം അനുവദിച്ചുവരുന്നത്. ഏതെങ്കിലും തരത്തിലുള്ള തസ്തികകളിൽ പട്ടികജാതികൾക്കോ പട്ടികഗോത്രവർഗ്ഗങ്ങൾക്കോ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെങ്കിൽ സംവരണത്തിനുവേണ്ടി എന്തെങ്കിലും വ്യവസ്ഥയുണ്ടാക്കുന്നതിൽ നിന്നും രാഷ്ട്രത്തെ തടയുന്നതല്ല എന്ന് ഭരണഘടനയുടെ അനുച്ഛേദം 16(4A)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഉത്തരാഖണ്ഡ് സർക്കാർ ഭരണഘടനയുടെ അനുച്ഛേദം 16(4A) പ്രകാരം ഉദ്യോഗക്കയറ്റത്തിന് സംവരണം അനുവദിച്ചില്ലെന്ന വിഷയത്തിൽ സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത സിവിൽ അപ്പീൽ നമ്പർ 1226/2020-ലെ ഉത്തരവുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിച്ചത്. ....(ബഹളം).... സംവരണം ഏർപ്പെടുത്താൻ സംസ്ഥാന സർക്കാർ നിർബന്ധിതരല്ലെന്നും സംവരണം ആവശ്യപ്പെടാൻ പൗരന്മാർക്ക് മൗലികാവകാശമില്ലെന്നും സംവരണം ഏർപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാരിനോട് കോടതിക്ക് നിർദ്ദേശിക്കാനാവില്ലെന്നും സുപ്രീംകോടതിയുടെ 2020 ഫെബ്രുവരി 7-ാം തീയതിയിലെ ഉത്തരവിൽ നിരീക്ഷിച്ചിട്ടുണ്ട്. ഇത് ആശങ്കയുണ്ടാക്കുന്നതാണ്. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഈ വിധിമൂലം ഒരു രൂപത്തിലും

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണവുമായി ബന്ധപ്പെട്ട് പ്രശ്നവുമുണ്ടാകാൻ പാടില്ല, അതിന് സാധിക്കുകയുമില്ല. ഓരോ സംസ്ഥാനത്തും വ്യത്യസ്ത രീതിയിലാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 10 ശതമാനവും (പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും) മറ്റ് പിന്നോക്കവിഭാഗങ്ങൾക്ക് 40 ശതമാനവും എന്ന രീതിയിലാണ് സാമുദായിക സംവരണം ക്രമീകരിച്ചിട്ടുള്ളത്. 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 2-ാം ഭാഗം 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ ഇതിനനുസൃതമായി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉദ്യോഗക്കയറ്റത്തിന് സംവരണം ഏർപ്പെടുത്തിയിട്ടില്ല.......(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.....ദയവായി സീറ്റിലേയ്ക്ക് പോകൂ...

ശ്രീ. എ. കെ. ബാലൻ: സർ, എന്നാൽ ഓരോ വകുപ്പിലേയും ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകളിലെ പട്ടികജാതി/പട്ടികഗോത്രവർഗ്ഗ ജീവനക്കാരുടെ പ്രാതിനിധ്യം സർക്കാർ അവലോകനം ചെയ്യുകയും മതിയായ പ്രാതിനിധ്യമില്ലാത്ത തസ്തികകൾ റിസർവ് ചെയ്ത് പട്ടികജാതി/ പട്ടികഗോത്രവർഗ്ഗക്കാരിൽനിന്നും മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ മുഖേന നികത്തിവരുന്നതുമാണ്. ഇതിന് ഓരോ വർഷവും റിവ്യൂ നടത്തുന്നതാണ്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 17(A)-യിൽ ഇതുസംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം സുപ്രീംകോടതി വിധി ഒരുതരത്തിലുമുള്ള ആശങ്കയുണ്ടാക്കുന്നില്ല. മേൽ സാഹചര്യത്തിൽ പട്ടികജാതി/പട്ടികഗോത്രവർഗ്ഗക്കാർക്ക് ഭരണഘടന അനുശാസിക്കും പ്രകാരമുള്ള സംവരണം സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഏർപ്പെടുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കാണാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവർഗ്ഗക്കാരുടെ പ്രാതിനിധ്യക്കുറവ് പ്രത്യേകം അവലോകനം ചെയ്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തിവരുന്നതിനാൽ ഇതുസംബന്ധിച്ച് ഒരാശങ്കയ്ക്കും ഇപ്പോൾ വകയില്ല.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ വിശ്വാസമാണ്. ഈ അവസ്ഥയിൽ കേന്ദ്രസർക്കാർ സംവരണ സംരക്ഷണ വ്യവസ്ഥ ഉൾപ്പെടുത്തി ഭരണഘടനാ ഭേദഗതിക്ക് തയ്യാറാകുമോ; അതിന് ഈ സർക്കാരിന് എന്തുചെയ്യാൻ സാധിക്കും?

ശ്രീ. എ. കെ. ബാലൻ: സർ, ഇക്കാര്യം പരിശോധിക്കാം. ......(ബഹളം)........

(നോട്ടീസ് നൽകിയ അംഗം ശ്രീ. ഷാഫി പറമ്പിൽ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭാനടപടികളുമായി സഹകരിക്കണം. ......(ബഹളം)........ നിങ്ങൾ ഉന്നയിച്ച വിഷയം സഭയിൽ ചർച്ച ചെയ്തു. അതിന്റെ എല്ലാവശങ്ങളും സഭയിൽ വന്നു. ....(ബഹളം)........ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് നിങ്ങൾ ശ്രമിച്ചു. അതിനുള്ള അവസരവും ലഭിച്ചു. തുടർനടപടികൾക്ക് സഹകരിക്കണം. ....(ബഹളം)......... പ്ലീസ്.... പ്ലീസ്...... അല്ലെങ്കിൽ അടുത്ത നടപടികളിലേയ്ക്ക് പോകേണ്ടിവരും.

സബ്മിഷനുകളുടെ മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കേണ്ടതാണ്.*

## VI മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 17 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2020 | അല്ല |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 12 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2020 | അല്ല |

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നംമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 15 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 10 | ദി കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |
| 2 | 2020 | 11 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 14 | 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2020 | 16 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി(പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2020 | 13 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2020 | അല്ല |

## VII റിപ്പോർട്ട് സമർപ്പണം

### I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സബ്ജക്ട് കമ്മിറ്റി I-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സബ്ജക്ട് കമ്മിറ്റി II-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി III-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, സബ്ജക്ട് കമ്മിറ്റി IV-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സബ്ജക്ട് കമ്മിറ്റി V-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി(പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സബ്ജക്ട് കമ്മിറ്റി VI-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. പി. ഉണ്ണി: സർ, സബ്ജക്ട് കമ്മിറ്റി VII-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സബ്ജക്ട് കമ്മിറ്റി IX-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, സബ്ജക്ട് കമ്മിറ്റി X-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി XI-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി XII-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷയായ ഞാൻ സമർപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII ധനകാര്യം

## 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,30,00,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,41,00,000 രൂപയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും വാർത്താ

വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,05,38,000 രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,62,79,000 രൂപയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1464,22,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,59,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,11,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 498,08,28,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300,75,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,01,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,01,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,36,85,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,00,00,000 രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 462,90,54,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ..... (ബഹളം)..... ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക് പോയാൽ ചർച്ച ആരംഭിക്കാം. ചർച്ചയുടെ അവസരമാണ് നിങ്ങൾ നഷ്ടപ്പെടുത്തുന്നത്. പ്ലീസ്..... ..... (ബഹളം)..... പ്രതിപക്ഷം ഇങ്ങനെ ഒരു സമീപനം സ്വീകരിച്ചാൽ തുടർനടപടികളിലേയ്ക്ക് പോകേണ്ടിവരും. ..... (ബഹളം).....

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,30,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,41,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളുമെന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,05,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,62,79,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1464,22,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,59,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,11,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 498,08,28,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300,75,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,36,85,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ................

പ്രതികൂലിക്കുന്നവർ ................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 462,90,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,42,43,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 53,55,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998,92,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 11.30-ന് പിരിഞ്ഞു.)

## അനുബന്ധം

### 1. മുല്ലശ്ശേരി, പാവറട്ടി കുടിവെള്ള പദ്ധതി സംബന്ധിച്ച ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

പാവറട്ടി-മുല്ലശ്ശേരി കുടിവെള്ള പദ്ധതിയുടെ കിണറിന്റെയും ജലശുദ്ധീകരണശാലയുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാവറട്ടിയിൽ നിർമ്മിക്കുന്ന 6.7 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പണി 60% പൂർത്തീകരിച്ചു. മുല്ലശ്ശേരിയിൽ നിർമ്മിക്കുന്ന 5.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ പണി 98% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികളും 31-3-2020-ന് പൂർത്തീകരിക്കാൻ സാധിക്കും. ചാട്ടുക്കുളം മുതൽ പാവറട്ടി, മുല്ലശ്ശേരി ഉന്നതതല ജലസംഭരണി വരെയുള്ള ഗ്രാവിറ്റി മെയിൻ 13.8 കി.മീ. സ്ഥാപിക്കുന്ന പ്രവൃത്തി 50% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പൂർത്തീകരിക്കുന്നതിന് നാല് കോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റി മുപ്പതു രൂപ റോഡ് കട്ടിംഗിനുവേണ്ടി പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കേണ്ടതുണ്ട്. സംസ്ഥാന ബഡ്ജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തുക അടച്ച് പണികൾ പൂർത്തിയാക്കുന്നതാണ്.

പാവറട്ടി-മുല്ലശ്ശേരിയുടെ രണ്ടാം ഘട്ടമായി പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്നതിനായി 109 കി.മീ. വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള 54.8 കോടി രൂപയുടെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് H.L.E.C. (High Level Empowered Committee)-യുടെ അംഗീകാരവും സർക്കാരിന്റെ RKI വകുപ്പിൽനിന്ന് തത്വത്തിൽ അനുമതിയും ലഭിച്ചിട്ടുണ്ട്. RKI വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

### 2. കുടിവെള്ള പദ്ധതി സംബന്ധിച്ച ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

തിരുവനന്തപുരം ജില്ലയിലെ വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആനാട്, പാലോട്, കുറുപുഴ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി 16 കോടി രൂപയുടെ ഭരണാനുമതി 1-8-2018-ലെ ജി.ഒ. (ആർ.റ്റി.)നം.571/2018/ഡബ്ല്യു.ആർ.ഡി. പ്രകാരം നൽകിയിരുന്നു. ഇതിൽ റാ വാട്ടർ പമ്പ് ചെയ്യുന്നതിനായി 210 എച്ച്.പി. വീതമുള്ള രണ്ട് Vertical Turbine പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, ജലശുദ്ധീകരണശാലയിൽനിന്നും ശുദ്ധീകരിച്ച ജലം നന്ദിയോട്ടുള്ള ഉപരിതല ജലസംഭരണിയിൽ എത്തിക്കുന്നതിനുള്ള 300 മി.മീ. പൈപ്പുകൾ സ്ഥാപിക്കൽ, ജലശുദ്ധീകരണ ശാലയിൽനിന്നും നന്ദിയോട്

നിലവിലുള്ള ഭൂതല ജലസംഭരണിയിൽ ശുദ്ധജലമെത്തിക്കുന്നതിന് 100 മി.മീ പൈപ്പുകൾ സ്ഥാപിക്കൽ, നന്ദിയോട് 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം, സോൺ 2-ൽ 42 കിലോമീറ്റർ ദൂരത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുന്നത്. ഇവയുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസ് ക്ഷണിക്കുകയും ചെയ്തുവെങ്കിലും സ്ഥലലഭ്യതയിലുണ്ടായ മാറ്റംമൂലം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം നേരിടുമെന്നതിനാൽ പ്രസ്തുത ദർഘാസ് റദ്ദ് ചെയ്തു.

ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് കോളേജ് മുഖേന പുതിയ രൂപരേഖ തയ്യാറാക്കി. ഇതിനായി നാല് മാസത്തോളം സമയം വേണ്ടിവന്നു. ടി രൂപരേഖയിലുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ഒരു മാസത്തിനകം ദർഘാസ് ക്ഷണിക്കുന്നതാണ്.

## 3. അന്തർ സംസ്ഥാന പാതകളിലെ റോഡപകടങ്ങൾ സംബന്ധിച്ച് ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദീർഘദൂര സർവ്വീസ് നടത്തുന്ന കണ്ടെയ്നർ ലോറികൾ, ടൂറിസ്റ്റ് ബസ്സുകൾ എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ വാഹനങ്ങളും ജാഗ്രതയോടെ ഓടിക്കുന്നതിനായി കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ താഴെപ്പറയുന്ന നടപടികളും സ്വീകരിക്കുന്നതാണ്.

കേരളത്തിലെ എല്ലാ ജില്ലകളിലും പോലീസ്-മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് ജീവനക്കാർ ഉൾക്കൊള്ളുന്ന സ്ക്വാഡുകൾ ഒരു നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതിനും തീവ്രപരിശോധനാ യജ്ഞം നടത്തി കണ്ടെയ്നർ ട്രക്കുകൾ, ലോറികൾ, ടൂറിസ്റ്റ് ബസ്സുകൾ തുടങ്ങിയ വാഹന ഡ്രൈവർമാർ ലൈൻ ഡിസിപ്ലിൻ പാലിക്കുന്നുണ്ടോ എന്നതുൾപ്പെടെ പരിശോധിക്കുവാനും പ്രസ്തുത പരിശോധന സംസ്ഥാന പോലീസ് മേധാവി, ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ മുഖാന്തരം മോണിറ്റർ ചെയ്യുന്നതിനും റോഡ് സുരക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ദീർഘദൂര വാഹന ഡ്രൈവർമാർക്ക് ഉറക്കം വരാതിരിക്കുന്നതിനും നിരന്തരം വാഹനമോടിക്കുന്നതുമൂലമുള്ള ക്ഷീണം മാറുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിശ്രമിച്ച് ക്ഷീണമകറ്റി യാത്ര തുടരുന്നതിനുമായി റിഫ്രെഷ്മെന്റ്/അമിനിറ്റി ബെയ്സ് ദേശീയപാതയിലും സംസ്ഥാനപാതയിലും ഏർപ്പെടുത്തുന്നതിനുമായി വഴിയോര സ്ഥലങ്ങൾ കണ്ടെത്തുന്ന നടപടി ത്വരിതപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി.

തൊഴിൽ വകുപ്പിന്റെ കീഴിൽ ലേബർ കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ, റോഡ് സുരക്ഷാ കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ട്രക്ക് ഡ്രൈവർമാരുടെ പ്രവൃത്തിസമയം സംബന്ധിച്ചും സർവ്വീസ് നടത്തിപ്പിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചും പഠനം നടത്തി മാർഗ്ഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചു.

യാത്ര തുടങ്ങുംമുമ്പുതന്നെ കണ്ടെയ്നറുകൾ അവ വഹിക്കുന്ന ട്രക്കുകളിൽ സുരക്ഷിതമായി ലോക്ക് ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അധികാരികളുമായി ചർച്ച ചെയ്യുന്നതിനും പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ നിലവിലുള്ള വാഹന പരിശോധനയിൽ ഇക്കാര്യംകൂടി പരിശോധിക്കുന്നതിനും തീരുമാനിച്ചു.

മോട്ടോർ വാഹന വകുപ്പ് C-DAC-മായി സഹകരിച്ച് സ്മാർട്ട് കാർഡ് (ഡ്രൈവിംഗ് ലൈസൻസ്)-ജി.പി.എസ്. മുഖാന്തരം ഡ്രൈവിംഗ് സമയത്ത് ട്രക്ക് ഡ്രൈവർമാരുടെ സ്വഭാവ പെരുമാറ്റങ്ങൾ മോണിറ്റർ ചെയ്യുന്നതിന് നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 90 ഭേദഗതി ചെയ്ത് ദീർഘദൂര ഡ്രൈവിംഗിന് ഒന്നിലധികം ഡ്രൈവർമാരെ നിയോഗിക്കണമെന്ന വ്യവസ്ഥ പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

അമിതവേഗത, അമിതഭാരം, മദ്യപിച്ച് വാഹനം ഓടിക്കുക, സീറ്റ്ബെൽറ്റ്, ഹെൽമറ്റ് എന്നിവ ധരിക്കാതിരിക്കുക, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക എന്നിങ്ങനെയുള്ള ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-ൽ ഇത്തരത്തിൽ 28020 ലൈസൻസുകൾ റദ്ദുചെയ്തിട്ടുണ്ട്. കൂടാതെ 276584 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 33,80,72,125 (മുപ്പത്തിമൂന്ന് കോടി എൺപത് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി നൂറ്റിഇരുപത്തിയഞ്ച് രൂപ) പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കർശന റോഡ് പരിശോധന തുടരുകയും ട്രാഫിക് നിയമലംഘനങ്ങൾ നടത്തുന്നവരുടെ ലൈസൻസ് നിയമാനുസൃതം റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. തുടർച്ചയായി നിയമലംഘനം നടത്തുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

4. <u>അവിനാശി അപകടത്തിൽ മരിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുടുംബങ്ങൾക്കുള്ള സഹായം സംബന്ധിച്ച ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി</u>

2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിഗത അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യസുരക്ഷ, യാത്രാ ടിക്കറ്റിനു മേലുള്ള സെസ്സ്) നിയമപ്രകാരം 2019-20 കാലയളവിൽ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി കെ.എസ്.ആർ.ടി.സി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ്സപകടത്തിൽ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ടി ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. അപകടത്തിൽ മരണമടഞ്ഞ ജീവനക്കാരായിരുന്ന വി. ഡി. ഗിരീഷ്, ബൈജു വി. ആർ. എന്നിവരുടെ ആശ്രിതർക്ക് അർഹതപ്പെട്ട ഇൻഷ്വറൻസ് തുകയായ 10 ലക്ഷം രൂപ വീതം 24-2-2020-ൽ ഇൻഷ്വറൻസ് കമ്പനി കെ.എസ്.ആർ.ടി.സി. സെൻട്രൽ സോൺ ഓഫീസർ മുഖേന കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാരായിരുന്നതിനാൽ കേരള സർക്കാരിന്റെ Group Personal Accident Insurance സ്കീമിലൂടെ 10 ലക്ഷം രൂപ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ലഭിക്കുന്നതാണ്.

SBI ജനറൽ ഇൻഷ്വറൻസ് സ്കീമിലും അംഗങ്ങളായിരുന്നതിനാൽ ടി ജീവനക്കാരുടെ ആശ്രിതർക്ക് ടി ഇൻഷ്വറൻസ് സ്കീമിന്റെ ക്ലെയിം തുകയായ 10 ലക്ഷം രൂപ വീതവും ലഭിക്കുന്നതാണ്.

അപകടത്തിൽപ്പെട്ട വോൾവോ ബസിന് നാഷണൽ ഇൻഷ്വറൻസ് കമ്പനിയുടെ സാധുവായ തേർഡ് പാർട്ടി ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നതാണ്. അപകടത്തിൽ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ടി പോളിസിയുടെ പരിരക്ഷയും ലഭിക്കുന്നതാണ്.

അപകടത്തിൽ മരണമടഞ്ഞ ജീവനക്കാരായിരുന്ന വി. ഡി. ഗിരീഷ്, ബൈജു വി. ആർ. എന്നിവരുടെ ആശ്രിതർക്ക് കെ.എസ്.ആർ.ടി.സി.-യിൽ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകുന്നത് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

കൂടാതെ ടി ജീവനക്കാരുടെ ആശ്രിതർക്ക് അർഹതപ്പെട്ട DCRG, STPF, ഫാമിലി പെൻഷൻ എന്നിവ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. അനുവദിച്ച് നൽകുന്നതാണ്.

ഇൻഷ്വറൻസ് തുക കൂടാതെ മരണമടഞ്ഞ ജീവനക്കാരുടെ കുടുംബങ്ങൾക്ക് 50 ലക്ഷം രൂപ സർക്കാർ അടിയന്തര സാമ്പത്തിക സഹായം അനുവദിക്കണമെന്നാണ് സബ്മിഷനിൽ ആവശ്യപ്പെട്ടിട്ടുള്ളത്. മറ്റ് വിധത്തിലുള്ള ധനസഹായങ്ങളൊന്നും ലഭിക്കാത്തവർക്കാണ് സാധാരണയായി സർക്കാർ സാമ്പത്തിക സഹായം നൽകുന്നത്. യാത്രക്കാർക്ക് സർക്കാർ സാമ്പത്തിക സഹായം നൽകാൻ തീരുമാനിക്കുന്നപക്ഷം മരണമടഞ്ഞ ജീവനക്കാർക്കും സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

5. പാലം നിർമ്മാണം സംബന്ധിച്ച ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

കളൻതോട്-കൂളിമാട് റോഡ്

പ്രവൃത്തി 14-2-2018-ന് ആരംഭിച്ചു. ഡ്രെയിനേജ്, കൾവെർട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു. നിലവിലുള്ള കാലഹരണപ്പെട്ട ജലവിതരണ പൈപ്പ് ലൈൻ മാറ്റാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ കേരള ജല അതോറിറ്റി മുഖേന പ്രവൃത്തി നടപ്പിലാക്കാനായി 2019 ഫെബ്രുവരി മാസത്തിൽ കിഫ്ബി അനുവദിച്ച തുക ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പൈപ്പ് ലൈനുകൾ മാറ്റി സ്ഥലം തിരികെ കൈമാറാത്തത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

ഇക്കാലയളവിൽ പ്രവൃത്തിയുടെ കരാറുകാരായ ത്രിമതി കോൺട്രാക്റ്റിംഗ് കമ്പനി പ്രവൃത്തി തുടരുന്നതിനുള്ള സന്നദ്ധതയും കരാറിൽനിന്നും ഒഴിവാക്കിത്തരണമെന്നും അറിയിക്കുകയുണ്ടായി. നിലവിൽ 2-3-2020-ന് കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾ മാറ്റി സ്ഥലം തിരികെ പൊതുമരാമത്ത് വകുപ്പിന് കൈമാറാമെന്ന് കേരള ജലഅതോറിറ്റി അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം ജല അതോറിറ്റി പ്രവൃത്തി പൂർത്തിയാക്കി പ്രവൃത്തിസ്ഥലം കൈമാറുന്ന മുറയ്ക്ക് ഒരു വർഷത്തെ കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ കരാറുകാരന്റെ സന്നദ്ധത ആരാഞ്ഞ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

കൂളിമാട് പാലം

കൂളിമാട് പാലം പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 21.50 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കരാർ നൽകുകയും ചെയ്തു. 7-3-2019-ന് പ്രവൃത്തി ആരംഭിച്ചു. 24 മാസമാണ് പൂർത്തീകരണ കാലാവധി. കഴിഞ്ഞ പ്രളയത്തിന് മുമ്പ് പി.6-പിയറിന്റെ പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ കഴിഞ്ഞ പ്രളയത്തിൽ പ്രവൃത്തി നടത്തുന്നതിനായി തയ്യാറാക്കിയ

ഐെലൻഡുകൾ മുഴുവനായി ഒലിച്ചുപോകുകയും പുഴയിൽ ജലനിരപ്പ് ക്രമാതീതമായി ഉയരുകയും ചെയ്തു. കഴിഞ്ഞ പ്രളയത്തിലുണ്ടായ ജലനിരപ്പിലെ വ്യതിയാനംകൂടി കണക്കിലെടുത്ത് പാലത്തിന്റെ രൂപകൽപ്പനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതായിവരികയും പൊതുമരാമത്ത് വകുപ്പ് പുതുക്കിയ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്കായി ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിയോടെ എത്രയും പെട്ടെന്ന് കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതും സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. റോഡിനായി മലപ്പുറം ജില്ലയിലെ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ സ്ഥലം ലഭ്യമാണ്.

<u>താമരശ്ശേരി - വരട്ട്യാക്കൽ റോഡ്</u>

താമരശ്ശേരി - വരട്ട്യാക്കൽ ഭാഗത്ത് 14.700 കി.മീ. ദൂരവും വരട്ട്യാക്കൽ-സി.ഡബ്ല്യൂ.ആർ.ഡി.എം. ഭാഗത്ത് 3.200 കി.മീ. ദൂരവുമാണുള്ളത്. 11-8-2019-ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31-5-2020 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇലക്ട്രിക് തൂണുകൾ മാറ്റുന്നതിനും മരം മുറിക്കുന്നതിനും കാലതാമസം നേരിട്ടത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ 8 മീറ്റർ വീതിയിൽ അനുമതി ലഭിച്ച യഥാർത്ഥ പ്രവൃത്തിക്ക് സൗജന്യമായി സ്ഥലം ലഭ്യമാക്കി 10 മീറ്റർ വീതിയിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് പൊതുജനങ്ങൾ, സ്ഥലം എം.എൽ.എ. എന്നിവർ ആവശ്യപ്പെട്ടിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അനുമതിക്കായി അഭ്യർത്ഥിച്ചതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു. എന്നാൽ കോമ്പൗണ്ട് വാൾ കെട്ടിക്കൊടുക്കാൻ ആവശ്യമായ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാൽ അതിനായി പ്രത്യേകം എസ്റ്റിമേറ്റ് 31-12-2019-ന് കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. മാത്രമല്ല, നിലവിലുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക കണക്കാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ആയത് ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിയോടുകൂടി എത്രയുംപെട്ടെന്ന് കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. താമരശ്ശേരി വരട്ട്യാക്കൽ ഭാഗത്ത് 9 കിലോമീറ്ററോളം ടാറിംഗ് പ്രവൃത്തി ആരംഭിച്ചു. വരട്ട്യാക്കൽ മുതൽ സി.ഡബ്ല്യൂ.ആർ.ഡി.എം. വരെയുള്ള ഭാഗത്ത് കലുങ്ക്, കാന എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചു. പ്രവൃത്തികൾ മേയ് മാസം പൂർത്തിയാകുന്ന നിലയിൽ പുരോഗമിക്കുന്നു.

## 6. വിദ്യാഭ്യാസ ഗുണനിലവാരം സംബന്ധിച്ച ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.-യുടെ സബ്മിഷന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി

2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം ഒന്ന് മുതൽ എട്ട്‌വരെ ക്ലാസ്സുകളിലെ കുട്ടികളെ ഏതെങ്കിലും ക്ലാസ്സിൽ തോൽപ്പിക്കാനോ പുറത്താക്കാനോ പാടില്ലായെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ കുട്ടികൾ ഏതെങ്കിലും ക്ലാസ്സിൽ ആവശ്യമായ പഠന നേട്ടങ്ങൾ കൈവരിച്ചിട്ടില്ലായെങ്കിൽ പ്രസ്തുത കുട്ടികൾക്ക് പരിഹാരബോധനം നൽകണമെന്നും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് വിവിധ പരിഹാരബോധന പദ്ധതികളായ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഗണിത വിജയം, ശ്രദ്ധ തുടങ്ങിയവ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നത്. ഇതുമൂലം കുട്ടികളുടെ പഠന നിലവാരത്തിൽ ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്.

പത്താം ക്ലാസ്സിൽ എത്തുന്ന കുട്ടികൾ അവരുടെ പിന്നോക്കാവസ്ഥ മറികടക്കുന്നതിനായി ആശുപത്രികൾ വഴി ഐ.ക്യൂ. ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും പരീക്ഷയ്ക്കുവേണ്ടി വ്യാഖ്യാതാവ് (ഇന്റർപ്രട്ടർ), എഴുതാൻ സഹായി (സ്ക്രൈബ്) തുടങ്ങിയ പരീക്ഷാനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റുന്നുവെന്ന് പൊതുവിൽ ആക്ഷേപമില്ല. ടി പറഞ്ഞ ആനുകൂല്യങ്ങൾ നൽകുന്നത് 2016-ലെ ആർ.പി. ഡബ്ല്യൂ.ഡി. നിയമത്തിന്റെയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെയും അടിസ്ഥാനത്തിലാണ്.

ഇതുപ്രകാരം മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളുടെ പഠനവൈകല്യം നിർണ്ണയിക്കപ്പെടുന്നതും പരീക്ഷാനുകൂല്യങ്ങൾ അനുവദിക്കുന്നതും.

മുൻ വർഷങ്ങളിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന് പകരം സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റാണ് പരീക്ഷാനുകൂല്യങ്ങൾക്കായി പരിഗണിച്ചിരുന്നത്.

മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് നിഷ്കർഷിച്ചതോടെ പരീക്ഷാനുകൂല്യങ്ങൾ ലഭ്യമാകുന്ന പഠനവൈകല്യമുള്ള കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതിന് ഏതെങ്കിലും കൃത്രിമം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

7. ആർട്സ് & സയൻസ് കോളേജിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച ശ്രീ. ആർ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി നൽകിയ മറുപടി

കരുനാഗപ്പള്ളി തഴവ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് നിലവിൽ പാവുമ്പ ഹൈസ്കൂൾ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കോളേജിന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനായി നിർദ്ദേശിക്കപ്പെട്ട കരുനാഗപ്പള്ളി IHRD എഞ്ചിനീയറിംഗ് കോളേജിന്റെ അഞ്ച് ഏക്കർ സ്ഥലം കരുനാഗപ്പള്ളി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കൈമാറുന്നതിന് ഇരുസ്ഥാപനങ്ങളുടെയും ഭരണവകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകി 20-8-2019- ന് സ.ഉ.(സാധാ)നമ്പർ 1492/2019/ഉ.വി.വ. പ്രകാരം ഇറക്കിയിരുന്നു. എന്നാൽ ടി സ്ഥലം കൈമാറുന്നതിന് ഭൂമി കൈമാറ്റ വ്യവസ്ഥകൾ അനുസരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി. ഇനി ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത് റവന്യൂ വകുപ്പാണ്. ഈ വിഷയത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യം ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

8. കെ.എസ്.ഇ.ബി. ജീവനക്കാരുടെ ജോലിക്കിടയിലെ അപകടമരണം സംബന്ധിച്ച ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ.യുടെ സബ്മിഷന് വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടി

- ദൈനംദിന ജീവിതത്തിൽ ഒഴിവാക്കാനാകാത്ത ഒന്നാണ് വൈദ്യുതി. ജീവിതം സുഖകരമാക്കുന്നതിൽ വലിയ സ്ഥാനമാണ് വൈദ്യുതിക്കുള്ളത്. എന്നാൽ ജാഗ്രതയോടെ ഉപയോഗിച്ചില്ലെങ്കിൽ വൈദ്യുതി തികച്ചും അപകടകരവുമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള വീഴ്ചമൂലവും സുരക്ഷാനടപടിയിൽ വരുന്ന ജാഗ്രതക്കുറവുമൂലവും നിരവധി വൈദ്യുതി അപകടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

- വൈദ്യുതി സുരക്ഷിതത്വത്തിന് അങ്ങേയറ്റം പ്രാധാന്യം നൽകി അപകടങ്ങൾ ഒഴിവാക്കാൻ വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. വൈദ്യുതി ബോർഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും നേതൃത്വം കൊടുത്ത് നടപ്പാക്കുന്ന ഇ-സേഫ് പദ്ധതിയുടെ ലക്ഷ്യം വൈദ്യുതി അപകടങ്ങൾ കുറയ്ക്കുക എന്നതാണ്. വൈദ്യുതി മേഖലയിൽ ജോലി ചെയ്യുന്നവരുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതി വിഭാവന ചെയ്യുന്നത്.

• വൈദ്യുതി ലൈനുകളിൽ ജോലി ചെയ്യുന്നതിന് കൃത്യമായ നടപടിക്രമങ്ങൾ പാലിക്കുന്നതിന് കർശന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ജോലി ചെയ്യുന്ന മേഖലയിൽ വൈദ്യുതി എത്താതിരിക്കുന്നതിന് അവിടേയ്ക്കുള്ള എല്ലാ വൈദ്യുതി ബന്ധങ്ങളും വേർപ്പെടുത്തി എർത്ത് ചെയ്യേണ്ടതുണ്ട്. അതോടൊപ്പം ജോലിചെയ്യുന്ന ജീവനക്കാരും കരാറുകാരും സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ എല്ലാ വൈദ്യുതി ഓഫീസുകളിലും ക്ഷാമമില്ലാതെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

• വൈദ്യുതിബന്ധം വേർപെടുത്തി ലൈനുകൾ സുരക്ഷിതമാക്കിയ ഉപഭോക്താക്കളുടെ വീടുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന ഇൻവെർട്ടറുകൾ, വൈദ്യുതി ജനറേറ്ററുകൾ തുടങ്ങിയവയിൽനിന്നും ലൈനുകളിൽ വൈദ്യുതി എത്തി അപകടമുണ്ടാക്കുന്ന സാഹചര്യവും നിലവിലുണ്ട്. വീടുകളിലും കടകളിലും മറ്റും ജനറേറ്ററുകൾ, സോളാർ പ്ലാന്റുകൾ എന്നിവ ഉപയോഗിക്കുമ്പോൾ 10 കെ.വി.എ.-ക്ക് മുകളിലുള്ളതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും സുരക്ഷാപരിശോധനയും ആവശ്യമാണ്. ഇത് കർശനമായി പാലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. എങ്കിലും സുരക്ഷ ഉറപ്പുവരുത്തുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ലെങ്കിൽ അപകടമുണ്ടാകുന്ന സ്ഥിതിയുണ്ട്. ഇതും വളരെ ഗൗരവത്തോടെ കാണുകയാണ്.

• വൈദ്യുതിലൈനുകൾ പൊട്ടിവീണ് പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകൃതിദുരന്തങ്ങളടക്കം പല കാരണങ്ങളാൽ ഇത് സംഭവിക്കുന്നുണ്ട്. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വൈദ്യുതിലൈനുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് കാലപ്പഴക്കമുള്ള കമ്പികളും പോസ്റ്റുകളും മാറ്റുന്നതിനും യു.ജി.കേബിൾ, എ.ബി.സി. കേബിൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് വൈദ്യുതി ലൈനുകൾ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

• വൈദ്യുതി അപകടങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കും ജീവനക്കാർക്കും നല്ല ധാരണയുണ്ടാകുന്നതും അപകടങ്ങൾ ഒഴിവാക്കുന്നതിന് സഹായിക്കും. ഇതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

• ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച പ്രശ്നങ്ങൾ ഗൗരവത്തോടെ കണക്കിലെടുക്കുന്നു. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കാൻ ശക്തമായ നടപടി സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.